# പുളിമാനകൃതികൾ

H.S.
QUILON
11095

M. S. BOOK DEPOT,
QUILON.



11095

# പുളിമാനകൃതികൾ

എം. എസ്. ബുക്കഡിപ്പോ, കൊല്ലം.

# PULIMANA KRITHIKAL

By Pulimana Parameswaran Pillai

**First Published May, 1961.**

**Copies 1000**

**Printed at the Janayugom Press, Quilon.**

Published by

M. S. BOOK DEPOT, QUILON.

**Copyright: Pulimana Ramakrishna Pillai**

**Price: Rs. 5.**

# പുളിമാനകൃതികൾ

GOVT ... S. FOR ...
Date ...
11095

പുളിമാന പരമേശ്വരൻപിള്ള

എം. എസ്. ബുക്കുഡിപ്പോ, കൊല്ലം.

*അന്ത്യമായെന്മിഴി രണ്ടുമടയുന്നൊ-*
*രന്തിയിലെന്മനം നൊന്തിടാതെ*
*ഏകാന്തഗായകാ! നിൻമഞ്ജുഗാനത്തിൻ*
*ശോകമധുരിമ വാൻതിടാവൂ!!*

★

---

*ഞാനിന്നു മരിക്കിലും നാളത്തെപ്പുലർകാല-*
*ഗാനസരിത്തായ് വീണ്ടുമവതരിക്കും*
*ഗാനലോലുപേ! മമ മാനസസ്പന്ദനങ്ങൾ*
*വാനത്തിലുഡുക്കളായ് നിരന്നുമിന്നും.*



ശ്രീ: പുളിമാന പരമേശ്വരൻപിള്ള

11095

# വിഷയവിവരം

അനുസ്മരണ—എൻ. കൃഷ്ണപിള്ള എം. എ.


**ചെറുകഥകൾ:** പേജ്

1. അവൾ 19
2. ദൈവത്തിന്റെ മുമ്പിൽ 35
3. ശിവരാത്രി 47
4. മഴവില്ല് 58
5. പ്രതിമ 67
6. മലനാട്ടിൽ 77
7. കടത്തുകാരൻ 87
8. നേഴ്സിന്റെ മറുപടി 96
9. ശകുന്തള 102
10. അഭിമാനി 112
11. അടഞ്ഞ വാതിലുകൾ 124
12. പ്രതിഷേധം 135
13. ഉർവ്വശി 140
14. എഞ്ചിൻ ഡിസ്സാട്ടർ 151
15. മൂകത 162
16. അനുഭവങ്ങൾ 173

**ഏകാങ്കങ്ങൾ:**

17. ഉർവ്വശിയും പുരൂരവസ്സും 190
18. ശകുന്തളയും പ്രേമയും 204

**ലേഖനങ്ങൾ:**

19. പുരോഗമനസാഹിത്യപ്രസ്ഥാനം 213
20. എഴുത്തച്ഛനും മലയാളസാഹിത്യവും 226

21. ആധുനികമലയാളകവിതയിലെ വിഷാദാത്മകത്വം 234

22. ഇത്തിൾക്കണ്ണികൾ 244

23. ബലിമൃഗങ്ങൾ 255

24. ഭൂതകാലജീവികൾ 263

25. ഇന്നത്തെ നാടകം 270


## വിമർശനങ്ങൾ:


26. ആട്ടോ കുഷ്‌വ്ലഷ് 287

27. വിശ്വരൂപം 292

28. കലയുടെ കവലകൾ 299


## കവിതകൾ:


29. രാക്കുയിൽ 305

30. പരാജിതൻ 307

31. വിധവ 311

32. പരാജിതന്റെ അവകാശം 314

33. സ്മാരകം 316

34. ആശംസ 319

35. ജീവിതം 321

36. പകർത്താൻ കഴിയാത്ത ശ്രമം 323

37. രാഗിണി 325

38. ഒരു ഉറക്കുപാട്ട് 327

39. ആനന്ദദേവത 329

40. പ്രതിദ്ധ്വനി 331

41. കൊള്ളിയാൻ 333

42. കപ്പിത്താന്റെ വിളി. 334

# പുളിമാന പരമേശ്വരൻപിള്ള

കഷ്ടിച്ചു് മുപ്പത്തിരണ്ടുവയസ്സു കഴിഞ്ഞ ആ സാഹിത്യകാരന്റെ ചരമം അത്രവലിയൊരു സംഭവമായി അധികമാരും കരുതിക്കാണുകയില്ല. സാഹിത്യകാരന്മാർ സംഘടിച്ചു സാഹോദര്യം പുലർത്തണമെന്നു പറഞ്ഞോടിനടക്കുന്നവർപോലും ഈ സഹോദരന്റെ നിര്യാണം വരുത്തിവച്ച നിർഭാഗ്യത്തെപ്പററി അറിയേണ്ടിടത്തോളം അറിഞ്ഞിട്ടുണ്ടാവില്ല. ഇങ്ങനെ ഒരു സാഹിത്യകാരൻ നമ്മുടെ ഇടയിൽ ജീവിച്ചിരുന്നു എന്നുതന്നെ മരണവൃത്താന്തം വായിച്ചപ്പോളായിരിക്കും പലരും അറിയുക.

തീരെ അത്ഭുതപ്പെടേണ്ട കാര്യമല്ലിതു്. അതങ്ങനെവരാനേ നിവൃത്തിയുള്ളു. ശ്രീ പുളിമാന പരമേശ്വരൻപിള്ളയുടെ നെഞ്ചിൽ അദ്ദേഹം ഒരു പരസ്യപ്പലക തൂക്കിയിരുന്നില്ല. ഒരു മാസം പട്ടിണികിടന്ന പശുവിനെ കയറുതട്ടിവിട്ടാൽ നാടടക്കം പരക്കംപാഞ്ഞു് മേയാൻനടക്കുന്നതുപോലെ കാസർകോട്ടു മുതൽ കന്യാകുമാരിവരെ അടിച്ചുവിടുന്ന മാസികകളിലും പത്രങ്ങളിലും അതുമിതുമെഴുതി പേരുപരത്താൻ അദ്ദേഹം ആഗ്രഹിച്ചിരുന്നേയില്ല. മുഖസ്തുതിനടത്താൻ നല്ല കഴിവുള്ള ഒരാരാധകസംഘത്തെ സൃഷ്ടിച്ചു് അവരുടെ നടുവിൽ സിംഹാസനമുറപ്പിച്ചു്, അവരെക്കൊണ്ടു ലേഖനമെഴുതിച്ചും പ്രസംഗംചെയ്യിച്ചും സ്വന്തം പ്രശ

സ്ഥിയെ നിലനിറുത്തുവാൻ അദ്ദേഹം യത്നിച്ചതുമില്ല. കവിയശസ്സ് ഏതു ദിവസമാണ് ഇടിഞ്ഞു നിലത്തുവീഴുന്നതെന്ന ഭയംകൊണ്ട് ഊണുമുറക്കവും ഉപേക്ഷിച്ച് അസ്വാസ്ഥനായിത്തീരുന്ന ഒരു സാഹിത്യകാരനുമായിരുന്നില്ല ശ്രീ പു. മാന. തുമ്പാപിടിക്കുന്നവനും വണ്ടിവലിക്കുന്നവനും വായിച്ചാസ്വദിച്ച് വർഗ്ഗീയനിർവൃതിയിലാറാടത്തക്ക സാഹിത്യമൊന്നും അദ്ദേഹത്തിൽനിന്നും ജന്മമെടുത്തിട്ടില്ല. അപ്പോൾപിന്നെ, എന്താണൊരത്ഭുതം അദ്ദേഹത്തിൻെറ ചരമം അത്രയധികംപേരറിയാതെപോകുന്നെങ്കിൽ?

പക്ഷേ, അപൂർവ്വംപേരെങ്കിലും ഒരു മഹാനഷ്ടം മനസ്സിലാക്കിയിട്ടുണ്ട്. അത്ര എളുപ്പം നികത്താൻവയ്യാത്ത ഒരു വിടവ് നമ്മുടെ കലാസർഗ്ഗരംഗത്തിൽ ഇതാ ഉണ്ടായിക്കഴിഞ്ഞു എന്ന് ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും വിലപിക്കുന്ന ചുരുക്കം ചിലർ നമ്മുടെയിടയിലുണ്ട്. കലാബോധത്തിൻെറപേരിൽ കള്ളനാണയങ്ങൾ വിററഴിക്കുകയും ജന്മസിദ്ധമായ സർഗ്ഗവാസനയെ വ്യഭിചരിക്കുകയും ചെയ്യുന്നവരുടെ ജനസംഖ്യ വർദ്ധിക്കുന്ന ഇക്കാലത്ത് ശ്രീ പുളിമാന അപൂർവ്വം ചില കലോപാസകന്മാർക്കെങ്കിലും ആശാകേന്ദ്രമായിരുന്നു. "ജന്മസിദ്ധികൊണ്ടും കർമ്മസിദ്ധികൊണ്ടും അനുഗൃഹീതനായ" ആ യുവാവിൻെറ ഭാവനാപതംഗം ഒററച്ചാണല്ല, അനവധി ചാണുകളല്ല, അവ്യക്തവിദൂരമായ അന്തരീക്ഷത്തിൽ പാറിപ്പറക്കാൻപോരുന്ന ഒന്നാണെന്ന് സാഭിമാനം വിശ്വസിക്കുന്ന ഒരു സഹൃദയലോകമുണ്ട്. അത്തരം ഒരു സഹൃദയലോകത്തിൻെറ അഭിമാനംമാത്രമേ പുളിമാന ആഗ്രഹിച്ചിരുന്നുള്ളു. അവർക്കായി മാത്രമേ അദ്ദേഹം കലാസൃഷ്ടി നിർവ്വഹിച്ചിട്ടുള്ളു. ഒരു പാർട്ടിസാഹിത്യകാരനായിരുന്നെങ്കിൽ പുളിമാന ഇന്നു കേരളം മുഴുവൻ മാറെറാലിക്കൊള്ളുന്ന ഒരു നാമധേയമായിരുന്നേനെ. പക്ഷേ, അദ്ദേഹത്തിന് ഒരു പാർട്ടിസാഹിത്യകാരനാകാൻ ഇഷ്ടമില്ലായിരുന്നു. ഇഷ്ടമുണ്ടായാൽതന്നെ അദ്ദേഹത്തിനതു കഴിയുകയില്ലായിരുന്നു. ഒരേ ഒരിടവഴിയിൽക്കൂടി ഒററക്കുന്നെ

കൊണ്ടുമാത്രം നോക്കി സഞ്ചരിക്കണമെന്നു് അദ്ദേഹത്തോടു് ആരെങ്കിലും ആവശ്യപ്പെട്ടാൽ കുത്തുമൂത്തുള്ള പരിഹാസവാക്കുകളായിരിക്കും മറുപടിയായി ലഭിക്കുക. ഇരുമ്പുചട്ടങ്ങൾക്കും വരണ്ട ചട്ടങ്ങൾക്കും വഴങ്ങി യന്ത്രത്തെപ്പോലെ ജീവിക്കാൻ വ്യക്തിപ്രഭാവധനികനായ പുളിമാന ഒരുക്കമില്ലായിരുന്നു. തനിക്കു തോന്നുന്ന കാര്യങ്ങളെപ്പററി എഴുതാൻ തോന്നുന്ന സമയത്തെഴുതുക, എഴുതിയതുതന്നെ നശിപ്പിക്കാൻ തോന്നിയാൽ നശിപ്പിക്കുക, വീണ്ടും അതേ കാര്യത്തെപ്പററി എഴുതണമെന്നു തോന്നിയാൽ എഴുതുകയോ അതല്ലാത്തപക്ഷം ആ വിചാരമേ മനസ്സിൽനിന്നു വിടുക, ഇങ്ങനെയാണു് അദ്ദേഹത്തിന്റെ പോക്കു്. 'ക്രമീകൃതമല്ലാത്ത ജീവിതം,' 'ശുദ്ധമേ അലസനായ ഒരു മിടുക്കൻ' എന്നിങ്ങനെ സാഹിത്യലോകത്തിലെ സ്ഥിരം ഉദ്ബോധകന്മാരായ ഒരുക്കൂട്ടർ അദ്ദേഹത്തെപ്പററി മനസ്താപം പ്രകടിപ്പിക്കാറുണ്ടായിരുന്നു. അക്കൂട്ടർ അർഹിക്കുന്ന പുച്ഛത്തോടെതന്നെ പുളിമാന അവരെ വീക്ഷിക്കുകയും ആക്ഷേപിക്കുകയും ചെയ്തിരുന്നു. പരിമിതികളോ നിയന്ത്രണങ്ങളോ കൃത്യനിഷ്ഠാദാസ്യമോ ഒന്നുംതന്നെ തന്റെ സൃഷ്ടികർമ്മത്തിൽ കൈകടത്തുന്നതു് അദ്ദേഹം തീരെ സഹിച്ചിരുന്നില്ല. മരിക്കുന്നതിനുമുമ്പു് ഇത്ര ലേഖനങ്ങളും പുസ്തകങ്ങളും എഴുതിക്കൊള്ളാമെന്നു് ഈശ്വരനോടു കരാർചെയ്തതിനുശേഷം ഭൂജാതനായിട്ടു്, സംഖ്യ തികയാത്തതുകൊണ്ടു് തലയിൽ പുഴുത്ത പട്ടികളെപ്പോലെ നിസ്സഹായനായി പാഞ്ഞുനടക്കുന്ന ഒരാളല്ല പുളിമാന. അദ്ദേഹം ആകെ മൂന്നു ഗ്രന്ഥങ്ങളേ പ്രസിദ്ധീകരിച്ചിട്ടുള്ളു. കൂടിപ്പോയാൽ രണ്ടോ മൂന്നോ ഗ്രന്ഥങ്ങൾകൂടി പ്രസിദ്ധം ചെയ്യാൻ വേണ്ട കരുക്കൾ ഇനി കാണുകയും ചെയ്തേക്കാം. പക്ഷേ, ഗ്രന്ഥസംഖ്യയല്ല കലാമൂല്യമാണു് വിജയത്തിന്റെ മാനദണ്ഡമെങ്കിൽ അസുലഭമായ ഭാവനാസമ്പത്തും അഗ്ര്യപൂജയർഹിക്കുന്ന പ്രതിഭാശാലിത്വവും നിരവദ്യമായ രചനാകുശലതയും തികഞ്ഞ പുളിമാന അപൂർവ്വസൗഭാഗ്യം കൈവന്ന ഒരു സാഹിത്യകാരനാണു്. ഈ സിദ്ധികളെപ്പററി ഏറക്കുറെ പുളിമാനതന്നെ

മനസ്സിലാക്കിയിരുന്നതാനും. അവ അങ്ങാടിയിൽ നിരത്തിവയ്ക്കാനും കണ്ടവൻെറ ചവിട്ടേല്ക്കാൻ വലിച്ചെറിഞ്ഞുകൊടുക്കാനും അദ്ദേഹം പരമാവധി വിസമ്മതം കാണിച്ചു. കൊഞ്ചിക്കുഴഞ്ഞു വശീകരിക്കാനോ, പൊട്ടിച്ചിരിപ്പിച്ച് ആകർഷിക്കാനോ, ഉപദേശിവേഷംകെട്ടി അന്യരുടെ തലയിൽ ചുമടിറക്കാനോ അദ്ദേഹത്തിൻെറ കാവ്യകല കാംക്ഷിച്ചിരുന്നില്ല. അല്ലെങ്കിലെന്തിന്, അതിനുള്ള കഴിവേ ഇല്ലായിരുന്നു അദ്ദേഹത്തിന്.

പിന്നെന്തെല്ലാമായിരുന്നു അദ്ദേഹത്തിൻെറ കഴിവുകൾ? പുളിമാന ഒന്നാന്തരം ഒരു ഗായകനായിരുന്നു. സഹജസുന്ദരമായ ശാരീരഭംഗിയോടുകൂടി സ്നേഹിതസംഘത്തിൻെറ ആനന്ദനിർവൃതിക്കായി—അല്ല സ്വന്തം മനസ്സുഖത്തിനുവേണ്ടി—അദ്ദേഹം പാടുമ്പോൾ ആ സംഗീതനിർഝരിയിൽ മുഴുകി എത്രയെത്ര സ്നേഹിതന്മാർ ആത്മവിസ്മൃതിയിലമർന്നു പുളകമണിഞ്ഞിട്ടില്ല! അനുഗൃഹീതനായ ഒരു നാടനെന്ന നിലയിൽ ദുരൂഹമായ മാനസികവ്യാപാരങ്ങളെപ്പോലും പ്രേക്ഷകന്മാരുടെ കൺമുമ്പിൽ അദ്ദേഹം ആവിഷ്കരിക്കുമ്പോൾ ആ അസാമാന്യകലാകാരൻെറ മുമ്പിൽ അഭിനന്ദനപരവശരായി മാത്രമേ ഹൃദയമുള്ളവൎക്കു വൎത്തിക്കാൻ കഴിഞ്ഞിട്ടുള്ളു. പക്ഷേ, അവയെല്ലാം താരതമ്യേന അദ്ദേഹത്തിൻെറ നിസ്സാരമായ സിദ്ധികളാണ്.

സാഹിത്യകലയായിരുന്നു ആ സൎഗ്ഗമൎമ്മജ്ഞൻെറ സമുന്നതമായ കൎമ്മരംഗം. മായാനരുതാത്തതും മറക്കാൻകഴിയാത്തതുമായ സംഭാവനകൾ അദ്ദേഹത്തിൽനിന്നും ലഭിച്ചതു് ആ കലാസരണിക്കാണ്. തനിക്കുതാൻപോരുന്ന മഹത്വവും പ്രകാശവും അവയുടെ സുവ്യക്തമുദ്രകളാണ്. 'സമത്വവാദി' എന്ന നാടകവും ശോകമധുരമായ ചില ഖണ്ഡകവനങ്ങളുമൊഴിച്ചാൽ ഏതാണ്ടു് നാല്പതോളംവരുന്ന ചെറുകഥകളാണ് അദ്ദേഹം രചിച്ചിട്ടുള്ളതു്. അവയിൽതന്നെ പതിന്നാലെണ്ണംമാത്രമേ 'മഴവില്ല്', 'കാമുകി' എന്നീ സമാഹാരഗ്രന്ഥങ്ങളിൽക്കൂടി പുറത്തുവന്നിട്ടുള്ളു. രൂപത്തി

ലും അന്തശ്ചൈതന്യത്തിലും വൈവിധ്യമുള്ള ആ കഥകളെ ഇനം തിരിച്ച് പട്ടികയെഴുതി വിധികല്പിക്കാൻ പുറപ്പെടുന്ന നിരൂപകനെ അവ തികച്ചും അന്ധാളിപ്പിക്കുകതന്നെചെയ്യും. വസ്തുനിഷ്ഠങ്ങളും ആത്മനിഷ്ഠങ്ങളും ആയ ആ കഥാശില്പങ്ങളുടെ രചനയിൽ പുളിമാന മലയാളത്തിലെ ഒരൊറ്റ കഥാകൃത്തിന്റെയും കാല്പാടുകളെ പിന്തുടരുന്നില്ല. ഏകാന്തദീപ്തമായ ഒരു ചെറുകഥാപദ്ധതിയുടെ വിധാതാവാണ് പുളിമാന. ആ പദ്ധതിയിൽ അദ്ദേഹത്തെ അനുഗമിക്കാൻതന്നെ ആരും ധൈര്യപ്പെട്ടിട്ടുമില്ല. ആത്മവത്തയുടെ വൈജയന്തികളായ ആ കഥകളിലോരോന്നിലും അനുകരിക്കാൻകഴിയാത്ത ചില പ്രത്യേകതകൾ അലിഞ്ഞുചേർന്നുകിടപ്പുണ്ട്. വികാരനിർഭരമായ ജീവിതംപേറുന്ന കഥാപാത്രങ്ങളെമാത്രമേ അദ്ദേഹം സൃഷ്ടിച്ചിട്ടുള്ളൂ. അവയിലോരോന്നും ഉടലെടുത്തിട്ടുള്ളത് ഭാവതരംഗിതവും സൗന്ദര്യസമ്പൂർണ്ണവും ആയ ഒരു ഹൃദയത്തിൽനിന്നാണെന്ന് അനുപദം നമ്മെ മനസ്സിലാക്കിത്തരുന്നുമുണ്ട്. "അപ്രഗത്ഭനായ ഒരു കലാകാരന്റെ കൈയിൽ ഈ കഥകളിൽ പലതും അതിവൈകാരികത്വം (Sentimentation) എന്ന ദുർഗ്ഗുണത്തിന്റെ നിദർശനങ്ങളാകുമെന്നിരിക്കെ, പുളിമാന ആ പട്ടുകുഴിയുടെ വക്കിൽ ചെന്നുനിന്ന് പല അഭ്യാസങ്ങളും കാണിച്ച് നമ്മെ അമ്പരപ്പിക്കുന്നതല്ലാതെ അതിലേക്ക് ഒരിക്കലും വഴുതിപ്പോകുന്നില്ല." അതുപോലെതന്നെ ശ്രദ്ധേയമായ മറ്റൊരു വസ്തുത വികാരതീവ്രതയുടെ വേലിക്കുള്ളിൽ വിചാരകന്ദങ്ങൾ പാകിവളർത്തുന്ന മഹാത്ഭുതമാണ്. പ്രാമാണികങ്ങളെന്നു പലനാളായി കരുതിപ്പോരുന്ന വിശ്വാസങ്ങളേയും ആദർശങ്ങളേയും പിടിച്ചുലയ്ക്കാൻ, ചിലപ്പോൾ അവയുടെ ജീർണ്ണിച്ച വേരുകളെപ്പോലും പറിച്ചെടുത്തുകാണിക്കാൻ ധൈര്യമുള്ള ഒരു കൈയും അത്യന്തം മൃദുലങ്ങളായ ഭാവങ്ങളെപ്പോലും മായാത്ത മനോഹാരിതയിൽ പൊതിഞ്ഞ് അസൂയാർഹമായ ലാഘവവും സൂക്ഷ്മതയും ദീക്ഷിച്ച് അവതരിപ്പിക്കുന്ന ഒരു തൂലികയും ഈ കഥകൾക്കിടയിലുള്ള ഉജ്ജ്വല

സത്യങ്ങളാണു്. മധുരമായ വേദനകൾക്കും വേദനിപ്പിക്കുന്ന മാധുര്യത്തിനും, പ്രസാദത്തിൻെറ അടിത്തട്ടിൽ ഓളംവെട്ടുന്ന വിഷാദത്തിനും വിഷാദത്തിൻെറ പെരുമ്പരപ്പിൽ രജതരേഖ തുന്നിപ്പിടിപ്പിക്കുന്ന പ്രസാദത്തിനുമായി വിഭജിക്കപ്പെട്ടിരിക്കുന്ന ജീവിതത്തിൻെറ അന്തസ്സാരം കണ്ടെത്താൻ ഏകാഗ്രതയോടെ ഉഴലുന്ന ദൃഷ്ടികളാണു് ഈ കഥകളിൽ നമ്മെ പിടിച്ചുനിറുത്തുന്നതു്. സർവ്വോപരി, അതിലോലങ്ങളായ ഭാവരേഖകളേയും അതിസൂക്ഷ്മങ്ങളായ ചിന്താതന്തുക്കളേയും അയത്നലളിതമായി അവതരിപ്പിക്കാൻ പര്യാപ്തമായ, മിതവും സുശക്തവും ലക്ഷ്യഗ്രാഹിയുമായ, ഒരു ഭാഷാശൈലിയും കവിയും കാഥികനും കൈകോർത്തുനിന്നു കളിയാടുന്ന ആ ഓരോ കഥയും ഓരോ കുറതീനാ കലാശില്പമാണു്. ആ ശില്പമാതൃകകളിലെ ഘടകങ്ങൾ ഓരോന്നായി പെറുക്കിയെടുത്തുനോക്കാൻ പുളിമാന നമ്മെ അനുവദിക്കുകയില്ല. അത്രകണ്ടു് സർവ്വാംഗീണമായ ഒരു ലയവിശേഷമുണ്ടു് ആ സുന്ദരസൃഷ്ടികൾക്കു്. ഉടനീളം കുടികൊള്ളുന്ന വികാരസാന്ദ്രതയാണോ, അതല്ല, ഭാവഗാംഭീര്യത്തിൻെറ അടിത്തറയായി കെട്ടിപ്പടുത്തിട്ടുള്ള ചിന്താബന്ധമാണോ, അതുമല്ല അവ രണ്ടിൻെറയും പ്രകാശികയായ ആഖ്യാനരീതിയാണോ കൂടുതൽ നമ്മെ ആകർഷിക്കുന്നതെന്നു തീർത്തുപറയാൻ നിവൃത്തിയില്ല. ഒരു ഘടകം എവിടെ തുടങ്ങുന്നു, വേറൊന്നു് എവിടെ ആരംഭിക്കുന്നു എന്നു് നമുക്കു പിടികിട്ടുന്നില്ല. ഈ കലാമയത്വം ആണു് പുളിമാനയെ മററുപല പേരെടുത്ത കഥാകൃത്തുകൾക്കും മുകളിലായി ചിലപ്പോൾ പ്രതിഷ്ഠിക്കുന്നതെന്നു തോന്നുന്നു.

പുളിമാന ഒരു നാടകവും നിർമ്മിച്ചിട്ടുണ്ടു്. ഒരേ ഒരു നാടകം. അധികംപേർ അതിൻെറ പേർതന്നെ കേട്ടുകാണുകയില്ല. നാലഞ്ചുവർഷമായി 'സമത്വവാദി' എന്ന ആ കൃതി പ്രസിദ്ധീകരിച്ചിട്ടു്. സാംസ്കാരികപ്രവർത്തനങ്ങളുടെ നിലയനമെന്നും നടനകലാവിദഗ്ദ്ധന്മാരുടെ സങ്കേതമെന്നും അഭിമാനിക്കുന്ന തിരുവന

ന്തപുരംപട്ടണത്തിൽപോലും നിസ്തുലമായ ആ നാടകം ഇതുവരെ അഭിനയിക്കപ്പെട്ടിട്ടില്ല. ഇക്കഴിഞ്ഞ അമ്പതുവർഷം എത്രയെത്ര നാടകങ്ങളും നാടകാഭാസങ്ങളുംകൊണ്ടു് വിദ്യാസമ്പന്നരായ അഭിനയകലാപ്രവീണർ അരങ്ങേറി ഈ തിരുവനന്തപുരത്തു്! പക്ഷേ, മലയാളനാടകസാഹിത്യത്തിലെ ഒരു മഹാസംഭവമായ 'സമത്വവാദി' അഭിനയിക്കാൻ ഇന്നുവരെ നടന്മാരും നടനസമിതികളും ഉണ്ടായില്ല; കാഴ്ചയിൽ തീരെ ചെറിയ ആ കൃതി പുളിമാനയുടെ സാഹിത്യജീവിതത്തിലെ ജയസ്തംഭമെന്നപോലെതന്നെ മലയാളനാടകലോകത്തിലെ ഒരു മാർഗ്ഗദീപവുമാണു്. ഭാവാത്മകപ്രസ്ഥാനം (Expressionism) എന്ന കലാസങ്കേതത്തെ മലയാളത്തിൽ ആദ്യമായി പ്രയോഗിച്ചതും, അതിവിദഗ്ദ്ധമായി പ്രയോഗിച്ചതും 'സമത്വവാദി'യുടെ കർത്താവാണു്. വേറൊരു ഭാവാത്മകനാടകം കൃതി ഇന്നുവരെ സാഹിത്യത്തിലുണ്ടായിട്ടുമില്ല. ദുഷിച്ചുനാറിയ ഫലിതച്ചുളിക്കുണ്ടിൽനിന്നും തൊട്ടാവാടിപ്രേമത്തിൻെറ പേക്കുത്തിൽനിന്നും മലയാളനാടകം രക്ഷപ്പെട്ടു മാനനീയമായ ഒരു ഭാവിയിലേക്കു് കണ്ണുകളുയർത്തി നോക്കിനില്ക്കുന്ന ഒരു ചിത്രമാണു് 'സമത്വവാദി' വായിച്ചുകഴിയുമ്പോൾ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുക. ആ കൃതിയിലെ പ്രമേയത്തെപ്പററി പുളിമാന എന്നോടൊരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: "ഇതാണു് ഞാൻ ചെയ്തതു്. ഈ aristocracy (പ്രഭുത്വം) ഉണ്ടല്ലോ, അതിനെ ഒരുപിടി മണ്ണുവാരി തറയിലിട്ടു് ചികഞ്ഞുനോക്കുന്നപോലെ ഉദാസീനമായി, പക്ഷേ ഒരു ദാക്ഷിണ്യവുമില്ലാതെ ഞാൻ ഒന്നു പരിശോധിച്ചു. അത്രേയുള്ളു" പുളിമാനയുടെ തൂലിക 'സമത്വവാദി'യുടെ ഒന്നുരണ്ടു പിൻഗാമികളെയെങ്കിലുംകൂടി സൃഷ്ടിച്ചിരുന്നുഎങ്കിൽ എന്നു് നമ്മുടെ ആശയ്ക്കു് നിർഭാഗ്യത്തിൻെറ കണ്ണുനീരിറക്കി ആശ്വസിക്കാനല്ലേ നിവൃത്തിയുള്ളു.

ആകെക്കൂടി അസാധാരണമായ ഒരു കലാലോകം, അല്ലേ? എന്നാൽ അതുപോലെതന്നെ അസാധാരണമായിരുന്ന ആ കലാ

ലോകം നിർമ്മിച്ച പുളിമാനയുടെ ജീവിതവും. ചിട്ടപ്പെടുത്തി ചിന്തേരിട്ടു മിനുക്കിയ ശീലങ്ങളും സ്വഭാവങ്ങളും ആ ജീവിതത്തിൽ ദൃശ്യമായിരുന്നില്ല. അനുപദം ഭാഗ്യലക്ഷ്മി കളിയാടിയ ഒരു രംഗമായിരുന്നില്ല ഹ്രസ്വമായ ആ കാലഘട്ടം. പരാജയത്തിൽ നിന്നും പരാജയത്തിലേക്കു നീങ്ങിക്കൊണ്ടിരുന്ന ഒരു ഭാഗ്യഹീനനായിരുന്നു പുളിമാന. വിദ്യാഭ്യാസജീവിതത്തിലെ പരാജയത്തിന്റെ മൂർദ്ധന്യത്തിൽ അനാരോഗ്യത്തിന്റെ ക്രൂരഹസ്തങ്ങൾ അദ്ദേഹത്തെ പിടികൂടി. സാധാരണസാമ്പത്തികനിലയിൽനിന്നും യാദൃച്ഛികമായി സമൃദ്ധിയുടെ മടിത്തട്ടിലേക്കു ചെന്നുവീണപ്പോഴേക്കും ആ യുവാവു് ശാരീരികയാതനകളുടെ ദുർഭാരം ചുമക്കുന്ന ഒരു ദയനീയരൂപമായി മാറിക്കഴിഞ്ഞിരുന്നു. ഒരുപക്ഷേ നൈരാശ്യനിബിഡമായ ഈ അന്തരീക്ഷമായിരിക്കണം കലാകാരന്മാൎക്കു സഹജമായ സ്വച്ഛന്ദസഞ്ചാരത്തോടുകൂടി സമ്മേളിച്ചു ചിട്ടയും ചടങ്ങും അടുക്കുമില്ലാത്ത ഒരവ്യവസ്ഥിതത്വത്തിൽ അദ്ദേഹത്തെ എത്തിച്ചതു്. ചിരിയും കളിയും കൊണ്ടുപിടിച്ചു മേളിച്ചുകഴിയുമ്പോഴും അണയ്ക്കാൻകഴിയാത്ത ഒരു തീക്കട്ട ആ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്നു എന്നു് വളരെപ്പേർ അറിഞ്ഞിരുന്നില്ല. രോഗം മെക്കിട്ടുകയറിയ ഒടുവിലത്തെ രണ്ടു വർഷം ആ കലാപ്രേമി എന്തുമാത്രം നരകദുഃഖം അനുഭവിച്ചിരിക്കുകയില്ല! ക്ഷയരോഗബാധിതനായ അദ്ദേഹത്തിന്റെ ജീവശക്തിയെ കരണ്ടുകൊണ്ടിരുന്ന ആ നാളുകളിൽ അദ്ദേഹത്തിന്റെ കലാവൈഭവം എത്രതന്നെ ശ്വാസംമുട്ടിയിരിക്കുകയില്ല! അദ്ദേഹത്തിന്റെ ഭാഷയിൽപറഞ്ഞാൽ "പാടാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത ഗാനത്തിന്റെ നാദഭംഗികൾ നുകൎന്നു് ഏകകാലത്തുതന്നെ ആനന്ദിച്ചും കണ്ണുനീർപൊഴിച്ചും ആ ഹൃദയം തുടിച്ചിരുന്നിരിക്കണം." എന്നാൽ ഈ നിർഭാഗ്യത്തിന്റെ കരിനിഴലിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്നപ്പോഴും താൻ ഒരു കലാകാരനാണെന്ന അഭിമാനവും അഹങ്കാരവും അദ്ദേഹത്തിനു് ആശ്വാസദായകമായിരുന്നു. ആ അഭിമാനവും അഹങ്കാരവുമാണു് പുളിമാനയ്ക്കു സ്നേഹിതന്മാരേയും

GOVT. H.S. FOR

ശത്രുക്കളേയും സമ്പാദിച്ചുകൊടുത്തതു്. അദ്ദേഹം സമ്പാദിച്ച സ്നേഹിതന്മാർ ഒരിക്കലും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിട്ടില്ല. ശത്രുക്കളോടു് ഒത്തുതീർപ്പിൽ എത്തിയിട്ടുമില്ല. വിചിത്രമായ ഒരു പരമാർത്ഥം ഈ ബന്ധങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ടു്. തൊലിക്കപ്പുറം കടക്കാത്ത സ്നേഹംപുലർത്തുന്ന അതിവിപുലമായ ഒരു സ്നേഹിതമണ്ഡലത്തെ അദ്ദേഹത്തിനാവശ്യമില്ലായിരുന്നു ഹൃദയംകൊണ്ടു് ഹൃദയത്തെ അറിയാൻകഴിയുന്ന ചുരുക്കം ചില സ്നേഹിതന്മാരെയാണു് അദ്ദേഹം ആശിച്ചതു്. ആ സുഹൃത്തുക്കളോടു് എന്തു സ്വാതന്ത്ര്യവും കാണിക്കാൻ അദ്ദേഹത്തിനു് ലൈസൻസുണ്ടായിരിക്കണം. ആ ലൈസൻസ് പുളിമാന ഉപയോഗിക്കുകയും ചെയ്യും. അതിൽ പരാതിപ്പെട്ടു വല്ല അല്പന്മാരും കൂട്ടുവിടുകയാണെങ്കിൽ അദ്ദേഹത്തിനു് തീരെ മനസ്താപമില്ല. താൻ എടുക്കുന്നിടത്തോളമോ അതിൽക്കൂടുതലോ സ്വാതന്ത്ര്യം അവർ തന്നോടു കാണിക്കുന്നതു് പരമസന്തോഷവുമായിരുന്നു. എന്നാൽ തനിക്കു ഹൃദയംഗമമായി അടുക്കാൻ കഴിയാത്ത ആളുകൾ ചെറുതായൊന്നു പരിഹസിച്ചാൽ മതി, പെട്ടെന്നു പുളിമാനയുടെ ഭാവം മാറുകയായി. നിശിതമായ ഉടക്കുളികൾ അവരുടെമേൽ വലിച്ചെറിയാൻ പിന്നെ യാതൊരു മടിയുമില്ല അദ്ദേഹത്തിനു് ഉള്ളുകൊണ്ടു പിണങ്ങേണ്ടിവന്ന ആളുകളിൽ ഇനിയൊരു വർഗ്ഗമുണ്ടു്. കലാസ്വാദനശക്തിയോ സൃഷ്ടികർമ്മത്തെ സംബന്ധിച്ചിടത്തോളം ദരിദ്രാവസ്ഥപോലുമോ ഇല്ലാത്ത പലരും തങ്ങളുടെ നിസ്സ്വത മറച്ചുവച്ചു്, പലപ്പോഴും ഇരന്നും മോഷ്ടിച്ചും പരസ്യമായി ധനികവേഷംകെട്ടിയാടുന്നതു കാണുന്ന കാഴ്ചയിൽ കവിഞ്ഞു് അദ്ദേഹത്തെ അരിശംകൊള്ളിക്കാൻ വേറൊന്നിനും കഴിഞ്ഞിരുന്നില്ല. സ്വകാര്യജീവിതത്തിൽ വെറുപ്പിനോ വിരോധത്തിനോ യാതൊരു കാരണവും ഇല്ലാതെതന്നെ പലരോടും ഇക്കാര്യത്തിൽ അദ്ദേഹം പിണങ്ങേണ്ടിവന്നിട്ടുണ്ടു്. സഹൃദയത്വത്തിന്റെപേരിൽ ആ പിണക്കം സഹിക്കുകയാണു് ഒരു കലാകാരന്റെ കടമയെന്നാണു് അദ്ദേഹം വിശ്വസിച്ചിരുന്നതു്. ഇങ്ങനെ അസാ

ധാരണാപ്രകൃതിയായിരുന്ന ആ കലാകാരൻ ചില അസാധാരണ സ്വഭാവങ്ങളുടെ ഉടമസ്ഥനായ ഒരു മനുഷ്യനായിരുന്നു.

ആ മനുഷ്യൻ ഇനി അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ ഹൃദയങ്ങളിൽ മാത്രമേ ജീവിക്കുകയുള്ളു ആ അസാധാരണകലാകാരൻ കൈരളിയുടെ നിത്യയുവത്വംപൂണ്ട സന്താനമായി എക്കാലവും ശോഭിക്കുകതന്നെ ചെയ്യും.

എൻ. കൃഷ്ണപിള്ള എം. എ.

# ചെറുകഥകൾ

# അവരം

അവളുടെ വിവാഹം കഴിഞ്ഞു. സുന്ദരിയും, യുവതിയും, ധനികയും, അഭ്യസ്തവിദ്യയുമായ അവരം ഒരു കുരുടനെ വരിച്ചു. കാണികരം അമ്പരന്നു. നാട്ടുകാർ അപവദിച്ചു. സമുദായത്തിലെ സാവിത്രികരം അവളുടെ കന്യകാത്വത്തിൽ സംശയാലുക്കളായി. അവരുടെ ഭാവനയിൽ, ആ നവവധു എത്രനാ ഗർഭവതിയായി ത്തീൎന്നിരുന്നു. "അല്ലെങ്കിൽ, സരസ്വതിക്കു്, ഒന്നുമില്ലെങ്കിലും, ഒരു കണ്ണുള്ളവനെ കിട്ടുകയില്ലേ?"

നല്ലനല്ല പടങ്ങരംകൊണ്ടലങ്കരിച്ച ചുവരുകരം; സുഖപ്രദമായ മെത്ത; പട്ടുതലയണ; കുളൎമ്മയുള്ള മുറി; പ്രകാശമുള്ള പകലുകരം; മഞ്ഞുള്ള തണുത്ത രാത്രികരം; തുടുത്ത യൌവ്വനം—അവരം ചിലപ്പോരം വികാരഭരിതയായിരുപ്പാകും. ആശ നിറഞ്ഞുമിന്നുന്ന സുന്ദരനയനങ്ങരം വിടർത്തി അവരം അങ്ങോട്ടൊന്നറിയാതെ നോക്കിപ്പോകും—പ്രാണനാഥൻെറ മുഖത്തേക്കു്. ചൈതന്യരഹിതമായ ആ കണ്ണുകളിലെ തണുത്ത, തുറിച്ച, ശൂന്യമായ നോട്ടം! അവരം—സരസ്വതി, നെട്ടുതായി ഒന്നു നിശ്വസിക്കും. അയാരം ചോദിക്കും: "സരസ്വതീ—കുളിച്ചോ?"

"കുളിച്ചു."

"തല ചീകിയോ?"

"ചികി."

"ഇന്ന പൊട്ടിട്ടോ?"

"ഇട്ടു"

"ചാന്തുപൊട്ടോ, സിന്ദൂരമോ?"

"സിന്ദൂരം."

സംതൃപ്തനായി അയാൾ പുഞ്ചിരിക്കും. അവൾ ചോദിക്കും: "കാപ്പി കൊണ്ടുവരട്ടെ?"

"മണിയെത്രയായി?"

"നാലു്. ഞാൻ അല്പം താമസിച്ചുപോയി."

പെട്ടെന്നയാൾ പറയും—"ഇല്ലില്ല. നീ താമസിക്കുകയോ?—ഒരിക്കലുമില്ല. ധിറുതിപ്പെടേണ്ട. സൗകര്യമായി കൊണ്ടുവന്നാൽ മതി."

ഇതാണവളുടെ 'മധുവിധു!'

*　　*　　*　　*

ഏതാണ്ടു് ഒരു കൊല്ലംമുമ്പു്, ഒരുച്ചയ്ക്കു്, സരസ്വതിയുടെ ഭവനത്തിൽ ഒരാൾ കയറിച്ചെന്നു. സുമുഖനായ ഒരു യുവാവു്. അകത്തുനിന്നു കണ്ട അവൾ ഓടി അടുത്തുചെന്നു പരിഭവിച്ചു: "എന്തൊന്നുചേട്ടാ, ഈ വെയിലത്തു്, കുടപോലും എടുക്കാതെ നടന്നു്, ചേട്ടൻ കണ്ണുപൊട്ടിച്ചുകളയാൻപോവാണോ?"

ആ യുവാവു് ചിരിച്ചുകൊണ്ടു് അവളുടെ കയ്യിൽ കടന്നുപിടിച്ചു "സരസ്വതീ! എൻെറ കണ്ണല്ലേ പൊട്ടൂ—പിന്നെ, നിൻെറ കണ്ണില്ലേ?" അവളുടെ കണ്ണുകളിൽ ഉററുനോക്കിക്കൊണ്ടു്, അധരപുടങ്ങൾ ഉരസുമാറു് അയാൾ ചോദിച്ചു:—"സരസൂ—എൻെറ കണ്ണു പൊട്ടിയാൽ - "

അവൾ അയാളുടെ വാ പൊത്തി. പക്ഷേ—

പക്ഷെ! ആ കണ്ണുകൾ പൊട്ടി. കളിവാക്കു കാര്യമായി. കാര്യമാക്കാതിരുന്ന കടക്കൺചുവപ്പ് കണ്ണു മുഴുവൻ കടന്നു വ്യാധിയായി. സുന്ദരനായ ഒരു യുവാവ്—സരസ്വതിയുടെ ഹൃദയവല്ലഭൻ, ഒരു കുരുടനായി. ആ ഏകാന്തതയിൽ, ആ നിരാശയിൽ, ആ നിത്യതമസ്സിൽ അയാളുടെ യുവഹൃദയം രഹസ്യമായി വിലപിച്ചു. എന്നാൽ, സരസ്വതിക്കു കാണാൻ അയാൾ അനുവാദം നല്കിയില്ല. പിന്നെയുംപിന്നെയും അവൾ അപേക്ഷ പറഞ്ഞയച്ചു. പിന്നെയുംപിന്നെയും അയാൾ നിരസിച്ചു: "സരസ്വതീ, നീ വരരുത്. എന്നെ കാണരുത്. അന്ധനായ എന്നെയും, സുശീലയായ നിന്നെയും ഒരുമിച്ചുചേർക്കാൻ ആർക്കും കഴികയില്ല. നീ നല്ലവളാണ് എനിക്കറിയാം. അന്നു നീ പറഞ്ഞതു്, നമ്മൾ രണ്ടുപേരും പറഞ്ഞിട്ടുള്ളതു്, വെറും കളിവാക്കുകളാണ്. അന്ന് ആരും ഇതൊന്നും വിചാരിച്ചില്ല. മറന്നുകളയൂ. നീ സ്വതന്ത്രയാണ്. ആനന്ദിക്കേണ്ടവളാണ്. ഇങ്ങോട്ടു വരരുത്. എൻെറ അപേക്ഷയാണ്" ഈ കത്തു് അയാൾ കൊടുത്തയച്ചു. അവൾക്കു സഹിച്ചില്ല. സകല മുറയും തെററിച്ചു്, സകലരേയും കവിഞ്ഞു്, അവൾ ഒരു കൃത്യം ചെയ്തു. അയാളുടെ കാലിൽവീണവൾ കേണു സമ്മതം വാങ്ങി. അവരുടെ വിവാഹം നടന്നു.

സ്ത്രീയുടെ ധൈര്യം! പക്ഷേ, ആ ധൈര്യവും അലിഞ്ഞുപോകുന്ന നിമിഷങ്ങൾ ഉണ്ടായിരുന്നു. ആ ജീവനില്ലാത്ത കണ്ണുകളിൽ നോക്കുമ്പോൾ; ആ വികാരവിഹീനമായ മുഖം കാണുമ്പോൾ.

*    *    *    *    *

വർഷങ്ങൾ കടന്നുപോയി. ഒച്ചിനെപ്പോലെ തണുത്ത മൂന്നു സംവത്സരങ്ങൾ ഇഴഞ്ഞിഴഞ്ഞുമാറി. അവളുടെ കണ്ണുകൾക്കു ചുററും ഒരു കറുത്ത നിഴൽവീണു. കവിൾത്തടത്തിലെ തുടുപ്പു് മങ്ങി. താമരപ്പൂവിൻെറ ചെമപ്പിനു പകരം ആമ്പലിൻെറ വെളുപ്പ്!

ഭർത്താവു് കൂടെക്കൂടെ പറയും:—

"എൻെറ സരസു ഒരു ദേവതയാണു്." അതേ; അവൾ ഒരു ദേവതയാണു്. എന്തൊരു സേവനം! ഹൃദയവതിയായ അവൾ രാവും പകലും അയാൾക്കുവേണ്ടി ഉറക്കവും ഊണും ത്യജിച്ചു, ജീവിച്ചു. അയാളുടെ സുഖത്തിനുവേണ്ടിമാത്രം. അയാൾ പറയും: "സരസൂ! നിനക്കറിയാമോ നീ ആരെന്നു്?"

"അറിയാം."

"ആരാണു്?"

"അവിടത്തെ ഭാര്യ."

അയാളുടെ മുഖം വികസിക്കും. കൃതജ്ഞതയോടെ അയാൾ ഉറക്കെ സ്മരിക്കും: "അല്ലാ; നീ എൻെറ ശീലവതിയാണു്. എൻെറ ഭാഗ്യമാണു്."

അവിടെയും എന്തോ, അദൃശ്യമായ, അവ്യക്തമായ ഒരു വിരസത! ഒരു സ്ത്രീഹൃദയത്തിൻെറ ഏററവും വലിയ അഭിമാനം, പദവി, ഭാര്യാത്വമാണു്. അവൾ ഇന്നും ഒരു കന്യകയത്രേ. ഭാര്യാത്വം അവൾക്കു് നിഷേധിക്കപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ അവളുടെ ഭർത്താവിനു് അവൾ ഒരു സ്ത്രീയായിരുന്നില്ല; ഒരു ദേവത; മാംസവും രക്തവുമില്ലാത്ത ഒരു സദ്ഗുണം! അവളുടെ മാംസം, രക്തം, അവ മറെറന്തിനെല്ലാമോ ആശിച്ചിരിക്കയില്ലേ? അവളുടെ യൗവ്വനം ആസ്വദിക്കപ്പെട്ടില്ല; സൗന്ദര്യം പുകഴ്ത്തപ്പെട്ടില്ല; മാതൃത്വം അവഗണിതമായി. ഒരു സ്ത്രീ എങ്ങനെ സഹിക്കും? പ്രകൃതിയാൽതന്നെ നിയുക്തമായ സ്ത്രീത്വത്തിൻെറ സകലതും ചാമ്പലാകുമ്പോൾ, ഹൃദയം വാവിട്ടു കേണുപോകയില്ലേ? പക്ഷേ, അവൾ ഇതൊന്നും അറിഞ്ഞില്ല. അഥവാ—അറിയാൻ സ്വയം അനുവദിച്ചില്ല. അവൾക്കു് അവളുടെ കടമയുണ്ടു്. ദിവ്യമായ പ്രണയം! അതു ശാരീരികമല്ല.

ഹൃദയവല്ലഭൻ ഒരുകാര്യത്തിലും അവളെ തടഞ്ഞില്ല; നിർബന്ധിച്ചില്ല. ഓരോ ദിവസവും, താൻ അവൾക്കു കൂടുതൽകൂടുതൽ

കടമപ്പെട്ടുന്നതായി അയാൾ പറയാറുണ്ടു്. അവളുടെ ത്യാഗം— സുന്ദരിയായ, യുവതിയായ, ധനികയായ, വിദ്യാസമ്പന്നയായ അവളുടെ ത്യാഗം, എത്ര മഹത്താണെന്നു് അയാൾക്കറിയാമായിരുന്നു. അയാളുടെ മനസ്സിൻെറ അവധാരണാശക്തിക്കു വിധേയമല്ലാത്ത ഏതോ ഒന്നു്, ഏതോ ഒരു മാഹാത്മ്യം അവളിൽ ഉണ്ടെന്നു് അയാൾ ഊഹിച്ചു. അവരുടെ ശരീരങ്ങൾതമ്മിൽ ഉരസേണ്ടിവരുന്ന വേളകളിലെല്ലാം അയാളുടെ ഗാത്രം പുളകമണിയും. അവളുടെ വിനയമസൃണമായ ഉപചാരവാക്കുകൾ കേൾക്കുമ്പോഴെല്ലാം അയാൾ അത്ഭുതാനന്ദങ്ങളിൽ നഷ്ടശക്തനാകും. അവളുടെ സാന്നിദ്ധ്യം കൂടുതൽകൂടുതൽ, ഭക്തനു്, ഇഷ്ടദേവതയുടെ സാന്നിദ്ധ്യം പോലെ, അയാൾക്കനുഭവപ്പെട്ടു.

"സരസൂ! എന്തെങ്കിലും അല്പം വായിച്ചുകേൾപ്പിക്കൂ." അവൾ വായിച്ചുതുടങ്ങും. അതുകഴിഞ്ഞു് കുളിമുറിയിലേക്കു് ഭർത്താവിനെ നയിക്കയായി. എവിടെപ്പോകുമ്പോഴും അവളാണു് കൂട്ടിക്കൊണ്ടുപോവുക. അതവളുടെ ഒരു പ്രത്യേക അവകാശമായി അവൾ കരുതി. ചിലപ്പോൾ അവൾ ആലോചിക്കും: വിവാഹത്തിനു മുമ്പു്—അദ്ദേഹത്തിനു് കണ്ണുണ്ടായിരുന്നപ്പോൾ—അവൾ 'ചേട്ട'നെന്നാണു് വിളിച്ചിരുന്നതു്—അക്കാലത്തിൻെറ സ്മരണയുടെ മുന്തിരിച്ചാറാണു് ദാഹിച്ച ഹൃദയത്തിന്നവൾ നല്കിയതു്. കഴിഞ്ഞുപോയ ഒരു സുന്ദരസ്മരണയുടെ തണലിൽ തളന്ന ഹൃദയത്തെ ഉറക്കാൻ കിടത്തുകയാണു്.

എന്നാലും അവർ മനുഷ്യരായിരുന്നു. ഓർക്കാതെ ചിലപ്പോൾ അയാൾ മന്ത്രിക്കും—"ഈശ്വരാ! എൻെറ കണ്ണു്—"

മൃദുലമായ പാണികൊണ്ടു് ഭർത്താവിൻെറ കവിൾത്തടത്തിൽ തലോടിക്കൊണ്ടവൾ സാന്ത്വനപ്പെടുത്തും:—"വെറുതേ വ്യസനിക്കരുതു്. കണ്ണു തെളിയും. ഡാക്ടർ പറഞ്ഞു—"

ഒരു നിമിഷനേരത്തേക്കു് അയാളുടെ മുഖം ഒന്നു വികസിക്കും. ഉദ്വേഗത്തോടെ അയാൾ ചോദിക്കും: "ഡാക്ടർ എന്തുപറഞ്ഞു?"

"എല്ലാം ശരിയാകുമെന്ന്."

പിന്നെയും അയാളുടെ മുഖം മ്ലാനമാകും. എത്രപേർ, എത്ര തവണ അയാളോടു പറഞ്ഞിട്ടുണ്ട്—'എല്ലാം ശരിയാകു'മെന്ന്. ആശ്വസിപ്പിക്കാൻവരുന്ന ബുദ്ധിയില്ലാത്ത ക്രൂരന്മാർ'....

ആ കണ്ണൊന്നു തെളിഞ്ഞെങ്കിൽ! ആ പ്രകാശം! ലോകം! ജീവിതം! സരസ്വതി! അയ്യോ! ഇക്കണ്ണൊന്നു തെളിഞ്ഞെങ്കിൽ!..... അയാളുടെ കരം മെത്തമേൽക്കൂടെ സാവധാനം നീങ്ങിനീങ്ങി അവളുടെ മടിയിൽ എത്തും. അവൾക്കു് മനസ്സിലാകും അവൾ അതെടുത്തു് ഹൃദയത്തോടുചേർത്തു് ഒരുനിമിഷം വയ്ക്കും. കണ്ണുകൾ നനയും. ഹൃദയം ഒന്നുയർന്നുതാഴും അധരപുടങ്ങൾ ഒന്നു ചലിക്കും. ഈശ്വരന്റെ ചേവടികളിൽ ആ ഹൃദയവതിയുടെ ഒരു നിശ്ശബ്ദരോദനംകൂടി എത്തിക്കഴിഞ്ഞു: "ദൈവമേ' ഇക്കണ്ണൊന്നു തെളിഞ്ഞെങ്കിൽ!"

വാസ്തവത്തിൽ അവൾക്കു് വിശ്വാസമായിരുന്നു—ആ കണ്ണുകൾ തെളിയുമെന്നുതന്നെ. ആ പുതുതായി എത്തിയ ഡാക്ടർ, ഡാക്ടർ മേനോൻ, സമർത്ഥനാണു്. ഡാക്ടർ മേനോൻ പറഞ്ഞിട്ടുണ്ടു്—'അദ്ദേഹ'ത്തിന്റെ കണ്ണു തെളിക്കാമെന്നു്. അവൾ ആശ്വസിക്കും.

ഓരോ പ്രഭാതത്തിലും അവൾ ഡാക്ടർ മേനോനെ കാത്തിരിക്കുന്നതു് എന്താകാംക്ഷയോടാണു്. (ആ ആകാംക്ഷയ്ക്കു് നാട്ടുകാർ നൽകിയ വ്യാഖ്യാനം അവൾ കേൾക്കാത്തതു് ഭാഗ്യം. ഡാക്ടർ മേനോൻ, ഒരു 'ഇംഗ്ലീഷ് ചിരിയും', ഒരു പുകയുന്ന സിഗററും, കയ്യിൽ ഒരു ഹാററുമായി എത്തും. "Good morning Mrs Nair" എന്നു തുടങ്ങിയാൽ പിന്നെ പോകുന്നതുവരെ സംസാരംതന്നെ. രോഗി രോഗത്തിന്റെ കാര്യം മറക്കും; വല്യക്കാരുപോലും വന്നു മേനോന്റെ സംസാരം കേൾക്കാൻ ഒളിഞ്ഞു നില്ക്കും. ഒരു കുട്ടിയെ കയ്യിലെടുത്തു്, മററതിന്റെ ചെവി കൊണ്ടു പിടിച്ചു്, മൂന്നാമതൊന്നിന്റെ നേക്കൊരു ഗോഷ്ടികാ

ണിച്ചു്, കാരണവരോട്ട് ഉപചാരം കാട്ടി, മുത്തമ്മയോട്ട് ഒരു നല്ല വാക്കു് പറഞ്ഞു്, ഡാക്ടർ രോഗിയുടെ മുറിയിൽ കയറുമ്പോഴേക്കു് മുറിമുഴുവൻ ആളുകളായി. അങ്ങനെ, വിദഗ്ദ്ധനായ ആ യുവാവു്, ആ വീട്ടിലെ ഒരു അംഗമായിത്തീർന്നിരുന്നു. കാരണവരും, വൃദ്ധപ്രണയിനിയുമായി വയസ്സുകാലത്തെ ചില പ്രണയകലഹങ്ങൾവരെ ഡാക്ടരുടെ മുമ്പിൽ 'ഞായ'ത്തിനായി ചെന്നിരുന്നു. സരസ്വതിയുടെ ഭർത്താവും ഡാക്ടരും സഹോദരന്മാരെപ്പോലെയാണു് കഴിഞ്ഞതു്. എന്നാലും അയാൾ പറയും: "എന്തിനു് ഡാക്ടർ, പൊട്ടിയതു പോയില്ലേ? വെറുതേ ആശനല്ലാതിരിക്കു" ഡാക്ടർ, സരസ്വതിയെ പിൻതുണയ്ക്കു വിളിക്കും: "ഇതു് കേട്ടോ മിസ്സിസ് നായർ—മനുഷ്യർ ഇങ്ങനെ disappointed ആകാൻ തുനിഞ്ഞാലോ—" മേനോൻ പോകുന്നതു്, സാധാരണ വിഷാദം കലർന്ന ആ ഭവനത്തിലെ അന്തരീക്ഷത്തിനുതന്നെ ഒരു പ്രസരിപ്പു വരുത്തിയിട്ടാണു്.

* * * * *

അന്നു രാവിലെ, ഡാക്ടർ പതിവുപോലെ പുഞ്ചിരിച്ചുകൊണ്ടെത്തി. ഡാക്ടർ ഏതോ അവളോട്ട് മന്ത്രിച്ചു. അവൾ ആനന്ദം കൊണ്ടു് അമ്പരന്നു. രോഗിയെ പരിശോധിച്ചു്, ഡാക്ടർ സംതൃപ്തനായി പറഞ്ഞു: "മിസ്സിസ് നായർ—നാളെ രാവിലെ ഈ കെട്ടു് ഞാനഴിക്കും. അപ്പോൾ—"

അപ്പോൾ! അപ്പോൾ അവളുടെ ഭർത്താവു് അവളുടെ അനാദത്തെ ആത്മനാഥന്റെ പുഞ്ചിരിതൂകുന്ന ആ കണ്ണുകൾ! അവൾക്കു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവൾക്കെന്തെല്ലാം തോന്നി. ഒരു കൊച്ചുകുട്ടിയെപ്പോലെ അവിടെല്ലാം കിടന്നു ചാടണമെന്നു തോന്നി. ആ നിൽക്കുന്നതു്—ഡാക്ടർ മേനോൻ—അദ്ദേഹത്തിന്റെ സൗന്ദര്യം എന്തു വർദ്ധിച്ചിരിക്കുന്നു! ഓടിച്ചെന്നു് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു് ഉമ്മവയ്ക്കണമെന്നവൾക്കു തോന്നി. അവൾ ലജ്ജിച്ചുപോയി.

എല്ലാവരുടേയും നിർബ്ബന്ധംമൂലം അന്നരാത്രി ഡാക്ടർ അത്താഴം അവിടെ കഴിച്ചു. ഡാക്ടർ, നായരുടെ മുറിയിലേക്കു വന്നു. "ഡാക്ടർ, ഇന്നു സരസ്വതി എന്റെ കാര്യം എല്ലാം മറന്നുപോയി എന്നു തോന്നുന്നു."

ഡാക്ടർ ചിരിച്ചു.

"ഡാക്ടർ, അവൾ ഒരു ദേവതയാണ്."

ഡാക്ടർ ഒന്നും മിണ്ടിയില്ല.

"ഡാക്ടർ, എന്റെ കണ്ണു തെളിഞ്ഞാൽ—" ആ ഭർത്താവിന്റെ മുഖത്തിൽ വികാരങ്ങൾ വന്നുനിറയുന്നതു് ഡാക്ടർ കണ്ടു. "പിന്നെ—അവളെ പൂജിക്കുകയായിരിക്കും എന്റെ ജോലി."

ഡാക്ടർ ഒന്നു ചുമച്ചു; അദ്ദേഹത്തിന്റെ തൊണ്ടയിൽ എന്തോ തടഞ്ഞു.

ഡാക്ടർ, അവൾ ഇന്നുവരെ ആനന്ദം അറിഞ്ഞിട്ടില്ല. എന്റെ സരസ്വതി!"

ഡാക്ടർ എണീററു.

"അവൾ മാറിയിട്ടുണ്ടോ, ആ കൊച്ചു മുഖവും, നുണക്കുഴിയും, പറന്നുകളിക്കുന്നചുരുളൻ മുടിയും—" എന്തോ, ഡാക്ടർക്കു് ഈ സംഭാഷണഗതി അത്ര രുചിച്ചില്ല. അദ്ദേഹം പറഞ്ഞു:

മിസ്റ്റർ നായർ, ഞാനിറങ്ങുന്നു."

"ഡാക്ടർ—ഹേ—ഇന്നു പോകേണ്ട. ദയവുചെയ്തു് ഇന്നിവിടെ കിടക്കൂ. ഇന്നെനിക്കു് എന്തൊരു ദിവസമാണു! ഡാക്ടർ, നിങ്ങൾ പൊയ്ക്കൂടാ. രാവിലെ ഈ കെട്ടഴിക്കേണ്ടേ?" ഡാക്ടർ സമ്മതിച്ചു.

അടുത്ത മുറിയിൽനിന്നു് ഒരു മൂളിപ്പാട്ടു കേട്ടു. സരസ്വതി പാടുകയാണു്. അവളുടെ ഭർത്താവു് അതു കേട്ടു. അറിയാതെ പുഞ്ചിരിച്ചു. അവരുടെ ജീവിതം പ്രകാശപൂർണ്ണമാകാൻപോകയ

ല്ലേ? ദാമ്പത്യജീവിതത്തിൽ പ്രവേശിച്ചതിൽ പിന്നീട് അവൾ ആദ്യമായി പാടിയത്ത് അന്നായിരുന്നു.

*  *  *  *  *

സരസ്വതി, ഡാക്ടർക്കു കിടക്ക ശരിയാക്കിക്കൊണ്ടു് ആ മുറിയിൽ നില്ക്കുകയായിരുന്നു. ഡാക്ടർ കടന്നുചെന്നതവൾ അറിഞ്ഞില്ല.

"മിസ്സിസ് നായർ, ബദ്ധപ്പെടേണ്ട. മെത്തയെല്ലാം ഞാനൊരുക്കിക്കൊള്ളാം." ഡാക്ടർ പതുക്കെ പറഞ്ഞുകൊണ്ടു് അടുത്തു ചെന്നു. അവളുടെ കയ്യിൽനിന്നു് പുതപ്പുവാങ്ങി മെത്തയിൽ ഇട്ടു. "മിസ്സിസ് നായർ, നാളെ നിങ്ങളുടെ ഭർത്താവിൻെറ സജീവമായ നയനങ്ങൾ നിങ്ങൾ കാണും. നിങ്ങളെ ഒരുകാലത്തു് ആകർഷിച്ചതും ആനന്ദിപ്പിച്ചതുമായ ആ നയനങ്ങളിൽ നിങ്ങൾക്കുനോക്കാം." ഹാ! ഭാഗ്യം എത്രവേഗമാണു് ഓടിയടുക്കുന്നതു്? അവൾ ആ മെത്തയിൽ ഇരുന്നുപോയി. ജീവിതം! ജീവിക്കാൻ, ജീവിതത്തിൽ ഒരു പുതിയ കൊതി; ഒരു സ്ത്രീയുടെ കൊതി അവൾക്കുണ്ടായി. അവളുടെ അഭിലാഷങ്ങൾ എല്ലാം ഉണർന്നു. അണഞ്ഞുകിടന്നതീ ആളിക്കത്തി. അവളുടെ പ്രതീക്ഷകളുടെയെല്ലാം സാഫല്യസാകല്യം! അവളുടെ തല തിരിയുന്നതുപോലെ തോന്നി. ആ ഡാക്ടരുടെ ചുററും മോഹനമായ ഒരു പരിവേഷം കാന്തിവീശുന്നതായി അവൾക്കു തോന്നി. അവൾക്കു് ജീവിതം നിർമ്മിച്ച ദേവൻ!

ആനന്ദത്തിൻെറ ലഹരി; മനസ്സിനൊരാഘാതം! അവൾ പ്രജ്ഞയററു് രണ്ടുനിമിഷം ഇരുന്നു. സാവധാനം അവൾക്കോർമ്മ വന്നു: ഓർമ്മവന്നതോടുകൂടി—കവിളിലും, അധരത്തിലും, കഴുത്തിലും മാറിമാറി ഉന്മാദകമായ ഒരു ചൂടു പതിയുന്നതായി അവൾക്കുതോന്നി. അവളുടെ ചെവിയിൽ ഏതോ ഒരു രഹസ്യശബ്ദം മധുരമായി മന്ത്രിക്കുന്നു. ശിരസ്സിലും, മുതുകിലും ചൂടുള്ള ഒരു കരം ദ്രുതമായി വ്യാപരിക്കുന്നു. ഒരു നെഞ്ചിടിപ്പു് അവൾക്കു കേൾക്കാം.

ഒരു ഹൃദയം—തുടിക്കുന്ന ഒരു മാറിടം—സുഖപ്രദമായ ചൂടോടെ, ഭാരത്തോടെ അവളുടെ മാറിലേക്കു് അമരുന്നു. അവൾക്കു് വിശ്വസിക്കാൻ കഴിഞ്ഞില്ല—സ്വപ്നം—

"സരസ്വതി!"

അവൾ ഞെട്ടി.

"ക്ഷമിക്കൂ."

പതുക്കെപ്പറഞ്ഞ ആ വാക്കുകൾ ആ മുറിയിൽ മാറെറാലിക്കൊണ്ടതായി അവൾക്കു തോന്നി. ഭയത്തോടെ അവൾ ചുററും നോക്കി.

"അയ്യോ, ഡാക്ടർ!"

മറെറാരാളും അതു കേട്ടില്ല.

"സരസ്വതി! നിനക്കുവേണ്ടി ഞാനിതെല്ലാം ചെയ്തു നീയെന്നെ ഭ്രാന്തുപിടിപ്പിക്കരുതു്."

"എന്റെ ഭർത്താവു്, എന്റെ ഭർത്താവു്." ആ തേങ്ങൽ ഡാക്ടർ മാത്രമേ കേട്ടുള്ളു.

"എനിക്കറിയാം സരസ്വതീ" ദൃഢമായ അയാളുടെ ആലിംഗനത്തിനു് അവൾ ശക്തിരഹിതയായി വഴങ്ങി.

അവൾ അവളെത്തന്നെ ഭയന്നു. ഏറിയകാലമായി, നിദ്രയം അമർത്തപ്പെട്ടിരുന്ന യൗവ്വനം, അഴികൾ ഭേദിക്കുമെന്നു് അവൾ ഭയന്നു. രക്തം ചൂടുപിടിക്കുന്നു; മാംസം തരിക്കുന്നു. ഉദ്വേഗത്തോടെ അവൾ ഒന്നു കുതിച്ചു. ഇല്ല അവൾ മെത്തയിലേക്കു് വീഴ്ത്തപ്പെട്ടു.

"സരസ്വതീ—നീ ബുദ്ധിയുള്ളവളാണു്. ഞാൻ പറയാം—" അയാളുടെ ശബ്ദം അവളുടെ കർണ്ണപുടങ്ങളിൽ മുഴങ്ങി. അവൾക്കു അയാളോടു് ഒരു കടമയുണ്ടെന്നും അതു നിറവേററണമെന്നും അയാൾ മന്ത്രിച്ചു. അവനവനോടുള്ള കടമയാണു് വലുതെന്നു് അയാൾ പറഞ്ഞു. ഇതേവരെ അവൾ ഒരു മിഥ്യാബോധത്തി

ൻെറ അടിമയായിരുന്നെന്നും, അവളുടെ യുവത്വത്തിൻെറ നൂറായിരം അഭിലാഷങ്ങളെ നിർദ്ദയം അടിച്ചമർത്തുകയായിരുന്നെന്നും അയാൾ മന്ത്രിച്ചു. യുവത്വവും സൗന്ദര്യവും ആസ്വദിക്കപ്പെടാനാണെന്നും, ഇതേവരെ അവളുടെ യുവത്വവും സൗന്ദര്യവും നിശ്ശബ്ദമായി വിലപിക്കയായിരുന്നെന്നും, അവളുടെ ഈ നിർബന്ധംമൂലം അവൾ പ്രകൃതിയോട് ഒരപരാധം ചെയ്യുയാണെന്നും അയാൾ വാദിച്ചു. സ്ത്രീയും പുരുഷനും മനുഷ്യസൃഷ്ടമായ യാതൊരു നിയമങ്ങളുടേയും അടിമകളല്ലെന്നും, അവനവൻെറ അഭിലാഷങ്ങളുടെ സാഫല്യത്തിനുള്ള യത്നമാണ് ജീവിതമെന്നും അയാൾ ഉപദേശിച്ചു. "സരസ്വതീ! നീ നല്ലവളാണ്. ഞാൻ നിന്നെ സ്നേഹിച്ചു പോയി. ഞാൻ ബുദ്ധിമുട്ടിയതെല്ലാം നിനക്കുവേണ്ടിയാണ്. ഇതാ ഇപ്പോൾ നിൻെറ രക്തം തിളയ്ക്കുന്നില്ലേ? നിൻെറ ശരീരം മുഴുവൻ ജീവിതത്തിൻെറ ചൂടുപരക്കുന്നില്ലേ? ഇതേവരെ നീ നിൻെറ വിലതീരാത്ത യൗവനത്തിനോടും സൗന്ദര്യത്തിനോടും തെററുകാണിച്ചു. എൻെറ സരസ്വതീ!—"

അയാളുടെ ഗാത്രം അവളുടെ ഗാത്രത്തിൽ അമർന്നിരുന്നു. അവളുടെ രക്തം തിളയ്ക്കുന്നുണ്ടായിരുന്നു. അനിയന്ത്രിതമായ ചില വികാരങ്ങൾ അവളുടെ ശരീരം മുഴുവൻ തെരുപ്പിടിപ്പിച്ചു. ഹൃദയം അയാളേയും വഹിച്ചുകൊണ്ടുയരുന്നതാണ്. മധുരതരമായ ഒരു ഉന്മാദം, ഭ്രാന്തു പിടിക്കാൻപോകയാണെന്നവൾക്കു തോന്നി. ജീവിതത്തിൽ അനാദ്യമായി, ഒരു പ്രത്യേകചൂട്, ഒരു പ്രത്യേകപുളകം, ഒരു പ്രത്യേകതുടിപ്പ് അവൾക്കനുഭവപ്പെട്ടു. അവൾക്കനങ്ങാൻ തോന്നിയില്ല. അവൾ വഴങ്ങിപ്പോയി.

* * * * *

മണി മൂന്നടിച്ചു. ദൂരെയെങ്ങോ അകാലത്തിൽ ഉണർന്ന ഒരു കോഴി കൂവിപ്പോയി. അവൾ ഞെട്ടിയുണർന്നു. ഡാക്ടർ കിടന്നുറങ്ങുന്നു. വികൃതമായ ഒരു സംതൃപ്തി ആ അവസ്ഥയിലും അയാ

ളുടെ മുഖത്തു കാണാമായിരുന്നു. അവളുടെ തലയിൽനിന്നു പൊഴിഞ്ഞ കുറെ വാടിയ മുല്ലപ്പൂക്കൾ മെത്തയിൽ എല്ലാം കിടന്നിരുന്നു. അവൾ ഒന്നു നടുങ്ങി; ആ മുറിയിലെ മങ്ങിയ പ്രകാശത്തിൽ അവൾ അവ പെറുക്കിയെടുത്തു. തീരുന്നില്ലന്നൊവൾക്കു തോന്നി. ഡാക്ടരുടെ ശരീരത്തിലും രണ്ടുമൂന്നു വീണുകിടന്നിരുന്നു. അവയിൽ തൊടാൻ അവൾക്കു സാധിച്ചില്ല. ഒരു സ്വപ്നത്തിൽനിന്നുണൎന്നവളെപ്പോലെ അവൾ അവിടെ നിന്നു.

അടുത്തമുറിയിൽ ഒരു ദീർഘനിശ്വാസം കേട്ടു. അവൾ ഞെട്ടി. ഉറക്കത്തിൽ 'അദ്ദേഹം' പറയുന്നു: —

"ഡാക്ടർ, എന്റെ കണ്ണൊന്നു തെളിഞ്ഞാൽ— പിന്നെ ഞാനവളെ പൂജിക്കും."

അവളുടെ ഹൃദയം ഒന്നു പൊള്ളി. വാതിൽ തുറന്നു് അവൾ വെളിയിലിറങ്ങി. തണുത്ത കാററു്. അവൾ വിയൎത്തുണ്ടായിരുന്നു. പതുക്കെ അവൾ അദ്ദേഹത്തിന്റെ മുറിയുടെ വാതിൽ തുറന്നു. അകത്തേക്കു് ഒന്നു നോക്കി. അവിടെയും ഒരു വിളക്കു കത്തുന്നുണ്ടു്. അവിടെയും മെത്തയിൽ ഒരാൾ കിടക്കുന്നുണ്ടു് ആ ആളിന്റെ മുഖത്തും ഒരു പുഞ്ചിരി വ്യാപിച്ചിട്ടുണ്ടു്. ഏതോ സുന്ദരമായ ഒരു സ്വപ്നത്തിൽ ആ മനസ്സു് ഇപ്പോൾ വ്യാപരിക്കയാണു് ......

അവൾ ഒരടികൂടി അകത്തേക്കു വച്ചു. ആ മുഖവും ശരീരവും എല്ലാം പ്രത്യേകംപ്രത്യേകം അവൾ പരിശോധിച്ചു. നെററിയിൽ ഒരു കെട്ടുണ്ടു്. ആ കെട്ടൊന്നു മാററാൻ, ആ കണ്ണൊന്നു തുറന്നുകാണാൻ, അവൾ എത്ര കൊതിച്ചു! അവളുടെ കയ്യൊന്നു പൊങ്ങി. ചുണ്ടുകൾ ചലിച്ചു

"ദൈവമേ! ആ കണ്ണൊന്നു കണ്ടെങ്കിൽ!"

അവൾക്കു് ആ നിദ്രാധീനമായ ശരീരത്തെ ഒന്നു തലോടണമെന്നു തോന്നി. അവളുടെ കൈ ചലിച്ചു. ആ മെത്തയിലും കുറേ വാടിയ മുല്ലപ്പൂക്കൾ കിടന്നിരുന്നു. പക്ഷേ— അവ, അവളുടെ മുടിയിൽനിന്നു വീണവയല്ല...... ഉറക്കത്തിൽ അദ്ദേഹം ഒന്നനങ്ങി.

അവൾ ഞെട്ടി പിൻപോട്ടു മാറി. ഉറക്കത്തിൽ പുഞ്ചിരിച്ചു; ഉറക്കത്തിൽ അദ്ദേഹം മന്ത്രിച്ചു: "എന്റെ സരസു ഒരു ദേവതയാണ്"

അവളുടെ ഹൃദയം ദ്രുതമായി അടിച്ചു. ആ സന്നിധിയിൽ നിന്ന് ഒരു നിമിഷത്തിനകം ഭസ്മമായിപ്പോകാൻ അവൾ ആഗ്രഹിച്ചു. ആ ഒരു വിശ്വാസം അവളെ ശ്വാസം മുട്ടിച്ചു. ശബ്ദമുണ്ടാകാതെ നടന്നവൾ വെളിയിലിറങ്ങി.

വെളുപ്പാൻകാലത്തെ കുളർകാററ് തെങ്ങോലകളെ ഉണർത്തി മന്ത്രിച്ചു, 'നേരം വെളുക്കാൻപോകുന്ന'വെന്ന്. പച്ചക്കിളികൾ ചിറകുകുടഞ്ഞു കരഞ്ഞു. വിളറിയ ചന്ദ്രലേഖ, ഒരു കാറിന്റെ കറുത്ത മറമാററി വെളിയിലേക്കു നോക്കി. പൂമുഖത്തു കിടന്ന ഒരു വൃദ്ധൻ, കിനാവുകണ്ടു പേടിച്ചുഞരങ്ങി.

അവൾ വിറയ്ക്കുന്നുണ്ടായിരുന്നു. ഭീമമായ ഒരപരാധത്തിന്റെ ബോധം അവൾക്കുണ്ടായി. നിർമ്മലമായ ഒരു ഹൃദയത്തെ വഞ്ചിച്ചുവെന്ന്; അവളെ സ്വപ്നംകണ്ടു ജീവിക്കുന്ന പ്രിയതമനെ, അന്ധനെ, വഞ്ചിച്ചുവെന്ന് അദ്ദേഹത്തിനു കണ്ണു തെളിയും. ഡാക്ടരോട് പറയും: "ഡാക്ടർ, എന്റെ സരസു ഒരു ദേവതയാണ്." ഡാക്ടർ അവളുടെ മുഖത്തേക്കു നോക്കും.....

അവൾക്കു ദാഹിച്ചു. വെള്ളത്തിനല്ല—എന്തോ അടക്കാൻ വയ്യാത്ത ഒരു ദാഹം. അവൾ നടന്നു. ആ ഏകാന്തത അവളെ പേടിപ്പിച്ചു. അവളുടെ പുറവും മുഴവനും ചലിക്കുന്ന നിഴലുകളും അവ്യക്തരൂപങ്ങളും! അവൾ നല്ലപോലെ വിയർക്കുന്നുണ്ടായിരുന്നു പെട്ടെന്നവൾ നിന്നു. ഒരു ശബ്ദം കേട്ടതുപോലെ അവൾക്കുതോന്നി. "സരസ്വതീ! നിന്റെ വിലതീരാത്ത യൌവ്വനവും സൌന്ദര്യവും അനാസ്വാദ്യമാകരുത്. എന്നെ അനുവദിക്കൂ." അതേ, അവളുടെ യൌവ്വനം! അവൾ ആസ്വദിച്ചു. സ്ത്രീത്വത്തിന്റെ പരിധിയിൽ കവിഞ്ഞ യാതൊന്നും ചെയ്തില്ല അതപരാധമാണോ? സൌന്ദര്യവും, യൌവ്വനവും നിറഞ്ഞ ഒരു പരിചിതമുഖം അവളുടെ മുമ്പിൽ നിന്നു പുഞ്ചിരിച്ചുകൊണ്ടു് - നീട്ടിയ ബലിഷ്ഠകരങ്ങളോടെ പറയുന്നു; "ജീവിതം മധുരമാണ്. മടക്കാതെ, ആസ്വദിക്കൂ. വരൂ."

പെട്ടെന്നവൾ നടുങ്ങി. ആ രൂപം ഡാക്റ്റർ — അല്ല—പിശാച് അവളെ ചതിച്ചു. അതാ, വേറൊരു ശബ്ദം! അവളുടെ ചെവിയിൽ അതു മുഴങ്ങുന്നു. അതു് അവസാനിക്കുന്നില്ല. അയ്യോ — എന്തൊരു ശബ്ദം! ചതി! ചതി! ചതി!

അവൾ കട്ടിലിൽ ഓടിയെത്തി.

അതേ' അന്നദ്ദേഹം പറഞ്ഞു—"സരസ്വതീ! നീ സ്വതന്ത്രയാണ്." ജീവിക്കണമെങ്കിൽ, ആസ്വദിക്കണമെങ്കിൽ, അവൾക്കു് സ്വതന്ത്രയായി ആകാമായിരുന്നല്ലോ. എന്തിനവൾ അദ്ദേഹത്തിൻെറ ഇരുണ്ട ജീവിതത്തിൽ ചുററിക്കൂടി? അതിനെ നശിപ്പിക്കാനോ? അവിടെ ആരാധന! വിശ്വാസം' ആശയില്ലായ്കയല്ല ആശയില്ലാത്ത മനുഷ്യനുണ്ടോ? ആശ കാണും. പക്ഷെ—അവൾ ദേവതയാണ്. അദ്ദേഹത്തിൻെറ ദേവത! പൊട്ടക്കണ്ണനും, അനന്തനുമാണു് താനെന്നു് സ്വയം അദ്ദേഹം വിശ്വസിച്ചു. അവൾ ചാടിയെണീററു. പരുഷയായി അവൾ. അന്ധകാരത്തിനോടു ചോദിച്ചു: "പക്ഷെ, ഞാൻ മനുഷ്യസ്ത്രീയല്ലേ? ആരാധിക്കാനാണോ? ...എനിക്കും—" അന്ധകാരം മിണ്ടിയില്ല. ഒരു രൂപം സാവധാനം അവളുടെ അരികിലേക്കു് നീങ്ങി. നെററിയിൽ ഒരു കെട്ടു്! അതു മന്ത്രിച്ചു: "എൻെറ സരസു ഒരു ദേവതയാണു്"— അവൾ വിറച്ചു. ആ വിശ്വാസം! ആ കൃതജ്ഞത! ആ ആരാധന! അവളുടെ കണ്ണിൽ നീരു നിറഞ്ഞു—ആനന്ദബാഷ്പം' അവളുടെ ശരീരം പുളകമണിഞ്ഞു. ഒരു നിമിഷംമാത്രം. പിന്നെയും ആ ശബ്ദം! 'ചതി!' അവൾ വഞ്ചിച്ചു. അല്ല—രക്തവും മാംസവും അവളെ വഞ്ചിച്ചു. പിന്നെയും ഭീകരമായ ആ നാദം! 'ചതി, ചതി.' ആ നിശ്ശബ്ദത മുഴവൻ നിറഞ്ഞുനിന്നു, ആ ഒരു ശബ്ദം ഒന്നായി പ്രതിദ്ധ്വനിച്ചു:—"ചതി."

പൂമുഖത്തു് കിനാവുകണ്ടുകൊണ്ടു കിടന്ന വൃദ്ധൻ പേ പുലമ്പി: "ഛീ—ശവമേ! പോ."

അഞ്ചാറു മുല്ലപ്പൂക്കൾ അവളുടെ മുടിയിൽനിന്നും അടന്നു വീണു. അവൾ കിടക്കയിലേക്കു മറിഞ്ഞു. പൂമുഖത്തു കിനാവു കണ്ടുകൊണ്ടുകിടന്ന വൃദ്ധൻ തേങ്ങിത്തേങ്ങിക്കരഞ്ഞു.

* * * * *

കിഴക്കു് പ്രകാശമായപ്പോൾ ഡാക്ടർ ഉണർന്നു. വീട്ടിൽ എല്ലാവരും ഉണർന്നു. 'രോഗി'യുടെ മുറിയിൽ തിങ്ങിക്കൂടി. "സൂര്യ ഭഗവാന്റെ ആദ്യത്തെ രശ്മികൾ കാണു്" എന്നുപറഞ്ഞു ഡാക്ടർ, നായരുടെ കെട്ടഴിച്ചു. അഹോ, എന്തൊരു രംഗം! ജീവിതം, പ്രകാശം! നായർ ഒരു കൊച്ചുകുട്ടിയെപ്പോലെ വാവിട്ടുകരഞ്ഞു. കൊച്ചുകുഞ്ഞുങ്ങളെ എടുത്തുമ്മവച്ചു. വൃദ്ധമാതാപിതാക്കളെ കെട്ടിപ്പിടിച്ചു, പിന്നീടാണു് അയാൾ ഓർത്തതു്—

"അല്ലാ, സരസ്വതി എണീററില്ലേ?"

ആരോ പറഞ്ഞു: "ഞാൻ പോയി വിളിക്കാം"

നായർ തടുത്തു. "ഡാക്ടർ, ഞാൻതന്നെ പോയി വിളിക്കട്ടേ."

അയാൾ മുറിക്കുവെളിയിലിറങ്ങി. ലോകം' പൂവന്ന സൂര്യൻ! ഓടുമേഞ്ഞ വീടുകൾ; കാച്ചുനില്ക്കുന്ന തെങ്ങുകൾ; പാടുന്ന കിളികൾ, പച്ചപ്പുല്ലു നിറഞ്ഞ തൊടികൾ; വെള്ളമണലുനിറന്ന മുററം—അയാൾ നടന്നു. അവളുടെ മുറിയുടെ വാതിൽക്കലെത്തി. വാതിൽ തുറന്നുകിടന്നു. അയാൾ അകത്തുകടന്നു. ഉണർത്താതെ അവളുടെ അടുത്തിരുന്നു. അവളുടെ സൗന്ദര്യം അലോകസഹജമാണെന്നു് അയാൾക്കു തോന്നി. അയാൾ അവളെക്കണ്ടു.

"സരസ്വതീ!"

അവളുടെ കൈ രണ്ടും സ്വന്തം കൈയിൽ ഗ്രഹിച്ചുകൊണ്ടു് ആനന്ദോന്മത്തനായി അയാൾ വിളിച്ചു:—

"സരസ്വതീ—എന്റെ കണ്ണു കണ്ടോ!"

എന്തോ അയാൾ ഒന്നു ഞെട്ടി. അവളുടെ കൈ, ശരീരം— എല്ലാം തണുത്തിരുന്നു. പിന്നെയും അയാൾ വിളിച്ചു:—

'സരസ്വതീ!'—അതൊരു ഭ്രാന്തന്റെ വിളിയായിരുന്നു.

ആളുകൾ തിങ്ങിക്കൂടി. ഡാക്ടർ പരിശോധിച്ചു. അവളുടെ രക്തത്തിന്റെ ചൂടും, മാംസത്തിന്റെ തരിപ്പും എന്നെന്നേയ്ക്കുമായി അവസാനിച്ചിരുന്നു.

# ദൈവത്തിൻെറ മുമ്പിൽ

## I

"അപ്പോൾ ആ പ്രതീക്ഷകൾ—ഇങ്ങനെയോ പരിണാമം?"

അവൾ ആ നിലയ്ക്കുതന്നെ നിന്നുപോയി. വെള്ളം ഇററു വീഴുന്ന മുടി, രണ്ടായിപ്പകുത്തു് ഒരുഭാഗം കൈകൊണ്ടു പിഴിഞ്ഞു്, അല്പം ദൂരെയായി ഓരോന്നു പറഞ്ഞു രസിച്ചു കുളിച്ചുകൊണ്ടുനിന്ന യുവതികളെ ഉദ്വേഗത്തോടെ നോക്കിക്കൊണ്ടു് അവൾ നിന്നു. അവളുടെ നോട്ടവും നിലയും കണ്ടാൽ അവൾക്കു് ആ കൂട്ടരോടു് ഏതോ പകയുണ്ടെന്നു് തോന്നിപ്പോകും. അവർ കേവലം അപരിചിതരുടെ ഭാവത്തിലാണു്. ആ ആററുകടവിൽ കുളിക്കുന്നതു്. അതേ, ഭാർഗ്ഗവി ആ നാട്ടിൽ വന്നിട്ടു് മാസം മൂന്നേ ആയിട്ടുള്ളു. അധികമൊന്നും ഇറങ്ങി സഞ്ചരിച്ചിട്ടുമില്ല.

ഡാക്ടരദ്ദേഹത്തിനു് ഇങ്ങോട്ടു സ്ഥലംമാററംകിട്ടിയപ്പോൾ അവളേയും കൊണ്ടുപോന്നു. അതദ്ദേഹത്തിൻെറ പതിവാണു്, ഡാക്ടർ അവളുടെ ഇളയച്ഛനാണു്. അച്ഛനും അമ്മയും കാളറാ വന്നു മരിച്ചതിൽപിന്നെ ഇളയച്ഛനാണു് അവളെ രക്ഷിക്കുന്നതു്. അവളോടു വളരെ കനിവാണു് അദ്ദേഹത്തിനു്.

അവളുടെ അച്ഛൻ വയലിലും പറമ്പിലുമായി നിന്നാണ് അനു ജനെ പഠിപ്പിച്ചതു്. ആ നന്ദി ഡാക്ടൎക്കുണ്ടു്. പിന്നെ, അദ്ദേഹത്തിനുള്ളതു് മൂന്നു് ആൺകുട്ടികളാണു്. ഭാൎഗ്ഗവിക്കു് വലിയ വിദ്യാഭ്യാസം (പരിഷ്കരിച്ച പതിപ്പിലുള്ളതു്) ഇല്ല. മലയാളം ഏഴാം ക്ലാസ്സു പഠിച്ചു. ഒരാണ്ടു് രണ്ടാംഫാറത്തിൽ പഠിച്ചു, തോററു. പള്ളിക്കൂടവുമായുള്ള ബന്ധവും തീൎന്നു. വീട്ടിൽ അവൾക്കു വിശ്രമവേളകൾ അധികം ഇല്ല. ഇളയച്ഛന്റെ ഭാൎയ്യ ഒരു റിട്ടയാൎഡു പേഷ്കാരുടെ മകളാണു്. നോവലും വായിച്ചു കസേരയിൽ കിടക്കുകയാണു്, ഡാക്ടരില്ലാത്തപ്പോഴുള്ള ജോലി 'അടുക്കളക്കാരൻ പപ്പു സമൎത്ഥനാണു്. നേരമ്പോക്കു പറയും. കൊച്ചമ്മ കേൾക്കാതെ അവരെ കളിയാക്കും. ഭാൎഗ്ഗവി ചിലപ്പോൾ പൊട്ടിച്ചിരിച്ചുപോകുമെങ്കിലും 'ചുമ്മാതിരിക്കു പപ്പു, അധികപ്രസംഗം പറയാതെ', എന്നു ശാസിക്കും. വാസ്തവത്തിൽ പപ്പു കള്ളമല്ല പറയുന്നതു്. അവൻ പുളിശേരിയിൽ വീട്ടിലിനെ കീറിയിട്ടു കടുകുവറുത്തു കൊട്ടുത്താൽ കൊച്ചമ്മ അതുംകഴിക്കും. ഉപ്പോ എരിയോ മറേറാ വല്ലതും കൂടിയാൽ കൂട്ടാൻ നന്നായില്ല എന്നു വഴക്കുപിടിക്കും. അല്ലാതെ എന്താണു് കുററം എന്നു് കൊച്ചമ്മയ്ക്കു് അറിഞ്ഞുകൂടാ—അങ്ങുന്നിനു കുറെയെങ്കിലും അറിയാം—എപ്പോഴും നോവലും പത്രവുംതന്നെ.

പക്ഷേ, ഭാൎഗ്ഗവി ഒരു നോവലിന്റെ തലക്കെട്ടു നോക്കുകയോ മറേറാ ചെയ്യുന്നതു കണ്ടാൽ കാമാക്ഷിയമ്മ ചീറും—പെൺപിള്ളേരു നോവൽ വായിക്കുന്നതു വഷളാകാനാണു്. ചിലപ്പോൾ ചില ഇംഗ്ലീഷ്പത്രങ്ങളിലെ നേരമ്പോക്കുകൾ വായിച്ചു് ഉറക്കെ പൊട്ടിച്ചിരിച്ചുകൊണ്ടു് 'ഭാൎഗ്ഗീ—ഭാൎഗ്ഗീ' എന്നു വിളിക്കും അവൾ ചെല്ലും. "ഇതു കണ്ടോ" എന്നു പറഞ്ഞു് ഇംഗ്ലീഷ് വായിച്ചു് അവളെ കേൾപ്പിക്കും. അവൾ വിഷമിച്ചുനിൽക്കുന്നതു കണ്ടു് മന്ദഹസിച്ചു്, അതിന്റെ മലയാളം പറയും. അവളും മന്ദഹസിക്കും കൊച്ചമ്മ പിന്നെയും കസാലയിലേക്കു മറിയും.

അവൾ അടുക്കളയിലേക്കു പോവും. അവളോടാരും അടുക്കളയിൽ പോകണമെന്ന് ആവശ്യപ്പെട്ടിട്ടില്ല, അവൾ സ്വമേധയാ പോകുന്നതാണ്. ജോലിചെയ്യാൻ പപ്പുവുണ്ട്. എന്നാലും അവൾകൂടി അവിടെ കാണും. ചിലപ്പോൾ ഇളയമ്മ പറയും: "ഭാർഗ്ഗി, നീ ഇവിടെ നില്ക്കുയാണോ ഇങ്ങനെ? കൊക്കോ ഇടേണ്ടേ? മണി നാലാകാൻ പോണു. അദ്ദേഹത്തിനു ഹോസ്പിററലിൽ പോകണം." അവൾ അടുക്കളയിലേക്കു തിരിക്കുകയായി. രാത്രിയിൽ ഇളയകുട്ടി ഉണൎന്നു കരയും. ഇളയമ്മ കുട്ടിയെ എടുത്തുകൊണ്ട് അവളുടെ മുറിയുടെ വതില്ക്കൽവരും: "ഭാർഗ്ഗി, ഭാർഗ്ഗീ!" അവൾ ഉണൎന്ന് എഴുന്നേററുവരും. "യ്യോ! ഈ നിർബ്ബന്ധിക്കുട്ടിയുടെ കരച്ചിൽ കൊണ്ടു ഞാൻ മരിച്ചു നീ ഒന്നെടുക്കു. നീ എടുത്താൽ അവൻ അടങ്ങും." അവൾ കുട്ടിയെ വാങ്ങും. അവർ ഭർത്താവിന്റെ മുറിയിലേയ്ക്കു തിരിയെപ്പോകും. ഇങ്ങനെയാണ് ഭാർഗ്ഗവിയുടെ ജീവിതം.

പത്തു വയസ്സിലാണ് അച്ഛനും അമ്മയും മരിച്ചതു്. അന്നു മുതൽ ഇളയച്ഛൻ വളൎത്തിവരികയാണ്. അവൾക്ക് ഈ ജീവിതത്തിൽ ഒരു ക്ലേശവും തോന്നിയിട്ടില്ല—എന്നാണ് അവൾ തന്നത്താൻ വിശ്വസിക്കുന്നതു്. ചിലപ്പോൾ പപ്പു ചോദിക്കും, "കുഞ്ഞ് എന്തൊന്നാ ഇങ്ങനെ വിചാരിച്ചുവിചാരിച്ചു നടക്കുന്നതു്? ദേഷ്യാ വരാൻ പറയുവല്ല. അറിയാഞ്ഞു ചോദിച്ചുപോന്നതാ. കുഞ്ഞിനു് ഒരു സങ്കടത്തിനും വകയില്ല" (എന്നുപറഞ്ഞു് അത്ഥഗൎഭമായി ഒന്നു നോക്കും.) "ഞാൻ സങ്കടപ്പെടുന്നോ? നിനക്കു ഭ്രാന്താണ്'" എന്നു പരിഹസിച്ചു് അവൾ ആ വിഷയം മാററും. എന്നാൽ പപ്പുവിനറിയാം അവൾ സാധുവാണെന്നു്. മനഃക്ലേശങ്ങൾ ധാരാളമുണ്ടെന്നു്. അവളുടെ ജീവിതം എത്ര ഉത്സാഹരഹിതമാണ്. കൊച്ചമ്മ സിനിമായ്ക്കുപോകുമ്പോൾ "ഞാൻ നോക്കിയിട്ടുവരട്ടെ. Vulgarity (വഷളത്തം) ഒന്നുമില്ലെങ്കിൽ നമുക്കു രണ്ടുപേൎക്കും നാളെ മാററിനിക്കു പോകാം" എന്നുപറയും. തിരിയെ

വന്നാൽ 'ഫിലിം' ആഭാസമാണെന്നു് തള്ളും. "വീട്ടിൽ കുട്ടികളെ നോക്കാൻ ആൾ വേണ്ട" എന്നു പപ്പു പിറുപിറുക്കും. എന്നാൽ അവൾ ഭൂമിയെപ്പോലെ സർവ്വംസഹയാണു്. ആരോടും കനിവാണു്, സ്നേഹമാണു്. ഒരിക്കലും ദേഷ്യമില്ല. ആരുടെയെങ്കിലും വ്യസനംകണ്ടാൽ അന്നവൾക്കു് ഊണിനു രുചിയില്ല എന്ന കാര്യം പപ്പുവിനറിയാം. അമ്മയുമച്ഛനുമില്ലാത്ത കുട്ടികളോടു് അവൾക്കെന്തൊരു സഹതാപമാണെന്നോ!

പാവം! അവൾ പരിഷ്കാരിയല്ല. മൂന്നപെററ കൊച്ചമ്മ വെളിക്കോട്ടിറങ്ങണമെങ്കിൽ സ്നോയും, ലിപ്സ്റ്റിക്കും, ഹെയറോയിലും വേണം. അവൾ ഇതൊന്നും ഉപയോഗിച്ചിട്ടില്ല. ഇളയച്ഛന്റെ അലമാരിയിലെ ചില ദ്രാവകങ്ങൾ അടങ്ങിയ കുപ്പികളും സുഗന്ധദ്രവ്യങ്ങളടങ്ങിയ കുപ്പികളും അവൾ ഒരുപോലെയാണു് കാണുന്നതു്. എന്തു് അനുസരണയാണു്! ഒരു തവണയെങ്കിലും അവൾ എന്തെങ്കിലും എതിരു പറഞ്ഞിട്ടില്ല. എല്ലാം ശരിവയ്ക്കും; അനുസരിക്കും. അതാണു് പപ്പുവിനതിശയം. ഇതെന്തൊരു പെൺകുട്ടിയാണെന്നു് പലപ്പോഴും അവൻ അതിശയിക്കാറുണ്ടു്. അവനോടുതന്നെ എന്തു വിനീതയായാണു് സ്വന്തം ആവശ്യങ്ങൾ പറയാറുള്ളതു്. "പപ്പു, നീ വടക്കതിൽവരെ ഒന്നു പോയി ആ കമലാക്ഷിയോടു് ഇത്രടം ഒന്നുവരാൻ പറയുമോ? ജോലിയുണ്ടെങ്കിൽ കുറച്ചു കഴിഞ്ഞിട്ടുമതി." പപ്പു ചോദിക്കും—വാസ്തവത്തിൽ അവനു് വ്യസനം തോന്നിയിട്ടാണു്—"എന്തിനാ കുഞ്ഞേ പപ്പുവിൻറടുക്കൽ ഇങ്ങനെയെല്ലാം പറയുന്നതു്? നിങ്ങളൊക്കെ പറയുന്നതു കേൾക്കാനല്ലാതെ പിന്നെന്തിനാണു തീററിയും ശമ്പളവും തന്നിവനെയിവിടെ ഇട്ടിരിക്കുന്നതു്? കുഞ്ഞിങ്ങനെ പറയരുതു്." അവളതു കേൾക്കാത്ത ഭാവം നടിക്കും.

സ്ഥലംമാറിവന്നു് അവർ വീടെടുത്തതു് ആശുപത്രിക്കു സമീപമാണു്. അധികം ദൂരെയല്ലാതെ ഒരാറും ഉണ്ടു്. എന്നും വൈകിട്ടു് അവൾ കുളിക്കാൻപോകും. കൊച്ചമ്മ ചൂടുവെള്ളത്തിലേ കുളി

11095

ക്കും. അത്താഴം കഴിയും. അതുകൊണ്ടവൾ തനിച്ചു പോകും. ആറാം കടവടുത്താണ്; തനിച്ചു പോകുന്നതിൽ ഒന്നും വരാനില്ല എന്നു കൊച്ചമ്മ ഇളയച്ഛനോടു ബലമായി പറഞ്ഞിട്ടുണ്ട്. അങ്ങനെ ഇപ്പോൾ മൂന്നുമാസമായി.

ആറാംകടവിൽ വളരെ സ്ത്രീകൾ കുളിക്കാൻ വരും. അവൾക്ക് ആരെയും പരിചയമില്ല. കമലാക്ഷിയ്ക്കു വീട്ടിൽ ധാരാളം ജോലിയുണ്ട്. ചിലപ്പോഴേ ആറാംകടവിൽ വരാൻ സൗകര്യപ്പെടുകയുള്ളു. ഏകാകിനിയായുള്ള ഈ ദൈനംദിനയാത്രയിൽ കുറെ നാളായി അവൾക്കൊരാനന്ദം ഉണ്ടാകാറുണ്ട്. മനോരാജ്യം നിർമ്മിക്കുന്ന സങ്കല്പസ്വർഗ്ഗത്തിലെ ആനന്ദാനുഭൂതി അവൾക്കുമുണ്ടായി. അങ്ങേവീട് നാട്ടിലെ ഒരു പ്രബലകുടുംബമാണ്—മാമ്പള്ളിൽ ആലശ്ശേരിൽ മാധവക്കുറുപ്പിന്റെ ഭാര്യവീടാണ്. അദ്ദേഹത്തിനൊരു മകനേയുള്ളു. മാധവൻനായരെന്നാണ് പേര്. ബി. ഏ. പാസ്സായിട്ടുണ്ട്. അച്ഛൻ വിചാരിച്ചാൽ ഉദ്യോഗത്തിന് വലിയ പ്രയാസമില്ലെങ്കിലും മകനതിഷ്ടമല്ല. അടങ്ങിയ ജീവിതമാണ് ഇഷ്ടം. ആളിന്റെ രീതിയും മറവും കണ്ടാൽ വല്ല പ്രേമനൈരാശ്യവും വന്നിട്ടുണ്ടോ എന്നു തോന്നും. 'മാമ്പള്ളിലെ സന്യാസി' എന്നുപറഞ്ഞാൽ അത് മാമ്പള്ളിൽ മാധവൻനായർ ബി. ഏ. ആണെന്ന് ആ നാട്ടുകാർക്കൊക്കെ അറിയാം. കുറേ പുസ്തകവും അയാളും. അങ്ങനെയൊരു അടങ്ങിയ ജീവിതമാണ്.

ഉണ്ണാൻ ചെന്നു വിളിക്കുന്നത് അമ്മയാണ്. ഉണ്ണാൻ വന്നിരിക്കുമ്പോൾ വിവാഹക്കാര്യം തുടങ്ങും. അയാൾക്കു ലജ്ജയും വരും. വൈകിട്ട് ഒരു മാസികയുമെടുത്തു വഴിയോടു ചേർന്നുള്ള മതിലിനടുത്ത് ശിലാസനത്തിൽ വന്നിരിക്കുക ആ നിരപരാധിയുടെ ഒരു പതിവാണ്. വഴിയേ പോകുന്നവരെ വളരെ ചുരുക്കമായേ കാണാറുള്ളു. ഭാർഗ്ഗവിയെ അയാൾ കണ്ടതു യാദൃച്ഛികമായാണ്. പുസ്തകത്തിൽനിന്നു കണ്ണെടുത്തു വെളിക്കോട്ടൊന്നു നോക്കിയപ്പോൾ—കയ്യിൽ സോപ്പുപെട്ടിയുമായി ഒരു യുവതി—അയാൾക്കു പേടി

യായി. നാലുവശവും ഭീതിയോടെ നോക്കി; ആരുമില്ല. ഒന്നുകൂടെ നോക്കി. അവൾ തന്നെ കണ്ടേക്കുമെന്നൊരമ്പരപ്പ്. അവിടെനിന്നു പോയി ലോകദൃഷ്ടിക്ക് അപ്രാപ്യമായ ഒരു ഗുഹാന്തർഭാഗത്ത് ഒളിക്കണമെന്നൊരു ചിന്ത. ഹൃദയത്തിൽ അടക്കാൻവയ്യാത്ത ഒരു പിടപ്പ്. കാലുകൾ നീങ്ങുകയില്ല; കണ്ണുകൾ പിന്തിരിയുകയില്ല. അയാൾ വിഷമിക്കുകതന്നെ ചെയ്തു.....

ആരായിരിക്കാം അവൾ? ......

പിറ്റേദിവസം പതിവുപോലെ മതിലിന്നരികെ പോയിരിക്കാൻ അയാൾ ധൈര്യപ്പെട്ടില്ല. അകാരണമായ ഒരു ഭീതി. എന്നാൽ ഏതോ ഒരു കാന്തശക്തി വഴിയിലേക്കയാളെ ആകർഷിച്ചു. തിണ്ണയിൽ ഒരു സൗകര്യമായ സ്ഥാനം നോക്കി 'മാമ്പള്ളിയിലെ സന്ന്യാസി' സ്ഥലംപിടിച്ചു. അന്നും ഭാർഗ്ഗവി കുളിക്കാൻപോയി. മതിലിന്നരികിലേക്ക് അവളുടെ കണ്ണുകൾ ഉയന്നു. മാധവൻനായർ അവളെ കാണുന്നതിനു വളരെ ദിവസങ്ങൾ മുമ്പുതന്നെ അവൾ അയാളെ കണ്ടിരുന്നു. അയാളുടെ ആ ഇരുപ്പ് മനഃപൂർവ്വമാണെന്ന് അന്നവൾ വിചാരിച്ചു. ഒരീർഷ്യ അവൾക്കു തോന്നി. എന്നാൽ, അയാൾ ചിലരെപ്പോലെ മുഖത്തു തുറിച്ചുനോക്കുന്നില്ല; അംഗവിക്ഷേപങ്ങളൊന്നും കാണിക്കുന്നില്ല. പിന്നെ—ആ മുഖം! അയാൾക്കു് മാപ്പരുളാൻ അവൾക്കു വലിയ വൈമനസ്യം ഉണ്ടായില്ല. ദിവസങ്ങൾ കഴിഞ്ഞു. എന്നും പുസ്തകവായനയിൽ ലീനമാനസനായ ആ യുവാവിനെ അവൾ കാണും. ക്രമേണ, അയാൾ നിവൎന്നുനോക്കാത്തതിൽ അവൾക്ക് ഏതോ അവ്യക്തമായ ഒരു ഇച്ഛാഭംഗം തോന്നിത്തുടങ്ങി. താൻ കടന്നുപോകുമ്പോൾ നോക്കുന്നുണ്ടായിരിക്കും എന്നവൾ വിശ്വസിച്ചു. (പാവം മാധവൻനായർ അന്നൊന്നും അവളെ കണ്ടിരുന്നതേയില്ല.) പക്ഷേ, അതു പോരാ. അവളുടെ ഹൃദയം നിരങ്കുശമായി, അവ്യക്തമായി ഏതോ രഹസ്യാഭിലാഷങ്ങളുടെ പരിപൂർത്തിക്കുവേണ്ടി വെമ്പി. വാക്കു

കൾക്കു് അറിയിക്കാൻവയ്യാത്ത എതിനെല്ലാമോ അതാശിച്ചു. അവൾക്കുതന്നെ മനസ്സിലായില്ല. ഭീമമായ ഒരു അക്ഷമ; അവ്യക്തമായ ഒരു ഭയം; രഹസ്യമായ ഒരാനന്ദം.

അങ്ങനെ അന്നും അവൾ നോക്കി. ആ മതിലിനരികെ, ആ ശിലാസനത്തിൽ—അന്നവിടെ ആരുമില്ലായിരുന്നു. എന്തൊരു ധൈര്യമാണവൾക്കുണ്ടായതു്! അവളവിടെ അല്പം ഒന്നുനിന്നു്, ഒരു ചെറുപരിശോധനതന്നെ നടത്തി; ആരുമില്ല. ഉടനൊരു ഭീതി: വല്ലവരും തന്റെ കൃത്യം കണ്ടോ എന്നു്. ഇല്ല, ആരും കണ്ടില്ല. അവൾ ആശ സിച്ചുനടന്നു. എന്നാൽ ഒരാൾ ഇതെല്ലാം കണ്ടു, മാധവൻനായർ! അയാളുടെ ഹൃദയം നിറഞ്ഞു. ഏതോ അലോകസഹജമായ ഒരാനന്ദാനുഭൂതിയിൽ മയങ്ങി അയാളവിടെ നിന്നു.

പറ്റേദിവസം അയാൾക്കെന്തു ധൈര്യമാണു് തോന്നിയതു്. മതിലിനരികിൽ അയാൾ നിന്നു. അവൾ വന്നു. അവരുടെ കണ്ണുകൾ ഇടഞ്ഞു. ഒരു പരിഭ്രമം, സങ്കോചം; രണ്ടുപേൎക്കും അനുഭവം ഒരുപോലെയായിരുന്നു. പൊടുന്നനവെ അവളുടെ ഗതി നിലച്ചുപോയി. ഏതോ, മാന്ത്രികശക്തിയാൽ ഒന്നുകൂടി അവൾ നോക്കി. പിന്നെയും അവരുടെ കണ്ണുകൾ ഇടഞ്ഞു. അവയിൽനിന്നു് ഒരായിരം മിന്നൽപ്പിണരുകൾ ഉണൎന്നുപൊലിഞ്ഞു. അവയിൽ പ്രതിബിംബിച്ച ഏതോ ഒരു വികാരം അവരുടെ ഹൃദയങ്ങളിൽ തരംഗമാലകൾ നിൎമ്മിച്ചു.

## II

മാമ്പള്ളിയിലെ സന്യാസി അങ്ങനെ ചെയ്തു എന്നുപറഞ്ഞാൽ ആരും വിശ്വസിക്കയില്ല. കമലാക്ഷിയാണു് അയാൾക്കു പ്രോത്സാഹനം നൽകിയതെന്നു് ആരും അറിഞ്ഞിട്ടുമില്ല. വെളുത്തവാവിന്റെ തലേദിവസമായിരുന്നു. 'ഇളയമ്മരൻ' സായാഹ്നസവാരി കഴിഞ്ഞു വരാൻ സമയമായില്ല. ഇളയമ്മ സിനിമയ്ക്കു് പോയ്ക്കഴി

ഞ്ഞു. അപ്പൻ കുട്ടികളെയുംകൊണ്ട് വെളിക്കെവിടെയോ പോയി. സന്ധ്യാസമയത്ത് വീട്ടിൽ ഒററയ്ക്കിരിക്കാൻ അവൾക്ക് അസുഖം തോന്നി. മുൻവശത്തെ തോട്ടത്തിൽ ഒരു ശിലാസനത്തിൽ അവൾ ഇരുന്നു. ചിന്തയ്ക്ക് എത്ര മധുരമായ കാര്യങ്ങളാണ് അവൾക്കുള്ളത്! പരിസരങ്ങളും പരമാർത്ഥങ്ങളും മറന്ന് ആ സ്നേഹമസൃണമായ ഹൃദയം നിശ്ശബ്ദമായി ചിറകടിച്ചു ചിന്താവ്യോമത്തിൽ ഉയൎന്നു. അവൾ സമാധിയിലായിരുന്നു. അവളുടെ ചിത്തം ഏകാഗ്രമായിത്തീൎന്നു. അവൾ ധ്യാനിക്കയായിരുന്നു. ഒരു രൂപം—ലോകത്തിൽ ഏററവും മനോജ്ഞമായ ഒരു വിഗ്രഹം—അവൾക്കു കാണാമായിരുന്നു. പെട്ടെന്ന് അവൾ കണ്ണുതുറന്നു—അതാ ആ വിഗ്രഹം അവളുടെ മുമ്പിൽ! ഭ്രാന്തിയാണ്! അവൾ എഴുനേല്ക്കാൻനോക്കി. സാധിക്കയില്ല. ശബ്ദിക്കാൻനോക്കി. സാധിക്കയില്ല. ഒരു വൈവശ്യം! അതാ മധുരവും അവ്യക്തമാകത്തക്കവിധത്തിൽ മന്ദവും ആയ ഒരു വീണാസ്വനം! "എൻെറ ഭാർഗ്ഗവീ!........ഞാൻ.... വിടനല്ല........തെററിദ്ധരിക്കരുത്. എനിക്ക് പറയാതിരിക്കുവാൻ വയ്യാ. ഞാൻ നിന്നെ സ്നേഹിക്കുന്നു." ആ ഒടുവിലത്തെ വാചകം, മന്ദമായ വായുവിൽ അല്പമായി ചലിച്ച പച്ചിലകളുടെ അവ്യക്തമർമ്മരംപോലെ മാത്രമേ അവൾ കേട്ടുള്ളു; ഒരു ദുർബലമായ നിശ്വാസംപോലെ. എന്നാൽ അവളുടെ ബോധം അതു് അപഹരിച്ചു.

കണ്ണുതുറന്നപ്പോൾ അവൾ ആ മാൎത്തട്ടിലേക്ക് ചാഞ്ഞു്, മുഖം ആ തോളിൽ അൎപ്പിച്ച്, അങ്ങനെ നിൽക്കയായിരുന്നു. അവൾ സ്വപ്നത്തിൽനിന്നുണൎന്നു അത്ഭുതത്തോടെ അവൾ ആ മുഖത്തേക്ക് നോക്കി. അദ്ദേഹം അപ്പോഴും ഉണൎന്നിട്ടില്ല. പൈമ്പാലുപോലുള്ള നിലാവു്. എന്തൊരു ധവളിമ! പച്ചിലകളുടെ മിനുക്കം. പുത്തനായി വിരിഞ്ഞ പിച്ചിപ്പൂക്കളുടെ ഉന്മാദകമായ പരിമളം! സാത്വികമായ നിശ്ശബ്ദത! ആ നില! ആ അവസ്ഥ! അവൾ എങ്ങനെ ശബ്ദിക്കും? പെട്ടെന്ന്, അതാ, അല്പം ദൂരെയുള്ള ആ ഇലഞ്ഞിവൃക്ഷത്തിൻെറ മുകളിൽനിന്ന് ഒരു വിളി—ദീർഘവും

ദയനീയവുമായ ഒരു ക്രന്ദനം—അവൾ ഉണർന്നു. ഒരു പച്ചിലപ്പാമ്പു് ആ സാധുപക്ഷിയുടെ മുട്ട അപഹരിച്ചുകളഞ്ഞു. അതിന്റെ വിളി—അയ്യോ! ആ പ്രദേശം മുഴുവൻ അതു മാറെറാലിക്കൊണ്ടു.

ഒരു നിമിഷത്തിൽ പരമാത്ഥസ്ഥിതി അവൾക്കു ബോദ്ധ്യമായി. ഒരു ഭീതി അവൾക്കുണ്ടായി; അപരാധിനിയുടെ ഭീതി. അവൾ പെട്ടെന്നു തിരിഞ്ഞുനടന്നു. "ഭാർഗ്ഗവി" അവൾ തിരിഞ്ഞുനോക്കിയപ്പോൾ ആ പ്രേമസ്വരൂപന്റെ ആഴമേറിയ കണ്ണുകളിൽ അതിയായ വ്യസനം നിഴലിച്ചിരുന്നു. ആ വിളി; ആ കിളിയുടെ ക്രന്ദനംപോലെ അവളുടെ ഉള്ളിൽ പതിഞ്ഞു.

ആ രംഗം ഒരാൾ കണ്ടു—പപ്പു. എന്തെല്ലാം വികാരങ്ങളാണു് അവന്റെ മനസ്സിൽ തള്ളിപ്പൊങ്ങിയതു്!

പിറേറദിവസം മുതൽ ഭാർഗ്ഗവിയിൽ ഒരു വ്യത്യാസം അവൻ കണ്ടു—ഒരു സ്വപ്നത്തിൽ നടക്കുന്നവളുടെ രീതി. ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ കപ്പു് അവളുടെ കയ്യിൽനിന്നും താഴെ വീണുപോയി. ഒരിക്കൽ നടന്നപ്പോൾ താഴെയിരുന്ന ഒരു വലിയ പാത്രത്തിൽ തട്ടി അവൾ കമഴ്ന്നുവീണു. കാരണം പപ്പുവിനുമാത്രമറിയാം. എന്നാൽ പപ്പുവിൽനിന്നു് അതു് ഒരുവരുമറികയില്ല. ആ അപരിഷ്കൃതഹൃദയം ബലമുള്ളതാണു്. അതിനകത്തു് അലയടിക്കുന്ന ചിന്തകൾ മറെറാരുവൻ ഊഹിക്കുകയില്ല. പക്ഷേ അടുക്കളക്കാരൻപപ്പുവിനും ആമാതിരി വികാരങ്ങളുണ്ടാകുമെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?

* * * * *

"മാമ്പള്ളിലെ മുനിസ്വാമി സംബന്ധംചെയ്യാൻ പോകുന്നു" എന്നുള്ളതായിരുന്നു ആറുകടവിൽ അന്നു ഭാർഗ്ഗവിയെ വിഷമിപ്പിച്ച സംഭാഷണം. ഒട്ടകലെയായിനിന്നു് കുളിച്ച ആ അപരിചിത ആരാണെന്നുപോലും അന്വേഷിക്കുവാൻ എന്നും വൈകിട്ടു് ആറുകടവിൽ കൂടുന്ന സ്ഥലത്തെ സ്ത്രീകൾ ഒരുമ്പെട്ടിരുന്നില്ല.

അവരുടെ സംഭാഷണവിഷയം അവരുടെ ശ്രദ്ധ മുഴുവൻ ആകർഷി ച്ചിരുന്നു. വിരണ്ട ഒരു പേടമാൻപോലെ, നിരപരാധിത്വം നിറഞ്ഞ ആ നീലനയനങ്ങൾ അവരുടെനേക്കു തിരിച്ചു് ഹൃദയം പൊള്ളിക്കുന്ന ആ വാർത്ത കേട്ടു് ഭാർഗ്ഗവി അത്രയും സമയം അവി ടെ നിന്നു. "അച്ഛനും അമ്മയ്ക്കും കൊണ്ടുപിടിച്ച നിർബ്ബന്ധം. ഡാക്ടരുടെ വീട്ടിൽ അദ്ദേഹത്തിൻെറ ചേട്ടൻെറ മകളോ മററോ ഒരു പെണ്ണുണ്ടു്—അതിനെ മതിയെന്നു മകൻ. അയലത്തു കാരല്ലേ? വല്ലപ്പോഴുമൊക്കെ കണ്ടുകാണും. പിന്നെ, ദോഷം പറ ഞ്ഞുകൂട ല്ലോ, പെണ്ണും ഒട്ടൊക്കെ ഭേദമാണു് കാണാൻ, എന്നാണു് എല്ലാ വരും പറയുന്നതു്. പെരെന്തോന്നോ എന്തോ! മകൻെറ ആശ യായതുകൊണ്ടു് അച്ഛൻചെന്നാലോചിച്ചുപോലും. ഡാക്ടർക്കൊരു ഭാര്യയുണ്ടു്. അന്നു് സക്സസിനു് ഒരു 'മരോട്ടിച്ചോമല'സാരിയും ചുററി ആണുങ്ങളക്കൊപ്പം മുമ്പിൽ ചാരുകസേരയിൽവന്നു മറി ഞ്ഞില്ലേ? അവർക്കു് കുട്ടികളെ നോക്കാൻ ആരെങ്കിലും വേണ്ടേ? അതിനു്, മാധവൻനായർ മണ്ടനാണു്, കൊള്ളരുതാത്തവനാണു് എന്നൊക്കെ ഡാക്ടരെ പറഞ്ഞുധരിപ്പിച്ചു. ഡാക്ടർ പൊട്ടപ്പടി യാണു്. ഏതായാലും ആലശ്ശേരിക്കുറുപ്പു് വഷളനായി തിരിയേ പോന്നെന്നോ, ഇപ്പോഴിപ്പിന്നെ ജഡ്ജിയദ്ദേഹത്തിൻെറ മോളേ വന്നാലോചിച്ചെന്നോ ഒക്കെയാണു് എല്ലാവരും പറയുന്നതു്— ഈയിടെ നടക്കുമെന്നാ ശ്രുതി—"

ഭാർഗ്ഗവി വീട്ടിൽവന്നു കിടക്കറയിലേക്കാണു് പോയതു്. തലവേദനയാണെന്നു പപ്പു കൊച്ചമ്മയോടു് പറഞ്ഞു. ഡാക്ടർ മരുന്നുകൊടുത്തു. രാത്രിയിൽ ബോധമില്ലാതെ അവൾ പുലമ്പിയ വാക്കുകൾ—കഷ്ടം! പക്ഷേ അതു കേൾക്കുവാൻ പപ്പുവല്ലാതെ മററാരുമില്ലായിരുന്നു. അവൻ ആ മുറിക്കു വെളിയിൽ ഭിത്തിയും ചാരിയിരിക്കയായിരുന്നു. ആ ഭവനത്തിൽ എന്തെങ്കിലും വസ്തു അവളുമായി സഹതപിച്ചിരുന്നെങ്കിൽ അതു് പപ്പുവിൻെറ അസംസ്കൃതചിത്തമായിരുന്നു. അവളെന്തെല്ലാമാണു് പുലമ്പി

GOVT. H. S.

യതു്. എല്ലാം മാധവൻനായരെപ്പററി. പപ്പുവിനു് എന്തെങ്കിലും അത്ഭുതശക്തിയുണ്ടായിരുന്നുവെങ്കിൽ പണ്ടു ചിത്രലേഖ ചെയ്തതുപോലെ ഈ മാമ്പള്ളിൽ അനിരുദ്ധനെ മയക്കിയെടുത്തു് ഇവിടെക്കൊണ്ടു കൊടുക്കുമായിരുന്നു.

"പപ്പു!"

അവൻ വിളികേട്ടു. പക്ഷേ അവൾ ഉറക്കത്തിൽ പറയുകയായിരുന്നു. "പപ്പു, നിന്നോടു പറയണമെന്നു് എനിക്കെപ്പോഴും തോന്നും. ആരോടെങ്കിലും പറഞ്ഞുകൊണ്ടിരുന്നാൽ എന്തൊരു സുഖമാണു്! പക്ഷേ എങ്ങനെയാണു് നിന്റെയടുക്കൽ പറയുന്നതു്? പപ്പു' നീ അങ്ങോട്ടു നോക്കിക്കൊണ്ടുനില്ക്കു, ഞാൻ പറയാം. 'മാമ്പള്ളിലെ'—" പെട്ടെന്നു വാചകംനിന്നു. ഒരടക്കിയ കരച്ചിൽ. പപ്പുവിന്റെ ഉള്ളം നീറി. അവനും തേങ്ങിത്തേങ്ങിക്കരഞ്ഞു. പാവം പപ്പു! ബുദ്ധിയില്ലാത്തവനു്, സഹായിക്കാൻ കെല്പില്ലാത്തവനു് സഹതാപമുണ്ടായാൽ എന്താണു് ഫലം? അഥവാ, സഹായിക്കാൻ അർഹതയും അവകാശവും ഇല്ലാത്തവനു് അനുകമ്പ തോന്നിയാൽ എന്തു ഫലം?

*　　*　　*　　*　　*

ഡാക്ടർക്കു് അപ്രതീക്ഷിതമായാണു് സ്ഥലംമാററത്തിനു് ഉത്തരവു കിട്ടിയതു്. ആലശ്ശേരിൽ മാധവക്കുറുപ്പിനെ മുഷിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് ഇതാണു ശിക്ഷ. ഭാർഗ്ഗവിക്കു് നല്ല സുഖമായിട്ടില്ല. പക്ഷേ, പോകുന്നതു് പ്ലെഷർകാറിലായതുകൊണ്ടു് ഒന്നും വരാനില്ലെന്നു് കാമാക്ഷിയമ്മയ്ക്കു വിശ്വാസമായിരുന്നു. 35 മൈലകലെയുള്ള ജോലിസ്ഥലത്തേക്കു് അവർ പുറപ്പെടുകയും ചെയ്തു. മാമ്പള്ളിലേയ്ക്കുള്ള അവളുടെ അവസാനനോട്ടം! അതിന്റെ അർത്ഥമറിഞ്ഞതു് പാവപ്പെട്ട പപ്പുമാത്രം. കാർ അതിവേഗം നീങ്ങി. അവളുടെ ഹൃദയം ശൂന്യമായി. കണ്ണിൽ ഒരു പാട പടന്നു. ഒരു വെടികൊണ്ട പക്ഷിയുടെ കണ്ണുകൾ സാവ

ധാനം അടയുന്നതുപോലെ അവളുടെ ആ മനോഹരനയനങ്ങൾ അടഞ്ഞു. ഇളയത്തരനും ഇളയമ്മയും പ്രകൃതിവിലാസങ്ങൾ നോക്കി രസിക്കയായിരുന്നു. അവരുടെ ഉച്ചത്തിലുള്ള ചിരികേട്ട് അവൾ ഞെട്ടിയുണന്നു കാർ ഉന്നതമായ ഒരു മൊട്ടക്കുന്നിന്റെ ചരിവിലുള്ള ശൂന്യമായ ഒരു നിരത്തിൽക്കൂടെ പായുകയായിരുന്നു.

*           *           *           *           *

പിറേറദിവസത്തെ പത്രങ്ങളിൽ ഇങ്ങനെയെഴുതിയിരുന്നു:

"ജഡ്ജിയുടെ ഭാവിജാമാതാവിനെ വധിക്കാനുള്ള ശ്രമം. ഘാതകൻ പോലീസ് ബന്തവസ്സിൽ.

........ഈ വിപ്പുതൻപപ്പു എന്ന പേരുള്ള ഒരു അരിവയ്പുകാരനാണെന്നും, ഏതോ കാരണവശാൽ പെട്ടെന്ന് ഭ്രാന്തുപിടിപെട്ട് ഇവൻ മാധവൻനായരെ കൊലപ്പെടുത്താൻ ശ്രമിച്ചതാണെന്നും അറിയുന്നു.......ചോദ്യങ്ങൾക്കൊന്നും ഉത്തരം പറയാതെ ഇവൻ ഇത്രമാത്രമാണ് പുലമ്പുന്നതു്: "—നട്ടെല്ലില്ലാത്ത ഇവൻ (മാധവൻനായർ) മരിക്കണം.......എനിക്കൊന്നും പറയാനില്ല. ഉള്ളതു് ഇവിടല്ലതാനും. അതെന്റെ ദൈവത്തിന്റെ മുമ്പിലാണു്."

ഹാ! അപരിഷ്കൃതനായ യുവാവേ! നിനക്കു് എന്തു ഭ്രാന്താണു്? നിന്റെ ദൈവം ആരാണു്?

# ശിവരാത്രി

"ഒന്നു വേഗം നടക്കൂ" എന്നൊരെൻെറ സ്നേഹിതൻ നൂറാമത്തെ തവണ പറഞ്ഞു. വാസ്തവത്തിൽ ഞങ്ങൾ അമ്പലത്തിൻെറ മതിലിനു വെളിയിൽ എത്തിക്കഴിഞ്ഞിരുന്നു. ദൂരത്തു തന്നെനിന്നും കേട്ടിരുന്ന വെടിയുടെ ശബ്ദവും, വാദ്യഘോഷങ്ങളും 'ഹരി'യെ അക്ഷമനാക്കിയിരുന്നു. അടുക്കുന്തോറും അവക്കു ശക്തി വർദ്ധിച്ചതുപോലെ തോന്നി. ഞങ്ങൾ മതിൽക്കെട്ടിൽ കടന്നു. അമ്പലക്കുളത്തിൻെറ കല്പടവുകളിൽ കൈകാൽ ശുദ്ധിവരുത്താൻ കുനിഞ്ഞുനിൽക്കുന്ന അനേകസഹസ്രം ആളുകളുടെ അവ്യക്തരൂപങ്ങൾ രാത്രിയുടെ ആദ്യയാമത്തിലെ മങ്ങിയ വെളിച്ചത്തിൽ കാണാമായിരുന്നു. ഞങ്ങൾ നേരേ നടന്നു, അമ്പലത്തിൻെറ പൂർവ്വഭാഗത്തു് എത്തി. ആളുകളുടെ തിക്കുംതിരക്കും നേരത്തേ തന്നെ തുടങ്ങിയിരുന്നു. പൂപ്പന്തലും, ഗ്യാസുവിളക്കുകളും, കുലവാഴകളും; കുട്ടികളും, തരുണികളും, വൃദ്ധന്മാരും; അടർന്നുവീഴുന്ന പുഞ്ചിരിപ്പൂക്കളും, കടന്നുചെല്ലുന്ന കടാക്ഷബാണങ്ങളും; സോപ്പുചീപ്പു കണ്ണാടിക്കാരുടെ പെട്ടികൾ; മിട്ടായിക്കാരുടെ കണ്ണാരുന്നുദഗാനങ്ങൾ; മുച്ചീട്ടുകളി; മുറുക്കാൻകച്ചവടം; ഞങ്ങൾ ആൾക്കൂട്ടത്തിൽക്കൂടെ പാദസഹായംകൂടാതെ മുന്നോട്ടു നീങ്ങി. ഒരു ശക്തിമത്തായ ജനപ്രവാഹത്തിൽപെട്ടു് ഞങ്ങളും നീങ്ങി.

പെട്ടെന്ന് ഹരി എൻെറ കൈപ്പത്തി പിടിച്ചു: "നിൽക്കൂ. നമുക്കിവിടാണ നിൽക്കേണ്ടതു."

"അതെന്താ?"

"ഇവിടാണു ശിവപ്രതിഷ്ഠ. എല്ലാവരും പ്രദക്ഷിണം കഴിഞ്ഞിവിടെ വരും. പന്തൽ കണ്ടില്ലേ?"

തോരണങ്ങളും, കൊടികളും, കുലവാഴകളും, പൂമാലകളും കൊണ്ടു മോടിപിടിപ്പിച്ച ഒരു നീളൻപന്തൽ. പന്തലിൻെറ രണ്ടുവശവും കയറുകെട്ടി വഴി തിരിച്ചിരുന്നു. അററത്തു് ഓരോ ബോർഡും: 'സ്ത്രീകൾ' 'പുരുഷന്മാർ.' അങ്ങനെ സ്ത്രീപുരുഷസമത്വത്തിൻെറ ഇടയിൽ ആ കയറുവേലിയും ബോർഡുകളും, നാട്ടുപ്രമാണികളുടെ യാഥാസ്ഥിതികത്വത്തിൻെറ ലക്ഷ്യങ്ങളായിക്കയറി നിൽക്കുന്നതു കണ്ടപ്പോൾ ഹരിക്കു സഹിച്ചില്ല. മുഖംവീർപ്പിച്ചു് അയാൾ അന്തരീക്ഷത്തിനോടു ചോദിച്ചു: "ഇതെന്തോന്നു്, റെയിൽവേസ്റ്റേഷനാണോ?" അന്തരീക്ഷം വകവച്ചില്ല. സുരഭിലകുസുമങ്ങൾപോലെ കടന്നുപോകുന്ന പരസഹസ്രം സുകുമാരിമാരുടെ ആധരസമ്മർദ്ദസുഖം അനുഭവിച്ചുകൊണ്ടുനിന്ന അന്തരീക്ഷം, ഒരു അവിവാഹിതയുവാവിൻെറ നിരാശയുടെ ചീററൽ കേട്ടില്ല.

ഞങ്ങൾ അല്പം മാറിനിന്നു. മണ്ഡപത്തിൻെറ നാലുവശവും അനേകായിരം ദീപങ്ങളും, അവയെ മങ്ങിക്കുന്ന വദനങ്ങളും തിങ്ങിക്കൂടി പ്രകാശിച്ചിരുന്നു. ദീപാരാധനയ്ക്കുള്ള ഒരുക്കമാണു്. ഞാൻ പറഞ്ഞു: "ഹരീ! ഇന്നു് ഇവിടുത്തെ ശിവപ്രതിഷ്ഠ ഇളകിയതുതന്നെ."

ഹരി:—അതെന്താ?

ഞാൻ:—ചോദിക്കണോ—കാമാരിക്കു്—

ഹരി:—ഓ അതൊക്കെ ആ പർവ്വതകുമാരിയുമായുള്ള ബന്ധത്തിനു മുമ്പായിരുന്നു.

"ഇപ്പോൾ പ്രതിഷ്ഠ ഇളവുകയാണെങ്കിൽ അതു പാവപ്പെട്ട ആ ഗിരിജയ്ക്കു സപത്നീതാപം ഉണ്ടാക്കാനായിരിക്കും."

പെട്ടെന്നു് അന്തരീക്ഷം ഒന്നു ഞെട്ടി. പ്രതിഷ്ഠയുടെ മുമ്പിലുള്ള വാതിൽ തുറക്കപ്പെട്ടു. ഒരായിരം മിന്നൽപിണരുകൾ ഒന്നിച്ചു് ഒരു കനകകാന്തി; ഒരായിരം ഘണ്ടകൾ ഞെട്ടിയുണർന്നു ചലിച്ചു; ഒരായിരം മനുഷ്യജിഹ്വകൾ ഒരുമിച്ചുണർന്നു സ്തുതിച്ചു. തിങ്ങിപ്പൊങ്ങിയ ഒരു സുഗന്ധപ്രസരം; സ്തുതിപാഠകരുടെ ഗാനാലാപം; വൈദികരുടെ മന്ത്രോച്ചാരണം; വാദ്യങ്ങളുടെ കളകളം; അമാനുഷമായ ഒരു കണ്ഠത്തിൽനിന്നുയരുന്ന ഒരു പ്രണവശബ്ദംപോലെ, മന്ദ്രമായിപ്പൊങ്ങിയ ശംഖനാദം. നാലുവശവും ഭിത്തികൾ ചലിച്ചു; മുകളിൽ അന്തരീക്ഷം നടുങ്ങി; താഴെ കരിങ്കൽതളം ചൈതന്യരഹിതമായി തണുത്തു. ഏതൊരു കരിങ്കൽക്കഷണത്തിലും ദേവചൈതന്യംപകരുന്ന ആ നിമിഷത്തിൽ ഏതോ അലോകസഹജമായ ഒരു പ്രവണതയ്ക്കു് എന്റെ ഹൃദയം കേദാരമാകുന്നതായും—

"അവൾ! അതാ—"

ഞാൻ ഞെട്ടിത്തിരിഞ്ഞു. ഹരി എന്റെ കൈയ്ക്കു കടന്നുപിടിച്ചിരുന്നു. അയാളുടെ മുഖം വിളറി. കൈ വിറച്ചു. ഞാൻ പതുക്കെ വിളിച്ചു: "ഹരീ!"

ഹരി എന്റെ മുഖത്തേയ്ക്കു് കണ്ണുതിരിക്കാതെ പറഞ്ഞു: "അവൾതന്നെ, അതെ, അതെ."

ഞാൻ പിന്നെയും വിളിച്ചു: "ഹരീ!"

ഹരി കൂട്ടാക്കിയില്ല. അയാളുടെ നോട്ടമുറച്ച സ്ഥാനം അല്പനിമിഷങ്ങൾക്കുള്ളിൽ ഞാൻ മനസ്സിലാക്കി. അവൾ മിക്കവാറും അങ്ങോട്ടായി നിൽക്കയായിരുന്നു. റോസാപ്പൂവുകൾ നിറയെ തിരുകിയിരുന്ന കൂന്തൽ; കാതിൽ തൂങ്ങിമറിച്ചു്, തോളുവരെ നീണ്ടുകിടക്കുന്ന കർണ്ണാഭരണം. വലിയ വിലപിടിച്ചതായിരിക്കണം, അധികനേരം നോക്കുന്നതിനു മുമ്പുതന്നെ കണ്ണിൽ

വെള്ളം ഊറിക്കുന്നതരം വർണ്ണശോഭയുള്ള ഒരു സാരി, മാംസളമായ ആ ശരീരത്തിൽ പററിപ്പിടിച്ചു കിടന്നുറങ്ങുന്നുണ്ടായിരുന്നു. പ്രാത്ഥന നിവത്തി, തിരിഞ്ഞു്, 'വിശാലനീലനയനദ്വന്ദ്വം തുറന്നു്' അവൾ പരിസരങ്ങളെ സാകൂതം ഒന്നു് അനുഗ്രഹിച്ചപ്പോഴേയ്ക്കു്—

"ദ്രോഹി!"—ഹരി പറയുകയാണു്.

"ഹരി! ശ്ശേ—വല്ലവരും കേൾക്കും."

ഹരി:—അവൾ ദ്രോഹിയാണു്. ചേട്ടനറിഞ്ഞുകൂടേ?

ഞാൻ:—നിനക്കു തെററിപ്പോയി, ഹരി! അതു നമ്മുടെ ........അദ്ദേഹത്തിൻെറ ഭാൎയ്യയാണു്. മിണ്ടാതിരിക്കു. വല്ലവരും കേൾക്കും.

ഹരി എൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു് വേഗം നടന്നു. ഞങ്ങൾ വെളിയിലായി. അല്പം ശുദ്ധവായുവേററാൽ ഹരിയുടെ വിയപ്പടങ്ങുമെന്നു് ഞാൻ ആശിച്ചു. ഞങ്ങൾ ഓക്കാതെ "സ്ത്രീകൾ"ക്കുള്ളിലായി. ഒന്നുരണ്ടു വൃദ്ധന്മാക്കു കോപം വന്നു. ഒരാൾ കടന്നുവന്നു് കയത്തുതുടങ്ങി: "താനും സ്ത്രീയാണോടോ?"

ഞാൻ താഴ്മയായി പറഞ്ഞു: "എന്തോ എനിക്കു നല്ല നിശ്ചയമില്ല. പിന്നെ അമ്മാവൻ പറയുന്നതുതന്നെ."

ഞങ്ങൾ പലരുടേയും ശകാരം കേട്ടു, ഒരു നായർഹോട്ടലിൻെറ മുമ്പിലായി. ആ ഇളകുന്ന ബെഞ്ചിൽ ഇരുന്നു് രണ്ടു ചായയ്ക്കു് ആഡർകൊടുത്തു.

"ചേട്ടാ—ഇനി നിങ്ങൾ അവളുടെ വീട്ടിൽ പോകരുതു്." ഹരി കട്ടപ്പിച്ചു പറഞ്ഞു.

"ഞാൻ അവളെ കാണാൻപോകുന്നില്ലല്ലോ. വാസ്തവത്തിൽ അവളെ വളരെ ചുരുക്കത്തിലേ കണ്ടിട്ടുമുള്ളു. ഞാൻ അദ്ദേഹത്തിനെ കാണാനാണു വല്ലപ്പോഴും പോകുന്നതു്."

ഹരി:—"പോകരുതു്. ആ വീട്ടിൽ കാലെടുത്തുകുത്തരുതു്. പാപമാണു്:"

"അതെന്താ?"

"അവളുടെ വീടായതുകൊണ്ടു്. അവൾ കൊലപാതകിയാണു്." കോപംകൊണ്ടു ചുവന്ന ഹരിയുടെ മുഖത്തേക്കു് ഞാൻ സൂക്ഷിച്ചുനോക്കി. അയാളുടെ കണ്ണിൽ കണ്ണുനീരിൻെറ നനവുണ്ടെന്നു് എനിക്കു തോന്നി. ഞാൻ ചോദിച്ചു. "ഹരി! അവൾ കൊലപാതകിയല്ല. ആണെങ്കിൽ അവൾ എന്തുകൊണ്ടു് ജയിലിൽ പോയില്ല?"

ഹരി:—"ജയിൽ! ചുമ്മാതിരിക്കു ചേട്ടാ. കാര്യമറിയാതെ തക്കിക്കാതിരിക്കു. അവൾ കൊന്നു. കഷ്ടം!"

ഞാൻ:—"ഹരി! പതുക്കെ പറയൂ. സി. ഐ. ഡി-കൾ സംശയിക്കും."

ഹരി:—"ഇല്ല. അവൾ ഈ ലോകത്തിൽ പ്രതിയാകയില്ല. പക്ഷെ—"

എനിക്കു ചില സംശയങ്ങൾ തോന്നി. ഞാൻ രഹസ്യമായി ചോദിച്ചു:

"ഹരി! നിങ്ങൾതമ്മിൽ പരിചയമുണ്ടായിരുന്നോ?"

ഹരി എൻെറ മുഖത്തേയ്ക്കു തുറിച്ചുനോക്കി.

"അവളും ഞാനും ഒരു ക്ലാസ്സിൽ പഠിച്ചിരുന്നു."

ഞാൻ:—"ഇപ്പോൾ എനിക്കു മനസ്സിലായി. നിങ്ങൾ ആദ്യം വലിയ ഇഷ്ടമായിരുന്നു. പിന്നവൾ—"

"ചേട്ടൻ തെററിദ്ധരിക്കയാണു്. അന്നുതന്നെ എനിക്കു് അവളെ വിരോധമാണു്. അവൾ ഞങ്ങളുടെ കാളേജിലെ 'ക്വീൻ ആഫ് ബ്യൂട്ടി' ആയിരുന്നു.

അന്നു്, ചന്ദ്രശേഖരൻ ജൂനിയർ ബി. ഏ—ക്കായിരുന്നു. ഇവൾ കാളേജിൽ ചെന്ന ദിവസം ചന്ദ്രനു് എന്തോരുത്സവ ദിവസമായിരുന്നെന്നോ! ചന്ദ്രനും ഇവളും ഒരു സ്കൂളിൽ പഠിച്ചിട്ടുണ്ടായിരുന്നു. അന്നേ പരിചയവുമാണു്. അദ്ദേഹം എല്ലാം എന്നോടു പറയും. ഞങ്ങൾ കളിയാക്കി—'മധു'വെന്നാണു് വിളിച്ചിരുന്നതു്."

"അതു കളിയായിട്ടാണോ? ചന്ദ്രശേഖരന്റെ (Pen name) കള്ളപ്പേരല്ലേ അതു്."

"അതേ; ആയിരുന്നു. ആ പേരിലാണു് അദ്ദേഹത്തിന്റെ കവിതകൾ മുഴുവനും പ്രസിദ്ധപ്പെടുത്തിയിരുന്നതു്. പക്ഷേ, അതിനൊരു കാരണമുണ്ടു്. അതു ഞങ്ങളിൽ ചിലർക്കേ അറിയാവൂ." ഒരു നിമിഷനേരത്തേക്കു് ഹരി മിണ്ടിയില്ല. ചായഗ്ലാസിൽ തലോടിക്കൊണ്ടു് അയാൾ പറഞ്ഞു: "ചന്ദ്രൻ ഇവൾക്കു് സ്കൂളിൽ പഠിക്കുമ്പോഴേ കൊടുത്തിരുന്ന പേരാണിതു്—മധുവെന്നു്. "അവളെന്റെ മധുവാണു്. എന്റെ ജീവിതത്തിൽ മാധുര്യം പുരട്ടിയവൾ" എന്നാദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടു്. (അന്നവൾക്കു് എന്തൊരഴകായിരുന്നെന്നോ! ഇപ്പോഴത്തെപ്പോലെ തടിച്ചു്, ഓലക്കെട്ടുപോലെ ഇരിക്കയല്ലായിരുന്നു.) അദ്ദേഹത്തിന്റെ ആദ്യത്തെക്കവിതയുടെ പേരും 'മധു' എന്നാണു്. ചേട്ടൻ വായിച്ചിട്ടില്ലേ?"

ഞാൻ ചായക്കപ്പുയർത്തി. അതു മരവിച്ചിരുന്നു. ഒരു കവിൾ ഇറക്കിയപ്പോൾ—റോഡിലെ വെള്ളത്തിൽ വീണുകിടക്കുന്ന മോട്ടോറെണ്ണയിലെ വർണ്ണങ്ങൾപോലെ വേർതിരിക്കാൻ വയ്യാത്ത ഒരായിരം രുചിവ്യത്യാസങ്ങൾ വായിൽ തോന്നി. ഞാൻ അതു താഴത്തുവച്ചു. ഹരി ചിന്തയിൽ ലയിച്ചതുപോലെ തോന്നി. ഞാൻ ഒന്നു വിളിച്ചു: "ഹരീ!" അയാൾ ഉണർന്നു. "ഞാൻ ഏതോ ഒക്കെ ആലോചിച്ചുപോയി. അന്നൊരിക്കൽ കാളേജിലൊക്കെ ഒരു ശ്രുതി പരന്നു. ഇവളെ ഒരു 'ട്യൂട്ടർ' വിവാഹംചെയ്യാൻ പോകു

ന്നുവെന്നു്. അന്നു് പാവം ചന്ദ്രൻ ഭ്രാന്തനായിപ്പോയി. അന്നു രാത്രി—രണ്ടുമണിയാകും. ഞാൻ ഉറങ്ങിയിട്ടില്ലായിരുന്നു. വിയർത്തൊലിച്ചു ചന്ദ്രൻ എന്റെ മുറിയിൽ വന്നുകയറി. തലമുടി ഉലഞ്ഞുകിടന്നിരുന്നു. അടക്കാൻവയ്യാത്ത സന്തോഷത്തോടെ എന്റെ മുതുകിൽ ഒരടി. എനിക്കല്പം ദേഷ്യംതോന്നി. പിന്നാണു പറയുക: "ഹരി! ഞാൻ അവളെ കണ്ടു."

"ആരെ?"

"എന്റെ മധുവിനെ."

ഞാൻ പറഞ്ഞു: "നിങ്ങടെ മധു ആണുങ്ങൾ കുടിക്കും." ചന്ദ്രനു് അതൊന്നും കേൾക്കാൻ സമയമില്ലായിരുന്നു. അദ്ദേഹം പതിവുപോലെ വർണ്ണിച്ചുതുടങ്ങി. ആദ്യം സങ്കേതം; പിന്നീടു് പരിസരം; അവളുടെ വരവു്; പിന്നീടുള്ളതു്. ഒടുവിൽ വിപ്രലംഭത്തിൽ നിവൃത്തും—ഇതാണു് പതിവു്. ഭ്രാന്തുപിടിച്ചു് അദ്ദേഹം അവളുടെ താമസസ്ഥലത്തിന്റെ പിൻഭാഗത്തെത്തി. അഞ്ചു നാഴിക, ഇരുട്ടിൽ, തണുപ്പിൽ, കുററിക്കാട്ടിന്റെ ഒളിവിൽ അദ്ദേഹം കാത്തിരുന്നു. അവൾ വന്നു. അദ്ദേഹം അവളോടു ചോദിച്ചു: "എന്റെ മധു! നിനക്കെന്നെ ഇത്രവേഗം വേണ്ടാതായോ?" അവൾ കരഞ്ഞുകളഞ്ഞുപോലും. അദ്ദേഹവും കരഞ്ഞുപോയി. അന്നു രാത്രി ചന്ദ്രൻ എന്നെ ഉറക്കിയില്ല.

"കടയിൽ മററാളുകൾക്കും വരണം" എന്നു് ശാസനാരൂപത്തിൽ ഹോട്ടൽമാനേജർ ഞങ്ങൾക്കു സ്ഥലംവിടാൻ നോട്ടീസു തന്നു. ഞങ്ങൾ എണീററു നടന്നു. പന്തലിലേക്കു ഞങ്ങൾ നോക്കി. ഒരു കരിംകുററൻ, പുറമ്പോക്കിൽ നില്ക്കുന്ന മീശയും, വട്ടക്കണ്ണും, വൈരക്കമ്മലും, ചുവന്ന പട്ടിൽ പൊതിഞ്ഞ ഒരു വലിയ കുടവയറും, കയ്യിൽ ഒരു നാഗസ്വരവുമായി നിൽക്കുന്നുണ്ടായിരുന്നു. കുലുങ്ങുന്ന ശിരസ്സുകളും, ആടുന്ന ശിരസ്സുകളും ഞങ്ങൾക്കു കാണാമായിരുന്നു. അതാ അവിടെ പ്രത്യേകമായി സജ്ജീകരിക്കപ്പെട്ട ആ സ്ഥലത്തു്, അവൾ! അവളുടെ സാന്നിദ്ധ്യത്തിന്റെ

പ്രാധാന്യം പരിസരങ്ങൾപോലും അറിയുന്നുണ്ട്. കുട്ടികൾ ആത്യ ശയിച്ചും, വൃദ്ധന്മാർ അമ്പരന്നും അവളെ നോക്കുന്നുണ്ട്. അവൾ—സൗന്ദര്യം, സമ്പത്ത്, കുലീനത, ഔന്നത്യം പ്രഭുത്വം, ഇതിന്റെയെല്ലാം സമഞ്ജസസമ്മേളനം! അവൾക്കെന്താണൊരു കുറവ്? നാലുപുറവും മരങ്ങൾകൂടി കൊമ്പുതാഴ്ത്തി അവളുടെ നോട്ടത്തെ ആദരിക്കുന്നു. അവൾക്കല്പം അഹങ്കാരം തോന്നിയാൽതന്നെ എന്ത്?

ഹരി പറഞ്ഞു:—"പ്രഭ്വി!"

അയാളുടെ സ്വരത്തിൽ അടക്കാൻവയ്യാത്ത വെറുപ്പും കോപവുമുണ്ടായിരുന്നു. എനിക്കു തോന്നി, ആനന്ദം പൂത്തുനില്ക്കുന്നതു് അവളുടെ മുഖത്താണെന്നു്. ദൈവം അവളെ സൃഷ്ടിച്ചതു് ഭരിക്കാനാണെന്നു തോന്നും; അടിമകളെ ഭരിക്കാൻ. അഥവാ മനുഷ്യരെ അടിമകളാക്കാൻ. സൗന്ദര്യവും, സമ്പത്തും, പ്രതാപവും അവൾക്കുണ്ടു്. എങ്കിലും അവളുടെ കണ്ണുകൾ അടങ്ങിയിരിക്കുകയില്ല. ഞാൻ പറഞ്ഞുപോയി: "ഹരി! അവൾ ഒരു തീക്കട്ടയാണു്." ഹരി പറഞ്ഞു: "അവൾ അദ്ദേഹത്തെ ആലിംഗനങ്ങൾകൊണ്ടു വശീകരിച്ചു. മധുരചുംബനങ്ങൾകൊണ്ടു മയക്കി! പ്രേമസൂക്തികൾകൊണ്ടു് ഭ്രാന്തുപിടിപ്പിച്ചു. എന്നിട്ടു്—"

ഹരി തുടർന്നു: "അങ്ങനെ വിശ്വസിപ്പിച്ചു വിശ്വസിപ്പിച്ചു് അദ്ദേഹത്തെ അവൾ നശിപ്പിച്ചു. രാവിലെ എണ്ണീററവൾ മുടിയിൽ ഇരുന്ന വാടിയ പൂമാല താഴെയുള്ള തോപ്പിലെ കാഞ്ഞിരക്കുററിക്കളിലേക്കു് അലസമായി എടുത്തെറിയാറുണ്ടായിരുന്നു. (ആ കുററിക്കാടാണവരുടെ സങ്കേതം.) അതുപോലെ, അദ്ദേഹത്തെയും ഒരു പ്രഭാതത്തിൽ അവൾ വലിച്ചെറിഞ്ഞു. ആ പ്രഭാതത്തിൽ ഒരു നിർമ്മലഹൃദയം വെന്തുവെണ്ണീറായ ആ ശുഭമുഹൂർത്തത്തിൽ, കുലീനയായ ആ കന്യകയുടെ വിവാഹംനടന്നു. ചന്ദ്രന്റെ ഹൃദയം! കഷ്ടം! ആ നിർമ്മലഹൃദയം! അതു് വിശ്വാസത്തിന്റെ രക്തം പുരണ്ട ഒരു കുരുതിക്കളമായി. അവളുടെ മധുരപ്രതിജ്ഞകളും,

സത്യവാചകങ്ങളും, അണഞ്ഞ പന്തങ്ങൾപോലെ ആ ഹൃദയത്തിൽ തറച്ചുനിന്നു പുകയുന്നുണ്ടായിരുന്നു.

അന്നു ഞാൻ അദ്ദേഹത്തെക്കണ്ടു—ആ കോമളമുഖത്തിൽ ജര ബാധിച്ചിരുന്നു. ഞാൻ ഓക്കാതെ വിളിച്ചുപോയി: "മധു!" പാമ്പു കൊത്തിയെന്നപോലെ അദ്ദേഹം ഞെട്ടി. "ചന്ദ്രാ! ഇതൊന്നും അത്ര കൂട്ടാക്കരുതു്. നിങ്ങൾക്കു് കിട്ടുന്നതു് ഒരു രാജ്ഞിയെ ആയിരിക്കും, നോക്കിക്കൊള്ളൂ"

അദ്ദേഹം വാടിയ ഒരു ചിരിയോടുകൂടെ സാവധാനംപറഞ്ഞു: "എന്തോ,ഏതായാലും ഒന്നു പരീക്ഷിക്കാൻ നിശ്ചയിച്ചുകഴിഞ്ഞു."

"എനിക്കു മനസ്സിലായില്ല. എങ്കിലും, ആ പരീക്ഷ, കാലന്റെ രാജ്യത്തായിരിക്കുമെന്നു ഞാൻ സംശയിച്ചില്ല..." ഹരി നിറുത്തി. അയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു.

* * * * *

ചന്ദ്രശേഖരൻ! പറന്നുകളിക്കുന്ന ചുരുളൻമുടിയും, വീതികൂടിയ വെളുത്ത നെററിയും, വിടൎന്ന നയനങ്ങളും, ഉയൎന്ന മൂക്കും—എന്തൊരു സൗമുഖ്യമായിരുന്നു അതു്! ആരു കണ്ടാലും, ഒരു കൊച്ചുകുട്ടിയെപ്പോലെ അയാളെ സ്നേഹിച്ചുപോകും. ഒരു നിരപരാധിതപം, സ്നേഹിക്കാനുള്ള ഒരു ശക്തി, ആ മുഖത്തു തുളുമ്പുന്നുണ്ടായിരുന്നു ഒരു കോമളബാലിക—വസന്തപ്രഭാതത്തിലെ ഒരു സുന്ദരകുസുമംപോലെ—അന്നയാളുടെ ദൃഷ്ടികളിൽപെട്ടു. അയാളുടെ കലാചൈതന്യത്തെ തട്ടിയുണൎത്തി. അയാളുടെ കണ്ണുകളിൽ പിന്നൊന്നും പ്രതിഫലിച്ചില്ല; ആ ഒരു ചേതോഹരത മാത്രം. ഹൃദയം, പ്രഭാതകാലത്തെ പൈങ്കിളിക്കൂടുപോലെ ഗാനസമ്പൂൎണ്ണമായി. പ്രേമഗാനങ്ങൾ ഉയൎന്നു. അന്തരീക്ഷം ആനന്ദസ്തബ്ധമായി. പിന്നീടു് എങ്ങെല്ലാമോ അതിന്റെ മാറെറാലികൾ ഉയൎന്നു. ആ യുവകലാകാരന്റെ ആനന്ദസാക്ഷാത്ക്കാരം, അയാളുടെ കാവ്യ

കുസുമങ്ങളുടെ അർച്ചനയാൽ പുകഴ്ത്തപ്പെട്ടു. അവളുടെ സൗന്ദര്യം കൊണ്ടു് അതിൻെറ വിലകൊടുക്കാൻ അവൾ നിശ്ചയിച്ചു. വില എപ്പോനാണെന്നറിയാതെ അയാൾ അതേററുവാങ്ങി. സംശയിച്ചില്ല; ഒന്നിനും മുൻകൂട്ടി കരുതിയില്ല. മുഴുവൻ വിശ്വാസം. ഹൃദയം കുളുത്തു ഗാനങ്ങൾ ഉതിർന്നു. അവൾ കൂട്ടുകാരികളോടു പറഞ്ഞിരിക്കും: "അതെല്ലാം എന്നെപ്പററിയുള്ള ഗാനങ്ങളാണു്, അറിയാമോ?" അവരുടെ ഇടയിൽ അവൾ അഹങ്കരിച്ചിരിക്കും. ആ് മാദകാനുഭൂതിക്കു് അവൾ ശരീരം അയാളുടെ നീട്ടിയകരങ്ങളിൽ ഒരു പണയവസ്തുവായി കൊടുത്തു. എനിക്കു മനസ്സിലായി. ആ ഒരു തൃഷ്ണ, ചലിക്കുന്ന ആ നയനങ്ങളിലും, കടിച്ചമർത്തപ്പെടുന്ന ആ ചുണ്ടുകളിലും ഇപ്പോഴും കാണാനുണ്ടു്.

പെട്ടെന്നു് ഹരി എൻെറ കൈയ്ക്കു പിടിച്ചു. ബലമായ ഒരു പിടി, അയാളുടെ നെഞ്ഞിടി എനിക്കുപോലും കേൾക്കാമായിരുന്നു. ഒരു കൈ ദൂരെ, അന്ധകാരത്തിലേയ്ക്കു ചൂണ്ടിക്കൊണ്ടു് അയാൾ ഭ്രാന്തനെപ്പോലെ പറഞ്ഞു: "ചന്ദ്രൻ!" ഞാൻ നോക്കി. അതാ, ചന്ദ്രശേഖരൻ. കലാലോകത്തിലെ മധു! മരിച്ചിട്ടില്ല. അതേ യുവാവു് തൂങ്ങിമരിച്ചെന്നു പരത്തിയ പത്രക്കാരും, അങ്ങനെ വിശ്വസിച്ച ജനങ്ങളും വിഡ്ഢി—ഹരി എൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു് ഓടി. പല ശരീരങ്ങൾ മെതിച്ചുകൊണ്ടു് ഞങ്ങൾ ഓടി. ഉറങ്ങിക്കിടന്നവർ എഴുന്നേററിരുന്നു് പ്രാകി. ഞങ്ങൾ ഓടി—അന്ധകാരത്തിലേക്കു്—ചന്ദ്രൻ നിൽക്കുന്ന സ്ഥലത്തേയ്ക്കു്, ചന്ദ്രൻ അതാ അവിടെ—ഏകദേശം 50 വാര അകലെ—ഒരു വലിയ വൃക്ഷത്തിൻെറ ചുവട്ടിൽ നില്ക്കുന്നു. ഇങ്ങോട്ടു തുറിച്ചുനോക്കിക്കൊണ്ടു് നില്ക്കുന്നു. ഹരി ഉറക്കെ വിളിച്ചു:— "ചന്ദ്രാ!" പിന്നെയും വിളിച്ചു. വിയർത്തു കിതച്ചു് ഞങ്ങൾ ആ മരച്ചുവട്ടു സമീപിച്ചു. ഹരി ഒരു കല്ലിൽ തട്ടി വീണു. പെട്ടെന്നെഴുന്നേററു പിന്നെയും വിളിച്ചു: "ചന്ദ്രാ!" അവിടെ ആരുമില്ല. നിറഞ്ഞ അന്ധകാരം, കറുത്തു തണുത്ത അന്ധകാരം. ഒരു വാക്കു മിണ്ടിയില്ല. പിന്നെയും പിന്നെയും പിന്നെയും

ഞങ്ങൾ വിളിച്ചു: "ചന്ദ്രാ! ചന്ദ്രാ!" ആ ഇരുട്ടിൽ ചന്ദ്രനില്ലായിരുന്നു. ദൂരെ ഒരു തടാകക്കരയിൽനിന്നു് ഒരുകൂട്ടം രാപ്പിശാചികൾ ഞങ്ങളുടെ വിളികൾ എടുത്തുവിളിച്ചു. ഞങ്ങളുടെ ഒരു വിളിക്കു നൂറു വിളികൾ ബീഭത്സമായി ഉത്തരം പറഞ്ഞു. ക്ഷേത്രപരിസരത്തിലെ തകിൽവായനയും നാഗസ്വരവും ആ തടാകക്കരയിൽ പ്രതിദ്ധ്വനിച്ചിരുന്നു നല്ല മഞ്ഞും തണുത്ത കാററുംകൊണ്ടു് ഞങ്ങൾ വിറച്ചുതുടങ്ങി. ഞങ്ങളുടെ അന്വേഷണം വ്യർത്ഥമാണെന്നു തോന്നി. ഞങ്ങൾ വീണ്ടും ആ പുളിയുടെ ചവട്ടിൽ എത്തി. 50 വാര അകലെ, അന്ധകാരത്തിൻെറ നടുവിൽ, പ്രകാശത്തിൻെറ ഒരു ചെറിയ ദീപംപോലെ ക്ഷേത്രപരിസരം ശോഭിച്ചു. ഞാൻ അല്പം നീങ്ങി, 'ചന്ദ്രൻ' നിന്നൊന്നു തോന്നിയ സ്ഥലത്തായി നിന്നു. അവിടെ നിന്നുകൊണ്ടു് ഞാൻ അമ്പലമുററത്തേക്കു നോക്കി—അത്ഭുതം! ഞാൻ ഹരിയെ വിളിച്ചു് അതേ സ്ഥാനത്തു നിറുത്തി. അയാളും കണ്ടു.

ഇടയ്ക്കിടയ്ക്കുള്ള അനവധി വൃക്ഷങ്ങളുടെ മറവു കൂടാതെ, പന്തലിൻെറ തൂണുകളും, തൂങ്ങുന്ന മാലകളും, ആടുന്ന ശിരസ്സുകളും അല്പംപോലും മറയ്ക്കാതെ, ആ സ്ഥാനത്തു നിന്നു നോക്കിയാൽ മാത്രം വ്യക്തമായി കാണാവുന്ന ഒരു രൂപം ഞങ്ങൾ കണ്ടു—അവൾ!!

ഞങ്ങൾക്കു മനസ്സിലായി. ആവേശത്തോടെ ഞങ്ങൾ ചുററിലും നോക്കി. ഒരു സാന്നിദ്ധ്യം അവിടെ ഉണ്ടെന്നു ഞങ്ങൾക്കു തോന്നി. ഞങ്ങൾ കാണിച്ചതു്, നാശമടയാത്ത പ്രേമത്തിനോടുള്ള അപരാധമാണെന്നും തോന്നി. കൈ കൂപ്പികൊണ്ടു് ഞങ്ങൾ അപേക്ഷിച്ചു: "ചന്ദ്രാ! ക്ഷമിക്കു. ഞങ്ങൾ അറിഞ്ഞില്ല."

# മഴവില്ല്

വിജയന് പതിമൂന്ന വയസ്സുമാത്രമുള്ളപ്പോഴാണ്, ഒരു രാത്രിയിൽ, അവൻ ആദ്യം അതറിഞ്ഞതു്. അവന്റെ അച്ഛൻ അമ്മയോടു പറയുകയായിരുന്നു, "ലക്ഷ്മീ, വിജയനു് ഞാൻ കണ്ട കുട്ടി അതാണ്. ഒന്നുമില്ലെങ്കിൽ നമ്മൾ പഴയ ബന്ധുക്കളല്ലേ സൂപ്രണ്ടു് സമ്മതിക്കും." ലക്ഷ്മിഅമ്മ ഒന്നും പറഞ്ഞില്ല

അന്നുരാത്രി വിജയന് ആദ്യമായി ഒരു ചിന്ത ഉണ്ടായി. ഒരു ബാലന്റെ മനസ്സിൽ കണ്ണാടിയിലെന്നപോലെ നിമിഷംപ്രതി മാഞ്ഞും മറഞ്ഞും തീരുന്ന ദുർബ്ബലവിചാരങ്ങളിലൊന്നായിരുന്നില്ല അതു്. അവനു തോന്നി, ലോകത്തിന്റെ ഏതോ ഒരു കോണിൽ, ഒരു മനോജ്ഞമന്ദിരത്തിൽ, ആനന്ദം തുളുമ്പുന്ന കണ്ണുകളോടെ മൂളിപ്പാട്ടും പാടി തുള്ളിച്ചാടിനടക്കുന്ന ഒരു കോമളബാലിക ഉണ്ടെന്നും, അവൾ ഭാവിയിൽ തന്റെ ഭാര്യയാണെന്നും. സൂപ്രണ്ടിന്റെ മകൾ! ദിവസങ്ങൾ കഴിഞ്ഞതോടുകൂടി അവനു് അവളുടെ രൂപംപോലും പരിചിതമായി തോന്നി. അവളുടെ ആ ഭവനം, പരിസരങ്ങൾ, മൂളാറുള്ള പൊടിപ്പാട്ടുകൾ—എല്ലാം അവനു് അറിയാമായിരുന്നു. അവൾ വളർത്താറുള്ള പൂച്ചക്കുട്ടിയുടെ (അവൾക്കൊരു പൂച്ചക്കുട്ടി ഉണ്ടെന്നു് അവൻ അങ്ങു വിശ്വസിച്ചു) രൂപംപോലും അവനു പരിചിതമായിരുന്നു. അവനും പൂച്ചക്കുട്ടി

കളെ വലിയ കാര്യമായി. ഭാവിയിലെ ദാമ്പത്യജീവിതത്തെപ്പററി അവൻ എന്തെല്ലാം വിചാരിച്ചെന്നോ! അവൻ അവളെ കണ്ടിട്ടില്ല; ഈ സുപ്രണ്ടോരാണെന്ന് അറിഞ്ഞിട്ടുമില്ല.

രണ്ടുവർഷംവരെ അവനു കാത്തിരിക്കേണ്ടിവന്നു. ഒരുദിവസം സായാഹ്നത്തിൽ രണ്ടു പെൺകുട്ടികളും ഒരു ദീർഘകായനായ മദ്ധ്യവയസ്കനും അവൻെറ വീട്ടിൽ വന്നു. അദ്ദേഹത്തിനു വലിയ മീശയും, ഗാംഭീര്യം നിറഞ്ഞ മുഖവും, നീണ്ട കണ്ണുകളുമുണ്ടായിരുന്നു. അവർ വരുന്നതു വിജയൻ കണ്ടു. കളിനിറുത്തി അവൻ അവരെ അടുത്തു കാണത്തക്ക ഒരു സ്ഥലത്തു വന്നുനിന്നു. അതാണു സുപ്രണ്ടെന്ന് അവനു ബലമായി തോന്നി. അവൻെറ ഭാര്യയോ? ആ രണ്ടു പെൺകുട്ടികളിൽ കൂടുതൽ മെലിഞ്ഞവളാണെന്ന് അവൻ പെട്ടെന്നു നിശ്ചയിച്ചു. അവളുടെ കണ്ണുകളാണ് അവന് കൂടുതൽ ഇഷ്ടമായത്; അവളുടെ മുഖവും. അങ്ങനെ അവൻെറ 'പ്രേമസ്വപ്നത്തെ' അവൻ കണ്ടു. ഈ നില്ക്കുന്ന താനാണ് അവളുടെ 'ഭർത്താവ്' എന്ന് ആ 'പാവം' ഊഹിച്ചിട്ടുപോലുമില്ലായിരിക്കുമെന്ന് ഓർത്തപ്പോൾ വിജയൻെറ കവിളിൽ അവനറിയാതെ ഒരു പുഞ്ചിരി നിഴലിച്ചു.

അവൻെറ ആനന്ദം അങ്ങനെയും നിന്നില്ല. അവൻ പഠിക്കുന്ന സ്കൂളിൽ അവളും ചേർന്നു. പള്ളിക്കൂടത്തിൽ പോകുന്നതിന് ഒരു പുതിയ ഉത്സാഹം അവനുണ്ടായി. ഭാര്യയും ഭർത്താവും ഒരു പള്ളിക്കൂടത്തിൽ! അന്യന്മാർക്കു പറയാമല്ലോ—അവരുടെ വിവാഹം കഴിയുമ്പോൾ—ആ പള്ളിക്കൂടത്തിൽവച്ചു കാണുമ്പോഴൊക്കെ തൻെറ ഭാര്യയാണവളെന്ന് അവനറിയാമായിരുന്നെന്ന്.......

അങ്ങനെ ആ കോട്ട നഭസ്സിൽ ഉയർന്നുവന്നു. അവൻ ചേരാത്ത കളിയില്ല ആ സ്കൂളിൽ. അവൻെറ വിജയത്തിൽ അവനെന്തു് അഹങ്കാരം തോന്നിയെന്നോ? സ്കൂൾഫൈനലിനു പഠിക്കുമ്പോഴായിരുന്നു അയാളെ പള്ളിക്കൂടത്തിലെ വിദ്യാർത്ഥിസംഘത്തിൻെറ കാര്യദർശിയായി തെരഞ്ഞെടുത്തതു്. അവർ പിന്നെ

തനിക്കുവേണ്ടിയല്ലേ വോട്ടുചെയ്തു്.' കുറെ സ്വപ്നങ്ങൾക്കു് ഈ സംഗതി മതിയായിരുന്നു.

കാളേജിൻ ചേൻ്റ്, ആണ്ടവസാനം വിജയൻ തിരിച്ചുവന്നിരിക്കയാണു്. ഒരു പുതിയ മഹത്വത്തിനു് അയാൾ അർഹനാണെന്നു് അവൾക്കു തോന്നും. അന്നു വൈകിട്ടു് അയാളുടെ കൊച്ചു സഹോദരി പറഞ്ഞു: "കൊച്ചേട്ടനു് ഒരുപാടു നീളംവച്ചുപോയെന്നു് മാലതിച്ചേച്ചി എന്നോടു പറഞ്ഞു." ആ ആനന്ദപ്രവാഹത്തിൽ അയാൾക്കു മിണ്ടാതെ നില്ക്കാനേ കഴിഞ്ഞുള്ളു. ആ കുഞ്ഞു തുടന്നു: "ചേട്ടനെ മാലതിച്ചേച്ചി, അണ്ണനെന്നാ വിളിക്കുന്നതു്— അണ്ണനെന്നുമല്ലാ, 'പൂമ്പള്ളിലണ്ണ'നെന്നു്. ഞാൻ ചോദിച്ചു, എന്താ വിജയണ്ണനെന്നു വിളിച്ചുകൂടേ എന്നു്. അപ്പോൾ പറയുകയാണു്, അവരുടെ ഇഷ്ടംപോലെ വിളിക്കുമെന്നു്. ഓ! വലിയ ഭാവമാണു്."

അന്നുരാത്രി കിടക്ക വിരിച്ചുകൊണ്ടു വിജയൻ തന്നത്താൻ പറയുകയാണു്: "അവളുടെ ഇഷ്ടംപോലെ വിളിക്കുമെന്നു്! അങ്ങു സ്വന്തമായതുപോലെയല്ലേ ഭാവം."

പിറേറക്കൊല്ലം പരീക്ഷയും കഴിഞ്ഞു നാട്ടിൽ വന്നപ്പോൾ അയാൾക്കു് നിരാശയ്ക്കാണിടയായതു്. അവളും അമ്മയുമെല്ലാം കന്യാകുമാരിയിൽ സുഖവാസത്തിനു പോയിരിക്കയാണു്. ആ ഒഴിവിനു് അവളെ കാണാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഒഴിവിനു കണ്ടപ്പോൾതന്നെ അവൾ കേവലം ബാലികയായിരുന്നില്ല നാൾതോറും വളരുന്ന പ്രായമായിരുന്നു അതു്. എന്തുവേഗമാണു് അവളുടെ അംഗമെല്ലാം പുഷ്ടിപ്പെട്ടതു്! താരുണ്യം എന്തൊരു പുതുമ, എന്തൊരു ആകർഷകത്വമാണു് വരുത്തുന്നതു! അതു് വസന്തംപോലെയാണെന്നു് അയാൾക്കു തോന്നി. ജീവിതത്തിലെ വസന്തകാലം.

ചിലപ്പോൾ അയാൾക്കു ഭീമമായ അക്ഷമ തോന്നും, ഒരു വാക്കു് അയാൾ സംസാരിച്ചിട്ടില്ലല്ലോ എന്നു്. അവളും ആശിക്കുന്നുണ്ടായിരിക്കാം. അയാൾക്കു വലിയ അറപ്പായിരുന്നു. എന്നാലും,

അവളുടെ ആകാരസൗകുമാര്യം—പുലരിയിൽ വിടരുന്ന പനിനീർപ്പൂവു പോലെയുള്ള ആ മുഖം, താരുണ്യത്തിന്റെ ലളിതവിലാസങ്ങൾ ചേർന്ന ആ കൃശഗാത്രം—ഇതെല്ലാം ഓർക്കുമ്പോൾ, ഭ്രാന്തുപിടിപ്പിക്കുന്ന ഒരക്ഷമ അയാൾക്കുണ്ടാകും. അവളോടങ്ങു തുറന്നുപറയാൻ; അയാളുടെ ഉള്ളിൽ കിടന്നിരമ്പുന്ന പ്രേമസമുദ്രത്തിലെ തിരമാലകളിൽ അവളെ ആന്ദോളനം ചെയ്യിക്കുവാൻ; അവളെ ആശ്ലേഷിക്കുവാൻ—

വിജയന്റെ ജീവിതനഭസ്സിലെ മാരിവില്ലായിരുന്നു അവൾ.

സർവ്വകലാശാലാബിരുദം അക്കരെനില്ക്കുന്ന ഒരു മധുരഫലം പോലെ അയാൾക്കു കാണാമായിരുന്നു. കടക്കാനുള്ളതു് ഒരു വൈതരണിയാണു്. അയാൾ ഉത്സാഹിച്ചു പഠിച്ചു. പരീക്ഷയ്ക്കു ഇനി ഒരാഴ്ചയേ ഉള്ളൂ. പഠിത്തം ഒരുതരം ത്യാഗംപോലെയാണു് അപ്പോൾ അയാൾക്കു തോന്നിയതു്. അവൾക്കുവേണ്ടി അയാൾ ഒന്നാംക്ലാസ്സിൽ പാസ്സായാൽ അവൾക്കെന്തു് അഭിമാനമാണു്!

പരീക്ഷയ്ക്കുള്ള പ്രവേശനച്ചീട്ടു് അയാൾ വാങ്ങിച്ചു. നല്ല നമ്പരാണെന്നു പറഞ്ഞു് കൂട്ടുകാർ വിജയം ദീർഘദർശനംചെയ്തു. ആകപ്പാടെ അയാൾക്കന്നു വലിയ സന്തോഷമായിരുന്നു. വിദ്യാലയത്തിൽനിന്നിറങ്ങിയപ്പോൾ അഞ്ചൽശിപായി ഒരെഴുത്തുകൊണ്ടുകൊടുത്തു. അതൊരു ക്ഷണപത്രികയാണെന്നു് അയാൾക്കു മനസ്സിലായി. ഏതാണ്ടൊരു ജിജ്ഞാസയോടേ കവർ പൊട്ടിച്ചു.

*    *    *    *    *

നാട്ടിലെത്തിയപ്പോൾ സന്ധ്യ കഴിഞ്ഞിരുന്നു. അങ്ങനെ കരുതിയാണു് അയാൾ തിരിച്ചതു്. പരീക്ഷ കഴിയാതെ എങ്ങനെയാണു വീട്ടിൽ ചെല്ലുക? പരിചയക്കാരെ കാണാതെ ഒളിക്കാൻ അയാൾ വളരെ പ്രയാസപ്പെട്ടു. അയാൾ ആ ഗൃഹത്തിൽ പ്രവേശിച്ചു് അയാളുടെ കാലു പിന്നെ നീങ്ങുകയില്ല. അവിടെ വലിയ ബഹളംതന്നെ. പ്രകാശമാനങ്ങളായ ഗ്യാസ്ലൈററുകൾ, പുഷ്പ

ത്തലുകൾ, കുലവാഴകൾ, പ്രധാനികളുടെ ആജ്ഞാനിർഘോഷനിസ്സ്വനങ്ങൾ, അടുപ്പിൽ കിടന്നു് വേകുന്ന പദാർത്ഥങ്ങളുടെ ദീനശബ്ദങ്ങൾ! ആകപ്പാടെ വലിയ കോലാഹലം. ഒട്ടൊരു രണ്ടുമണിയോടെ ബഹളം ഏതാണ്ടൊന്നു ശമിച്ചു. ഒന്നു 'മയങ്ങാൻ' എല്ലാവരും മുക്കിലും മൂലയിലുമായി മാറി. "കൃഷ്ണപിള്ളേ, ഞാനൊന്നു കണ്ണടയ്ക്കട്ടെ; ഇല്ലെങ്കിൽ രാവിലെ എണീക്കില്ല" എന്നു് സൂപ്രണ്ടിന്റെ ശബ്ദവും, അദ്ദേഹത്തിന്റെ ഭാര്യയുടെ ശ്രുതകപ്രതിയുണ്ടാക്കുന്ന 'കോട്ടുവാ'യുടെ നാദവിശേഷവും വിജയൻ കേട്ടു.

അയാൾ അവളുടെ മുറിയുടെ സമീപം നില്ക്കുകയായിരുന്നു. അയാളുടെ ഹൃദയത്തിന്റെ ഇടിപ്പു് അയാൾക്കു് നല്ലതുപോലെ കേൾക്കാമായിരുന്നു. അകത്തൊരു വെള്ളവിളക്കിന്റെ മുമ്പിൽ അവൾ സർവ്വാഭരണവിഭൂഷിതയായി ഇരുന്നിരുന്നു. പിച്ചിപ്പൂവിന്റെ ഗന്ധം സർവ്വത്ര വ്യാപരിച്ചു. അവൾ നിലക്കണ്ണാടിയിൽ തന്റെ രൂപവിലാസം കണ്ടാനന്ദിക്കുകയായിരുന്നു. അടുത്ത പ്രഭാതത്തിൽ അവൾ മധുസൂദനൻനായരുടെ ഭാര്യ ................ മണി നാലടിച്ചു. വിജയൻ ഒന്നു നടുങ്ങി. അവൾ നെടുതായി ഒരു വീർപ്പുവിടുന്ന ശബ്ദം അയാൾ കേട്ടു ഞെട്ടി. മണിക്കൂർ ഒന്നുകൂടി കഴിഞ്ഞു. അയാൾ കിഴക്കോട്ടു നോക്കി. പൂർവ്വദിക്കു് വധൂമുഖംപോലെ അരുണമായിരുന്നു. ക്രമേണ ആ അരുണിമ മാഞ്ഞുതുടങ്ങി. പ്രേമനൈരാശ്യം വന്ന ഒരു യുവതിയുടെ മുഖംപോലെ അതു വെളുത്തുതുടങ്ങി. അഞ്ചര അടിച്ചു. വിജയൻ നടുങ്ങി; ഉദ്വേഗത്തോടൊരു കാൽവച്ചു; അവളുടെ മുറിക്കകത്തായി. "മാലതീ" അവൾ ഞെട്ടി തിരിഞ്ഞു. അയാൾ എന്തെല്ലാമാണു് പറഞ്ഞതു്! ഒടുവിൽ അയാൾക്കു ശ്വാസംമുട്ടി. അയാൾ നിറുത്തി. ഓടിത്തളർന്ന കുതിരയെപ്പോലെ കിതച്ചു. അവൾ മിണ്ടിയില്ല.

വിജയൻ:—"എന്റെ മാലതീ! പറയൂ. ഞാനെല്ലാം പറഞ്ഞു. നിന്നെ ഞാനത്രയ്ക്കു സ്നേഹിച്ചുപോയി. എനിക്കിതോർക്കാൻവയ്യാ. പലപ്പോഴും പറയണമെന്നു തോന്നിയിട്ടുണ്ടു്. പക്ഷേ, നിന

ക്കറിയാമെന്നു വിചാരിച്ചു. ഞാൻ എഴുതിയ കവിതകളെല്ലാം വായിച്ചില്ലേ, പത്രത്തിൽ? നിന്നെ ഉദ്ദേശിച്ചാണു് അതു് നിനക്കറിയാമെന്നു ഞാൻ വിചാരിച്ചു. പറയൂ. എനിക്കു സമാധാനമില്ല ഞാനും ധനവാനാകും; പ്രസിദ്ധനാകും. നീ അനുവദിക്കയാണെങ്കിൽ എന്റെ സ്നേഹം നിനക്കറിഞ്ഞുകൂടാ. എനിക്കു പറയാൻ വാക്കില്ല. എനിക്കറിവായതുമുതൽ ഞാൻ വിശ്വസിച്ചുപോയതാണു്. നീ എന്നെ സ്നേഹിക്കുന്നില്ലേ? എനിക്കറിയാം ഉണ്ടെന്നു്."

മാലതി:—"ഇല്ല."

അയാളുടെ ഹൃദയം പിന്നാടിച്ചില്ല.

* * * * *

രണ്ടു വർഷം കഴിഞ്ഞു. ഒരു സായാഹ്നത്തിൽ വിജയന്റെ വീട്ടിൽ വലിയ ആൾത്തിരക്കായിരുന്നു. വിജയന്റെ വൃദ്ധപിതാവു് മരിച്ചു. മകൻ നാടുവിട്ടുപോയ ദിവസംമുതൽ ആ വൃദ്ധനു് ബുദ്ധിക്കു നല്ല സ്ഥിരതയില്ലായിരുന്നു.

ജടയും മുടിയും വളർന്നു്, മെലിഞ്ഞ ഒരു വികൃതൻ അക്ഷമയോടെ അങ്ങോട്ടുകടന്നു. 'തനിക്കു് ഭിക്ഷവാങ്ങുവാൻ പററിയ സമയം! ഭോ പുറത്തു്" എന്നു് ഒരു മാന്യൻ അലറി. അയാൾ അതു കേൾക്കാതെ മാറി ഒരിടത്തു നിന്നു. ഉടനെ അകത്തുനിന്നു് ഒരു വലിയ നിലവിളി ജഡം ചുടലയിലേയ്ക്കു് കൊണ്ടുപോകുകയായിരുന്നു. ഉദ്വേഗത്തോടെ അയാൾ അങ്ങോട്ടു നോക്കി. ആ കുഴിഞ്ഞ കണ്ണുകളിൽ രണ്ടുതുള്ളി കണ്ണീർക്കണങ്ങൾ ഉയന്നു അവ ഇവന്നു ജടപിടിച്ച മീശയിൽ പതിച്ചു. ആ വൃദ്ധജഡത്തെ വലയം ചെയ്തു്, ഗഗനവീഥിയിലേക്കു കുതിച്ചുയന്ന പാവകജ്വാലകളെ നിർന്നിമേഷനായി നോക്കിക്കൊണ്ടു് ആ വികൃതൻ അവിടെത്തന്നെ നിന്നു. കട്ടപ്പുമുള്ള അസ്ഥിക്കൂടത്തെ ദംഷ്ട്രകൾക്കിടയിൽ വച്ചു നിഷ്പ്പേഷണംചെയ്യുന്ന ദഹനന്റെ ശബ്ദം ആ ചിതയിൽ നിന്നു കേട്ടുതുടങ്ങി. ഇനിയും കണ്ടുനില്ക്കുക അസാദ്ധ്യമെന്നപോലെ ആ വികൃതരൂപൻ വഴിയിലിറങ്ങി. പുറകെ രണ്ടുമൂന്നു

വെറിയന്മാരായ ബാലന്മാർ 'വൃദ്ധസ്സന്യാസി' എന്ന് ആക്രോശിച്ചു. കല്ലു വലിച്ചെറിഞ്ഞു. അയാൾ തിരിഞ്ഞുനോക്കിയില്ല.

മാലതിയുടെ വീട്ടിൻെറ പിൻഭാഗം വലിയ മാന്തോപ്പാണ്. പകൽതന്നെ ഒരുമാതിരി ഇരുട്ടാണ്. നല്ല ചന്ദ്രികയുള്ള ഒരു രാത്രിയായിരുന്നു. പച്ചിലക്കൂട്ടത്തിൻെറ വിടവുകളിൽക്കൂടി ശിശിരകിരണങ്ങൾ പ്രവേശിച്ച് ഇടയ്ക്കിടയ്ക്കു വൃത്താകൃതിയിൽ വെള്ളിപ്പൊടി വിതറിയിരുന്നു. അയാൾ ആ സ്ഥലത്തു കടന്നപ്പോൾ ഒരു മൂങ്ങാ മൂളിയതുകേട്ടൊന്നു ഞെട്ടി. പെട്ടെന്നു മുന്നോട്ടണഞ്ഞു.

അവിടെ ഒരു ബെഞ്ചിൽ അവൾ ചാരിയിരുന്നിരുന്നു. അവൾ മയങ്ങുകയായിരിക്കും. കയ്യിൽ ഒരു ശിശുവുമുണ്ട്. അതു് ഉറങ്ങുകയാണ് അയാൾ അവളുടെ മുമ്പിൽ നിന്നു. അവൾ അറിഞ്ഞില്ല. പൈമ്പാലുപോലുള്ള ആ നിലാവു്, അഴകേറിയ ഒരു മുഖം—പക്ഷേ, അതു വിളറിയിരുന്നു—അയാൾക്കു കാണിച്ചുകൊടുത്തു. ഓടിക്കൂടി അടുക്കാൻ അയാൾക്കു സാധിച്ചില്ല. അകലെ ആകാശത്തിലേയ്ക്കുയർന്നുപോകുന്ന പാവകജ്വാലകൾ അയാൾ കണ്ടു. ഒരു ദുർഗന്ധം ശ്വസിക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. അവ്യക്തമായ ഒരു ദീനാക്രന്ദനവും അയാൾ ശ്രവിച്ചു. അയാൾ മടിയിൽ നിന്നു കഠാരി വലിച്ചെടുത്തു. അതു് ആകാശത്തിൽ ഉയർന്നു.

"മാലതീ"

അവൾ ഞെട്ടി; കണ്ണുതുറന്നു. അവൾ നിലവിളിക്കാൻ ഉദ്യമിച്ചു ശബ്ദം പുറപ്പെട്ടില്ല. "ഞാൻ നിന്നെക്കൊല്ലും. നീ എന്നെ വഞ്ചിച്ചു. അങ്ങോട്ടുനോക്കു്"—അയാൾ, തീജ്വാലകണ്ട സ്ഥലത്തേയ്ക്കു കൈകാണിച്ചു. അവൾ നോക്കി. അവൾക്കെല്ലാം മനസ്സിലായി. ഒരു നെട്ടുവീർപ്പിൻെറ നേരിയ ശബ്ദംപോലെ അവൾ മന്ത്രിച്ചു: "വിജയൻ." അവളുടെ കണ്ണിൽനിന്നു നീർവാർന്നു

വിജയൻ:—"നീ കണ്ടോ—നീ പാപിയാണ്—നിന്നെ സ്നേഹിച്ചതിന് നീ തന്നെ ശിക്ഷ. നീ മരിക്കണം." അവൾ കണ്ണടച്ചുകളഞ്ഞു. അതാ അവ്യക്തമധുരമായ ഒരു കാകളി: "അമ്മേ!" അവളുടെ കൊച്ചുകുഞ്ഞ് ഉണൎന്നു വിളിച്ചതാണ്. വിജയൻ ഒന്നു സ്തംഭിച്ചു. അവൻെറ കഠാരി ആകാശത്തിൽതന്നെ നിന്നു. ആ നീലിമയേറിയ കൊച്ചുനയനങ്ങൾ അയാളുടെ മുഖത്തു പതിഞ്ഞു. എന്തൊരു കണ്ണുകൾ! അവ ആ നിലാവിൽ മിന്നങ്ങി. അയാളുടെ ഹൃദയം, ആ ശിശുവിനെ പുല്കാൻ കുതിച്ചു. കഠാരി പിടിച്ചു കൈകൊണ്ട് അതിനെ തൊടുന്നതു പാപമാണെന്ന് അയാൾക്കു തോന്നി കഠാരി നിലത്തുവീണു. "മാലതി!" അയാളുടെ സ്വരം വ്യസനാർദ്രമായിരുന്നു. അവൾ അയാളുടെ മുഖത്തേയ്ക്കു നോക്കി. അയാൾ ചോദിച്ചു: "ആ കുഞ്ഞിനെ ഞങ്ങോട്ടൊന്നു തരുമോ?" ഒന്നും പറയാതെ അവൾ അതിനെ ഏല്പിച്ചു. അയാൾക്കുമ്മവയ്ക്കാൻ കൊതിതോന്നി. കഷ്ടം! ആ പരുപരുത്ത മീശ. അതിനു നോവുമെന്ന് അയാൾ വിചാരിച്ചു.

"മാലതി, ഇതാ." ശിശുവിനെ അയാൾ തിരിച്ചുകൊടുത്തു. അവൾ പൊട്ടിക്കരഞ്ഞുപോയി. "മാലതി! നീ ദുഃഖിക്കുന്നല്ലോ."

അവൾ കരച്ചിൽ നിൎത്തി. "ഇല്ല."

വിജയൻ:—"നിശ്ചയമായും നിനക്കു വ്യസനമുണ്ട്." അവൾ മിണ്ടിയില്ല. "നീ എന്തിനു ദുഃഖിക്കുന്നു? എന്നോടു പറയുമോ?"

മാലതി:—"എൻെറ വിധിയാണ്." അയാളുടെ മുഖം ഒന്നിരുണ്ടു.

അയാൾക്കു മനസ്സിലായി. ആ പരിഷ്കാരിയായ ഭൎത്താവ്—അയാൾ ധൂൎത്തനായിരിക്കാം. സ്നേഹത്തിൻെറ വിലയറിയാത്തവൻ! അവൾ വഞ്ചിതയായിപ്പോയിരിക്കാം. അയാൾ ഉദ്വേഗത്തോടെ ചോദിച്ചു:—"നിൻെറ ഭൎത്താവ്—" അവൾ ഇടയ്ക്കുകയറിപ്പ

റഞ്ഞു: "അദ്ദേഹം എന്റെ കുഞ്ഞിന്റെ അമ്മാവനാണ്." അവൾ പെട്ടെന്ന് തേങ്ങിത്തേങ്ങിക്കരഞ്ഞുപോയി.

"മാലതീ!" അവൾ കരച്ചിൽ നിറുത്തി. "ഞാൻ പോകുന്നു." അവൾ നിശ്ശബ്ദമായി കുനിഞ്ഞുനിന്നേയുള്ളു. അയാൾ അവളുടെ തോളിൽ ഒന്നു തൊട്ടു. അവൾ ഞെട്ടി. "മാലതീ! ഞാൻ പോകട്ടെ?" അവൾ സാവധാനം പറഞ്ഞു: "ഞാൻ പണ്ടു തന്നെ പറഞ്ഞതാണല്ലോ." അയാൾക്കു മനസ്സിലായി. അവിടെ ങ്ങോ ഒരു വൃക്ഷത്തിൽനിന്ന് ഒരു വാനമ്പാടിപ്പക്ഷി ചിലച്ചുകൊണ്ടു് അവരുടെ മീതെക്കൂടി പറന്നുപോയി. അവർ ഉണർന്നു പരസ്പരം നോക്കി. കവിൾത്തടത്തിൽക്കൂടി കണ്ണുനീർ ഒഴുകി. അയാളെന്തോ പറഞ്ഞു. അവ്യക്തമായിരുന്നു. "ഞാൻ പോകുന്നു." അയാൾ തിരിഞ്ഞുനടന്നു. അവൾ ഒരു പ്രതിമപോലെ നോക്കി നിന്നു. പെട്ടെന്നു ചന്ദ്രൻ മറഞ്ഞു. അങ്ങെങ്ങും ഇരുട്ടായി. വീണ്ടും നിലാവിന്റെ കാന്തി പരന്നപ്പോൾ അയാളെ കാണാനില്ലായിരുന്നു.

വിജയന്റെ ജീവിതനഭസ്സിൽ അവൾ ഒരു മനോഹരമാരിവില്ലായി ഉയർന്നു. അതിനെ പിടിക്കാൻ ആശാഭരിതനായി അയാൾ കൈകൾ നീട്ടി. എന്നാൽ, അവ അതിവഹ്രസ്വങ്ങളായിരുന്നു. ആ മഴവില്ല് മാറിയകന്നു. അംബരത്തിൽ കാളമേഘങ്ങൾ നിരന്നു. ശീതവാതം ഊതി. ഇരുട്ടെങ്ങും പരന്നു. ആ ഭയങ്കരകൊടുങ്കാററിൽ അയാൾ നഷ്ടശക്തനായി; ആ ഇരുട്ടിൽ അയാൾ മറഞ്ഞു. എന്നാൽ, പ്രകാശമാനമായ ഒരു പുത്തൻ ലോകത്തിൽ ആ മനോഹരമാരിവില്ല് അയാളെ പുല്കുകയില്ലെന്നാരറിഞ്ഞു!!!

# പ്രതിമ

സുകുമാരന്റെ മരണം അപ്രതീക്ഷിതമായിരുന്നു. "മലബാർ ഹില്ലിലുള്ള സ്വവസതിയിൽവെച്ച്, നാല്പത്തിഒന്നാം വയസ്സിൽ, ഹൃദയസ്തംഭനാമൂലം ആ മഹാൻ പരലോകപ്രാപ്തനായി" എന്ന് ദിനപത്രങ്ങൾ എഴുതിയിരുന്നു.

മലബാർ ഹില്ലിൽ, അത്ര നിബിഡമല്ലാത്ത ഒരു കോണിൽ, ഏകാന്തമായ ഒരു സൗധം. മൂന്നുവശവും, അല്പംദൂരെയായി നോക്കെത്തുംവരെ നിവന്നുകിടന്ന കടൽ. പട്ടണത്തിന്റെ ശബ്ദത്തിൽനിന്നും, ബഹളത്തിൽനിന്നും ഒരു രക്ഷാകേന്ദ്രമായിരുന്നു, ആ ഭവനം. തിങ്ങിവളന്ന തരുക്കളുടെ ഇടയിൽ അതു മറഞ്ഞിരുന്നു. ഒരുവശത്തു നോക്കിയാൽ, അകലെയുള്ള ഒരു ചെറുകുന്നും, അതിന്റെ അടിയിൽ, പൊക്കമുള്ള മതിലുകളാൽ ചുററപ്പെട്ട ഒരു ശ്മശാനവും കാണാം. അതു പാർസികളുടെ വകയാണ്. അഗ്ന്യാരാധകരായ ഇക്കൂട്ടർ ശവങ്ങളെ സംസ്കരിക്കുന്നതിനു പകരം, ആ കുന്നിൻപുറത്തു കൊണ്ടുവന്ന് താഴേയ്ക്കു് ഉരുട്ടുകയാണ് പതിവു്. ഭീകരസ്വരൂപികളായ കഴുകരും ശ്വാനന്മാരും ആ പരിസരത്തെ സദാ ശബ്ദായമാനമാക്കിയിരുന്നു. കറുത്ത നായ തൊടുന്ന ശവം ശപ്തമാണെന്നും, പാപപങ്കിലമായ ഒരു ജീവിത

ലക്ഷ്യമാണ് അതെന്നും അന്ധവിശ്വാസജടിലമായ ഹൃദയങ്ങൾ വിശ്വസിച്ചുപോന്നു.

ആ ഏകാന്തതയിൽ ഏകനായി, മിക്കവാറും അജ്ഞാതനായി, സുകുമാരൻ വസിച്ചിരുന്നു. സ്വദേശമായ കേരളം അദ്ദേഹം എന്നോ വെടിഞ്ഞതാണ്. ധനികനായ ഈ വിശേശജീവി, പത്രലോകത്തിലും, പണ്ഡിതലോകത്തിലും സുവ്യദിതനായ ഒരു പ്രതിമാസമ്പാദകനായിരുന്നു. മനോഹരങ്ങളായ ചിത്രങ്ങളും പ്രതിമകളുംകൊണ്ട് അദ്ദേഹത്തിൻെറ മുറികളും ചുവരുകളും നിറഞ്ഞിരുന്നു. ജീവിതത്തിൽ അത്ര മാത്രമാണ് അദ്ദേഹത്തിൻെറ കൗതുകം. അല്ല, അതിൽ ഏതാണ്ടൊരു ഭ്രാന്തുതന്നെയായിരുന്നു അദ്ദേഹത്തിന്. പ്രാചീനങ്ങളായ ചിത്രങ്ങൾ, പ്രതിമകൾ മുതലായവ ക്ലേശിച്ചു സമ്പാദിക്കയും, അവയെപ്പററി പഠിക്കയും എഴുതുകയും ചെയ്ത, അദ്ദേഹം പണ്ഡിതന്മാരെ തലകുലുക്കിച്ചു് മരണാനന്തരം പത്രക്കാർ എഴുതിയിരുന്നു, "ജീവിതം, ഇദ്ദേഹത്തിന് സംഭവരഹിതമായിരുന്നു. താൻ സമ്പാദിച്ചിട്ടുള്ള മനോഹരകലാസൃഷ്ടികളുടെ മദ്ധ്യത്തിൽ ആനന്ദചിത്തനായി, സൗമ്യനായി, സംതൃപ്തനായി, എത്ര ദിവസം വേണമെങ്കിലും ഇരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നു. ലോകം അദ്ദേഹത്തിന് ഇഷ്ടമല്ലാത്ത ഒന്നായിരുന്നു. ഒരുവേള അതിനെപ്പററി ഇദ്ദേഹത്തിൻെറ ജ്ഞാനവും വളരെ പരിമിതമായിരിക്കാം. ചിത്രങ്ങൾ, പ്രതിമകൾ ഇവയിൽ നിക്ഷിപ്തമായിരുന്ന ഒരു ആയുസ്സാണ് ഇന്നലെ അവസാനിച്ചതു്. എന്നാൽ ഇദ്ദേഹം മനുഷ്യവർഗ്ഗത്തെ വെറുക്കുന്ന ഒരാളായിരുന്നില്ല. ഇദ്ദേഹത്തിൻെറ ഭാവനയുടെ സുകുമാര സങ്കല്പങ്ങൾ ആ ചിത്രങ്ങളിലും പ്രതിമകളിലും കണ്ടു് അദ്ദേഹം ആനന്ദിച്ചിരിക്കും. ആ നാശമടയാത്ത സൗന്ദൎയ്യത്തിൻെറ മുമ്പിൽ, ആ അവികലമായ കലാസൗന്ദൎയ്യത്തിൻെറ പരിപൂൎണ്ണമായ ആസ്വാദനത്തിനുവേണ്ടി, അദ്ദേഹം യുവതികളുടെ സൗന്ദൎയ്യത്തെപ്പററി ആലോചിച്ചതേയില്ല. അദ്ദേഹം നിത്യബ്രഹ്മചാരിയായിരുന്നു."

മരണാനന്തരം പല കലാപ്രണയികളും അദ്ദേഹത്തിൻെറ വസതി സന്ദർശിച്ചു. അവിടെ കണ്ട പല അപൂർവ്വചിത്രങ്ങളും അവരെ അമ്പരിപ്പിച്ചു. 'ഇതു് ജാവായിൽനിന്നു് അദ്ദേഹം കൊണ്ടുവന്നതാണു്."

"അതേ, പതിമൂന്നാം നൂററാണ്ടിലേതാണെന്നു് അദ്ദേഹം എഴുതിയിരുന്നല്ലോ."

"ഇതോ?"

"അതായിരിക്കാം—ഛാ—"

"ഇതു് ജാപ്പനീസല്ലേ?"

"അതേ, അതേ."

ഇങ്ങനെ അഭിപ്രായങ്ങളും, സംശയങ്ങളും, അഭിനന്ദനങ്ങളും പുറപ്പെടുവിക്കുന്ന ഒരു ജനസഞ്ചയം പല ദിവസങ്ങളായി ആ ഭവനത്തെ പരിശോധിച്ചു. ഒരു അമേരിക്കൻ ചോദിച്ചു:

"ഒരു പ്രതിമ കാണണമല്ലോ, അദ്ദേഹം ഒടുവിൽ വാങ്ങിയതു്? നെല്പാടങ്ങളുടേയും, വൃക്ഷങ്ങളുടേയും, ഒരമ്പലത്തിൻേറയും നടുവിൽ ഒരു അപ്സരസ്സിൻെറ പ്രതിമ!"

"അതേ, അതേ—" മറെറാരാൾ പ്രതിവചിച്ചു. "അതിൻെറ കാലമോ സ്ഥലമോ ഒന്നുംതന്നെ നിശ്ചയിക്കാൻവയ്യാ, എന്നദ്ദേഹം എഴുതിയിരുന്നല്ലോ."

"അതേ, അദ്ദേഹം ഒടുവിൽ വാങ്ങിയതതാണു്."

"നോക്കാം. കാണണമല്ലോ."

അവർ നോക്കി. സുകുമാരൻെറ ശയനമുറിയിൽ ഒരു വലിയ പ്രതിമ തകർന്നു കിടക്കുന്നു. ഒരാൾ ചോദിച്ചു:

"അതൊരു വലിയ പ്രതിമയായിരുന്നോ?"

"അതേ. ലൈഫ് സൈസു്."

"ആരെങ്കിലും കണ്ടിട്ടുണ്ടോ?"

"ഇല്ല."

ആ പ്രതിമയുടെ ഉടഞ്ഞ കഷണങ്ങളിൽ ഒന്ന് ആ സായ്പ് പെറുക്കിയെടുത്തു. ഉദ്വേഗത്തോടെ അയാൾ പറഞ്ഞു: "അയ്യോ, ഇതായിരിക്കാം ആ പ്രതിമ. ഇതൊരു നെല്പാടത്തിൻെറ കഷണമാണ്."

എല്ലാവരുംകൂടെ ഉടഞ്ഞുകിടന്ന കഷണങ്ങൾ കൂട്ടിച്ചേർത്തു തുടങ്ങി. അതേ, അതുതന്നെ പ്രതിമ നെല്പാടം, വൃക്ഷങ്ങൾ, ആ ക്ഷേത്രം ഇതെല്ലാം പശ്ചാത്തലത്തിൽ. പക്ഷേ—അവർ അന്യോന്യം നോക്കി. "എവിടെ? അപ്സരസ്സിൻെറ രൂപം എവിടെ?"

മദ്ധ്യത്തിൽ ഒരു വലിയ ശൂന്യത! ഇതല്ലായിരിക്കുമോ; എന്നൊരാൾ ശങ്കിച്ചു. "ഇതാ" ഒരാൾ ഒരു കഷണം എടുത്തു കാട്ടി. "മി: സുകുമാർ എഴുതിയിരിക്കുന്നു: അപ്സരസ്സിൻെറ പ്രതിമ. കാലം............സ്ഥലം കേരളമോ?"

ഇതെന്തത്ഭുതം? പശ്ചാത്തലം മാത്രം അതാ കാണുന്നു. കൊയ്ത്തുകഴിഞ്ഞ നെല്പാടം; കരയുള്ള വൃക്ഷങ്ങൾ; ഒരു കോണിൽ ഒരമ്പലം. എന്നാൽ അപ്സരസ്സെവിടെ?

* * * *

ചോവ്ർബസാർ! പഴയ സാമാനങ്ങളും, പിന്നെന്തെല്ലാം വേണമെങ്കിൽ അതൊക്കെയും ലാഭവിലയ്ക്കു കിട്ടുന്ന ആ വൃത്തികെട്ട സ്ഥലം! തെരുവുവില്പനക്കാരുടെ വിളികളും, തെരുവുതെണ്ടികളുടെ വിലാപങ്ങളും, തെരുവുതെമ്മാടികളുടെ ചിരികളും, പലതരം വണ്ടികളുടെ ഘടഘടഘോഷവും, ഉച്ചവെയിലും,—സുകുമാരൻ ഒന്നിലും ശ്രദ്ധിക്കാതെ, പതിവുപോലെ ഫുട്പാത്തിൽക്കൂടെ നടക്കയായിരുന്നു.

പെട്ടെന്നദ്ദേഹം നിന്നു. പലതരം പ്രതിമകൾ വില്ക്കാൻ വച്ചിരുന്നു. കുട്ടികൾക്കു കളിക്കാനുള്ളവയാണവയെല്ലാം. എന്നാൽ ഒന്നു്—അങ്ങേ അററം ഇരുന്നതു്—അദ്ദേഹത്തെ ആകർഷിച്ചു. അതു വളരെ പഴയതാണു്. ആറടി പൊക്കം വരും. അദ്ദേഹം അടുത്തുചെന്നു സൂക്ഷിച്ചു. അത്ഭുതം വർദ്ധിച്ചു.

കച്ചവടക്കാരൻ ചോദിച്ചു:

"ക്യാ മങ്ക്താ?"

അവൻെറ പരുഷസ്വരം സുകുമാരനെ നടുക്കി. കറുത്തു ഭയങ്കരമായ മീശ; വെററിലതിന്നു ചുവന്ന വലിയ പല്ലുകൾ; വട്ടക്കണ്ണുകൾ; ഉഗ്രമായ നോട്ടം; വികൃതവേഷം

"അരേ, സാബ്! ക്യാ മങ്ക്താ, തുംകു?" ഹിന്ദുസ്ഥാനിയിൽ, ഏതാണ്ടൊരു പുച്ഛരസത്തിൽ ആ ചോദ്യം ആവർത്തിക്കപ്പെട്ടപ്പോൾ, സുകുമാരൻ ഒരു സ്വപ്നത്തിലെന്നപോലെ കൈ ഉയർത്തി, ആ പ്രതിമ ചൂണ്ടിക്കാണിച്ചു. കച്ചവടക്കാരൻ എഴുന്നേററു.

"കിത്ത നേ രുപ്പിയ?" സുകുമാരൻ ചോദിച്ചു. യാതൊരു ഭാവഭേദവും കാണിക്കാതെ കളിപ്പണ്ടങ്ങൾ വില്ക്കുന്ന ആ വ്യാപാരി വില പറഞ്ഞു—സുകുമാരൻ നടുങ്ങി. എന്തൊരു ഭീമമായ സംഖ്യ? നിശ്ചയമായും അപ്പോൾ, വികൃതനായ ഈ വ്യാപാരിക്കു് ഈ പ്രതിമയുടെ മഹത്വം അറിയാം. ഇതിൻെറ ചരിത്രവും അറിയാം. അദ്ദേഹം ചോദിച്ചു.

"ഹംകു മാലൂം നയി ബാവാ." അവൻ തണുത്ത സ്വരത്തിൽ പറഞ്ഞു. പിന്നെയും അതിനെപ്പററി ഏതെങ്കിലും ചോദിച്ചാൽ ഉണ്ടാകുന്ന നിരാശയെപ്പററി അവൻെറ സ്വരം ഒരു മുന്നറിവും നല്കി. വില കൊടുത്തു. ഭീമമായ ആ സംഖ്യ എണ്ണിക്കൊടുത്തു. അന്യരുടെ സഹായത്തോടെ പ്രതിമ ഒരു വണ്ടിയിലാക്കി വസതിയിൽ എത്തിച്ചു. അദ്ദേഹം ഒടുവിൽ വാങ്ങിയ, പ്രസിദ്ധമായ ആ പ്രതിമ അതായിരുന്നു.

ശയനമുറിയിൽ അതു സ്ഥാപിച്ചു. അത്ഭുതം! എന്തൊരു പ്രതിമ! നെൽപ്പാടങ്ങളിൽ കൊയ്ത്തു കഴിഞ്ഞിരിക്കുന്നു. കരയ്ക്കുള്ള മരങ്ങൾ, ഭയങ്കരമായ ചൂടു സഹിയാതെ വാടിനില്ക്കുന്നു. ദൂരെ ഒരമ്പലത്തിൻെറ പിൻഭാഗം. നടുവിൽ അവൾ—ഒരപ്സരസ്സ്. ചുരുളൻമുടി അഴിഞ്ഞു പിറകോട്ടും, കഴുത്തിൻെറ രണ്ടു ഭാഗത്തുംകൂടെ മാറിലേക്കും വീണുകിടക്കുന്നു. അവളുടെ മനോഹരപാണികൾ, പകുതി വിരിഞ്ഞ ഒരു വെള്ളത്താമരപ്പൂവിനെ മാറോടു ചേർത്തു പിടിച്ചിരിക്കുന്നു. നീണ്ട നയനങ്ങളിൽ ദയനീയമായ ഒരു രസം സ്ഫുരിക്കുന്നുണ്ടെന്ന് അദ്ദേഹത്തിനു തോന്നി. കസാല വലിച്ച് അതിൻെറ മുമ്പിൽ ഇട്ടു, അതിൽ ഇരുന്ന് അദ്ദേഹം പരിശോധിച്ചു. അത്ഭുതം വർദ്ധിച്ചു.

ഏതാനും ദിവസത്തെ അവഗാഢമായ ചിന്തയ്ക്കുശേഷം ആ കാവ്യാസൃഷ്ടിയുടെ കാലമോ സ്ഥലമോ, തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല. ഒടുവിൽ ആ ഭയങ്കരനായ വ്യാപാരിയെ കണ്ടു് ഒന്നു കൂടി ചോദിക്കാമെന്നുറച്ചു.

അവിടെ, ആ സ്ഥലം ശൂന്യമായിരുന്നു. "അയാൾ പൊയ്ക്കഴിഞ്ഞു" എന്ന് ഒരാൾ പറഞ്ഞു.

"ഇനി എപ്പോൾ വരും?"

"അറിഞ്ഞുകൂട."

"ആരാണയാൾ?"

"അറിഞ്ഞുകൂട."

"പേരും, സ്ഥലവും, ഒന്നും?"

"ഒന്നും."

വേറൊരാളോടും ചോദിച്ചു.

"ഓ—ആ ഭയങ്കരൻ?"

"അതേ. ആരാണയാൾ?"

"അറിഞ്ഞുകൂടാ."

നിരാശനായി അദ്ദേഹം മടങ്ങി. "എത്ര ദിവസമായി. അപ്സരസേ? നീ ആരാണ്? നിന്നെ ആരു നിർമ്മിച്ചു? എന്റെ അഭിപ്രായങ്ങൾ വിലയുള്ളതാണ്. ആരും എളുപ്പത്തിൽ എതിർക്കുകയില്ല. എത്ര പ്രതിമകളുടെ കാലം ഞാൻ നിർണ്ണയിച്ചിട്ടുണ്ട്!"

ഭീമമായ ഒരക്ഷമ അദ്ദേഹത്തിനനുഭവപ്പെട്ടു.

രാത്രി മുഴുവൻ അദ്ദേഹം ആ പ്രതിമയുടെ മുമ്പിൽ കഴിച്ചു അദ്ദേഹം ഞെട്ടിയുണർന്നു ഉറങ്ങിപ്പോയോ? വിശ്വസിക്കാൻവയ്യ.

ഹൃദയം തുടിച്ചു. അദ്ദേഹം വിളക്കൊന്നുകൂടി തെളിച്ചു. ആ പുതിയ പ്രകാശത്തിൽ, അതാ ആ രംഗം ഒന്നുകൂടി അത്ഭുതമയമാകുന്നു. പാടങ്ങൾ, വൃക്ഷങ്ങൾ, അമ്പലം—അവൾ! എല്ലാം ഉള്ളതുപോലെ! ചലിക്കുന്നോ? അബദ്ധം. ഉറക്കമില്ലപ്പും, അക്ഷമയും, നിരാശയും വെളുപ്പാൻകാലവുംകൂടി അദ്ദേഹത്തിന്റെ അക്ഷികളെ കബളിപ്പിക്കയാണ്.

അവളുടെ മുഖം—ആ അപ്സരസ്സിന്റെ! എങ്ങോട്ടു നോക്കിയാലും അങ്ങെല്ലാം അതു കാണുന്നല്ലോ. ആ കണ്ണിലെ നോട്ടം ദയനീയമായ ഒരഭ്യർത്ഥനയാണോ? എന്താണതു്?......

അദ്ദേഹത്തിനു ചുട്ടുതോന്നി. എഴുന്നേററു് ജനൽ തുറന്നു. അതാ കിഴക്കു് ഒരു കുങ്കുമച്ചുവപ്പു്. "ഉദയമായി" അദ്ദേഹം പിറുപിറുത്തു. കടലിൽനിന്നു തണുത്ത കാററടിച്ചു. വെളിക്കു പച്ചിലച്ചില്ലകൾ പിറുപിറുത്തു. "ഉദയമായി."

സ്വപ്നത്തിൽ നടക്കുന്നവനെപ്പോലെ അദ്ദേഹം തിരികെ നടന്നു. പ്രതിമയുടെ മുമ്പിൽനിന്നു സൂക്ഷിച്ചുനോക്കി. അതും സൂക്ഷിച്ചുനോക്കി. അത്ഭുതത്തോടെ, വിഭ്രമത്തോടെ, അദ്ദേഹം ചോദിച്ചു: "ഹേ സ്ത്രീയേ! നീ ആരാണ്?"

എന്തു്, ആ ചുണ്ടുകൾ ചലിച്ചോ? ചെളിയിൽ പട്ടത്ത ആ ചുണ്ടുകൾ—അതാ—ആ നയനങ്ങൾ കൂട്ടതൽ ആർദ്രങ്ങളാവുന്നു. കണ്ണുനീർ—ശ്ശേ—വിഡ്ഢിത്തം!

പിന്നെയും അദ്ദേഹം ചോദിച്ചു, ആ പ്രതിമയിൽ ഒരു കൈ വച്ചുകൊണ്ടു ചോദിച്ചു: "പറകയില്ലേ? ഞാൻ ഒരിക്കലും അറികയില്ലേ, നീ ആരെന്നു്? നീ ഒരു പ്രാചീനകലാകാരന്റെ സങ്കല്പസന്താനമായ സുന്ദരാകൃതിമാത്രമാണോ?" അദ്ദേഹം നിവൃത്തി. ഒരു നിമിഷം കഴിഞ്ഞു തുടന്നു: "അഥവാ! നീ ഒരപ്സരസ്സാണോ? ഒരു വനദേവതയാണോ?"

"അല്ല."

സുകുമാരൻ ഒന്നു ഞെട്ടി. ആ പ്രതിമ—അവൾ—അപ്സരസ്സല്ല! അതാരു പറഞ്ഞു? അതാ അവളുടെ കണ്ണിനു കണ്ണുനീർ! താമരപിടിച്ച കൈ ചലിക്കുന്നു. വൃക്ഷങ്ങളുടെ ഇലകൾ അനങ്ങുന്നു. ഒരു ഭ്രാന്തനെപ്പോലെ അദ്ദേഹം ചോദിച്ചു:

"അല്ലേ?"

"അല്ല."

"പിന്നെ?....നീ...."

"ഒരു സ്ത്രീ."

സ്ത്രീ! സ്ത്രീ! സ്ത്രീ!

അവിടമെല്ലാം അതു മധുരമായി മുഴങ്ങി ഒരു വീണക്കമ്പിയിൽനിന്നുള്ള ഓംകാരശബ്ദംപോലെ, മധുരമായും, ആദരാർഹമായും ആ ശബ്ദം അവിടെങ്ങും മുഴങ്ങി; നിറഞ്ഞു; തുളുമ്പി. അകലെയുള്ള ഒരമ്പലത്തിൽ ശംഖനാദം മുഴങ്ങി.

ഉദ്വേഗത്തോടെ ആ സ്ത്രീദ്വേഷി ചോദിച്ചു: "പിന്നെ—നീ—"

ആ പ്രതിമ പ്രതിവചിച്ചു: "ഈ പ്രതിമ എന്റെ കാരാഗൃഹമാണു്"

GOVT. H... Date ... QUILON

"ആരു ബന്ധിച്ചു?"

"അങ്ങ്." അവളുടെ മാറിടം ഉയർന്നു താഴ്ന്നു.

"അയ്യോ ഞാനോ?"

"അവിട്ടത്തെ മനസ്സാക്ഷി."

പതറിയ സ്വരത്തിൽ അദ്ദേഹം ചോദിച്ചു.

"എന്നുവച്ചാൽ? എനിക്കു മനസ്സിലാകുന്നില്ല." അവൾ നെടുതായി ഒന്നു നിശ്വസിച്ചു. സാവധാനം ആ അധരപുടങ്ങൾ വിടന്നു.

"ഞാൻ കളിമണ്ണല്ല; സ്ത്രീയാണ്. അങ്ങയുടെ മനസ്സാക്ഷി നിർമ്മിച്ച ഈ കാരാഗൃഹത്തിൽ ഞാൻ ബന്ധനസ്ഥയാണ്. എന്റെ കാലുകൾ തളരുന്നു. അങ്ങെന്നെ രക്ഷിക്കയില്ലേ?"

സുകുമാരന്റെ നയനങ്ങളിൽ നീരുയന്നു. യാതൊന്നും പറയാൻ അദ്ദേഹം ശക്തനായില്ല. അവൾ തുടന്നു:

"ഞാൻ അങ്ങയുടെ വധുവാണ്."

അദ്ദേഹം ഞെട്ടി.

"അതേ—വിധിയാൽ, നിയതിയാൽ—വിശ്വാസമാകുന്നില്ലേ? പ്രപഞ്ചത്തിന്റെ ആദ്യംമുതൽ—"

സുകുമാരൻ കൈകൾ നീട്ടി. അവളുടെ സൗന്ദര്യം സ്വർഗ്ഗീയമാണെന്നു തോന്നി. ആർത്തിയോടെ, വേകുന്ന ഹൃദയത്തോടെ, പശ്ചാത്താപത്തോടെ, അദ്ദേഹം കൈകൾ നീട്ടി.

"ഞാ൯റിഞ്ഞില്ല. ക്ഷമിക്കു."

തുറന്നുകിടന്ന ജനാലയിൽക്കൂടി സൂര്യപ്രകാശം മുറി മുഴുവൻ പ്രവേശിച്ചു. അവിടെങ്ങും ഒരു കനകകാന്തി പരന്നു.

"വരു—ഓമനേ!"

പ്രതിമ ചലിച്ചു. നെല്പാടങ്ങളിൽ ധാന്യം നിറഞ്ഞു. മരക്കൊമ്പുകൾ ഇളകി. കിളികൾ മധുരമായി ചലിച്ചു. "ജീവി

തം! പ്രേമം!—പ്രതിമയും ചിത്രവും, പകരങ്ങൾ—നീ! ഹാ സത്യമേ! നീ വരൂ.''

അവളുടെ മുഖത്തു് സ്വർഗ്ഗീയമായ ആനന്ദത്തിൻെറ, ജീവിതസാഫല്യത്തിൻെറ, മനോഹരകാന്തി വീശി. അവൾ കൈകൾ നീട്ടി. നയനം പ്രേമപരവശമായി. ഒരു മനോഹരപാദം മുന്നോട്ടുവന്നു. അവൾ മുന്നോട്ടാഞ്ഞു. അതാ ആ പ്രതിമ തകർന്നു. 'ഛ ണി ഛിണി' എന്ന ശബ്ദത്തോടെ ആത്തു ഛിന്നഭിന്നമായി. അവളുടെ രൂപം അദ്ദേഹത്തിൻെറ മേനിയെ സ്പർശിച്ചു. ഹാ! പുളകം!! നിർവൃതി!!!

അനന്തരനിമിഷം അവളുടെ മനോജ്ഞരൂപം അയാളിൽ ലയിച്ചുചേർന്നു. എങ്കിലും, അതിനിടയിൽ, ആ ഒരു നിമിഷത്തിൽ, അവളുടെ അധരപുടങ്ങൾ അദ്ദേഹത്തിൻെറ കവിളിൽ ഉരുമിക്കൊണ്ടു് അവൾ മന്ത്രിച്ചിരുന്നു:

"അടുത്ത ജന്മം."

സുകുമാരൻ താഴെയ്ക്കു മറിഞ്ഞു.

"അടുത്ത ജന്മം!!"

# മലനാട്ടിൽ

ഇതൊരു പഴകഥയാണു്. എൻെറ ഒരു സ്നേഹിതൻ എന്നോടു വിസ്തരിച്ചു് അന്നൊരിക്കൽ പറഞ്ഞതാണു്. ഇദാനീന്തനരുടെ നിരൂപണദൃഷ്ടി ഇങ്ങോട്ടു കടന്നാൽ ഇതിനു താങ്ങാൻ കഴിയുമോ എന്നു് എനിക്കു രൂപമില്ല. ഒരു 'പരമാത്ഥം' എന്ന രീതിക്കാണു് എൻെറ സ്നേഹിതൻ എന്നോടു പറഞ്ഞതു്. നിങ്ങൾക്കിതു രസിക്കുമെങ്കിൽ വായിക്കുക.

അതൊരു മലനാടാണു്. വലിയ കുന്നംപുറങ്ങളും, മനോഹരങ്ങളായ താഴ്വരകളും, അതിവിസ്തൃതങ്ങളായ കുററിക്കാടുകളും നിറഞ്ഞ ഒരു മലനാടു്. ഇന്നത്തെ നിയമങ്ങളൊന്നും അന്നാട്ടുകാർ കേട്ടിട്ടുതന്നെയില്ല. നാട്ടുകാർ എന്ന പേരർഹിക്കാൻ ആ ദേശത്തു് അധികം ആളുകളും ഇല്ല. ഒരു പുരാതനമായ ചന്തയുള്ളതു് ഏകദേശം മൂന്നുവിളിപ്പാടു് ദൂരത്താണു്. അവിടാണു് നാട്ടുവാഴിയുടെ സ്ഥിരതാമസം. അന്നത്തെ നാട്ടുവാഴികൾക്കു് കൊല്ലും കൊലയ്ക്കുംപോലും അധികാരമുണ്ടായിരുന്നു. അഥവാ അവരുടെ പ്രവൃത്തികൾക്കു് അവർ ആരോടും ഉത്തരവാദിത്വം ചെയ്യേണ്ടിയിരുന്നില്ല. ഈ കഥ നടക്കുന്ന കാലത്തു് നാട്ടുവാണിരുന്നതു് ഏതാണ്ടു് മുപ്പത്തിഅഞ്ചു വയസ്സു് പ്രായമുള്ള ഒരു യുവാവായിരുന്നു.

അങ്ങൊരു കുന്നിൻെറ ചരിവിൽ അടുത്തടുത്ത്, രണ്ടു പുല്ലു മേഞ്ഞ മാടങ്ങളുണ്ട്. (ആ നാട്ടിലെ മിക്ക ഗൃഹങ്ങളും പുല്ലുമേഞ്ഞവയായിരുന്നു.) അവയിൽ ഒന്നിലാണ് രാമചന്ദ്രൻ താമസിച്ചിരുന്നത്. അവൻെറ പിതാവ് ഒരു ചിത്രകാരനായിരുന്നു. ഭാര്യയുടെ അകാലമരണംമൂലം ദുഃഖിതനായ അദ്ദേഹം, ശിശുവായ മകനുമൊന്നിച്ച്, അകലെയുള്ള സ്വദേശത്തുനിന്നും പതിനൊന്നുകൊല്ലം മുമ്പ് ഈ ഒഴിഞ്ഞ കോണിൽ വന്നു. അദ്ദേഹം മരിക്കുമ്പോൾ മകനു 13 വയസ്സേ ഉള്ളു. അയൽവീട്ടിൽ നാടുവാഴിയുടെ വീട്ടിലെ ഒരു പരിചാരിക താമസിച്ചിരുന്നു. അവൾക്കൊരു മകളുണ്ട്. കുട്ടികളെ രണ്ടുപേരെയും ചിത്രകാരൻ എഴുത്തും വായനയും പഠിപ്പിച്ചുവന്നു. അദ്ദേഹം മരിക്കുമ്പോൾ, കുട്ടികളെ രണ്ടുപേരെയും, തലയിൽ കൈവച്ച് അനുഗ്രഹിച്ചു. അവരെ രണ്ടുപേരെയും ആ വൃദ്ധൻ ഒരുപോലെയാണ് കരുതിയിരുന്നത്

കല്യാണിയുടെ അമ്മ അടുത്തയാണ്ടിൽ മരിച്ചു. അത് ഒരു രാത്രിയിലായിരുന്നു. പിതാവിൻെറ മരണംമുതൽ രാമചന്ദ്രനെ ആ വൃദ്ധയാണ് രക്ഷിച്ചുവന്നത്. കല്യാണിയും രാമചന്ദ്രനും ഒന്നും മിണ്ടാതെ ആസന്നമരണയുടെ സമീപം നില്ക്കുകയായിരുന്നു. അവർ ബദ്ധപ്പെട്ടു ശ്വാസംവിട്ടു. കുട്ടികൾ പരിഭ്രമത്താൽ മൂകരായി നിന്നു. "രാമചന്ദ്രാ!" അവർ വിളിച്ചു. അവൻ അടുത്തോട്ടു നീങ്ങിനിന്നു. "എൻെറ കുട്ടി" അവരുടെ കവിൾത്തടത്തിൽ കണ്ണീരൊഴുകുന്നുണ്ടായിരുന്നു. പിന്നവർ സംസാരിച്ചിട്ടില്ല.

അങ്ങനെ, എട്ടുവയസ്സുള്ള കല്യാണിയേയും, പതിനാലുവയസ്സുള്ള രാമചന്ദ്രനേയും വിധി കൂട്ടിയടുപ്പിച്ചു. അവർ എപ്പോഴും ഒരുമിച്ചുതന്നെ കാണും. അവർ ആരേയും ആശ്രയിച്ചില്ല. രാത്രിയിൽ കല്യാണി മുളകും തേങ്ങയും ചതച്ചുകൊണ്ടിരിക്കുമ്പോൾ രാമൻ അടുപ്പിലെ തീയുടെ കാര്യം നോക്കിക്കൊള്ളും. രാവിലെ അവർ പഴയ പതിവനുസരിച്ചു നാടുവാഴിയുടെ അരമനയിൽ

പോകും. അവിടെ പൂ കൊട്ടപ്പായിരുന്ന കല്യാണിയുടെ മാതാവിൻെറ ഒരു കൃത്യം. മടങ്ങുന്ന വഴിക്കു രാമചന്ദ്രനു് ഒരു ജോലിയുണ്ടു്—അവിടെയുള്ള അരുവിക്കരയിൽ ചെന്നു് ചൂണ്ടയിടുക. ചൂണ്ടയിൽ ഇരയെ കോക്കുമ്പോൾ "യ്യോ! ദുഷ്ടൻ" എന്നു പറഞ്ഞു് അവൾ കണ്ണുപൊത്തിക്കളയും. പക്ഷേ, മീൻപിടിത്തത്തിൽ അവൾക്കും വലിയ ഉത്സാഹമാണു്. ഉച്ചയ്ക്കു് അവർ കാട്ടിൽ കയറും, ഉണക്കച്ചുള്ളികൾ ഒടിക്കാൻ. അവൾ ആ വശത്തും ഈ വശത്തും കാണുന്ന പഴങ്ങൾ പറിച്ചുതിന്നും. ചിലപ്പോൾ "ഇടതു തോളിനാരാൽമലന്ന കരതാരിൽ വഹിച്ചിരുന്ന" അരിവട്ടിയിൽ ഇടും, പതുക്കെ നടക്കും. രാമൻ സഗൗരവം മുമ്പേയും. ചിലപ്പോൾ തിരിഞ്ഞുനിന്നു് അവൻ ദേഷ്യപ്പെടും: "ഇങ്ങോട്ടു് എളുപ്പം വരത്തില്ലല്ലോ, കാക്കാലത്തി! കയ്യും വായും ഒരിക്കലും ഒഴികയില്ല." അവൾ ചിരിച്ചുകൊണ്ടു് ഓടിച്ചെന്നു് ഒരു പഴം അവനു നീട്ടും. അവൻ വാങ്ങുകയില്ല. അവൾ ഒരു കയ്യിൽ കടന്നുപിടിച്ചു നിൽത്തും. അവൻ നിന്നു ഗൗരവത്തിൽ നോക്കുമ്പോൾ, അവൾ, അരിവട്ടിയിൽനിന്നു് ഒരു പഴം തിരഞ്ഞെടുത്തു് അവൻെറ വായിൽ വച്ചുകൊടുക്കും. അവൻ തുപ്പിക്കളയുകയില്ലെന്നു് അവൾക്കറിയാമായിരുന്നു. ചിലപ്പോൾ അത്താഴമുണ്ണുന്നതിനുമുമ്പു് അവൻ കിടന്നുറങ്ങിക്കളയും. അപ്പോഴാണു് ഗൃഹനായികയ്ക്കു് ശുണ്ഠിവരുന്നതു്. അവൾ ചെന്നു വിളിച്ചുണർത്തിക്കൊണ്ടു പറയും: "നല്ലുറക്കംതന്നെ. ഈ വീടുമുഴുക്കെ മൂക്കിക്കേറവുമെന്നല്ലാ തോന്നുന്നതു്. വെളക്കു വച്ചതേ ഉള്ളു."

ഇങ്ങനെ ആ മലനാട്ടിൽ ആ കുട്ടികൾ വളർന്നുവന്നു. അവരുടെ ജീവിതം ഉത്സാഹമയമായിരുന്നു. ക്രമേണ, മരിച്ചുപോയ പിതാക്കളുടെ കാര്യത്തിൽ അവർക്കുള്ള ഉൽക്കണ്ഠ കുറഞ്ഞുവന്നു. അമ്മയുടെ കാര്യം ഓർക്കുമ്പോൾ കല്യാണി കരഞ്ഞുപോകും. അവൾ പറയുന്നതു മുഴുവൻ ഗൗരവത്തിൽ കേട്ടുകൊണ്ടുനില്ക്കുന്ന രാമചന്ദ്രൻ, അവൾ കരയുന്നതു കാണുമ്പോൾ മുഖം തിരിച്ചുകളയും.

അവളുടെ കരച്ചിൽ കൂടുകയാണെങ്കിൽ അടുത്തുചെന്നിരിക്കും. അയാൾ പറയും: "കല്യാണി! നീ കരയാതിരിക്കൂ. എന്തിനാ വെറുതേ കരയുന്നതു്?" അയാളുടെ കണ്ണിലും വെള്ളം നിറയും. അവൾ അതു കാണുമ്പോൾ കരച്ചിൽ അടക്കും. ചിലപ്പോൾ അവൻ രാവിലെ എഴുന്നേററു വീട്ടിൽനിന്നും പൊയ്ക്കളയും. കല്യാണി അന്വേഷിക്കുമ്പോൾ കാണുകയില്ല. അവൾ ആ ദിക്കിലെല്ലാം ചുററിനടക്കുകയായി. "എനിക്കു വെളിക്കോട്ടിറങ്ങിക്കൂടേ? കൊച്ചു കുഞ്ഞാണോ ഞാൻ?" എന്നു രാമചന്ദ്രൻ മുഖം ഉയർത്തിക്കൊണ്ടു ചോദിക്കും. "പിന്നെ, കാലത്തേ എണീച്ചാ വീട്ടിക്കാണണ്ടേ?" എന്നായിരിക്കും അവളുടെ വ്യസനാർദ്രമായ ഉത്തരം. സന്ധ്യയ്ക്കു് കുളികഴിഞ്ഞു് രാമചന്ദ്രൻ അരുവിയിൽനിന്നു വരുമ്പോൾ അവൾ ആ വഴിക്കുതന്നെ നോക്കിക്കൊണ്ടു വാതില്ക്കൽ നില്ക്കുന്നുണ്ടായിരിക്കും. അവളെ അവിടെ കണ്ടില്ലെങ്കിൽ ഗൌരവശാലിയായ രാമചന്ദ്രന്റെ മുഖഭാവം മാറും. എന്തു ഭയമാണയാൾക്കു്! "കല്യാണീ, കല്യാണീ!" എന്നു് അക്ഷമനായി വിളിക്കും. ഉത്തരമില്ലെങ്കിൽ അയാൾക്കു ഭ്രാന്തുപിടിക്കും. കല്യാണി അല്പം ദൂരെനിന്നു വരുന്നതു കാണുമ്പോൾ അയാൾ അറിഞ്ഞ മട്ടുകാണിക്കാതെ ഗൌരവം നടിക്കും. ഇങ്ങനെ അവർ അഭേദ്യരായി വളർന്നുവന്നു.

കൌമാരം കഴിഞ്ഞു യൌവ്വനമായി. വസന്തകാലത്തു് ചുററുമുള്ള മരങ്ങളെല്ലാം പൂവണിഞ്ഞു. അങ്ങുമിങ്ങുമായി കുന്നിന്റെ ചരിവുകളിൽനിന്നു്, ഉച്ചസമയത്തുപോലും കിളികളുടെ കളനാദം കേൾക്കാം. പലതരം പൂക്കളുടെ സൌരഭ്യം അന്തരീക്ഷത്തിൽ സദാ ലീനമായിരുന്നു. അവരുടെ ചുററും നിലത്തുനിന്നും അധികം പൊക്കമില്ലാത്ത മാവുകൾ ധാരാളമുണ്ടായിരുന്നു. ഒരു ദിവസം വൈകിട്ടു് രാമചന്ദ്രൻ കുളികഴിഞ്ഞു തിരിയെവന്നപ്പോൾ അവൾ പടിക്കൽ പതിവുപോലെ നില്ക്കുന്നുണ്ടായിരുന്നു. അയാൾ നേരേ മാവിന്റെ അടുത്തുചെന്നു്, തോർത്തു് ഉണങ്ങാൻ അതിന്റെ ഒരു കൊമ്പിൽ തൂക്കിയിട്ടു്, അവിടെ മാറിനിന്നു.

തോർത്തു കാററടികൊണ്ടു് നിലത്തുവീണു. അവൾ ചെന്നു്, അതെടുത്തു കുടഞ്ഞു വീണ്ടും തൂക്കി. അയാൾ തിരിഞ്ഞുനോക്കിയപ്പോൾ അവൾ ചോദിച്ചു: "എന്താണാ, നിന്നാലോചിക്കുന്നേ?" അയാൾ മിണ്ടിയില്ല. അവൾ തുടൻ: "പറയില്ലേ?"

രാമ:—കല്യാണീ! ഞാനൊരു കാര്യം പറയാം.

അവൾക്കു ചിരിവന്നു. "പറയാനല്ലേ എപ്പൊഴേ ഞാൻ പറയുന്നേ"

അയാൾ—"ഞാൻ നിന്നെ സംബന്ധംചെയ്യട്ടേ?"

കല്യാണിക്കു ലജ്ജവന്നു. അവൾ ചോദിച്ചു: "കുളിക്കാൻ പോയപ്പം തോന്നിയതോ ഇപ്പം തോന്നിയതോ?"

രാമ—"നാട്ടുവാഴിയുടെ വീട്ടിൽവച്ചു്." അവൾ അതിശയിച്ചു. അയാൾ വീണ്ടും പറഞ്ഞു: "സംബന്ധം ചെയ്യണം. അല്ലെങ്കിൽ ആ പ്രഭു......അയാളെന്നെ വിളിച്ചുപറഞ്ഞു—ഇന്നു കാലത്തു് നിന്നെ അങ്ങയയ്ക്കണമെന്നു്." രാമചന്ദ്രന്റെ സ്വരം പരുഷമായിരുന്നു

പിറേറന്നാൾ, മുറപോലെ അവരുടെ വിവാഹക്കാര്യം നാട്ടുവാഴിയെ അറിയിച്ചു. അദ്ദേഹത്തിനൊരു ഭാവഭേദവുമില്ലായിരുന്നു. "അതിനെന്താ, ചെലവെല്ലാം ഇവിടന്നുതന്നെ ചെയ്യാം. രണ്ടുപേരുംകൂടെ ഇങ്ങുതന്നെ പോരിൻ. ഇവിടെ പാക്കാം."

രാമചന്ദ്രനു ദേഷ്യംവന്നു. പ്രഭുവിന്റെ മുഖഭാവവും സ്വരവും ഒന്നും അയാൾക്കു പിടിച്ചില്ല.

ആ വിവാഹം അടുക്കുംതോറും കല്യാണിക്കൊരു പുതിയ ജീവിതം തുടങ്ങിയതുപോലെ തോന്നി. ഒരു പുതിയ ആനന്ദം എങ്ങുനിന്നോ വന്നു് അവളെ പുല്കി. അവളന്നു വൈകിട്ടു് രാമചന്ദ്രനെ കാത്തിരിക്കയായിരുന്നു. അയാളെ പ്രഭുവിന്റെ ആൾക്കാർ വന്നു കൂട്ടിക്കൊണ്ടുപോയിരുന്നു. അവൾ അക്ഷമയായി കാത്തുനിന്നു. അയാൾ വരുന്നതു കണ്ടു് അവൾ അങ്ങോട്ടു

ചെന്നു. അയാളുടെ മുഖം ഇരുണ്ടിരുന്നു. അവൾക്കു ഭയം തോന്നി. സന്തോഷം നടിച്ചു് അവൾ ചോദിച്ചു: "എന്താ ഇത്ര താമസി ച്ചതു ? കാത്തിരുന്നു ഞാൻ നരച്ചല്ലോ?" അയാൾ ഒന്നുംപറയാതെ അകത്തേക്കു പോയി. അവൾ ഉൽക്കണ്ഠയോടെ ചോദിച്ചു: "എന്താ വല്ലാതിരിക്കുന്നോ?"

രാമ:—"നീ നാളെ മുതൽ പ്രഭുവിന്റെ വീട്ടിൽ പോകണ്ട.'

അവൾക്കു മനസ്സിലായി. നാട്ടുവാഴിയുടെ ദുർന്നയങ്ങളെ പ്പററി അല്പമായിട്ടെങ്കിലും അവൾ അറിഞ്ഞിരുന്നു. അവൾ പ റഞ്ഞു: "ചെന്നില്ലെങ്കിൽ ദേഷ്യംപിടിക്കും."

രാമ:—ദേഷ്യം പിടിക്കട്ടെ.

കല്യാ:—പൂ കൊടുക്കേണ്ടേ?

രാമ:—അയാൾ ഇനി വേറേ പൂ തിരക്കട്ടെ.

കല്യാ:—അതെന്താ?

രാമ:—"ഞാൻ പറഞ്ഞില്ല—നേരത്തേ." അൽപ്പനേരം രണ്ടുപേരും മൗനമായി നിന്നു. അയാൾ തുടന്നു: "പോകണ്ടാ."

കല്യാ:—"ഇല്ല."

ഭാവിയുടെ മടിത്തട്ടിൽ മറഞ്ഞിരുന്ന ഭയങ്കരവിപത്തു് അവർ അറിഞ്ഞില്ല വേഗം അവർ സകല വ്യഥകളും മറന്നു.

മൂന്നുദിവസം കഴിഞ്ഞു. രാത്രിയിൽ രാമചന്ദ്രൻ കിടക്കാൻ ഒരുങ്ങുകയായിരുന്നു. ഒരു മൂളിപ്പാട്ടു് അയാൾ പാടുന്നുണ്ടായി രുന്നു. കല്യാണി ചോദിച്ചു: "ഇന്നെന്താ ഇത്രവല്യ സന്തോഷം?" അയാൾ പറഞ്ഞു: "എന്തോ നീ പറയൂ.' അവൾക്കു ലജ്ജവന്നു. അവൾക്കു രാമചന്ദ്രൻ ഒരു മഹാത്മാവായിരുന്നു—ഒരു ദേവൻ. അവൾ അയാളെ ആരാധിച്ചു. നൈസർഗ്ഗികമായ ഗാംഭീര്യം, നട ത്തയിലും വർത്തമാനത്തിലുമുള്ള ഒരു പ്രൗഢി—ഇവയെല്ലാം അവളെ അതിശയിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്തു. പിതാ

വിൽനിന്നു മകനു കിട്ടിയിരുന്ന ആ ഗുണങ്ങൾ ആ മലനാട്ടിൽ സുലഭമായിരുന്നില്ല. വിവാഹത്തിനു് ഇനി രണ്ടുദിവസമേയുള്ളൂ. അപ്പോൾ അവൾ രാമചന്ദ്രൻെറ ഭാര്യ!—

മഞ്ചൽ വഹിക്കുന്നവരുടെ മൂളൽ അവരുടെ ശ്രദ്ധയെ ആകർഷിച്ചു രാത്രിയിൽ അതൊരസാധാരണസംഭവമായിരുന്നു. അവർ വാതില്ക്കൽ വന്നു നിലയായി. മഞ്ചൽ അങ്ങോട്ടുതന്നെ ചെന്നു. നാട്ടുവാഴിയുടെ രൂപം അവർ കണ്ടു. കല്യാണി ഒന്നു നടുങ്ങി. നാട്ടുവാഴി നേരെ കുടിലിൽ പ്രവേശിച്ചു. അദ്ദേഹം അവരെ നോക്കി ഒന്നു ചിരിച്ചു. ഇതികർത്തവ്യതാമൂഢരായി അവർ നിന്നുപോയി

"എന്താ രാമൻ' ഒരതിശയം?"

രാമ:—ഇതു പതിവില്ലാത്തതാണു്.

പ്രഭു:—അതേയതേ. എന്താണു് രണ്ടുപേരും അങ്ങോട്ടു കടക്കാത്തതു്? അനുസരണക്കേടിനു തുനിയുകയാണോ?

രാമ:—അതൊന്നുമല്ല. സുഖമില്ലായിരുന്നു.

പ്രഭു:—കല്യാണിക്കോ? എന്തു പററി?

രാമ:—അടിയനു്. ഒരു പനി.

പ്രഭു:—സാരമില്ല. കല്യാണിക്കങ്ങോട്ടു കടന്നുകൂടായിരുന്നോ? വല്ല പൊടിയരിയോ മററോ കൊടുക്കാമായിരുന്നല്ലോ?

രാമചന്ദ്രൻ ഒന്നും മിണ്ടിയില്ല. പ്രഭുവൊന്നു ചുമച്ചു. ഉടൻ പരിചാരകന്മാരിൽ ഒരാൾ രാമചന്ദ്രനെ വിളിച്ചു വെളിയിലേക്കിറക്കി. അയാൾ ഏതാനും ചുവടുകൾ വച്ചപ്പോൾ അകത്തു ചില ബഹളങ്ങൾ കേൾക്കായി. പിടച്ചുനിന്നാൻ ഭാവിച്ച പരിചാരകൻെറ കൈതട്ടി, അയാൾ അകത്തേയ്ക്കോടി. കല്യാണി ഭയചകിതയായി മുറിയുടെ കോണിൽ പതുങ്ങിനില്ക്കുന്നു. പ്രഭു കോപത്തോടെ ഏതോ പറഞ്ഞു് അവളെ സമീപിക്കുന്നു. അരുതെന്നു് അവൾ പ്രാർത്ഥിക്കുന്നു രാമചന്ദ്രനെ കണ്ടു് പ്രഭു തിരിഞ്ഞുനിന്നു് വല്ലുകടിച്ചുകൊണ്ടു ഗർജ്ജിച്ചു. "ഭാ പുറത്തു കഴുത."

അപ്രതീക്ഷിതമായതുകൊണ്ടു് അദ്ദേഹം അടിച്ച അടി രാമനു തടുക്കാൻ കഴിഞ്ഞില്ല. കല്യാണി ഉറക്കെ വിളിച്ചു. പരിചാരകർ ഓടി മുറിക്കകത്തുവന്നു. ഈ സമയംകൊണ്ടു് രാമചന്ദ്രൻ പ്രഭുവിനെ നിലംപതിപ്പിച്ചിരുന്നു. പക്ഷെ, അനന്തരക്ഷണത്തിൽ രാമചന്ദ്രൻ ബന്ധിതനായി. പ്രഭുവും പരിചാരകരും അവനെയും കൊണ്ടു നിഷ്ക്രമിച്ചു.

കഷ്ടം! അവളുടെ ജീവിതാനന്ദം തുലഞ്ഞു. പ്രജ്ഞയില്ലാതെ അവൾ നിലംപതിച്ചു; ഉണർന്നു വികൃതയായി ചുററും നോക്കി ആരുമില്ല. വെളിയിലിറങ്ങാൻ അവൾക്കു പേടിയായി. കൂററിരുട്ടു്. അവൾ ഉറക്കെ കരഞ്ഞു.

നേരം പുലർന്നപ്പോൾ—അതെന്തിനു പുലർന്നു—ആ ഇണ വേർപിട്ട പൈങ്കിളി—ഒരു ഭ്രാന്തിയെപ്പോലെ ഇറങ്ങി നടന്നു. അരുവിയുടെ കരയ്ക്കു ചെന്നപ്പോൾ അവൾ നിന്നു. ചാടില്ല. അങ്ങോട്ടു പൊയ്ക്കൂടാ. "പോകരുതെന്നു പറഞ്ഞിട്ടുണ്ടു്" എന്നവൾ പിറുപിറുത്തു. പെട്ടെന്നവളുടെ മുമ്പിൽ അന്ധകാരം വ്യാപിച്ചതുപോലെ തോന്നി. അവൾ അവിടെ ഇരുന്നു തേങ്ങിത്തേങ്ങിക്കരഞ്ഞു. അന്നവൾ ഒന്നും കഴിച്ചില്ല. എത്ര പ്രാവശ്യം പ്രഭുവിൻെറ വീട്ടിലേക്കവൾ തിരിച്ചു. അങ്ങോട്ടു പോകാനവൾക്കു ധൈര്യമുണ്ടായില്ല. ദിവസങ്ങൾ പിന്നെയും കഴിഞ്ഞു. പട്ടിണി കിടന്നു് അവളുടെ ശരീരം ശോഷിച്ചു. എന്തോ ഒരു സംഭവം അവൾ പ്രതീക്ഷിച്ചു. ഒരു ദൃഢനിശ്ചയം അവൾ ചെയ്തുകഴിഞ്ഞിരുന്നു.

നാലുദിവസം കഴിഞ്ഞു. പ്രഭു രാമചന്ദ്രനെ വധിക്കാൻ കല്പനയായിരിക്കുന്നുവെന്നു് അവൾ കേട്ടു. അവൾക്കു ഭ്രാന്തുപിടിച്ചു. ചിലപ്പോൾ പൊട്ടിക്കരയും. ചിലപ്പോൾ വികൃതമായി ഉച്ചത്തിൽ ചിരിക്കും. പകൽ മുഴുവൻ ആ കാട്ടിലെല്ലാം അലഞ്ഞുതിരിയും. സന്ധ്യയ്ക്കു വീട്ടിൻെറ പടിക്കൽവന്നു കാത്തുനില്ക്കും.

ഇതാണ് ആ ഭ്രാന്തിയുടെ പതിവ്. രാത്രിയിൽ 'രാമചന്ദ്രാ!' എന്ന് ഉറക്കെ വിളിച്ചുകൊണ്ട്, ആ കാട്ടിൽ മുഴുവനും അവൾ ചുററും. പക്ഷികൾ ഉണർന്നു കരയും. ചെറുമൃഗങ്ങൾ ഒച്ചകേട്ട് ഓടിയൊളിക്കും. 'രാമചന്ദ്രാ' എന്നു വിളിച്ചുകൊണ്ട് അവൾ നടക്കും. അവൾക്കു പേടിയില്ല.

ഇടയ്ക്കിടയ്ക്ക് അവൾക്കു പ്രജ്ഞയുണ്ടാകും. അപ്പോൾ പേടിയാകും. തിരിയെ കുടിലിലേക്ക് ഓടും. മുഖവുംമൂടിയിരുന്ന് ആ പാവം കരയും. അവളുടെ ഇണ പറന്നുപോയി പ്രഭു അവനെ കൊന്നുകളഞ്ഞു. അവൾക്കിനി ആരുമില്ല. എന്തുകൊണ്ടവളുടെ ഹൃദയം പൊട്ടുന്നില്ല? ദൈവം എന്തിനവളെ കൊല്ലാതിരിക്കുന്നു? അവളുടെ കരച്ചിൽ പരിസരങ്ങളിലെങ്ങും പരന്നു. ആ വിജനതയിൽ അതു മാറെറാലിക്കൊണ്ടു.

അന്നു രാത്രി, അങ്ങനെ അവളിരുന്നു കരഞ്ഞു. അങ്ങെങ്ങും ഇരുട്ടു പടർന്നിരുന്നു. അവൾ വിളക്കു കൊളുത്തിയില്ല. ആ ദുഷ്പ്രഭുവിൻെറ സാന്നിദ്ധ്യം അവൾ നിമിഷംപ്രതി ഭയന്നു........

ആരോ വിളിച്ചതുപോലെ അവൾക്കു തോന്നി. ആരതു്? ഒരാൾ—അവൾ വിറച്ചു—പ്രഭു'—അവളുടെ കൺമണികൾ ഒന്നു മറിഞ്ഞു. അടുത്തുകിടന്ന എന്തോ ഒന്നു കയ്യിലാക്കിക്കൊണ്ട് ഒരു കുതി. ആ പേനാക്കത്തി പ്രഭുവിൻെറ മാറിടത്തിൽ......"കല്യാണി!" ദയനീയമായ ആ ശബ്ദംകേട്ട് അവൾ മലച്ചു "അയ്യോ!" അവൾ എന്താണു ചെയ്തതു? ആരെയാണ് അവൾ—അവൾ ബോധമററു നിലംപതിച്ചു.

രാമചന്ദ്രൻ പ്രഭുവിനെ രഹസ്യമായി വധിച്ച്, അദ്ദേഹത്തിൻെറ വേഷമണിഞ്ഞു തന്ത്രത്തിൽ രക്ഷപെട്ടതായിരുന്നു. ആ വേഷത്തിൽ അവൾ രാമചന്ദ്രനെ അറിഞ്ഞില്ല.

"കല്യാണി!"

അവൾ എഴുന്നേററു. എങ്ങിയേങ്ങി അവൾ പറഞ്ഞു: "ഞാൻ അറിഞ്ഞില്ല."

"കല്യാണീ! ഞാൻ മരിക്കുന്നു." അവൾക്കതു സഹിച്ചില്ല. അവൾ ആ ആയുധം ഗ്രഹിച്ചു—അയാൾ അനുവദിച്ചില്ല.

ഒരു നെടുതായ ചുംബനത്തിൽ അവർ അലിഞ്ഞുചേർന്നു. അവൾക്കു ബോധംവന്നപ്പോൾ അവൾ ആലിംഗനംചെയ്തിരുന്നതു്, കഷ്ടം! ഒരു തണുത്ത ജഡത്തെയായിരുന്നു അവൾക്കു വേണ്ടി പിന്നൊരു പുലരിയും പുഞ്ചിരിച്ചില്ല.

ഇന്നും ആ മലനാട്ടിലെ ആളുകൾ ഒററയ്ക്കു് ആ കുന്നിൻെറ ചരിവിൽ പോകാറില്ല കാലിമേയ്ക്കുന്നവർ ആ സ്ഥലം ഉപേക്ഷിച്ചിരുന്നു ചുള്ളിയൊടിക്കാൻ ആ കാട്ടിൽ ആരും കേറാറില്ല വേട്ടയ്ക്കുപോകുന്നവർ, ആ കുന്നുംചരിവിൽ മുടി അഴിച്ചിട്ട ഒരു സ്ത്രീ ഒരു യുവാവുമായിരുന്നു സല്ലപിക്കുന്നതു കാണാറുണ്ടെന്നും രാത്രിയിൽ "രാമചന്ദ്രാ!" എന്ന ദയനീയമായ വിളികൾ കേൾക്കാറുണ്ടെന്നുമാണു് എൻെറ സ്നേഹിതൻ പറഞ്ഞതു്.

# കടത്തുകാരൻ

സന്ധ്യാരാഗം മാഞ്ഞതോടുകൂടി ആ രംഗം ജനശൂന്യമായി· ആററുവെള്ളത്തിൽ പൊടിച്ച കൊച്ചലകളിലും, രണ്ടുവശവും തിങ്ങിക്കൂടിയിരുന്ന തരുപ്പടർപ്പിലും ഒരു ഇളംചുവപ്പു തങ്ങിയിരുന്നു. ഒരു നിമിഷംകൂടതു നിന്നു, പിന്നത്തും മാഞ്ഞു. മൂളി മൂളി ആ നദിയൊഴുകി. ആഞ്ഞടിവച്ചടുത്ത ഇരുട്ടിൽ, അവിടം ഒരു വലിയ തമസ്സഞ്ചയമായി മാറി. ശബ്ദമുണ്ടാക്കാതെ അവിടെങ്ങും പറന്ന ഒരിളംകാററിൽ കലന്നൊരു ഗാനാലാപം! അതെവിടെ നിന്നയന്നു? ഇളംകാററിൽ കലന്നു്, നദി മീട്ടിയ വീണയുടെ ശ്രുതിയിൽ ലയിച്ചു്, ആററുകടവിൽനിന്നൊരു ശോകാത്മകമായ ഗാനാലാപം! രാഗമല്ല, അത്ഥമല്ല, ശാസ്ത്രത്തിൻെറ പരുക്കൻ ചക്കിലാട്ടിയെടുത്ത യാതൊരെണ്ണയുമല്ല,—എന്തോ ഒരു നൈസർഗ്ഗികമായ സൌന്ദര്യം! ഹൃദയത്തിൻെറ ഭാഷയറിയാത്ത എന്തോ ഒരാവേഗം! നിന്നു. ഒരു നിശ്ശബ്ദത! ആ ഗീതത്തിൽക്കൂടെ പരന്ന ആ ഒരാവേഗംമാത്രം അവശേഷിച്ചു. നദി മൂളിയില്ല; നദിക്കരയിൽ ഇരുവശവും കണ്ണെത്തുംവരെ കറുത്തിരുണ്ടു് നിരന്നുനിന്ന ചെടികൾ കൊമ്പിളക്കിയില്ല. ഒരേകാന്തത!

അതാ അക്കരെയുള്ള വൃക്ഷപ്പടർപ്പിൻെറയെല്ലാം ഇടയിൽ, മുകളിൽ, ഒരു വെള്ളിമിനുക്കം. അതു വെള്ളത്തിൽ പതിച്ച

പ്പോൾ നദീക്കിക്കിളിയായി. കൊച്ചലക്കരങ്ങൾകൊണ്ടതു തെരു തെരെ തട്ടുന്നു; പൊട്ടിച്ചിരിച്ചു; കുതിച്ചു മുമ്പോട്ടു പാടി. ചന്ദ്രൻ പിന്നെയും അതിനെ ഇക്കിളികൂട്ടി.

ഇക്കരെ, ആററുകടവിൽ, ഒരു കടത്തുവഞ്ചി കെട്ടിയിരുന്നു. അതിൻെറ തലയ്ക്കൽ നയമ്പു് അലസമായി വെള്ളത്തിൽ താഴ്ത്തി ഊന്നിക്കൊണ്ടു് മുഖം മുട്ടിൽ ചായ്ച്ചു്, ഒരാളുണ്ടു്. അയാളാണു് കടത്തുകാരൻ. കൊഴുത്തുരുണ്ടു് കറുത്ത ദേഹം. നല്ല നീലിച്ച ചുരുളൻമുടി. വിരിഞ്ഞ മാറു്. കൂടെക്കൂടെ അയാൾ തലപൊക്കി അക്കരെയ്ക്കു നോക്കും. അവിടെല്ലാം വെള്ളിപ്പൊടി പൂശിയ ചന്ദ്രികയുടെ സുഖമേററു് തലയാട്ടിത്തുടങ്ങിയ ചില വൃക്ഷങ്ങളുടെ കുരങ്ങുകളിക്കുന്ന നിഴലുകളല്ലാതെ അയാൾ ഒന്നും കണ്ടില്ല. ഓരോ നോട്ടവും എന്താശയോടെ, ഉദ്വേഗത്തോടെ ആണു്? അക്കരെ, തെളുതെളെ മിനുങ്ങുന്ന, 'കിളുകിളെ'ന്നൊഴുകുന്ന ജലത്തിൻെറ മുകളിൽക്കൂടെ, ആ അവ്യക്തസുന്ദരമായ രംഗത്തിൽ അയാളുടെ കണ്ണുകൾ ചെന്നുറയ്ക്കും. ഒരു നിമിഷം അവയൊന്നു തിളങ്ങും. പിന്നവ മങ്ങും, അടയും. കഴുത്തു വാടിവീഴും. ഒരു ചുടുനിശ്വാസംകൂടെ അന്തരീക്ഷത്തിൽ ലയിക്കും.

പെട്ടെന്നയാൾ തലയുയർത്തി. ആരോഗ്യം തുളുമ്പുന്ന ഒരു മുഖം! കുട്ടനാട്ടിലെ ഒരു കടത്തുവള്ളക്കാരൻയുവാവിൻെറ കറുത്ത മുഖത്തിനു് സൗന്ദര്യമുണ്ടെന്നു് ആദ്യത്തെ നോട്ടത്തിനു് തോന്നിപ്പോയാൽ അതു ധിക്കാരമാകുമോ?......ആ മുഖത്തിനു് ഒരഴകു്, അഥവാ, ഒരാകർഷണീയതയുണ്ടു്. അവൻെറ കണ്ണുകൾക്കു് ഒരു പ്രത്യേകതെളിച്ചമുണ്ടു്.

അവൻെറ ചുണ്ടുകളൊന്നു വിറച്ചു, വിടന്നു. അതാ, നദീജലത്തിൽ തട്ടി, വായുവിലുയർന്നു്, പച്ചിലച്ചില്ലയിലെല്ലാം ചെന്നലച്ചു്, അന്തരീക്ഷം മുഴുവൻ നിറഞ്ഞു തുളുമ്പുന്ന ഒരോമന സംഗീതം! അതിവൻെറ ഹൃദയത്തിൻെറ ആവേഗമോ?—ഈ കറുത്ത അക്ഷരശൂന്യനായ, കടത്തുവഞ്ചിക്കാരൻെറ?.........

ആ ഗീതം ഉറച്ചു. അന്തരിക്ഷം, അടക്കാൻ വയ്യാത്ത ഒരു ഉത്കണ്ഠയാൽ നിറഞ്ഞു. മറുകരെ അതു ചെന്നെത്തി. കൊച്ചലകളുടെ നേരിയ പതനശബ്ദത്തിൽനിന്നു വ്യത്യസ്തമായി അവിടെയുള്ള കാടുകളിലും, കല്ലുകളിലും, മണൽത്തിട്ടകളിലുംനിന്നു മറെറാരു ശബ്ദംമറുപടിപറഞ്ഞു; അവ്യക്തമായ ഒരു പ്രതിദ്ധ്വനി. ആ നിർമ്മലഗാനത്തെ പകർത്തുവാനുള്ള ഒരു നിഷ്ഫലയത്നം. അതാ അവിടെനിന്നു മറെറാരു ശബ്ദം. പാട്ടു നിന്നു, പ്രതിദ്ധ്വനി നിന്നു അവൻ ചാടിയെഴുന്നേററു. വഞ്ചിയിൽനിന്നു്, അടക്കാൻവയ്യാത്ത ഒരു ഉദ്വേഗത്തോടെ മറുകരയ്ക്കു നോക്കി. ഒരു നിമിഷനേരത്തേയ്ക്കു് ഒരു നിശ്ശബ്ദത. പിന്നെയും അതാ, ആ നിശ്ശബ്ദതയിൽക്കൂടെ സഞ്ചരിച്ചെത്തിയ അതേ നീണ്ടവിളി.

"ഊ..............ഹാ..................."

അവൻെറ കണ്ണുകൾ തിളങ്ങി. വഞ്ചി കുതിച്ചു് അക്കരെ അടുത്തു.

ഒരു നാടൻപെണ്ണ്. ഇരുനിറം. ആ ഇളംകാററിൽ അലസമായി കെട്ടിയിരുന്ന അവളുടെ മുടി പാറിപ്പറന്നു. കരങ്ങളിൽ ഒരുമാതിരി വെള്ളിവളകൾ. കറുത്ത കണ്ണ്. തുടുത്ത മുഖം. ആ നിലാവിൽ മയങ്ങുന്ന ആററുകടവിൽ ആ സമയത്തു്, അവൾ ഒരു വനദേവതയെപ്പോലെ നിന്നു. നിലത്തു്, ഒഴിഞ്ഞ ചെറുകുട്ടയുണ്ടായിരുന്നു. ചന്തയിൽ മലക്കറി വിൽക്കാൻപോയി മടങ്ങിവരുന്ന ഒരീഴപ്പെണ്ണാണവൾ—നാണി.

അവൻ വള്ളത്തിൽനിന്നു ചാടിയിറങ്ങി. കുട്ട എടുത്തു വള്ളത്തിൽ വച്ചു. വള്ളം ഒന്നുകൂടി പിടിച്ചു് അടിപ്പിച്ചുകൊടുത്തു. അവൾ കയറി. അവൻ തുഴഞ്ഞുതുടങ്ങി—അലസമായിരുന്നു്, മന്ദം മന്ദം തുഴഞ്ഞുതുടങ്ങി.

അവൾ:—"ഇന്നൊരുപാടങ്ങു് ഇരുട്ടിപ്പോയി. വീട്ടിച്ചെല്ലുമ്പം എന്തോ പറയും?"

അവൻ:—"എന്തേ ഇത്തറ താമസിച്ചേ?"

അവൾ:—"നിങ്ങ എന്നേ നോക്കിയിരിക്കയാരുന്നോ?"

അവൻ:—"അല്ലാണ്ട് പിന്നെ വേറെ ആരെ കാക്കാനാണ്?"

അവൾ:—"വെളുമ്പാ! എന്തേ വള്ളം കീപ്പോട്ട പോന്നേ?"

അവൻ ഓത്തില്ല. വേഗം നയ്മ്പ് എട്ടത്തൊന്ന മാററി ത്തുഴഞ്ഞു. വഞ്ചി വീണ്ടും നേർവഴിക്കു തിരിഞ്ഞു.

അവൾ:—"എന്തൊരു നിലാവ്? അമ്മണലിക്കേറി കെടക്കാൻ തോന്നുന്നു."

അവൻ മിണ്ടിയില്ല.

അവൾ:—"വെളുമ്പൻെറ പാട്ടൊന്നുമില്ല്യോ? ഒരു പാട്ടൊന്ന കേക്കട്ടേ."

അവൻ:—"പാടാമല്ലോ. ഇപ്പം വേണോ?"

അവൾ:—"പിന്നെ, പറയുമ്പം വെലയാ!" എന്ന പരിഭവിച്ചു.

അവളുടെ ആ കണ്ണുകൾ നിലാവുപുരണ്ട് മിന്നുന്നതും നോക്കിയിരുന്ന അവന്, പച്ചിലക്കൂട്ടംകൊണ്ട് ഒരേറുകിട്ടി. അവൻ ഉണന്ന് പാടിത്തുടങ്ങി. വെറം ഒരു വള്ളപ്പാട്ട്—

"അമ്പനക്കം ഏലേലാ
അമ്പനടി ഏലേലാം
അമ്പനക്കം അമ്പനടി ഏലേലാം
ഏലേലാം ഏലേലാം—"

അവൻ നിറുത്തി.

അവൾ:—"എന്താ നിങ്ങളങ്ങ് കൊഴഞ്ഞുപോയോ?"

അവൻ:—"ഇനി നാണീടെ പാട്ട് ഞാനിത്തിരി ഒന്ന് കേക്കട്ടെ."

നാണി—"അമ്പടീ! ഇപ്പം വയ്യങ്കിലോ?"

അവൻ:—"ഇമ്മണപ്പൊറത്ത് നിന്നെ ഞാനങ്ങെറക്കും."

അവൻ വള്ളം ആ മണൽക്കരയിലടുപ്പിച്ചു.

അവൾ:—"അയ്യോ, നിങ്ങളെന്നെ ഇട്ടേച്ചുപോയ്യ്യാന്നോ?"

അവൻ:—“അതില്ല.”

അവൾ:—“ഞാം പാടാം. എന്തുപാട്ടാ?”

അവൻ:—“തുമ്പിപ്പാട്ട്.”

അവൾ പാടിത്തുടങ്ങി:

“ഒന്നാംകുന്നാമ്മ, ഒന്നരക്കുന്നാമ്മ

ഒന്നല്ലോ മങ്കമാർ പാലനട്ടു.

പാലയ്ക്കിലവന്നു, പൂവന്നു, കാവന്നു

പാലയ്ക്കു പാൽകൊടു പാർവ്വതിയേ—

നിങ്ങ വള്ളം വിടുന്നില്ല്യോ? ഞാക്കു് വീടും കൂട്ടമൊക്കെയൊണ്ടു്.”

അവൻ:—“നാണിക്കിളിക്കൊരു കൂട് വെളുമ്പൻ കണ്ടിട്ടൊണ്ടാരുന്നു്—ഇയ്യാറെററമ്പിലു്.” അവൻ ഒന്നു പുഞ്ചിരിച്ചു—ശോകംനിറഞ്ഞ ഒരു നേരിയ മന്ദഹാസം. അവൾ പരിഭ്രമിച്ചു, ചുറവും കണ്ണോടിച്ചു. ആകാശവും നദിയും തമ്മിൽ പുഞ്ചിരിച്ചു. നദി ആകാശത്തെ വാത്സല്യത്തോടെ അതിൻെറ അലക്കരങ്ങളിലെടുത്തു് ആട്ടിയാട്ടി ഉറക്കുപാട്ടു പാടി.

“വെളുമ്പാ! വഞ്ചി താഴോട്ടാ പോന്നേ.”

അവൻ ഞെട്ടിയുണർന്നു. ഒരു നെടുവീർപ്പു്. അവൾ അതു കേട്ടു.

വഞ്ചി കരയ്ക്കടുത്തു. അവൾ ഇറങ്ങി. അവൻ കുട്ടയെടുത്തു കൊടുത്തു. പതിവുപോലെ, ഇത്തവണ അവൻ അതവളുടെ കയ്യിലല്ല കൊടുത്തതു്. നിലത്തു വെച്ചുകൊടുത്തതേയുള്ളു. അവൾ കുട്ടയും ചുമന്നു് നടന്നുകൊണ്ടു്:—“പോട്ടേ?”

ഒരുത്തരവും കിട്ടാഞ്ഞു് അവൾ തിരിഞ്ഞുനോക്കി. അവൻ അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു—അവളെത്തന്നെ നോക്കിക്കൊണ്ടു്. ‘വെളുമ്പാ!”

അവൻെറ കണ്ണുകളിൽ നിറഞ്ഞുനിന്ന കണ്ണുനീർ ചന്ദ്രികയേററു മിന്നങ്ങി. അവഠം അതു കണ്ടു. അവൻെറ ചുണ്ടുകഠം വിറച്ചു. "പോ." മന്ദമായ, പരുഷമായ, ആ മുളങ്കാട്ടിൻെറ ചിലപ്പോഴത്തെ മൂളൽപോലെ, ഒരു ശബ്ദം. അതവഠംക്കുള്ള അനുജ്ഞ ആയിരുന്നു. പക്ഷേ, അവഠം പോയില്ല. അവൻെറ ആ മുഖത്തുനിന്നു കണ്ണെടുക്കാതെ കുട്ട താഴെവെച്ചു, ചുററും ഒന്നു കണ്ണോടിച്ചു. ആരുമില്ല. അവഠം ഓടി അവനോടണഞ്ഞു. ഒന്നുരണ്ടു ഗദ്ഗദങ്ങഠം. നദി അവ ഏററെടുത്തു. പുതുതായി വന്ന ഒരു കിഴക്കൻകാററ്, കരയ്ക്കുനിന്ന ആ മുളങ്കാട്ടിൽ കയറിയിരുന്ന് ഒരു നേരിയ രോദനം തുടങ്ങി.

* * * * *

ഒരീഴപ്പെണ്ണാണ് നാണി. വെളുമ്പൻപുലയനും അവളും ഒരേ തമ്പ്രാൻെറ വേലയിലാണ്. വെളുമ്പൻ കാലിമേച്ചുകൊണ്ടുനടന്ന ആ കുട്ടിക്കാലത്ത്, അവഠം ചുള്ളിയൊടിക്കാൻ അവിടൊക്കെ ചെല്ലും. അവൻ എല്ലാ മരക്കൊമ്പിലും അണ്ണാനെപ്പോലെ കയറിയിറങ്ങുമ്പോഠം, അവഠം താഴെ നിന്ന് അതിശയിക്കാറുണ്ടായിരുന്നു. പ്രായമായപ്പോഠം അവൻ കടത്തുകാരനായി. അവഠം മലക്കറിവില്ക്കാൻ എന്നും അക്കരെയുള്ള ചന്തയിൽപോകും. മടങ്ങാൻ സന്ധ്യയാകും. ആരോഗ്യം നിറഞ്ഞ നാട്ടിൻപുറത്തെ രണ്ടു യുവഹൃദയങ്ങഠം, പ്രകൃതിയുടെ പൂർണ്ണസൗന്ദര്യം വഹിക്കുന്ന ആ പുഴയരികിൽ, ഏകാന്തമായ സന്ധ്യാസമയത്ത്, ദിവസവും അങ്ങനെ കൂടിവന്നാൽ—ഹൃദയത്തിൻെറ ചില കുതിച്ചുചാട്ടങ്ങളുണ്ട്, നിരങ്കുശമാണ്. മനുഷ്യൻെറ കൃത്രിമബുദ്ധി നിർമ്മിച്ച കന്മതിലുകളൊന്നും അതിനു പ്രതിബന്ധമാകുകയില്ല. അവക്ക് അങ്ങനെ ചില വികാരങ്ങളുണ്ടായി, പ്രബലങ്ങളായി. അസൂയയും, പരദ്രോഹചിന്തയും ആ നദിക്കരയിലെ മണ്ണിൽ വളരുകയില്ലായിരുന്നതുകൊണ്ട്, അപവാദശരങ്ങളൊന്നും അവർക്കേല്ക്കേണ്ടതായിവന്നില്ല. എന്നാൽ വേറൊരു തമ്പ്രാൻെറ വേലയി

ലുള്ള "ഒരീഴക്കുഴിയൻ" നാണിക്കു വന്നുചേൎന്നു. ഇനി നാണിക്കു ചന്തയിൽപോകേണ്ട ആവശ്യമില്ല. ആ സ്ഥലം, ആ ആററു കടവു്, കടത്തുവഞ്ചി, ആ വ–ഞ്ചി–ക്കാരൻ—എല്ലാം ഇനി അവൾ എന്നു കാണും.?........

ആ കറുത്ത കാറിനിടയിൽക്കൂടെ ചന്ദ്രൻ വെളിക്കു കടന്നപ്പോൾ അവരും ഉണൎന്നു. അവൾ അമ്പരന്നു ചുററും നോക്കി. അവളുടെ ഒഴിഞ്ഞ കുട്ട അകലെ ചന്ദ്രികയിൽ ഇരിക്കുന്നു. അവളുടെ അപരാധത്തിൻെറ സാക്ഷി. അചേതനമായിരുന്നെങ്കിലും അവൾക്കതിനോടു വെറുപ്പു തോന്നി. അവൾ ഞെട്ടിമാറി, അവൻെറ മുഖത്തേയ്ക്കു് നോക്കി. ഭാവനാസുന്ദരമായ ഒരു സ്വപ്ന ലോകത്തിൽനിന്നും ആ നോട്ടം അവനെ തള്ളി ക്രൂരമായ യാഥാൎത്ഥ്യത്തിൻെറ കണ്ടകാകീൎണ്ണതയിലേക്കു് വീഴ്ത്തി.

അവൾ പോകണം. എന്നെന്നേയ്ക്കുമായി അവൻെറ ചാരത്തുനിന്നും പോകണം. അവൾ യാത്രചോദിച്ചു. അവൻ സമ്മതിച്ചു. "പോകാനേരം ഞങ്ങളിതിലേയാന്നേ വരുന്നേ." അവൻ അറിയാതെ തലകുലുക്കി. വരമ്പിൽ കയറി അവൾ തിരിഞ്ഞുനോക്കി..........

തെററെല്ലാം അവൻെറ പക്കൽ. മേലാളറിഞ്ഞാൽ കോപിക്കും. അവനർഹതയില്ലാത്തതവൻ ചെയ്തുപോയി. അവിവേകം പ്രവൎത്തിച്ചതിൻെറ അപരാധം അവൻ നിശ്ശബ്ദമായി സഹിക്കണം. എന്നാലും—"നാണീ!—" അവൻ ഓടി അടുത്തു.

"നാണി, പോകേണ്ടാ." അവൻെറ കണ്ണുകൾ തിളങ്ങി.

"അയ്യോ!" അവൾക്കു പേടിയായി.

"പോകേണ്ട നാണീ കേള്. വെളുമ്പനെന്തുചെയ്യും നാണീ? അമ്മണപ്പുറവും വള്ളവുമൊക്കെ—നമ്മ എത്തറനേരം ഇരുന്നിട്ടൊള്ളതാ. ആ പാട്ടും കളിയുമൊക്കെ—" അവൻെറ തൊണ്ട ഇടറി. "വാ നാണീ. കേറതില്ു്. നിന്നെ ഞാം കൊണ്ടുപോം

എവിടെങ്കിലും. അല്ലെങ്കി അങ്ങ് പോട്ട്. തമ്പ്രാനും അറി യത്തില്ല, ആരുമറിയത്തില്ല. വാ നാണീ!"

ഇതെന്തു ഭ്രാന്ത്? ആ നാട്ടിൽ ഇങ്ങനെ ഒരൊളിച്ചോടി പ്പോക്ക് അവൾ കേട്ടിട്ടേയില്ല. അവൾക്കതിനു കൊതിതോന്നി. വെളുമ്പനെ പിരിയുക അവൾക്കു വ്യസനമാണു്. പക്ഷേ, ഒരു പുലക്കുഴിയൻെറകൂടെ—അവൾ മിഴിച്ചു നിന്നതേയുള്ളു. അവൻ അവളുടെ കൈയ്ക്കു് കടന്നുപിടിച്ചു. "അയ്യോ!" വളകളുടെ ഒരു അടച്ച കിലുക്കം.

"നീ വരിന്നില്ല്യോ—വെളുമ്പൻെറകൂടെ?"

ഭ്രാന്താണു്, സംശയമില്ല. മുഖത്തിനെന്തൊരു വ്യത്യാസം! കണ്ണെങ്ങനെ മിഴിച്ചിരിക്കുന്നു! അയ്യോ! വെളുമ്പനു് ഭ്രാന്താണു്. പക്ഷെ, അവളെന്തുചെയ്യും?

"ഞാം പോട്ടെ?" അതൊരു നേരിയ രോദനമായിരുന്നു. അവളുടെ കണ്ണിൽ നീരുയന്നു. അവൻ അവളെ വാരിയെടുത്തു. മാറോടു ചേത്തൊന്നു ഞെരിച്ചു. രണ്ടുനിമിഷം അങ്ങനെ നിന്നു. പിന്നങ്ങു വിട്ടു. "പോ."

അവൾ മറഞ്ഞു. അവൻെറ ഹൃദയം ശൂന്യമായി. ആ ആററുകടവും, കടത്തുവള്ളവും അവനും മാത്രമായി. സുന്ദരമായ സവ്വും, മധുരമായ സവ്വും, അവൻെറ ജീവിതത്തിൽനിന്നും ഓടി അകന്നുകഴിഞ്ഞു. തേച്ചുമിനുക്കിയ വാക്കുകളില്ല; ഉച്ച ത്തിൽ പറയാവുന്ന ഉന്നതാദശ്ങ്ങളില്ല. 'അനുരാഗവും' 'പ്രേമവും' ഒന്നും അവൻ പഠിച്ചിട്ടില്ല. എങ്കിലും അവൾ അവൻെറ ദൃഷ്ടിപ ഥത്തിൽനിന്നും മറഞ്ഞപ്പോൾ—അവൻെറ ബലിഷ്ഠമായ ഹൃദയ ഫലകത്തിലൊരാഘാതമുണ്ടായി. അവൻെറ കണ്ണിൽ ഇരുട്ടു കയറി. കഷ്ടം, അവനു് സ്വയം സമാശ്വസിക്കാൻ കെല്പില്ല; അവനു് ഒരു തത്വജ്ഞാനവുമില്ല.

സാവധാനം നടന്നു് അവൻ വഞ്ചിയുടെ തലയ്ക്കൽ ചെന്നു. ഒരു നിമിഷം അവിടെ നിന്നു് നാലുപാടും ഒന്നു നോക്കി. ആ

നോട്ടം—ആ മുഖം! ഒരു ചിത്രകാരനും അതു പകർത്താൻ സാധിക്കയില്ല. അവൻ വള്ളത്തിൽ കയറി, മുഖം കുനിച്ചു്, കൈ കെട്ടി അതിൽ ഇരുന്നു—ചലനരഹിതമായ ഒരിരുണ്ട സത്വം.

അവൻ തുഴഞ്ഞില്ല. നയ്മ്പെട്ടതവൻ കരയ്ക്കിട്ടു. അവരും വരുമ്പം അതു കണ്ടുകൊള്ളട്ടേ. വള്ളം കിഴോട്ടൊഴുകി. ആ മണൽതിട്ടയിൽ മന്ദമായി ഒന്നുരസി. എന്തു്! അതിനും പൂനിലാവിൽ മയങ്ങുന്ന ആ പുളിനത്തെക്കുറിച്ചു്, പുളകംകൊള്ളിക്കുന്ന ചില സ്മരണകളുണ്ടെന്നോ? അവൻ ഒന്നു ഞെട്ടി. അവിടെ എത്ര രാത്രികളിൽ നാണിയുമായി അവൻ കള്ളപറഞ്ഞു രസിച്ചിട്ടുണ്ടു്. അവനു് സഹിച്ചില്ല. "നാണീ!—" ആ ബലവത്തായ ശ്വാസകോശങ്ങളുടെ പൂർണ്ണശക്തിയിൽ ഒരു വിളി; അവൻെറ ഹൃദയവ്യഥയുടെ ആഴം മുഴുവൻ അളന്ന ഒരു വിളി. നാലുപാടും അതു ചെന്നലച്ചു. ചന്ദ്രൻ പുഞ്ചിരിച്ചു; പുഴ കുളി പറഞ്ഞു. കരയ്ക്കുള്ള ഒരു കുടിലിൽനിന്നും ഒരു ശ്വാനൻെറ നീണ്ട നിലവിളി കേൾക്കാനുണ്ടു്. ദൂരെ, ആ വളവിൽ ഒരു വലിയ കേവുവഞ്ചിയുടെ ഇരുണ്ട നിഴൽ അവ്യക്തമായി കാണാമായിരുന്നു.

വള്ളം കിഴോട്ടുകിഴോട്ടു നീങ്ങി. നദിയും തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു് കിഴ്പോട്ടു് ഒഴുകി. അടക്കാൻ വയ്യാത്ത അല്ലലിൽ അതിൻെറ മാറിടം മുറയ്ക്കുയരുകയും താഴുകയും ചെയ്തു.

ചന്ദ്രൻ കുറേശ്ശെ മങ്ങി; മാഞ്ഞു. പൂർവ്വദിക്കിൽ ഒരു നവ്യദ്യുതി തെളിഞ്ഞുതുടങ്ങി. ആററുകരയ്ക്കു് ഒന്നുരണ്ടു പൂങ്കോഴികൾ കൂവിത്തുടങ്ങി. ചില പച്ചിലക്കിളികൾ മരത്തൊത്തുകളിൽനിന്നും "ചിക്രീ" "ചിക്രീ" എന്നു സരസമായി പാടി. കുളിരണിഞ്ഞ ഒരു തെന്നൽ സർവ്വത്ര വീശിത്തുടങ്ങി. നേരം വെളുക്കാൻപോകുകയാണു്. ആ ആററുകടവിലെ കടത്തുവഞ്ചി ഇപ്പോൾ എവിടെ എത്തിയിരിക്കും?

# നഴ്സിൻെറ മറുപടി

പ്രിയസഹോദരി,

. പിന്നൊരു ജീവിതകാലം കഴിഞ്ഞെന്നു തോന്നുന്നു. മിക്കതും മറക്കപ്പെട്ടിരുന്നു. ചിലതെല്ലാംമാത്രം ലോലലോലമായ പട്ടുനൂലിൻെറ സമ്പർക്കംപോലെ ഹൃദയത്തിൽ എങ്ങോ തൊട്ടിരിക്കുന്നു. ആ ഭൂതകാലത്തിൻെറ സ്മരണകൾ, ഇന്നത്തെ ഈ ജീവിതത്തിൽ ഞാൻ പഴകിച്ചേർന്നപ്പോൾ അന്നത്തെ ഭൂതകാലം എൻെറ ജീവിതത്തിൽനിന്നു കണ്ടിച്ചെറിയപ്പെട്ട ഒരു വേണ്ടാത്ത കഷണമായി വിസ്മരിക്കപ്പെട്ടിരുന്നു. ഈ ജീവിതത്തിൽ അത്ര മദമത്തമായ അനുഭൂതികൾ നിറഞ്ഞുനിൽക്കുന്നതുകൊണ്ടല്ല. ആ ഭൂതകാലത്തിൽ മധുരമായ ഒരു സ്മരണപോലും വിരലിൽ തടയാനില്ലാത്തതുകൊണ്ടുമാത്രം.

സുദീർഘമായ ഒരു കാലത്തിൻെറ മൗനത്തിനും മറവിക്കും ശേഷം, നിന്നെ മറന്നുകളയണേ എന്നു് അപേക്ഷിക്കുവാൻമാത്രം നീ എനിക്കീ വിളിച്ചുണർത്തുന്ന കത്തെഴുതി. നിന്നെ മറക്കണമെന്നു മാത്രമാണു് ആവശ്യമെങ്കിൽ ഞാനതു ചെയ്തിരുന്നല്ലോ. അനാമ്മേ! നീ എന്തിനീ ഓർമ്മിപ്പിക്കുന്ന കത്തെഴുതി? നിൻെറ അച്ഛനില്ലാത്ത കുട്ടികളും നീയും എല്ലുന്തി, കവിളൊട്ടി, കീറമുണ്ടുടുത്തു് തെരുവുനീളേ തെണ്ടുന്ന ചിത്രം നീ എന്തിനു് എൻെറ

മുന്നിൽ കാണിച്ചു? നിന്നെ ഞാൻ മറന്നിരുന്നു. വേണമെങ്കിൽ നീ ഏഴുനിലമാളികയിൽ സുഖിക്കുന്നുവെന്നും നിനക്കുവേണ്ടി ഞാൻ വിശ്വസിച്ചുകൊള്ളാമായിരുന്നു. "എനിക്കു് ഒരപേക്ഷയേ ഉള്ളൂ. എന്നെ നീ ദയവുചെയ്തു മറന്നുകളയണേ" എന്നു നീ എഴുതിയപ്പോൾ, അന്നാമ്മേ! നീ ഒരു വലിയ കള്ളമെഴുതുകയായിരുന്നു. വാസ്തവത്തിൽ, നിൻെറ ദയനീയസ്ഥിതിയുടെ ചിത്രം സമർപ്പിച്ചിട്ടു് നീ എൻെറ അനുകമ്പയ്ക്കുവേണ്ടി യാചിക്കുകയായിരുന്നു.

എൻെറ അനുകമ്പ! നിനക്കെന്തു തെററിപ്പോയി. ഞാൻ ത്യാഗിനിയാണെന്നും, ദേവതയാണെന്നും, എൻെറ ജീവിതം അവശക്കുവേണ്ടി ഉഴിഞ്ഞുവെച്ചിരിക്കയാണെന്നും മററും പറഞ്ഞു നീ എൻെറ അനുകമ്പയെ കുത്തിയിളക്കുകയാണു്. ഒരുവേള നീ വിശ്വസിക്കുന്നുണ്ടായിരിക്കാം, അന്നും ഇന്നും ഞാനൊരു നല്ലവളാണെന്നു്. അവിടെയാണു് നിൻെറ വലിയ തെററു്. അന്നും ഇന്നും ഞാൻ ഒരു സ്ത്രീ മാത്രമാണു്. സ്ത്രീയെന്നുവെച്ചാൽ എന്താണെന്നു് നിനക്കറിഞ്ഞുകൂടെ? കുതിച്ചുപൊങ്ങുന്ന വികാരതരംഗസഹസ്രങ്ങളെ അവളുടെ സ്രഷ്ടാവായ ഈശ്വരനുപോലും അജ്ഞാതമായവിധം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടുനടക്കയും, അതേസമയം മാതാവോ, ഭാൎയ്യയോ, കാമുകിയോ, സ്നേഹിതയോ ആയി മന്ദഹസിക്കയുംചെയ്യാൻ കഴിയാവുന്ന ഒററ വിചിത്രസൃഷ്ടിയുടെ പേരാണു് സഹോദരി സ്ത്രീയെന്നു്.

നീ, യൗവ്വനത്തിൻെറ പ്രേരണയിൽപ്പെട്ടു് പൂവിറുത്തുചൂടി വിലാസവതിയായി നടന്നപ്പോൾ നിനക്കെന്തായിരുന്നു ആവശ്യം? ഒരു ഭൎത്താവിനെയോ? നിശ്ചയമായും അല്ല. ഒരു കാമുകനെ മാത്രം. നിൻെറ തരിക്കുന്ന മാംസത്തിൽ അമൎന്നുചേരാൻ സുഖപ്രദമായ ഒരു ഭാരത്തെ. നീ തെററിദ്ധരിച്ചു എനിക്കതൊക്കെ അജ്ഞാതമാണെന്നു്. ഞാൻ "യുവതിയായ ഒരു ബാലിക" യാണെന്നു്. അന്നക്കുട്ടീ, എൻെറ ശരീരത്തിനു് നിൻെറ കാന്തി

യോടു കിടപിടിക്കാൻ ഒന്നുമില്ലായിരുന്നു. നമ്മുടെ സ്കൂളിൽ ആരും എന്നെ നോക്കിയില്ല. എന്നെക്കാണാൻ വഴിയരുകിൽ കാത്തുനിന്നില്ല. ഞാൻ പുണ്യവാളത്തിയായതുകൊണ്ടല്ല; ഞാൻ വിരൂപയായതുകൊണ്ടുമാത്രം.

നിൻെറ വിജയം എന്നെ ഭ്രാന്തുപിടിപ്പിച്ചു. സുരൂപയുടെയും വിരൂപയുടേയും വികാരമണ്ഡലങ്ങൾക്കു വലിയ അന്തരം കാണുകയില്ലല്ലോ. നിശ്ശബ്ദമായി എൻെറ പരാജയം ഞാൻ സഹിച്ചു. നമ്മുടെ ശയനമുറിയിൽനിന്ന്, രാത്രിയുടെ മദ്ധ്യയാമങ്ങളിൽ ശബ്ദമുണ്ടാക്കാതെ നീ ഇറങ്ങി വെളിയിൽ പോകുമ്പോൾ എൻെറ ഹൃദയം പിടഞ്ഞിട്ടുണ്ട്. എനിക്കറിയാം രവീന്ദ്രൻെറ നീട്ടിയ കരങ്ങളിൽ നീ സ്വർഗ്ഗരാജ്യം കാണുകയാണെന്ന്. എൻെറയും ഭാവന ചിറകുവീശി പറന്നതു് ആ സുമുഖനായ യുവാവിൻെറ പുറകേമാണു്.

ആ രാത്രികളിലെല്ലാം ഞാൻ നിന്നെ ശപിച്ചിട്ടുണ്ട്. നിന്നെ പാമ്പുകൊത്തുമെന്ന് ആശിച്ചിട്ടുണ്ട്. നീ അറിയാത്ത വസ്തുത, ഞാനാണ് ഈ ലോകത്തിൽ നിൻെറ വലിയ ശത്രുവെന്നുള്ളതാണു്. ഞാൻ തന്നെത്താൻ പറയുമായിരുന്നു "അവൾ അവനെ സ്നേഹിക്കുന്നില്ല. ഇതെല്ലാം വെറുതെയാണു്. രവി അല്ലെങ്കിൽ മറെറാരാൾ ഒരു ആൾ മതി.'' പക്ഷെ, ആ കാര്യത്തിൽ നീ മാത്രം കുററക്കാരിയല്ല. എൻെറ വിപുലമായ പരിചയം വെച്ചു നോക്കുമ്പോൾ ഇന്നെനിക്കു മനസ്സിലാകുന്നു, നാം സ്ത്രീകളെല്ലാം അങ്ങനെയാണെന്ന്. ഏകകേന്ദ്രത്തിൽ സ്ഥിരവും സ്ഥായിയുമായ ഒരു പ്രണയജീവിതത്തിനോ, ഒരു സേവനചരിത്രത്തിനോ നാം അപ്രാപ്തരാണെന്ന് എനിക്കു ബോദ്ധ്യമായിക്കഴിഞ്ഞു. സ്ത്രീ മിക്കവാറും താൽക്കാലതയുടെ സന്താനമാണു്. നാം നിമിഷത്തോടു നിമിഷമേ ജീവിക്കുന്നുള്ളു, അതാണു നമ്മുടെ പരാജയവും വിജയവും; നിൻെറ പരാജയവും എൻെറ വിജയവും.

നീയാണ് എന്നെ ഒരു നഴ്സ് ആക്കിയത്. നഴ്സ്! ഞാനെങ്ങനെ വെറുക്കുന്ന ആ പേരിനെ! നിരത്തിലിറങ്ങി യാൽ സകല യുവാവിനും നഴ്സിനെ നോക്കാൻ ഒരു പ്രത്യേക നോട്ടമുണ്ട്. ആത്മാഭിമാനമുള്ള ഒരു യുവതിയും ആ നോട്ടം സഹിക്കയില്ല. അസഹനീയമായ വെറുപ്പോടെ, വ്യഥയോടെ, ആണ് ഞാൻ എന്നും ഈ വേഷം കെട്ടുന്നത്. ഒരു രോഗിക്കും ആത്മാർത്ഥതയോടെ, ജീവിക്കണമെന്ന പ്രാർത്ഥനയോടെ, ഞാൻ മരുന്ന കൊടുത്തിട്ടില്ല. അവൻെറയെല്ലാം ഞരങ്ങലും മൂളലും കേൾക്കുമ്പോൾ വികൃതമായ ഒരു സംതൃപ്തി എനിക്കുണ്ടാകും. നഴ്സ്! നീയാണ് എന്നെ നഴ്സാക്കിയത്. ആ വൈരാഗ്യം അത്രവേഗം അലിഞ്ഞുപോവുകയുമില്ല.

നീ ഗർഭവതിയായി എന്നറിഞ്ഞപ്പോൾ എൻെറ വികാര ങ്ങൾ എന്തെല്ലാമായിരുന്നു? പരമാർത്ഥത്തിൽ നിന്നോടെനിക്ക് അസൂയ തോന്നി. ഗർഭവതി! ഒരു സ്ത്രീയുടെ അവകാശമല്ലേ അത്? നീ അവമാനിതയാണെന്നോർത്തപ്പോൾ എനിക്കല്പം ആശ്വാസം തോന്നി. ഭാവി നിനക്കുവേണ്ടി ചമയ്ക്കാൻപോകുന്ന അപവാ ദശരശയനം ഞാൻ വിഭാവനംചെയ്യാനന്ദിച്ചു. നീ വീട്ടിലു ള്ളപ്പോൾ ഞാൻ നിന്നോടുള്ള പകവീട്ടിയതു പാഠങ്ങൾ ശരിക്കു പഠിച്ചാണ്. സാറന്മാർ നിന്നെ കുററപ്പെടുത്തുകയും എന്നെ പുകഴ്ത്തുകയുംചെയ്യുന്നതുകേട്ട ഞാൻ സുഖിച്ചു. നിൻെറ രവീന്ദ്ര ന്മാർ എന്തു പറയും എന്നു ഞാൻ ആലോചിച്ചു. അവർ ഒന്നും പറഞ്ഞില്ല. അവക്കു നിന്നെ മതിയായിരുന്നു. "ആ പടിത്ത ക്കാരിപ്പെണ്ണ്" എന്നവർ എന്നെ പരിഹസിച്ചു പറയുമായി രുന്നു.

നിന്നെ എൻെറ വീട്ടിൽനിന്ന് വിളിച്ചുകൊണ്ടുപോയതി ൻെറ മൂന്നാംദിവസം എനിക്കൊരു യുക്തി തോന്നി. ഞാൻ പറഞ്ഞു, "അമ്മച്ചീ, എനിക്കൊരു നഴ്സായാ മതി." ഒടുവിൽ അവരെല്ലാം സമ്മതിച്ചു. നഴ്സ്! എന്തെല്ലാം കഥകളാണ്

നഴ്സിൻെറ ജീവിതത്തെപ്പററി ഞാൻ കേട്ടിട്ടുള്ളതു്. അന്യ ദേശങ്ങൾ; നിയന്ത്രിക്കാൻ അധികാരമുള്ളവരെക്കൂടാതെയുള്ള വാസം; പുതിയപുതിയ പരിചയക്കാർ; പുതിയപുതിയ അനുഭവങ്ങൾ;—അനുവരെ അന്യായമായി എനിക്കു നിഷേധിക്കപ്പെട്ട സകലതും—നിൻെറ സൗന്ദര്യംമൂലം എനിക്കു നിഷേധിക്കപ്പെട്ടിരുന്ന സകലതും—വിഭവസമൃദ്ധമായ ഒരു ലോകത്തിൻെറ ഭണ്ഡാഗാരം മുഴുവനും സ്വപ്നംകണ്ടുകൊണ്ടു്—നിന്നോടു പകവീട്ടാൻ എൻെറ അന്നമ്മേ, ഞാൻ ഒരു നഴ്സായി. എൻെറ പരിപാടിയിൽ രോഗശുശ്രൂഷണംമാത്രം ഉൾപ്പെട്ടിരുന്നില്ല.

അനുഭവങ്ങൾക്കുവേണ്ടിയുള്ള പേപിടിച്ച പാച്ചിലിൽ നീ നിൻെറ ബുദ്ധിയുടെ തീ കെടുത്തിക്കളഞ്ഞു. നീ വികാരഭരിതയായി നിൻെറ അനുഭവങ്ങളെയും കെട്ടിപ്പിടിച്ചുകൊണ്ടു് നിത്യതയിലേക്കു നീങ്ങാൻ മോഹിച്ചു. മറയി! ജീവിതത്തിൽ പവനും രൂപയുമായി എണ്ണുന്നതു ബുദ്ധിയാണു്; വികാരം അണ പൈസ പോലുമല്ല, ' വെറും വിലപ്പോകാത്ത ഈയക്കഷണങ്ങൾ.

അപ്പോൾ, അച്ഛനില്ലാത്ത രണ്ടു കുട്ടികളെയുംകൊണ്ടു് നീയിപ്പോൾ തെരുവിലുറക്കമാണു്, അല്ലേ? ജീവിക്കാൻ അറിയാവുന്നവർക്കു് ഭർത്തൃഗേഹവും തെരുവും ഒരുപോലെതന്നെയാണു്. നിനക്കു തെരുവും ഭർത്തൃഗേഹംപോലെ പരാജയം ആയിരിക്കും. എങ്കിലും കുറച്ചുകാലംകൂടി നിനക്കു ജീവിക്കാം. കുറച്ചുനാൾ കൂടി നിനക്കു കാമുകന്മാരുണ്ടായിരിക്കും. ആ കടയുടെ മൂലയിലിരുന്നു്, പഴയ സിൽക്കുഷർട്ടും ധരിച്ചു്, താളനിയന്ത്രിതമായ ഒരു ശരീരചലനത്തോടെ ബീടിതെറുക്കുന്ന മുസ്ലിംയുവാവും, അപ്പുറത്തെ കാപ്പിക്കടയിൽ തേയിലചേക്കാൻ നിൽക്കുന്ന ചുരുളൻമുടിക്കാരൻ കൊഴുത്തുരുണ്ട ആ നായർയുവാവും, ആ കവലയിൽ തൻെറ റിക്ഷാവണ്ടിയുടെ പടിയിൽ കയറി സിംഹാസനത്തിലെന്നപോലെ മലന്നു ഞെളിഞ്ഞിരുന്നു് ബീടിവലിക്കുന്ന

വണ്ടിക്കാരനും ഇനിയും നിന്നോടു പ്രേമാർത്ഥന ചെയ്യേക്കാം. നിൻെറ അച്ഛനില്ലാത്ത കുട്ടികളെ എടുത്തു് ഉമ്മവെച്ചേക്കാം. ആ കാലമെല്ലാം തീരട്ടെ. അതുവരെ എൻെറ വൈരാഗ്യം നീണ്ടു നില്ക്കും. കാമുകനുള്ള സ്ത്രീ എന്നും എൻെറ ശത്രുവാണു്. എനിക്കവളെ സ്നേഹിക്കാനൊക്കുകയില്ല. നിൻെറ തെരുവിലെ കാലവും തീരട്ടെ. പിന്നെ ഞാൻ നിന്നെ മറന്നുകൊള്ളാം.

എൻ്, മേരിക്കുട്ടി.

# ശകുന്തള

അവരം ഇങ്ങനെ എഴുതി:

"പ്രഭോ, നടുങ്ങരുതേ.

എൻെറ പേർ കമലമെന്നാണു്. അതേ, ആ കമലംതന്നെ. അങ്ങയുടെ ജീവിതസൗഖ്യം ഈ നാമത്തിൻെറയും അതിനു ചുററും സൃഷ്ടിക്കപ്പെട്ട ചരിത്രത്തിൻെറയും വിസ്മൃതിയിലാണെന്നു് അങ്ങു് വിശ്വസിക്കുമ്പോൾ, എന്തു കഷ്ടമാണു്, ഞാനീ വിളിച്ചുണർത്തുന്ന കത്തെഴുതുന്നതു്? എനിക്കതറിയാൻപാടില്ലായ്കയല്ല. പക്ഷെ, എനിക്കിതെഴുതാതെയിരിക്കുവാൻ നിവൃത്തിയില്ല. പിന്നെ ആ ഉന്നതസൗധത്തിൻെറ മുകളിൽ സുഖകരമായ പട്ടുമെത്തയിൽ കുളുർമ വീശുന്ന പങ്കയുടെ കീഴിൽ, മാദകസുഗന്ധം ശ്വസിക്കുന്ന അങ്ങയ്ക്കു്, ആവശ്യമില്ലാത്ത സ്മരണകളെ ഇനിയും മറക്കാൻ കഴിയും. അതു് ഒരനുഗ്രഹമാണു്. പ്രഭോ! ഭാഗ്യവാന്മാർക്കുള്ള ഒരു അനുഗ്രഹം—മറക്കാനുള്ള ഈ കഴിവു്.

അങ്ങു ഭയക്കേണ്ട. ഞാനൊരാവശ്യക്കാരിയല്ല. എൻെറ ചെറുവിരലോ എളിയ ശബ്ദമോ ഒരു കുററാരോപണശ്രമത്തിൽ ആ മണിമാളികയുടെ നേക്കു തിരിയുന്നതല്ല. അതിൻെറ ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, ആ മണിമാളികയിൽ മറെറാരു

മണിമാളികയിലും നടക്കാത്ത യാതൊരു സംഭവവുമുണ്ടായിട്ടില്ല. ധനികനായ ഒരു യുവാവ്. പൂവണിയുന്നതിനുമുമ്പ് തളിർത്തു നില്ക്കുന്ന തൈമാവിനെപ്പോലെ ആരുമൊന്നു നോക്കിപ്പോകുന്ന ഒരു ദാസിപ്പെണ്ണ്. അപ്പോൾ അതു സംഭവിച്ചുപോകും. നിത്യവുമെന്നപോലെ അതു സംഭവിച്ചിട്ടുണ്ട്. അതിന്റെ കുററവും പാപവും പഴിയും പെണ്ണിലെന്ന് സമുദായം എന്നേ വിധിച്ചിട്ടുമുണ്ട്—വിശ്വാമിത്രന്റെ കാലംമുതൽ—ശകുന്തളയുടെ പിതാവിന്റെ കാലംമുതൽ.

പ്രഭോ, ഞാനിപ്പോഴൊരു ശകുന്തളയുടെ മാതാവാണ്; ഇല്ലംപിള്ളിക്കോയ്ക്കലെ കൊച്ചെജമാനന്റെ പ്രഥമസന്തതിയുടെ മാതാവ്! എന്തൊരു പദവിയാണത്! ഏതൊരു യുവതിയുടെ ഹൃദയത്തെ അതു് അഭിമാനവിജൃംഭിതമാക്കുകയില്ല!.......... പക്ഷെ, എന്നെ ആളുകൾ നോക്കുന്നതു് അവജ്ഞയോടെയാണ്. വിളിക്കുന്നതു വേശ്യയെന്നാണ്. പ്രഭോ, അതെന്താണെന്നു പറയുമോ?

ഞാൻ പരിഭവിക്കയല്ല. കണ്ണീരൊഴുക്കുകയല്ല. എന്തുകൊണ്ടെന്നാൽ ഞാനവയുടെ തത്വം മനസ്സിലാക്കിപ്പോയി. സ്നേഹം വിളയുന്നിടത്തേ കണ്ണീരിനും പരിഭവത്തിനും സ്ഥാനമുള്ളു. സ്നേഹത്തിന്റെ സഹാറായിൽ കണ്ണീരും പരിഭവവും ഒരു ദുർബ്ബല ഹൃദയത്തിന്റെ സ്വയംനാശകരങ്ങളായ വിഭവങ്ങളാണ്. എനിക്കിന്നു കണ്ണീരില്ല. എന്റെ കണ്ണീരെല്ലാം അന്നു തീർന്നുപോയി. ഓർക്കുന്നില്ലേ? ആ അഭിശപ്തമായ രാത്രി. ഒരു വേലക്കാരിപ്പെണ്ണിന്റെ സ്വപ്നങ്ങൾ അവസാനിച്ച ആ നശിച്ച രാത്രി. എന്തുമായാവൈഭവത്താലെങ്കിലും എന്റെ ഹൃദയം വിസ്മൃതിയുടെ ഹിമഖണ്ഡങ്ങൾ നിറഞ്ഞ ഒരു ധ്രുവപ്രദേശമായി മരവിച്ചാൽ എന്റെ പ്രഭുകുമാരാ, പൊള്ളുന്ന ചൂടോടെ ഉരുകുന്ന ഒരു ഭാഗം അതിൽ കാണുകതന്നെ ചെയ്യും—ആ രാത്രിയുടെ സ്മരണ.

അങ്ങേയ്ക്കു മനസ്സിലാകയില്ല. പക്ഷെ, സ്നേഹവതിയായ ഒരു സ്ത്രീയോടു ചോദിക്കൂ—അവളുടെ ജീവിതത്തിലെ ഏററവും വിലപ്പെട്ട നിമിഷം—ലോകത്തിൻെറ സകല മാധുര്യവും ഒരു സ്ത്രീയുടെ ലജ്ജാക്രാന്തമായ മന്ദസ്മിതത്തിലും വാക്കിലുമായി ഒതുങ്ങിപ്പോകുന്ന നിമിഷം—ഏതെന്ന്. അവൾ പറയും—അഭിമാനയുക്തയായ സ്ത്രീ താനൊരു മാതാവാകാൻപോകുന്നുവെന്ന് ആത്മനാഥനോടു മന്ത്രിക്കുന്ന ആ നിമിഷമാണതെന്ന്. പ്രഭോ, എനിയ്ക്കും ആ ഒരു നിമിഷം ഉണ്ടായിരുന്നു. കാത്തുകാത്തിരുന്ന്, ഒടുവിൽ എൻെറ ലജ്ജയുടെ കോട്ടകൊത്തളങ്ങൾ കടന്ന്—ഒരു രാത്രി—ആ ദിവ്യരഹസ്യം ഞാനങ്ങയോടു മന്ത്രിച്ചു. അങ്ങു ഞെട്ടിപ്പോയി. വിയർത്തുപോയി. വിറച്ചുപോയി. ഉച്ചരിക്കാൻ ശക്തനായപ്പോൾ അങ്ങു പറഞ്ഞു—അടച്ച പരുഷസ്വരത്തിൽ—"അയ്യോ, ദ്രോഹീ, നീ എന്നെ ചതിക്കല്ലെ."

"ചതിണീം" എന്നൊരു ഭീകരശബ്ദം എൻെറ ഹൃദയത്തിൻെറ അടിത്തറവരെ കലുക്കി. എൻെറ മധുരസങ്കല്പങ്ങൾ, ഒരു വേലക്കാരിപ്പെണ്ണിൻെറ കയ്യിൽനിന്നു കണ്ണാടിപ്പാത്രങ്ങൾപോലെ, കാലത്തിൻെറ കയ്യിൽനിന്നു തെററിവീണു തകരുകയായിരുന്നു— "ചതിണീം." എൻെറ പ്രജ്ഞാകേന്ദ്രം ഒന്നു തളർന്നുപോയിക്കാണണം. ലോകം—കറുത്തലോകം—ഒരു തമോവലയംപോലെ എനിക്കു ചുററും ഭീകരവേഗതയോടെ ചുററിക്കൊണ്ടിരുന്നു. അങ്ങ് അപ്പോഴും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു—അടച്ച ആ പരുഷസ്വരത്തിൽ. ചതിക്കരുതെന്നുള്ള അപേക്ഷകൾ; വാഗ്ദാനങ്ങൾ. ആശ്രിതവർഗ്ഗത്തിൽനിന്ന് എനിക്കൊരു ഭർത്താവ്. പലതും. എനിക്കെല്ലാം അവ്യക്തമായിരുന്നു. ഇതിനെല്ലാം അപ്പുറം ആരോ—ഭയങ്കരമായ ഏതോ ഒന്ന്—എന്നെ നോക്കി വികൃതഗോഷ്ടികൾ കാട്ടി അപഹസിക്കുന്നെന്നെനിക്കു തോന്നി. ഞാൻ ചുററും നോക്കി............അതേ. ആ മൂലയിൽ ഇരുന്ന പൊട്ട മണ്ണെണ്ണവിളക്കാണതു്! ആ വൃദ്ധപാത്രം അതിൻെറ തീക്കിനാ

ളക്കി എന്തു് ആക്ഷേപചേഷ്ടകളാണു് എന്നെ കാണിച്ചതു്. അതിൽനിന്നുയൎന്ന കറുത്തപുക നമ്മുടെ ഇടയ്ക്കു കടന്നുവന്നു. ജീവിതത്തിൽ ആദ്യമായി എനിക്കൊരു ഭയമുണ്ടായി—ആ തുരുമ്പിച്ച മണ്ണെണ്ണവിളക്കിനെ. അതെ, ഞാനന്നതിനെ നോക്കി ഭയന്നുപോയി........ഒടുവിൽ ഞാൻ മാത്രമാണാ മുറിയിൽ എന്നു് ഞാൻ മനസ്സിലാക്കി. അച്ഛൻ എപ്പോഴും പോയി എന്നൊന്നിക്കറിഞ്ഞുകൂടാ..........

ഞാൻ എഴുന്നേററു. സാവധാനം ആ വാതിൽകടന്നു വെളിക്കായി. അച്ഛയുടെ മുറിയിൽ വിളക്കുണ്ടായിരുന്നു. ശബ്ദമുണ്ടാക്കാതെ ഞാനതിനകത്തു കടന്നു. അച്ഛൻ മെത്തമേൽ കമഴ്ന്നു കിടക്കുകയായിരുന്നു. ഞാൻ മെല്ലെ ഒന്നു തൊട്ടു. അച്ഛ ഞെട്ടിപ്പോയി.

"ആരു്?"

"ഞാൻ."

"കമലം?"

"അതേ."

നിശ്ശബ്ദത. പ്രതീക്ഷകളെ ശ്വാസംമുട്ടിച്ചുകൊണ്ടു് ആ നിശ്ശബ്ദത അങ്ങനെ നീണ്ടുനീണ്ടു പോയി. ഒടുവിൽ ഞാൻ പറഞ്ഞു:

"ഞാൻ പോകുന്നു."

നിശ്ശബ്ദത.

"ഞാൻ അച്ഛയെ ചതിക്കയില്ല."

നിശ്ശബ്ദത. അച്ഛ മുഖമുയൎത്തിയില്ല. ചലിച്ചില്ല. പതുക്കെപ്പതുക്കെ ഞാൻ ആ മുറിയിൽനിന്നിറങ്ങി. പുറകേ ഒരു വിളി, വാത്സല്യപൂൎവ്വം ഒരു സംബോധന, ഉണ്ടായേക്കുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നു. അതുണ്ടാകരുതെന്നു് ഞാൻ പ്രാൎത്ഥിച്ചു. ഒന്നുമുണ്ടായില്ല. ഞാൻ മുററത്തിറങ്ങി.

കുറെയൊക്കെ പറയാൻതന്നെയാണ് ഞാൻ ആ മുറിയിൽ വന്നതു്. എന്റെ വാചാലത അങ്ങയുടെ കയ്യിൽനിന്ന പ്രശംസാപത്രം വാങ്ങിയിട്ടുള്ളതാണ്. "നീ തനി ഏഴാംക്ലാസ്സുതന്നെ." അന്നൊക്കെ ആ പ്രശംസ എന്റെ അഭിമാനത്തെ ഇളക്കിയിട്ടുണ്ട്. ആ വിലപിടിച്ച കിടപ്പുറയിലെ നിശ്ശബ്ദതയിൽ ആ വാചാലതയുടെ നാവു തളൎന്നുപോയി.

ഇലകളിൽ മഞ്ഞുപൊഴിയുന്നുണ്ടായിരുന്നു. ചന്ദ്രൻ അസ്തമിച്ചിരുന്നില്ല. ലോകം ഒരു കിനാവു കണ്ടുകൊണ്ടു കിടക്കയാണെന്ന തോന്നി. ഞാൻ നടന്നു. ആ മനോഹരസ്വപ്നത്തിൽനിന്ന ലോകം ഉണരുന്നതിനുമുമ്പ് അതിനെ കബളിപ്പിച്ചു കടക്കണമെന്ന ഞാൻ കരുതി. ഞാൻ നടന്നു. ഭയങ്കരനായ ഒരു ശത്രുവിൽനിന്നും രക്ഷനേടാൻ ഞാൻ വ്യഗ്രതയാൎന്ന നടന്നു.

ആരാണെന്റെ കാലുകളെ അങ്ങോട്ടു നയിച്ചതു്? ഞാൻ ആ തടാകത്തിന്റെ തീരത്തെത്തി. തണുത്ത സുഖപ്രദമായ ഒരു കാററടിച്ചുകൊണ്ടിരുന്നു. ആ തടാകവും മയങ്ങുകയായിരുന്നു. ആ വെള്ളമണൽവിരിപ്പും, ചെറുചെടിക്കൂട്ടവും എല്ലാം മയങ്ങുകയായിരുന്നു; സുന്ദരസ്വപ്നം കാണുകയായിരുന്നു. ആ ജലാശയത്തിന്റെ ആഴത്തിൽനിന്നും, കുററിക്കാട്ടുകളുടെ മദ്ധ്യത്തിൽനിന്നും സംഗീതസാന്ദ്രമായ ഏതോ ഒരു അലൗകികശബ്ദം ഉത്ഭവിച്ചുകൊണ്ടിരുന്നു. നിശ്ശബ്ദതയുടെ ശ്വാസോച്ഛ്വാസംപോലെ. പാതാളലോകത്തിലെ അന്തഃപുരസ്ത്രീകൾ താഴ്ന്ന ശ്രുതിയിൽ ഒരുറക്കുപാട്ടു പാടുകയാണെന്ന് എനിക്കു തോന്നി. ഹാ! ആ ലോകം! വേദനകൾ മറന്നു്, സുന്ദരസ്വപ്നത്തിൽ മയങ്ങുന്ന ലോകം! അതെന്നെ വിളിച്ചില്ലേ? ചെവിയിൽ മന്ത്രിച്ചില്ലേ? ഏതൊരു പ്രേരണയായിരുന്നു അതു്? ഞാൻ മുട്ടോളം വെള്ളത്തിലെത്തിക്കാണും. പെട്ടെന്ന് ആ തീരം മുഴുവൻ നിറഞ്ഞുപൊങ്ങിയ ഒരു പ്രചണ്ഡാട്ടഹാസം: "ആരതു്?"

ഞാൻ തിരിഞ്ഞോടി. കയ്യിൽ ഒരു വലയുമായി ഒരു ചെറുവള്ളത്തിൽ എഴുന്നേററുനില്ക്കുന്ന ഒരു ഭീമാകാരത്തെ ഒരു നിമിഷം ഞാൻ കണ്ടെന്നു തോന്നുന്നു............

നേരം വെളുത്തു. പരിചിതമല്ലാത്ത ഒരു സ്ഥലത്തു ഞാൻ എത്തിയിരുന്നു. കാപ്പിക്കടകളുടെ മുന്നിലെല്ലാം ആളുകൾ കൂടി നിന്നിരുന്നു. അവരെല്ലാം എന്നെ തുറിച്ചുനോക്കി. അസുഖകരമായ, പ്രത്യേകതരത്തിലുള്ള ഒരു നോട്ടം. എങ്ങുനിന്നോ വളത്തുകിളിയെ വിളിക്കുന്നമാതിരി ഒരു ചൂളമുയന്നു. ഞാൻ അങ്ങോട്ടൊന്നു നോക്കിപ്പോയി. ഉടനെ ഒരുകൂട്ടമാളുകൾ ആത്തുചിരിച്ചു. ഒരുവൻ പറഞ്ഞു: "ഓ, തക്കമില്ല. തന്നെ തന്നെ." ആ ചൂളത്തിനൊരർത്ഥമുണ്ടായിരുന്നുവെന്നു് ഞാനറിഞ്ഞില്ല. അവരെല്ലാം പൗരന്മാരാണു്. നിറഞ്ഞ യൗവ്വനത്തിൻെറ ഹൃദയരക്തം തൂകി ഉത്തരവാദിത്വഭരണംനേടിയ വഞ്ചിനാട്ടിലെ പൗരന്മാർ. എന്തൊരുബീഭത്സമായ പരമാത്ഥം! ഒരു പീടികക്കാരൻ ഒരു കണ്ണു പകുതി അടച്ചു്, പിടലി ഒന്നു ചരിച്ചു്, ചെറുപുഞ്ചിരിയോടെ എന്നെ ക്ഷണിച്ചു. "ഒററയ്ക്കുവിടാ? വാ പെങ്ങളെ, ഒരുഗ്ലാസ്സു ചായ കുടിച്ചോണ്ടുപോ."

അത്ര രാവിലെ അപരിചിതയായ ഒരു യുവതി, ഒററയ്ക്കു നടന്നുപോവുക—അതിൽ ഏതോ പിശകുണ്ടു്.

നടന്നു ശീലമില്ലാത്ത ഞാൻ തളന്നിരുന്നു. പക്ഷേ, പീടികയിൽ കയറാൻ എനിക്കു തോന്നിയില്ല. ഒടുവിൽ ഒരു പുതിയ സൗധത്തിനുള്ളിൽ ഞാൻ കടന്നുചെന്നു. സുമുഖനായ ഒരു യുവാവു് അവിടെ നിൽക്കുന്നുണ്ടായിരുന്നു. അയാൾ എന്നെ സൂക്ഷിച്ചുനോക്കി: 'എന്തുവേണം?"

"കുടിക്കാൻ അല്പം ചൂടുവെള്ളം."

"ആരാ രാഘവൻകുട്ടി അതു്?" എന്നു് അകത്തുനിന്നു് ഒരു ശബ്ദം.

"ആരോ." രാഘവൻകുട്ടി മറഞ്ഞു. പകരം വെളുത്തുതടിച്ച ഒരു സ്ത്രീ അവിടേയ്ക്കു വന്നു. അവരുടെ മുടി മുഴുവൻ നരച്ചുപോയിരുന്നു. കഴുത്തിൽ ഒരു സ്വർണ്ണരുദ്രാക്ഷമാല ഉണ്ടായിരുന്നു. അവർ ചോദിച്ചു:

"നീ ഏതു്? എന്തുവേണം?"

"കുടിക്കാൻ അല്പം ചൂടുവെള്ളം."

"നീ എവിടെനിന്നു വരുന്നു?"

"കൊല്ലത്തുനിന്നു്."

"കൊല്ലത്തുനിന്നോ? അപ്പോൾ നീ എപ്പോഴാണു തിരിച്ചതു്? നിന്റെകൂടെ ആരുണ്ടു്?"

"ആരുമില്ല."

"ആരുമില്ലേ? ആഹാ! അപ്പോൾ ആ തരമാണു് ഇല്ലേ? കടക്കെന്റെ പടിക്കുവെളിയിൽ. ഉം, ഇവിടെ പ്രായമായ ആൺകുട്ടികളും പെൺകുട്ടികളുമുണ്ടു്. കടക്കെടീ."

ഇങ്ങനെയാരംഭിച്ചു ഇല്ലംപിള്ളികോയ്മ്മലെ കൊച്ചുജമാന്റെ പ്രഥമസന്താനത്തെ വഹിച്ചവളുടെ പുതിയ ജീവിതം.

ഞാനാലോചിച്ചുപോയി—ഗർഭിണിയാണു ഞാനെന്നു് എന്റെ മാതാവറിഞ്ഞാൽ പിന്നൊരു നിധിയെപ്പോലവർ എന്നെ കാത്തു സൂക്ഷിക്കുമായിരുന്നു. അയലിടങ്ങളിലെ സ്ത്രീകളും ആ സൂക്ഷിപ്പിൽ പങ്കാളികളായിരിക്കും. ആ ചെറിയലോകത്തിൽ എനിക്കുണ്ടായേക്കാവുന്ന ഏററവും നിസ്സാരമായ ആലസ്യത്തിനും അഭിലാഷത്തിനും ഒരു വലിയ കല്ലോലമിളക്കുവാൻ കഴിയുമായിരുന്നു. ഏതാനും മാസത്തേയ്ക്കു് പരിചരണോൽസുകമായ ഒരു കൊച്ചു ലോകത്തിന്റെ ചെങ്കോലാളുവാൻ എനിക്കു സാധിക്കുമായിരുന്നു—പക്ഷേ ഞാൻ പതിതയായിപ്പോയി. ആ കൊച്ചുവീടിന്റെ പടിക്കൽ ഞാൻ കാലെടുത്തുകുത്തിയാൽ ആ വൃദ്ധഹൃദയം തകർന്നുപോകും. ഞങ്ങൾ ഭ്രഷ്ടരാക്കപ്പെട്ടും. അവരുടെ ജഡം ചുടലയിലേക്കെടുക്കുവാൻപോലും ആളുകാണുകയില്ല.

മഹാപ്രഭോ, തുല്യപങ്കാളികളായി നാം ചമച്ച ഒരു ബന്ധത്തിന്റെ ഈമാതിരിയുള്ള പരിസമാപ്തിയിൽ അങ്ങേയ്ക്കു് എന്തു നഷ്ടമുണ്ടായി? സമ്പന്നനായ അങ്ങേയ്ക്കു്, ഏതാനും രാത്രികളിലെ നിദ്രയും കുറെ ഇമ്പമുള്ള പദങ്ങളും. ദരിദ്രയായ എനിയ്ക്കോ? കുലം, കുടുംബം, അന്തസ്സ്, എല്ലാം—എല്ലാം.

ലോകത്തിൽ കാരുണ്യത്തിന്റെ ഉറവ വററിപ്പോയിട്ടില്ല. അണഞ്ഞുതുടങ്ങിയ രാത്രിയെപ്പോലെ ഞാനിരുന്ന കിണററുകരയിലേക്കു് ഒരുസംഘം സ്ത്രീകൾ വന്നു. മിക്കവരും ചെറുപ്പക്കാർ അവർ എന്റെ മുമ്പിൽ വന്നുനിന്നു. അനുകമ്പയോടെ ഒരുവൾ ചോദിച്ചു: "എന്താ ഇവിടിരിക്കുന്നതു്? ഇവിടെയെങ്ങുമല്ലേ വീട്? ആരുമില്ലേ?" അനുകമ്പയുടെ ശ്രുതിമധുരമായ ആദ്യത്തെ ശബ്ദത്തിൽ എന്റെ നയനങ്ങൾ നിറഞ്ഞുതൂപായി. അവർ എന്റെ അടുത്തുവന്നു തോളിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: "വരു. ഇവിടെ ഇരിക്കരുതു്."

അടുത്തുള്ള ചെറിയചെറിയ വീടുകളിലാണു് അവർ താമസിച്ചിരുന്നതു്. അവരും അവരുടെ പുരുഷന്മാരുമെല്ലാം പട്ടണത്തിലുള്ള ഫാക്ടറികളിൽ ജോലിചെയ്യുന്നവരാണു്. അവരുടെ ജീവിതസൗകര്യങ്ങൾ വലുതല്ല. ജീവിതരീതി നന്നേ പരുഷവുമാണു്. പക്ഷെ, അവിടെ ഐകമത്യവും സാഹോദര്യവുമുണ്ടു്. ആരും എന്നോടു ചോദ്യങ്ങൾ ചോദിച്ചില്ല. എല്ലാം ഞാനവരോടു പറഞ്ഞു.

ഒരാൾ എന്നോടു പറഞ്ഞു—ചടച്ചു്, നീണ്ട മുടിയും വിശാലമായ നെററിത്തടവുമുള്ള ഒരാൾ—ഭാർഗ്ഗവൻ—ഭാർഗ്ഗവൻ എന്നുകേട്ടാൽ ആ കാളനിയിൽ എന്തൊരു ബഹുമാനമാണു"—"കേട്ടോ കമലമ്മേ. നിങ്ങളെ ചതിക്കണമെന്നു് അയാൾക്കു് നിർബ്ബന്ധമുണ്ടായിരുന്നിരിക്കയില്ല. നിങ്ങളേയും അയാളേയും ചതിച്ചതു് നിങ്ങളിരുവരേയുംകാൾ ശക്തിയേറിയ മറെറാന്നാണു്. എന്നോ ന

ശിക്കേണ്ട ഒരു സാമൂഹ്യവ്യവസ്ഥിതി. നിങ്ങളുടെ നിലയിലുള്ള ഒരാളായിരുന്നു അയാളെങ്കിൽ നിശ്ചയമായും നിങ്ങളെ അയാൾ വിവാഹം ചെയ്യുമായിരുന്നു.''

ശരിയായിരിക്കാം. എൻെറ നാവിൽ ഉച്ചാരണശക്തമല്ലാതെ തളർന്നുകിടന്ന പ്രതിഷേധങ്ങൾ ഇവിടെ വ്യക്തമായ രൂപത്തിലും സ്വരത്തിലും ലോകം കിടുങ്ങുമാറ് ഉത്ഘോഷിക്കപ്പെട്ടുണ്ട്. "ജീവിക്കുവാൻ സൗകര്യം നൽകാതിരിക്കുക; മരിക്കാൻ ശ്രമിക്കുന്നതു് കുററകരവും." ഈ വ്യവസ്ഥിതിയോടു് ഒരു കൊടിയ പോരാണു് ഇവരുടെ ലക്ഷ്യം. പ്രഭോ, ഞാനിന്നാ സേനയിൽ ഒരാളാണു്.

എൻെറ കുഞ്ഞിനെ—അവിടുത്തെ കുഞ്ഞിനെ—ഇവിടെ എല്ലാവരേക്കും വലിയ കാര്യമാണു്. ശകുന്തളയെന്നു് അവർക്കു് ഇവർ പേരിട്ടിരിക്കുന്നു. ശകുന്തളയെന്നുവെച്ചാൽ അമ്മയില്ലാത്ത പൈതൽ എന്നാണു് ഇവരുടെ അർത്ഥം.

അങ്ങയുടെ പ്രഥമസന്താനം ജനിച്ച സംഗതി അങ്ങയെ അറിയിക്കണമെന്നു് ഇവർ ഉപദേശിച്ചു. അതുകൊണ്ടാണു് ഈ കത്തു്. മററൊന്നും വെളിപ്പെടുത്തുകയില്ല. അങ്ങു് ഈ ശിശുവിനെ കണ്ടുകൂടാ.

വേണമായിരുന്നെങ്കിൽ എനിക്കു് ഈ കത്തു് കൂടുതൽ കരുണമാക്കാമായിരുന്നു. അതിൻെറ ആവശ്യമില്ല. ഒരുതുള്ളി കണ്ണുനീരുപോലും ഈ താളുകളിൽ വീണിട്ടില്ല. ഒരുതുള്ളി കണ്ണുനീരുപോലും ഇതിൽ പതിയണമെന്നു് എനിക്കാഗ്രഹമില്ല.

ഒരു ചോദ്യം മാത്രം. ഒരു ചെറിയ അവകാശത്തിൻെറ സംരക്ഷണത്തിനുവേണ്ടി, ഒരു അതിർത്തിയിലെ മുള്ളുവേലിക്കുവേണ്ടി, ഒരു കൊടിയോടു കാട്ടിയ ത്യാജ്യമായ ഒരനാദരത്തിനുവേണ്ടി

ഒക്കെ മഹായുദ്ധങ്ങളെ സൃഷ്ടിക്കുവാൻ സന്നദ്ധനായ ഇന്നത്തെ മനുഷ്യൻ എന്തുകൊണ്ടു തന്റേതെന്നു ബോദ്ധ്യമുള്ള സന്താനത്തെ അംഗീകരിക്കുന്നതിൽ ഭീരുവായിപ്പോകുന്നു? വാശിക്കുവേണ്ടി മറെറാരു സ്വർഗ്ഗംതന്നെ ചമയ്ക്കാൻ തയ്യാറായ വിശ്വാമിത്രൻ എന്തുകൊണ്ട്, തന്റെ രക്തത്തിൽ നിന്നുടലെടുത്ത ശിശുവായ ശകുന്തളയെ കണ്ടപ്പോൾ ആത്മനിന്ദയ്ക്കടിമപ്പെട്ടുപോയി? അങ്ങയുടെ ലോകം ഒന്നാലോചിക്കുമെന്നു വശ്വസിക്കുന്നു.

കമലം.

# അഭിമാനി

പ്രിയപ്പെട്ട സുമതി,

ഇന്നിപ്പോൾ ഞാൻ ചിന്തിക്കുകയാണ്—ഈ സംബോധന ഒരു നാല്പതുകൊല്ലം മുമ്പ് ഞാൻ ചെയ്തിരുന്നുവെങ്കിൽ ഇന്ന് എനിക്ക് ഈ കണ്ണീരുപുരണ്ട കത്തെഴുതേണ്ടിവരികയില്ലായിരുന്നു. ആർക്കറിയാം നീ എന്റേതാകുമായിരുന്നില്ലെന്ന്! ഇന്ന്, വിദൂരതയിൽനിന്നുയരുന്ന അർത്ഥശൂന്യമായ ഒരു ശബ്ദംപോലെമാത്രം നിന്റെ കർണ്ണങ്ങൾക്കനുഭവപ്പെട്ടേക്കാവുന്ന ഈ സംബോധനയ്ക്ക്, നാല്പതുകൊല്ലംമുമ്പ് നിന്റെ കണ്ണങ്ങളിൽതന്നെ മാദകമായ ഒരു മാധുര്യം പുരട്ടുക സാധ്യമായിരുന്നു. അന്നു നിന്റെ രക്തം ആറിത്തണുത്തുപോയിട്ടില്ലായിരുന്നു. പക്ഷേ—അന്ന് എന്റെ അഭിമാനം സമ്മതിച്ചില്ല. എന്റെ ചുണ്ട് അനങ്ങിയില്ല. നമ്മുടെ ജീവിതങ്ങൾ കൂട്ടുപിരിഞ്ഞ് അകന്നു.

ജീവിതത്തിന്റെ പടികളെല്ലാം ചവിട്ടിക്കഴിഞ്ഞവളാണ് നീ. നിനക്കൊരു ഭർത്താവും, കുട്ടികളും, സകല സൗഭാഗ്യങ്ങളുമുണ്ട്. അല്ലലറിയാത്ത ഒരു ആനന്ദജീവിതമാണ് നിന്റേത്. ഞാൻ ഒരു അട്ടത്തൂൺപററിയ ഗ്രാൻറുപള്ളിക്കൂടംവാദ്ധ്യാരും! എന്റെ ശരീരം നിറംമങ്ങി, എല്ലുന്തി, കവിളൊട്ടി, തൊലിചുളുങ്ങി ഞാൻ

ഒരു വികൃതകോലമായി. നീ ഇന്നും കസവുവസ്ത്രങ്ങൾ ധരിച്ച്, കുളിച്ച്, തല ചീകിക്കെട്ടി, വർണ്ണപ്രഭയുള്ള നിൻെറ ഗാത്രത്തിനു മോടിപിടിപ്പിച്ചുനിൽക്കുന്ന പ്രൗഢയായ ഒരു കുലീനയാണു്. നിൻെറ ശിരസ്സിൽ അങ്ങിങ്ങായി നരച്ചുനിൽക്കുന്ന മുടിയുടെ മാന്യതയിൽ കരിപൂരട്ടണമെന്നു് എനിക്കു മോഹമില്ല. നീ മറന്ന തൊന്നും നിന്നെ ഓർമ്മപ്പെടുത്തണമെന്നു് എനിക്കാഗ്രഹമില്ല. മറവി നല്ലതാണു്. മറക്കാനുള്ള കഴിവു് ഭാഗ്യത്തിൻെറ കൂടപ്പിറപ്പാണു്. നീ ഭാഗ്യവതിയാണു്. ഭാഗ്യംപിറന്നവരെ അസഹ്യപ്പെടുത്തുന്നതു് അവരെ ഭാഗ്യത്തിൽ പിറപ്പിച്ച ഈശ്വരനു സഹിക്കുകയില്ല. അതുകൊണ്ടു് അതൊന്നും ചെയ്‌വാനല്ല എൻെറ ആഗ്രഹം.

പിന്നെ എന്തെന്നല്ലേ?

ഇന്നലെ നിൻെറ ഷഷ്ടിപൂർത്തിയായിരുന്നു. നിൻെറ മാളികയിൽ വലിയ കോലാഹലമായിരുന്നു. നീ വലിയ സദ്യനടത്തി. പലരും നിന്നെ കാണാൻ വന്നു. നിൻെറ മക്കളെല്ലാം നിനക്കു സമ്മാനംതന്നു. പല കുഞ്ഞുങ്ങളേയും നിനക്കെടുത്തു് ഉമ്മവയ്ക്കാനുണ്ടായിരുന്നു..... ആ ദിവസം നിന്നെ ഒന്നു കാണണമെന്നു് ഒരു പ്രേരണയുണ്ടായി. നിൻെറ വിവാഹം ഞാൻ ഒളിഞ്ഞുനിന്നു കണ്ടു. നീ നടത്തിയിട്ടുള്ള ഉദ്ഘാടനങ്ങൾക്കും പ്രസംഗങ്ങൾക്കും ഞാൻ രഹസ്യമായി പങ്കുകൊണ്ടിട്ടുണ്ടു്. പക്ഷേ—നിൻെറ ഷഷ്ടിപൂർത്തിദിവസം നിന്നെ നേരിൽ കാണാൻതന്നെ ഞാൻ നിശ്ചയിച്ചു. അടക്കാൻവയ്യാത്ത ഒരു പ്രേരണയായിരുന്നു അതു്.

നെററിയിൽ പ്രസാദമണിഞ്ഞു്, നരച്ച മുടി ഭംഗിയായി ചീകിക്കെട്ടി, പുതിയ വസ്ത്രങ്ങൾ ധരിച്ച്, മക്കളുടേയും അവരുടെ മക്കളുടെയും നടുവിൽ, മാംസളവും വർണ്ണശോഭയുള്ളതുമായ ഒരു ശരീരത്തിൻെറ ഉടമസ്ഥയായി ഇന്നലെ നിന്നെ ഞാൻ കണ്ടപ്പോൾ— എൻെറ സുമതിഅമ്മേ! ഒരു കാര്യം എനിക്കു് ബോദ്ധ്യപ്പെട്ടു. ഓർക്കേണ്ടവമാത്രമേ നീ നിൻെറ ജീവിതത്തിൽ ഓർത്തിട്ടുള്ളുവെന്നു്.

ആ നിമിഷം എന്നിലുള്ള മൃഗം ഒന്നിളകി. ഷഷ്ടിപൂർത്തിക്കാരി, ഒരു വലിയ കുടുംബത്തിൻെറ പ്രതാപശാലിനിയായ ഭരണാധികാരിണി, സമുദായം പൂവിട്ടു പൂജിക്കുന്ന മാന്യ—നിന്നെ ചിലതെല്ലാം ഒന്നോർമ്മിപ്പിക്കണമെന്നു് എനിക്കു തോന്നി. മഹാഭാഗ്യത്തിൻെറ മറവിയിൽ മദംപൂണ്ടുനില്ക്കുന്ന നിൻെറ ജീവിതത്തിൻെറ അസ്ഥിവാരംവരെ ഒരു വിറയൽ വരുത്തുവാൻ എൻെറ ഉള്ളം വെമ്പി. പരമാർത്ഥത്തിൽ നിനക്കറിഞ്ഞുകൂടായിരുന്നോ എനിക്കതിനുള്ള കഴിവുണ്ടായിരുന്നുവെന്നു്? എന്നിട്ടും നീ എന്നെ കണ്ടപ്പോൾ എന്താണു ചെയ്തതു്? പുരികങ്ങൾ ഒന്നു ചുളിച്ചു്, വലതുകരം നെററിയിലേയ്ക്കുയർത്തി, കൺപോളകൾ ചുളിച്ചു കാഴ്ചക്കുറവഭിനയിച്ചു് നിന്നിടത്തുനിന്നുകൊണ്ടു് ഒരു ഞരങ്ങൽപോലത്തെ നീട്ടിയെറിഞ്ഞ ഒരു ചോദ്യം.—"ആരാ കേശവാ അതു്?....ഓ, പണിക്കരോ? എന്താ പണിക്കരേ, കാണാനുണ്ടോ?"

സുമതി! എൻവുള്ളിൽ ഒരു അഗ്നിപർവ്വതമാണു് അപ്പോൾ പൊട്ടിയതു്. എൻെറ നോട്ടം നിന്നെ ദഹിപ്പിക്കുമെന്നു ഞാൻ വിചാരിച്ചു. ഒന്നുമുണ്ടായില്ല. നീ അതൊന്നും അറിഞ്ഞില്ല. അറിഞ്ഞതായി നടിച്ചില്ല. നിൻെറ ചരിത്രം നിരൂപണവിധേയമല്ലാത്ത ഒരു മണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠിതമായിപ്പോയി എന്നു നിനക്കറിയാമായിരിക്കണം. അല്ലെങ്കിൽ നിനക്കതെങ്ങനെ സാധിച്ചു, ആ ചോദ്യം നീട്ടിയെറിയാൻ? നിൻെറ പ്രഭുകുടുംബത്തിലെ ആശ്രിതലക്ഷങ്ങളുടെ പേക്കു് എറിഞ്ഞുകൊടുക്കുന്ന ആത്മാർത്ഥതയില്ലാത്ത, ആ നീണ്ട, മുഷിപ്പൻചോദ്യം? നിൻെറ പിതാവും കാരണവനും എന്നോടു് അങ്ങനെയേ ചോദിക്കുമായിരുന്നുള്ളു. നിൻെറ മക്കളും—ആ പ്രതാപശാലികളും—അങ്ങനെയേ ചോദിക്കുമായിരുന്നുള്ളു. അവക്കെല്ലാം അങ്ങനെ ചോദിക്കാം. അവക്കെല്ലാം ഞാനൊരു വെറും അട്ടത്തുണ്‍കാരൻ ഗ്രാൻറപള്ളിക്കൂടംവാദ്ധ്യാരാണു്. പക്ഷേ, നിനക്കു ഞാൻ—

സുമതീ! നീ സമുദായത്തിൻെറ നടുത്തൂണുകളെ പ്രസവിച്ചു. മഹാരഥനായ ഒരു ഭർത്താവിൻെറ മഹത്വത്തിനു് മാററുകൂട്ടി. വലിയ വിരുന്നുകൾ ഉണ്ടു. മാളികയിൽ ഉറങ്ങി. ആ നിമിഷങ്ങളിലൊന്നിൽപോലും നീ എൻെറ കാര്യം ഓർത്തിരിക്കുകയില്ല. നിനക്കതിനു സമയമില്ലായിരുന്നു. ആവശ്യമില്ലായിരുന്നു. പക്ഷേ, എനിക്കു നിന്നെ ഓക്കാതിരിക്കാൻ സാദ്ധ്യമായിരുന്നില്ല. എൻെറ ജീവാലംബം നീ ആയിരുന്നു. എങ്ങനെയെന്നാൽ, നിൻെറ പ്രതാപത്തിൻെറ ലഹരിയിൽ മറക്കപ്പെട്ടുപോയ എൻെറ ജീവൻ അതിൻെറ തീവ്രമായ അഭിമാനഭംഗത്തിൽ സ്വയം മന്ത്രിച്ചുകൊണ്ടിരുന്നതു നിൻെറ പേരാണു്........"അവൾ; മഹിളാമണി; കുടുംബിനി—അവളുടെ മാന്യതയുടെ രഹസ്യം ഈ എൻെറ സൂക്ഷിപ്പിലാണു്. എൻെറ സൂക്ഷിപ്പിൽ." ഈ ചിന്തയിൽ, ഈ ഗർവ്വത്തിൽ ഞാൻ ജീവിച്ചു. നീ എൻെറ മുമ്പിൽ ഏതു നിമിഷത്തിലും ദുർബ്ബലതന്നെയെന്ന ബോധം ആയിരുന്നു എൻെറ പ്രതികാരം. ഈ ബോധം നൽകിയ വികൃതമായ സംതൃപ്തിയിൽ ഞാൻ ജീവിച്ചു. എങ്കിലും അങ്ങെങ്ങോ ഹൃദയത്തിൻെറ അടിത്തട്ടിലെവിടെയോ ആയിരിക്കണം, ഒരു ഭയവുമുണ്ടായിരുന്നിരിക്കണം, അങ്ങനെ സംഭവിക്കുകയില്ലെന്നു്; നിനക്കു് എന്നെ ചെറുത്തുനിൽക്കാൻ കഴിഞ്ഞേക്കുമെന്നു്. അല്ലെങ്കിൽ എന്തുകൊണ്ടു ഞാൻ നിന്നെ കാണാൻ ധൈര്യപ്പെട്ടില്ല; ഒരു കൊട്ടുകാററുപോലെ നിൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ടു്, നിന്നെ അടിമുതൽ മുടിവരെ ഒന്നു വിറപ്പിക്കാൻ? പരീക്ഷിക്കാൻ എനിക്കു ധൈര്യം പോരായിരുന്നു. അതാണു് പരമാത്ഥം. എൻെറ അഭിമാനം അതിനു ജീവിക്കാൻവേണ്ടി ഒരു മിഥ്യയിൽ വിശ്വസിച്ചു സ്വയം കൃതാത്ഥമായി കഴിയുകയായിരുന്നു. ഇന്നലെ ഞാൻ നിന്നെക്കണ്ടു. എൻെറ ശക്തി കേവലം മിഥ്യയാണെന്നു് എനിക്കനുഭവപ്പെട്ടു. നിൻെറ മാന്യതയുടെ കോട്ട ദുരാസദമാണെന്നും എനിക്കു ബോധ്യമായി. ഇന്നലെ ഞാൻ ആ രഹസ്യം പറഞ്ഞെങ്കിൽ ആരും അതു വിശ്വസിക്കാനുണ്ടാകുമായിരുന്നില്ല. സമുദായ്

എന്നെ തല്ലിയോടിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ, സമുദായത്തിനും ചില മാറാവ്യാധികളുണ്ട്. അങ്ങനെ മറക്കേണ്ടതു് അതിന്റെ ആവശ്യംകൂടെയാണു്. അതു നീന്നെ പൂജിക്കാൻ തുടങ്ങിയപ്പോൾ, നിന്നെക്കൊണ്ടു ശിലാസ്ഥാപനകർമ്മങ്ങളും ഉദ്ഘാടനങ്ങളും നടത്താൻ തുടങ്ങിയപ്പോൾ, നിന്റെ കയ്യിൽനിന്നും പണം പററാൻ തുടങ്ങിയപ്പോൾ, നിന്റെ ജീവിതത്തിനും കേവലം മാനുഷികമായ ഒരു ഭൂതകാലമുണ്ടായിരുന്നുവെന്ന വസ്തുത ഓർമ്മവയ്ക്കുക സമുദായത്തിനു് അസൗകര്യമായിത്തീർന്നു ...... ....

നാല്പതുകൊല്ലമായി നിന്റെ കീർത്തിഗോപുരം ഉയർന്നുയർന്നു പോകുന്നതു കണ്ടു ഞാൻ പല്ലുരുമ്മി. എന്നെക്കൂടാതെ നീ ഉയരുക! നീ ഉയരുന്നതുതന്നെ എനിക്കു സഹിച്ചില്ല. എന്റെ കയ്യിൽനിന്നു തെററി നീ ഒരടിമക്കുടിലിലേക്കു് പതിച്ചിരുന്നുവെങ്കിൽ, നീ എന്റെ കൈവശം വന്നുചേരുന്നതിനേക്കാൾ അതു് എനിക്കു കൂടുതൽ ഇഷ്ടമാകുമായിരുന്നു. അപ്പോൾ എനിക്കു് നിന്നോടു കനിവുകാണിക്കാൻ സാധിക്കും. എന്റെ പതിനഞ്ചു രൂപയുമായി, ഒരു മഹാപ്രഭുവിന്റെ തലയെടുപ്പോടെ ഞാൻ നിന്റെ മുമ്പിൽവന്നു്, "സുമതീ" എന്നു നീട്ടിവിളിക്കുമായിരുന്നു. അധഃപതിച്ച നീ, നിന്റെ അധഃപതനത്തിൽ കുനിഞ്ഞുപോയ ശിരസ്സുമായി എന്റെ മുന്നിൽ വന്നുനിൽക്കുമായിരുന്നു. "ഇതാ പതിനഞ്ചുരൂപയുണ്ടു്. ഒന്നും രണ്ടുമല്ല പതിനഞ്ചു്. സൂക്ഷിച്ചു ചെലവാക്കണം. സൂക്ഷിച്ചു ജീവിക്കണം" എന്നു് ഒരു ശാസനയോടെ ആ പണം നിന്റെ മുന്നിലേക്കു്അലക്ഷ്യമായി എറിഞ്ഞിട്ടു് ഞാൻ കടന്നുകളയുമായിരുന്നു. പതിനഞ്ചുരൂപ! ഒരുമാസത്തെ എന്റെ വരവാണതു്. ഞാൻ എന്റെ ചെറുപുരയിൽചെന്നു പട്ടിണികിടക്കാനാണു പോകുന്നതു്. പക്ഷേ, എന്റെ അഭിമാനമെന്നു പറയുന്നതു് ആ വിശപ്പു സഹിച്ചുകൊള്ളും. നിന്നെ അങ്ങനെ പോററാൻ കഴിഞ്ഞിരുന്നെങ്കിൽ! ഹായ്—അതുകൊണ്ടുള്ള പ്രയോജനമോ? ഒന്നുമില്ല. നീ എന്റെ കനിവിൽ ജീവിക്കുന്നവരാം'

ഒരൊററ തേപ്പിന് നിന്നെ നശിപ്പിക്കാൻ വേണമെങ്കിൽ എനിക്കു് കഴിയുമെന്ന ബോധം! നീ എന്നെ നിശ്ശബ്ദയായി, ആർത്തിയും ആദരവുമാന്ന നയനങ്ങൾകൊണ്ടു് നോക്കിനിൽക്കുക! ഹായ്! അതെല്ലാമാണു് എൻെറ അഭിമാനത്തിനു നെയ്യും പരിപ്പും.

ഞാനെന്നും നിൻെറ അരികിൽ വന്നു ഗൗരവത്തോടെ നില്ക്കും. നിന്നെ തൊടുകയില്ല. തൊട്ടും തൊട്ടും എന്നു് നിനക്കു തോന്നണം. തൊടണേ എന്നു നീ അകമേ പ്രാർത്ഥിക്കണം. പക്ഷേ, ഞാൻ തൊടുകയില്ല. എൻെറ അഭിമാനം അതു സമ്മതിക്കയില്ല; ഞാൻ പറയും: "സുമതീ, യൗവ്വനം അപകടകരമാണു്. നിൻെറ കവിളിൻെറ തുടുപ്പും, ചുണ്ടിൻെറ ചുവപ്പും, മാറിൻെറ ഉയർച്ചയും ഒക്കെ നിൻെറ ശത്രുക്കളാണു്. സൂക്ഷിക്കൂ" ഇങ്ങനെ നിൻെറ യൗവ്വനത്തിൻെറ വിജയപതാകകളായ അംഗങ്ങളുടെയെല്ലാം പേരു് ഒരു വേദാന്തമട്ടിൽ ഞാൻ പറയും. നീ അതുകേട്ടു ലജ്ജിച്ചു തല താഴ്ത്തി നില്ക്കണം. നിനക്കു മറുപടിയില്ല. ഞാൻ നിൻെറ രക്ഷകനാണു്...... അങ്ങനെ പറയുന്നതിലാണു് എൻെറ രസം. ആ അംഗങ്ങളുടെ മാദകമായ സ്പർശനസൗഖ്യമാണു് ഞാനപ്പോൾ അനുഭവിക്കുന്നതു്. പക്ഷേ, നീ അതു് അറിയുകയില്ല. നിൻെറ യൗവ്വനം നിശ്ശബ്ദമായി കിടന്നു പിടയ്ക്കും—എനിക്കുവേണ്ടി പിടയ്ക്കും! നിൻെറ ഭാവന, നിൻെറ ചിന്ത, നിൻെറ യൗവനത്തിൻെറ സഹസ്രാഭിലാഷങ്ങൾ—എല്ലാം എൻെറ പുറകിൽ അങ്ങനെ കയ്യും കെട്ടി, മുഖവും കുനിച്ചു്, പട്ടിണിക്കാരെപ്പോലെ നടന്നാലയണം. എൻെറ അഭിമാനത്തിനു് അതെന്തൊരു സ്വാഗ്ഗമാകുമായിരുന്നു! എൻെറ അഭിമാനം! അതു് എന്തെന്നു് ഊഹിക്കുകപോലും നിനക്കു സാധ്യമല്ല. എനിക്കു രക്തവും മാംസവുമില്ല. എന്നിലുള്ള സകല മധുരപ്രേരണകളേയും കൊത്തിവിഴുങ്ങി തടിച്ച എൻെറ അഭിമാനം മാത്രം!

പക്ഷേ—അതൊന്നുമല്ല ഉണ്ടായതു്. ഉണ്ടായതു് നിൻെറ ഉയർച്ചമാത്രം. പിന്നെ നിൻെറ മുന്നിൽ വരാൻ എനിക്കു സാധി

ച്ചില്ല. ഞാൻ ഉച്ചഭക്ഷണത്തിന്റെ ഇലപ്പൊതിയുമായി പള്ളിക്കൂടത്തിലേക്കു പോകുമ്പോൾ നീ കാറിൽ എതിരേ വികയാണെങ്കിൽ പ്രാണഭീതിയോടെ ഞാൻ ഒളിച്ചുമാറിക്കളയും. ഒരു പിശാചിന്റെ രൂക്ഷതയോടെ, എന്റെ വ്രണപ്പെട്ട അഭിമാനം അലറും: "വരട്ടെ, വരട്ടെ, ഒരു ദിവസം നിന്റെ ഗർവ്വ് ഞാൻ തുലയ്ക്കും. വരട്ടെ."

എങ്കിലും സുമതിഅമ്മേ, നിങ്ങളെ കാണാതെ കഴിയുക എനിക്കു സാധ്യമായിരുന്നില്ല. നിങ്ങളുടെ ഉദ്ഘാടനപ്രസംഗങ്ങൾക്കും, ശിലാസ്ഥാപനങ്ങൾക്കും ഞാൻ പാഞ്ഞെത്തുമായിരുന്നു. നിങ്ങളുടെ കണ്ണിൽപ്പെടാതെ ഞാൻ ഒഴിഞ്ഞുനില്ക്കും. നിങ്ങളെ ഹാരമണിയിക്കുമ്പോൾ, കൈകൊട്ടി സ്വീകരിക്കുമ്പോൾ, ഒക്കെ എന്റെ അഭിമാനം ചവിട്ടേററ പാമ്പിനെപ്പോലെ ഒന്നു പുളയും. വാ പിളർത്തി അന്തരീക്ഷത്തെ ഉഗ്രമായി ഒന്നു ദംശിക്കും. വിഫലമായ ഒരു രോഷപ്രകടനം........

അന്നു നിന്റെ വിവാഹവേളയിലും ഞാനവിടെ ഉണ്ടായിരുന്നു. അതു് എനിക്കു കാണാമായിരുന്നു. എത്ര കൊല്ലമാകുമിപ്പോൾ? ഏകദേശം അരശതാബ്ദം. എങ്കിലും ഞാൻ അതു് എങ്ങനെ ഓക്കുന്നു! മിന്നിത്തിളങ്ങുന്ന വേഷഭൂഷകളണിഞ്ഞു്, നവവധുവിന്റെ ലജ്ജാവനമ്രമായ മുഖത്തോടെ സാവധാനം നീ മുന്നോട്ടു നീങ്ങി. താണുതൊഴുതു് വസ്ത്രം വാങ്ങി. മൂന്നു പ്രാവശ്യം വലംവച്ചു. എന്റെ അഭിമാനം പല്ലിറുമ്മിക്കൊണ്ടു്, ആ ഭർത്താവിനോടായിരിക്കാം മന്ത്രിച്ചു, "മഠയാ, അവൾ എത്രപ്രാവശ്യം എന്നെ വലംവെച്ചിട്ടുണ്ടു്! പിന്നെ നീ എന്തു ഞെളിയാൻ?" ആർത്തിയോടെ ആ ഭർത്താവു് നിന്റെ സൗന്ദര്യമാസ്വദിയ്ക്കുന്നുണ്ടായിരുന്നു. അവന്റെ ആരാധന! അവന്റെ വിചാരം! നവവധുവിന്റെ ലജ്ജ! ഒരു ഭ്രാന്തനെപ്പോലെ ഉച്ചത്തിൽ ഒന്നു പൊട്ടിച്ചിരിച്ചാലെന്തെന്നു് എനിക്കു തോന്നി. ഉച്ചത്തിൽ അവിടെനിന്നു വിളിച്ചുപറയണമെന്നു് എനിക്കു തോന്നി, "മഠയാ,

നിൻെറ വധു എൻെറ പുറകേ—" ഒരു ശബ്ദവുമുയൎന്നില്ല. എൻെറ നാവു വരണ്ടിരുന്നു. കൈ വിറച്ചു. വാദ്യഘോഷങ്ങളും ആശംസകളും മുഴങ്ങി. നവവധു മന്ദാക്ഷഭാരത്തോടെ മുഖം കുനിച്ചു മന്ദം മന്ദം നടന്നകന്നു.

ആ നിമിഷം എൻെറ സുമതി, പ്രചണ്ഡമായ ഒരാഘാതം എൻെറ ഹൃദയഫലകത്തിന്നനുഭവപ്പെട്ടു. എൻെറ ജീവിതത്തിൽ എനിക്കൊരിക്കലും അജ്ഞാതമായി ഞാൻ സൂക്ഷിച്ച ഒരോമനസ്വപ്നത്തിൻെറ മരണമണി ആ നിമിഷം എൻെറുള്ളിലെല്ലാം പ്രതിദ്ധ്വനിച്ചു. ഹൃദയത്തിലെങ്ങോ ഉദിച്ചുനിന്ന ഒരു മനോജ്ഞകാന്തിപടലം പൊടുന്നനെ അണഞ്ഞുപോയതുപോലെ തോന്നി. ആ നിമിഷത്തിലാണു്, എൻെറ സുമതി, ഞാനാദ്യമായി അറിയുന്നതു്, എനിക്കു നിന്നെ വേണമായിരുന്നെന്നു്.

"എൻെറ തെററു്, എൻെറ തെററു്" എന്നു ഞാൻ മന്ത്രിച്ചുപോയി. അന്നാദ്യമായി ഞാൻ എൻെറ അഭിമാനത്തെ ശപിച്ചു. നീ വഴുതിയതല്ല, ഞാൻ വിട്ടുകളഞ്ഞതാണു്. ആൎക്കറിയാം, വേണമായിരുന്നെങ്കിൽ നീ എൻേറതാകുമായിരുന്നില്ലെന്നു്? ഞാനവിടൊരു തൂണിൽ രണ്ടു കൈകൊണ്ടും പിടിച്ചു്, മുഖം കുനിച്ചു് അല്പസമയം നിന്നുപോയി. ആ കഴിഞ്ഞതെല്ലാം ഞാനൊന്നോൎക്കുകയായിരുന്നു.

വൃശ്ചികമാസത്തിലെ കാൎത്തികദിവസം. ഏതാണ്ടൊരു അമ്പരപ്പോടെയാണു് ഞാൻ നിൻെറ പ്രഭുഗേഹത്തിൽ ആദ്യമായി കാലുകുത്തിയതു്. അന്നു് അവിടമെല്ലാം പരശ്ശതം ചെറുദീപങ്ങളെക്കൊണ്ടു പ്രകാശമാനമായിരുന്നു. നിൻെറ കൊച്ചനുജൻ അപ്പുക്കുട്ടമേനോൻ എന്നെ അയാളുടെ പഠനമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അടുത്ത മുറിയിൽ നിൻെറ സാന്നിദ്ധ്യം എനിക്കപ്പോഴും തന്നെ മനസ്സിലായി. ഞാൻ നിന്നെ കണ്ടിട്ടില്ലായിരുന്നു. എങ്കിലും

ആ മുറിയിൽനിന്ന് ഇടയ്ക്കിടയ്ക്കുയന്ന കൈവളകളുടെ അടച്ച കിലുക്കം, പട്ടുവസ്ത്രങ്ങളുടെ മർമ്മരശബ്ദം, മൃദുപാദപാതശബ്ദങ്ങൾ ഇവയെല്ലാം എൻെറ ഭാവനയിൽ ഒരു സുന്ദരിയെ സൃഷ്ടിച്ചുകഴിഞ്ഞു. എനിക്കന്നു രണ്ടുസംഗതികളിൽ അഹങ്കാരമുണ്ടായിരുന്നു. എൻെറ സൗന്ദര്യത്തിലും, ശബ്ദമാധുരിയിലും. മിക്കവാറും അകാരണമായാണ്—ഞാനൊരു ഗാനാലാപം അന്നു നടത്തി. നളചരിതത്തിലെ ഒരു പദം. വിശാലനീലമായ രണ്ടു നയനങ്ങൾ ആശ്ചര്യവികസിതങ്ങളായി, ജനാലപ്പഴുതിലൂടെ എന്നെ നോക്കുന്നുണ്ടായിരുന്നുവെന്നു ഞാൻ അറിഞ്ഞു. പക്ഷേ, ഞാൻ അങ്ങോട്ടു നോക്കിയില്ല. അറിഞ്ഞതായി നടിച്ചില്ല. ആശയില്ലാഞ്ഞിട്ടല്ല. എൻെറ അഭിമാനം അതു സമ്മതിച്ചില്ല.

അടുത്തദിവസം വൈകിട്ട് അപ്പുക്കുട്ടൻ പറയുകയാണ്: "സാർ, ഒന്നു പാടണം. പഠിപ്പിക്കാനുള്ള ശ്ലോകമായാലും മതി." അതു മററാരുടേയോ അപേക്ഷയാണെന്ന് എനിക്കറിയാമായിരുന്നു. ആ രണ്ടുനയനങ്ങൾ ആർത്തിയോടെ, പ്രതീക്ഷയോടെ, ആ ജനാലപ്പഴുതിൽ ഉണ്ടെന്നു് എനിക്കറിയാമായിരുന്നു. എൻെറ വിജയം അനിഷേധ്യമായിരുന്നു. "നിൻെറ ഇര കുരുങ്ങിക്കഴിഞ്ഞു" എൻെറ അഭിമാനം മദിച്ചു. പക്ഷെ, ഞാൻ പാടിയില്ല. "പാട്ടോ? എന്തു പാട്ട്? ആദ്യം പാഠം പഠിക്കു. പിന്നെ പാട്ടും കളിയും" എന്നു ഞാൻ ആ ബാലനെ ശാസിച്ചു കഷ്ടം! നീ എന്തു നിരാശപ്പെട്ടുകാണും. ആ നിരാശയിൽ ഞാനാനന്ദിച്ചു. ഒരു ഭയമെനിക്കുണ്ടായിരുന്നു. ശബ്ദം പതറിയെങ്കിലോ? മാധുര്യം കുറഞ്ഞെങ്കിലോ? ആ കേൾക്കാത്ത ഗാനം അതിൻെറ പ്രതീക്ഷോദ്രേകമായ മാധുര്യത്തോടെ അങ്ങനെ രൂപംപ്രാപിക്കാതെ കിടക്കണം. അതിലാണെൻെറ വിജയം. പാടുകയില്ല. പാടരുതു്. പാടിക്കൂടാ.

ഒരു ഓട്ടുതംബ്ളേർ നിറയെ ചായയും ഒരുകഷണം വാഴയിലയിൽ പലഹാരവും എനിക്കൊരു വാല്യക്കാരൻ കൊണ്ടുവെയ്ക്കുക പതിവുണ്ടായിരുന്നു. നാലാം ദിവസമാണെന്നു തോന്നുന്നു,

എനിക്കു ചായയും പലഹാരങ്ങളും നല്ല പരിഷ്കൃതരീതിയിലുള്ള മൺപാത്രങ്ങളിൽ വന്നു. അതു് അഹങ്കാരിയായ ആ അരിവെയ്പു കാരനോടു്, ആരോ അധികാരമുള്ളവർ എനിക്കുവേണ്ടി വാദിച്ചതിൻെറ ഫലമാണെന്നു് ഞാൻ ഊഹിച്ചു.

ഇടയ്ക്കിടയ്ക്കു് അപ്പു എഴുന്നേററു വെളിയിൽപോകും. അപ്പോഴെല്ലാം ഞാൻ തനിയേ എന്നോടെന്നപോലെ താഴ്ന്ന ശ്രുതിയിൽ ശൃംഗാരശ്ലോകങ്ങൾ മൂളിത്തുടങ്ങും. ആ ദിവസം "മങ്കത്തയ്യിനെ മഞ്ജുവാക്കുകൾ പറഞ്ഞൊട്ടൊട്ടു്—" എന്നു ഞാൻ ശങ്കരാഭരണത്തിൽ തട്ടിവിട്ടുതുടങ്ങുമായിരുന്നു. പെട്ടെന്നൊരാൾ ആ ജനാലപ്പഴുതിൽ പ്രത്യക്ഷമായി. ഒന്നു നോക്കി; ഒന്നു മന്ദഹസിച്ചു. വിദ്യുല്ലതപോലെ മിന്നിമറഞ്ഞു. ഞാൻ പതുക്കെ എഴുന്നേററു് ജനാലയിൽ വന്നുനിന്നു. നീ ഇരുന്നിടത്തുനിന്നെഴുന്നേററു് എൻെറ മുഖത്തേക്കു് ഒന്നു നോക്കി, ഒന്നു മന്ദഹസിച്ചു. ഞാനും ഒന്നു നോക്കി; ഒന്നു മന്ദഹസിച്ചു. ആരും ഒന്നും പറഞ്ഞില്ല. പക്ഷേ, ആ നോട്ടവും പുഞ്ചിരിയും ശബ്ദത്തേക്കാൾ വാചാലമായിരുന്നു അല്ലേ? നിൻെറ ശിരസ്സു കുനിഞ്ഞു. ഞാൻ തിരിച്ചു നടന്നു. അപ്പു വന്നു. പാഠങ്ങൾ തുടങ്ങി. അപ്പോൾ കേൾക്കാം അകത്തുനിന്നൊരു കൂജനം: "അപ്പു, നിൻെറ സാറിനോടു് ഒരു പാട്ടൊന്നു പാടാൻ പറയുമോ?........"

എങ്ങനെയാണു് കുഴപ്പങ്ങൾ ഉത്ഭവിച്ചതു്? വലിയവീട്ടിലെ കുഴപ്പങ്ങൾ എല്ലാം അടുക്കളയിൽനിന്നാണു് ഉൽഭവിക്കുക. ആ വാല്യക്കാർക്കൊന്നും എന്നെ രസിച്ചില്ല. കൊച്ചുകൊച്ചമ്മ വാദ്ധ്യാരുടെ കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധ അവരെ ദേഷ്യംപിടിപ്പിച്ചു. സംസാരമുണ്ടായി. ഒരു ദിവസം നീ എന്നോടു ചോദിച്ചു: "ഒരു കാര്യം പറയട്ടെ?"

"ഓഹോ, എന്തുവേണമെങ്കിലും പറയരുതോ?" ഞാൻ അർത്ഥഗർഭമായി നിൻെറ മുഖത്തു നോക്കി.

നീ:—"ഇവിടെ ഉള്ളവർക്കൊക്കെ ഒരു സംശയം."

ഞാൻ:—"എന്തു സംശയം?"

നീ:—"നമ്മെ രണ്ടുപേരെയുംപററി."

നീ മനഃപൂർവ്വമാണ് ആ അറിവ് എനിക്കു നൽകിയതു്. അങ്ങനെ എൻെറ മനസ്സു തുറന്നുകാട്ടുകയായിരുന്നു. ഞാൻ വിട്ടില്ല. ഞാൻ പറഞ്ഞു. "ഞാൻ സുമതിഅമ്മയെ തൊട്ടിട്ടുപോലുമില്ലല്ലോ. ഉണ്ടോ?" കരുതിക്കൂട്ടിയാണ് ഞാൻ അതു ചോദിച്ചതു്. നീ മധുരമായി ലജ്ജിച്ചു, തലതാഴ്ത്തി. നിന്നെ തൊടുമെന്നു തന്നെ നീ തീർച്ചപ്പെടുത്തിയിരിക്കണം. അല്പസമയം അങ്ങനെ നിന്നിട്ട്, നീ നിരാശയോടെ തലയുയർത്തി. നീ ചോദിച്ചു: "ഇങ്ങനെ നിൽക്കുന്നതു വല്ലവരും കണ്ടാൽ—?" നീ എനിക്ക് പ്രോത്സാഹനം നൽകുകയായിരുന്നു. ഞാൻ ഉത്തരം പറഞ്ഞു: "നാം വെറുതെ ദൂരെദൂരെ നില്ക്കുകയല്ലേ?" പിന്നെയും നീ ലജ്ജിച്ചു തല താഴ്ത്തി. പിന്നെയും നീ വിചാരിച്ചിരിക്കണം ഞാൻ നിന്നെ തൊടാൻപോവുകയാണെന്ന്. ഞാൻ തൊട്ടില്ല. നിൻെറ ആ നിസ്സഹായത വളർത്തുന്നതിലാണ് എൻെറ രസം. നീ എന്നും എന്നും കൊതിക്കണം. "ആ ഗാനഗന്ധർവ്വൻ, സൗന്ദര്യധാമം ഒന്നു തൊട്ടെങ്കിൽ, ഒന്നുതൊട്ടെങ്കിൽ" എന്ന്. ആ മോഹം സാഫല്യമടയാതെ ആജീവനാന്തം നിലനിൽക്കണം.

പക്ഷേ, സുമതീ, എനിക്കെന്തൊരു തെററാണു പററിയതു് എന്നുമെന്നും നീ എൻെറ അടിമയായി, ആത്തി ഒടുങ്ങാതെ, എൻെറ പുറകേ അലഞ്ഞുതിരിയുമെന്ന് ഞാൻ വ്യാമോഹിച്ചു. ആ വിശ്വാസത്തിൽ ഞാൻ അഭിമാനംകൊണ്ടു. ആ അഭിമാനബോധത്തിൽ നീ എനിക്കു കൂടിയേകഴിയുവെന്ന കാര്യം ഞാൻ വിസ്മരിച്ചുപോയി.

സംസാരം പരന്നു. അധികാരസ്ഥാനങ്ങൾ അറിഞ്ഞു. ഒരു ദിവസം ഞാൻ അവിടെനിന്ന് ആട്ടിയോടിക്കപ്പെട്ടു. പിന്നെ താമസമുണ്ടായില്ല, നിൻെറ വിവാഹം നടന്നു ആ ഭർത്താവിനെ വിട്ടിട്ട് വേണമെങ്കിൽ നീ എൻെറപുറകേ പോരുമെന്ന് പിന്നെ

യും ഞാൻ വിശ്വസിച്ചു. "ഞാനൊരു ചെറുവിരൽ ഇളക്കിയാൽ മതി" എന്നു ഞാൻ സ്വയം ആശ്വസിച്ചു അതുണ്ടായില്ല. എന്നാലും നിനക്കെൻെറ മുമ്പിൽ തലകുനിക്കേണ്ടിവരുമെന്ന് പിന്നെയും ഞാൻ കരുതി. എന്നെ കണ്ടാൽ ആ പഴയ ആവേശം വീണ്ടും വരും.....ഒന്നുമില്ലെങ്കിൽ എന്നെ ഒരു വലിയ ഭയമെങ്കിലും കാണാം..... .......

അതെല്ലാം വെറും വിശ്വാസങ്ങളായിരുന്നു. നീ എന്നിൽ നിന്നകന്നുപോയപ്പോൾ എൻെറ ആത്മാവ് നിശ്ശബ്ദം കേണിരിക്കണം. ആ വിങ്ങൽ കേൾക്കാതിരിക്കാൻ—അതിനെ നിഷേധിക്കാൻ—എൻെറ പ്രാധാന്യത്തെ പുനഃസ്ഥാപിക്കാൻ—എൻെറ വൃഥാസ്ഥൂലമായ അഭിമാനബോധം പടുത്ത കെട്ടുകഥകൾ മാത്രമായിരുന്നു ആ ചിന്തകൾ. ´ ഭാഗ്യംപിറന്നവളെ, ഇന്നലെ എൻെറ പരാജയം വ്യക്തമായി. ഇനി എൻെറ അഭിമാനത്തെ പൊക്കിനിർത്താൻ ഒന്നുമില്ല. എൻെറ സകലതുമായ അഭിമാനം തകർന്നുപോയി. ഇതാ—ഇത് ഒന്നും നിന്നെ ഓർമ്മിപ്പിക്കാനല്ല. നിന്നെ കുറ്റപ്പെടുത്താനല്ല. എൻെറ പരാജയത്തിൻെറ പ്രകടനപത്രികയായി ഈ കത്ത് സ്വീകരിക്കുക.

എങ്കിലും—എങ്കിലും—എൻെറ അന്നത്തെ സുമതീ, അത്രമാത്രം ഭയങ്കരമായിപ്പോയി, നിന്നിടത്തു നിന്നുകൊണ്ട് നീട്ടിയെറിഞ്ഞ ക്രൂരമായ, ഹൃദയശൂന്യമായ, അസഹനീയമായ ആ ചോദ്യം "ആരാ കേശവാ അത്?..... ഓ പണിക്കരോ? എന്താ പണിക്കരേ? കാണാനുണ്ടോ?"

പണിക്കര്! വെറും വെറും പണിക്കര്!!

---

# അടഞ്ഞ വാതിലുകൾ

അന്നത്തെ പൊട്ടിച്ചിരികളെല്ലാം കഴിഞ്ഞു. ചീട്ടുകളിയും വെടിപറച്ചിലും കഴിഞ്ഞു സ്നേഹിതന്മാർ പിരിഞ്ഞു മങ്ങിത്തുടങ്ങിയ പകലിന്റെ ഏകാന്തതയ്ക്കും എന്നെ പണയമേല്പിച്ചിട്ടു് അവരെല്ലാം അവരുടെ പാട്ടിനുപോയി.

ഗ്രാമത്തിലെ സന്ധ്യയ്ക്കു ചില പ്രത്യേകതകളുണ്ടു്. ഒരു മോട്ടോർഹോണിന്റെ ശബ്ദംപോലുമില്ല. ഒരു നാഗരികാംഗനയുടെ ഹാർമ്മോണിയം സ്വനിക്കാറില്ല. ഗ്രാമത്തിലെ സന്ധ്യ മൂകമാണു്. അതിനൊരു വിഷാദമുണ്ടു്.

അയലത്തെ വീട്ടുകളിൽ വിളക്കു കാണാനില്ല. റേഷനും കൺട്രോളുംകൂടെ ചിലരെയൊക്കെ തടിപ്പിച്ചു. പക്ഷേ, പാവങ്ങളുടെ വീട്ടിലെ വിളക്കു് അതു് കെടുത്തി. മേഞ്ഞിരുന്ന ഓലയുടെ പഴുതിൽക്കൂടി അരിച്ചിറങ്ങുന്ന ഒരു നേരിയ പുകച്ചുരുൾ—അകത്തെ പട്ടിണിയുടെ പുകച്ചുരുൾ— ആ കൊച്ചുവീടുകൾക്കു മീതെ ചില വികൃതാക്ഷരങ്ങൾ എഴുതിപ്പിടിപ്പിച്ചു. പിന്നതും മാഞ്ഞു. ഇരുട്ടു് എല്ലാററിനേയും മൂടി.

പകലൊക്കെ എന്തൊരു സുഖമാണീ ഗ്രാമം കാണാൻ? കരക്കാററിന്റെ കാലമാണു്. പാലപൂക്കുന്ന സമയമാണു്. നെൽ

പ്പാടങ്ങൾ കതിരണിഞ്ഞുതുടങ്ങിയിരിക്കുന്നു. നദിയുടെ ഉടലിനു കൃശത്വവും പോക്കിനു വേഗവും കൂടിയിട്ടുണ്ടു്. വെയിൽ മൂക്കുമ്പോൾ ചിലപ്പോൾ അയൽവീട്ടുകളിൽ കലഹങ്ങൾ പൊട്ടിപ്പുറപ്പെടും. അവർ എല്ലാം പറഞ്ഞുതീർക്കും എല്ലാം അങ്ങു മറക്കയും ചെയ്യും. നല്ലയൊരു ഗ്രാമം. സന്ധ്യ അതിൻെറ മുഖത്തു് ഒരാവരണം ഇട്ടുകളഞ്ഞു. പൊട്ടുന്നനെ സകല ഭംഗികളും അസ്തമിക്കുന്നു. ഭംഗിയില്ല, ശബ്ദമില്ല, വെളിച്ചമില്ല. ഞാൻ ചിലപ്പോൾ ആലോചിക്കാറുണ്ടു്—ഈ എല്ലാവീട്ടുകളിലും ദീപങ്ങൾ ഉയന്നെങ്കിൽ! പൊട്ടിച്ചിരികളും, ഗാനങ്ങളും ഉയന്നെങ്കിൽ! ഒരിടത്തുമാത്രം പൊട്ടിച്ചിരികൾ കേൾക്കാം. വികൃതാട്ടഹാസങ്ങൾ കേൾക്കാം. നിരവധി ദീപങ്ങൾ അവിടെ പ്രകാശിക്കുന്നുണ്ടു്. അനവധിയാളുകൾ കൂടാറുണ്ടു്. അവിടെമാത്രം ജീവിതം മത്തുപിടിച്ചു രസിക്കുന്നു ഗ്രാമത്തിലെ കള്ളുകടയിൽ. മതസ്ഥാപനങ്ങൾ വെച്ചു പുലത്താൻ പാടുപെടുന്ന ഗവണ്മെൻറുകൾ എന്തിനു് കള്ളുപീടികകളും നടത്തണം?.......

ഞാനും എൻെറ ചിന്തയും ആ ഇരുട്ടിൽ കിടക്കയാണു്. മുററത്തു് ഒരു ചെറുസോഫായിൽ, മേല്പോട്ടുനോക്കി ഞാൻ കിടക്കയാണു്. കറുത്തവാവിൻെറ രാത്രി. എങ്കിലും പരസഹസ്രം താരകകൾകൂടി ഒരു നേരിയ പ്രകാശം വീശി. നീലാകാശത്തിൻെറ അജ്ഞാതഹൃദയത്തിലേക്കു് ഞാൻ ചെറിയ കണ്ണുകളുയത്തി നോക്കയാണു്. അതെല്ലാം അജ്ഞേയതയുടെ മേഖലയാണു്. അതു തങ്ങളുടെ രഹസ്യമേഖല. അതങ്ങനെ നോക്കിക്കിടക്കയല്ലാതെ എനിയ്ക്കപ്പോൾ ഒന്നും ചെയ്യുവാനാവില്ലായിരുന്നു. പ്രവൃത്തിയില്ലെങ്കിൽ തത്വചിന്തകനാകാം, വിരോധമില്ല. സ്വന്തമായി വ്യസനങ്ങളൊന്നുമില്ലെങ്കിൽ അന്യരുടെ വ്യസനങ്ങളെ നിരൂപണം ചെയ്യാം. കാണുന്നതിൽ വിശ്വാസമില്ലെങ്കിൽ കാണാത്തതിൽ വിശ്വസിക്കാം. ഏതിനും കുറെ നല്ലവാചകങ്ങൾ ചമയ്ക്കാൻ മിടുക്കുണ്ടായിരിക്കണം. ഹായ്! ഒരു തത്വചിന്തകനായെങ്കിൽ!

പക്ഷേ—എൻെറ ഭാൎയ്യ അവളുടെ രണ്ടു കുട്ടികളേയും പിടിച്ചുകൊണ്ടു് ഇറങ്ങിപ്പോയിട്ടു് ഒരാഴ്ച ആയിട്ടില്ല. അവർ തിരിച്ചുവരികയില്ലെന്ന വാശിയാണോ എന്തോ? അതിനൊരു തീരുമാനം ഉണ്ടായെങ്കിൽ—വരില്ലെന്ന നിശ്ചയമായെങ്കിൽ പിന്നെ അല്പം തത്വചിന്തയാതൊരു ദോഷവും ചെയ്യുകയില്ല മുഖം വീർപ്പിക്കുന്ന ഭാൎയ്യയേക്കാളും ഏതായാലും നല്ലതു് തത്വചിന്തയാണെന്നു് ഏതു പുരോഗമനവൈരിയും സമ്മതിക്കും. പുരോഗമനം! പുരോഗമനം! എങ്ങോട്ടു നോക്കിയാലും പുരോഗമനക്കാരും അവരെ ചീത്തപറയുന്നവരുംതന്നെ. ഒരെഴുത്തുകാരനാണെന്നറിഞ്ഞാൽ ഉടൻ അടുത്ത ചോദ്യം പുരോഗമനക്കാരനല്ലല്ലോ എന്നായിരിക്കും. ബസ്സിലും ബോട്ടിലുമെല്ലാം നല്ല വെളഞ്ഞ സാംക്രമിരോഗികളുണ്ടു്. അവരുടെ അടുത്തെല്ലാം ഞെരുങ്ങിക്കൂടാൻ ആൎക്കും ഒരു വിഷമവുമില്ല. പുരോഗമനസാഹിത്യകാരനെ എന്തൊരു വെറുപ്പാണു്! ഗ്രാൻറ പള്ളിക്കൂടംവാദ്ധ്യാന്മാർ, രജിസ്റ്റർകച്ചേരിയെഴുത്തുകാർ, ഇവരൊക്കെയാണല്ലോ സാധാരണയായി സാഹിത്യസാമ്രാജ്യത്തിലെ സ്വേച്ഛാപ്രഭുക്കൾ. എന്നുവെച്ചാൽ ഇവൎക്കു സാഹിത്യകാരൻെറ മേൽ "കൊല്ലും കൊലയ്ക്കും" അവകാശമുണ്ടു്. ഉണ്ടെങ്കിലും ഇല്ലെങ്കിലും അവരാക്കാൎയ്യം നടത്തുന്നുണ്ടു്. ഇവർ മാവിൻമൂട്ടിലും കടത്തിണ്ണകളിലും ഇരുന്നു നടത്തുന്ന സാഹിത്യനിരൂപണങ്ങൾ കേട്ടാൽപിന്നെ അഭിമാനമുള്ള സാഹിത്യകാരൻ പേന തൊടുകയില്ല. ഏതു് ഗൂഢാർത്ഥകവിതയും കൊട്ടത്തുകൊള്ളും. അവർ പറയും: "ഹേയ് അതിലൊരു ചുക്കുമില്ല. അതില്ലെ അഞ്ചൽ മിസ്റ്റ്രസ്സിനെപ്പറ്റിയല്ലിയോ? നമുക്കറിഞ്ഞുകൂടേ?" അവൎക്കറിയാം. അതാണു് ആപത്തു്. അവൎക്കറിയാൻവയ്യാത്തതായി ഇന്നു് ഒന്നും ഉണ്ടായിട്ടില്ല. ഈശ്വരാ! ഇവരുടെ അറിവിൽനിന്നു ലോകത്തേയും പുരോഗമനസാഹിത്യകാരനേയും രക്ഷിക്കണേ.

ഓൎത്തുപോകയാണു്—എൻെറ ഭാൎയ്യയ്ക്കു ശുണ്ഠിവരുമ്പോൾ അവൾ പറയും: "കുഞ്ഞേ, മേശയുടെ അടുത്തുന്നു് ഇങ്ങു പോരേ.

നിൻെറ അച്ഛൻെറ പുനരാഗമനസാഹിത്യത്തിലൊന്നും തൊടാതെ'' മേശപ്പുറത്തു ചിന്നിച്ചിതറിക്കിടക്കുന്ന കടലാസുകളിൽ തനിക്കു ജീവാപായം വരുത്തുന്ന മന്ത്രങ്ങളാണു് എഴുതിവെച്ചിരിക്കുന്നതെന്ന ഭയത്തോടെ എൻെറ കൊച്ചുമകൾ പൊയ്ക്കളയും. അങ്ങനെ ആ കുഞ്ഞിനു് എന്നെ പേടിയാണു്. ഞാൻ വിളിക്കുമ്പോൾ അതു സംശയിച്ചു നിന്നു നോക്കും. ഒരു പിതാവിനു് അതു സഹിക്കാൻ സാധിക്കുമോ? തൻെറ രക്തത്തിൽനിന്നും ഉടലെടുത്ത ഓമനപ്പൈതലിൻെറ ആശ്ലേഷസുഖം നിഷേധിക്കപ്പെടുന്ന പിതാവിൻെറ ജീവിതം!......ഞങ്ങളുടെ ജീവിതത്തിൽ ഈ പൊരുത്തക്കേടെങ്ങനെ ഉണ്ടായി?

ഞാൻ അവളെ സ്നേഹിച്ചിട്ടുണ്ടു്. ഹൃദയംഗമമായി സ്നേഹിച്ചിട്ടുണ്ടു്. അതവൾക്കറിയുകയും ചെയ്യാം. നാലുവർഷം ഞങ്ങൾ ഒരുമിച്ചു കഴിഞ്ഞു, രണ്ടു കുഞ്ഞുങ്ങൾ ഉണ്ടായി. ഇന്നു് ഇപ്പോൾ എൻെറ സ്നേഹത്തിൻെറ അവകാശികൾ എന്നെ ഉപേക്ഷിച്ചിരിക്കുന്നു.

ഈ ഏകാന്തത! എനിക്കിതു് അപരിചിതമാണു്. ചെറുശബ്ദങ്ങൾ—എപ്പോഴും എൻെറ വീട്ടിൽ കേൾക്കാമായിരുന്നു. വീടുറങ്ങിപ്പോയി. ഈ ആരുമില്ലാത്ത വീടുകാത്തു് ഞാനെന്തിനിങ്ങനെ ഇരിക്കണം? എന്നെ ത്യജിച്ചുപോയ ഭാര്യയെ ഞാനും ത്യജിക്കുക—അതു ന്യായമല്ലേ? പക്ഷേ—യുക്തിവാദങ്ങൾക്കു് വികാരത്തിൻെറ രാജ്യത്തിൽ സ്ഥാനമില്ല. ഞാനവളെപ്പോയി കാണുകയില്ല; വരണമെന്നപേക്ഷിക്കുകയില്ല; എൻെറ വ്യസനമവളെ അറിയിക്കുകയില്ല; എൻെറ വ്യസനം എത്ര അഗാധമായാലും. സഹിക്കാനുള്ള കഴിവു് എനിക്കുണ്ടു്. ഇനി അവൾ വരികയാണെങ്കിൽ? ഈ വീടു് അവളെ ഒരിക്കലും നിഷേധിക്കയില്ല. ഇവിടുത്തെ വിഭവങ്ങൾ അവളുടെ സ്വന്തമാണു്. എന്തുകൊണ്ടെന്നാൽ അതവൾക്കവകാശപ്പെട്ടതാണു്. പക്ഷേ, ഒരു കാര്യം—മുറിഞ്ഞുപോയ ആ ഹൃദയൈക്യം—ആ പഴയ ബന്ധത്തിൻെറ മാധുര്യം—

അതു് എന്നെന്നേയ്ക്കുമായിത്തന്നെ നഷ്ടപ്പെട്ടുപോയതാണു്. ഇനി ആ മുഖത്തു നോക്കുമ്പോൾ ആനന്ദത്തിന്റെ ഒരുറവ എന്റെ ഹൃദയത്തിൽ നുരയിട്ടുവരികയില്ല. അകാരണമായി എന്നെ വേണ്ടെന്നുവെച്ചവൾ—അങ്ങനെ പൊട്ടിക്കയും വെച്ചുകെട്ടുകയും ചെയ്യപ്പെടുന്ന ഒരു ബന്ധത്തിനു് ഞാൻ തയ്യാറില്ല. എനിക്കതു സാധിക്കയില്ല. അതാണു്—ഇതാ—പൊട്ടിക്കാതെതന്നെ കിടക്കയാണവളുടെ എഴുത്തു്. ഞാനെന്തിനതു പൊട്ടിക്കണം?

അതിൽ എന്തായിരിക്കുമെന്നെനിക്കറിയാം. അവളുടെ വിധികല്പിക്കലായിരിക്കും. കുറേ ശകാരവും കാണും. ഞാനെന്തിനതു വായിക്കണം? അതിനെല്ലാം ഞാനെന്തു മറുപടി പറയാനാണു്! അവൾക്കൊന്നും കേൾക്കണ്ട. എന്നെ വേണ്ടെന്നുവയ്ക്കാനുള്ള ധൃതിയിൽ അവൾ എന്നോടൊന്നും ചോദിച്ചില്ല. ഞാനൊന്നും പറഞ്ഞുമില്ല ആ യാത്രപറച്ചിൽ എനിക്കു മറക്കാൻ സാധിക്കയില്ല.

‘‘ഞാൻ പോകയാണു്. എന്നെക്കൊണ്ടിനി ഇവിടെ താമസിക്കാനൊക്കുകയില്ല.’’

ഞാൻ അമ്പരന്നുപോയി. അവൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. പിന്നെ ഞാനെന്തു പറയാനാണു്. ‘‘എന്താണിവിടെ കുഴപ്പം? എന്തുകൊണ്ടാണിവിടെ താമസിക്കാൻ വയ്യാത്തതു്?’’ എന്നൊക്കെ ഞാൻ ചോദിക്കുമായിരുന്നോ? ആരെങ്കിലും അങ്ങനെ അഭിപ്രായപ്പെട്ടാൽ എന്നെ അവർ മനസ്സിലാക്കാതെയാണതു ചെയ്യുന്നതു്. ഞാൻ അവളുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഒരിക്കലും ഹനിച്ചിട്ടില്ല. അവൾ എന്നോടാലോചിക്കാതെയാണു തീർച്ചപ്പെടുത്തിയതു്. ശരി. പക്ഷെ അതിനു ഞാനെന്തു ചെയ്യാനാണു്? അവൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞില്ലേ? ഞാൻ പറഞ്ഞു: “പോകണമെന്നുണ്ടെങ്കിൽ—ഞാൻ കൊണ്ടുചെന്നാക്കിയേക്കാം. ഇങ്ങനെ തനിയേ പോകുന്നതു് ഏതായാലും ഭാഗിയല്ല” അവൾ മിണ്ടിയില്ല. മൗനം സമ്മതമായി ഞാൻ സ്വീകരിച്ചു. ഞാൻ പതുക്കെച്ചോദിച്ചു: “എപ്പോൾ പോകണം?’’

അവൾക്ക് എൻെറ ഈ പതിഞ്ഞ സ്വരവും ഇഴഞ്ഞ മട്ടും ഒന്നും തീരെ രസിച്ചില്ല. അവൾ പരിഭ്രമവും കോപതാപങ്ങളും കാണാൻ ആഗ്രഹിച്ചിരിക്കാം. പക്ഷെ, ഞാനതൊന്നും കാണിച്ചില്ല. അതിൻെറ നിരാശ അവളുടെ മുഖത്തു കാണാമായിരുന്നു. അവൾ ഉച്ചത്തിൽ പറഞ്ഞു: "ഇപ്പോൾ; എത്രയും വേഗം."

ഞാൻ പിറുപിറുത്തു: "എന്നാൽ ഇതു് ഇന്നലെയേ പറഞ്ഞുകൂടായിരുന്നോ?" ഞാൻ മുണ്ടുമാറാൻ അകത്തേക്കു പോയി.

വഴിയിൽ ഞങ്ങൾ അധികമൊന്നും സംസാരിച്ചില്ല. അവളുടെ അച്ഛൻെറ ഗൃഹത്തിൻെറ നടയിൽ ഞങ്ങളുടെ കാറു നിന്നപ്പോൾ അവൾ കുഞ്ഞുങ്ങളുടെ രണ്ടിൻെറയും കയ്യുംപിടിച്ചുകൊണ്ടു് ഇളകിനടന്നകത്തേക്കുകയറി മറഞ്ഞു. ഞാനവളുടെ അമ്മയോടു പറഞ്ഞു: "ഒന്നും വേണ്ടാ—ഞാൻ സ്റ്റേഷനിൽനിന്നു കാപ്പികുടിച്ചു. അത്യാവശ്യമായി പോകണം, അതാണു്. ചങ്ങനാശ്ശേരിവരെ. വേണ്ട, ഇപ്പോൾ ഒന്നും വേണ്ട." അവർ അതെല്ലാം വിശ്വസിച്ചു ഞാൻ അകത്തേയ്ക്കു് ഒന്നു കടന്നു, മുണ്ടുമാറാനുള്ള വ്യഗ്രതയോടെ നിൽക്കുന്ന പ്രിയതമയോടു പറഞ്ഞു. 'ഞാൻ ഇറങ്ങുകയാണു്. നിനക്കു തിരിയെ വരണമെന്നു തോന്നുമ്പോൾ എന്നെ അറിയിക്കൂ.'' അവൾ മിണ്ടിയില്ല—എന്നെ തുറിച്ചുനോക്കിക്കൊണ്ടവൾ നിന്നു. നിശ്ചയമായും ഈ വാചകങ്ങളല്ല, എന്നിൽനിന്നു് അവൾ കേൾക്കാൻ കാത്തിരുന്നതു്. എന്തുചെയ്യാം. എനിക്കു മറെറാന്നും പറയാനില്ലായിരുന്നു. ആറുദിവസം കഴിഞ്ഞു് അവൾ എഴുതിയിരിക്കയാണു്. കുറെ ശകാരങ്ങളായിരിക്കും. അല്ലാതെന്തു് എഴുതാനാണു്?

എൻെറ പ്രിയപ്പെട്ട കമലം, ഞാൻ നിന്നോടു ക്ഷമായാചനം ചെയ്യേണ്ട യാതൊരു കാര്യവുമില്ല. ഞാൻ യാതൊരു തെററും ചെയ്തിട്ടില്ല. നിന്നെ സ്നേഹിച്ചുപോയതൊരു തെററാണെങ്കിൽ അതിൽ ഞാൻ ദുഃഖിക്കുന്നില്ല. കവി പറഞ്ഞതുപോലെ "It is better to have loved and lost than to have loved

at all.” ഒരു ചോദ്യം ഉത്തരം കിട്ടാതെ എന്റെ ഹൃദയത്തിൽ കിടന്നു മറിയുകയാണു്. നിനക്കെങ്ങനെ എന്നെ വെറുക്കാൻ കഴിഞ്ഞു? ഒരിക്കലെങ്കിലും ഞാൻ നിന്നെ വേദനിപ്പിച്ചിട്ടുണ്ടോ? നീ എന്റെ പ്രിയതമതന്നെയായിരുന്നു. രണ്ടു കുട്ടികളായിക്കഴിഞ്ഞിട്ടും നമുക്കന്യോന്യം മുഷിഞ്ഞില്ല; നാം കുററപ്പെടുത്തിത്തുടങ്ങിയില്ല; പരമാത്ഥത്തിൽ നമ്മുടെ മധുവിധു അവസാനിച്ചില്ല. എന്നിട്ട് ഇത്ര പെട്ടെന്നു്—

മനശ്ശാസ്ത്രം പറയുന്നു, കുട്ടികളുണ്ടായിക്കഴിഞ്ഞാൽ ഭാര്യയ്ക്കു ഭത്താവിനോടുള്ള സ്നേഹം കുറയുമെന്നു്. പക്ഷേ, ഭത്താവിനു ഭാര്യയോടു് പ്രിയം കുറയുകയുമില്ല. എങ്കിലും ഒരുമാസം മുമ്പുവരെ നീയെന്റെ കമലംതന്നെയായിരുന്നല്ലോ—പിന്നിത്രപെട്ടെന്നു്—

സ്ത്രീഹൃദയത്തിന്റെ പ്രവൎത്തനങ്ങൾ അജ്ഞേയങ്ങളും അത്ഭുതാവഹങ്ങളും ആണെന്നു് പലരും പറയുന്നു. അങ്ങനെയൊന്നും എനിക്കു തോന്നിയിട്ടില്ലായിരുന്നു. അങ്ങനെയൊക്കെ തോന്നുന്നതു് വാസ്തവത്തിൽ സ്ത്രീയെപ്പററിയുള്ള മിഥ്യാസങ്കല്പങ്ങളിൽ നിന്നാണെന്നുമാത്രമേ എനിക്കഭിപ്രായമുണ്ടായിരുന്നുള്ളു. നാം വ്യാഖ്യാനം കാണാത്തതരത്തിൽ അവരുടെ മനസ്സു വല്ലപ്പോഴും തിരിഞ്ഞെങ്കിൽ, ആ തിരിച്ചിലിനു് ഒരു വ്യാഖ്യാനമേയില്ലെന്നു പറയുന്നതു് ശരിയല്ല. ഒരുമാസമായിട്ടു് അവൾ എന്നെ ശുണ്ഠി പിടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. പലപ്പോഴും എനിക്കതൊരത്ഭുതമായി തോന്നിയിട്ടുണ്ടു്. പതിവില്ലാത്ത ഈ ഒരു ശ്രമം. എന്റെ സ്നേഹമയിയായ ഭാര്യ ഇതാ നിസ്സാരകാൎയ്യങ്ങൾക്കു മല്ലിടാൻ തയാറാകുന്നു. “കുഞ്ഞേ, നിന്റെ അച്ഛന്റെ മേശയിലൊന്നിലും തൊടാതെ പൊള്ളും. പുരോഗമനസാഹിത്യമിരിപ്പുണ്ടു്” എന്നു് എന്റെ കുഞ്ഞിനെ ശാസിക്കുന്നു. “ഞാൻ വെളിയിൽ പോയിരുന്നപ്പോൾ എന്നെ അന്വേഷിച്ചാരെങ്കിലും വന്നോ?” എന്നു ഞാൻ ചോദിച്ചാൽ, “ഞാൻ പടിപ്പുരയിലാണോ ഇരിക്കുന്നതു്, വരുന്നതും പോകുന്നതും ആരെന്നു നോക്കിട്ടുകൊൾവാൻ?”

എന്നൊക്കെ ഉത്തരങ്ങൾ! അവൾക്കെന്തുപററി? എന്താണിതി ൻെറ അർത്ഥം? എന്തു ശ്രമമാണവൾ ചെയ്യുന്നതു് ഒരു കലഹമു ണ്ടാക്കാൻ? അവൾക്കേതോ എന്നോടു പറയണം; എന്നിൽനിന്നു് ഏതോ അറിയണം ചോദിക്കാനോ പറയാനോ അറപ്പു്. ഒരു കലഹവേളയിലിതൊക്കെ ആകാം. പക്ഷേ—കലഹം ഉണ്ടായില്ല. അവളുടെ സ്വഭാവപരിവർത്തനത്തിനു് ഞാൻ വഴങ്ങിക്കൊടുത്തു. സ്നേഹിച്ചുപോയവളോടു് എതിരിനു നിൽക്കാൻ എനിക്കു കഴി ഞ്ഞില്ല. അവൾ എൻെറ മൗനത്തിൽ നിരാശപ്പെട്ടിരിക്കും "ഈ മൂർഖൻ, ഈ ദുഷ്ടൻ, ഇതൊക്കെക്കേട്ടിട്ടും എന്നൊ രണ്ടു ചീത്ത പോലും പറയുന്നില്ലല്ലോ" എന്നു് അവൾ മനസ്സിൽ പ്രാകിക്കാ ണാം. സ്ത്രീഹൃദയം അങ്ങനെയൊക്കെ ചെയ്യുമെന്നാണു് സ്ത്രീഹൃ ദയത്തെപ്പററി പുസ്തകങ്ങളെഴുതിയിട്ടുള്ളവർ പറയുന്നതു്. സ്ത്രീഹൃ ദയത്തെപ്പററി എന്തൊക്കെ പഠിച്ചാലും ഒരറിവും കിട്ടുകയില്ല പോലും. എല്ലാം അടഞ്ഞവാതിലുകളാണുപോലും!............

എൻെറ കമലത്തിൻെറ എല്ലാ എഴുത്തുകളും ഞാൻ പല തവണയും വായിച്ചിട്ടുണ്ടു്. ഇന്നും ഞാൻ അവ ഭദ്രമായി സൂക്ഷി ച്ചിട്ടുണ്ടു്. ഈ എഴുത്തു്—അവളുടെ കൈകൊണ്ടുതന്നെ എഴുതിയ ഈ എഴുത്തു്—തൊടാൻ എന്തുകൊണ്ടെൻെറ കൈ വിസമ്മതിക്കു ന്നു? കാലം! സ്നേഹത്തിൻെറ ഗംഗാപ്രവാഹത്തെ, മരവിപ്പിക്കുന്ന മഞ്ഞുകട്ടിയായി മാററുന്ന കാലം! ഉദയാസ്തമനങ്ങളേയും, ഋതുവ്യ ത്യാസങ്ങളേയും യൗവനവാർദ്ധക്യങ്ങളേയും വരുത്താൻ കഴിയുമെ ങ്കിൽ നാലുകൊല്ലം സ്നേഹിച്ച ഒരു പെണ്ണിൻെറ ഹൃദയസ്ഥിതി ഒന്നു പതുക്കെ തിരിച്ചുവിടാനാണോ കാലത്തിനു സാധിക്കാത്തതു്? കാലത്തിനു് ഒരു പ്രത്യേകതയുണ്ടു്. പിന്നിലാണു് അതിൻെറ പൂർത്തകിടിയെല്ലാം. "അക്കഴിഞ്ഞ കാലങ്ങളോളം ഇനി ഒന്നും വരില്ല" എന്നാണു് പലപ്പോഴും നാം പറയുക. ഗർഭിണിയായ ശകുന്തളയും അതുതന്നെ പറഞ്ഞുകാണും. ശരൽക്കാലചാതകങ്ങ ളെപ്പോലെ സ്നേഹത്തിൻെറ ജലകണികയ്ക്കുവേണ്ടി വരണ്ടുപൊ

രിയുന്ന വിരഹികളെല്ലാം ഇതുതന്നെ ഒരായിരംതവണ പറഞ്ഞു കാണും—"അക്കഴിഞ്ഞ കാലങ്ങൾ! ഹാ—"

സ്നേഹത്തിന് ഒരു ശാപം കിട്ടിയിട്ടുണ്ട്. ദുഷ്ഷന്തനെ ധ്യാനിച്ചുകൊണ്ടിരുന്ന ശകുന്തളയ്ക്കു ലഭിച്ച ശാപമാണത്. സ്നേഹത്തിനെ ദുർവാസാവു ശപിച്ചു. "നീ ആരെ ഓക്കുന്നുവോ ആ ആൾ നിന്നെ മറക്കട്ടെ." സ്നേഹത്തിനു് ഇന്നുവരെ ശാപമോചനമായിട്ടില്ല. ഏതെങ്കിലും ഒരു പിതാവു മകനെ സ്നേഹിക്കുന്നതുപോലെ ഏതെങ്കിലും ഒരു മകൻ പിതാവിനെ സ്നേഹിക്കുന്നുണ്ടോ? ഇല്ല. സാധിക്കയില്ല. പ്രകൃതിയുടെ ക്രൂരമായ ഒരു നിയമമാണ് അതു്. ഞാൻ സ്നേഹിച്ചവൾ എന്നെ മറക്കാൻ തീർച്ചയാക്കിയിരിക്കുന്നു. അതിൻെറ രേഖാമൂലമായ അറിയിപ്പാണിക്കത്തിൽ. ഞാൻ അതു പൊട്ടിച്ചുനോക്കണോ? അവികലമായ പ്രണയത്തിൻെറ ജീവൻ സ്പന്ദിച്ചിരുന്ന അവളുടെ എഴുത്തുകൾ വായിച്ചുവന്ന ഞാൻ—അതെ, അതുകൊണ്ടുതന്നെ ഈ എഴുത്തും വായിക്കണം. അതിൻെറ പരിണാമംകൂടി അറിയാമല്ലോ. വായിക്കണം.

എന്തു് ഇരുട്ട്! ശങ്കരാ, ആ വിളക്കു് ഇങ്ങെടുത്തുവയ്ക്കൂ. മഞ്ഞുണ്ട്. വിളക്കു് ഇരുട്ടിൻെറ നടുവിൽ പ്രകാശത്തിൻെറ ഒരു ചെറുദ്വീപം സൃഷ്ടിച്ചു. അയലിടങ്ങളെല്ലാം ഗാഢനിദ്രയിലായിക്കഴിഞ്ഞു. പകൽ മുഴുവൻ അദ്ധ്വാനിക്കുന്നവരാണു്. രാത്രി നല്ലുറക്കം വരും. ഞാനൊരു പാവപ്പെട്ടവനായിരുന്നെങ്കിൽ—ഇത്രയധികം സമയമെനിക്കു പ്രണയത്തിൻെറപേരിൽ ഉറക്കമിളയ്ക്കേണ്ടിവരികയില്ലായിരുന്നു..........

എനിക്കു് എന്താണു് ഈ ധൈര്യക്കുറവു്? ഭയം! അവളെ പിരിയുക എനിക്കു ദുസ്സഹമാണു്. അതാണു സത്യം. ഈ കത്തു്—ഭയം! ഭയം! എങ്കിലുമറിയേണ്ടേ? ആ മാനസാന്തരത്തിൻെറ ചരിത്രം—

"എന്റെ പ്രിയപ്പെട്ട—

എന്നെ ഇവിടെ ആക്കിയിട്ട് അങ്ങു പോയതിന്റെ ആറാം ദിവസമാണ് ഇന്ന്. ഇത്രയും ദിവസം അങ്ങയുടെ ഒരു എഴുത്തെങ്കിലുമുണ്ടാകുമെന്നു ഞാൻ ആശിച്ചിരുന്നു. ഒന്നുമുണ്ടായില്ല ഞാൻ എന്തിനതാശിച്ചു? ഞാൻ ഒരു മഠയിയായതുകൊണ്ട്.

അങ്ങേയ്ക്ക് എന്നെ പൊട്ടുന്നനേ ഇഷ്ടമില്ലാതായി. ഒരു മാസം മുമ്പുമുതൽ. അതിന്റെ കാരണവും എനിക്കറിയാം. ഞാൻ അറിയാത്ത രഹസ്യം ഒന്നുമില്ലെന്നു പറയാറുണ്ടായിരുന്ന അങ്ങ് ഒരു രഹസ്യം വച്ചുപുലർത്തുകയായിരുന്നു—ഒരുമാസമായിട്ട് ഞാൻ പലതും നോക്കി ആ രഹസ്യം വെളിയിലാക്കാൻ. അങ്ങയുടെ ഹൃദയം കഠിനമാണ്, വജ്രമാണ്. ഇങ്ങനെ ഞാൻ ഒരു കരിങ്കല്ല് കണ്ടിട്ടില്ല. ഒരു വാക്ക്—ഒരു ചീത്തപോലുമെന്നെ പറയാതെ—അമ്പോ എനിക്കു ശ്വാസം മുട്ടുന്നതുപോലെ തോന്നി. ആ സംശയവും വച്ചുകൊണ്ട്—യാതൊരു ഭാവഭേദവും പുറമേ കാണിക്കാതെ അങ്ങ് പെരുമാറുക! ഞാനവിടെ എങ്ങനെ കഴിയും? എനിക്കസഹ്യമായി. ഞാൻ പോന്നു.

എനിക്ക് ആ രഹസ്യം അറിയാം. എന്നുവച്ചാൽ അങ്ങ് അതറിഞ്ഞു എന്ന് എനിക്കറിയാം. പക്ഷേ—ഈശ്വരൻ മാത്രമാണ് എല്ലാമറിയുന്നത്. ഈശ്വരന് എന്റെ നിരപരാധിതം അറിയാം. അങ്ങയുടെ സംശയം—കഷ്ടം! ശ്രീധരൻ നായർ എന്നോട് അയാളുടെ വിവാഹക്കാര്യം പറയുകയായിരുന്നു. എന്താണ് എന്റെ അഭിപ്രായമെന്നു ചോദിക്കയായിരുന്നു. അപ്പോൾ എന്റെ തലയിൽ ഒരു ചെറുചിലന്തി ചാടിവീണു. ഞാനറിഞ്ഞില്ല. അയാൾ അതിനെ എടുത്തുകളയാൻ ഭാവിച്ചപ്പോഴാണ് അങ്ങു കയറിവന്നത്. അതുകണ്ട് അങ്ങു തെറ്റിധരിച്ചിരിക്കണം. ആ ദിവസംമുതലാണ് അങ്ങയിൽ ഒരു വ്യത്യാസം ഞാൻ കണ്ടത്. അങ്ങ് എത്ര ശ്രമിച്ചിട്ടും അതൊളിക്കാൻ സാധിച്ചില്ല. അങ്ങയുടെ സംശയം!

അപ്പോൾ ഇതാണ് എൻെറ ആത്മാർത്ഥതയ്ക്കും സ്നേഹത്തിനും എനിക്കു ലഭിച്ച പ്രതിഫലം. അങ്ങേയ്ക്കു് എന്നെ വേണ്ടാതായെങ്കിൽ ഞാൻ അങ്ങോട്ടു വരുന്നില്ല. എല്ലാം എൻെറ വിധിയായിരിക്കും.

എന്നു്, കമലം."

എന്തത്ഭുതം! അതേ—ഞാനോക്കുന്നു. അന്നുച്ചയ്ക്കു ഞാൻ കയറിച്ചെന്നപ്പോൾ—പക്ഷേ, ഞാൻ വെളിച്ചത്തിൽനിന്നു കയറി വരികയായിരുന്നു. ഞാൻ ഒന്നും കണ്ടില്ല. ഒന്നും സംശയിച്ചുമില്ല അവൾ തെററിദ്ധരിച്ചതാണു്. പക്ഷേ—എനിക്കു് ഇപ്പോൾ ഒരു സംശയം ആ ചിലന്തിയുടെ കഥ കള്ളമല്ലേ? അവൾ എന്തിനത്ര പരിഭ്രമിച്ചു് ശ്രീധരൻനായരുമായി—ഹാ സംശയം! സംശയം! ആരു സത്യംപറയും? ഛേ—എൻെറ സ്വാസ്ഥ്യം നശിച്ചല്ലോ. ശ്രീധരൻനായരുമായി....സംശയം! സംശയം! എൻെറ മായി, നീ എന്തിനീ അബദ്ധമെല്ലാം എഴുതിയയച്ചു?....ശ്രീധരൻ നായർ—ഹോ! എന്തൊരുകഷ്ടം! സംശയം! സംശയം!

# പ്രതിഷേധം

അങ്ങനെ, ചിരപ്രതീക്ഷിതമായ ആ സമാഗമമുണ്ടായി; അവൾ സമ്മതിച്ചു. അയാൾക്കുവേണ്ടി ജീവിതത്തിന്റെ ഭണ്ഡാഗാരം ആ നിമിഷം തുറക്കപ്പെട്ടു. ഹൃദയംപൊള്ളിച്ച സംശയങ്ങൾ, ആശങ്കകൾ—എല്ലാം മറഞ്ഞുകഴിഞ്ഞു. അവൾ സമ്മതിച്ചു.

ആ നിമിഷം ആ യുവാവിന്റെ പ്രജ്ഞ നശിച്ചുപോയി. അത്ര ആകസ്മികമായിട്ടായിരുന്നു, അവൾ പറഞ്ഞത്, "ഇതെന്റെ ഭാഗ്യമാണ്. അവിടത്തെ ഭാര്യയാകുന്നതാണെന്റെ ഏററവും വലിയ പദവി"—ആ സൗന്ദര്യറാണിയുടെ; വിദ്യാസമ്പന്നയുടെ; സമ്പന്നയുടെ!

"എന്റെ രാധേ! എന്റെ രാധേ," അയാൾ പിറുപിറുത്തുകൊണ്ടിരുന്നു. മറെറാന്നും പറയാൻ അയാൾക്കുണ്ടായിരുന്നില്ല. കഴിഞ്ഞില്ല. ഒരു യന്ത്രത്തിൽനിന്നെന്നപോലെ ആ ശബ്ദംമാത്രം മുറയ്ക്കു പുറപ്പെട്ടിരുന്നു. ആ മഹാഭാഗ്യത്തിന്റെ ആഘാതം അയാളുടെ ഹൃദയഫലകത്തിൽ ബലമായി ഏററു.

പിച്ചിപ്പൂക്കൾ വിരിയുന്ന സമയമായിരുന്നു അത്. പശ്ചിമചക്രവാളത്തിലെ കുടുംചുവപ്പു മാഞ്ഞ്, ദിങ്മുഖങ്ങൾ ഇരുണ്ടുതുടങ്ങിയിരുന്നു. അയാളുടെ ഈ നിസ്സഹായാവസ്ഥയിൽ, അനു

ഭാവപൂർവ്വം അവളുടെ മനോഹരാധരങ്ങളിൽ ഒരു പുഞ്ചിരി തത്തി നിന്നു. ദിഗ്വിജയംചെയ്ത റാണിയുടെ സംതൃപ്തി! അലസമായി ഒരു പാണിയുയർത്തി അവൾ ഒരു മുല്ലമലർ ഇറുത്തു. പെട്ടെന്നു് അവൾ ഒന്നു ഞെട്ടി—ഒരു ശബ്ദം—"എന്റെ രാധേ—" ആ യുവാവിന്റെ ശബ്ദം വികൃതമായിരുന്നു. അയാളുടെ മുഖം വിളറി യിരുന്നു. കൈകൾ വിറച്ചു. "എന്റെ രാധേ—എന്റെ പ്രിയ പ്പെട്ട രാധേ!—എന്നെ ചതിക്കരുതേ."

പെട്ടെന്നവളുടെ പുഞ്ചിരി മാഞ്ഞു; മുഖം വിളറി; മുല്ലമലർ നിലംപതിച്ചു. "ചേട്ടാ—" ഇരുന്ന ഇരുപ്പിൽനിന്നു് ഒന്നു കുതിച്ചു. അനന്തരനിമിഷം ഇരുപ്പിടത്തിലേക്കുതന്നെ വീണ്ടും അവൾ മറിഞ്ഞു. ആ വാചകം മുഴമിക്കപ്പെട്ടില്ല. അവൾ പിന്നൊന്നും പറഞ്ഞില്ല. അവളുടെ കഴുത്തു വാടിവീണു.

അവളുടെ വിശ്വാസചര്യ വാഗ്ദാനംചെയ്യപ്പെട്ടതേയുള്ളു. അവളുടെ സേവനങ്ങൾ അടിയറവച്ചതേയുള്ളു. ഒരു ദിനംപോലും ഓടി മറഞ്ഞില്ല. അതിനുമുമ്പു് ആ നുഴഞ്ഞിറങ്ങിയ അവിശ്വാസം സംശയം! അവൾ എങ്ങനെ പ്രതിഷേധിക്കാതിരിക്കും?

ക്രമേണ ആ യുവാവിനു തന്റെ അപരാധം ബോധ്യമായി. താഴ്ന്ന ശ്രുതിയിൽ അയാൾ സമാധാനിപ്പിക്കാൻ ശ്രമിച്ചു:

"എന്റെ തങ്കം, നീ തെററിദ്ധരിക്കല്ലേ. ഞാനതങ്ങു പറഞ്ഞു പോയെന്നേയുള്ളു."

അവൾ മുഖമുയർത്തിയില്ല; നാവനക്കിയില്ല; ചലിച്ചില്ല.

വളർന്നുവരുന്ന പശ്ചാത്താപത്തോടെ യുവാവു് പിന്നെയും പറഞ്ഞു: "രാധേ! കോപമാണോ? നിന്റെ കോപം താങ്ങാൻ എന്റെ ഹൃദയത്തിനാവില്ല. ക്ഷമിക്കു, തങ്കം." അയാൾ നിറുത്തി. കിഴക്കു തിങ്ങിക്കൂടിയിരുന്ന ഇരുട്ടിനിടയിൽ ഒരു ധവളപ്രകാശം പൊട്ടിപ്പുറപ്പെട്ടു. ആ പ്രകാശത്തിൽ, മനോഹരമായ ഒരു വെൺകൽപ്രതിമപോലെ അവൾ ഇരിക്കയാണു്. എന്തൊരു

പ്രതിഷേധം! വീണ്ടും അയാൾ ക്ഷമായാചനം ചെയ്തുതുടങ്ങിയപ്പോൾ അയാളുടെ വാക്കുകളിൽ കണ്ണീരിന്റെ നനവുണ്ടായിരുന്നു. “ഞാനിങ്ങനെ ഒരു മഠയനാണു്. നീ വേണ്ടേ ക്ഷമിക്കാൻ?” അയാൾ ആ മാപ്പരുളലിനുവേണ്ടി ഒരുമിനിട്ടു നിന്നു. ആരും മാപ്പരുളിയില്ല. ദുസ്സഹമായ ഹൃദയവ്യഥയോടെ അയാൾ ചോദിച്ചു:

“രാധേ! നിനക്കു മനസ്സിലായില്ലേ? നീ ഇന്നെനിക്കു ജീവിതം തരികയായിരുന്നു. നിന്നെ ആദ്യം കണ്ടപ്പോൾ എനിക്കു ബോധ്യമായി, ഞാൻ എന്നെന്നേക്കുമായി അടിമയായി പിടിക്കപ്പെട്ടുവെന്നു്. സഹിക്കാൻവയ്യാത്ത അല്ലലിൽ എന്റെ ഹൃദയം പിടഞ്ഞു. ‘നിനക്കു ലജ്ജയില്ലേ? ആ കനകവിഗ്രഹത്തെ കാമിക്കുവാൻ? നീ എങ്ങനെ അവളുടെ ചാരത്തു ചെന്നുനില്ക്കും? വിരൂപനായ നീ?’ ഈ ചോദ്യം മറവിയില്ലാത്ത ഒരു മനസ്സാക്ഷി എന്നോടു ചോദിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ എന്റെ ജീവിതത്തിന്റെ യാതന എന്തായിരുന്നുവെന്നു നിനക്കറിയാമോ രാധേ?”

അവൾക്കറിഞ്ഞുകൂടായിരുന്നു. അവൾ മിണ്ടിയില്ല; മുഖമുയർത്തിയില്ല; ചലിച്ചില്ല. അവളുടെ അനുജന്മാർ വീട്ടിനകത്തിരുന്നു പഴയ പാഠങ്ങൾ പഠിക്കുന്ന ശബ്ദം ഒരുമിനിട്ടു് അയാൾ ശ്രദ്ധിച്ചു. ഒരാൾ ‘ഒരു കാക്കയുടെ ബുദ്ധികൗശലം’ വായിക്കയായിരുന്നു. യുവാവു തുടർന്നു:—“എന്റെ ജീവിതത്തിനു് നിന്നെക്കൂടാതെ ശ്വസിക്കാൻ ഒക്കുകയില്ലെന്നായപ്പോൾ, ഒരു അപരാധിയെപ്പോലെ ഞാൻ നിന്നോടു യാചിക്കാൻ തീരുമാനിച്ചു. മെല്ലെ മെല്ലെ, വിറയ്ക്കുന്ന കാലുകൾവച്ചു ഞാൻ നിന്റെമുന്നിൽ വന്നു നിന്നു. എനിക്കു് ഒന്നും പറയാൻ തോന്നിയില്ല. നിന്റെ സൗന്ദര്യത്തിനുമുമ്പിൽ കിരീടങ്ങൾ സമർപ്പിക്കാൻ ആളുണ്ടാകുമെന്നെനിക്കറിയാം. നിന്റെ പ്രേമം വിലതീരാത്തതാണെന്നെനിക്കറിയാം. അസുന്ദരനും, കേവലനുമായ ഞാനെങ്ങനെ എന്റെ പിച്ചപ്പാള നീട്ടും? ഞാൻ നിന്റെ മുമ്പിൽനിന്നു് വിക്കിവിക്കി ഏതോ

പറഞ്ഞു. എന്താണെന്ന് ഞാനോക്കുന്നില്ല. പക്ഷെ, നിനക്കതു മനസ്സിലായി. സാവധാനം നിന്റെ മുഖത്തു് ഒരു മന്ദഹാസം പരന്നു. വീണാവാദിനാദംപോലെ മധുരമായ സ്വരത്തിൽ നീ പറഞ്ഞു:—"ഇന്നു ഞാൻ ഭാഗ്യവതിയായി."

എനിക്കു മനസ്സിലായില്ല. പ്രജ്ഞയറവുപോയി. നീ തുടന്നു:—"അങ്ങയുടെ സൗന്ദര്യത്തിൽ ഒരംശംപോലും എനിക്കുണ്ടായിരുന്നെങ്കിൽ! നാദരൂപത്തിൽ ആ കണ്ഠത്തിൽനിന്നു പ്രവഹിക്കുന്ന സൗന്ദര്യം! അങ്ങു് അനുഗൃഹീതനാണു്. അങ്ങയുടെ മഹത്വത്തിന്റെ തണലിൽ എന്നെ സ്വീകരിക്കണേ. അവിടുത്തെ ഭാര്യയാകുന്നതാണു് എന്റെ ഏററവുംവലിയ പദവി."

"വാസ്തവത്തിൽ, എന്റെ രാധേ! ആ നിമിഷം എന്റെ ജീവൻ നശിക്കേണ്ടതായിരുന്നു. സാഫല്യത്തിന്റെ നിമിഷം. ഞാൻ പിന്നെയും ജീവിച്ചു. വെറുമൊരു മനുഷ്യനായിട്ടു് നിന്റെ മഞ്ജുഹൃദയത്തെ വ്രണപ്പെടുത്താൻ. എന്റെ ജീവിത സാഫല്യത്തിന്റെ നിമിഷത്തിൽ നിർവൃതി അടയാതെ, ഞാൻ നിന്നു ചിന്തിച്ചു, അമരസുന്ദരിയായ നിന്നെ ലോകം വിടുകയില്ല; നീ അകന്നുപോകും—അങ്ങനെ വരികയാണെങ്കിൽ—ആരുടേയും കുററമല്ല—പക്ഷേ—അങ്ങനെ വരികയാണെങ്കിൽ—ഹാ! എന്റെ രാധേ! നിനക്കു മനസ്സിലായില്ലേ? നിന്നെ ഞാൻ അവിശ്വസിക്കയില്ല. എനിക്കതു സാധിക്കയില്ല. എന്റെ മുഖത്തേക്കു് ഒന്നു നോക്കൂ. ക്ഷമിച്ചു എന്നൊരു വാക്കു് എന്നോടു പറയൂ." അയാൾ അവളുടെ കരത്തിൽ കടന്നുപിടിച്ചുകൊണ്ടു ചോദിച്ചു: "എന്റെ പ്രിയപ്പെട്ട രാധേ! ഇതെന്തൊരു പ്രതിഷേധമാണു്?"

പെട്ടെന്നയാൾ ഒരു ഭ്രാന്തനെപ്പോലെ ചാടിയെണീറവു് അവളെ നിഷ്ഠുരണം കലുക്കിത്തുടങ്ങി. "രാധേ, രാധേ, രാധേ!" വികൃതമായി അയാൾ വിളിച്ചു.

അകത്തുനിന്നു് ആരോ റാന്തലുംകൊണ്ടെത്തി. അവളുടെ അച്ഛനും അമ്മയും എത്തി. എല്ലാവരും വിളിച്ചു. അവൾ മുഖമുയർത്തിയില്ല; മിണ്ടിയില്ല; ചലിച്ചില്ല.

വീട്ടിനുള്ളിൽ എങ്ങോ ഇരുന്നു് പാഠം പഠിച്ചുകൊണ്ടിരുന്ന അവളുടെ കൊച്ചനുജൻ വായിച്ചുനിർത്തി: "ഇല്ല തരില്ലീ നെയ്യപ്പം അയ്യോ കാക്ക പാററിച്ചോ?"

# ഉർവ്വശി

യൗവ്വനം ശപിക്കപ്പെട്ടതായി. ജീവിതക്കോവിലിലെ മണിനാദം നിലച്ചുപോയി. ഇരുപത്തൊന്നു വസന്തങ്ങൾമാത്രം കണ്ട അവളുടെ ജീവിതം ക്രൂരമായ ഒരു രോഗത്തിന്റെ ദംഷ്ട്രകൾക്കിടയിൽ അമർത്തപ്പെട്ടു.

അവൾ ഒരു നൎത്തകിയാണ്; ലോകത്തെ വിഭ്രമിപ്പിച്ച ഒരു നൎത്തകി. അവളുടെ ആകാരത്തിന്റെ ഭംഗി; ഗാനത്തിന്റെ മാധുര്യം; ചലനങ്ങളുടെ വശ്യത;—ഒന്നും മായാൻ കാലമായില്ല. ഒന്നും കണ്ടു കൊതിതീൎന്നില്ല. ഇരുപത്തിയൊന്നു വയസ്സ്! പ്രതീക്ഷകൾ വിടൎന്നതേയുള്ളു. യാതൊരു മുന്നറിയിപ്പും കൂടാതെ വിധിയുടെ വാതിലുകൾ കൊട്ടിയടഞ്ഞു. അവൾക്കു സകലതും നിഷേധിക്കപ്പെട്ടു.

ജീവിതത്തിന്റെ താളം തെററിപ്പോയി. മരക്കഷണംപോലെ ആ നർത്തകി നിശ്ചലയായി കിടന്നു. അവൾ ഏററവും ഇഷ്ടപ്പെട്ടിരുന്നതു ചലനമാണ്. ഒന്നും ചലിച്ചില്ല. വിശ്വത്തിന്റെ ചലനാത്മകമായ ഭംഗി മുഴുവൻ നശിച്ചുപോയി. ആ മുറിയിൽ തിങ്ങിക്കൂടിയ ശൂന്യനിമേഷങ്ങൾപോലും ചലിച്ചില്ല. ഒന്നും വാഗ്ദാനംചെയ്യാൻ കഴിവില്ലാത്ത ശൂന്യനിമേഷങ്ങൾ!

ഹൃദയത്തിൻെറ ആവേശങ്ങൾമാത്രം—ദാഹമൊടുങ്ങാത്ത ആവേശങ്ങൾമാത്രം—പ്രേതങ്ങളെപ്പോലെ ആ രോഗശയ്യയുടെ ചുഴവും അലഞ്ഞുതിരിഞ്ഞുകൊണ്ടിരുന്നു.

"രോഗിണി, രോഗിണി"—അവൾ മന്ത്രിക്കും. എന്തുകൊണ്ടോ അവൾക്കതു വിശ്വസിക്കാൻ പ്രയാസമായിത്തോന്നി. അർത്ഥം മനസ്സിലാകാത്തവളെപ്പോലെ പിന്നെയും പിന്നെയും അവൾ ഉരുവിട്ടുകൊണ്ടിരുന്നു: "രോഗിണി, രോഗിണി." എങ്കിലും അതിനെപ്പററി സംശയിക്കാനില്ലെന്നു് അവൾക്കറിയാം. ആ ജീവിതഗ്രന്ഥത്തിൻെറ അന്തിമാദ്ധ്യായം എത്തിക്കഴിഞ്ഞിരുന്നു.

"ഇന്നെങ്ങനെ ഇരിക്കുന്നു?" അവളുടെ ഭർത്താവു് ചോദിക്കും, തീവ്രമായ നിരാശയോടെ, അവളുടെ ചാരത്തു ചെന്നിരുന്നു്, ബലിഷ്ഠ പാണികൾ ഉയർത്തി അവളുടെ കുഴിഞ്ഞ കപോലങ്ങളിൽ തലോടിക്കൊണ്ടു് എന്നും അയാൾ ആ ചോദ്യം ചോദിക്കും: "ഇന്നെങ്ങനെ ഇരിക്കുന്നു?"

ഒന്നും പുതുതായി ഉണ്ടാകാനില്ലെന്നു് അവർക്കു രണ്ടുപേക്കും അറിയാമായിരുന്നു. എങ്കിലും ആറുമാസമായി, മുടങ്ങാതെ ആ ചോദ്യം ചോദിക്കപ്പെട്ടിരുന്നു. മുടങ്ങാതെ അവൾ ഉത്തരം പറഞ്ഞിരുന്നു: "ഇന്നു സുഖമുണ്ടു്; പോയി ഉറങ്ങണം." എന്താണിതിൻെറ വ്യാഖ്യാനം—അവർ ഈ കെട്ടിപ്പൊക്കുന്ന ഭീമമായ വ്യാജത്തിൻെറ? അല്ലിമാന്തുന്ന പരമാത്ഥങ്ങളെ മറയ്ക്കാൻ, വ്യഗ്രതയാന്ന മനുഷ്യത്വത്തിൻെറ ശ്രമങ്ങൾ! കടമ! അനുകമ്പ! മനുഷ്യത്വം!

* * * * *

ജീവിതത്തിനു് അർത്ഥം കൊടുക്കുവാൻ ഒരൊററ പ്രതീക്ഷ പോലുമില്ലാതായപ്പോൾ അവൾ പുറകോട്ടു് ഒന്നു മലച്ചുപോയി. ഭാവിയില്ലാത്തവൾ ഭൂതത്തിനെ കൂട്ടുവിളിച്ചു. എന്തു ദുസ്സഹമാണു് ഒരു പുലരിയും തനിക്കുവേണ്ടി പിറക്കാനില്ലെന്നു് ആയിപ്പോയാൽ

നാളത്തേയ്ക്കു് ഒരു സ്വപ്നംപോലുമില്ലെന്നായപ്പോൾ ഉൽക്കടമായ നിരാശയിൽ അവളുടെ ചേതന പുറകോട്ടുതിരിഞ്ഞു്, ഇന്നലത്തെ പ്രേതത്തെയും കെട്ടിപ്പിടിച്ചിരുന്നു കരഞ്ഞുതുടങ്ങി............

ഗാനവും, നൃത്തവും, സൗന്ദര്യവുംകൊണ്ടവൾ ലോകംമയക്കിയ കാലം! ഉർവ്വശിയെന്നു് അവളെ ആളുകൾ വിളിച്ചു. അവക്കു് അവൾ ഒരത്ഭുതമായിരുന്നു. ഉർവ്വശി! അവളുടെ ഗാത്രം പുളകമണിഞ്ഞു. ആ നാമത്തിനു പുറവും ഒരു ചരിത്രമുണ്ടു്. അവളുടെ ജീവിതത്തിൻെറ മോഹനതമമായ അദ്ധ്യായം അതിനു പുറമാണു് രചിക്കപ്പെട്ടിരുന്നതു്. അവൾ സംഭവങ്ങൾ ആദ്യംമുതൽ ഓർത്തുനോക്കി.

അന്നു് അവൾ 'ഉർവ്വശിയുടെ നൃത്തം' ആടുകയായിരുന്നു. നൃത്തം കഴിഞ്ഞ ക്ഷീണത്തിൽ, അണിയറയിൽ ഒരു മഞ്ചത്തിൽ, ഉർവ്വശിയുടെ 'സ്വർഗ്ഗീയ'വേഷങ്ങൾ അണിഞ്ഞു്, അവൾ ഇരുന്നു് ഒന്നു വിശ്രമിക്കാൻ തുടങ്ങുകയായിരുന്നു. വെളിയിൽ കരഘോഷങ്ങൾ നിലച്ചിരുന്നില്ല. എതിരെ ഇരുന്ന ഒരു കണ്ണാടിയിൽ അവൾ അവളുടെ രൂപവിലാസം കണ്ടുകൊണ്ടിരുന്നു. പെട്ടെന്നൊരാൾ—ഒരപരിചിതനായ യുവാവു്—അവളുടെ ചാരത്തണഞ്ഞു് വിളിച്ചു: "ഉർവ്വശി!" അവൾ ഞെട്ടി തിരിഞ്ഞുനോക്കി. അയാൾ തുടന്നു:—"ദേവി! ഞാൻ ഒരു ചിത്രകാരനാണു്—ജീവനാഥൻ. എനിക്കു് അമരനർത്തകിയായ ഉർവ്വശിയുടെ ചിത്രം രചിക്കണം. ഭവതി എൻെറ വീട്ടിലേയ്ക്കു വരുമോ?"

ആർത്തിയോടെ, ആ യുവാവിൻെറ നയനങ്ങൾ അവളിൽ ഓടിനടന്നു. ആ സൗന്ദര്യവലയത്തിൽ അയാൾ നഷ്ടശക്തനായിപ്പോയി! അവൾക്കതെല്ലാം മനസ്സിലായി. നിയന്ത്രണവിധേയമല്ലാത്ത ഒരൊഴുക്കിൽപെട്ടു് അവൾ നീങ്ങുന്നതുപോലെ അവൾക്കു തോന്നി. അവളുടെ ഉപബോധമനസ്സിലായിരിക്കാം, ആരോ ഓർമ്മപ്പെടുത്തുന്നതുപോലെ തോന്നി, "മനസ്സിലായില്ലേ? നിൻെറ ജീവൻ—നിൻെറ ജീവൻ—മനസ്സിലായില്ലേ?"

സ്വപ്നത്തിലെന്നപോലെ, അവളുടെ മനോഹരാധരങ്ങൾ വിടർന്നു. അവ മന്ത്രിച്ചു: "ജീവനാഥൻ! ജീവനാഥൻ!............ ഞാൻ വരാം."

ഒരു ദിവസം—അന്നൊത്തെപ്പോൾ ഒരു ബാലികയെപ്പോലെ അവൾ ലജ്ജിച്ചുപോയി - മൂവന്തിയിൽ നിഴലുകൾ നീണ്ടപ്പോൾ ചിത്രകാരൻ തൂലിക നിലത്തുവച്ചു് എഴുന്നേററു.

"ഉർവ്വശി!"

"ജീവനാഥ്!"

"ഇന്നു മതിയാക്കാം."

"മുഷിഞ്ഞോ?"

"ഉർവ്വശിയെക്കണ്ടു മുഷിയുകയോ? എന്റെ ദേവി! സൗന്ദര്യം കണ്ടു മുഷിയത്തക്ക പാപിയല്ല ഞാൻ"

സന്ധ്യാദേവിയെപ്പോലെ ചുവന്നുതുടുത്ത മുഖത്തോടെ അവൾ യാത്രചോദിച്ചു: "ഇറങ്ങട്ടേ?"

ഒരു കൈ പശ്ചിമചക്രവാളത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചു്, വികാരനിർഭരമായ ശബ്ദത്തിൽ ജീവൻ പറഞ്ഞു: "അങ്ങോട്ടു നോക്കൂ. ആ യാത്രചോദിപ്പു്. അവിടെ ഇറങ്ങുകയല്ല, ലയിക്കുകയാണു്."

അവൾ മിണ്ടിയില്ല. അയാൾ തുടർന്നു: "ഞാൻ നിനക്കുവേണ്ടി തേടുമ്പോൾ, നീ എന്നെ വിട്ടുവിട്ടൊഴിയുകയാണോ?"

എന്നിട്ടും അവൾ മിണ്ടിയില്ല. അജ്ഞാതമായ ഒരാവിൽ നിന്നെന്നപോലെ, ഹൃദയം പൊടുന്നനേ ഒരു സാഫല്യബോധം കൊണ്ടു് നിറഞ്ഞു. ആ അരണ്ടവെളിച്ചത്തിൽ ശരീരരഹിതമായ രണ്ടു് ആത്മാക്കളെപ്പോലെ അവർ തമ്മിൽ അടുത്തു........

അങ്ങനെ സ്ഥാപിക്കപ്പെട്ടതാണു് ആ ബന്ധം.

*    *    *    *    *

ആ ചിത്രം തീർന്നു. അതൊരു വിശ്വാത്തരമായ കലാസൃഷ്ടിയെന്നു സർവ്വരും കൊണ്ടാടി. അഭിമാനപുളകിതനായ കലാകാരൻ, ചരിഞ്ഞ ചെറിയ അക്ഷരത്തിൽ അതിൻെറ ചുവട്ടിൽ എഴുതി.

"ഉർവ്വിയിലെങ്ങിതുപോലെ
ഉർവ്വരസുന്ദരരൂപം
സർവ്വകാലങ്ങൾക്കും നിത്യം
മാമകോർവ്വശി!"

ഈ പദ്യത്തോടുകൂടി സ്വപ്രണയിനിയുടെ ചേവടികളിൽ ജീവനാഥൻ ആ ചിത്രം സമർപ്പിച്ചു; അവളുടെ ദിവ്യമായ സൗന്ദര്യത്തിനും ഹൃദയംഗമമായ പ്രണയത്തിനും ആ സൗന്ദര്യാരാധകൻെറ വിനീതമായ കാണിക്ക. ആ ചിത്രത്തിൻെറ പേർ ഉർവ്വശി എന്നായിരുന്നു.

ആളുകൾ ആ ചിത്രത്തെ പുകഴ്ത്തുമ്പോഴെല്ലാം അവൾ അഭിമാനഭരിതയാകും. അവർ അവളുടെ സൗന്ദര്യത്തെ പുകഴ്ത്തുകയാണ്. അവളാണ് ഉർവ്വശി. അവളുടെ ഭർത്താവിൻെറ കഴിവിൽ അവൾ അകംകുളുക്കെ ആഹ്ളാദിച്ചു..........എത്രപേരാണ് ആ ചിത്രം കാണാൻവന്നതു്!

അവൾ കിടപ്പിലായപ്പോൾ—ഭർത്താവിൻെറ ശയ്യാഗാരത്തിൽനിന്നു മാററി മറെറാരുമുറിയിൽ അവളുടെ രോഗശയ്യ ഒരുക്കപ്പെട്ടപ്പോൾ—അവൾക്കു് ഒരഭ്യർത്ഥനയേ ഉണ്ടായിരുന്നുള്ളു. ആ ചിത്രവും ആ ശയ്യാഗാരത്തിൽനിന്നിളക്കി, അവളുടെ രോഗശയ്യയ്ക്കെതിരെ സ്ഥാപിക്കണമെന്നു്. അവളുടെ അഭിലാഷം സാധിക്കുന്നതിൽ കാലതാമസമുണ്ടായില്ല...........

തളർന്ന കൺപോളകൾ ഉയർത്തി, രോഗിണി ഭിത്തിയിലേയ്ക്കു് ഒന്നു നോക്കും. അതാ അവിടെ ഉർവ്വരസുന്ദരിയായ ഉർവ്വശി! മാദകവശ്യതയുടെ വിളനിലമായ ഉർവ്വശി! മന്നിനും വിണ്ണിനും ആനന്ദസാക്ഷാല്ക്കാരമായ ഉർവ്വശി! ഇന്ദ്രസദസ്സിലെ ദിവ്യനർത്തകി!

പരസഹസ്രം അമരന്മാരെ പ്രണയബന്ധനംചെയ്ത മനോഹരപാണികളിൽ ഒരു വാടാമലർമാല ഉയർത്തിപ്പിടിച്ചു്, ചുരുളഴിഞ്ഞു വീഴാൻതുടങ്ങുന്ന കുന്തളാവലിയോടെ, പൗരുഷത്തെ പാൽവെണ്ണയായി മാററാൻ കഴിഞ്ഞ അപാംഗദ്യുതിയോടെ, ഹൃദയാപഹാരിയായ ഒരു ഹാസ്യപ്രകടനത്തിൽ ഉന്മേഷവതിയായി നിൽക്കുന്ന ഉർവ്വശി! രോഗിണിയുടെ ശരീരം ആകെ ഒന്നു ചലിച്ചു. ആ കാണുന്ന ദിവ്യത അവളാണു്—ഉർവ്വശി അവളാണു്. സർവ്വരും പുകഴ്ത്തുന്നതു് അവളുടെ സൗന്ദര്യമാണു്... ..... .. അഭിമാനം നിറഞ്ഞ അവളുടെ കണ്ണുകൾ സഞ്ചരിച്ചു് ആ സമർപ്പണപദ്യത്തിൽ എത്തിച്ചേർന്നു. അവളിൽ അഭിമാനംകൊണ്ട ഭർത്താവിൻെറ വെല്ലുവിളി! സാവധാനം അവൾ അതു ഒന്നുകൂടി വായിച്ചു.

"ഉർവ്വിയിലെങ്ങിതുപോലെ
ഉർവ്വരസുന്ദരരൂപം
സർവ്വകാലങ്ങൾക്കും നിത്യം—"

പെട്ടെന്നവളുടെ മുഖം മങ്ങി. അവളുടെ കുഴിഞ്ഞ കണ്ണുകൾ, ഒട്ടിയ കവിൾത്തടം—എല്ലാം വികൃതമായി ഒന്നു ത്രസിച്ചു. ഈശ്വരാ! ആ വെല്ലുവിളിക്കെന്തർത്ഥമാണു്? ആ നിത്യതയ്ക്കു പകരം—നീണ്ട, ദയനീയമായ, അടക്കിയിട്ടും അടങ്ങാത്ത, ഒരു തേങ്ങൽ അവളുടെ ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടു.

"എന്താ, എന്താ" എന്നന്വേഷിച്ചുകൊണ്ടു് രണ്ടുപേർ ഓടിയെത്തി. അവളുടെ അനുജത്തിയും, ജീവനാഥനും. ജ്യേഷ്ഠത്തിയെ ശുശ്രൂഷിക്കാൻ ആയിടയ്ക്കു് അവളുടെ അനുജത്തിയും എത്തിയിരുന്നു.

പുതുതായി ഉണർന്ന ഒരു ചിന്തയോടെ രോഗിണി അവരെ ഇമപൂട്ടാതെ നോക്കിക്കൊണ്ടു് കിടന്നു. ഹൃദയത്തിൻെറ ഏതോ ഇരുൾനിറഞ്ഞ കോണിൽനിന്നു് ഒരു ഭീതിയിളകി അവളുടെ പ്രജ്ഞയെ ശ്വാസംമുട്ടിക്കുന്നതുപോലെ തോന്നി. അവർ വീണ്ടും ചോദിച്ചു: "എന്താ, എന്താ?" അവൾ മിണ്ടിയില്ല. പോളയടയാ

ത്ത ആ നോട്ടം മാത്രം. ആ നോട്ടം അസുഖകരമായിരുന്നു. ഒരു കുററപ്പെടുത്തലാണെന്നവൾക്കു തോന്നി. പതുക്കെപ്പതുക്കെ ജീവനാഥൻ ആ മുറിയിൽനിന്നു മാറി.

"അനിയത്തീ!" രോഗിണി വിളിച്ചു. അനുജത്തി വിളികേട്ടു. പക്ഷേ, ജ്യേഷ്ഠത്തി പിന്നൊന്നും പറഞ്ഞില്ല. രോഗിണി അവളുടെ അംഗങ്ങളെ ഒരു സൂക്ഷ്മപരിശോധന നടത്തുകയായിരുന്നു. അവളുടെ സൗന്ദര്യം! പണ്ടേ ആളുകൾ പറയും, അവരെ ഇരട്ടപെററതാണെന്ന്. പെട്ടെന്ന്, ഉദ്വേഗത്തോടെ, വിറയ്ക്കുന്ന ഒരുകൈ ആ ചിത്രത്തിനുനേരെ ചൂണ്ടിക്കൊണ്ട് ജ്യേഷ്ഠത്തി വിളിച്ചു: "ഉർവ്വശി!"

അനുജത്തി അമ്പരന്നുപോയി. അവൾക്കൊന്നും മനസ്സിലായില്ല. അവൾ ചോദിച്ചു: "ചേച്ചി വിളിച്ചതെന്തിനാ?" ഇതിനുത്തരമായി വാത്സല്യത്തോടുകൂടെ അവളെ തലോടിക്കൊണ്ട് ക്ഷീണിച്ച പതിഞ്ഞ സ്വരത്തിൽ രോഗിണി പാടിത്തുടങ്ങി:—

"ഉർവ്വിയിലെങ്ങിതുപോലെ
ഉർവ്വരസുന്ദരരൂപം
സർവ്വകാലങ്ങൾക്കും നിത്യം
മാമകോർവ്വശി!"

അനുജത്തിക്കു പേടിയായിത്തുടങ്ങി. അവൾ സാവധാനം എഴുന്നേററു നടന്നു മുറിക്കുവെളിയിലായി. "പാവം ചേച്ചി, തലയ്ക്കു സുഖമില്ലാതായിപ്പോയി"—അവൾ മന്ത്രിച്ചു.

രോഗിണി നിനിമേഷയായി ആ ചിത്രത്തിൽത്തന്നെ നോക്കിക്കൊണ്ടു കിടന്നു. സാവധാനം അവളുടെ അധരങ്ങൾ വിടർന്നു. ആ ചിത്രത്തിനോടെന്നപോലെ അവൾ ചോദിച്ചു: "ഈ നാശത്തിനെല്ലാം ഉപരി, നിന്റെ നിത്യതയുടെ അഹങ്കാരത്തിൽനിന്നു പുഞ്ചിരിക്കൊള്ളുന്നാ ഉർവ്വശീ! നീ എന്തൊരു ക്രൂരമായ സത്യമാണ്? ............ ഞങ്ങളുടെ നാശത്തിൽക്കൂടെ നീ നിന്റെ നിത്യത സാധിക്കയാണ്, അല്ലേ?"

ഒരു ഉത്തരവും ഉണ്ടായില്ല. അവിടെ എവിടെയോ ഇരുന്ന ഒരു നാഴികമണിമാത്രം അനന്തമായ കാലപ്രവാഹത്തിൽ അൎത്ഥശൂന്യമായ ഒരു നാദച്ചുഴി ഇളക്കിയിട്ടു മൗനമടഞ്ഞു.

ഉറക്കമില്ലാത്ത കണ്ണുകൾ ആ ചിത്രത്തിൽ കൂടെക്കൂടെ പതിയും. അപ്പോഴൊക്കെ, ആ ചിത്രവും അവളുടെ അനുജത്തിയുംതമ്മിലുള്ള സാദൃശ്യം കൂടുതൽകൂടുതലായി അവൾക്കു ബോദ്ധ്യപ്പെട്ടു. അനുജത്തിയാണു്. അവൾ സൗന്ദൎയ്യവതിയായിരിക്കണം. അതിൽ ജ്യേഷ്ഠത്തിക്കു് അഭിമാനമുണ്ടു്. പക്ഷേ—അവൾ വളൎന്നുവളൎന്നുവന്നു് അവളുടെ ജ്യേഷ്ഠത്തിയെ നിമ്മാജ്ജനംചെയ്കയായിരുന്നു. "എന്റെ അനിയത്തീ! നീ നിന്റെ ചേച്ചിയെ കവൎന്നുകളഞ്ഞു്." രോഗിണിയുടെ ചുണ്ടുകൾ പിറുപിറുത്തു. വീണ്ടും അവൾ പറഞ്ഞുതുടങ്ങി: "കാലംകഴിഞ്ഞ പൂവു്!.........അന്തമററ ജീവബലി—നിത്യതയെ നിലനിത്താൻ!!"

അന്നുരാത്രി, അവൾക്കു തോന്നി, അവളുടെ ഭൎത്താവിന്റെ മുറിയിൽ രഹസ്യശബ്ദങ്ങൾ കേൾക്കുന്നുവെന്നു്. അവൾ ശ്രദ്ധിച്ചു. അടക്കിയ സ്വരത്തിൽ നമ്മസല്ലാപങ്ങൾ; വാമൂടിക്കൊണ്ടുള്ള ചെറുചിരികൾ; കണ്ണുകൾ കണ്ണുകളിലേയ്ക്കു ലയിച്ചുചേരുന്ന നിമിഷങ്ങളുടെ നിശ്ശബ്ദത—എല്ലാം ആ അടുത്ത മുറിയിൽ അവൾ വ്യക്തമായി വിഭാവനംചെയ്തു. വെറും ഭാവനയാണോ? സംശയമാണോ? അതോ?—അവൾ ഒന്നു ഞെട്ടി—ആ ശയ്യാഗാരത്തിൽ ചരിത്രം ആവൎത്തിക്കുകയാണോ?

ആ അനിശ്ചിതാവസ്ഥ അവൾക്കു ദുസ്സഹമായിരുന്നു. എങ്കിലും അവൾക്കറിയാമായിരുന്നു—അങ്ങനെ ഒക്കെയാണു് വരേണ്ടതെന്നു്. ഒന്നിനും ആരും കുററക്കാരല്ല. 'ജീവൻ' ധരിക്കാറുള്ള നേരിയ പട്ടുട്ടുപ്പിനകത്തു് അദ്ദേഹത്തിന്റെ കൊഴുത്തുരുണ്ട മാംസപേശികൾ കാണാം. ആ ശരീരത്തിന്റെ നിറം! ബലം! ആ ധമനികളിലെ ഓരോ തുള്ളി രക്തവും അവളെ ശപിച്ചുകാണാമെന്നവൾ ഓൎത്തു. അവയുടെ ദാഹംതീക്കാൻ കഴിവില്ലാത്ത പെൺകോ

ലം! എന്തവകാശമാണവൾക്ക് ഇനിയും ജീവന്റെ വിശ്വാസത്തിന്നു ആവശ്യപ്പെടാൻ?

അവരുടെ കരാറ് തീർന്നുപോയി. ജീവനെ വിളിച്ച് ആ കാര്യം പറഞ്ഞാൽകൊള്ളാമെന്നവൾക്കു തോന്നി. ജീവൻ ഉറങ്ങിക്കാണുകയില്ല. എങ്ങനെ ഉറങ്ങാനാണ്?...... പക്ഷേ അവളുടെ നാവനങ്ങിയില്ല. പകരം അവൾ ആ രംഗം വിഭാവനംചെയ്യത്തുടങ്ങി.

കരാറവസാനിച്ചുപോയി. ജീവൻ ചോദിക്കും: "കരാറോ? തങ്കം, നീ എന്താണ് പറയുന്നത്?"

അവൾ പറയും: "അതേ, ജീവൻ, അങ്ങ് മറന്നുപോയി. അങ്ങ് എന്നിൽ അങ്ങയുടെ ഉർവ്വശിയെ തേടുകയായിരുന്നു. ഞാൻ അങ്ങയുടെ സൗന്ദര്യമാതൃകയായിരുന്നു. അങ്ങയുടെ ഭാര്യയായിരിക്കാമെന്ന് ഞാൻ സമ്മതിച്ചപ്പോൾ, ഞാൻ അങ്ങയുടെ ഉർവ്വശി ആയിരിക്കാമെന്ന് നിശ്ശബ്ദമായി സമ്മതിക്കയായിരുന്നു. ഈ അസ്ഥികൂടം ഉർവ്വശിയല്ല. ഇതങ്ങേയ്ക്ക് ഒരു ഭാരമാണ്."

തടഞ്ഞുകൊണ്ട് ജീവൻ പറയും: "കഠിനമായ വാക്കുകൾ പറയാതിരിക്കൂ തങ്കം."

അതിനു മറുപടിയായി, താൻ ആയിടയ്ക്കു രൂപീകരിച്ച തത്വചിന്തയുടെ മർമ്മങ്ങൾ അവൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കും. വ്യസനാന്തരായപോലും അവളുടെ വാക്കിലോ ഭാവത്തിലോ കാണുകയില്ല. "ജീവൻ, ജീവിതത്തിൽ അങ്ങേയ്ക്കാവശ്യമുള്ളതും അങ്ങ് കാണുന്നതുമായ സുന്ദരമായ ഒരു പരമാർത്ഥത്തിനു മറെറാരുവശം ഉണ്ടെന്ന് അങ്ങ് അറിഞ്ഞിട്ടില്ല. ജീവിതത്തെ സംബന്ധിച്ച് അങ്ങു പറയാറില്ലേ സുന്ദരമായ ജീവിതപ്രവാഹമെന്ന്? പുരോഗമിക്കുന്ന ഒരു ശക്തി എന്നർത്ഥത്തിൽ. അതുപോലെ പുരോഗമിക്കുന്ന ഒരു നാശവുമുണ്ട്. ഞാൻ അതിനെ സൃഷ്ടിപരമായ നാശം എന്നു വിളിക്കും. മനസ്സിലായോ? പരസ്പരാശ്രയത്തിലുള്ള രണ്ടു ശക്തികൾ! ഈ രോഗിണി നശിക്കണം. അങ്ങയുടെ ഉർവ്വശിയുടെ യത്നം നിലനില്ക്കണമെങ്കിൽ."

തളൎന്ന ശബ്ദത്തിൽ അപ്പോൾ ജീവൻ പറയും: "എന്റെ തങ്കം, നീ ഒന്നിനുവേണ്ടിയും നശിക്കണ്ട."

അവൾ തുടരും: "അങ്ങനെ, എന്റെ പ്രിയപ്പെട്ട ജീവൻ, രണ്ടുതരത്തിലും ഇവൾ ഒരു പരാജയമായി, ഒരുസ്ത്രീയായും ഒരാദൎശമായും. അതുകൊണ്ടു്, കലാകാരാ, അങ്ങയുടെ അന്നത്തെ ഉൎവ്വശിയുടെ പഞ്ജരത്തെ അതിന്റെ ശവക്കുഴിയിലേക്കു മാററിക്കളയൂ."

അപ്പോൾ ജീവൻ കരഞ്ഞുപോകും. കരയുമോ—പെട്ടെന്നു് അവളുടെ ചിന്താതന്തു പൊട്ടിപ്പോയി. അമ്പരപ്പോടെ അവൾ ചുററും നോക്കി. ലോകം മുഴുവൻ ശക്തിഹീനമായി മൂൎഛിച്ചു കിടന്നിരുന്നു. നിറഞ്ഞ നിശ്ശബ്ദത. നിറഞ്ഞ കൂരിരുട്ടു്. അവളുടെ ഭൎത്താവിന്റെ ശയ്യാഗാരത്തിൽ എല്ലാം നിശ്ശബ്ദമായിരുന്നു. "ഉറങ്ങിക്കാണും" അവൾ മന്ത്രിച്ചു. പെട്ടെന്നവൾക്കു് അനിയന്ത്രിതമായ ഒരാവേശം ഉണ്ടായി—ആ സുപരിചിതമായ ശയ്യാഗാരം ഒന്നു കാണാൻ—ഒരവസാനനോക്കു കാണാൻ.

തീവ്രമായ ഒരു ശ്രമംചെയ്തു് അവൾ എഴുന്നേററു. സാവധാനം, പിടിച്ചു്, പിടിച്ചു്, അവൾ ആ ഇരുട്ടിൽ നീങ്ങി. ജീവന്റെ ശയ്യാഗാരത്തിനുസമീപം അവൾ ചെന്നുനിന്നു. അതിനകത്തു് ഒരു ചെറിയ ദീപം മങ്ങിമങ്ങി കത്തുന്നുണ്ടായിരുന്നു. അവൾ വിറയ്ക്കുന്ന കൈകൊണ്ടു് ആ വാതിലിൽ ഒന്നു തൊട്ടു. അതു് അല്പം മാറിക്കൊടുത്തു. ഉദ്വേഗത്തോടെ അവൾ ഒന്നു നോക്കി. ആ പരിചിതമഞ്ചത്തിൽ, നേരിയ പട്ടുവസ്ത്രങ്ങൾകൊണ്ടു് നഗ്നമാറിടങ്ങൾ മൂടി, നിദ്രയിൽ അന്യോന്യം ഒട്ടിപ്പിടിച്ചുപോയതുപോലെ കിടക്കയാണു്—ജീവനും, അദ്ദേഹത്തിന്റെ ഉൎവ്വശിയും! ഭീമമായ ഒരുൾക്കിടുങ്ങലോടുകൂടി അവൾ കണ്ടു—ചരിത്രം ആവൎത്തിക്കുന്നതു്. ഉറക്കത്തിൽ അവർ അല്പമൊന്നു് അകന്നുപോയാൽ, അവരുടെ കൈകൾ മെത്തമേൽക്കൂടെ അന്യോന്യം അന്വേഷിച്ചെത്തുന്നു

കാഴ്ച കണ്ടുകൊണ്ടവൾ നിന്നു. പെട്ടെന്നവളുടെ പിടി വഴുതി. അടച്ച ഒരു ക്രന്ദനം അവളിൽനിന്നുയൎന്നു. അവൾ താഴേയ്ക്കു മറിഞ്ഞു. ഉറക്കത്തിൽ ദമ്പതികൾ ഒന്നു ഞെട്ടിമാറി. അനന്തരനിമിഷം, അവർ ഉറക്കത്തിൽ പുഞ്ചിരിച്ചുകൊണ്ടു് വീണ്ടും ആലിംഗനത്തിൽ അമൎന്നു.

മുകളിൽ, ചിത്രിതയായിരുന്ന ഉൎവ്വശി അവളുടെ നിത്യതയുടെ അഹങ്കാരത്തിൽ പുഞ്ചിരിച്ചുകൊണ്ടു നിന്നു.

# എഞ്ചിൻ ഡിസ്സാട്ടർ

ഉറക്കത്തിൽ ഞാൻ ഞെട്ടിയുണൎന്നു. നല്ല ക്രൂററൻ ഇരുട്ടും ഒന്നും കാണാൻ വയ്യ. ഞാൻ എണീററു് കിടക്കമേൽ ഇരുന്നു വ്വി ല്യക്കാരനെ വിളിച്ചു. ഉമ്മറത്തു കിടന്ന ഒന്നുരണ്ടുപേർകൂടി ഉണ ൎന്നുവന്നു. ഞാൻ പറഞ്ഞു: "നേരം വെളുക്കാറായിപ്പോയി; എനാ ക്കു പോകണം, വേഗമാട്ടെ."

വണ്ടിക്കാരൻ വെള്ളമിടാൻ പോയി. മററൊരാൾ പശുവിനെ കറക്കാനും പോയി. ഞാൻ എണീററു മുഖം കഴുകി, മുണ്ടുമാറി, തലചീകി, തയ്യാറായിരുന്നു. കാപ്പി വന്നു; ഞങ്ങൾ പുറപ്പെടുകയും ചെയ്തു

തണുത്ത കാററു വീശുന്നുണ്ടായിരുന്നു. രാത്രി മുഴുവൻ മഴ പെയ്തു് അങ്ങിങ്ങു വെള്ളം കെട്ടിനില്പുണ്ടു്. ലോകം മുഴുവൻ മൂർച്ഛി ച്ചുകിടക്കയാണു്. എങ്ങും ആരും ഉണൎന്നിട്ടില്ല. വയലുകളിൽനി ന്നു തവളകളും, കൈതക്കാടുകളിൽനിന്നു് ഓച്ചും ശബ്ദിച്ചുകൊണ്ടി രുന്നു. എൻെറ കുഗ്രാമത്തിൽനിന്നു് വെളുപ്പിനു പുറപ്പെടുന്ന ഒരു ബോട്ടുമാത്രമേ ഉണ്ടായിരുന്നുള്ളു വാഹനസൗകര്യമെന്നു പറവാൻ. എൻെറ തുകൽസഞ്ചിയുംകൊണ്ടു് പുറകേവന്ന ആളോടു് ഞാൻ പറഞ്ഞു: 'വെളുക്കാറായില്ലേ?'

'ഇല്ലെന്നാ തോന്നുന്നേ.'

'വെളുക്കാനിനി അധികം കാണുമോ?'

'ഇല്ലായിരിക്കുമേ, മഴക്കാറുകൊണ്ടു് അറിയാൻ പാടില്ല.'

'മഴ പെയ്യാലോ?'

'ഇല്ലേ' അയാൾ എന്നെ ആശ്വസിപ്പിച്ചു. ഞങ്ങൾ കടവിൽ എത്തി. ഇരുവശവും ഇടതൂർന്നുനിൽക്കുന്ന പരത്തിച്ചെടികൾക്കു നടുവിൽക്കൂടെ നദിയൊഴുകി. ഉയർന്ന വരമ്പിൽ കയറിനിന്നു് ഞാൻ പടിഞ്ഞാറോട്ടു നോക്കി. അക്കരെയാണു ജെട്ടി. അവിടെ മൂടിപ്പുതച്ചുകിടക്കുന്ന ഒരു ജലജന്തുവിനെപ്പോലെ ആ ബോട്ടു കിടപ്പുണ്ടു്. ഒന്നും വ്യക്തമായിരുന്നില്ല. എങ്കിലും യാതൊരു ചലനവും കാണപ്പെട്ടില്ല. ഒരു മഹാമാന്ത്രികന്റെ ശാപത്തിൽപെട്ടെന്നപോലെ, പരത്തിച്ചെടികളും, നദിയും, കടവും എല്ലാം തളർന്നു്, ചൈതന്യരഹിതമായി കിടക്കയാണെന്നു തോന്നി. അസുഖകരമായ ആ തണുത്ത കാററുമാത്രം വീശിക്കൊണ്ടിരുന്നു. അതിനൊരു മൂളലുണ്ടായിരുന്നു—ഒരു മഹാരോഗിയുടെ ഞരങ്ങൽമാതിരി. ആ ശാപത്തിൽപെട്ടുപോയതുപോലെ ഞാനും നിശ്ചലനായി അവിടെ നിന്നുപോയി. വെളുക്കാൻ ഇനിയും അധികസമയമുണ്ടെന്നു് എനിക്കു നിശ്ചയമായി. ആ തണുത്ത കാററിനെപ്പോലെ എങ്ങോ നിന്നണഞ്ഞ ഒരു വിഷാദം എന്നിൽ കടന്നുകൂടി. കൂടെ വന്നയാൾ പറഞ്ഞു: 'ഇവിടൊരു പീടികയുണ്ടു്. അവിടെ കയറി ഇരിക്കാം.' ഞാൻ ഒന്നും മിണ്ടിയില്ല. അവിടെത്തന്നെ നിന്നതേയുള്ളു. മററേയാളും മിണ്ടിയില്ല.

പെട്ടെന്നു് നദിയുടെ ഹൃദയത്തിൽനിന്നു് ഒരു ശബ്ദം. ആരോ സംസാരിക്കുന്നു. ഒരു വഞ്ചി കരയ്ക്കോട്ടു വരികയാണു് അടുത്തുകഴിഞ്ഞു. അഞ്ചാറുപേർ ഇറങ്ങി. 'യ്യോ ചെളി, ചെളിയാണു്, സൂക്ഷിക്കണേ.' അതൊരു സ്ത്രീയുടെ ശബ്ദമായിരുന്നു.

"ഇത്തിരി വെളിച്ചം കിട്ടിയെങ്കി." ഒരു വൃദ്ധ ആരോടെന്നി ല്ലാതെ യാചിച്ചു. 'എൻെറ തീപ്പെട്ടി കോലില്ല.' അനുകമ്പയോടേ വള്ളക്കാരൻ മറുപടി പറഞ്ഞു. എൻെറ കയ്യിൽ ഒരു വെളിച്ചംമ ങ്ങിയ വൈദ്യുതദീപമുണ്ടായിരുന്നു. ഞാൻ അതു ഞെക്കി. ആ സ്ത്രീകൾ മറെറാരുവളെ താങ്ങി, ആയാസപ്പെട്ടുകൊണ്ടു് കയറി വ രമ്പിൽ വന്നു. ഞാൻ ചോദിച്ചു:—'നിങ്ങൾ എവിടെനിന്നു വരുന്നു?'

'ആശുപത്രീന്നു്.'

'എന്താ ഇത്ര താമസിച്ചതു്?'

'കാററും മഴയുമായിരുന്നു. വള്ളം അഷ്ടമുടി കെട്ടീട്ടിരുന്നു.' അവർ എന്നെ അനുഗ്രഹിച്ചിട്ടു് തപ്പിത്തടഞ്ഞു നടന്നുമറഞ്ഞു. വള്ളക്കാരൻ ചോദിച്ചു: 'വരുന്നോ? അക്കരെ വിട്ടേക്കാം.' ഞങ്ങൾ അക്കരെ ഇറങ്ങി.

'വെളുക്കാനിനി എന്തു കാണും?' അക്ഷമയോടെ പിന്നെയും ഞാൻ ചോദിച്ചു.

'കോഴി കൂവീല്ല.' മറെറയാൾ ഉത്തരം പറഞ്ഞു. കോഴി കൂ വീല്ല! എനിക്കല്പം ഈർഷ്യതോന്നി. ഇയ്യാൾക്കു നേരത്തേ അക്കാ ര്യം പറഞ്ഞുകൂടായിരുന്നോ? എൻെറ ചിന്താഗതി അയാൾക്കു മന സ്സിലായിരിക്കണം. അയാൾ പറഞ്ഞു: 'ഇവിടെ എവിടെയെങ്കിലും ഇരിക്കാമേ.' അവിടെ ഇരുവശവുമായി കുനിഞ്ഞു കുമ്പിട്ടുനില്ക്കു ന്ന അഞ്ചാറു് ഏറുമാടക്കടകൾ ഉണ്ടായിരുന്നു. എൻെറ വെളിച്ചം കുറഞ്ഞ ഞെക്കുവിളക്കുമായി ഞങ്ങൾ ഒരു സ്ഥലപരിശോധന ന ടത്തി. ഒന്നിൻെറ മുന്നിലുള്ള പലകയിൽ, ഉടുമുണി അഴിച്ചു് ശ രീരം മൂടി, ആലിംഗനബദ്ധരായി പത്തുപന്ത്രണ്ടു വയസ്സുവരുന്ന രണ്ടു ബാലന്മാർ നിദ്രകൊള്ളുന്നു. നമ്മുടെ സമുദായസ്ഥിതി, തെരു വുകൾക്കും ചന്തപ്രാന്തങ്ങൾക്കും നിരന്തരം കാഴ്ചവയ്ക്കാറുള്ള, കേറി ക്കിടക്കാനിടമില്ലാത്ത ബാലന്മാരാണു് അവരെന്നു ഞാൻ ഊഹിച്ചു. പകലെല്ലാം ഉന്മേഷവാന്മാരായി, ഉച്ഛിഷ്ടം ഭുജിച്ചും, വാശിപറ

ങ്ങും, തമ്മിൽത്തല്ലിയും, ചുമട്ടുചുമന്നും, യാചിച്ചും, മിടുമിടുക്കന്മാരായിക്കഴിയുന്ന എത്ര ബാലന്മാരെയാണു് നമ്മുടെ പട്ടണങ്ങൾ പ്രസവിക്കുന്നതു്? എന്റെ കുഗ്രാമവും ഈ പൊതുസംഭാവനയിൽ അതിന്റെ എളിയ പങ്കു നിർവ്വഹിച്ചിരിക്കുന്നു. അവരുടെ നാറത്തുണികൾ ശരീരാർദ്ധത്തെമാത്രമേ മറച്ചിരുന്നുള്ളു. അവർ ഒട്ടിച്ചേർന്നുകിടന്നു് അന്യോന്യം ചൂടു പകരുകയാണു്. സഹോദരന്മാരാണോ? ആയിരിക്കയില്ല. ഒഴുക്കിൽ ഭിന്നസ്ഥാനങ്ങളിൽനിന്നു് ഒരുമിച്ചടുത്തു കൂട്ടപ്പെട്ടവർ. നദി എങ്ങുനിന്നെല്ലാം എക്കലും വണ്ടലും കൊണ്ടുവന്നു് ആ മണൽത്തിട്ടയിൽ സ്ഥാപിക്കുന്നു? അതുപോലെ ഇവരും നീതിനിറഞ്ഞ ലോകത്തിന്റെ പരിഷ്കാരപ്രവാഹത്തിൽ വന്നടുക്കുന്ന എക്കലും വണ്ടലും!

ഇവരെന്തു് ഉത്തരവാദിത്വമില്ലാത്ത പിള്ളരാണു്? ഇവരുടെ അമ്മയ്ക്കു് ഇന്നെങ്ങനെ ഉറക്കം വന്നുകാണും? ഇവർ എന്തുകൊണ്ടു് അവരുടെ അടുത്തു പോയില്ല?........അമ്മ! അങ്ങനെ ഒന്നിനെ ആരറിഞ്ഞു? ഇവർ അങ്ങനെ ഒന്നിനെ അവകാശപ്പെട്ടുകാണുകയില്ല. ആർക്കറിയാം? പെട്ടെന്നു ഞാൻ എന്റെ അമ്മയുടെ കാര്യം ഓർത്തുപോയി. മെത്തവിരിച്ച കിടക്കയിൽ, ദൃഢബദ്ധങ്ങളായ വാതിലുകൾക്കുള്ളിൽ, ഭദ്രമായി കിടന്നുറങ്ങുന്ന ഞാൻ ഉറക്കത്തിൽ ഒന്നു ഞരങ്ങിപ്പോയാൽ, കയ്യിൽ വിളക്കും മുഖത്തു പരിഭ്രമവുമായി പിടഞ്ഞെണീററുവന്നു്, എന്റെമേൽ കുനിഞ്ഞുനിന്നു്, ഞാൻ സുഖമായുറങ്ങുന്നെന്നു കാണുമ്പോൾ, ദൈവകാരുണ്യത്തോടുള്ള കൃതജ്ഞതയിൽ ആനന്ദവികസിതമായ മുഖത്തോടെ, എന്നെ ഉണത്താതെ, നിശ്ശബ്ദം മന്ദംമന്ദം നടന്നു തിരികെപ്പോകാറുള്ള എന്റെ വയസ്സുചെന്ന അമ്മയെപ്പററി ഞാനോർത്തുപോയി. അമ്മ! അതിന്റെ ദിവ്യത്വത്തിന്റെ മുന്നിൽ ഞാൻ നഷ്ടശക്തനായി തലകുനിച്ചുപോവുകയാണു്. അതിന്റെ മഹത്വം അവധാരണംചെയ്‌വാൻ എനിക്കു ഇന്നും കഴിഞ്ഞിട്ടില്ല. അമ്മിഞ്ഞകുടിക്കുന്ന പൈതലിനു് അതിനെപ്പററി അറിയാമായിരിക്കണം. അവരുടേതു് ഒരു പ്രത്യേക

ലോകമാണു്—ആ മാറിൽകിടന്നുപുഞ്ചിരിക്കുന്ന ശിശുവിൻേറതും, ആ പുഞ്ചിരിക്കുവേണ്ടി മഹായാതന അനുഭവിക്കുന്ന മാതാവിൻേറതും. രക്തസാക്ഷികളുടെ ഉത്ഭവം എവിടെയാണു്? നൊന്തുപെററ തള്ള! 'ഓസ്കാർവൈൽഡ്'ണെന്നു തോന്നുന്നു, ഒരിക്കൽ പറഞ്ഞു, ലോകത്തിലെ ഇത്രയധികം വേദനയ്ക്കു് ഒരൊററ വ്യാഖ്യാനമേയുള്ളുവെന്നു്—സ്നേഹം. വേദനയില്ലാത്ത ഒരു ലോകമുണ്ടാകുമെങ്കിൽ, സ്നേഹരഹിതമായിരിക്കും ആ ലോകം. എൻെറ അമ്മ പറയാറുണ്ടു്, 'നിന്നെപ്പററിയാണു് എൻെറ വിഷമം മുഴുവനു'മെന്നു്. ഞാനെന്തുചെയ്യും?..... ......മൂന്നുനാൾ അങ്ങോട്ടു പോയാൽമതി; പിന്നെ ഓണമാണു്. ഞാൻ എൻെറ അമ്മയുടെ അടുത്തേയ്ക്കു പോകയാണു് ഒരു പീടികപ്പലകയിൽ അല്പം വൃത്തികെട്ട സ്ഥലംകിട്ടി. ബീഡിച്ചാരം, ബീഡിയിലയുടെ കഷണങ്ങൾ, ഉണങ്ങിയ ചുണ്ണാമ്പുപൊടി ഇവയാൽ സമലംകൃതമായ ഒരു രണ്ടടി ചതുരം. ആശ്വാസം! അല്ലെങ്കിൽ എത്രനേരം നിൽക്കണം. എൻെറ തൊട്ടപ്പുറത്തു് ഒരു തടിച്ചയാൾ ജമുക്കാളവുംപുതച്ചു് ചുരുണ്ടുകൂടി കിടന്നുറങ്ങുന്നുണ്ടായിരുന്നു. അയാളുടെ കൂർക്കംവലിയുടെ ശബ്ദം, ചില നായ്ക്കൾ ശണ്ഠകൂടുന്നതിനുള്ള പ്രാരംഭമായി പ്രയോഗിക്കുന്ന ആ താഴ്ന്നശ്രുതിയിലുള്ള നീണ്ട മൊരടനക്കമാതിരിയായിരുന്നു. അയാളുടെ അടുത്തു് രണ്ടു പട്ടാളബൂട്ട്സുണ്ടായിരുന്നു. അപ്പോൾ യുദ്ധാസേവനം കഴിഞ്ഞു മടങ്ങുന്ന നാട്ടുവീരന്മാരിൽ ഒരാളാണു്, അല്ലേ? പാവപ്പെട്ട ഈ പീടികയിൽകിടന്നുറങ്ങുന്ന ഇവനു് രാവിലെ മട്ടുമാറും വെളുക്കുന്നതു ചന്തദിവസമാണു്. വാഴക്കുല, ചേന, മത്തൻകായ് എന്നിങ്ങനെ നിരവധി നാടൻചരക്കുകളെപ്പോലെ ഞങ്ങളുടെ ചന്തയിൽ സമൃദ്ധമായി കാണാവുന്നതു് നാടൻശൃംഗാരമാണു്. നാളെ ഇവനെ കാണണം. തേച്ചുമടക്കി ഭാണ്ഡത്തിൽ തയ്യാർചെയ്തിട്ടുള്ള യൂണിഫാറം അണിഞ്ഞു്, വെളുക്കെ മുഖക്ഷൗരം ചെയ്തു് മീശയ്ക്കു മേനിവരുത്തി തൊപ്പിയുംവെച്ചു് ഒരു വാടകസൈക്കിളിന്മേൽ, ചുണ്ടിൽത്തന്നെ ജനിച്ചതോ എന്നു തോന്നിക്കുന്ന ഒരു സിഗററിൻെറ പുകയെ അന്തരീക്ഷത്തിനു നൽകി മേയർ

സർദാറായി ഇവൻ നാളെ ആ ചന്തപ്രാന്തത്തിൽ ഒരുക്കൂട്ടം ആരാധകബാലന്മാരുടെ നടുവിൽനിന്നു് ചെയ്യാത്ത പരാക്രമങ്ങളേയും കാണാത്ത സ്ഥലങ്ങളേയുംപററി വലിയ വാചകങ്ങൾ തട്ടിവിട്ടു്, ശുദ്ധഹൃദയകളായ ഗ്രാമീണവനിതകളുടെ കണ്ണും കരളും കുളൎപ്പിച്ചു സംതൃപ്തനാകുന്ന കാഴ്ച ഞാൻ അല്പനേരം ഓർത്തിരുന്നുപോയി.

പൊടുന്നനവേ യാതൊരു മുന്നറിയിപ്പുമില്ലാതെ അങ്ങെങ്ങോ ഒരു കോഴി ഒന്നു കൂവി. 'കോഴികൂവി'—ഉത്സാഹത്തോടെ എൻെറ കൂടെയുള്ള ആൾ വിളിച്ചുപറഞ്ഞു. രാത്രിയെ പൊരുതടക്കുവാൻ വിദൂരതയിൽനിന്നണയുന്ന പകലിൻെറ കാഹളധ്വാനം! തെക്കേതു്, കടത്തുകാരൻ മത്തായിയുടെ വീടാണു്. അവിടെ ഒരു കുഞ്ഞുണർന്നു കരഞ്ഞു. ഉറക്കത്തെളച്ചുപുരണ്ട സ്വരത്തിൽ അതിൻെറ മാതാവു് ഒരു താരാട്ടും തുടങ്ങി—'വാ വാ വാ വാ വോ'........ഒരു ജീൎണ്ണിച്ച കടയ്ക്കുള്ളിൽ ഒരു വൃദ്ധ മൂളുകയും ഞരങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു. ആരോ ഒന്നു രണ്ടു ചുമച്ചു. ലോകം ഉണരുകയാണു്. വേദനയിലേയ്ക്കും വ്യഗ്രതയിലേയ്ക്കും ജീവിതപ്പോരിൻെറ പരസ്സഹസ്രം ആയാസങ്ങളിലേയ്ക്കും ലോകം ഉണരുകയാണു്.

പിന്നെയും കോഴി കൂവി. ആ ആററിറമ്പിലെല്ലാംനിന്നു്, പോരിനു സന്നദ്ധമായ പടകുടീരത്തിൽനിന്നെന്നപോലെ കാഹളശബ്ദങ്ങൾ മുഴങ്ങിത്തുടങ്ങി. ആററിലേക്കു ചാഞ്ഞുനിന്ന പരുത്തിമരക്കാവിൽ ഒന്നുരണ്ടു വണ്ണാത്തിക്കിളികൾ ഉണൎന്നു ചിറകടിച്ചു കരഞ്ഞു. പെട്ടെന്നു് ഏവമാടക്കടയിൽനിന്നൊരു ശബ്ദം. 'യ്യോ! അടിക്കാതെ നാണുച്ചേട്ടാ.' ആ ബാലന്മാരിൽ ഒരുവൻ സ്വപ്നത്തിൽ പറയുകയായിരുന്നു.

ആരാണു് ഈ നാണുച്ചേട്ടൻ? എൻെറ ചിന്ത ആ വഴിക്കു തിരിഞ്ഞു. എങ്ങനെയോ എൻെറ ഭാവന ആ നാണുച്ചേട്ടനെ സൃഷ്ടിച്ചു. അയാൾ ഒരു ചായപ്പീടികയിൽ ചായ ഒഴിക്കുന്ന ഇരുനിറമുള്ള ഒരു യുവാവായിരിക്കും. നല്ല ചുരുളൻ മുടിയും വിരിമാ

വും മാംസക്കൊഴുപ്പുള്ള ശരീരവും കാണും. ചിലപ്പോഴൊക്കെ അയാൾ ഇവന് ഒരു ചക്രം കൊടുക്കും. മാനേജർ എന്നുപറഞ്ഞ് ഒരു നാല്ക്കാലിപ്പെട്ടിയുടെ അപ്പുറത്ത് മൂടിയാനിരിക്കുന്ന ആ പച്ചപ്പരിഷ്കാരി നായർയുവാവ് കാണാതെ അരച്ചായ ചിലപ്പോൾ ആ ശമ്പളക്കാരൻ ഈ ബാലനു നൽകുമായിരിക്കും. എന്തിനെന്നല്ലേ? ഏതു കഴുതയ്ക്കും തന്നിൽ എളിയ ഒരു കഴുതയെ വേണം കുതിരകയറുവാൻ. അവന്റെ പുറത്തു സ്വന്തം ശക്തിയും കഴിവും പ്രാധാന്യവും അടിച്ചേല്പിച്ചു മേന്മ തെളിയുവാൻ. നാണുച്ചേട്ടൻ ചായ നീട്ടിയൊഴിക്കുന്നതുകണ്ട് ഈ ബാലൻ പരസ്യമായി അഭിനന്ദിക്കണം. നാണുച്ചേട്ടന്റെ കാരണംകൂടാതെയുള്ള തല്ലേററ് ചിലപ്പോഴൊക്കെ ഇവൻ വേദനകൊണ്ടു പുളയണം. ഇവൻ കടയുടെ അടുത്തു റോഡിൽ നിൽക്കുമ്പോൾ ചിലപ്പോൾ നാണുച്ചേട്ടൻ അകത്തുനിന്നു ചൂടുവെള്ളം കോരി ഇവനെ നീട്ടിയെറിഞ്ഞു പൊള്ളിക്കണം. ചിലപ്പോൾ വാത്സല്യവായ്പോടെ നാണുച്ചേട്ടൻ ഇവന്റെ മുതുകിൽ തലോടുകയും ചെയ്യും. നാണുച്ചേട്ടന്റെ ആരാധകൻ! എന്തെല്ലാം വൈചിത്ര്യങ്ങളാണ് മനുഷ്യനും മനുഷ്യനുമായുള്ള ബന്ധങ്ങളിൽ!!

പൂർവ്വദിക്കിൽ ഒരു നവദ്യുതി തെളിഞ്ഞുതുടങ്ങി. മുളങ്കാടും പരത്തിക്കാവും ചലിച്ചുതുടങ്ങി. അടുത്തുള്ള ചെറുവീടുകളിൽ നിന്നു തളർന്ന ശബ്ദങ്ങൾ ഉയൻറു. തണുത്ത കാററ് ഇടയ്ക്കിടയ്ക്കു ശക്തിയായി വീശി. ആകാശത്തിന്റെ ഒരു കോണിൽ ഒന്നുരണ്ടു മിന്നൽപ്പിണരുകൾ കാർമേഘങ്ങളുടെ ഇടയ്ക്കുനിന്നു പല്ലിളിച്ചു കാട്ടി. പ്രകൃതി അതിന്റെ നിദ്രയിൽ അസ്വസ്ഥമായി തിരികയും പിരികയും ചെയ്യുകയാണെന്നു തോന്നി. കിഴക്കുദിക്കിന് ഒരു വിളർച്ച്. പ്രേമനൈരാശ്യംവന്ന ഒരു യുവതിയുടെ മുഖംപോലെ അതു വിളറിവന്നു. അകലെയുള്ള വയലുകളിലേയ്ക്കു കാളയും കലപ്പയുമായി രണ്ടുമൂന്നു കൃഷീവലന്മാർ വരമ്പിൽക്കൂടെ പോയി. വറുതിമൂലം പട്ടിണികിടന്ന കാളയും കൃഷിക്കാരനും പോകയാണ്,

കനിവില്ലാത്ത ആ ഭൂമിയോട് അവരുടെ പട്ടിണിയുടെ ആവലാതി പറയാൻ. കേരളത്തിലെ കൃഷീവലൻ! നാട്ടിന്റെ നട്ടെല്ലുപോലും. ഇത്ര ദുർബ്ബലമായ നട്ടെല്ലുള്ള രാജ്യം എങ്ങനെ ഉയർന്നില്ലും? ആ കാളയുടെ കഴുത്തിൽനിന്നും അടച്ച ഒരു മണിനാദം വിഷാദത്തിന്റെ നാദംപോലെ ഇടയ്ക്കിടയ്ക്കു കേൾക്കാമായിരുന്നു...............

മൂന്നുനാൾ കഴിഞ്ഞാൽ ഓണമായി. ആഹ്ളാദത്തിന്റെയും ആനന്ദത്തിന്റെയും പര്യായമായ തിരുവോണം. ആ ആഹ്ളാദത്തിലും ആനന്ദത്തിലും പങ്കെടുക്കാൻ എന്റെ ഉള്ളം വെമ്പുകയാണ്. ഇന്നത്തെ ബോട്ടിൽ ഞാൻ വീട്ടിലെത്തും. കൂട്ടുവിട്ടകന്ന ഞങ്ങൾ പലരും ഒത്തൊരുമിക്കും. അഞ്ചാറുദിവസം! വേദനയും വ്യഗ്രതയുംനിറഞ്ഞ ലോകത്തിന്റെ കൈയ്യുള്ളിൽനിന്ന് തട്ടിപ്പറിച്ച ഉല്ലാസമയമായ അഞ്ചാറുദിവസം. ഓണം! ആ ബോട്ടു മരിച്ചതുപോലെ കിടക്കയാണ്. ജോലിക്കാർ അകത്തുകിടന്ന് ഉറക്കമാണ്. അവരൊന്ന് ഉണർന്നെങ്കിൽ! ബോട്ട് ഒന്നു ചലിച്ചെങ്കിൽ! നേരെ എന്റെ വീട്ടിലേയ്ക്ക്!..........

കിഴക്കെല്ലാം കടും ചുവപ്പായി. കാറിന്റെ മറ മാറി. നദിയും പരത്തിക്കാവും എല്ലാം ഉണർന്നുകഴിഞ്ഞു. പ്രകൃതി ഉണർന്നു നവോന്മേഷയായി പുഞ്ചിരിക്കുന്നു. കിഴക്കത്തെ കടുംചുവപ്പ് ഉരുകിപ്പരന്നു. പച്ചിലക്കാവിലെല്ലാം കിളികൾ ഉണർന്നു പാടിത്തുടങ്ങി. സൂര്യബിംബം കണ്ടുതുടങ്ങി. ഹായ്! എന്തൊരു രംഗമാണത്? വിശ്വത്തിനു പ്രദർശിപ്പിക്കുവാനുള്ളതിൽ ഏററവും മനോജ്ഞമായതു് ആ കാഴ്ചയാണെന്നു ഞാൻ മന്ത്രിച്ചു. അത്ഭുതസ്തബ്ധനായി ഞാനതു നോക്കിനിന്നു. ഗഗനമണ്ഡലത്തിന്റെ ആ വർണ്ണസങ്കരം! ഭാനുബിംബത്തിന്റെ ആ സൗമ്യജ്യോതിസ്സ്! പൈങ്കിളിക്കുലങ്ങളുടെ ആ ഗാനവർഷം! വിശ്വംതന്നെ ഗാനസമ്പൂർണ്ണമായ ഒരു പൈങ്കിളിക്കൂടായി മാറുകയാണോ എന്നു തോന്നി. കുളിരണിഞ്ഞ ആ കിഴക്കൻകാററ്! ഒരുകൂട്ടം കിളികൾ ചിലച്ചുകൊ

ണ്ടു് എൻെറ തലയ്ക്കുമീതേക്കൂടി പറന്നുപോയി. ഈ വിശ്വം—സൗന്ദര്യസമ്പൂർണ്ണമായ ഈ വിശ്വം—ഗാനാത്മകമായ ഈ വിശ്വം—ചൈതന്യപൂർണ്ണമായ ഈ വിശ്വം—ഞാനെല്ലാം മറന്നുകഴിഞ്ഞു, എല്ലാം എല്ലാം അങ്ങനെ എന്നെന്നേയ്ക്കുമായി മറക്കാൻ കഴിഞ്ഞെങ്കിൽ! വേദനയില്ലാത്ത ആ നിമിഷത്തിൻെറ സൗന്ദര്യസംപൂർണ്ണമായ ചൈതന്യത്തിൽ ഞാനും എൻെറ പരാതികളും വിലയിച്ചുവെങ്കിൽ! അഥവാ ആ മംഗലവേള അനന്തതയിലേയ്ക്കു് ഏതെങ്കിലും അഭൗമമായ കരമൊന്നു വലിച്ചുനീട്ടിയെങ്കിൽ!!

രണ്ടുനാലു പുലയന്മാർ കാസ്സറിച്ചുമട്ടുമായി അവിടെ എത്തി. അയൽക്കാരുടെ വസ്തുക്കളുടെ സർവേനമ്പ്രുകളും, മൊഴിപ്പകർപ്പുകളും, വിധിപ്പകർപ്പുകളുമായുള്ള കടലാസുകെട്ടോടെ ഒരു ജന്മിക്കാര്യസ്ഥനും ഒന്നുരണ്ടു കച്ചേരിജീവികളും എത്തി. അവർ ഒരു നിമിഷം നിന്നില്ല, അതിനുമുൻപേ ഉച്ചത്തിൽ ശബ്ദമുണ്ടാക്കാൻ തുടങ്ങി. "അപ്പോൾ—ആ സർവ്വേ 736–ൻെറ എളകയിൽ തോട്ടിനും വടക്കു് കോന്ത്രത്തുവക പുരയിടത്തിനും സക്കാർ മൈൽക്കുററിക്കും മേക്കു് എന്നു ചേത്തിരിക്കുന്നതിനെപ്പററി"— ഇങ്ങനെ അവരുടെ ശബ്ദം ഉയന്നു. അടുത്തുള്ള ഒന്നുരണ്ടുപേർ പുതച്ചുമൂടി, ഭൂതങ്ങളെപ്പോലെ കടവിലേയ്ക്കു് ഇറങ്ങിവന്നു് ബീഡികൊളുത്തി വലിച്ചുകൊണ്ടു് ധ്യാനനിമഗ്നരെന്നോണം നിലകൊണ്ടു. പട്ടാളക്കാരൻ ഉണ്ണന്റെ കടയുടെ മുമ്പിൽ ചായ്ച്ചുകെട്ടിയിട്ടിരിക്കുന്നതിൻെറ മറവിൽ ഇരുന്നു് കഥകളിക്കാരനെപ്പോലെ വേഷമിടുകയാണു്. കടവിലേയ്ക്കു് ആളുകൾ തെരുതെരെ വന്നുതുടങ്ങി. നേരം വെളുത്തുകഴിഞ്ഞു. കടവിൽ സംസാരവും പൊട്ടിച്ചിരിയും, വാശിപറച്ചിലും തകൃതിയായി. ബോട്ടിലെ ജോലിക്കാർമാത്രം ഉണരുന്നമട്ടില്ല. "ബോട്ടു് ഇന്നലെ താമസിച്ചാ വന്നേ" ആരോ പറഞ്ഞു. 'ആ: കാററും മഴയുമായിരുന്നല്ലോ' മററാരോ സമാധാനം നൽകി. 'അതുകൊണ്ടു് ഇന്നു പോകുന്നതും താമസിച്ചുവേണോ? ന്യായമുണ്ടോ?' ഒരു അടുത്തൂൺകാരൻ വാദ്ധ്യാർ കോപിച്ചു. അങ്ങനെ ന

യും ഒരു ന്യായമെടുക്കാമല്ലൊ.' ആ ജന്മിക്കാര്യസ്ഥൻ എതിർകക്ഷിക്കുവേണ്ടി വക്കാലത്തുപിടിച്ചു. 'അതു ന്യായമായിരിക്കാം, പക്ഷേ നീതിയല്ല' വാദ്ധ്യാർ വേദാന്തത്തിലേയ്ക്കു കടന്നുകഴിഞ്ഞു.

'ഹേ സ്റാങ്കേ, സ്റാങ്കേ!' ഈ വാദകോലാഹലങ്ങൾക്കിടയിൽ ഒരു യുവപൗരൻ വിളിച്ചുതുടങ്ങി. എണ്ണമയമില്ലാത്ത ചുരുളൻമുടി പറത്തി, ഒരു ബീഡിയും കടിച്ചുപിടിച്ച്, കണ്ണുരണ്ടും തിരുമ്മിപ്പൊടിച്ചുകൊണ്ട്, ക്രൂഡായിൽവാടനിറഞ്ഞ ഒരു കയിലിയും മുറിക്കയ്യൻ ഉടുപ്പും ധരിച്ച ഒരു ബോട്ടുജോലിക്കാരൻ വെളിക്കോട്ടിറങ്ങി. യാത്രക്കാരുടെ കോപം അയാളുടെ നേക്കു തിരിഞ്ഞു. 'എന്തോന്നു ഹേ! സ്റാങ്കെവിടെ?' എന്നൊരാൾ. 'ഓരോ ദിവസം ഓരോ ടൈം ആണോ?' എന്ന് ഇനിയൊരാൾ. 'ഇന്നിതു പോകുന്നില്ല്യേ?' എന്ന് ഇനിയൊരാൾ. ഇതുകൊണ്ടൊന്നും ആ പാറിപ്പറക്കുന്ന എണ്ണമയമില്ലാത്ത ചുരുളൻമുടിയ്ക്കല്ലാതെ മററു ശരീരഭാഗങ്ങൾക്കു യാതൊരു ഇളക്കവുമില്ലാതെ, ആ നാവികൻ, അല്പനേരംകൂടെ കണ്ണൊന്നു തിരുമിപ്പൊടിച്ചിട്ട്, പിന്നെ അലസമായി ഒരു 'കോട്ടുവാ'യുമിട്ട്, പിന്നെ കയ്യൊന്നു കുടഞ്ഞ്, പിന്നെ ഒന്നു മൂരിനിവന്ന്, ഒടുവിൽ എല്ലാ ജോലിയും കഴിഞ്ഞെന്നായപ്പോൾ, അവിടെനിന്ന് മൂകഭാഷയിലേതോ ചോദിച്ച പരത്തിമരങ്ങളുടെ അറിവിനായിട്ടെന്നപോലെ, അലസമായി, അലക്ഷ്യമായി, ഒരു ഉത്തരം നൽകി—"ഇന്ന് ബോട്ടു പോകുന്നില്ല്യ. ഇഞ്ചിൻ ഡിസാട്ടറാ." (dis order—തകരാറ്.)

ഒരു നിമിഷനേരത്തേയ്ക്ക് നദി ഒഴുകിക്കാണുകയില്ല. പ്രപഞ്ചത്തിൻെറ ചലനം നിന്നുപോയി.

പീടികയിൽ കിടന്ന പിള്ളേർ അടുത്തുവന്നു ചോദിച്ചു: "വല്ലോം എടുത്തോണ്ടുപോണൊണ്ടോ?"

എന്തോന്ന് എടുത്തുകൊണ്ടു പോകാനാണ്, ഞങ്ങളുടെ നിരാശയുടെ ചുമടല്ലാതെ? പെട്ടെന്ന് ശബ്ദം നശിച്ചുപോയവരെപ്പോലെ അവിടെ നിന്നവർ അങ്ങിനെ നിൽക്കയാണ്. 'ഹായ്'—

ഒരു നീണ്ട കോട്ടുവായുമിട്ട്, ബോട്ടിന്റെറപുകക്കുഴലിൽനിന്നെന്ന പോലെ ആ പിളന്ന വായിൽനിന്നു കുറേ ബീഡിപ്പുക ഞങ്ങളുടെ നാസാരന്ധ്റങ്ങൾക്കും ഗഗനമണ്ഡലത്തിനും നൽകിക്കൊണ്ട്, ഭാരംകൂടിയ ഒരു സാധനത്തെപ്പോലെ സാവധാനം നീങ്ങി ആ നാവികവീരൻ അടുത്ത ചായപ്പീടികയിൽ തിരോധാനം ചെയ്തുകഴിഞ്ഞു. ആ പിള്ളേർ പിന്നെയും ചോദിച്ചു: 'വല്ലോം എടുത്തോണ്ടുപാനൊണ്ടോ?'

അങ്ങനെ ഒരു ചോദ്യചിഹ്നംമാത്രം ആ കടത്തുകടവിൽ ശേഷിച്ചു!

# മൂകത

"സരോജിനീ"—അയാഠം വിളിച്ചു.

"എന്താ"—അവഠം പതിവുപോലെ വിളികേട്ടു.

"നീ എന്തുവാ ആലോചിക്കുന്നേ?"

"ഞാനൊന്നും ആലോചിക്കുവല്ല."

പിന്നെയും നിശ്ശബ്ദത. ആ വീട്ടിൽ എപ്പോഴും നിശ്ശബ്ദതയാണു്. ഒരു മൂളിപ്പാട്ടുപോലും ഉയരുകയില്ല.

അവഠം മൂന്നു പെററതാണു്. മൂന്നും ചത്തു. അന്നുമുതൽ അവഠംക്കിങ്ങനൊരു മൂകത. അയാഠംക്കൊരു മ്ലാനത. കച്ചേരിയിൽനിന്നുവന്നു് കോട്ടഴിച്ചിട്ടു്, കൈകാൽ കഴുകി, അയാഠം മുററത്തിറങ്ങി തെക്കോട്ടുംനോക്കി നിൽക്കും. "ചത്തുപിറന്ന അയാളുടെ മൂന്നു കുട്ടികളേയും കുഴിച്ചിട്ടതു് ആ തെക്കുദിക്കിലാണു്. 'ചങ്കരൻ' പഴയ വിളക്കൊന്നുതുടച്ചു് കൊളുത്തി കിഴക്കുവശത്തു വയ്ക്കും. അവിടത്തെ വിഷാദത്തെ വ്യക്തമാക്കുന്ന ഒരു ചെറിയ ദീപനാളം! അല്പാ അകലെ ശൂന്യതയിലേയ്ക്കു നോക്കിക്കൊണ്ടു് അവളും ഇരിക്കുന്നുണ്ടായിരിക്കും. അയാഠം പതുക്കെ ചോദിച്ചുപോകും: "നിനക്കെന്താ ഒരു വല്ലാസ്ഥ?"

അവൾ പതുക്കെ ഉത്തരം പറയും: "എനിക്കൊരു വല്ലായ്മയു മില്ല."

പതുക്കെ! പതുക്കെ! എല്ലാം പതുക്കെ! ആ വീട്ടിൽ ആരും ഉറച്ചൊന്നും പറയാറില്ല. കൊലപാതകിയെപ്പോലെ അവർ ശബ്ദ ത്തെ ഭയന്നിരുന്നു.

ജര നിറഞ്ഞില്ല, മുടി നരച്ചില്ല, യൗവനം എരിഞ്ഞടങ്ങിയി ല്ല. അവൾക്കു വയസ്സ് ഇരുപത്തിമൂന്നേയുള്ളു. അയാൾക്കു മുപ്പത്തി നാല്. എങ്കിലും അവരുടെ ജീവിതത്തിൽ എന്തോ ഒന്ന്—ഊഷ്മ ളമായ എന്തോ ഒന്ന്—നീരാവിപോലെ ഘനീഭവിച്ചുപോയി. ഒരു സ്തംഭനം; ഒരു തളർച്ച; ഒരു പരാജയബോധം.

അയൽവീട്ടിൽ ചിലപ്പോൾ പൊട്ടിച്ചിരികൾ ഉയരും. ചന്ദ്രി കാചർച്ചിതങ്ങളായ രാത്രികളുടെ മദ്ധ്യയാമങ്ങളിൽ ജനാലകൾ തുറക്കപ്പെടും. ഇരിപ്പിടങ്ങൾ വരാന്തയിലേയ്ക്കു വലിച്ചിഴയ്ക്കുന്ന ശബ്ദം കേൾക്കും. തോളിൽ കയ്യിട്ട് അവ്യക്തരൂപങ്ങൾ ചരിക്കു ന്നതു കാണാം. അവരുടെ കിടക്കയിൽകിടന്ന് സരോജിനിയും ഭർത്താവും അതെല്ലാം കാണും. അവക്കറിയാം—ആ വീട്ടിൽ ആയി ടയ്ക്കൊരു വിവാഹം നടന്നതേയുള്ളുവെന്ന്. മധുവിധു! ദാമ്പത്യ ത്തിൻെറ പ്രതീക്ഷാസുന്ദരമായ ആദ്യരാത്രികൾ!

അയാൾ പതുക്കെ വിളിക്കും, "സരോജിനീ!"

അവൾ വിളികേൾക്കും: "എന്താ."

അവക്കറക്കം വരികയില്ല. ഉറക്കംവരാതെ അവർ തിരി ഞ്ഞും പിരിഞ്ഞും കിടക്കും. ചിലപ്പോൾ നൈമിഷികമായ ഒരു വികാരാവേശത്തിൽ ആ ഭർത്താവിൻെറ ഒരു കരം ഭാര്യയുടെ മാറി ലേയ്ക്കു മറിഞ്ഞുപോകും. മഞ്ഞേറവുതണുത്ത ഒരു ശിലാഖണ്ഡ ത്തിൽ അതു് അല്പസമയം വിശ്രമിക്കും. എന്തോ അവിടത്തെ രക്ത ത്തിൻെറ ചൂട് ആറിപ്പോയിരുന്നു. മരവിച്ച ആ കൈയ് അവിടെ കിടക്കും.

ഏഴുകൊല്ലം മുമ്പാണ് അവർ ആ ഗൃഹത്തിൽ ദമ്പതികളായി പ്രവേശിച്ചതു്. അന്നു് അവരുടെ കണ്ണുകളിൽ ഒരു ചൈതന്യമുണ്ടായിരുന്നു. അന്നു് ആ ഗൃഹത്തിൻെറ ഓരോ തൂണിലും ഇരുന്നു് ജീവിതം വൃക്ഷയിലിനെപ്പോലെ മധുരമായി കൂകിവിളിച്ചിരുന്നു. ഏഴുകൊല്ലം കഴിഞ്ഞു. മൂന്നു കുഞ്ഞുങ്ങൾ ഉണ്ടായി മരിച്ചു. അയാൾക്കു ശമ്പളം നാല്പതിൽനിന്നു് എഴുപതു രൂപയായി. ആ ഭവനവും അവരും നിശ്ശബ്ദതയിലേയ്ക്കു മൂർച്ഛിച്ചുവീണു.

അവിടത്തെ ഭിത്തികളിൽ അഴുക്കു പുരണ്ടിരുന്നു. അവിടെ കിടന്ന മേശമേൽ പണ്ടാരോ തുറന്നുവച്ചിരുന്ന ഒരു പുസ്തകം പൊടിയണിഞ്ഞുകിടന്നു. അവരുടെ ശയ്യാഗാരത്തിൽ തൂങ്ങിയ ദമ്പതികളുടെ ഛായാപടത്തിൽ ചിലന്തി വല കെട്ടിയിരുന്നു. അയാൾ ഒരു നീലസൂട്ടിട്ടു്, തല ഭംഗിയായി ചീകി, പ്രസന്നവദനനായി നില്ക്കയാണു്. യൗവ്വനത്തിൻെറ മാദകവിലാസംപൂണ്ടു് അരികെ നില്ക്കുന്ന സുകുമാരിക്കു ചുറവും പ്രേമസമ്പന്നനായ ഭർത്താവിൻെറ ഒരു കരം വാത്സല്യവായ്പോടണച്ചിരിക്കുന്നു. അവരുടെ ശയ്യയ്ക്കഭിമുഖമായി ചുവരിൽ ഒരു പഴയ നാഴികമണി ചത്തുനിന്നിരുന്നു. അതിൻെറ ഡയലിൽ ഒരുസംഘം കുഞ്ഞുവമ്പുകൾ ഇഴഞ്ഞുകളിച്ചു..........പാവയെപ്പോലെ അവൾ ഒരു മുറിയിൽനിന്നു മറെറാന്നിലേക്കു നീങ്ങി; ആഹാരം കഴിച്ചു; ജീവിച്ചു. യന്ത്രത്തെപ്പോലെ അയാൾ രാവിലെ ഉണൎന്നു; കുളിച്ചാഹാരം കഴിച്ചു; ഉടുപ്പിട്ടു കച്ചേരിയിൽ പോയി; ജീവിച്ചു. ജീവിതത്തിൽനിന്നു പ്രതീക്ഷകൾ നിഷ്ക്രമിച്ചുപോയി. ആ ഭവനത്തിൻെറ മൂകത!

സരോജിനി അവളുടെ ഗ്രാമത്തിലെ സുന്ദരിയായിരുന്നുപോലും. അവളെ ഒരു ഉദ്യോഗസ്ഥൻെറ ഭാൎയ്യയാക്കണമെന്നു് അവളുടെ അമ്മ മോഹിച്ചു. അക്ഷരൻ അതു സാധിച്ചു. ആ ഗ്രാമത്തിലെ ആരെയോ അവൾ സ്നേഹിച്ചിരുന്നുപോലും. ഒരു നടുങ്ങലോടുകൂടിയാണത്രേ അവൾ വിവാഹവേദിയിലേക്കു കയറിയതു്. ആ പ്രഥമരാത്രിയിലും അവൾ ഒന്നു നടുങ്ങിക്കാണും. അതെല്ലാം പഴങ്കഥയാ

ണ്. അവൾ ഉദ്യോഗസ്ഥൻെറ ഭാര്യയായി. പട്ടണം, പ്രതാപം, വില്ലാക്കാർ, എല്ലാം ആ മാതാവു് അന്നു് സ്വപ്നം കണ്ടു. സരോജിനി കുറെ കരഞ്ഞു. ഹൃദയം പിളൎന്നുപോകുമെന്നു് സ്വയം മന്ത്രിച്ചു. വിവാഹവേദിയിൽവച്ചു് ജീവൻ പോകണമേ എന്നു പ്രാൎത്ഥിച്ചു. ഒന്നുമുണ്ടായില്ല ആ മാതാവിൻെറ കുറേ ശകാരം മാത്രം ലഭിച്ചു.

കാലം കഴിഞ്ഞു. ദമ്പതികൾ ഒരുമിച്ചു് സിനിമാ കാണാൻ പോയി. ഒരുമിച്ചു ചിരിച്ചു. ഒരുമിച്ചുറങ്ങി. നിരവധി ദിവസങ്ങൾക്കുമുമ്പു്, രാത്രിയുടെ ആദ്യയാമങ്ങൾ പിടിച്ച മറയ്ക്കപ്പുറം നിഗൂഢമായി അഭിനയിച്ച ഒരു പ്രേമനാടകത്തിലെ രംഗങ്ങൾ ഒരു പ്രളയത്തിനുമുമ്പെന്നപോലെ വിസ്മൃതങ്ങളായി. സരോജിനിയുടെ അമ്മ സ്വഭത്താവിനോട്ട് പറഞ്ഞു: "ഞാൻ പറഞ്ഞില്ലേ? അതെല്ലാമങ്ങു് മറന്നുപോകുമെന്നു്, അതൊക്കെ അങ്ങിനാ." ആ മദ്ധ്യവയസ്കൻ, പണ്ടെങ്ങോ വായിച്ചിട്ടുള്ള പുളിമാന പരമേശ്വരൻപിള്ളയുടെ ഒരു വാചകം പെട്ടെന്നു് ഓർത്തുപോയി. "സ്ത്രീയെന്നുവച്ചാൽ എന്താണെന്നു നിനക്കറിഞ്ഞുകൂടെ? കുതിച്ചുപൊങ്ങുന്ന വികാരങ്ങളുടെ തരംഗസഹസ്രങ്ങളെ, അവളുടെ സ്രഷ്ടാവായ ഈശ്വരനുപോലും അജ്ഞാതമായവിധം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടു നടക്കയും അതേസമയം മാതാവോ, ഭാൎയ്യയോ, കാമുകിയോ, സ്നേഹിതയോ ആയി മന്ദഹസിക്കയും ചെയ്യാൻ കഴിയാവുന്ന ഒററ വിചിത്രസൃഷ്ടിയുടെ പേരാണു്, സഹോദരി! സ്ത്രീയെന്നു്." ഒരു ഭീതിയോടെ ആ ഭത്താവു് മുഖമുയത്തി, ഭാൎയ്യയുടെ മുഖത്തേക്കു നോക്കി. അന്നുവരെ അവർ പറയുന്നതിനപ്പുറം ചെയ്യാൻ ആ മനുഷ്യനു് കഴിഞ്ഞിരുന്നില്ല. പതുക്കെപ്പതുക്കെ അയാൾ മന്ത്രിച്ചു: "സ്ത്രീ. സ്ത്രീ. സ്ത്രീ"

പിന്നെ ഏഴുവഷം കഴിഞ്ഞു.

* * * * *

എന്നും രാത്രിയിൽ, എന്തെങ്കിലും ഒന്നുപറയാൻ സരോജിനിയുടെ ഭർത്താവ് ചോദിക്കും: "സരോജിനീ, നീ എന്തോന്നാ ആലോചിക്കുന്നേ?" അയാൾക്ക് മററൊന്നും ചോദിക്കാനില്ല.

"ഞാനൊന്നും ആലോചിക്കുവല്ല." അവൾക്ക് ഒരു ഉത്തരമേ ഉണ്ടായിരുന്നുള്ളു.

"പിന്നെ നീ എന്താ ഒന്നും മിണ്ടാത്തതു്?" അയാൾ പതുക്കെ ചോദിക്കും.

"എന്തോന്നു മിണ്ടാനാ?" അവളും പതുക്കെ ചോദിക്കും.

അതാണ് അവരുടെ ജീവിതത്തിലെ ഏററവും വലിയ പ്രശ്നം! എന്തോന്നു മിണ്ടാനാ?..........

എങ്കിലും അവരുടെ മനോമണ്ഡലങ്ങൾ ഒരു നിമിഷനേരത്തെ ശാന്തി അറിഞ്ഞിരുന്നില്ല. തമ്മിൽ ബന്ധമില്ലാത്ത ചിന്തകൾ അഗ്നിസ്ഫുലിംഗങ്ങളെപ്പോലെ അവരുടെ മസ്തിഷ്കത്തിൽക്കൂടെ മിന്നിമറയും. ഒരു ഞെട്ടലോടെ അയാൾ ചിലപ്പോൾ ഓർത്തുപോകും: "മൂന്നുതവണയും അവൾ ചാപിള്ളയെ ആണല്ലോ പ്രസവിച്ചതു്?" അവൾ അതിനെപ്പററി ആലോചിക്കാറുണ്ടോ? അവളോടൊന്നു ചോദിച്ചാലെന്തു്? പാടില്ല. അവൾക്കു വിഷമം തോന്നും. ഡാക്ടരോട് ആലോചിച്ചാലോ? ആലോചിക്കണം.......അവൾ കിടക്കയിൽ ഒന്നു തിരിഞ്ഞുകിടക്കും. ചലനം! അതയാളെ ഓർമ്മപ്പെടുത്തും അവൾ അടുത്തു കിടക്കുന്നുണ്ടെന്നു്. ഓർക്കാതെ അയാൾ ചോദിച്ചുപോകും: "സരോജിനീ, നീ എന്തോന്നാ ആലോചിക്കുന്നേ?"

അവൾ പറയും: "ഞാനൊന്നും ആലോചിക്കുവല്ല."

ആ കരം തൊടുമ്പോഴെല്ലാം അവളുടെ മാറു ഘരവിച്ചുപോകും. ആ ഗാത്രം സ്പശിക്കുമ്പോൾ, ആ ശബ്ദം കേൾക്കുമ്പോൾ, ആ രൂപം കാണുമ്പോൾ എല്ലാം ആ ഭാര്യയുടെ ഹൃദയം മരവിച്ചുപോകും. ഒരു ഭീതി അവളിലുദിക്കും—ദുസ്സഹമായ ഒരു ഭീതി. ഹൃദ

യങ്ങളെ തമ്മിലിണക്കുന്ന പരസ്പരവിശ്വാസമല്ല; വ്യസനാർദ്രമായ ഒരു അവിശ്വാസം; അവളുടെ ഉപബോധമനസ്സിലായിരിക്കണം—എന്തോ ഒന്ന് ഒന്ന് പുളയും. ആ ഭീതി മന്ത്രിക്കും: 'അരുതു്. മാറിനില്ക്കു്. നാലാമതൊരു ചാപിള്ളകൂടിയോ?'—മൂന്നു ചാപിള്ളകളുടെ പിതാവു്! അതാണു് ആ ഭർത്താവു്.........ആ ഭവനത്തിലെ മൂകത!

* * * *

അന്നു രാത്രി—ചലനരഹിതമായ ആ അന്തരീക്ഷത്തിൽ സംഭവത്തിൻെറ ഒരു ബാംബു പൊട്ടി. പൊട്ടുന്നനെ ആ കട്ടിലൊന്നു കരഞ്ഞു, ഒന്നു കുലുങ്ങി, ഒരു നിലവിളിയോടുകൂടി അവൾ ചാടിയെണീററിരുന്നു. "എന്താ, എന്താ," എന്നു ചോദിച്ചുകൊണ്ടു് അവളുടെ ഭർത്താവും. അവളുടെ നിലവിളി ആ രാത്രിയുടെ ഹൃദയത്തെ പിളർന്നുകൊണ്ടു് ഒരു ശരംപോലെ പാഞ്ഞുപോയി... ...... മൂർച്ഛിച്ചുകിടന്ന ആ ഭവനത്തിൽ എല്ലാം ഒന്നു ചലിച്ചു. ഹൃദയങ്ങൾ പെട്ടെന്നടിച്ചു. അവിടെ സംഭവം ഉണ്ടായി! അനങ്ങാൻവയ്യാതെ കിടന്ന നിമേഷങ്ങൾ കട്ടകുമണിപോലെ പൊട്ടിത്തെറിച്ചുപോയി.

ഭർത്താവു ചോദിച്ചു: "എന്താ? സരോജിനീ, എന്താ?" അവൾ മിണ്ടിയില്ല. ആലിലപോലെ അവളുടെ ഗാത്രം വിറച്ചു. വിയർപ്പൊഴുകി. അയാൾ ഒന്നുകൂടി വിളിച്ചുനോക്കി. അവൾ അതു കേട്ടില്ല. അവളുടെ നോട്ടം മുൻഭാഗത്തു ചുവരിൽ ചത്തുനിന്ന ആ നാഴികമണിമേലാണെന്നു് അയാൾക്കു തോന്നി. ആ നോട്ടം അയാൾക്കു പരിചിതമാണു്. മുമ്പോട്ടു്, നാഴികമണിയിലേക്കല്ല, ശൂന്യതയിലേയ്ക്കു നോക്കി അവൾ ചലനരഹിതയായി ഇരിക്കുന്നതു് അയാൾ കണ്ടിട്ടുണ്ടു്. അപ്പോഴെല്ലാം എന്തോ അയാൾ ഞെട്ടിപ്പോയിട്ടുണ്ടു്. എന്നാൽ ഇപ്പോൾ—ഈ രാത്രിയിൽ—ഈ നിലവിളിക്കുശേഷം—ഇത്ര അപ്രതീക്ഷിതമായി—അയാൾ പേടിച്ചു

പോയി. ആ നോട്ടത്തിൻെറ തീക്ഷ്ണത! അയാൾക്കതു നോക്കി ക്കൊണ്ടിരിക്കുക അസാദ്ധ്യമെന്നു തോന്നി. അയാൾ പിന്നെ വിളിച്ചില്ല. ശബ്ദിച്ചാൽ— ഒററശബ്ദം പൊട്ടിത്തെറിച്ച് ആ നിശ്ശബ്ദതയുടെ കട്ടംതറയിൽ വീണാൽമതി—സകലതും—എന്തെല്ലാമാണെന്നയാൾക്കു നിശ്ചയമില്ല—സകലതും തകൻ നശിച്ചു പോകുമെന്ന് അയാൾ പേടിച്ചു. പേടി! നിശ്ശബ്ദത! അവളിൽ നിന്നു്, ആ പേടിയിൽനിന്നു്, ആ നിശ്ശബ്ദതയിൽനിന്നു്, ഒന്നു രക്ഷപ്പെടാൻ—തിരിഞ്ഞുനോക്കാൻ അയാൾ ശ്രമിച്ചു. സാധിക്കയില്ല. പിടലി അനങ്ങുകയില്ല എന്തെങ്കിലും ഒന്നു ചിന്തിക്കാൻ സാധിച്ചെങ്കിൽ! എല്ലാം മറക്കാൻവേണ്ടി—ഒന്നു ചിന്തിക്കാൻ—ആ നാഴികമണി സ്ഥാപിക്കപ്പെട്ടിട്ട് എത്ര വഷങ്ങളാകും? യുഗങ്ങളായിരിക്കും. ആക്കറിയാം. അവളിരുന്നു വിറയ്ക്കുകയാണ്...ആ മണിക്കുചുററും ചിലന്തി വലകെട്ടിപ്പോയി. രണ്ടുമൂന്നുദിവസമല്ലേ ആയുള്ളു അതിൻെറ നാക്കു് 'ടിക് ടിക്' എന്നു അടിച്ചുകൊണ്ടിരുന്നിട്ടു്? പിന്നത്തു് തളന്നു തളന്നുവന്നു്, "ണങ്ങ് ണങ്ങ്" എന്നായി. ഇപ്പോൾ അതു ചത്തുനില്ക്കയാണ്. അതെന്ന ചത്തു?....ആ പ്രശ്നം അയാളെ കുഴച്ചു. അതെന്നു ചത്തു? ഈശ്വരാ! ഇതെന്തു കുഴഞ്ഞ പ്രശ്നം? ആരും ഒരു ഉത്തരം പറയുന്നില്ലല്ലോ. ആ മണി എന്നു്—

കട്ടിലൊന്നുകൂടി കരഞ്ഞു. ഒന്നുകൂടി കുലുങ്ങി. അവൾ വീണ്ടും കിടക്കയിലേക്കു വീണു. കമഴ്ന്നുകിടന്ന് അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. അയാൾക്കു വീണ്ടും ബുദ്ധി തെളിഞ്ഞു. അയാൾ അവളെ സ്നേഹിക്കുന്നുണ്ടു്. ആത്മാത്ഥമായി സ്നേഹിക്കുന്നുണ്ടു്. പക്ഷേ, അയാൾ എന്തുചെയ്യും? "സരോജിനീ! നീ എന്തിനു കരയുന്നു?" എന്നൊരു ഭത്താവിനു ചോദിച്ചുകൂടെ? അവളെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചുകൂടെ? അയാൾക്കു വയ്യ. മുമ്പു തന്നെ, അവ്യക്തമായെങ്കിലും അയാൾക്കറിയാമായിരുന്നു, അവളുടെ സാന്ത്വനം അയാളിലല്ല എന്നു്. അങ്ങനെ ഒരു

ബന്ധം അവർതമ്മിൽ നിലനിന്നിരുന്നില്ല. ഇതേവരെ അവർ പൊതിയാൻ നോക്കി. അത്യുല്ക്കടമായ ഈ പരീക്ഷണഘട്ടത്തിൽ ആ പരമാർത്ഥത്തിൻെറ ക്രൂരത തെളിഞ്ഞുപോയി. ആ ബന്ധം— ആ ഹൃദയവേഴ്ച—മററാരോ ആയാണ് അവൾ സ്ഥാപിച്ചുപോയത്. അവളുടെ മാറ് ആദ്യമായറിഞ്ഞ ചൂട്—മററാരുടേതോ ആയിരുന്നു വിടർന്നുവന്ന യൗവ്വനത്തിൽ ലജ്ജയിൽ പൊതിഞ്ഞ മാധുര്യമായി അവൾ മററാർക്കോ സ്വയം സമർപ്പിതയായിരുന്നു. മകളുടെ ജീവിതം ആദരിക്കാൻ പഠിച്ച ആ ഏകസത്യത്തെ പിതാക്കളുടെ പ്രായോഗികബുദ്ധി നിഷേധിച്ചുകളഞ്ഞു. അതിനെപ്പററിയെല്ലാം അയാളും കേൾക്കാതിരുന്നിട്ടില്ല. ചിലപ്പോഴൊക്കെ ആലോചിച്ചിട്ടുമുണ്ട്.... പക്ഷേ—അവൾ അയാൾക്കു വഴങ്ങിക്കൊടുത്തിരുന്നല്ലോ? അയാൾ നേരമ്പോക്കു പറയുമ്പോൾ പുഞ്ചിരിച്ചിരുന്നല്ലോ?—അങ്ങനൊക്കെ. അതെന്താണ്? അയാൾ പിന്നെയും ആലോചിച്ചു. ഒരിക്കൽപോലും ഹൃദയംഗമമായി അവൾ ഒന്നു പൊട്ടിച്ചിരിച്ചിട്ടുണ്ടോ? എന്തെങ്കിലും ഒരാവശ്യം പറഞ്ഞ് നിർബന്ധിച്ചിട്ടുണ്ടോ?........അവരുടെ വേഴ്ചയിൽ അങ്ങനെ ഒന്നും ഉണ്ടായിട്ടില്ല. പിന്നെ ഉണ്ടായത്—മൂന്നു ചാപിള്ളകൾ..........

ശബ്ദമുണ്ടാക്കാതെ യാമങ്ങൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അയാൾ ആ ഇരിപ്പിൽ ഇരുന്നു മരവിച്ചുപോയി. ജനാലപ്പഴുതിലൂടെ വിളറിയ രാത്രിയുടെ നെടുനിശ്വാസങ്ങൾ അകത്തു കടന്നു—വെളുപ്പാൻകാലത്തിൻെറ കാററടിച്ച് ഇലകൾ ചലിച്ചു. ക്രോ ക്രോ എന്നു പരുഷമായി ആക്രോശിച്ചുകൊണ്ട് കാക്കകൾ പറന്നുപോയി. അയാൾ വെളിച്ചേറിനേയും സഞ്ചയനത്തേയും പററി ആലോചിച്ചു. അടുത്തവീട്ടിൽ ഒരു എരുമ ശബ്ദിച്ചു. അയാൾ ഒന്നു ഞെട്ടി. അവൾ കിടക്കയാണ്. ഉറങ്ങുകയായിരിക്കാം. എന്തൊരു ജീവിതം! അയാളുടെ കണ്ണിൽ നീരുനിറഞ്ഞു. അവളെ വിളിച്ചുണർത്തി, ക്ഷമായാചനം ചെയ്യണമെന്ന് അയാൾക്കു തോന്നി. "സരോജിനി! ഞാൻ അറിഞ്ഞില്ല. അതൊന്നും

എനിക്കു് അറിഞ്ഞുകൂടായിരുന്നു. ക്ഷമിക്കൂ." പക്ഷേ അയാളുടെ നാവു് അനങ്ങിയില്ല. അവളെ തൊടാൻ അയാളുടെ കൈ പൊങ്ങിയില്ല. അവളുടെ പ്രഥമചുംബനത്തിന്റേയും പ്രേമസാമ്രാജ്യത്തിന്റേയും അവകാശി ജീവിച്ചിരുന്നെങ്കിൽ, ലോകത്തിന്റെ ഏതു കോണിൽ നിന്നെങ്കിലും അയാളെ തേടിപ്പിടിച്ചു് അവളെ ഏല്പിക്കാൻ അയാൾ മടിക്കുകയില്ലായിരുന്നു പക്ഷെ, അതും അയാളോടു് ആരോ പറഞ്ഞു—ആ യുവാവു് മൺമറഞ്ഞുപോയിരുന്നു.

"തെററു്, തെററു്," ആ ഭർത്താവു് പിറുപിറുത്തു. സാവധാനം എണീററു് അയാൾ വെളിയിലിറങ്ങി പ്രകൃതി, തണുത്ത കൈകൊണ്ടു് മുഖത്തടിച്ചതുപോലെ ശക്തികൂടിയ ആ തണുത്ത കാററു് അയാൾക്കനുഭവപ്പെട്ടു. നേരം പുലർന്നുകഴിഞ്ഞു! അയാൾ ആ മുററത്തുതന്നെ നിന്നു. ചേരേണ്ടാത്ത ജീവിതങ്ങളെ കൂട്ടിച്ചേർത്തു. ലയിക്കുന്നതിനുപകരം അവ അകന്നുമാറി; തുറിച്ചുനോക്കി; പാപികളെ പ്രസവിച്ചു. ആരുടേതാണു് തെററു്?.......

"ഏമാനൻ കുളിക്കുന്നില്ലേ?"

"ഇല്ല"

ചങ്കരൻ തിരിഞ്ഞുനടന്നു.

"ചങ്കരാ!" അയാൾ പതുക്കെ വിളിച്ചു.

"കൊച്ചമ്മ ഒണർന്നോ?"

"ഇല്ല."

"അ, ഒണരത്തണ്ടാ."

*   *   *   *   *

കച്ചേരിയിൽ അയാളെ എല്ലാവരും ഒന്നു തുറിച്ചുനോക്കി. ആരോ ചോദിച്ചു: "സുഖമില്ലേ മിസ്റ്റർ?"

"ഇല്ല."

അയാൾ അന്ന് എന്തെല്ലാം എഴുതിക്കൂട്ടി? അബദ്ധങ്ങൾ, എല്ലാം അബദ്ധങ്ങൾ. "തെററ് തെററ് എല്ലാം തെററ്" പിറു പിറുത്തുകൊണ്ട് അയാൾ എഴുത്തു നിൎത്തി. അടുത്തിരുന്നയാൾ പറഞ്ഞു: "മിസ്റ്റർ നിങ്ങളുടെ സെർവൻറ് വന്നുനില്ക്കുന്നു."

ഒരു വാക്കുപോലും ചോദിച്ചില്ല. അയാൾ ഇറങ്ങിനടന്നു. പൊട്ടനാനെ അയാളുടെ പ്രജ്ഞ മന്ദിച്ചുപോയി. പരിചിതമായ വഴിയേ പോകുന്ന വിശേഷബുദ്ധിയില്ലാത്ത മൃഗത്തെപ്പോലെ അയാൾ നടന്നു വീട്ടിലെത്തി. അവിടെ ആരോ അയലുകാർ നില്ക്കുന്നുണ്ട്. ഡാക്ടർക്ക് ആളുപോയിപോലും. അയാൾ അകത്തു കടന്നു.

അവരുടെ ആ മഞ്ചത്തിൽ നീണ്ടുനിവൎന്നവൾ കിടക്കയാണ്—സരോജിനി. യുവതി; സുന്ദരി; സുശീല—അയാളുടെ ഭാൎയ്യ—മൂന്നു ചാപിള്ളകളുടെ മാതാവ്. യാതൊരു ചലനവുമില്ല. "ഒരുതരം പരാലസിസാണ്"—ഒരാൾ മന്ത്രിച്ചു. "കഷ്ടം"—മറെറാരാൾ ഉത്തരംപറഞ്ഞു. എല്ലാം രഹസ്യം. ആളുകൾ ഓരോരുത്തരായി പിരിഞ്ഞു. ആ ഭവനവും അതിലെ ദമ്പതികളും അവരെ ചുററിയ മൂകതയുംമാത്രം അവശേഷിച്ചു

അതാ അവിടെ ആ കട്ടിലിൽ കിടക്കുന്നു ഒരു കത്ത്—"ഭൎത്താവേ, ഇന്നലെ ഞാനെൻെറ കുഞ്ഞുങ്ങളെ കണ്ടു. മൂന്നുപേരേയും അവരുടെ അച്ഛനേയും—ഇളയതിനെ അദ്ദേഹം ഇളിയിൽ വച്ചിരുന്നു. അവനെ അദ്ദേഹത്തിന് വലിയ കാൎയ്യമാണ്. എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം മൂത്തതിനോടു പറയുന്നു, "മകനേ, നിൻെറ അമ്മ അതാ. വിളി. വരാൻപറ." ആ എഴുത്ത് അത്രമാത്രമേ ഉണ്ടായിരുന്നുള്ളു.......

അവളുടെ കണ്ണുകൾ ആ നാഴികമണിമേൽ നിക്ഷിപ്തമായിരുന്നു. എന്തൊരു നോട്ടം! പക്ഷേ, അയാൾക്കതു പരിചിതമാണ്. മുമ്പോട്ട്, ശൂന്യതയിലേക്ക് അവൾ നോക്കാറുള്ള ആ നോട്ടം. എല്ലാം പരിചിതമാണ്. പൊടിയണിഞ്ഞ ആ മുറി; ഓടാത്ത

ആ മണി; ആ മഞ്ചം; അവരം; ആ നോട്ടം—എല്ലാം പരിചിതമാണു്. അയാരം പൊട്ടന്നനേ ചോദിച്ചുപോയി. "സരോജിനീ, നീ എന്തുവാ ആലോചിക്കുന്നേ?"

അയാരം ഒന്നു ഞെട്ടി. എന്തൊരു ചോദ്യം? ആ ഭീകരമൂകത ഹൃദയമില്ലാത്ത, ക്രൂരമായ, അസഹ്യമായ ആ മൂകത! ആ നോട്ടം! ആ ഭയം! ആരെങ്കിലും ഒന്നു മിണ്ടിയെങ്കിൽ! ഒരു പിശാചെങ്കിലും ഒന്നു് അട്ടഹസിച്ചെങ്കിൽ! അയ്യോ—ആ നിശ്ശബ്ദത—അയാരം മരവിച്ചുപോയി. അനങ്ങാൻ സാധിക്കുന്നില്ല. അഭയം! അഭയം! എന്തെങ്കിലും ഒരു ശബ്ദം!........ഒടുവിൽ സകല ശക്തികളും കേന്ദ്രീകരിച്ചു് ഒരു ശബ്ദം അയാരം പുറപ്പെടുവിച്ചു—ആ മൂകതയിൽ നിന്നു രക്ഷപെടാൻ—ഒരു വിളി—ഒരലർച്ച:—"എടാ ചങ്കരാ!—"

'നിശ്ശബ്ദത. ആരുമില്ല. ആ ഭവനവും അതിന്റെ മൂകതയുംമാത്രം. അയാരം മൂർച്ഛിച്ചു താഴെക്കു മറിഞ്ഞു.

# അനുഭവങ്ങൾ

ഒരുവൾ! ഒരുവൾമാത്രം ഇതു വായിച്ചാൽ മതി. അതു് പക്ഷെ അവൾ ആയിരിക്കണം. അജ്ഞാതയായ ആ കാമിനി! ഹാ! എങ്കിൽ—ഏതോ പരമമായ ഒരു സത്യത്തിൽ ഒരു ശിശുവിൻെറ വിശ്വാസത്തോടെ പററിപ്പിടിച്ച ഒരാളിൻെറ ഏകാഭിലാഷം സാധിച്ചുവെന്ന കൃതകൃത്യത ഈ തൂലികയ്ക്കുണ്ടാകുമായിരുന്നു.

നിരത്തിനരികിലാണു് ആ അനാഥപ്രേതം കിടന്നതു്. രണ്ടു ദിവസമായി അതവിടെ കിടക്കയാണു്. തുലാവർഷം പെയ്ത വെള്ളം നിരത്തിൻെറ ചുവപ്പണിഞ്ഞു്, അതിൻെറ നാലുവശവും കൂടെ ഒഴുകിപ്പോയി—ഹൃദയരക്തംപോലെ. ഒടുവിൽ അധികാരി അറിഞ്ഞു. രണ്ടു പറയന്മാൎക്കു കള്ളുവാങ്ങിക്കൊടുത്തു. അവർ മൂക്കുപൊത്തിക്കൊണ്ടു് ഓടയിൽനിന്നു് ആ പ്രേതത്തെ നിരത്തിലാക്കി

ഒരു യാചകനാണു്. മുട്ടുമുതൽ കീഴോട്ടു ധാരാളം വച്ചുകെട്ടുണ്ടു്. ജടയും മുടിയും വളൎന്നു്, പട്ടിണികൊണ്ടു ക്ഷീണിച്ചു്, അഴുക്കുത്തുണികൾ മൂടിയ ഒരു ബീഭത്സസത്വം. ആരും ഒന്നറച്ചുപോകും. ചെറുപ്പമാണു്. ഒരു മുപ്പത്തഞ്ചിൽ കവിയുകയില്ല. ശവം നേരെയിട്ടപ്പോൾ മുഖം ഞാൻ കണ്ടു. കണ്ണടച്ചിരുന്നു. എന്തൊരു ശാന്തതയാണു് ആ മുഖത്തു്! മററുള്ളവരെ അസ്വാസ്ഥ്യരാ

ക്കുന്ന ഒരു ശാന്തത. അങ്ങനെ ഒന്നു പ്രതീക്ഷിച്ചില്ല. അറിയാതെ ഒരടി ഞാൻ മുമ്പോട്ടുവച്ചുപോയി. വാട തട്ടത്തിട്ടം ഞാനവിടെ നിന്നുപോയി. ആ മുഖം! മരണത്തെ അതു് ആസ്വദിച്ചിരുന്നതുപോലെ തോന്നി. ആ മുഖത്തിൻെറ ഭാവം! എന്നെ അതു് വല്ലാതെ ആകർഷിച്ചു. അതിനൊരു സന്ദേശമുണ്ടെന്നു തോന്നി. ഏതോ പറയാതെ ഒളിക്കുന്നുണ്ടെന്നു തോന്നി. ഒരു രഹസ്യം. ഒരു വിജയത്തിൻെറ രഹസ്യം. ഒരു രഹസ്യമായ വിജയം—അതിനെല്ലാം ഏതോ ഒരു വ്യാഖ്യാനമുണ്ടു്, നിശ്ചയം. എന്തായിരിക്കും, അതു്, എന്തായിരിക്കും? അതാണു ഞാൻ സ്വയം ചോദിച്ചുകൊണ്ടു നിന്നുപോയതു്.

ഒരാൾ പറഞ്ഞു: "വരൂ, പോകാം. വാട!" ഞാനനങ്ങിയില്ല. അനങ്ങാൻ തോന്നിയില്ല. പറയന്മാർ ഓലമടലുകൊണ്ടു് ഒരു മഞ്ചം ചമച്ചുവച്ചു. ഒരു തുമ്പകൊണ്ടു് ആ നാറുന്ന ശരീരം നീക്കി അതിന്മേലാക്കി ബന്ധിച്ചു. ഒരററം ഒരാൾ എടുത്തു് ഒന്നു പൊക്കിനോക്കി. "നല്ലീടാ, തമ്പ്രാൻ"—അവൻ വിനോദം പറഞ്ഞു. എല്ലാവരും മെല്ലെ ഒന്നു ചിരിച്ചു. പെട്ടെന്നു് ആ മൃതശരീരത്തിൻെറ മാറിൽനിന്നു് എന്തോ ഒന്നു നിലംപതിച്ചു. ജിജ്ഞാസയോടെ വാഹകന്മാരിൽ ഒരുവൻ അതു പെറുക്കിയെടുത്തു. ഒരു തുകൽപണസഞ്ചി. തെണ്ടിയുടെ സമ്പാദ്യം! അതു കാണാൻ എല്ലാവരും അടുത്തുകൂടി. ആരെയും വാട തട്ടത്തില്ല. "ഇങ്ങു തരിൻ." അധികാരിയദ്ദേഹം ഗർജ്ജിച്ചു. മണിപെഴ്സ് സാദരം സമർപ്പിക്കപ്പെട്ടു. "ഇതു സക്കാരിലേക്കുള്ളതാണു്." തെണ്ടിയുടെ മുതലിനു് "സക്കാർ" അവകാശവാദം പുറപ്പെടുവിച്ചു. മററു് ഒരു തെണ്ടിക്കും അതിലവകാശമില്ല; അവൻ ജീവിച്ചിരുന്നപ്പോൾ അവനെ അവകാശപ്പെടാൻ ഒരു തെണ്ടിയും ഇല്ലായിരുന്നു മരിച്ചപ്പോൾ രണ്ടുദിവസം പഴക്കംചെന്ന അവൻെറ പ്രേതം മറവു ചെയ്യാൻവന്ന "സക്കാർ" തന്നെയാണു്, ആ യാചകൻെറ എഴുതാത്ത വിൽപ്പത്രത്തിലെ അവകാശി. നടക്കട്ടെ.

അധികാരി പേഴ്സ് ഒന്നു കുലുക്കിനോക്കി. ഒന്നും കുലുങ്ങിയില്ല. ആകാംക്ഷയോടെ അതൊന്നു തുറന്നുനോക്കി. നാലു കാശുപോലുമതിലില്ല. അധികാരിയുടെ നിരാശ! അനാഥപ്രേതങ്ങളെ, മുതലെടുപ്പുള്ള ഡിപ്പാർട്ടുമെൻറുകളുടെ കൂട്ടത്തിൽ യാതൊരു ഗവണ്മെൻറും ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും അധികാരി നിരാശപ്പെടുകതന്നെ ചെയ്തു. ആ പണസഞ്ചിയിലുണ്ടായിരുന്നതു് കുറെ കടലാസു മാത്രമായിരുന്നു.

നിവർത്തുനോക്കിയപ്പോൾ അതൊരു എഴുത്തായിരുന്നു. ആർക്കെന്നില്ല. ആരെഴുതിയെന്നില്ല. സ്ഥലവും തീയതിയുമില്ല. "നല്ല കൈപ്പട" ഒരാൾ അഭിപ്രായപ്പെട്ടു. ആ കത്തു്. ഇങ്ങനെ തുടങ്ങി:

"പ്രിയപ്പെട്ടവളേ, (ഞങ്ങൾ സ്തംഭിച്ചു നിന്നുപോയി)

നീ ക്ഷമിക്കണേ. ഒരുവേള അക്കഴിഞ്ഞതെല്ലാം മറക്കാനും മറവിയുടെ പുറത്തു് കെട്ടിപ്പടുത്ത ഒരു സുഖജീവിതത്തിൽ സുഖിക്കാനും നീ ഇതിനകം ശീലിച്ചുകാണും. അതെ, അങ്ങനെ ആയിരിക്കും. അല്ലെങ്കിൽ നിനക്കെങ്ങനെ ജീവിക്കാൻ സാധിക്കുന്നു?... അങ്ങനെയാണെങ്കിൽ, പ്രിയപ്പെട്ടവളേ, നീ തെററിദ്ധരിക്കരുതേ. നിൻെറ വിസ്മൃതിയുടെ മിനുത്ത ശിലയിൽ എൻെറ ഭൂതകാലസ്മരണകളുടെ ചിരട്ടയിട്ടുരച്ചു് ശബ്ദമുണ്ടാക്കാനല്ല ഞാനിതെഴുതുന്നതു്. ഈശ്വരനറിയാം, നിന്നെ വേദനപ്പെടുത്തുന്നതിനേക്കാൾ കൂടുതൽ മരണം വരിക്കുന്നതാണു് എനിക്കിഷ്ടമെന്നു്. അതു പറഞ്ഞപ്പോഴാണു് ഓർക്കുന്നതു്—നിനക്കറിയാം ഞാൻ ഈശ്വരവിശ്വാസിയല്ലെന്നു്. ഞാൻ വിശ്വസിച്ച ഏക സത്യം നിൻെറ പ്രേമമാണു്. ഇന്നത്തെ നീ എന്നെ ഓർക്കാതിരിക്കാൻ ശ്രമിക്കയാവാം. നാളത്തെ നീ എന്നെ മറന്നേക്കാം. പക്ഷേ—അന്നത്തെ നീ എന്നെ സ്നേഹിച്ചിരുന്നു. എൻെറ ഇന്നത്തെ ജീവിതത്തിൻെറ കൂരിരുൾപ്പരപ്പിൽ പ്രകാശത്തിൻെറ ഒരു ദീപ പോലെ വർത്തിക്കുന്ന ആ സാന്ത്വനം—ആ സ്നേഹമാണു്.

പ്രിയപ്പെട്ടവളേ, നിനക്കിതു മനസ്സിലാകുമോ?—എൻെറ അനന്തത്തെ നീ എനിക്കിന്നു ഭൗമമായ യാതൊന്നുമല്ല, സ്വർഗ്ഗീയമായ ഒരുത്കൃഷ്ടതയാണ്. നൈമിഷികമായ ഒരു വിശിഷ്ടാനുഭൂതി. അതു നീണ്ടുനിന്നെങ്കിൽ—

ഞാനാരോടും പ്രാർത്ഥിച്ചിട്ടില്ല. പാവപ്പെട്ട മനുഷ്യൻെറ എളിയ പരാതികളുമായി വലിയവരെ സമീപിക്കുന്നതു് ശരിയാണോ? ഞാൻ ദൈവത്തോടു പറഞ്ഞിട്ടില്ല, എനിക്കുവേണ്ടി ഒന്നിടപെടണമെന്നു്. എല്ലാമറിയുമെങ്കിൽ എന്നെയും എൻെറ വേദനയുമറിയും. കരുണാനിധിയാണോ് ആ കാരുണ്യപ്രവാഹം എന്നെയും കഴുകാതിരിക്കയില്ലല്ലോ. ദാഹിച്ചുചെന്നാലും കടലിൻെറ മുമ്പിൽ ഞാൻ അക്കാര്യം മറന്നുപോകും ...... അമ്പരന്നു്, ഞാൻ വെള്ളമിരക്കാൻ മറന്നുപോകും. ഞാൻ പിന്നെ എങ്ങനെ പ്രാർത്ഥിക്കും? ഞാൻ നിന്നോടു യാചിച്ചു. നീ തന്നു. തന്നുകൊള്ളാമെന്നു് ഏററു. ഞാൻ വിശ്വസിച്ചു. പക്ഷേ—നീ ഇന്നില്ല. പ്രിയപ്പെട്ടവളെ, നീ വേദനിക്കരുതു്. നീ ഒരു തെററും ചെയ്തില്ല. വിധി; കാലം; ചുററുപാടുകൾ—എന്തുവേണമെങ്കിലും ആയിക്കൊള്ളട്ടെ. നിനക്കു കുററം ഞാൻ പറകയില്ല. നീ വേദനിക്കരുതേ.

ഇതെല്ലാം ഞാൻ എഴുതിവയ്ക്കുകയാണു്. ഞാൻ ചെയ്യുന്നതു് ശരിയാണോ എന്നു ഞാൻ തലപുകഞ്ഞു ചിന്തിച്ചിട്ടുണ്ടു്. എനിക്കു് ഇതെഴുതാതിരിക്കാൻ സാധിക്കയില്ല. നിൻെറ പേരിൽ കളങ്കം കലർത്തുന്ന ഒരു രേഖയല്ല ഇതു്. നിൻെറ പേരുപോലും ഇതിൽ ഇല്ല. എന്നിൽനിന്നു് എന്നെന്നേക്കുമായി നീ അകന്നതിൽപിന്നീട്ടുള്ള എൻെറ ജീവിതചരിത്രത്തിൻെറ സംക്ഷേപമാണു് ഇതു്. എന്നെങ്കിലും ഒരിക്കൽ—ഒരുവേള ജീവിതത്തിൻെറ സായംസന്ധ്യയിൽ, നരച്ചമുടി ഒതുക്കിവച്ചു്, സ്വർണ്ണരുദ്രാക്ഷമാലയണിഞ്ഞു്, യശസ്വികളായ മക്കളുടെ പ്രതാപത്തിൽ അകം കുളുർത്തു്, നീ അങ്ങനെ കഴിയുന്ന ആ ജീവിതത്തിൻെറ

വിശ്രമവേളയിൽ—ഒടുവിലത്തെ കാക്കയും കരഞ്ഞുകൊണ്ടകലെ മറഞ്ഞ നിശ്ശബ്ദതയിൽ, തളൻ പകൽ രാവിന്റെ മടിയിൽ മൂർച്ഛിച്ചു കിടക്കുമ്പോൾ—വിശ്വം മുഴുവൻ പ്രതീക്ഷാപൂർവ്വം ശ്വാസമടക്കി നില്ക്കുന്ന ആ സാന്ധ്യനിശ്ശബ്ദതയിൽ—പൊട്ടുന്നനേ—ഒരു നെട്ടുവീർപ്പോടെ നീ ഒന്നു് ഓർത്തുപോയേക്കാം: "ഹാ അദ്ദേഹം! ഇപ്പോൾ എത്ര വർഷമായി? അമ്പതു്! അമ്പത്തഞ്ചു്!.... കഷ്ടം!...... എന്തുണ്ടായി പിന്നെ?" അന്നു നിന്റെ ഹൃദയം അങ്ങനെ വ്യാകുലപ്പെടരുതു്. ഞാൻ ഇതെഴുതുന്നതതിനാണു്.

എന്റെ മരണത്തോടുകൂടി മാത്രമേ ഈ കുറിപ്പു് അവസാനിക്കാനിടയുള്ളു. അതുവരെ ഇതു പൂർണ്ണമാകയില്ല. അതുവരെ ഞാൻ നിനക്കയയ്ക്കുകയുമില്ല. പിന്നീടു് എങ്ങനെയെന്നാണോ? യാതൊരു കാരുണ്യത്തിനും ഇന്നുവരെ യാചിച്ചിട്ടില്ലാത്തവനല്ലേ, ഞാൻ? യാതൊരു കാരുണ്യവും ആരിൽനിന്നും പ്രതീക്ഷിക്കാതിരുന്നവനല്ലേ, ഞാൻ? ഈ വിശ്വഘടനയിലോ അതിനപ്പുറമോ ഉള്ള അജ്ഞേയമായ ഒരു സത്യമുണ്ടു്. ഞാനതിൽ വിശ്വസിക്കുന്നു. ഒരതിന്റെ കാരുണ്യത്തിൽ വിശ്വസിക്കുന്നു—എന്റെ കണ്ണടഞ്ഞുകഴിയുമ്പോൾ ഈ വരികൾ, എന്റെ പ്രിയപ്പെട്ടവളുടെ കണ്ണുപുടങ്ങളിലെത്തിക്കാൻ ജീവിതത്തിന്റെ പവനും വെളിച്ചവും നിഷേധിക്കപ്പെട്ടവനു് ഈ ഒരു ചെമ്പുതുട്ടിനെങ്കിലും ന്യായമായി അവകാശപ്പെട്ടുകൂടേ? ഞാനെന്നു മരിക്കും? എങ്ങനെ മരിക്കും? ആർക്കറിയാം? പക്ഷേ ഒരു കാര്യമെനിക്കു നിശ്ചയമാണു്. ഈ കത്തു് നിനക്കു കിട്ടും. പ്രിയപ്പെട്ടവളേ, നീ ഇതറിയും.

ഇന്നു ഞാനൊരു സഞ്ചാരിയാണു്. യാചകനെന്നു പറഞ്ഞുകൂടാ. ഞാൻ നാക്കെടുത്തു് ആരോടും ഒന്നും ചോദിക്കാറില്ല. ആറുകൊല്ലം മുമ്പു് ഞാൻ ഉടുത്തുകൊണ്ടിറങ്ങിയ മുണ്ടിന്റെ അവശിഷ്ടങ്ങൾതന്നെയാണു് ഇന്നും എന്റെ വ്രണമണിഞ്ഞ ശരീരത്തിൽ പററിപ്പിടിച്ചിരിക്കുന്നതു്. ഇതിൽകൂടുതൽ ഞാൻ എന്തൊ

വർണ്ണിച്ചാൽ എൻെറ ദുർഗ്ഗന്ധം സഹിക്കാൻ നിൻെറ മൂക്കിന് ആകാതെവരും.

വിഭവസമ്പൂർണ്ണമായ എൻെറ ഭവനവും സേവനോൽസുകമായ എൻെറ പരിസരവും എനിക്കു ത്യജിക്കേണ്ടിവന്നു. നിരാശാഭരിതനായി ഞാൻ നാടുവിട്ടിറങ്ങിയതല്ല. ഒരുകാര്യം പരമാർത്ഥമാണ്. ആ പരിചിതരംഗം നിന്നെപ്പററിയുള്ള സ്മരണകളാൽ വാചാലമായിരുന്നു. ഓരോ പുൽത്തുമ്പും ഓരോ മണൽത്തരിയും എൻെറ പാദപാതവേളയിൽ ഉണർന്ന് ഒരായിരം നാവുകളാൽ നിൻെറ പേരുച്ചരിക്കുന്നതായിത്തോന്നി. എത്രവർഷക്കാലത്തെ കഥകൾ—രഹസ്യങ്ങൾ—അവ ഓർക്കുന്നുണ്ടായിരിക്കും? നമ്മുടെ മാനസതന്ത്രികൾ ഒരുമിച്ചുണർന്ന് ഒരേ രാഗം മൂളി. ഒരേ ഒഴുക്കിൽ നമ്മുടെ കളിത്തോണികൾ മുന്നോട്ടുപോയി. അക്കാലങ്ങൾ! പിന്നെ നീ അകന്നുപോയി. എന്നെന്നേക്കുമായി ..... ആ സ്മരണകളിൽനിന്നു രക്ഷപെടാൻ അല്ല ഞാൻ അവിടംവിട്ടതു്. ആ സ്മരണകളല്ലാതെ ലോകത്തിൽ എനിക്ക് മറെറാന്നും ഇല്ലാതാകുവാനാണ്. ലാളനോൽസുകമായ ആ പരിസരം എൻെറ സ്മരണകളുടെ തീവ്രതയ്ക്കു്, അതിൻെറ പവിത്രതയ്ക്കു കുറവുവരുത്തുമെന്ന് ഞാൻ ഭയന്നു. ഞാൻ അവിടംവിട്ടു.

അന്ന്, ആർക്കും ഒരു ശങ്കയ്ക്കിടകൊടുക്കാതെ ഞാൻ വസ്ത്രധാരണംചെയ്തു യാത്രയ്ക്കു് ഒരുങ്ങി. ആ ദിവസം ഏതെന്നറിയാമോ? നിനക്കാദിവസം വിസ്മരിക്കാൻ സാദ്ധ്യമല്ല. ഞാൻ പടിയിറങ്ങിയപ്പോൾ വിദൂരതയിൽനിന്നണയുന്ന നാഗസ്വരത്തിൻെറയും വായ്ക്കുരവകളുടേയും അവ്യക്തശബ്ദം കേൾക്കാമായിരുന്നു. ഒന്നുമറിയാത്ത എൻെറ വാല്യക്കാരൻ പറഞ്ഞു, "എമാന്ന് എറങ്ങാൻ നല്ല സമയമാ. നല്ല ലക്ഷണമാ, നാഗസ്വരവുമൊക്കെ." ആ നാഗസ്വരവും, വായ്ക്കുരവകളുമൊക്കെ എവിടെനിന്നുത്ഭവിച്ചുവെന്നറിയാമോ? ഞാൻ മുഖംതിരിച്ചുകളഞ്ഞു. എൻെറ കണ്ണുനീർ അവനെന്തിനു കാണണം?

പരിചയപരിധി കഴിഞ്ഞു. വസ്ത്രങ്ങൾ മുഷിഞ്ഞു. മുടിവളർന്നു. ആളുകൾ എന്നെ തുറിച്ചുനോക്കിത്തുടങ്ങി. വ്യക്തമായ യാതൊരു പരിപാടിയും എനിക്കില്ലായിരുന്നു. ഞാനങ്ങിനെ അലഞ്ഞുനടന്നു. അന്നൊക്കെ ഞാൻ വിലകൊടുത്തു ഭക്ഷണം കഴിച്ചിരുന്നു. എന്റെ കയ്യിൽ പണമുണ്ടായിരുന്നു. ന്യൂഫ്രഫ്രാ, ഞാനതെന്തിനു കൊണ്ടുപോന്നു? ജീവനോടുള്ള തീരാത്ത കൊതി കൊണ്ടായിരിക്കാം.

കടത്തിണ്ണകളിൽ ഞാൻ രാത്രി കഴിച്ചുകൂട്ടി. പട്ടണത്തിൽ വിളക്കണഞ്ഞാൽ പിന്നൊരു ജീവിതമുണ്ട്; ഇരുട്ടിൽമാത്രമുള്ള ഒരുതരം ഇരുണ്ട ജീവിതം. വ്യഭിചാരത്തിന്റെയും കൊള്ളയുടേയും മദ്യപാനത്തിന്റെയും ജീവിതം. പരിഷ്കാരത്തിന്റെ മറുവശം. ഞാൻ അതു് ആദ്യമായി കാണുകയായിരുന്നു. കയറിക്കിടക്കാൻ ഇടമില്ലാത്തവർ കടത്തിണ്ണകളിൽ തിങ്ങിക്കൂടും. അകത്തു വാസനദ്രവ്യങ്ങൾ വില്ക്കുന്ന കടയുടെ തിണ്ണയിൽ ദാരിദ്ര്യവും, ദുരിതവും, ദുർഗ്ഗന്ധവും തിങ്ങിക്കൂടും. അവരുടെ ഇടയിലും ഉണ്ടു് ചില കക്ഷികളും, വാശിപറച്ചിലും, കയ്യേററങ്ങളും. അവിടെയും ശക്തൻതന്നെ രാജാവു്. അവരുടെ ഭാഷ അവരുടെ ഗാത്രത്തേക്കാൾ മലീമസമാണു്. ഒരു രാത്രി എനിക്കൊരനുഭവമുണ്ടായി. അതോക്കുമ്പോൾ ഞാൻ ആകെ വിറച്ചുപോകുന്നു. പകൽമുഴുവൻ അലഞ്ഞുനടന്നു ഞാൻ ക്ഷീണിച്ചു്, രാത്രിയിൽ ഒരു തിണ്ണയിൽക്കൂടി. ആ തിണ്ണ ഒരു തെണ്ടിക്കവകാശപ്പെട്ടതായിരുന്നു. അങ്ങനെ ഒരു ഏർപ്പാടുണ്ടു്. ഞാനതറിഞ്ഞില്ല. ക്ഷീണംകൊണ്ടു് ഞാൻ ഒന്നു മയങ്ങിപ്പോയി. ചുട്ട രണ്ടടി എന്റെ ദേഹത്തു വീണു. ആരോ എന്നെ ദയവില്ലാതെ ഇട്ടു കുലുക്കുന്നു. ഒരു ശബ്ദം—തകരാറുപററിയ മോട്ടോർഹാണിന്റേതുപോലെ—അസുഖകരമായ ഒരു അനുനാസികം—ഞാൻ ഞെട്ടി കണ്ണുതുറന്നു. ഈശ്വരാ! ഞാൻ എന്താണു കണ്ടതു്? മൂക്കില്ല. രണ്ടു വട്ടക്കണ്ണുകൾ. ജട. ദേഹം മുഴുവൻ നാറുന്ന വ്രണം. ഭയങ്കരനായ ഒരു പിശാചിനെ

പ്പോലെ—ഒരു കഷ്ടരോഗി! "ഹെടാ—ഥിൻെറഥം ഥേടേകഡെ് ഹല്ല്യോ."

പ്രിയപ്പെട്ടവളേ, ഞാൻ ഓടി. ഒരു ഭ്രാന്തനെപ്പോലെ ഓടി. തെണ്ടിപ്പിള്ളേർ കൂക്കുവിളിച്ചു. ഞാൻ ഒരു കുളത്തിൽച്ചെന്നു ചാടി........... അതെൻെറ ആദ്യാനുഭവങ്ങളിലൊന്നാണു്. കഷ്ട കാലംപോലെതന്നെ രാത്രിയും പലതും പഠിപ്പിക്കും. പകലൊ ക്കെ തല പൊക്കിപ്പിടിച്ചുനിന്നു് പ്രൗഢികാട്ടുന്ന ആ പരിഷ്കൃത സൗധങ്ങളുടെ താഴെ—പകലൊക്കെ നിയമസഭകളേയും സർവ്വകലാ ശാലകളേയുംപററിയുള്ള സംഭാഷണംകൊണ്ടു് മുഖരിതമായ താ റിട്ട റോഡിൻെറ ഇരുവശവും—രാത്രി എത്രയെത്ര ബീഭത്സചിത്ര ങ്ങളാണു് കളമിടുന്നതു്? ഒററയായും ഇണചേർന്നും ചില പരിഷ്ക്കാ രികൾ വരും. കടത്തിണ്ണകളുടെ അരികിലേയ്ക്കു് അവർ നീങ്ങും. മറവിൽനിന്നു മധുരമായ താഴ്ന്ന ശ്രുതിയിൽ ചില പേരുകൾ വിളിക്കും. ചിലപ്പോൾ നിശയുടെ നടുവിൽ ബഹളങ്ങൾ ഉത്ഭ വിക്കും. ഒരു രാത്രി ഒരാൾ ഒരു തിണ്ണയിൽച്ചെന്നു് തീക്കുവിളക്കു തെളിച്ചു. പെട്ടെന്നു് ഒരു യാചകസൈന്യം പിടഞ്ഞെണീററു. ചീത്തയും കൂക്കുവിളിയും മുഴങ്ങി. മാന്യൻ ഇരുട്ടിൽ ഓടിമറഞ്ഞു. ഒരു ബാലൻ എന്നോടു പറഞ്ഞു: "കള്ളി അമ്മുവിനെത്തെരക്കി വ ന്നതാ." ഇങ്ങനെയാണു് രാത്രിയിലത്തെ ചരിത്രം—ഇന്നത്തെ പൗരൻ, അഥവാ അവൻെറ സന്തതി, ഇനിയത്തെ പൗരൻ—അ വനാണു്, ആ ഓടിമറഞ്ഞവൻ!

യാചകരുടെ ഈ കൂക്കുവിളിയിൽനിന്നും രോഷപ്രകടനങ്ങ ളിൽനിന്നും ഒഴിവായിട്ടുള്ളവർ ഒരുകൂട്ടർ മാത്രമേയുള്ളു. നീതിപാ ലനത്തിനു നിയുക്തരായ രാത്രീഞ്ചരർ. അവരും ചിലപ്പോൾ കട ത്തിണ്ണയിലേയ്ക്കു നീങ്ങാറുണ്ടു്; അടച്ച മധുരസ്വരത്തിൽ ഓമന പ്പേരുകൾ വിളിക്കാറുണ്ടു്. വീണ്ടും ഇരുട്ടിലേയ്ക്കു മറയാറുണ്ടു്.

ഇരുട്ട്! ഇരുട്ട്! അമ്പോ! ഇരുട്ട കണ്ടെന്റെ ജീവിതം മടുത്തു. ഇരുട്ടാതിരുന്നെങ്കിൽ! സൂര്യനസ്തമിക്കാതിരുന്നെങ്കിൽ! പ്രകാശം! എപ്പോഴും എപ്പോഴും പ്രകാശം!

എന്റെ പട്ടണവാസത്തിനന്തതിയിട്ട സംഭവം പറയാം. എന്റെ ആഹാരത്തിന്റെ പങ്കും, പണവും, ഞാൻ ആവശ്യക്കാക്കു കൊടുത്തുവന്നു. ആദ്യമാദ്യം ഞാൻ പണംചൊല്ലിയാൽ വാങ്ങാൻ ആ യാചകർക്കു മടിയായിരുന്നു. അവരെപ്പോലെ ഒരു വികൃതൻ—കടത്തിണ്ണയിൽ കിടക്കുന്നവൻ—പണം നൽകുക! അവർ എന്നെ സംശയത്തോടെ വീക്ഷിച്ചു. ഒടുവിൽ ഞാനൊരുവക ഭ്രാന്തനാണെന്ന് അവർ തീരുമാനിച്ചു. പണം വാങ്ങിത്തുടങ്ങി. എന്റെ കയ്യിൽ ഇരുപത്തഞ്ചുരൂപാ ശേഷിച്ചു. അന്നു രാത്രിയിൽ—ഞാൻ മയങ്ങാൻ തുടങ്ങുമ്പോഴാണ്—"എണീക്ക് റാസ്കൽ—കള്ള ബെട്ടവാ—ളും" എന്നൊരാജ്ഞ. ഒരു കൈയ്യുപിടിച്ചു വെട്ടിച്ച് എന്നെ ഒരാൾ ഓടയിലേക്കെറിഞ്ഞു. രണ്ടു കാൺസ്റ്റബിൾമാരാണ്. "നിന്നെ അറഷ്ചെയ്തിരിക്കുന്നു—ഇല്ല്യോ അളിയാ" ഒരുവൻ ഇതരനോടു കൂടിയാലോചിച്ചു. രണ്ടാമൻ ശാസിച്ചു, "ഷ്ടാപ്, ഫൂൾ." ഒരു കള്ളുഷാപ്പ് അടുത്തുവന്നാലുള്ള വാടയുണ്ടായിരുന്നു. അവർ എന്നെ അവിടെനിന്നു പിടിച്ചു മാററിനിർത്തി ചോദിച്ചു: "റാസ്കൽ," സത്യംപറ. തീഫ്! എന്തൊണ്ടു കയ്യില്? മോട്ടിച്ചവക? സത്യമെല്ലാമറിഞ്ഞുപോയി. ഇടിച്ചു നിന്റെ വായു വെളിക്കുവിടും. നേരു പറ." ഞാൻ മിണ്ടിയില്ല. അതിനിടയിൽ ഒരാൾ എന്റെ പേഴ്സ് കൈക്കലാക്കി, അതിലുണ്ടായിരുന്നതു കീശയിലുമാക്കി. കൂട്ടുകാരൻ നന്ദിസൂചകമായി എന്റെ മുഖമടക്കി രണ്ടടിയും നൽകി. എനിക്കു ബോധമുണ്ടായപ്പോൾ അവർ മറഞ്ഞുകഴിഞ്ഞിരുന്നു. ആരാണവർ? ആർക്കറിയാം?

പ്രിയപ്പെട്ടവളേ, എന്റെ ശരീരം ആകെ ഒന്നു പുളഞ്ഞു. ഒരു സംഹാരതാണ്ഡവത്തിന് എന്റെ സകലതും അണിനിരന്നു.

ഭീമമായ ഒരു വിദ്വേഷാഗ്നി. ആരെയാണവർ അടിച്ചതു്? ആരെ? എൻെറ കുലീനത, പ്രതാപം, മാന്യത—എല്ലാം അണിനിരന്നു് ഒരു നിമേഷം ഒന്നു മിന്നി. അനന്തരനിമേഷം—ഹാ! ദയനീയമായ ഒരു തളച്ച. കുലീനത! മാന്യത! പ്രതാപം! ഞാൻ എന്തിനീ അയഥാർത്ഥതകൾക്കുവേണ്ടി പടവെട്ടണം? സത്യം എന്തുണ്ടായിരുന്നു എൻെറ ജീവിതത്തിൽ? നീ മാത്രം. അതു. നഷ്ടപ്പെട്ട ഞാൻ - പൊള്ളത്തങ്ങൾക്കുവേണ്ടി പടവെട്ടാൻ ജീവിക്കയോ? കുലീനൻെറ കുടുംബം ഇടിച്ചുനിരത്തി അവനെ നിരത്തിലാക്കു ആരുണ്ടു് പിന്നവനെ കുലീനനെന്നു കൊണ്ടാടാൻ? അവൻ തെണ്ടി, അവൻെറ സഹവാസം അയലത്തെ കുലീനനു് രസിക്കയില്ല! കുലീനത, മാന്യത, പ്രതാപം! പാവങ്ങളെ കബളിപ്പിക്കാൻ സമ്പന്നർ കണ്ടുപിടിച്ച പദങ്ങൾ! ഞാൻ അവയ്ക്കുവേണ്ടി പടവെട്ടണമോ? ആ പ്രതികാരാഗ്നി—പാരമ്പര്യത്തിൻെറ ശക്തി കാണിച്ചു. പക്ഷേ -- പ്രിയപ്പെട്ടവളേ! എൻെറ ജീവിതമറിഞ്ഞ ഏകയാഥാർത്ഥ്യമായ നിനക്കുവേണ്ടി ഒരു വിരൽപോലുമിളക്കാൻ കഴിയാത്ത ഞാൻ—കുലീനതയ്ക്കും മാന്യതയ്ക്കുംവേണ്ടി—പൊള്ളത്തങ്ങൾക്കുവേണ്ടി—പടവെട്ടുകയോ? നിൻെറ സത്യത്തെ അതു് നിഷേധിക്കയായിരിക്കും. ആ രാത്രി ഞാൻ പട്ടണംവിട്ടു.

അനുഭവങ്ങൾ! എന്തെല്ലാം എന്തെല്ലാം അനുഭവങ്ങൾ!

ഗ്രാമത്തിനു് ഒരു ശാന്തതയുണ്ടു്. താറിട്ട നിരത്തും മാളികകളുമില്ല. പക്ഷേ, ഐശ്വര്യമുണ്ടു്. ആളുകൾ നിയമസഭകളെപ്പററിയും സർവ്വകലാശാലകളെപ്പററിയുമല്ല സംസാരിക്കുന്നതു്. പക്ഷേ ആളുകൾക്കു് ആത്മാർത്ഥതയുണ്ടു്. നമ്മുടെ ഭരണക്കൂടങ്ങളുടെ എല്ലാം ശ്രദ്ധ ഇപ്പോൾ പട്ടണങ്ങളിലാണു്. എന്തുകൊണ്ടെന്നാൽ ഈയിടെയായി പരിഷ്കൃതഗവണ്മെൻറുകൾ എല്ലാം ഹോട്ടലുകളെ മാതൃകയാക്കിത്തുടങ്ങിയിരിക്കയാണു്—വെളിയിൽനിന്നു വരുന്നവർ—സന്ദർശകന്മാർ—പ്രശസ്താതിഥികൾ!—അവരുടെ സുഖസൗകര്യങ്ങൾ! അവരെല്ലാം പട്ടണത്തിലാണു വരിക. ഹോട്ടലുകാരൻ

ചൂട്ടുവെള്ളവും നല്ലമോരും ഒരുക്കുന്നതുപോലെ, വെളിയിൽനിന്നു വരുന്നവക്കുവേണ്ടി താറിട്ട റോഡും, മനോഹരങ്ങളായ കുപ്പിവിളക്കുകളും ഉണ്ടാക്കുന്നതിൽ ഗവർമ്മെൻറുകളും ശ്രദ്ധിക്കുന്നു. അവർ വേണമെങ്കിൽ മാതൃകാഗ്രാമങ്ങളും നിർമ്മിച്ചുവച്ചിരിക്കും—അതിഥികൾക്കു കണ്ടു് തലകുലുക്കാൻ—കളിമണ്ണിനു! പാവപ്പെട്ട ഗ്രാമമേ, നീ എന്തുപിഴച്ചു?

ഈ ഗ്രാമത്തിൽ ഒരു ഇംഗ്ലീഷുപള്ളിക്കൂടമുണ്ടു്. അടുത്തു് ഒരു രജിസ്റ്റർകച്ചേരിയുണ്ടു്. അപ്പുറവും ഇപ്പുറവും വലിയ വളഞ്ഞ വാതിലോട്ടുകൂടിയ രണ്ടു പ്രഭുകുടുംബങ്ങളുണ്ടു്. മുമ്പിൽ ഒരമ്പലവും മതിലുകെട്ടിയ കുളവുമുണ്ടു്. ഇവയുടെ മദ്ധ്യേ റോഡരികിൽ ഒരു അരയാൽ ഉണ്ടു്. കച്ചേരിയിൽ എഴുതിവിററു തുലയാൻവരുന്നവക്കൊപ്പം ഞാനും ചിലപ്പോഴവിടെ ഇരുന്നു വിശ്രമിക്കും. അവിടെയും കാണാം ഒരു നാടകം. ഭാര്യ കരയുന്നു. അവളുടെ രണ്ടു കുഞ്ഞുങ്ങൾ കരയുന്നു. അവളുടെ ഒട്ടവിലത്തെ നാലുസെൻറു വിററു ധൂർത്തടിക്കാൻ വെമ്പൽകൊള്ളുന്ന ഭർത്താവു് അരികെനിന്നു ചതുരുപായങ്ങളും ഉപയോഗിച്ചു് അവൾക്കു ധൈര്യംവരുത്തുകയാണു്. അമ്മരൻ അറിഞ്ഞാൽ? കാരണവൻ ചോദിച്ചാൽ? ഭർത്താവു് ഏററു പറയുന്ന കച്ചവടം വിജയിക്കുമോ? കുട്ടികൾ എന്തെടുത്തുകഴിക്കും? അവൾക്കു് ഇങ്ങനെ പല ഭയങ്ങളുമുണ്ടു്. അവളുടെ അടുത്തു് ചെവിമടക്കിൽ പേനയും, കയ്യിൽ ഒരുചുരുള്ള കടലാസും, മുണ്ടിൽ ഒരു രണ്ടുമുള്ളി മഷിയും, കൈമുട്ടിൽ രണ്ടുനാലു വറട്ടുചൊറിയുമായി നിൽക്കുന്നയാൾ ഒരു ആധാരമെഴുത്തുകാരനാണു്. അയാൾക്കന്നു് എട്ടണ കിട്ടും—ആ ആധാരം രജിസ്റ്ററായാൽ. അയാളും അവളെ പ്രലോഭിപ്പിക്കയാണു്.

അരികെ ഓലമേഞ്ഞ ഒന്നുരണ്ടു കാപ്പിക്കടകളും, ഒരു സത്രവുമുണ്ടു്. ആഴ്ചയിൽ രണ്ടുദിവസം സത്രത്തിൽ കഞ്ഞിവീഴ്ത്തുണ്ടു്. ആശുപത്രികളിൽ മരുന്നെന്നുപറഞ്ഞു കൊടുക്കുന്നതിനും, സത്ര

ങ്ങളിൽ കഞ്ഞി എന്നുപറഞ്ഞു കൊടുക്കുന്നതിനും പാവപ്പെട്ടവരുടെ ഇടയിൽ എന്താണു പേരെന്നറിയാമോ?—ധമ്മവെള്ളം! ഒന്നിൽ മരുന്നിൻെറ അംശവും മററതിൽ വററിൻെറ അംശവും അത്ര കുറഞ്ഞിരിക്കും. അനുഭവബഹുലമായ എൻെറ ഈ ജീവിതത്തിനിടയിൽ ഒരു വലിയ കാര്യം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ലോകത്തിൽ കാരുണ്യവാന്മാരും അവരുടെ സ്ഥാപനങ്ങളുമുണ്ട്. പക്ഷേ, പാവങ്ങൾക്കു് അതൊന്നും സ്വൎഗ്ഗമാകുന്നില്ല. ഒന്നും ആരും ആക്കും വെറുതേ കൊടുക്കയില്ല. കാരുണ്യംതന്നെ എന്താണ്—വലിയവൻ എളിയവനോടു കാണിക്കുന്നതു്. ആ കാരുണ്യം എളിയവൻെറ അവശതകൾക്കു പരിഹാരമാകുന്നതുമില്ല. എളിയവനും വലിയവനുമില്ലാത്ത ഒരു ലോകത്തിൽ ഒരൊററ സ്ഥാപനംമാത്രമേ കാരുണ്യത്തിൻെറ പേരിൽ നിൽക്കയുള്ളു—ആതുരാലയങ്ങൾ. ഞാൻ മനസ്സിലാക്കി—അവകാശമറിയാത്തവനു്, അറിഞ്ഞു് ആവശ്യപ്പെടാൻ കെല്പില്ലാത്തവനു്, ഈ ലോകം ഒന്നും നല്കുകയില്ലെന്നു്. ചിലപ്പോൾ എനിക്കു തോന്നിപ്പോകുന്നു, ഈ അരയാലിൻെറ ചുവട്ടിൽ എഴുന്നേററു നിന്നു്, വിശ്വം മുഴുവൻ കേൾക്കുന്ന ഒരു ഭീമമായ ശബ്ദത്തിൽ വിളിച്ചുപറയുവാൻ—"മനുഷ്യാ! സോദരാ! നീ നില്ക്കുന്ന മണ്ണിൽ നീ ഉറച്ചു ചവിട്ടു. നിൻെറ ജീവിതാവകാശം സ്ഥാപിക്കു. ഉച്ചത്തിൽ നിൻെറ അവകാശവാദം മുഴക്കു."

പ്രിയപ്പെട്ടവളേ, ഇപ്പോൾമാത്രമാണു് ഞാനതു മനസ്സിലാക്കുന്നതു്. വളരെ വൈകിയിട്ടു്. ഞാനെന്തുകൊണ്ടു് നിന്നെ അവകാശപ്പെട്ടില്ല? ധാമ്മികമായ ഏതു മുറയനുസരിച്ചും നീ എൻെറതായിരുന്നില്ലേ? നിൻെറ സ്വന്തം നാവുകൊണ്ടു് നീ അതു് ഒരായിരം തവണ പറഞ്ഞിട്ടില്ലേ? പ്രവൃത്തികൊണ്ടു് ഒരായിരംതവണ തെളിയിച്ചിട്ടില്ലേ? എന്നിട്ടും നിനക്കൊരു വിവാഹമണ്ഡപവും വരനേയും ഒരുക്കിയ സമുദായനീതിയുടെ മുന്നിൽ എന്തുകൊണ്ടു ഞാനെൻെറ അവകാശവാദം മുഴക്കിയില്ല? പാരമ്പര്യം! നൂററാണ്ടുകളായി അനുസരിക്കാൻ ശീലിച്ചുപോന്ന ചിട്ടകൾ! അവയുടെ

പിടിയിൽനിന്നകലാൻ എൻെറ രക്തത്തിനു കഴിഞ്ഞില്ല—എനിക്കു് ഏററവും ആവശ്യമായിരുന്നതിനെ അവകാശപ്പെടാൻ എനിക്കു സാധിച്ചില്ല. മാന്യത! കുലീനത! പേടിപ്പെടുത്തുന്ന മിഥ്യാകാരങ്ങൾ!

ഇന്നു ഞാൻ ചിലപ്പോൾ, ഈ അരയാലിൻതണലിലിരുന്നു് ആലോചിച്ചുപോകുന്നു, നീ എനിക്കുണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്നു എൻെറ ജീവിതമെന്നു്. മേല്പോട്ടുമേല്പോട്ടു് ഉൽക്കർഷസോപാനം. മധുരമായ ഒരു മദിരോത്സവം! ആ സ്വപ്നം—അതെ, സ്വപ്നംതന്നെ, സ്വപ്നംപോലെ അതും മാഞ്ഞു........

നിനക്കിപ്പോൾ എത്ര കുഞ്ഞുങ്ങൾ ഉണ്ടായിക്കാണും? ആറു വർഷങ്ങളായി. രണ്ടുകുഞ്ഞുങ്ങൾ കാണും. രണ്ടു് ഓമനശിശുക്കൾ!.... എനിക്കു് അഞ്ചാറു ചിറകുകളുണ്ടായിട്ടുണ്ടു്............ പൊതുക്കളത്തിൽ ആരും എന്നെ പ്രവേശിപ്പിക്കയില്ല. ഒന്നും അവകാശപ്പെടാൻ കഴിയാതെ, ഒരുതരം മൃഗജീവിതത്തിൽ ഓരോ ദിവസവും ഞാൻ കൂടുതൽ താഴുന്നു. ഇപ്പോൾ എൻെറ വൃത്തികേടുകളിൽ, എൻെറ കീറത്തുണികളിലും ചിറകുകളിലും നോക്കി ശൂന്യഹൃദയനായി അങ്ങനെ മണിക്കൂറുകൾ പോക്കാറുണ്ടു്. ഒരുകാലത്തു് ഞാൻ വെറുത്തിരുന്ന, ഭയന്നിരുന്ന ആ മനുഷ്യപ്പുഴുക്കളുടെ വർഗ്ഗത്തിൽ ഒരുവനായിത്തീർന്നിരിക്കുന്നു, ഞാനും! എങ്ങനെ പററി? ഈ അധഃപതനത്തിനു് എന്താണു കാരണം? പ്രിയപ്പെട്ടവളേ! നീ നടുങ്ങരുതേ. ഞാൻ നിന്നെ കുററപ്പെടുത്തുകയല്ല. എൻെറ സകലശക്തികളും സമാഹരിച്ചു്, നിന്നെ അവകാശപ്പെടാൻ ഞാൻ ഉപയോഗിച്ചിരുന്നെങ്കിൽ! നീ എന്തു പിഴച്ചു? നീ ഒട്ടുവളരെ വ്യസനിച്ചുകാണും. മഞ്ഞണിഞ്ഞ പൂച്ചെടികളുടെ മദ്ധ്യത്തിൽ കുളത്തുപറന്ന രാത്രികളിൽ, താമരവളയംപോലുള്ള കൈകൾകൊണ്ടു് എൻെറ കഴുത്തിൽ ചുററിപ്പിടിച്ചു്, ഒരു റോസാപ്പൂവിൻദളംപോലെ എൻെറ മാറിൽ ഒട്ടിച്ചേർന്നുകൊണ്ടു്, മധുരമധുരമായ ഭാഷയിൽ നീ മന്ത്രിച്ച വാഗ്ദാനങ്ങൾ! അവ ഓർത്തു് നീ കരഞ്ഞു

കരഞ്ഞു തളൻകാണും. പക്ഷേ—നീ ഒരു കുമാരി. ശാസന ചെറു ക്കാൻ കരുത്തുപോരാത്ത ഒരു കുരുന്നുവല്ലി. ഞാനാണ് അവ കാശപ്പെടേണ്ടിയിരുന്നതു്—ലോകം കിട്ടങ്ങുമാറു്, അവകാശപ്പെ ടേണ്ടിയിരുന്നതു്. ഞാൻ അതു ചെയ്തില്ല. ഞാൻ തളൻപോയി.

പ്രിയപ്പെട്ടവളേ, ആയാസപ്പെട്ടു് ഉഴുതുമറിച്ചെങ്കിൽമാത്രമേ ജീവിതത്തിൻെറ ഭൂമിയിൽ വിത്തു വിളയുകയുള്ളു. ഞാനെൻെറ വിത്തുമായി നടന്നു രഹസ്യമായി വിലപിച്ചു. കട്ടംതറയിൽ ഞാൻ എൻെറ അവകാശത്തിൻെറ ഉഴവുചാലുകഠം ഇളക്കിയില്ല. അങ്ങ നെ സുവ്യക്തമായ ഒരു യുദ്ധചിഹ്നം രചിച്ചില്ല. വെറുതെ ഒരു പരാജയത്തിൻെറ ഭീമമായ ഭാരം എടുത്തു് എൻെറ താങ്ങാൻവ യ്യാത്ത തലയിൽ സ്ഥാപിച്ചുതരാൻ ഞാൻ വിധിയെ കൂട്ടുവിളിച്ചു! ഞാൻ ഇങ്ങനെയായി. അവകാശപ്പെടാൻ അറച്ചുനിന്നവനു് ജീവിതം നല്കിയ ശിക്ഷ!

പ്രിയപ്പെട്ടവളേ, ഈ ജീവിതം തുടരുകയാണു്. അതുകൊ ണ്ടു് ഈ രേഖയും തുടരും. ഞാനൊന്നും പ്രതീക്ഷിക്കയല്ല. പ്രതീ ക്ഷയുടെ ദീപനാളം എന്നോ അണഞ്ഞുപോയതാണു്. പക്ഷേ— ഈ ജീവിതം തുടരുകയാണു്. ഞാനെന്തുചെയ്യും? എന്നുവേണ്ടാ മെങ്കിലും അവസാനിച്ചുകൊള്ളട്ടെ—വേണ്ടാത്ത ജീവിതം. പക്ഷേ തുടരുകയാണു്—"

അങ്ങനെ ആ എഴുത്തു നില്ക്കുന്നു. തുടരുകയാണു് എന്നു പറഞ്ഞു് അതു് അവസാനിക്കുന്നു. എന്തൊരു വൈരുദ്ധ്യം!

ആ മലീമസമായ ജഡം അങ്ങനെ കിടക്കയാണു്. ആരാ ണതു്? ഒരു മാളികയിൽ പിറന്നവൻ! വളരെയൊക്കെ കണ്ടവൻ. സ്നേഹിക്കയും നഷ്ടപ്പെടുകയും ചെയ്തവൻ! അതിൽക്കൂടുതൽ ആക്കു മൊന്നുമറിഞ്ഞുകൂടാ........എങ്കിലും ആ അകന്നുപോയ ജീവനോടു് ഒരു മഹത്തായ കടമ ഞങ്ങഠംക്കുണ്ടെന്നു തോന്നി. ആ കടമയാ ണു് ഈ തൂലിക ഏറെറടുത്തിരിക്കുന്നതു്—അവളെ അറിയിക്കാൻ.

ഒരു വാചകംകൂടിമാത്രമേ ആ ജീവിതകഥാകഥനത്തിനോടു കൂട്ടിച്ചേൎക്കുവാൻ മനുഷ്യനു സാധിക്കയുള്ളൂ—അതിനെ പൂൎത്തിയാക്കുവാൻ. അതിതാണ്; ആ ജീവൻ അതിന്റെ ദുസ്സഹനിരാശയും തീവ്രയാതനയും ഭൂമിക്കായി നൽകിയിട്ട്, വിശാലമായ അന്തരീക്ഷത്തിലേയ്ക്കുയൎന്നുപോയ്ക്കഴിഞ്ഞു. ഇത്രമാത്രം.

ഇതവർ വായിക്കുമോ? ആ പ്രിയപ്പെട്ടവർ. ആൎക്കറിയാം? എങ്കിലും—അജ്ഞാതയായ കാമിനീ, ഭവതിയുടെ കണ്ണുപുടങ്ങളിൽ ഈ വരികൾ എന്നെങ്കിലും ഇടയായാൽ ഒരുകാൎയ്യം ചെയ്യുവാൻ ദയവുണ്ടാകുമോ? പേരറിയിക്കേണ്ടാ. ഒന്നും വെളിപ്പെടുത്തേണ്ടാ. "ഞാൻ കണ്ടു" എന്നൊരു ചെറുവാചകംമാത്രം ഈ തൂലികയുടെ ഉടമസ്ഥനെ അറിയിക്കുമോ?

# ഏകാങ്കനാടകങ്ങൾ

# ഉർവ്വശിയും പുരൂരവസ്സും

(ഇന്ദ്രലോകം. സാന്ധ്യദ്യുതിയിൽ അവിടത്തെ കാന്തി അവർണ്ണനീയമായിരിക്കുന്നു. കല്പകതരുവിൻെറയും പാരിജാതത്തിൻെറയും പരിമളംകലന്ന പവനൻ അവിടെ തത്തിക്കളിക്കുന്നു. ലതാതല്പത്തിൽ അലസയായി, ചിന്താമഗ്നയായി, തളൎന്നുകിടക്കുന്ന സൗന്ദൎയ്യസാക്ഷാത്കാരമാണ് ഉൎവ്വശി—പാലാഴിയുടെ സന്തതി, ദേവലോകത്തിൻെറ അഭിമാനസമ്പത്ത്, മനുഷ്യൻെറ മായാസ്വപ്നം. പുരൂരവസ്സിൻെറ ശയ്യാഗാരത്തെ പൊട്ടുന്നനെ ഉപേക്ഷിച്ച് അവൾ അമരപുരിയിലെത്തിയിട്ട് അധികനാൾ ആയിട്ടില്ല. അവളുടെ മുഖം മ്ലാനമാണ്. അരികെ ഇരിക്കുന്ന അമരസ്ത്രീ 'ലേഖ'യാണ്—ഉൎവ്വശിയുടെ വിശ്വസ്ത.

ദിനവും രാവും തമ്മിൽ ചുണ്ടണച്ചുനിൽക്കുന്ന ദിനാന്തസന്ധ്യ—മായാമോഹിതമായ ദിനാന്തസന്ധ്യ. സഖികൾ അവരവരുടെ ചിന്തകളിൽ ലയിച്ചിരിക്കയാണ്. സൎവ്വത്ര നിശ്ശബ്ദത. ഒടുവിൽ)

ലേഖ:—ഉൎവ്വശീ!

ഉൎവ്വ:—ലേഖേ! നീ എന്നെ വിളിച്ചോ?

ലേഖ:—അപ്പോൾ—നീ എവിടെയായിരുന്നു?

ഉൎവ്വ:—ഇവിടെ. സ്വൎഗ്ഗത്തിൽ. അല്ലാതെവിടെ?

ലേഖ:—അങ്ങനെ ഒഴിയണ്ടാ. സ്വൎഗ്ഗത്തിൽവച്ചായാലും കളവുപറയുന്നതു് കളവുതന്നെ.

ഉൎവ്വ:—സ്വൎഗ്ഗീയമായ കളവു് എന്നൊന്നില്ലേ?

ലേഖ:—നിൻെറ ജന്മവാസന!

ഉൎവ്വ:—സ്ത്രീയുടെ; അല്ലേ?

ലേഖ:—അല്ല. ഞാനും സ്ത്രീയാണു്.

ഉൎവ്വ:—പക്ഷേ—ലേഖേ—പക്ഷേ—

ലേഖ:—പക്ഷേ—എന്താണു്? എന്തിനു മടിക്കുന്നു? പറയൂ. ഞാൻ നിന്നെപ്പോലെ ഒരു സുന്ദരിയല്ലെന്നു്; എൻെറ മുമ്പിൽ ഒരു കാമുകസൈന്യം അണിനിരക്കാറില്ലെന്നു്; ഉണ്ടായിരുന്നെങ്കിൽ ഞാനും നിന്നെപ്പോലെ ഈ സ്വൎഗ്ഗീയമായ കളവുതന്നെ ഒരു പ്രസ്ഥാനമായി സ്വീകരിച്ചുപോകുമെന്നു്; അല്ലേ? പക്ഷേ— ഉൎവ്വശി! സൗന്ദൎയ്യം വഞ്ചനയെ ന്യായീകരിക്കുന്നില്ല.

ഉൎവ്വ:—എന്നുവച്ചാൽ?

ലേഖ:—നീതന്നെ പറയൂ. നീ സ്വൎഗ്ഗീയമായ കളവു് എന്നു പറഞ്ഞതെന്താണു്? നിൻെറ ഓരോ കാമുകനോടും നീ വിശ്വാസപ്രതിജ്ഞ ചെയ്യുന്നു; പരസഹസ്രം വ്യാജവാഗ്ദാനങ്ങൾ ചെയ്യുന്നു. ആത്മാൎത്ഥതയില്ലാത്ത ചുംബനങ്ങൾ നൽകുന്നു. ആ പാവങ്ങൾ അതൊക്കെ വിശ്വസിക്കയും അതിൽ ആനന്ദമടയുകയും ചെയ്യുന്നുവെന്നുള്ളതു് പരമാൎത്ഥമായിരിക്കാം. എങ്കിലും നീ ചെയ്യുന്നതു് വഞ്ചനയാണു്.

ഉൎവ്വ:—മറെറാരുവനോടും ഞാൻ ഒരേവാക്കുകൾതന്നെ പറയുന്നു. അതേ വാഗ്ദാനങ്ങൾ; അതേ ചുംബനങ്ങൾ. എന്തുചെയ്യാം, അവൻെറ സൗന്ദൎയ്യതൃഷ്ണയ്ക്കും ഞാൻ അമൃതം നൽകണ്ടേ?

ലേഖ:—അമൃതമോ? കാനൽജലം. ആരുടേയും തൃഷ്ണ നിനാൽ ശമിക്കപ്പെടുന്നില്ല. നീ അതു് ഉന്മാദാവസ്ഥയിൽ എത്തിക്കുന്നു. അത്രമാത്രം. സ്വർഗ്ഗീയമായ കളവുപോലും!

ഉർവ്വ:—നീ ഒരു സൗന്ദര്യറാണിയല്ല.

ലേഖ:—ഒരു വഞ്ചകിയുമല്ല.

ഉർവ്വ:—ക്രൂരമായി സംസാരിക്കാതിരിക്കു, ലേഖേ! ഞാൻ ഹൃദയശൂന്യയെന്നാണോ നീ പറയുന്നതു്?

ലേഖ.—സംശയമുണ്ടോ?

ഉർവ്വ:—കഷ്ടം, എല്ലാമറിയാവുന്ന നീപോലും പറകയാണോ ഞാൻ വഞ്ചകിയാണെന്നു്? എൻെറ ഹൃദയത്തിനും അതിൻെറ ദുസ്സഹമായ വേദനകളുണ്ടു്. എൻെറ ഹൃദയവും—ലേഖേ! എനിക്കാൾ ബലമേററ ശക്തികളാണു് എന്നെ ഭരിക്കുന്നതെന്നു നിനക്കറിഞ്ഞുകൂടെ? എൻെറ ജീവിതം—

ലേഖ:—സ്നേഹിച്ചവർക്കും വിശ്വസിച്ചവർക്കും അനന്തമായ കദനം പകർന്നുകൊടുത്ത നിൻെറ ജീവിതം—

ഉർവ്വ:—എൻെറ സ്വന്തമല്ല. എനിക്കു എന്നിൽ ഒരവകാശവുമില്ല. ഞാൻ എൻെറ ഭരണകർത്താക്കളുടെ വകയാണു്. എനിക്കു് ഒരു ഹൃദയത്തിനുള്ള അവകാശംപോലും അവർ നിഷേധിച്ചിരിക്കയാണു്. നിനക്കെല്ലാം അറിഞ്ഞുകൂടേ? സ്വർഗ്ഗരാജൻെറ അധികാരശക്തിക്കു മുന്നിൽ എൻെറ അഭിലാഷങ്ങൾ എങ്ങനെ തലയുയർത്തും?

ലേഖ:—പാവം, പുരൂരവസ്സു് എങ്ങനെ ജീവിതഭാരം വഹിക്കും?

ഉർവ്വ:—എൻെറ പുരൂരവസ്സു്! എൻെറ ഓമനപ്പുരൂരവസ്സു്!

ലേഖ:—ഉർവ്വശി കരയുന്നോ? സ്വർഗ്ഗത്തിൽ കണ്ണുനീരുണ്ടോ? വേദനയില്ലാത്ത സ്വർഗ്ഗത്തിൽ, ഹൃദയമില്ലാത്ത സ്വർഗ്ഗത്തിൽ കണ്ണുനീരുണ്ടോ? അമരസുന്ദരിയായ ഉർവ്വശി! നാകത്തി

ൻെറ വിഭവങ്ങൾ നിൻെറ കാലടികളെ പരിചരിച്ചുനിൽക്കു മ്പോൾ കല്പകതരുവിൻെറയും പാരിജാതത്തിൻെറയും വാടാമലരു കൾ കോർത്ത ചാരുഹാരങ്ങളുമായി സ്വർഗ്ഗീയകാമുകർ നിനക്കു ചുഴവും കാത്തുനില്ക്കുമ്പോൾ, നാകലോകത്തിൻെറ നവവധു കര യാൻ ഭാവിക്കുകയോ?

ഉർവ്വ:—ഞാൻ മണ്ണിൽ ചവിട്ടിയവളാണു്.

ലേഖ:—ആ സ്മരണ! മണ്ണിൻെറ നനവു്! ഭൂമിയിലെ പൊടി! മാറിക്കൊള്ളും. സ്വർഗ്ഗത്തിൽക്കടന്ന നീ ഭൂമിയെ മറന്നു കൊള്ളും.

ഉർവ്വ:—പൂവണിഞ്ഞ ഒരിലഞ്ഞിയുടെ ചുവട്ടിൽ—

ലേഖ:—അതു ഭൂമിയിലല്ലേ?

ഉർവ്വ:—കരവലയത്താലെന്നെ അണച്ചു്—

ലേഖ:—അതു പുരൂരവസ്സല്ലേ?

ഉർവ്വ:—ഇരുണ്ടു് ഇടതൂർന്ന രോമാവലിനിറഞ്ഞ വിസ്തൃത മാറിൽ എന്നെച്ചേർത്തു........

ലേഖ:—സ്മരണകൾ!

ഉർവ്വ:—എന്തുകൊണ്ടോ താണുപോയ എൻെറ മുഖമുയർത്തി കണ്ണുകളിൽ ഉററുനോക്കിക്കൊണ്ടു്, ദയനീയമായി.........

ലേഖ:—പാവം, പുരൂരവസ്സു്!

ഉർവ്വ:—അദ്ദേഹം ചോദിച്ചു, "എൻെറ ഉർവ്വശി! ജീവനുംജീവനായ ഉർവ്വശി! ഒരൊററവാക്കുമാത്രം പറയൂ, എനിക്കു നിന്നെ വിശ്വസിക്കാമോ?"

ലേഖ:—നീ പറഞ്ഞു—സ്വർഗ്ഗീയമായ കളവു്! സ്ത്രീയുടെ ജന്മവാസന!

ഉർവ്വ:—നീ ഒരു ദുഷ്ടയാണു്.

ലേഖ:—ഞാൻ ആരേയും കരയിച്ചിട്ടില്ല.

ഉൎവ്വ:—അദ്ദേഹം കരയുമോ?

ലേഖ:—പുരൂരവസ്സ് കരയുമോ?

ഉൎവ്വ:—ഇല്ല. ആ നരപുംഗവൻ, ക്ഷാത്രതേജസ്സ്—

ലേഖ:—വിശ്വസിക്കാൻ ശീലമുള്ള മനുഷ്യനാണു്, ഓർക്കൂ...

ഉൎവ്വ:—ആ ഹൃദയം ബലമുററതാണു്.

ലേഖ:—എങ്കിലും ഹൃദയമാണു്, ഓർക്കൂ.

ഉൎവ്വ:—കരകയില്ല, ധീരനല്ലേ?

ലേഖ.—ഉൎവ്വശി, നിനക്കു മനുഷ്യത്വമെന്തെന്നറിഞ്ഞുകൂടാ മിന്നുന്ന വാളിളക്കി അടക്കളത്തിൽ അരികളെ അരിഞ്ഞുവീഴ്ത്തിയ ആ യോദ്ധാവിൻെറ കരങ്ങൾ ബലമുള്ളതല്ലേ? എങ്കിലും അവ നിന്നെ ആലിംഗനംചെയ്യുമ്പോൾ വിറച്ചിരുന്നില്ലേ?

ഉൎവ്വ:—നീ—നീ എങ്ങനെ അറിഞ്ഞു?

ലേഖ:—ദേവൻെറയും അസുരൻെറയും മുമ്പിൽ സ്വാഭിമാനം ഉയർന്നുനിന്നുമാത്രം ശീലിച്ചിട്ടുള്ള പുരൂരവസ്സിൻെറ ഗംഭീരശിരസ്സ്, നിൻെറ മനോജ്ഞപാദങ്ങളെ ചുംബിക്കാൻ കുനിഞ്ഞില്ലേ?

ഉൎവ്വ:—നീ എല്ലാം അറിഞ്ഞു!

ലേഖ:—അലയാഴിപോലെ പരന്നിളകുന്ന സൈന്യനിരകൾക്കു കല്പനകൊടുക്കുന്ന—ഗംഭീരശബ്ദമുതിക്കുന്ന നാവു്—പുരൂരവസ്സിൻെറ സിംഹനാദം—അന്നു്—ആ ആദ്യത്തെ രാത്രി—ആ പ്രഥമസമാഗമവേളയിൽ—ഉൎവ്വശി!—നിൻെറ മുന്നിൽ ഏതാനും നിമേഷങ്ങൾ, മൂകമായിപ്പോയില്ലേ?

ഉൎവ്വ:—ഒന്നും പറയാനാവാതെ, എൻെറ ഒരു കരംമാത്രം മെല്ലെ തലോടിത്തലോടി—

ലേഖ:—അതേ, അതേ, എന്നിട്ടും നീ പറകയാണോ, "ധീരനാണു്, കരയുകയില്ലെന്നു്?" ഉൎവ്വശി! നിനക്കു മനുഷ്യത്വം എന്തെന്നറിഞ്ഞുകൂടാ. ജേതാവായ പുരൂരവസ്സിനെ ജയിച്ചവളാണു നീ.

ഉർവ്വ:—അതിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ലേഖ:—നിശ്ചയമായും. അതു സ്ത്രീയുടെ അവകാശമാണു്. പുരുഷനു് അതിൽ പരാതിയില്ല. എന്തുകൊണ്ടെന്നാൽ ആ കീഴടക്കത്തിനു പുരുഷൻ സന്നദ്ധനാണു്. ആ കീഴടക്കം പൗരുഷശാലിയുടെ ആനന്ദമൂർത്തതയാണു്. പക്ഷേ—

ഉർവ്വ:—പക്ഷേ?

ലേഖ:—സ്ത്രീയുടെ മധുരമായ ആ അവകാശവുമായി അവൾ ഹൃദയശൂന്യമായി കളിക്കുമ്പോൾ, പുരുഷഹൃദയത്തിന്റെ ആനന്ദസാക്ഷാൽക്കാരമായ സ്ത്രീ എന്ന മാധുര്യം വിഷമാകുന്നു; അതു് അവന്റെ ഹൃദയരക്തമൂററുന്ന രക്തയക്ഷിയായി രൂപംമാറുന്നു. നീ ഇന്നലെ ദേവരാജനുമായി രസിക്കുന്നതു ഞാൻ കണ്ടു.

ഉർവ്വ:—ലേഖേ! എന്റെ പുരൂരവസ്സു് ഇപ്പോൾ എന്തു വിചാരിക്കും?

ലേഖ:—നിന്നെ ശപിക്കയില്ല.

ഉർവ്വ:—എന്നെ ശപിച്ചുനശിപ്പിക്കാനുള്ള ശക്തി അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ!

ലേഖ:—എങ്കിലും അദ്ദേഹം അതു ചെയ്കയില്ല. അദ്ദേഹം മനുഷ്യനാണു്. നിന്നെ സ്നേഹിച്ചവനാണു്.

ഉർവ്വ:—ഞാനെങ്ങനെ മറക്കും? ലേഖേ! എനിക്കതു മറക്കാനൊക്കുകയില്ല.

ലേഖ:—എന്തബദ്ധം! വിണ്ണിൽ ഇരുന്നുകൊണ്ടു് ആരെങ്കിലും മണ്ണിനെ ഓർക്കാറുണ്ടോ? നീ സ്വർഗ്ഗത്തേക്കാൾ ശക്തയല്ല. ഭൂമിയുടെ ആത്മാർത്ഥതയുമില്ല.

ഉർവ്വ:—ശരിയായിരിക്കാം. എങ്കിലും—

ലേഖ:—എങ്കിലും ഒന്നുമില്ല, ഉർവ്വശീ. ഇനി ഒന്നും അവ്യക്തമായിട്ടില്ല. എല്ലാററിനും തെളിവുകളായിപ്പോയി—നിന്റെ ആത്മാർത്ഥതയെയൊഴിച്ചു്........ഞാൻ ചോദിക്കട്ടെ, നീ സ്നേഹിച്ചെ

ങ്കിൽ, നിൻെറ സ്നേഹത്തിനുവേണ്ടി നില്ക്കാൻ നിനക്കു് എങ്ങനെ സാധിക്കാതെപോയി?

ഉർവ്വ:—എൻെറ സഹോദരൻ ചന്ദ്രനും, പാലാഴിയിലെ എൻെറ സകല ബന്ധുജനവും—

ലേഖ:—ഉർവ്വശി! പാലാഴിയിൽപ്പിറന്ന മാദകവശ്യതേ! ഭൂമിയിൽ ഒരിടത്തു്, അഗ്നിപർവ്വതംപോലെ നീറിപ്പുകയുന്ന ഒരു ഹൃദയവും താങ്ങിക്കഴിയുന്ന ഒരാൾ ഉണ്ടു്—നിൻേറതെന്നു് നീ ഇപ്പോഴും പറയുന്ന പുരൂരവസ്സു്. നീ പിറന്ന പാലാഴിയുടെ സകല വിഭവങ്ങളും ചൊരിഞ്ഞാൽ അണയാത്ത ഒരു കദനാഗ്നി അവിടെ എരിയുകയാണു്. നീ പിറന്ന പാലാഴിയിൽത്തന്നെ അമൃതം ജനിച്ചു; കുളിർമതി കിളന്നു; ലക്ഷ്മി പിറന്നു. ആരു ചോദിച്ചു, അതുവല്ലതും? പുരൂരവസ്സോ? ഛായ്. നീ മാത്രമായിരുന്നു—

ഉർവ്വ:—ലേഖേ! എൻെറ പ്രിയപ്പെട്ട ലേഖേ! എനിക്കറിയാം ആ കളങ്കമററ സ്നേഹവായ്പു്—

ലേഖ:—അറിയാമായിരിക്കും. ആദരിച്ചില്ല.

ഉർവ്വ:—ആദരിച്ചില്ലേ? നീ എന്തറിഞ്ഞു? പത്മപത്രത്തിൽ, അയോദ്ധ്യയിലെ 'ചിത്രകൻ' രചിച്ച എൻെറ ആത്മനാഥൻെറ ഛായാപടം ഇന്നും ഞാൻ സൂക്ഷിച്ചുവച്ചിരിക്കയാണു്. ഞാൻ മറക്കുംപോലും!

ലേഖ:—ഞാൻ അതു വിശ്വസിക്കുന്നില്ല.

ഉർവ്വ:—എൻെറ ആത്മാർത്ഥതയിലോ? നീയോ? എൻെറ പ്രിയസഖി ലേഖയോ?

ലേഖ:—എന്തുചെയ്യാം? എൻെറ പ്രിയപ്പെട്ട ഉർവ്വശി! നിൻെറ പ്രേമത്തിൻെറ വിശ്വാസത്തിൽ സുഖനിദ്രകൊള്ളുന്ന പുരൂരവസ്സിനെ, പൊടുന്നനെ, അന്നത്തെ രാത്രിയുടെ തമസ്സിൽ വെടിഞ്ഞുപോന്നവളായ നീ ആ ചിത്രം സൂക്ഷിക്കയോ? ഈ സ്വർഗ്ഗത്തിൽ ആ മനുഷ്യൻെറ ചിത്രവുമായി നീ കടക്കുകയോ? നിൻെറ

കാലിടറിപ്പോയിക്കാണും. നീ ആ ചിത്രം വിറയ്ക്കുന്ന കൈകൾ കൊണ്ടു് സൂര്യമണ്ഡലത്തിലേയ്ക്കു വലിച്ചെറിഞ്ഞുകളഞ്ഞാം. അവിടുത്തെ കത്തിയെരിയുന്ന കനൽക്കുണ്ടിൽ അതു ചാമ്പലായിപ്പോയിക്കാണും—നിന്നെ സ്നേഹിച്ച മനുഷ്യൻെറ ചിത്രം.

ഉർവ്വ:—എൻെറ പുരൂരവസ്സ്!

ലേഖ:—കഷ്ടം!

[ഏതാനും നിമിഷത്തെ നിശ്ശബ്ദത. പെട്ടെന്നു് അങ്ങകലെനിന്നും ഒരു സംഗീതനിർഘോഷം]

ഗീതം:—(രാഗം ദേവമനോഹരി)

ജയ ജയ ദേവപതേ സുമതേ സതതം
ജയ വിജയീ ഭവ നീ
ജയ ജയ പുണ്യജനാരേ
ജയ മധുരാമലമഞ്ജുളശൗരേ
ജയ ജയ സ്വർഗ്ഗവധൂടിജനാനാം
ലോചനഭാഗ്യനിദാനം
അഷ്ടദശാപരിപാലകപാലനകീർത്തേ!
പുഷ്ടപരാക്രമ ശൗര്യജലാബ്ധേ! (ജയജയ)

ലേഖ:—വൈതാളികന്മാർ ദേവരാജനുള്ള സന്ധ്യാസ്തുതി പാടുന്നു. നേരമായി, പോകാം.

ഉർവ്വ:—ലേഖേ! നിൻെറ കയ്യിങ്ങുതരൂ. ഞാൻ ഒന്നു് എഴുന്നേൽക്കട്ടെ.

ലേഖ:—"പുഷ്ടപരാക്രമ ശൗര്യജലാബ്ധേ!''—എന്തൊരു കള്ളം!

ഉർവ്വ:—ഹൃദയശൂന്യമായ സ്വർഗ്ഗം.

ലേഖ:—വേദനയില്ലാത്ത സ്വർഗ്ഗം.

ഉർവ്വ:—ഹാ! മധുരമായ ചില വേദനകളുണ്ട്. ലേഖേ! മനുഷ്യചുംബനത്തിന്റെ ചൂട്, ആലിംഗനത്തിന്റെ ശക്തിയും ഇവിടില്ല.

ലേഖ:—മനുഷ്യനു് നീ ദേവതയാണു്. പ്രേമഭാജനവും ആരാധനാപാത്രവും ആണു്. ഇവിടെ നീ—ഇവിടുത്തെ സ്വന്തം.

ഉർ:—എന്നെ എന്റെ ലോകത്തേയ്ക്കു പോകാൻ ഒന്നനുവദിച്ചിരുന്നെങ്കിൽ—

ലേഖ:—നിന്റെ ലോകമോ?..........എന്തിനു പോകുന്നു? ആ മണ്ണിന്റെ ചെളിയിൽ ചവിട്ടാൻ? അവിടെ സാംക്രമികരോഗങ്ങൾ അസുരന്മാരെപ്പോലെ നടന്നു വേട്ടയാടുന്നപോലും. അവിടെ വേദനകൾ രക്തയക്ഷികളെപ്പോലെ ജീവരക്തം കുടിച്ചു തടിക്കുന്നുപോലും. ഇതെല്ലാം സ്വർഗ്ഗസ്ഥർ പറഞ്ഞുകേൾപ്പിച്ചിട്ടില്ലേ? അമ്പോ! ഇവരുടെ അവജ്ഞ!

ഉർവ്വ:—ഒരൊററ നെടുവീർപ്പിനു് ഈ സ്വർഗ്ഗത്തിൽ വകയുണ്ടായിരുന്നെങ്കിൽ!

ലേഖ:—അതിനു ഹൃദയം വേണം.

ഉർവ്വ:—അതു് ഭൂമിയുടെ അവകാശമാണു്.

ലേഖ:—ഇവിടെ ഹൃദയമില്ല. ആത്മാവുമാത്രം. വികാരമില്ല.

ഉർവ്വ:—ഹാ! ഈ സ്വർഗ്ഗത്തിന്റെ കൃത്രിമമായ സുരക്ഷിതത്വത്തിൽനിന്നു്, ഒരു ഹൃദയവുമായി, ആ ഭൂമിലേയ്ക്കു് ഒന്നു കടക്കാൻ സാധിച്ചെങ്കിൽ!

ലേഖ:—ഇവിടെ എല്ലാം ചിട്ടകൾ, ചിട്ടകൾ. ഹൃദയവും അതിന്റെ ബന്ധങ്ങളുമില്ല; ചിട്ടകൾ. സ്വർഗ്ഗം വികാരരഹിതമാണു്! അതാണു്—സ്വർഗ്ഗത്തിൽ വേദനയില്ല.

ഉർവ്വ:—എന്റെ ഭൂമി! എന്റെ പുരൂര—ലേഖേ! നിശ്ചയമായും എനിക്കെന്റെ പുരൂരവസ്സുമായി വീണ്ടും ചേരാൻ കഴിയും.

ലേഖ —വീണ്ടും?

ഉവ്:—അതേ, അദ്ദേഹം സ്വർഗ്ഗത്തേയ്ക്കു വരികയില്ലേ?

ലേഖ:—സഹസ്രാബ്ദങ്ങൾ കഴിഞ്ഞു്. മരണാനന്തരം, അല്ലേ? വരും. നിശ്ചയമായും നിങ്ങൾക്കു തമ്മിൽ കാണാനൊക്കും.

ഉവ്:—കാണാൻ മാത്രമോ?

ലേഖ:—പിന്നെ മറെറന്തിനു് ആശിക്കുന്നു? ഭീഷ്മരും ദ്രോണരും ഇരിക്കുന്ന വീരസ്വർഗ്ഗത്തിൽ പുരൂരവസ്സും കാണും. ഭീഷ്മരും ദ്രോണരും, സൗന്ദര്യറാണിയായ നിന്നെ ഒരു നൎത്തനത്തിനു പോലും ക്ഷണിച്ചിട്ടുണ്ടോ? ഒരു ചഷകം മധു പോലും വാങ്ങികൊടുക്കാൻ നിനക്കു സാധിച്ചിട്ടുണ്ടോ?

ഉവ്:—ഇല്ലില്ല. അവരെ എല്ലാവൎക്കും ഭയമാണു്. ദേവരാജനപോലും ........

ലേഖ:—ദേവരാജൻ! ദേവരാജൻ! നിന്റെ സഹസ്രാക്ഷനായ ദേവരാജനെവിടെ? ശരശയനത്തിൽ ശയിച്ച ഭീഷ്മരെവിടെ? ഭീഷ്മരും, ദ്രോണരും, പുരൂരവസ്സും ഇരിക്കുന്ന സദസ്സിൽ അഹല്യയുടെ വീട്ടിലെ ആ കള്ളക്കോഴി കാലുറപ്പിച്ചുനില്ക്കുമോ? നിന്റെ ദേവരാജൻ!

ഉർവ:—എന്റെ പുരൂരവസ്സു് എനിക്കു മാപ്പുനൽകുകയില്ലേ?

ലേഖ:—മാപ്പോ? ആ പ്രശ്നം ഉദിക്കുന്നില്ല. നിന്നെ ഒരിക്കലും പുരൂരവസ്സു് ദ്വേഷിച്ചിട്ടില്ല. പുരൂരവസ്സു് അദ്ദേഹത്തിന്റെ ഉർവശിയെ ഒരിക്കലും ദ്വേഷിക്കയില്ല.

ഉർവ:—അപ്പോൾ നിശ്ചയമായും—

ലേഖ:—വരട്ടെ, വരട്ടെ. ഇന്നത്തെ നീ പുരൂരവസ്സിന്റെ ഉർവശിയല്ല. ഓൎമ്മയിരിക്കട്ടെ.

ഉർവ:—ലേഖേ! ലേഖേ! ഒററക്ഷതിപ്പിന് ഈ രാത്രിയിൽ ഞാൻ ഭൂമിയിലെത്തും—

ലേഖ:—ഉർവശി! നീ അഭിസരിക്കേണ്ടതു് ആരെയെല്ലാമാണെന്ന സ്വർഗ്ഗരാജ്യത്തിലെ സാന്മാർഗ്ഗികത നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടു്. നീ നിൻെറ ഹൃദയത്തിൻെറ പേരിൽ തോന്ന്യാസം കാണിച്ചാൽ—

ഉർവ:—എൻെറ ഹൃദയം വരിച്ച നാഥനെ—

ലേഖ:—സ്വർഗ്ഗത്തിൻെറ നീതിശാസ്ത്രം അതിനനുവദിക്കുന്നില്ല.

ഉർവ:—ഹൃദയൈക്യം ഇല്ലാത്ത ഒരു വേഴ്ച—

ലേഖ:—അതു് അധീശശക്തിയുടെ നിർദ്ദേശമാണെങ്കിൽ—

ഉർവ:—അതിൻെറ പേരാണു് വ്യഭിചാരമെന്നു്.

ലേഖ:—എങ്കിൽ അതാണു് സ്വർഗ്ഗത്തിൻെറ സാന്മാർഗ്ഗികത. ഓർമ്മയിരിക്കട്ടെ.

ഉർവ:—ഒന്ന കഴിഞ്ഞാൽ ഒന്നു്—അങ്ങനെ ഭർത്താക്കന്മാരെ നിർദ്ദേശിക്കപ്പെടുക. ഞാൻ അതിനു കീഴ്പെടണം.

ലേഖ:—ഇഷ്ടമുള്ളവരെയല്ല, നിർദ്ദേശിക്കപ്പെടുന്നവരെ സ്വീകരിക്കുക. അതാണു് സ്വർഗ്ഗത്തിലെ കുലീനത.

ഉർവ:—ഈ രാത്രിയിൽ—ഒററക്ഷതിപ്പിന്—എൻെറ ആത്മനാഥൻെറ സന്നിധിയിൽ—കാലിൽപിടിച്ചു കേണു കേണു്—ലേഖേ!എൻെറ കണ്ണീരഭിഷേകം ചുംബിച്ചുചുംബിച്ചു തുടച്ചെടുക്കും. ഞങ്ങൾ—

ലേഖ:—സാധിക്കയില്ല. അഷ്ടദിക്പാലകരെ നിൻെറ കാവലിനു് ഏർപ്പാടുചെയ്തിട്ടുണ്ടു്.

ഉർവ:—നീതി! നീതി! സ്വർഗ്ഗത്തിൻെറ നീതി! എന്തൊരു ബന്ധനമാണിതു്? ഹൃദയത്തിനു് ഒന്നു ചലിച്ചുകൂടെ? സ്വതന്ത്രമായി ഒരു സ്വപ്നംപോലും കണ്ടുകൂടെ? ഇതാണോ സ്വർഗ്ഗം? ഈ

അടിമത്തമാണോ അമരപുരിയുടെ സംസ്കാരം? എന്റെ ലേഖേ! എന്റെ പ്രിയപ്പെട്ട ലേഖേ! എന്റെ പുരൂരവസ്സിന്റെ ഒരു ശബ്ദമെങ്കിലും കേട്ടെങ്കിൽ!

ലേഖ:—നീ ഭഗവാൻ പവനനോട് പ്രാർത്ഥിക്കൂ.

ഉർവ.—വായുഭഗവാനേ! സർവ്വവ്യാപിയായ അവിടുത്തേക്ക് എന്നിൽ കരുണ തോന്നേണമേ! എന്റെ പ്രിയന്റെ ഒരു വാക്കെങ്കിലും എന്റെ കാതിലണയ്ക്കാൻ കനിവുണ്ടാകേണമേ!

(സതികൾ മെല്ലെ നീങ്ങുന്നു. സ്വർഗ്ഗത്തിന്റെ ഒരറ്റത്തേയ്ക്കു നീങ്ങി അവർ താഴേയ്ക്കു നോക്കുന്നു. അടിയിൽ—വളരെ അടിയിൽ—കറുത്തുകൂടിക്കിടക്കുന്നതു ഭൂമിയാണു്. ഹാ! അവിടത്തെ വേദനകൾ! ആശകൾ! ആശങ്കകൾ! വികാരതരളിതയായി, ആഗ്രഹത്തോടെ ഉർവശി താഴേയ്ക്കു നോക്കിനില്ക്കുന്നു.)

ലേഖ:—അവിടിപ്പോൾ രാത്രിയാണു്.

ഉർവ:—എന്റെ പുരൂരവസ്സ് ഇപ്പോൾ—

(പെട്ടെന്നു്—അങ്ങു വിദൂരതയിൽനിന്നു് ആരോ മന്ത്രിക്കുന്നതുപോലൊരു ശബ്ദം.)

ലേഖ:—ഉർവശി! വായുഭഗവാൻ പ്രസാദിച്ചുകഴിഞ്ഞു.

(വീണ്ടും - ഒരു നെടുവീർപ്പുപോലെ ഒരു ശബ്ദം.)

ഉർവ:—ലേഖേ! ഒന്നു താങ്ങു. ഞാൻ തളരുന്നു.

(വീണ്ടും ശബ്ദം.)

ശബ്ദം:—മഹാരാജാവു് പ്രസാദിച്ചാലും! നഷ്ടഭാഗ്യത്തെപ്പററി ഓർത്തു് ക്ലേശിക്കുന്നവർ—

മറെറാരു ശബ്ദം:—(വിഷാദം നിറഞ്ഞതെങ്കിലും കൂടുതൽ ഗൗരവമുള്ളതാണു് ആ ശബ്ദം) അമാത്യാ!—

ഉർവ:—ലേഖേ! എന്റെ നാഥൻ. എന്റെ പുരൂരവസ്സ്.

രണ്ടാം ശബ്ദം:—അമാത്യാ!—ഉൎവ്വശി ഇപ്പോൾ എന്തു ചെയ്കയായിരിക്കും?

ഒന്നാംശബ്ദം:—പ്രഭോ! നഷ്ടഭാഗ്യത്തെപ്പററി ചിന്തിച്ച്—

ര: ശ:—അമാത്യാ, ഉൎവ്വശി എന്നെ മറന്നുകഴിഞ്ഞിരിക്കുമോ?

ഒ: ശ:—ദിഗന്തവിശ്രാന്തകീൎത്തിയായ പുരുഷസിംഹമേ!

ര: ശ:—അമാത്യാ, ഉൎവ്വശി എന്നെ എന്നെങ്കിലും വെറുത്തുകളയുമോ?

ഒ: ശ:—രാജാധിരാജാ!—

ര: ശ:—ഉൎവ്വശി എന്നെ 'എന്റെ പുരൂരവസ്സ്' എന്നാണ് വിളിക്കുക. പാലാഴിയുടെ മകൾ, അമൃതത്തിന്റെ കൂടെപ്പിറപ്പ്! താരിൽതന്വിയുടെ അനുജത്തി. കുളൂർമതിയുടെ സോദരി—ഉൎവ്വശി!

ഒ: ശ:—ഉർവശിയും സ്ത്രീതന്നെയാണല്ലോ, പ്രഭോ!

ര. ശ:—എനിക്കവൾ ഉൎവ്വശി. എന്നൊന്നോക്കും ....... അവൾ എന്നെ വെറുക്കുമോ? ഹസിക്കുമോ? അവൾക്ക് എന്തു വേണമെങ്കിലും ആകാം. പുരൂരവസ്സിന്റെമേൽ ഏതധികാരവും ഉൎവ്വശിക്കു നടത്താം.........മധുരിമനിറഞ്ഞ ഉൎവ്വശീ! ചഞ്ചലയായ ഉൎവ്വശീ! പുരൂരവസ്സിന്റെ ഏകാന്തതകൾ നിനക്കു വേണ്ടി ചമച്ച ബാഷ്പസമുദ്രങ്ങളെ നീ കാണുന്നില്ലേ? നിന്റെ വേർപാടിന്റെ ക്രൂരാതപത്തിൽ മൂർഛിച്ചുവിഴുന്ന പുരൂരവസ്സിന്റെ ദിനരാത്രങ്ങളെ കാണുന്നില്ലേ? ജീവനുംജീവനായ ഉൎവ്വശീ! നിന്റെ സ്വർഗ്ഗത്തിൽ ഇരുന്ന് മനംമയക്കുന്ന ആ പുഞ്ചിരിതൂകി, കാഞ്ചനകാന്തി തിരളുന്ന കരവല്ലി നീട്ടി, നീ ഇപ്പോൾ ആർക്ക് മധു പകൎന്നുനൽകുകയായിരിക്കും? എന്റെ ഹൃദയംകൊതിച്ച മോഹനസ്വപ്നമേ' ഉൎവ്വശീ!—

ര: ശ:—മഹാപ്രഭോ, മഹ പ്രഭോ—ആരവിടെ രാജാവു് മൂർഛരിച്ചിരിക്കുന്നു. മഹാരാജാവിനു് ശീതോപചാരങ്ങൾചെയ്യുക. വേഗം, വേഗം.

ലേഖ:—ഉർവ്വശി! അരുതു്. കരയരുതു്. സ്വർഗ്ഗത്തിൽ കണ്ണുനീർ പതിയരുതു്. അയ്യോ!—

ഉർവ്വ:—എൻെറ പുരൂരവസ്സു്! ലേഖേ! എൻെറ പുരൂരവസ്സു് മൂർഛരിക്കുന്നു. ഞാൻ എന്തുചെയ്യും?

[ഒരു തുള്ളി കണ്ണുനീർ ഉർവ്വശിയുടെ കണ്ണിൽനിന്നും അടന്നു വീഴുന്നു—സ്വർഗ്ഗത്തിൽ പതിക്കുന്ന ആദ്യത്തെ കണ്ണുനീർത്തുള്ളി. പെട്ടെന്നു് സ്വർഗ്ഗം മുഴുവൻ ഒന്നു കിടുങ്ങുന്നു. സ്വർഗ്ഗത്തിൽ ഒരു ഭൂകമ്പം. സംഭ്രാന്തരായ അമരർ ബുദ്ധിയററു് ഓടിനടക്കുന്നു. അസുരസേനയാക്രമിച്ചെന്നു ഭയന്നു് അമരസ്ത്രീകൾ നിലവിളിച്ചുകൊണ്ടു് അഭയംതേടുന്നു. സംഭ്രാന്തി, സംഭ്രാന്തി. സ്വർഗ്ഗത്തിൽ സർവ്വത്ര സംഭ്രാന്തി. ദേവരാജൻെറ ശബ്ദം കേൾക്കാം: "ഉർവ്വശി! നീ എവിടെയാണു്?"

പെട്ടെന്നു് എട്ടുദിക്കുകളിൽനിന്നും ഒത്തൊരുമിച്ചുയന്ന ഒരു പ്രചണ്ഡശബ്ദം. ദിക്പാലകന്മാർ വിളിച്ചുപറയുകയാണു്: "കണ്ണുനീർ! അമരന്മാരേ! സ്വർഗ്ഗത്തിൽ കണ്ണുനീർ! വിപ്ലവത്തിൻെറ ആദ്യബീജം!"

ദേവരാജനും മുപ്പത്തുമുക്കോടി ദേവന്മാരും അത്ഭുതസ്തബ്ധരായി നിന്നുപോയി. സ്വർഗ്ഗത്തിൽ കണ്ണുനീർ! വിപ്ലവത്തിൻെറ ആദ്യബീജം!]

# ശകുന്തളയും പ്രേമയും

[ആശ്രമപരിസരത്തിൽ വസന്തശ്രീ വിളമ്പിനിന്നു. മധുരനിനാദങ്ങളെ മരക്കൊമ്പിൽ ഉണർത്തിക്കൊണ്ടു് പൈങ്കാററ് ചാഞ്ചാടി. ഇണതേടി കിളികൾ അന്യോന്യം ഗാനവർഷംചെയ്തു. സ്നേഹിതകൾ സൗന്ദര്യദർശനത്തിൽ ആത്ഭുതസ്തംബ്ധരായി അല്പസമയം നിന്നുപോയി.]

ശകുന്തള പറഞ്ഞു:—പ്രേമേ! ഈ വഴി നാം പലപ്പോഴും നടന്നിട്ടുണ്ടു്. എന്നാൽ ഈ ഒരു അപരിചിതമായ വികാരം— ഞാൻ ഇപ്പോൾ അറിയുന്നതു്, മുമ്പൊരിക്കലും എനിക്കുണ്ടായിട്ടില്ല. ഇവിടത്തെ സകലതും—ആ വൃക്ഷം, മരങ്ങൾ എല്ലാം എനിക്കു പരിചിതമാണു്. പക്ഷേ—എന്തോ ഒന്നു്— അത്യന്തം നൂതനമായ ഒരു വികാരം എന്നിൽ പ്രബലമാകുന്നു.

പ്രേമ:—ശകുന്തളേ! നിന്റെ ഈ വികാരവായ്പ്പ് ഒരു വ്യതിയാനത്തെ കുറിക്കയാണു്. സംസാരിക്കാൻ പഠിക്കുന്നതിനു മുമ്പ് നീ അർത്ഥശൂന്യമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു. നിനക്കിതു് (ഈ വികാരം) മനസ്സിലാകാൻ കാലതാമസമുണ്ടാകയില്ലെന്നു് എനിക്കു തോന്നുന്നു.

ശകു:—എനിക്കെന്തോ ഒരു ഭയം തോന്നുന്നു. ഇങ്ങനെ ല്ലാം തോന്നാനെന്തെന്ന് എനിക്കറിഞ്ഞുകൂടാ. എനിക്കു നീ മാത്ര മേ ഉള്ളൂ, വിശ്വസിക്കാൻ.

പ്രേമ:—എന്നാൽ നമുക്കകത്തുപോകാം. വസന്തക്കാററ് തണുക്കുന്നു.

ശകു:—ഇല്ലില്ല. ദയവുചെയ്ത് വേണ്ടാ. ഞാൻ വരില്ല. പക്ഷേ—എനിക്ക് എന്തോ ഒരു ഭീതി.

പ്രേമ:—നിനക്ക് പരിസരങ്ങളുടെ ആനന്ദം കണ്ട് കൺകുളുക്കണം; അല്ലേ? മധുരമായ ഈ അനുരഞ്ജനം! പ്രകൃതി യുടെ വിടന്ന ചുണ്ടുകളിൽ ചുംബിക്കുന്ന ചന്ദ്രൻ വികാരമൂർത്തരയു ടെ ആത്മവിസ്മൃതിയിൽനിന്നിയലുന്ന നിശ്ശബ്ദമായ ഈ മേളനം, ലയം! സഖി, നീ ആരിലോ പ്രേമബദ്ധയാണെന്ന് എനിക്കു തോന്നുന്നു.

ശകു:—പ്രേമമോ? വേണ്ടാ വേണ്ടാ. എനിക്കാരേയും പ്രേമിക്കണ്ടാ.

പ്രേമ:—പറയൂ ശകുന്തളേ! നിനക്കെന്തോണതിനോടി അപ്രി യം? ഞാൻ നിന്റെ മിത്രമല്ലേ? പറയൂ.

ശകു:—വിവാഹിതയാകുന്ന ദിവസം എനിക്ക് ഈ പരിചി തരംഗത്തോട്ട് യാത്രപറയേണ്ടിവരുമെന്നെനിക്കറിയാം. എന്നെ ഇവിടെനിന്നു കൊണ്ടുപൊയ്ക്കളയും. താതകണ്വനെ പിരിയാൻ എനിക്കു സാധിക്കയില്ല പ്രേമേ.

പ്രേമ:—നിന്റെ ആശയങ്ങൾ ബാലിശവും, വാദങ്ങൾ പ്രയോജനരഹിതങ്ങളുമാണ്:

ശകു:—അപ്പോൾ എന്നെ നീ വിശ്വസിക്കുന്നില്ലേ?

പ്രേമ:—സഹോദരി! നിശ്ചയമായും ഞാൻ വിശ്വസിക്കുന്നു ണ്ട്. പക്ഷേ—എനിക്കു സൃഷ്ടിരഹസ്യത്തെ അവിശ്വസിക്കാൻ സാധിക്കയില്ല. സ്നേഹിക്കാനും സ്നേഹഭാജനമാകാനുമുള്ള മധുര

മായ ആവേശംകൊള്ളൽ—അതു് യൗവനത്തിൻെറ കൂടെപ്പിറപ്പാണു്. നീ നിന്നെത്തന്നെ ഒന്നു നോക്കൂ, ശകുന്തളേ! നീ എന്തൊരു മധുരിമയാണു്!

ശകു:—പ്രിയപ്പെട്ട പ്രേമേ! നീ പലതും മറന്നു സംസാരിക്കുന്നു. ഓരോ ദിവസവും താതകണ്വൻ കൂടുതൽ വൃദ്ധനാവുന്നു. ഇപ്പോഴെപ്പോഴും അദ്ദേഹത്തിനു ഞാനരികിലിരുന്നു സംസാരിക്കണം.

പ്രേമ:—ശരിയാണു്; സഖി പക്ഷേ നീ ഓർക്കുന്നില്ലേ. താതകണ്വനു് നീ ഒരു ആകസ്മികമായി ലഭിച്ച നിധിയായിരുന്നു, ആകസ്മികമായി നീ അദ്ദേഹത്തിനു നഷ്ടപ്പെടുകയും ചെയ്യും. അതിൽ എവിടെയാണു് യുക്തിഭംഗം?........പിന്നെ നീ പോയാൽ താതകണ്വനു് മററൊരു മകളെ ലഭിക്കും. പ്രകൃതിക്കു തെററുപററില്ല. അവളുടെ ക്രമം തെററാറില്ല. പ്രിയപ്പെട്ട ശകുന്തളേ! ഞാൻ നിന്നോടു കനിവില്ലാതെ സംസാരിക്കയല്ല.

ശകു:—ഹാ! പ്രേമേ! എൻെറ വേർപാടിലും നിങ്ങളിതുപോലെ ആനന്ദിച്ചുതന്നെ കഴിയുമെന്നാണോ നീ സൂചിപ്പിക്കുന്നതു്? ആശ്രമത്തിലും ആരാമത്തിലും നൃത്തങ്ങളിലും വിനോദങ്ങളിലും നിങ്ങൾ എൻെറ കുറവറികയില്ലേ? പറയൂ പ്രേമേ! എന്നെ ഒന്നു സമാശ്വസിപ്പിക്കൂ.

പ്രേമ:—പ്രിയസഖീ! നിൻെറ അഭാവത്തിലായിരിക്കും നിന്നെപ്പററി ഞങ്ങൾ കൂടുതൽ ചിന്തിക്കുക—നിൻെറ ഭാഗ്യം, നിൻെറ പുതിയ ജീവിതം, നിൻെറ സൗഖ്യം ഇവയെ എണ്ണിയെണ്ണി ഞങ്ങളുടെ ചിന്തകളിൽ ഞങ്ങൾ ആനന്ദപുളകിതരാകും. ആ ചിന്തകളിൽ നിന്നെ ഒരു ഗൃഹിണിയായി വിഭാവനം ചെയ്യുമ്പോൾ എൻെറ ശകുന്തളേ! ഞാൻ സ്വയം വിസ്മൃതയായിപ്പോകുന്നു.

ശകു:—താതകണ്വൻ! എൻെറ വേർപാടു് അദ്ദേഹം സഹിക്കയില്ല. ഞാനെങ്ങും പോകയില്ല.

പ്രേമ:—ആ പൂക്കളെ നോക്കൂ. ഒരു കുളിരണിഞ്ഞ സുപ്രഭാതത്തിൽ തങ്ങളും വിടൎന്നു വിലസുമെന്നും അക്കാലം കഴിഞ്ഞാൽ നിറം മങ്ങി നിൎജ്ജീവമായി നിലംചേരണമെന്നും വാത്സല്യാധികൃതോടവർ ഒട്ടിപ്പിടിച്ചുനിന്ന ചെറുശാഖയിൽനിന്നു് അടൎന്നു് ഒരിക്കൽ അവകൾ നിലംപതിക്കേണ്ടിവരുമെന്നും എല്ലാം മൊട്ടായി വാണ നാളിൽതന്നെ ആ പൂക്കൾക്കറിയാമായിരുന്നു. പ്രകൃതിയെ ചെറുക്കാൻ അവയ്ക്കു വയ്യാ. അവ വികസിച്ചുകഴിഞ്ഞു. സഖി! വിടരാതെ കഴിയാൻ കൊതിച്ച ആ മലർമൊട്ടാണു നീ. പ്രകൃതിക്കെതിരായുള്ള നിന്റെ പരീക്ഷണം (വിപ്ലവം) വിഫലമാണു്. താതകണ്വൻ പരമവൃദ്ധനാണു്. നീ അദ്ദേഹത്തിനു വത്സലയമാണു്. പക്ഷെ, നിശ്ചയമായും നീ അദ്ദേഹത്തിനു് അപരിത്യാജ്യയല്ല; അദ്ദേഹം നിനക്കും അല്ല.

ശകു:—ഹാ! അദ്ദേഹമെന്നെ എങ്ങനെ സ്നേഹിക്കുന്നു!

പ്രേമ:—ഇല്ലെന്നു ഞാൻ പറയുന്നില്ല. ആ വാത്സല്യവാരിധിയെ ഞാനെപ്പോഴും പുകഴ്ത്തിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ സ്നേഹം ഉത്കടമാണു് ദിവ്യമാണു്. പക്ഷേ—അങ്ങനെ ഒരു ബന്ധം ഉയരേണ്ടതു് ആത്മാക്കളുടെ അവ്യാജമായ (ആത്മാൎത്ഥമായ) ഒരു അവധാരണത്തിൽനിന്നായിരിക്കണം.

ശകു:—എന്തു്? താതകണ്വനു് ഒരാത്മാവില്ലെന്നോ?

പ്രേമ:—നിന്റെ ആത്മാവുമായി സംപൂൎണ്ണമായ ഒരുബന്ധം സ്ഥാപിക്കാൻ കെല്പില്ലാത്ത ഒരു ആത്മാവു് അദ്ദേഹത്തിനുണ്ടു്. അന്യോന്യാവധാരണത്തിനു് അപ്രാപ്തമാണു് നിങ്ങളുടെ ആത്മാക്കൾ. കാലം പാകപ്പെടുത്തിയതാണു്, അദ്ദേഹത്തിന്റെ ആത്മാവു്. അതു പഴക്കപ്പെട്ടതാണു്, പഴകിപ്പോയതാണു്. അദ്ദേഹത്തിനു നിന്നോടു് ഒരു വാത്സല്യമുണ്ടു്. പക്ഷേ, പലപ്പോഴും നീ അതിൽ അസഹിഷ്ണുവാണു്.

ശകു:—ഞാനോ? നിശ്ചയമായും അദ്ദേഹത്തിന്റെ സകല പ്രവൃത്തികളെയും ഞാനാദരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കിനോ പ്രവൃത്തിക്കോ എതിരായി ഒരിക്കൽപ്പോലും ഞാൻ പരാതിപ്പെട്ടിട്ടില്ല.

പ്രേമ:—അതെ; അതുതന്നെയാണ് ഞാൻ പറയുന്നതു്. നിന്റെ വാത്സല്യംകൊണ്ടു് നീ നിന്നെ അദ്ദേഹത്തിനടിമപ്പെടുത്തുകയായിരുന്നു. പക്ഷേ, നിനക്കു് അദ്ദേഹവുമായി സുസ്ഥിരമായ ഒരു ബന്ധം, ഒരു ഹൃദയൈക്യം ഇല്ല. നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ശകുന്തളേ! എന്തിനാണ് മൂവന്തിവെളിച്ചത്തിന്റെ മയക്കത്തിൽ മന്ദഹസിച്ചുകൊണ്ടു് ആ മലർമൊട്ടു വിരിയുന്നതെന്നു്; നീലാംബരക്കോവിലിൽ പ്രതീക്ഷാന്മുഖനായി ആ ശശിലേഖ എന്തിനു് നിശ്ചലം നില്ക്കുന്നുവെന്നു്; നിശയുടെ അന്തിമയാമങ്ങളിൽ തന്നെത്താനറിയാതെ ആ പൈങ്കിളി എന്തിനങ്ങനെ പാടിപ്പോകുന്നുവെന്നു്? അവർ ആരാധിക്കുന്ന ഏതോ ഒന്നിനോടു് അവരുടെ ഹൃദയവേഴ്ചയുടെ നിസർഗ്ഗപ്രകടനങ്ങളാണവ. അതാ കൂട്ടിൽകിടക്കുന്ന ആ കിളിയെ നോക്കൂ അതും പാടുന്നുണ്ടു്—നാം ആവശ്യപ്പെടുമ്പോൾ. ഇല്ലേ? നീ അതിനെ പല ഗാനങ്ങളും പഠിപ്പിച്ചിട്ടുണ്ടു്. നീ അടുത്തുചെല്ലുമ്പോഴൊക്കെ പാടുന്നു. അതേ, അതും പാടുന്നു.

ശകു:—ഞാൻ പോയാൽ താതകണ്വൻ—

പ്രേമ:—സഖി! ഈ ആശയങ്ങളെല്ലാം ഒരു കള്ളക്കമ്മട്ടത്തിന്റെ സൃഷ്ടിയാണ്. ആരും മററാൾക്കു് അപരിത്യാജ്യമല്ല. ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ ഒരു സഹായദാനത്തിനായി സകലർക്കും രംഗപ്രവേശം ചെയ്യേണ്ടിവരും. അത്രമാത്രം. ഏതെങ്കിലും ഒരാളുടെ നിതാന്തസേവനം മറെറാരാൾക്കും ആവശ്യപ്പെടാവുന്നതല്ല. എന്തുകൊണ്ടെന്നാൽ ഒരാളും മറെറാരാളുടെ അധമനല്ല. നാം മറെറാരാൾക്കു് ഒഴിച്ചുകൂടാൻവയ്യാ എന്നൊരു ഒച്ചപ്പെരുപ്പമുള്ള കടംകഥയിൽ പലപ്പോഴും അങ്ങനെ വിശ്വസിച്ചു

സുഖിക്കാറുണ്ട്. അതു് നമ്മുടെ പ്രാധാന്യത്തിൽ നമുക്കു് വിശ്വസിക്കേണ്ടതുകൊണ്ടാണു്. പക്ഷേ, അതു് വ്യാജമാണു്. വെറും പൊള്ള.

ശകു:—ഞാൻ അദ്ദേഹത്തിന്റെ ജീവിതപന്ഥാവിൽ കൂട്ടമേന്നപോയി. അത്രയ്ക്കൂട്ടത്തുപോയി. ഇനി ഇത്രയുമൊക്കെ കഴിഞ്ഞതിനുശേഷം—പ്രിയപ്പെട്ട പ്രേമേ, എനിക്കെങ്ങനെ അദ്ദേഹത്തെ പിരിയാൻ സാധിക്കും? ഞാൻ പോയാൽ—എന്തൊരു ഭീമമായ ശൂന്യതയായിരിക്കും അദ്ദേഹത്തിനനുഭവപ്പെടുക!

പ്രേമ:—അതെനൊരു കാരണവും ഞാൻ കാണുന്നില്ല. എനിയ്ക്കുറിയാം, അങ്ങനെ സംഭവിക്കുകയില്ല. നോക്കു ശകുന്തളേ! അദ്ദേഹം ദിനംതോറും മെലിയുന്നു. പ്രായത്തിന്റെ ആക്രമണം തടയാൻ സ്വന്തം സംഗതിയിൽ അദ്ദേഹത്തിന്നു് സാധിച്ചിട്ടില്ല. ഉണ്ടോ? നിന്റെ വളർച്ചയെ പിന്നെ എങ്ങനെ തടയാൻ അദ്ദേഹത്തിനു സാധിക്കും? നിന്നിൽ അമർന്നുകിടക്കുന്ന അഭിലാഷസഹസ്രങ്ങൾ ഉണർന്നെഴുന്നേൽക്കുമ്പോൾ ശകുന്തളേ! താതകണ്വന്നു് വെറുംകൈയോടെ നില്ക്കേണ്ടിവരും. നിനക്കു് നല്കുവാൻ ഒന്നും അദ്ദേഹത്തിനുണ്ടാവില്ല. ആ അഭിലാഷങ്ങളുടെ മയക്കം കുറെ നാളുകൂടെ നീണ്ടുനിന്നേക്കാം. കുറേനാൾകൂടെ നിന്റെ കൃത്യബോധം അവയുടെ മുതുകത്തു് ഒരു ഭാരം കയററിവെച്ചേക്കാം. പക്ഷേ, ശകുന്തളേ കാലം അവയെ വിളിച്ചുണർത്തിക്കളയും. കാലം! കാലം! സൂക്ഷിച്ചുകൊള്ളു.

ശകു:—കാലം....... പ്രിയസഖി! ആ വിഷമഘട്ടം—നീയാണെങ്കിൽ—ആ വിഷമഘട്ടം എങ്ങനെയാണു് കടക്കുക?

പ്രേമ:—ധൈര്യമായി. പേടിക്കാതെ, ഒരു സ്ത്രീയെപ്പോലെ, ഒരു സ്ത്രീയുടെ ആത്മവിശ്വാസത്തോടെ, ഓർക്കു. ശകുന്തളേ, നിനക്കു തുണ നീ മാത്രമാണു്.

ശകു:—താതകണ്വനോടു് ഞാൻ എന്തു പറയും?

പ്രേമ:—അദ്ദേഹം ചോദിക്കയില്ല. അദ്ദേഹത്തിനറിയാം. പലതും കണ്ട കണ്ണുകളാണ്.

ശകു: - അദ്ദേഹത്തിൻെറ മുന്നിൽ ഞാൻ കുററക്കാരിയായി ല്ലോകും.

പ്രേമ:—ഒരിക്കലുമില്ല. അതായത്ത് ആക്കും ആ കുററപ്പെടുത്തലിന് അവകാശമില്ല; ആരും അതു ചെയ്യുകയുമില്ല; ഞാൻ ഉറപ്പുപറയുന്നു. ഉണ്ടാകേണ്ടതുണ്ടായില്ലെങ്കിൽ മാത്രമാണ് ആളുകൾ ആശ്ചര്യപ്പെടുക. സമാധാനമായിരിക്കു. വൈലക്ഷണ്യം ലോകത്തെ അസ്വാസ്ഥ്യപ്പെടുത്തും. പ്രകൃത്യനുസരണമായി ജീവിക്കു. ശകുന്തളേ! അയഥാൎത്ഥഭീതികളുടെ മായാവലയത്തിൽനിന്നും നീ അപ്പോൾ സ്വതന്ത്രയായി വിമോചിക്കപ്പെടും.

[പെട്ടെന്ന്, കാന്താരത്തിൽ അങ്ങകലെനിന്നും കേൾക്കായി, ഭയവിഹ്വലരായ മുനിശിഷ്യന്മാരുടെ മുന്നറിയിപ്പ്: "ആശ്രാമവാസികളേ! അഭയം തേടിക്കൊള്ളിൻ! പരിസരങ്ങളിൽ ദുഷ്ഷന്തരാജാവ് വന്യമൃഗങ്ങളെ വേട്ടയാടുന്നു."

പരിഭ്രാന്തരായ സഖികൾ, ആശ്രമോന്മുഖരായി ഓടിമറഞ്ഞു.]

# ലേഖനങ്ങൾ

# പുരോഗമനസാഹിത്യപ്രസ്ഥാനം

ഇത്രയധികം ശകാരങ്ങൾക്കു് മാറിടം കാട്ടേണ്ടതായിവന്നിട്ടുള്ള പ്രസ്ഥാനങ്ങൾ അത്രയേറെയുണ്ടെന്നു തോന്നുന്നില്ല. പുതിയതെന്നു തോന്നുന്നതിനോടും മനസ്സിലാകാത്തതിനോടും പ്രതിഷേധിക്കുവാനുള്ള മനോഭാവം സാധാരണമനുഷ്യൻെറ ഹീനസ്വഭാവങ്ങളിൽ ഒന്നാണു്. "നിങ്ങൾ ഇതൊന്നു മനസ്സിലാക്കാൻ ശ്രമിക്കണം" എന്നു് നാം ഒരാളോടു പറഞ്ഞാൽ, തൻെറ അജ്ഞതയെപ്പററി പെട്ടെന്നു് ബോധംവന്നുപോകുന്ന ആ ആൾ അങ്ങനെ അയാളുടെ അജ്ഞതയെ സൂചിപ്പിച്ചതിനു് പ്രതിഷേധിക്കാൻ തയ്യാറായിക്കഴിഞ്ഞു; ആ പ്രതിഷേധം സാധിക്കാൻ നാം ചൂണ്ടിക്കാണിക്കുന്ന പരമാർത്ഥത്തെ ശക്തിയുക്തം നിഷേധിച്ചുകഴിഞ്ഞു. അല്ലാതെ അതിനെ അവധാരണംചെയ്‌വാൻ ആത്മാർത്ഥമായ ഒരു ശ്രമംചെയ്യു എന്നു വരികയില്ല. ചിലൎക്കു് അവരുടെ പ്രാധാന്യത്തിലുള്ള വിശ്വാസം ചമയ്ക്കുന്ന അനൎത്ഥമാണിതു്.

സകലതിനേയും സംശയത്തോടെ വീക്ഷിക്കുവാൻ ശീലിച്ചിട്ടുള്ള അജ്ഞതയാണു് പുരോഗതിയുടെ ഒരു വലിയ ശത്രു. കേട്ടതഴമ്പിച്ചതുമാത്രം സത്യമെന്നു വിശ്വസിച്ചു് മനുഷ്യമസ്തിഷ്കത്തിൻെറ സ്വതന്ത്രചിന്തയ്ക്കുള്ള കഴിവിനെ അംഗീകരിക്കാത്ത ഒരു വലിയ വിഭാഗമുണ്ടു്—സ്ഥാപിതതാല്പൎയ്യങ്ങളുടേയും മാമൂലിൻേറയും ശവ

കല്ലറസൂക്ഷിപ്പുകാരായ ഒരുകൂട്ടം ആളുകൾ യാഥാസ്ഥിതികത്വത്തിൻെറ ധർമ്മഭടന്മാർ എന്നു സ്വയം വിശ്വസിക്കുന്ന ഇവർ പരമാർത്ഥത്തിൽ മരിച്ച നൂററാണ്ടുകളുടെ അജ്ഞത നിർമ്മിച്ച കൈവിലങ്ങും ധരിച്ച് പ്രകാശമാനമായ ഒരു ലോകത്തിലേക്കു കടക്കുന്ന ദയനീയരൂപങ്ങളാണ്. അവരുടെ രോഷപ്രകടനങ്ങളിൽ സഹതപിക്കാനല്ലാതെ മറെറാന്നിനും കാരണമില്ല.

പുരോഗമനസാഹിത്യപ്രസ്ഥാനത്തെ അപലപിക്കുന്ന പലരും പ്രസ്തുത പ്രസ്ഥാനത്തിൻെറ പ്രാഥമികപാഠങ്ങളിൽ പോലും അജ്ഞരാണെന്നുള്ളതാണ് അത്ഭുതകരമായ മറെറാരു വസ്തുത. "പുരോഗമനസാഹിത്യമല്ലേ? എഴുത്തച്ഛനെ ചീത്തപറയുകയാണവരുടെ ജോലി." "പുരോഗമനസാഹിത്യമോ? കുറെ തെണ്ടികളുടെ പേപറച്ചിൽ." "പുരോഗമനസാഹിത്യം മതവിദ്ധ്വംസകവും, ഈശ്വരദ്വേഷകവുമായ ഒരു പ്രസ്ഥാനമാണ്." "അതു ശുദ്ധകമ്മ്യൂണിസ്റ്റ് പ്രചരണതന്ത്രമാണ്." "ഭാരതീയസംസ്കാരത്തെ നിഷേധിക്കുന്ന ദ്രോഹബുദ്ധികളുടെ കൂട്ടുകെട്ട്." "സംസ്കൃതഭാഷയ്ക്കെതിരായി ഇംഗ്ലീഷറിയാവുന്നവരുടെ വിപ്ലവം." ഈ ലേഖകൻെറ ചെവിയിൽ കേട്ടിട്ടുള്ള നിരൂപണവാചകങ്ങളിൽ ചിലതു മാത്രമാണിവ. മനഃപൂർവ്വം തെററിദ്ധരിപ്പിക്കാനായി സത്യംചൊല്ലി പുറപ്പെട്ടുവിച്ചിട്ടുള്ള ഒരുകൂട്ടം ആളുകൾ, രാജ്യസ്നേഹത്തിൻെറയും, ഭാരതീയസംസ്കാരത്തിൻെറയും, മതത്തിൻെറയും, ഈശ്വരൻെറയും പേരുപറഞ്ഞ് പണ്ഡിതേതരന്മാരായ ഭൂരിപക്ഷത്തിൻെറ അജ്ഞതയെ ചൂഷണംചെയ്യുന്നതിൻെറ ഫലങ്ങളാണ് മുൻചൊന്ന വാചകങ്ങൾ.

ഈ പ്രശ്നങ്ങളുടെ ഉത്ഭവസ്ഥാനം എവിടമായിരുന്നാലും, ഉദ്ദേശം എന്തുതന്നെയായിരുന്നാലും, അവയ്ക്കെല്ലാം ശരിയായ ഉത്തരം നൽകുവാൻ പുരോഗമനസാഹിത്യകാരനു സാധിക്കും. അതു് അയാളുടെ ചുമതലയുമാണ്. വ്യഭിചാരത്തെയും പട്ടിണി

യേയുംപററി ഈരടികളെഴുതിയാൽ പുരോഗമനമാകുമോ? ഇതിനുമുമ്പുണ്ടായിരുന്നവരാരും ലോകം നന്നാകണമെന്നു പറഞ്ഞിട്ടില്ലേ? ഈ ചോദ്യങ്ങളും ചിലർ പുരോഗമനസാഹിത്യകാരന്മാരുടെ മുഖത്തേക്കു് എടുത്തെറിയാറുണ്ടു്. വ്യഭിചാരത്തെയും പട്ടിണിയെയുംപററി ഈരടികളെഴുതിയാൽമാത്രം പോരാ; അവയിൽ പുരോഗമനപരമായ ഒരാശയംകൂടെ കാണണം. അതാണു വ്യഭിചാരത്തെപ്പററി ധാരാളം വരികൾ എഴുതിയിട്ടുള്ള വെണ്മണിക്കവികളുടെ സാഹിത്യം പുരോഗമനവാദികൾ അവരുടെ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്താത്തതു്. പുരോഗമനപരമായ ഒരാശയത്തിൻെറപോലും അഭാവംകൊണ്ടുതന്നെയായിരിക്കും നമ്മുടെ ഭാഷയിൽ പണ്ടുമുതൽക്കേ സുപ്രതിഷ്ഠിതമായിത്തീർന്നിട്ടുള്ള 'വ്യഭിചാരക്കവിതകൾ' 'സരസശ്ലോകങ്ങൾ' എന്ന ബഹുമതി ആർജ്ജിച്ചു് സഹൃദയന്മാരുടെ സവിശേഷമായ ലാളനയ്ക്കു പാത്രീഭവിച്ചിട്ടുള്ളതും. ആവക കവിതകൾ വ്യഭിചാരത്തിൻെറനേക്കു് കുററപ്പെടുത്തുന്ന ഒരു വിരൽപോലും ചൂണ്ടിക്കാണിച്ചിട്ടില്ല. വ്യഭിചാരികളുടെ സാന്നിദ്ധ്യം സുസാദ്ധ്യമാക്കുന്നതു് സമുദായഘടനയുടെ ദൂഷ്യംകൊണ്ടാണെന്നുള്ള വസ്തുത സപ്രമാണം തെളിയിക്കാൻ ശ്രമിച്ചിട്ടില്ല. "സരസശ്ലോകങ്ങൾ" വ്യഭിചാരത്തിൽ മദോന്മത്തമായി ആർത്തുചിരിച്ചു രസിച്ചു; അത്രമാത്രം. ആരെയും കുററപ്പെടുത്താത്തതുകൊണ്ടു്, ആർക്കുമൊരു ഉപദ്രവമുണ്ടാകാത്തതുകൊണ്ടു്, ആവക കവിതകളുടെ രചയിതാക്കൾ കവിവര്യന്മാരായി ആരാധിക്കപ്പെടുകയുംചെയ്തു. പുരാണങ്ങളും മററു ചിന്തോദ്ദീപകങ്ങളായ കാവ്യങ്ങളും വ്യഭിചാരത്തെക്കുറിച്ചു് ഒന്നും പറഞ്ഞിട്ടില്ലേ എന്നു ചോദിച്ചേക്കാം. ഉണ്ടു്, ധാരാളം ഉണ്ടു്. ഭാരതീയസംസ്കാരത്തിൻെറ മകുടോജ്ജ്വലരത്നങ്ങളായ പല മതിമാന്മാരും വ്യഭിചാരത്തിൻെറ സന്തതികളാണെന്നു് അവ സ്ഥാപിച്ചിട്ടുണ്ടു്; പലരും അതിൽ ആമഗ്നരായി കൃത്യവിലോപം

വരുത്തിയ കഥകൾ പറഞ്ഞിട്ടുണ്ടു്. ദേവകാര്യത്തിനു വ്യഭിചാരം അഭിലഷണീയമായി കരുതിവന്ന വിവരം അറിയിച്ചിട്ടുണ്ടു്. അശ്ലീലങ്ങളായ പ്രത്യംഗവർണ്ണനകളും, സംഭോഗശൃംഗാരവിവരണങ്ങളുംകൊണ്ടു നിറംപിടിപ്പിച്ചിട്ടുണ്ടു്. പക്ഷേ, അതിനെപ്പററി ഒന്നും ആക്ഷേപമില്ല. അതെല്ലാം പഴയതാണു്. പുരാണമാണു്. അമ്മപെങ്ങന്മാർ വ്രതദിവസങ്ങളിൽ പാരായണംചെയ്യേണ്ടതാണു്.

പിന്നെ—വ്യഭിചാരത്തെ അപലപിച്ചിട്ടില്ലേ? അതും ഉണ്ടു്. വ്യഭിചാരികൾ നരകത്തിൽ പോകുമെന്നു ശപിച്ചിട്ടുണ്ടു്. വ്യഭിചാരം പാപമെന്നു് ഭത്സിച്ചിട്ടുണ്ടു്. ഇന്നത്തെ പുരോഗമനസാഹിത്യക്കാർ അതുവല്ലതും ചെയ്യുന്നുണ്ടോ? ഇല്ല. അവർ ആരെയെങ്കിലും ശപിക്കുന്നുണ്ടെങ്കിൽ ജീവിതവൃത്തിക്കുവേണ്ടി മാംസം വിൽക്കുന്ന ആ പെൺകോലങ്ങളെയല്ല, അവരെ അങ്ങനെ ആക്കിത്തീർക്കുന്ന സമുദായത്തെയാണു്. ആരെങ്കിലും നരകത്തിൽ പോകണമെങ്കിൽ അതു് ആ സമുദായമാണു് എന്നു സധൈര്യം പറയുന്നു. പുരോഗമനസാഹിത്യകാരന്മാർ പൗരാവലിയുടെ സാന്മാർഗ്ഗികബോധത്തെ നശിപ്പിക്കുന്നു എന്നു് വിങ്ങിവിങ്ങിക്കരയുന്ന മാന്യന്മാരേ! ഞങ്ങൾ ഏതാനും പേർ എന്തെങ്കിലും എഴുതിയെന്നു വിചാരിച്ചു പറന്നുപോകുന്ന നേരിയ അപ്പൂപ്പൻതാടിയാണോ നിങ്ങളുടെ സന്മാർഗ്ഗബോധം? കുഴപ്പം അവിടെയല്ല, സ്നേഹിതന്മാരേ, നിങ്ങൾ പുറകോട്ടു നോക്കേണ്ടിയിരിക്കുന്നു........

ഇനിയും കിടക്കുന്നു ഒരു കീറാമുട്ടിചോദ്യം. 'പണ്ടുണ്ടായിരുന്നവരൊന്നും ലോകം നന്നാവണമെന്നു പറഞ്ഞിട്ടില്ലേ?'—എന്നുവച്ചാൽ—പണ്ടുണ്ടായിരുന്നവരൊന്നും പുരോഗമനവാദികളായിരുന്നില്ലേ എന്നാണർത്ഥം. ഈ പ്രശ്നത്തിനു സമാധാനം പറഞ്ഞാൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിൻെറ മൗലികതത്വങ്ങളിൽക്കൂടെ ഒന്നു കണ്ണോടിക്കാൻ സാധിക്കുമെന്നുള്ളതുകൊ

ണ്ടുമാത്രമാണു്, മറവുതരത്തിൽ ഉത്തരമർഹിക്കാത്ത ഈ പ്രശ്നത്തിനും സമാധാനംനൽകാൻ തുനിയുന്നതു്.

പണ്ടുണ്ടായിരുന്നവർ പലരും ലോകം നന്നാവണമെന്നു പറഞ്ഞിട്ടുണ്ടു്. അതിനായി അവർ തോന്നിയ വഴിയിൽക്കൂടി യത്നിച്ചിട്ടുണ്ടു്. സകല മതസ്ഥാപകന്മാരും ലോകത്തെ നന്നാക്കാൻ ശ്രമിച്ചിട്ടുള്ളവരാണു്. പക്ഷെ, രണ്ടായിരമാണ്ടത്തെ വംശചരിത്രത്തിനുശേഷം ഇന്നു മാനവസമുദായം എന്തിനെയാണു് അഭിമുഖീകരിക്കുന്നതു്? ഭീകരങ്ങളായ സ്ഥിതിവ്യത്യാസങ്ങളിലേക്കു് ഇന്നത്തെ ലോകം വഴുതിവീണുപോയതു് എന്തുകൊണ്ടാണു്? അന്നത്തെ അവരുടെ നിർദ്ദേശങ്ങൾ ഇന്നത്തെ പരിഹാരങ്ങളാകാത്തതുകൊണ്ടുതന്നെ. രണ്ടായിരം വർഷങ്ങൾക്കു ശേഷം മനുഷ്യനു് ബോദ്ധ്യപ്പെട്ടുപോയി, ജീവിക്കയാണു് എല്ലാററിലും വലിയ കടമയെന്നു്. പ്രാപഞ്ചികമായ സകലതിനേയും നിഷേധിക്കാൻ ഉപദേശിക്കുന്ന യാതൊരു തത്വചിന്തയും ജീവിക്കേണ്ട മനുഷ്യനു് ഹസ്താവലംബം നൽകുകയില്ലെന്നുള്ളതു് സ്പഷ്ടമല്ലെ? 'ജീവിക്കു' എന്നു പറഞ്ഞു് സ്രഷ്ടാവു് വിഭവസമൃദ്ധമായ ലോകത്തിലേക്കു വിട്ട മനുഷ്യരോടു് അവർ തമ്മിൽ പിണങ്ങുമെന്നുകരുതി മതങ്ങൾ പറഞ്ഞു, 'ഒന്നിലും തൊട്ടുപോകരുതെ'ന്നു്. മതവിദ്വേഷമാണു് ഇപ്പറയുന്നതെന്നു് ദുർവ്യാഖ്യാനംചെയ്യുന്നവരോടു് എനിക്കു് ഒന്നും പറയാനില്ല, അവരോടു് ആരും ഒന്നും തന്നെ പറയണമെന്നില്ല. അവർ അതൊന്നും ശ്രദ്ധിക്കാതിരിക്കുന്നവരല്ല.

എന്തിലും സ്നേഹിതാ, ഒന്നു ചിന്തിച്ചുനോക്കു. എല്ലാം കർമ്മഫലമാണെന്നും, എല്ലാം വിധിയാണെന്നും സിദ്ധാന്തിക്കുന്ന ഒരാളെ നിങ്ങൾക്കു നിങ്ങളുടെ പട്ടിണിയുടെ ആവലാതിയുമായി സമീപിക്കുവാൻ സാധിക്കുന്നതാണോ? മാത്രവുമല്ല, നിങ്ങളിൽ തന്നെ രൂഢമൂലമായി നില്ക്കുന്ന ആ വിശ്വാസം, നിങ്ങളുടെ പട്ടിണിക്കെതിരായി ഒരു ശ്രമംചെയ്യാനുള്ള പ്രചോദനം നല്കാൻ ഉത

ക്കുന്നതാണോ? എല്ലാം കർമ്മഫലമെന്നു നിങ്ങൾ ദീർഘനിശ്വാസം ചെയ്യും, മായയാണെന്നു സമാശ്വസിക്കും, അത്രമാത്രം. ഇവിടെ ഒരു പൂർവ്വപക്ഷമുണ്ടാകാം. എനിക്കവരോടു പറയാനുള്ളതിത്രമാത്രം: മതസിദ്ധാന്തങ്ങളിൽ ആരോപിക്കപ്പെടുന്ന മഹനീയത, അവയുടെ ഉദ്ദേശശുദ്ധി ഇവയെ ഇവിടെ ചോദ്യംചെയ്കയല്ല. പക്ഷേ, മതം നിർമ്മിച്ചിട്ടുള്ള മൂല്യങ്ങളുടെ വിലയറിയാൻ സാധിച്ചിട്ടുള്ളതു് പാമരന്മാരുടെ ഭൂരിപക്ഷത്തിനല്ല; പണ്ഡിതന്മാരുടെ ന്യൂനപക്ഷത്തിനുമാത്രമാണു്. ഭൂരിപക്ഷത്തിനു മതഭക്തി, ചരിത്രസ്ഥിതികളെ വെല്ലുവിളിക്കുന്നതു പാപമാണെന്നു് ഒരു ബോധം ജനിപ്പിക്കുകമാത്രം ചെയ്തു. ആ ബോധം നശിക്കാതിരിക്കാൻ മതത്തേയും 'ഈശ്വര'നേയും കൈകാര്യം ചെയ്തവർ വേണ്ടതുപോലെ സൂക്ഷിക്കുകയും ചെയ്തിരുന്നു. അങ്ങനെ മതത്തെയും ദൈവത്തെയും സ്വാർത്ഥപൂരണത്തിനു ദുർവിനിയോഗംചെയ്തുവന്ന പുരോഹിതവർഗ്ഗവും രാജ്യതന്ത്രജ്ഞന്മാരും അജ്ഞതയിലും ദുരിതത്തിലും ഭൂരിപക്ഷത്തെനിലനിത്താൻ ഉദ്ദേശിച്ചു ചെയ്തുവന്ന കുപ്രചരണങ്ങൾ, ലോകത്തെ നന്നാക്കാൻ ഉദ്ദേശിച്ചവരുടെ വാദ്ഗകങ്ങൾകൊണ്ടുതന്നെ ലോകത്തിലെ കുഴപ്പങ്ങൾക്കു് ആണിക്കല്ലുകൾ നിർമ്മിച്ചു. സ്വതന്ത്രചിന്തയുടെ വാ മൂടികെട്ടാൻ മതാധിപന്മാർ ആജ്ഞാപിച്ചു. വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഭൂമി ഉരുണ്ടതാണെന്നു കണ്ടുപിടിച്ചതിന് ഗലീലിയോ തുറുങ്കിലടയ്ക്കപ്പെട്ടു. അച്ചടിയന്ത്രം കണ്ടുപിടിച്ചുനടത്തിയതു് പിശാചുമായുള്ള കൂട്ടുകെട്ടുകൊണ്ടാണെന്നു ഫ്റാൻസിലെ മതാദ്ധ്യക്ഷൻ രാജാവിനേയും ആളുകളെയും പറഞ്ഞിളക്കി. ഇങ്ങനെ സകല പുരോഗതിയുടേയും മുമ്പിൽ മതം ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ അതിൻെറ ബൃഹദാകാരം ഇറക്കിവെച്ചു.

ജീവിതത്തിൽനിന്നു് എന്തെങ്കിലും ആവശ്യപ്പെടുക പാപമാണെന്നും, ജനനാൽപ്രഭൃതിതന്നെ ചുററിയ പ്രതികൂലപരിസരങ്ങൾ തനിക്കു ദൈവകല്പിതമെന്നും, ആകയാൽ അവയെല്ലുതി

രായ യത്നം ദൈവവിരോധമെന്നും മതാധിപതികളും മററും പഠിപ്പിച്ച പാഠത്തിൽ വിശ്വസിച്ചുപോന്ന ജനതയെ മൂന്നു മഹാസംഭവങ്ങൾ ഉണർത്തിവിട്ടു. നവോത്ഥാനം അഥവാ പുതിയ വിജ്ഞാനദശ (The Renaissance) മതപരിഷ്കരണം (The Reformation) ഫ്രാൻസിലെ വിപ്ലവം (The Revolution) ഒരു പുതിയ ലോകവ്യവസ്ഥയ്ക്കുള്ള ആവേശംകൊള്ളൽ, പ്രതികൂല പരിസരങ്ങളെ തകർക്കാനുള്ള ഒരു മനോഭാവം അന്നുമുതൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി പഴയ ചിട്ടകളും പഴകിയ വിശ്വാസങ്ങളും തകർന്നുതുടങ്ങി. ആധുനികലോകത്തിൻെറ ചിന്താഗതിയിൽ വിപ്ലവംവരുത്തിയ ശാസ്ത്രഗ്രന്ഥങ്ങളുണ്ടായി. ആധുനികലോകത്തിൻെറ നിർമ്മാതാക്കളായ നാലു മഹാഗ്രന്ഥങ്ങളുണ്ടു്. ഒന്നു വേദപുസ്തകങ്ങളും പുരാണങ്ങളും പഠിപ്പിച്ച, ലോകോൽപത്തി മുതലായ പല സംഗതികളും കെട്ടുകഥകളാണെന്നു തെളിയിച്ചു. (ഡാർവ്വിൻെറ 'വർഗ്ഗങ്ങളുടെ ഉത്ഭവം' എന്ന ഗ്രന്ഥം) മറെറാന്നു് മനുഷ്യൻ സ്വാതന്ത്ര്യത്തിനു് അർഹനാണെന്നും, സമത്വം അവർ അവകാശപ്പെടേണ്ടതാണെന്നും ഉൽബോധിപ്പിച്ചു (റൂസ്സോവിൻെറ "സോഷ്യൽ കാൺട്രാക്ട്"). ഇനി ഒന്നു് ഒരുപടികൂടി മുന്നോട്ടുപോയി, മനുഷ്യസൃഷ്ടമായ ഒരു സ്വർഗ്ഗത്തെ ശാസ്ത്രീയമായി വിഭാവനംചെയ്യുന്നു. യത്നിക്കുക, മനുഷ്യൻെറ കഴിവിൽ വിശ്വസിക്കുക, തുല്യാവകാശങ്ങൾക്കും തുല്യസന്ദർഭങ്ങൾക്കുംവേണ്ടി യത്നിക്കുക. ആ സ്വർഗ്ഗം വരും എന്നതു പഠിപ്പിക്കുന്നു (മാർക്സിൻെറ 'ക്യാപ്പിററൽ'). ഇനിയൊന്നു്, അവനവനെത്തന്നെ അറിയുക എന്നു വേദാന്തികൾ പറയുന്നതിനെ അർത്ഥവത്താക്കുമാറുള്ള ഫ്റായിഡിൻെറ മനോമണ്ഡലവിശകലനങ്ങളാണു്. ഇവയെല്ലാംതന്നെ നിരൂപണാതീതമെന്നു് ആരും അഭിപ്രായപ്പെടുന്നില്ലെങ്കിലും, ഇവ സ്ഥാപിച്ച പൊതുതത്വങ്ങൾ, വിശ്വാസത്തെ അതിൻെറ പഴയ പീഠത്തിൽനിന്നിളക്കി പ്രതിഷ്ഠിച്ചു. ആ പൊതുതത്വങ്ങളിൽനിന്നു് പുറകോട്ടുപോകാൻ മനുഷ്യസമുദായത്തിനു് ഇനിയും സാദ്ധ്യവുമല്ല. ഇന്നു

ത്തെ ലോകം, കഷ്ടപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു ദൈവമാണുള്ളതെന്ന പുരോഹിതവർഗ്ഗത്തിന്റെ പേടിപ്പെടുത്തലിനുപകരം, മനുഷ്യന്റെ പ്രയത്നത്തിലും ഭാവിയിലും വിശ്വസിക്കുന്നു. മരണാനന്തരം മതാധിപന്മാർ ഒഴിച്ചുകൊടുക്കാമെന്നു് ഏററിട്ടുള്ള സ്വർഗ്ഗത്തെ വീഞ്ഞിനല്ല, ആധുനികലോകം, ജീവിക്കാനാണു് ഇന്നു് ഒരുമ്പെടുന്നതു്. ഇന്നു് മാനവസമുദായത്തിൽ ബഹുഭൂരിപക്ഷത്തിനു് ജീവിതം ദുരിതപൂർണ്ണമാക്കുന്നതു് സാമുദായികവും, രാഷ്ട്രീയവും ഒട്ടുവളരെ സാമ്പത്തികവുമായ അസമത്വങ്ങളാണു് എന്നതും സ്പഷ്ടമാണു്. ഇവയുടെ പരിഹാരാർത്ഥം മാനവസമുദായത്തിന്റെ ചെവിക്കു തൂക്കിയെടുത്തു് ഒന്നാംശതകത്തിലേക്കു് തിരിച്ചുകൊണ്ടുപോകാനും സാദ്ധ്യമല്ല. ഇതൊക്കെയാണു് മതവിദ്വേഷമെന്നു്, ചില കുസൃതിക്കാർ കൊണ്ടാടുന്നതു്. മതം പഠിപ്പിച്ചിട്ടുള്ള ഏററവും മഹത്തായ തത്വത്തിലേക്കു് ലോകത്തെ തിരിപ്പിക്കാനാണു്, പരമാർത്ഥത്തിൽ ഇന്നത്തെ ചിന്തകന്റെ യത്നം. ആ ശ്രമത്തിൽനിന്നു് ഒഴിഞ്ഞു മാറിനില്ക്കാൻ, മനുഷ്യസ്നേഹിയെന്നനിലയിൽ മനുഷ്യമനസ്സിനെ ചലിപ്പിക്കാൻ കഴിയുന്ന ഏററവും ശക്തമായ ആയുധം സ്വാധീനമുള്ള സാഹിത്യകാരനു സാദ്ധ്യമല്ല.

മാത്രവുമല്ല, ഇന്നത്തെ സാഹിത്യകാരൻ കലാസൃഷ്ടി സാധിക്കുവാൻ ആശ്രയിക്കുന്നതു് ഈ വിജ്ഞാനയുഗം പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയസത്യങ്ങളെയാണു്, പഴയ അന്ധവിശ്വാസങ്ങളെയല്ല. സിംഹത്തിന്റെമുന്നിൽ മസ്തകം കുനിച്ചുകൊടുക്കുന്ന ഗജരാജനും, ചന്ദ്രകാന്തക്കല്ലും, കല്പവൃക്ഷവും അവന്റെ കാവ്യങ്ങളിൽ കാണുകയില്ല. എപ്പോഴും അവന്റെ കഥാപാത്രം മനുഷ്യനായിരിക്കും. മനുഷ്യന്റെ വികാരമണ്ഡലത്തെ വിശകലനം ചെയ്ത ശാസ്ത്രത്തെ ഒരിക്കലും അവൻ വിസ്മരിച്ചു് "മാതൃകാമഹാരഥന്മാരെ" സൃഷ്ടിക്കാൻ ഉദ്ദേശിക്കയില്ല. സാഹിത്യം ലോകത്തെ വിസ്മരിപ്പിക്കുന്ന ഒരു കഞ്ചാവുലേഹ്യം ആകാൻ അവൻ അനുവ

ദിക്കയില്ല; ലോകത്തിന്റെ ചെളിക്കുഴികളിലേക്കു താഴ്ന്നുമുങ്ങി, അവയുടെ യഥാർത്ഥരൂപങ്ങൾ കണ്ടെടുത്തു പ്രദർശിപ്പിക്കാനുള്ള ഒരു മാർഗ്ഗമായാണ് അവർ സാഹിത്യത്തെ കരുതുന്നതു്. ജീവിതവുമായി അത്ര അടുക്കുന്നവനാണ് പുരോഗമനസാഹിത്യകാരൻ. എല്ലാം വെളിച്ചപ്പെടുത്തുക; തെറ്റുകൾ തിരുത്തപ്പെടും എന്ന് അവൻ വിശ്വസിക്കുന്നു. ഭാരംകൂടിയ വാക്കുകൾ കൂട്ടിയിട്ട് കിലുക്കി ഒച്ചയുണ്ടാക്കാൻ പുരോഗമനസാഹിത്യകാരൻ ശീലിക്കുകയില്ല.

ഇനിസാഹിത്യവും രാഷ്ട്രീയ—സാമ്പത്തികക്കുഴപ്പങ്ങളുമായി വല്ല ബന്ധവുമുണ്ടായാൽ അതു പണ്ഡിതസമ്മതിനേടാൻ അർഹയുള്ളതാകുമോ? അഥവാ കേരളക്കരയിലെ പണ്ഡിതർ അതു സമ്മതിക്കുമോ? "നാഗരാർണ്ണവശൈലർത്തു—" എന്നു വർണ്ണനയ്ക്കു വിഷയങ്ങൾ നിർണ്ണയിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. നായകൻ ധീരോദാത്തൻ, ധീരലളിതൻ തുടങ്ങി നൂററിൽചില്വാനം തരത്തിലാകാമല്ലോ. ആകാശത്തിലാണെങ്കിൽ ദേവലോകം, അപ്സരലോകം, ചന്ദ്രൻ, നക്ഷത്രം, മധു, ഉർവ്വശി; ഭൂമിയിലാണെങ്കിൽ താമര, നികുഞ്ജം, വസന്തം, കാമിനി, നിതംബം ഇവയിലെല്ലാം ഉല്ലാസമായി, ഉച്ഛൃംഖലമായി, ഉന്മത്തമായി, തകക്കാവുന്ന ഭാവനയെ എന്തിന് റോഡരികിലെ വേശ്യ, അയലത്തെ പട്ടിണിക്കാരൻ, റിക്ഷാക്കാരൻ പപ്പു, മജീദ്, അവന്റെ വാപ്പാ എന്നീ നികൃഷ്ട സംഗതികളിലേക്കു തിരിച്ചുവിടണം? സിതാശ്വങ്ങളെ പൂട്ടിയ രഥങ്ങളിൽ പരിവാരസമ്മേതം മൃഗയാവിനോദങ്ങളിലേർപ്പെടുകയും മാണ്ഡവ്യസമേതനായി പ്രവേശിച്ച് ആളീജനമദ്ധ്യത്തിൽവെച്ചു മഹിഷിയെ 'ഗൃഹസ്ഥാശ്രമധർമ്മങ്ങൾ' അഭ്യസിപ്പിക്കയും ചെയ്യുന്ന രാജാക്കന്മാരെ വിട്ട്, തെണ്ടികളെയും നാറികളെയും തൊട്ടപ്പോൾ ചരായ് സാഹിത്യകാരന്റെ തൂലികയ്ക്കു് ഭ്രഷ്ടു തന്നെ കല്പിക്കണം!

എരിയുന്ന നക്ഷത്രങ്ങളെവിട്ടു വിശക്കുന്ന മനുഷ്യനിലേക്കു കവിഭാവന മടങ്ങിയപ്പോൾ എന്താണ് ഈ പ്രതിഷേധപ്രപഞ്ചവാതം ഉത്ഭവിക്കുവാൻ കാരണം? മനുഷ്യന്റെ കാര്യം മാത്രം

പറയുന്ന എന്നതാണ് പരമാർത്ഥത്തിൽ പുരോഗമനസാഹിത്യകാരനോടുള്ള വൈരത്തിന്റെ അടിസ്ഥാനം. ഭാവന മഹാമേരുശിഖരങ്ങളിലും, മാനസസരസ്സിലും ഹരിണപ്രയാണംചെയ്ത കാലത്ത് സഹൃദയഹൃദയങ്ങൾ അതിൽ ആനന്ദോന്മത്തമായിത്തീന്നു. ഇന്നത്തെ കലാകാരന്മാക്ക് എന്തുകൊണ്ടു രസിപ്പിക്കാനുള്ള ആ കഴിവ് മൊത്തമായി നഷ്ടപ്പെട്ടുപോയി? കല ആനന്ദസന്ദായകമല്ലേ? പുരോഗമനസാഹിത്യം എന്നുവെച്ചാൽ വെറും നിലവിളിയല്ലേ? (അല്ല എന്നുതന്നെയാണ് അതിന്റെ ഉത്തരം.) നിലവിളി എങ്ങനെ ആനന്ദദായകമാകും? ഈ ചോദ്യങ്ങൾ കേൾക്കുമ്പോൾ ചിരിവന്നുപോകും. ആരാണ് ഈ ചോദ്യം ചോദിക്കുന്നത്? ഋതുവ്യത്യാസങ്ങളനുസരിച്ചുണ്ടാകുന്ന ശരീരാസ്വാസ്ഥ്യങ്ങളെക്കൊണ്ടു വലഞ്ഞ് സീതാവിരഹത്തിൽ ദുഃഖിതനായ ശ്രീരാമന്റെ വിലാപം ഉൾക്കൊള്ളുന്ന നാലുഡസൻ ശ്ലോകം കാണാതെചൊല്ലാൻ കഴിവുള്ള നിങ്ങൾ (രാമായണം ചമ്പു), കാട്ടിൽപെട്ടു കാമാർത്തയായി കേഴുന്ന ദമയന്തിയുടെ കണ്ണുനീരിൽ കാവ്യസൗന്ദര്യം ആസ്വദിച്ച നിങ്ങൾ, (നൈഷധംചമ്പു) ഗാന്ധാരീവിലാപത്തിൽ അകമലിഞ്ഞുപോയ നിങ്ങൾ!!! അന്നു ഗാന്ധാരി കരഞ്ഞപ്പോൾ നിങ്ങൾക്കു പറയാമായിരുന്നു, 'ഭേഷ്! ആ ശ്ലേഷം എത്ര നന്നായിരിക്കുന്നു!' അല്ലെങ്കിൽ ദമയന്തി കരഞ്ഞപ്പോൾ, 'നിതംബിനി—ആ പ്രയോഗം നന്നായിരിക്കുന്നു.' നടക്കാനുള്ള അവളുടെ പ്രയാസം വ്യംഗ്യമായി കാണിച്ചുതരുന്നില്ലേ? അതാണു ഔചിത്യം.

പുരോഗമനസാഹിത്യകാരന്റെ ഒരു നായിക വിലപിച്ചാൽ സഹൃദയന്റെ മട്ടു മാറും. (അതിൽ ഒരു ശ്ലേഷം പോലുമില്ല!) കാരണമോ?— അവളുടെ ഓരോ കണ്ണുനീർത്തുള്ളിയും ഓരോ കുററപ്പെടുത്തലാണെന്നു നിങ്ങൾക്കറിയാം. അസമത്വം അസ്വാതന്ത്ര്യം എന്നീ ദുരാചാരങ്ങൾക്കെതിരായുള്ള വിപ്ലവത്തിന് അതു് ബീജാവാപചെയ്യുന്നുവെന്നു നിങ്ങൾക്കറിയാം. അനുപദം ശോകപൂർണ്ണമായ ഭവഭൂതിയുടെ ഉത്തരരാമചരിതത്തിൽ കാവ്യസൗന്ദര്യമാസ്വദി

ക്കാൻ കഴിഞ്ഞ നിങ്ങൾക്കു്, അല്ലെങ്കിൽ എന്തുകൊണ്ടു മനസ്സിലാകുന്നില്ല, നിലവിളിയല്ല കാവ്യസ്വാദനത്തിന്റെ പ്രതിബന്ധമാകുന്നതെന്നു്?........

അപ്പോൾ, എന്താണു പുരോഗമനസാഹിത്യപ്രസ്ഥാനം? മനുഷ്യസ്നേഹികളായ സാഹിത്യകാരന്മാരുടെ കൂട്ടുകെട്ടു്, എന്നു മാത്രമാണു എനിക്കതിനെ നിർവചിക്കാൻ സാധിക്കുന്നതു്. സാഹിത്യം മാനുഷികമായിരിക്കണമെന്നു പുരോഗമനസാഹിത്യകാരൻ വിശ്വസിക്കുന്നു. തുഹിനധവളങ്ങളായ കൈലാസശൃംഗങ്ങളെവിട്ടു് അന്യായത്തിന്റേയും അസമത്വത്തിന്റേയും ചേറുപുരണ്ട ഇന്നത്തെ ലോകത്തിന്റെ മണ്ണിൽതന്നെ കാലുറച്ചു നിൽക്കുന്നവനാണു പുരോഗമനസാഹിത്യകാരൻ. രണ്ടായിരം വർഷങ്ങളായുള്ള മാനവചരിത്രത്തിന്റെ പരിണതഫലമാണു് പുരോഗമനസാഹിത്യം. രണ്ടായിരം വർഷങ്ങളായി, ഉയരാൻ ശ്രമിച്ച മാനവസമുദായത്തിന്റെ തെററുകളിലും നേട്ടങ്ങളിലുംനിന്നു് ആധുനികലോകത്തിനു ലഭിച്ച പാഠമാണു് പുരോഗമനസാഹിത്യപ്രസ്ഥാനം. പഴയതിനെ നിഷേധിക്കുകയല്ല പുരോഗമനസാഹിത്യകാരന്റെ ജോലി. അഖിലലോകപുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ശാഖയായ കേരള പുരോഗമനസാഹിത്യപ്രസ്ഥാനം, കേരളീയരുടെ മഹനീയമായ പാരമ്പര്യത്തേയും, സംസ്കാരത്തേയും അറബിക്കടലിൽ താഴ്ത്താൻ ശ്രമിക്കയാണെന്നു തെററിദ്ധരിച്ചു് ആ തെററിദ്ധാരണയുടെ പേരിൽ കുപ്രചരണം നടത്തുകയാണു് ഒരു കൂട്ടം ആളുകളുടെ ജോലി. ഭൂതകാലത്തെ പഠിക്കുക, വർത്തമാനത്തെ വിമർശിക്കുക, ഭാവിയെ ചമയ്ക്കുക, എന്ന ആദർശം സ്വീകരിച്ചിരിക്കുന്ന പുരോഗമനസാഹിത്യകാരനു് എങ്ങനെയാണു് അവന്റെ പാരമ്പര്യത്തെ നിഷേധിക്കാൻ സാധിക്കുന്നതു്? അയാൾ പറകയില്ലായിരിക്കും, വടക്കൻപാട്ടുകളോ, 'തമിഴ്'കളോ (ചാക്യാന്മാർ കൂത്തുപറയാൻ ഉപയോഗിക്കുന്ന ഗദ്യപ്രബന്ധങ്ങൾ) ആണു് ലോകത്തിനു പ്രദർശിപ്പിക്കാവുന്നതിൽ ഏററവും മഹനീയമായ

മാതൃകകളെന്നു്. പുരോഗമനസാഹിത്യകാരനു പഴയതിനെപ്പററി വല്ലതുമറിയാമോ? അവൻ ഗവേഷണം ചെയ്തിട്ടുണ്ടോ? ഒരു വില്ലടിച്ചാംപാട്ടിൻെറ വരിപോലും കണ്ടെടുത്തിട്ടുണ്ടോ, എന്നൊക്കെയാണു് ചില സാഹിത്യവ്യവസായികളുടെ ചരിച്ചുനോട്ടത്തിൻെറ വ്യംഗ്യം. പഴയതുമാത്രം പഠിച്ചു്, പഴയതിൽ മാത്രം ജീവിക്കുന്നവർ ശവപ്പെട്ടിയിൽ ഇരിക്കുന്ന ജീവനുള്ള സത്വങ്ങളാണു്. അവർ, അവർ ജീവിക്കുന്ന കാലത്തെയും അതിൻെറനേട്ടത്തെയും തദ്വാരാ അവക്കു ജീവിക്കുവാനുള്ള ധാർമ്മികമായ അവകാശത്തെയും നിഷേധിക്കുന്നവരാണു്. പുരോഗമനസാഹിത്യകാരൻ ജീവിക്കുന്നവനാണു്, ജീവിതത്തെ ചമയ്ക്കുന്നവനാണു്. അവനു് അവൻെറ ഭൂതകാലത്തെ വിസ്മരിക്കുക സാദ്ധ്യമല്ല. എല്ലാം പഠിക്കുകയും, വിമർശിക്കുകയും സൃഷ്ടിക്കുകയും ചെയ്കയാണവൻെറ ജോലി.

പുരോഗമനസാഹിത്യപ്രസ്ഥാനം കമ്മ്യൂണിസ്റ്റ് പ്രചരണസംഘമാണെന്നു് ചിലർ ഉദ്ഘോഷിക്കുന്നതും അവർ സ്വപ്നംകണ്ട ചില അബദ്ധങ്ങളെമുറുകെപ്പിടിച്ചുകൊണ്ടാണു്. കമ്മ്യൂണിസ്റ്റുകളോടു് ലെനിൻചെയ്തിട്ടുള്ള ഉപദേശങ്ങൾ പഠിച്ചാൽ കമ്മ്യൂണിസ്റ്റ് പ്രചരണോദ്ദേശത്തോടുകൂടിയ കമ്മ്യൂണിസ്റ്റ്സാഹിത്യത്തിൻെറ ലക്ഷണങ്ങൾ എന്തെല്ലാമാണെന്നു പഠിക്കാൻ കഴിയും. പുരോഗമനസാഹിത്യകാരനായ എം. എസ്. ദേവദാസു് ഒരു കമ്മ്യൂണിസ്റ്റാണു്. പുരോഗമനസാഹിത്യകാരനായ മഹമ്മദ് അബ്ബാസ് ബോംബേക്രാണിക്കിൾപത്രത്തിൽ കമ്മ്യൂണിസ്റ്റ്കളുടെ രാഷ്ട്രീയനയത്തെ നിശിതമായി വിമർശിച്ചുകൊണ്ടു ഓരോകാളം എഴുതുന്നയാളുമാണു് ഭൗതികവാദികളുടെ ഒരു ദുഷിച്ചകൂട്ടുകെട്ടാണു് പുരോഗമനസാഹിത്യപ്രസ്ഥാനം എന്നു കൂകിവിളിക്കുന്നവർ ടാഗോറും, റൊമൈൻറോളണ്ടും, (Romain Roland) നെഹ്റുവും, ദുഷിച്ച ഭൗതികവാദികളാണെന്നു് ആദ്യം സ്ഥാപിക്കണം.

ഇന്നു്, ഉത്തരവാദിത്വബോധമില്ലാതെ മിടുക്കു നടിക്കുന്ന ഒരുകൂട്ടം ആളുകൾ എല്ലാവഷളത്തത്തിനേയും കൈചൂണ്ടിക്കാണിച്ചു്

പറയുന്നുണ്ട്, "കണ്ടോ, ഇതാണ് ഇവൻെറയൊക്കെ പുരോഗമന സാഹിത്യം." അവരോടും മററെല്ലാവരോടും എനിക്കു പറയാനുള്ളത് ഇന്നത്തെ ലോകത്തിനർപ്പിക്കാവുന്ന ഏററവും ഹൃദയാകർഷകങ്ങളായ മാതൃകകൾ പുരോഗമനസാഹിത്യഗ്രന്ഥങ്ങളാണെന്നുള്ളതാണ്.

സ്വപ്നങ്ങൾക്കു വേണ്ടിയല്ല, അയഥാർത്ഥങ്ങൾക്കുവേണ്ടിയല്ല, പിത്തംപിടിച്ച മ്ലാനതയ്ക്കുവേണ്ടിയല്ല, യാഥാർത്ഥ്യങ്ങൾക്കുവേണ്ടി, മനുഷ്യനുവേണ്ടി, ജീവിതത്തിനുവേണ്ടി നിലകൊള്ളുന്നതാണ് പുരോഗമനസാഹിത്യപ്രസ്ഥാനം. അതു് അക്രമങ്ങൾക്കെതിരായി അട്ടഹസിക്കും, അസമത്വങ്ങളെ തകർത്തുവീഴ്ത്തുന്ന വാളിളക്കും, മൃദുലകരാംഗുലികളാൽ, നൊമ്പരപ്പെട്ടുപോയവൻെറ വേദന തലോടും എല്ലാററിനും ഉപരിയായി പുരോഗമനസാഹിത്യം മനുഷ്യസ്നേഹിയാണ്. അതിൽ രക്തത്തിൻെറ നിറം കലർന്നുപോകും. കണ്ണുനീരിൻെറ നനവു വന്നുപോകും. സ്വാതന്ത്ര്യമേ! നിൻെറ വെളിപാടുകൊള്ളലിനു് എന്തു് അർത്ഥമാണുള്ളതു്?

# എഴുത്തച്ഛനും മലയാളസാഹിത്യവും

എഴുത്തച്ഛൻെറ പേരിനു ചുററുമുണ്ടായിക്കൊണ്ടിരിക്കുന്ന ശബ്ദകോലാഹലത്തിൽ എൻെറ ശബ്ദംകൂടെ കേൾപ്പിക്കണമെന്നുള്ള നിർബ്ബന്ധംകൊണ്ടെഴുതുന്നതല്ല. സ്വന്തം ശബ്ദം കേട്ടുകൊണ്ടിരിക്കുന്നതിൽ പ്രണയബദ്ധനാകുന്നതുപോലെയുള്ള ഒരു രസം ചിലർക്കുണ്ട്. അതു മനസ്സത്വശാസ്ത്രപ്രകാരം ഒരു വൈലക്ഷണ്യമാണ്. ഈ രോഗത്തിൻെറ പേർ ഇംഗ്ലീഷിൽ 'Self love' എന്നാണ്. മനുഷ്യൻ അവനോടുതന്നെ പ്രണയബദ്ധനായാലുള്ള കുഴപ്പമാണിതു്. ശബ്ദത്തിലാണ് അദ്ദേഹത്തിൻെറ ആനന്ദം എന്നു പറഞ്ഞല്ലോ. ഒരു കുയിൽവാണിയെക്കൊണ്ടു് ഗാനാലാപം ചെയ്യിച്ചുകൊള്ളു. ഒരു വാഗ്മിയെക്കൊണ്ടു് പ്രഭാഷണം നടത്തിക്കൊള്ളു. ഒരു മല്ലവീരനെക്കൊണ്ടു് ഗർജ്ജിപ്പിച്ചുകൊള്ളൂ. അതിലൊന്നും അദ്ദേഹത്തിനു് ആനന്ദമില്ല. ഗാനമദ്ധ്യത്തിൽ ഈ ഗന്ധർവ്വവൈരി സ്വന്തം ഗർദ്ദഭസ്വരത്തിലും, പ്രഭാഷണമദ്ധ്യത്തിൽ ഈ അക്ഷരശൂന്യൻ സ്വന്തം ആഭാസഭാഷണത്തിലും, മല്ലഗർജ്ജനമദ്ധ്യത്തിൽ ഈ മശകം തൻെറ പ്രഹരാന്വേഷിയായ മൂളിപ്പാട്ടിലും ആയിരിക്കും ആനന്ദമടയുന്നതു്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ ആനന്ദം അദ്ദേഹത്തിൻെറ ശബ്ദം കേൾക്കുന്നതിലാണ്. നിങ്ങളുടെ ശബ്ദം കേൾക്കുന്നതിലല്ല.

സഹിക്കാവുന്ന ദാഹമേയുള്ളുവെങ്കിൽ നാം നല്ല ജലം ആരായും. മുമ്പിൽ കാണുന്ന ജലം നല്ലതോ ചീത്തയോ എന്നു വികാരാവേശംകൂടാതെ പരിശോധിക്കും. പക്ഷേ, അത്രകണ്ട് അസഹനീയമായ പിപാസയാണെങ്കിൽ അവിടെ ചിന്തയില്ല. നന്മതിന്മകളെപ്പററി നോട്ടമില്ല. സകലത്തും തട്ടിത്തകക്കുന്ന ഒരാവേശംമാത്രം. ആ ചളിവെള്ളം രണ്ടു കൈകൊണ്ടും കോരി കുടിക്കും. മുൻപൊന്ന ശബ്ദപ്രണയികളുടെ കാര്യവും ഇതുപോലെയാണു്. ചിന്തയില്ല; ന്യായാന്യായവിചാരമില്ല. സ്വന്തം ശബ്ദം കേൾക്കാനുള്ള ദാഹം അത്ര കലശലാണു്. എന്തുചെയ്യാം!

സ്വിസ് ചിന്തകനായ എമിയേൽ (F. Amiel) ചോദിക്കുന്നു-- "Is not responsibility the ultimate root of the being of man?" എന്നു്. മനുഷ്യന്റെ പരിഷ്കാരം തികഞ്ഞ ഉത്തരവാദിത്വബോധം എന്ന പരമമായ ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണെങ്കിൽ; സംസ്കാരത്തിന്റെ അധിഷ്ഠാനം ഉത്തരവാദിത്വബോധമാണെങ്കിൽ—ചപലജല്പനങ്ങളുടെ കേദാരമായ ഈ മാനസികരോഗിയെ നാം എങ്ങനെയാണു വീക്ഷിക്കേണ്ടതു്?

ബർനാഡ്ഷായുടെ ഒരു പ്രസിദ്ധവാചകമുണ്ടു്: "Morality consists in suspecting other people of not being legally married." ചിലക്കു് എങ്ങനെയോ ഒരു ബോദ്ധ്യമുണ്ടായിട്ടുണ്ടു്, അവനവന്റെ പാണ്ഡിത്യത്തെ തെളിയിക്കാനുള്ള എളുപ്പവിദ്യ, മററുള്ളവരെ അനാവശ്യമായി അപലപിക്കയാണെന്നു്. എന്തബദ്ധം! അവർ വിജയികളാവുന്നതു് സ്വന്തം ഉപരിപ്ലവബുദ്ധിയെ സ്പഷ്ടീഭവിപ്പിക്കുന്നതിൽമാത്രമാണു്.

എഴുത്തുകാരനെപ്പററി ശ്രീ കേശവദേവ് മുമ്പാരും പറഞ്ഞിട്ടില്ലാത്ത എന്തൊക്കെയോ വാചകങ്ങൾ പറഞ്ഞു. അതു് ഒരു നശിച്ച മുഹൂർത്തത്തിന്റെ പ്രേരണയായിരുന്നു. പിറേറദിവസംമുതൽ

പത്രപംക്തികളിൽ പ്രചണ്ഡമായ പ്രതിഷേധാട്ടഹാസങ്ങൾ മുഴങ്ങി. 'നയാഗ്രാ'പോലെ ഭയാനകമായ ഒരു വെള്ളച്ചാട്ടം! പക്ഷെ ആ നിരൂപകന്മാർ ആരും ശ്രീ: ദേവിൻെറ വാചകങ്ങളെ ന്തെന്നോ, ഏതു പരിതഃസ്ഥിതികളിൽ അവ ഉച്ചരിക്കപ്പെട്ടെന്നോ ആരാഞ്ഞതായി തോന്നുന്നില്ല. മലയാളരാജ്യത്തിൽതന്നെ ശ്രീ: ദേവ് അദ്ദേഹത്തിൻെറ വാചകങ്ങളെ സുവ്യക്തമായ രീതിയിൽ, സവ്യാഖ്യാനം പ്രസിദ്ധപ്പെടുത്തിയിരുന്നു. തെററിദ്ധാരണകൾ നീക്കാൻ ഒരു ശ്രമം ശ്രീ: ദേവ് ചെയ്തതായിരുന്നു. എന്നിട്ടും, മൂക്കിനു മുകളിലിരിക്കുന്ന കണ്ണ് അക്ഷരങ്ങൾക്കു മുകളിൽക്കൂടെയും, കണ്ണിനുമുകളിലുള്ള ബുദ്ധി അക്ഷരങ്ങളുടെ അത്ഥത്തിനു മുകളിൽ ക്കൂടെയും, ഡംഭുകലന്ന ഒരു പോലീസുദ്യോഗസ്ഥനെപ്പോലെ തല ഉയത്തിപ്പിടിച്ചു നടന്നുകളഞ്ഞു കാളത്തിൻെറ മദ്ധ്യത്തിൽ ക്കൂടെ ഗജരാജഗമനംനടത്തിയ യജമാനൻ, കാളത്തിൻെറ ഇരു വശത്തേയ്ക്കും ഒതുങ്ങി മാറിനിന്ന ശ്രീ. ദേവിൻെറ വാചകങ്ങളെ കണ്ടതായി ഭാവമില്ല.

നിരൂപണം തെററിദ്ധാരണകൾ പരത്താനുള്ള പ്രചരണ യന്ത്രമല്ല. ലോകത്തോടു സത്യവാചകം ചൊല്ലിവേണം നിരൂപ കൻ രംഗപ്രവേശനം ചെയ്യാൻ. നിരൂപകന് ഉത്തരവാദിത്വ ബോധം വേണം. എഴുത്തച്ഛൻ കാടാണെന്നു് ശ്രീ: ദേവ് പറഞ്ഞു വെന്ന് ഒരു നിരൂപകൻ എഴുതിവിട്ടാൽ, എഴുത്തച്ഛൻ കാഞ്ഞിര മാണെന്നെങ്കിലും ശ്രീ: ദേവ് പറഞ്ഞുകാണുമെന്നു് മററുള്ളവർ വിശ്വസിച്ചുപോകും. എഴുത്തച്ഛൻ ഒരു ഏ. പി. ഐ. തജ്ജമ ക്കാരനാണെന്നു ശ്രീ: ദേവ് പറഞ്ഞുവെന്ന് എഴുതിവിട്ടാൽ എഴു ത്തച്ഛൻ ഒരു തൊഴിലാളിപ്രസംഗകൻെറ ദ്വിഭാഷിയാണെന്നെ ങ്കിലും ശ്രീ: ദേവ് പറഞ്ഞുകാണുമെന്നു് നാം വിശ്വസിക്കാതിരി ക്കുന്നതെങ്ങനെയാണു്? ശ്രീ: ദേവ് പറഞ്ഞതു്—അദ്ദേഹംതന്നെ പറയുന്നു—"അദ്ദേഹം (എഴുത്തച്ഛൻ) സംസ്കൃതസാഹിത്യ ത്തിലെ പുരാണങ്ങൾ തർജ്ജമചെയ്തു് അദ്ദേഹത്തിൻെറ ഭക്തി

പരമായ അഭിനിവേശത്തെ സംതൃപ്തിപ്പെടുത്തുകയും ഭാഷാപരിഷ്കരണത്തെ സാധിക്കയുംചെയ്തു." എന്നാണുപോൽ. പക്ഷെ അതു് അവർ വിശ്വസിക്കയില്ല. അവക്കു് അവരുടെ ശബ്ദം തന്നെ കേൾക്കണം. നയാഗ്രാപോലെ പ്രചണ്ഡമായ ഒരു ശബ്ദപ്രവാഹം. നയാഗ്രായുടേതുപോലെതന്നെ ആ ശബ്ദത്തിനൊരത്ഥവുമില്ല. ഉച്ചികുത്തിയുള്ള ആ വീഴ്ചയിൽ അതിനുപോലും ഒരു പ്രയോജനവുമില്ല.

വാദപ്രതിവാദത്തിനു തയ്യാറാണെങ്കിലും, ശകാരവിനിമയത്തിനു് സന്നദ്ധനല്ല എന്ന ശ്രീ: ദേവിൻെറ തീർച്ച അദ്ദേഹം പരസ്യം ചെയ്തിരുന്നു. എന്നാലെന്തു്? ഡീൻ ഇൻജേ (Dean Inge) ചോദിക്കുംപോലെ സസ്യാഹാരത്തിനുവേണ്ടി ആട്ടിൻ പററം പ്രമേയം പാസ്സാക്കിയെന്നുവിചാരിച്ചു് ചെന്നായ്ക്കൾക്കെന്താണു്? ശ്രീ: ദേവ് രാമായണം വായിച്ചിട്ടില്ലെന്നും മററും ഒരു കോടതിയിൽപോലും തെളിയിക്കാൻ സാധിക്കാത്ത ആരോപണങ്ങൾക്കുപുറമേ, അദ്ദേഹത്തെ 'ചന്ദ്രനെ നോക്കി കുരയ്ക്കുന്ന ശുനകൻ' എന്നും മററും ആലങ്കാരികഭാഷയിലാണെങ്കിലും ശരി, ശാസ്ത്രദൃഷ്ട്യാ കേവലം അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളും ഉന്നയിക്കാൻ ശ്രീ ദേവിൻെറ നിരൂപകർ മടിച്ചിട്ടില്ല. ഈ ആരോപണങ്ങൾക്കെല്ലാം ഒരു ഗുണമുണ്ടു്. കായംകുളംവാൾപോലെ ഇരുതലയ്ക്കും മൂർച്ചയുണ്ടു്. ഒരു നന്ദികേടുമുണ്ടു്. ഇട്ട കൈയ്ക്കുതന്നെ തിരിഞ്ഞു കടിക്കും. അതായതു്, ശ്രീ ദേവിനു തന്നെ ആരോപണങ്ങൾ വള്ളിപുള്ളിവിസർഗ്ഗത്തിനു വ്യത്യാസം വരുത്താതെ അവയുടെ പ്രയുക്താക്കളുടെനേക്കു് തിരിച്ചുവിടാവുന്നതാണു്.

ശ്രീ: ദേവിൻെറ വംദം ഇങ്ങനെ സംക്ഷേപിക്കാം: കേരളത്തിനു തനതായ ഒരു സംസ്കാരവും സാഹിത്യപദ്ധതിയും ഉണ്ടായിരുന്നു. എഴുത്തച്ഛൻ അവയുടെ പന്ഥാവിൽനിന്നും ഭ്രംശിച്ചു.

ഒരു പുതിയ സാഹിത്യപദ്ധതി ഉദ്ഘാടനംചെയ്കയുംചെയ്തു. അവ പ്രബലമായതോടുകൂടി പഴയതു ജർജ്ജരമായി.

പരമാർത്ഥം പലപ്പോഴും കല്ലേറുപിടിച്ചിട്ടുണ്ടു്. ഭൂമി ഉരുണ്ടതാണെന്നു പറഞ്ഞതിനു് ഗലീലിയോ തുറുങ്കിലടയ്ക്കപ്പെട്ടു. വിശുദ്ധവേദപുസ്തകത്തിൽ ഭൂമി ഉരുണ്ടതാണെന്നു പറഞ്ഞിട്ടില്ല എന്നുള്ളതായിരുന്നു യാഥാസ്ഥിതികന്മാരുടെ വാദം. "പി. കെ. യും, പണിക്കരും എഴുത്തച്ഛനെപ്പററി അങ്ങനെ ഒന്നും പറഞ്ഞിട്ടില്ലല്ലോ?" എന്നു ചിലർ പരിഭവിക്കുന്നു. "കുഞ്ഞേ അതിൻെറ വായിൽ കയ്യിട്ടാൽ നായ് കടിക്കും" എന്നു് അമ്മ സത്യം പറയുമ്പോൾ നിർബന്ധിയായ കുട്ടി, "ഇന്നു ഞങ്ങടെ സാറുപറഞ്ഞതു് നായ് നന്ദിയുള്ള ഒരു മൃഗമാണെന്നാണല്ലോ. കച്ചവടക്കാരനും അവൻെറ പട്ടിയും എന്നുള്ള പാഠം അമ്മ പഠിച്ചിട്ടില്ല" എന്നു ഉത്തരം പറയുമായിരിക്കാം. പക്ഷെ, പ്രായമായവർ അങ്ങനെ ഉത്തരം പറഞ്ഞുകൂടാത്തതാണു്. തനിത്താൻ ചിന്തിക്കാൻ പ്രാപ്തിയുള്ളവർ അവരുടെ മസ്തിഷ്കത്തെ തുരുമ്പുപിടിപ്പിച്ചുകളഞ്ഞുകൂടാത്തതാണു്.

ശ്രീ ദേവിൻെറ വാദത്തിലെന്തെങ്കിലും കഴമ്പുണ്ടോയെന്നു് ആത്മാർത്ഥമായ ഒരന്വേഷണം നടത്തേണ്ടതു് ആവശ്യമാണു്. നീതി അത്രയും ആവശ്യപ്പെടുന്നു. കയ്യൊടിഞ്ഞ നായയോടും കാലൊടിഞ്ഞ കുതിരയോടും കനിവുകാണിക്കണമെന്നു നിർബന്ധമുള്ള ഒരു ജന്തുകാരുണ്യസംഘംപോലും കലാകാരനോടു നീതികാണിക്കണമെന്നു പറയാൻ ധൈര്യപ്പെട്ടിട്ടില്ല. എന്തുകൊണ്ടെന്നാൽ അവൻ പലപ്പോഴും ആളുകളുടേയും സ്ത്രീകളുടേയും ശത്രുവാണു്. അവൻ സത്യംപറഞ്ഞു് അവരെ പിണക്കുന്നു. മാക്സിംഗോർക്കി പറയുന്നതുപോലെ, കലാകാരനു് മററു ദൈവമില്ല. മനോഹരമായിച്ചൊന്ന ഭയരഹിതമായ സത്യവാക്കുമാത്രം. കലാകാരൻെറ ഈ മതം അവൻെറ ശത്രുവാകുന്നു. അടിയുറച്ച യാഥാസ്ഥിതികത്വത്തോടും കന്മതിലുപോലെഴുന്നുനില്ക്കുന്ന അബദ്ധവിശ്വാസങ്ങ

ളോട്ടം പലപ്പോഴും പടവെട്ടേണ്ടുന്ന കലാകാരൻ ശകാരശരങ്ങൾക്കു പ്രത്യക്ഷലക്ഷ്യമായി ശിഥിലിതശരീരനായിപ്പോകാം. ഒരുപക്ഷേ ഞാൻ വ്യതിചലിക്കയായിരിക്കാം.

ആര്യസംസ്കാരത്തിന്റെ പ്രഭാവകാലത്തിനുമുമ്പ് ദ്രമിഡഭൂമിക്കു തനതായി ഒരു സംസ്കാരമുണ്ടായിരുന്നുവെന്നുള്ളതു് പുതുതായി തെളിയിക്കേണ്ട ഒരു വസ്തുതയല്ല. ശിവനും കാളിയും മററും അന്നത്തെ ദ്രാവിഡദേവതകളാണ്. അവരെ കൈലാസത്തിലേയ്ക്കു കുടിയേറിപ്പാർപ്പിച്ചതു് ആര്യമതമാണെന്നുമാത്രം. ആര്യസംസ്കാരം ആദ്യമായി ദക്ഷിണാപഥത്തിൽ കാലുകുത്തിയതു് ഗുജറാത്തികളെക്കാൾ വലിയ വെള്ളംകുടിയനായ അഗസ്ത്യമുനിയോടുകൂടി ആയിരുന്നു. ആദ്യത്തെ തമിഴ്‌വ്യാകരണം അഗസ്ത്യവിരചിതമെന്നു സുവിദിതമാണല്ലോ. ആര്യമതത്തിന്റെ മിഷനറിമാരായി പല കേളികേട്ട മുനിപുംഗവന്മാരും തെക്കു വന്നുകൊണ്ടിരുന്നു. അവർ രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ആതിഥ്യം സ്വീകരിച്ചു മതം പ്രചരിപ്പിച്ചു. കേരളം ആര്യസംസ്കാരത്തിൽ പൂർണ്ണമായി ലയിച്ചതു് എ. ഡി. ആറാം ശതകത്തിനിപ്പുറമാണ്. എ. ഡി. ആറാം ശതകത്തോടുകൂടിയാണ് ആര്യന്മാർ സംഘമായി കുടിയേറിപ്പാർപ്പു തുടങ്ങിയതു്.

തനി കേരളീയമായ ഒരു സംസ്കാരമുണ്ടായിരുന്നതിനെ മഹാബലിയെപ്പോലെ (മഹാബലി കേരളചക്രവർത്തിയായിരുന്നു) പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയതു് എഴുത്തച്ഛന്റെ കൃതികളാണ്. എന്തുകൊണ്ടെന്നാൽ രാമായണവും ഭാരതവും നിത്യപാരായണത്തിനുള്ള ഗ്രന്ഥങ്ങളായി, മോക്ഷസിദ്ധിക്കുള്ള മാർഗ്ഗങ്ങളായി വിശ്വസിക്കപ്പെട്ടതുകൊണ്ടുതന്നെ. ആര്യപക്ഷപാതികളായ ദേശപതികളും മററു പല സാഹചര്യങ്ങളും കേരളസംസ്കാരത്തിന്റെ പതനത്തെ ത്വരിപ്പിച്ചു. അതെല്ലാം പ്രാചീനകേരളത്തിന്റെ

ചരിത്രം പഠിച്ചിട്ടുള്ളവക്കും ബുദ്ധിയുള്ളവക്കും അറിയാം. നാം സാഹിത്യവിഷയകമായി സംസാരിക്കുമ്പോൾ എഴുത്തച്ഛൻെറ പേർ മുന്നണിയിൽ വന്നുചേരുന്നു. അത്രമാത്രം.

വടക്കൻപാട്ടുകൾ തനി കേരളീയമാണെന്നു പറയുന്ന അതേ അർത്ഥത്തിൽതന്നെ എഴുത്തച്ഛൻപാട്ടുകൾ കേരളീയമല്ല എന്നു് സ്പഷ്ടമല്ലേ? ഒരു ജനവിഭാഗത്തിൻെറ സാംസ്കാരികമായ പ്രത്യേകതകളെ ഉൾക്കൊള്ളുന്നതാണു് ആ ജനവിഭാഗം നിവസിക്കുന്ന നാട്ടിൻെറ ദേശീയസാഹിത്യം. ഒരു സമുദായത്തിൻെറ സാഹിത്യം ആ സമുദായത്തിൻെറ പ്രതിഫലനവും ചരിത്രവുമാണു്, എന്നു് സുശിക്ഷിതപടുത്വമുള്ള നിരൂപകകേസരികൾ അഭിപ്രായപ്പെട്ടിട്ടുണ്ടു്. എഴുത്തച്ഛൻെറ ഏതെങ്കിലും കൃതികൾ കേരളീയസമുദായത്തെ അവ്യക്തമായെങ്കിലും പ്രതിഫലിപ്പിക്കുന്നുണ്ടോ? കുഞ്ചൻ നമ്പ്യാർ തനി കേരളീയകലാകാരനായിരുന്നു. ഹോമർ തനി ഗ്രീക്കുകാരനായിരുന്നു. വാല്മീകി തനി ആര്യകവിയായിരുന്നു. അവരുടെയെല്ലാം കവനങ്ങളിൽ അവർ ജീവിച്ചിരുന്ന കാലത്തിൻെറയും, അവരെ ഉൾക്കൊണ്ടിരുന്ന ജനസമുദായത്തിൻെറയും, പ്രതിഫലനങ്ങൾ സുവ്യക്തമാണു്. എഴുത്തച്ഛൻെറ കൃതികളിലോ? അദ്ദേഹം മഹാകവിയാണു്, പരമഭാഗവതനാണു്, ഗാനഗന്ധർവ്വനാണു്. പക്ഷേ അദ്ദേഹത്തിൻെറ ഗാനങ്ങൾ കേരളീയമല്ല.

ഈ പരമാർത്ഥം കാണുന്നതിനു് ചിലക്കു പ്രതിബന്ധമാകുന്നതു് ശ്രീ ദേവു് ഒരു ചെറുകഥാകൃത്താണെന്നുള്ളതാണു്. ചെറുകഥാകൃത്തുക്കളോടു് ചിലക്കു് ഒരു വൈരം ഉള്ളതുപോലെ തോന്നുന്നു. വേണ്ടതാണു്. ചെറുകഥ എഴുതാനോ ചെറുകഥ ആസ്വദിക്കാനോ കഴിഞ്ഞില്ലെങ്കിൽ അവയുടെ കർത്താക്കളെ വെറുക്കാനെങ്കിലും കഴിഞ്ഞാൽ മനസ്സിനു് ഒരു ആശ്വാസംതന്നെ ആയിരിക്കും. മററുചിലക്കു ശ്രീ ദേവു് ഒരു പുരോഗമനസാഹിത്യകാരനാണെന്നുള്ളതാണു പ്രതിബന്ധം. ഇനിയും ചിലക്കു റീയലിസത്തോടു്, അമ്മായിഅമ്മയോടെന്നതുപോലെ ഒരു മുഖത്തു

നോക്കാൻ വയ്യായ്ക. എങ്കിലും അവക്കു് എഴുത്തച്ഛനിലും റിയലിസം ഉണ്ടെന്നു കാണിക്കാൻ ഒരു വെമ്പലു്! "നിറന്ന പീലികൾ" എന്നുതുടങ്ങുന്ന മനോഹരകവിതാഭാഗം റിയലിസത്തിനുദാഹരണമായി എടുത്തുകാണിക്കുന്ന ആ അജ്ഞതയുടെ ധൈര്യം നോക്കണം! ഇതെല്ലാം ആരുടെ പ്രേതം കയറി തുള്ളുന്നതാണെന്നു മനസ്സിലാകുന്നില്ല. ഒരു കാര്യം പറയാനുണ്ടു്. ഞങ്ങളുടെ എഴുച്ഛനെ ഞങ്ങൾക്കാദരിക്കാനറിയാം. എഴുത്തച്ഛന്റെ കൊറങ്ങു (തുട) രണ്ടും റിയലിസം, നട്ടെല്ലു് മിസ്റ്റിസിസം, കയ്യും കാലും സിമ്പോളിസം, എന്നിങ്ങനെ ആ പരമഭക്തന്റെ കവിതാശരീരത്തെ കണ്ടിച്ചു സൂപ്പുണ്ടാക്കാൻ കൊടുക്കാതിരിക്കുക—നിങ്ങൾക്കു മംഗളമുണ്ടാകും.

# ആധുനികമലയാളകവിതയിലെ വിഷാദാത്മകത്വം

ഇന്നെന്റെ ശബ്ദം കേൾക്കുന്നവർക്കു് ആഹ്ളാദിക്കുവാൻ വകയുണ്ടായിരിക്കുമോ എന്തോ! വിഷാദം അത്ര ഇമ്പമുള്ള ഒരു മാനസികാവസ്ഥയല്ല. അതു് അനാരോഗ്യകരമാണെന്നുകൂടെ വിദഗ്ദ്ധാഭിപ്രായമുണ്ടു്. നിലവിളിക്കുന്നവരോടു പലപ്പോഴും നമുക്കു് അനുകമ്പയേക്കാൾ കൂടുതൽ ഈർഷ്യയാണു് തോന്നുന്നതു്. അവർ നമ്മുടെ സുഖത്തിൽ കല്ലെറിയുന്നവരാണു്. നിങ്ങൾക്കെല്ലാം അറിയാമായിരിക്കും, എപ്പോഴും മുഖം ചുളിച്ചുകൊണ്ടു നടക്കുന്ന ചില പുരുഷന്മാരെ, സദാ കരയുന്ന ചില മെലിഞ്ഞ ശിശുക്കളെ, അരമിനിട്ടുനേരത്തെ മുന്നറിയിപ്പുപോലും ആവശ്യപ്പെടാതെ കണ്ണീരൊഴുക്കിക്കരയാൻ തയാറുള്ള ചില മുത്തമ്മമാരെ ഇവരെയൊക്കെ കാണുമ്പോൾ നാം ഒഴിഞ്ഞുമാറിക്കളയും; ഇല്ലേ? എന്താണു്? അവരുടെ വിഷാദത്തിനും കരച്ചിലിനും മതിയായ ന്യായങ്ങളുണ്ടെന്നിരുന്നാലും ആ ന്യായങ്ങളിൽ തൽക്കാലം ബദ്ധപ്പെട്ടു നിൽക്കുവാൻ നമ്മുടെ സുഖചര്യ അനുവദിക്കുന്നില്ല. നമുക്കവരോടെല്ലാം പരിഭവമാണു്. അവരെയെല്ലാം പുച്ഛമാണു്. എന്തൊരുപദ്രവം! നമ്മുടെ ആനന്ദവേളകളിലെ കട്ടുറുമ്പുകൾ!

കവികളുണ്ടു്; അവർ അതിനെയും ഇതിനെയുംപററി—പൊൻപുലരിയെയും അന്തിച്ചുകപ്പിനെയും, സന്ധ്യാദേവിയുടെ ചികുരകാർക്ഷ്ണ്യത്തെയും, മുല്ലമലരിൻെറ പുഞ്ചിരിയെയും, കാമിനിയുടെ അരുണാധരത്തിൽ തലവച്ചുറങ്ങുന്ന ശൃംഗാരശിശുവിനെയുംപററി—ആക്കും ഒരുപദ്രവമുണ്ടാകാത്ത മധുരപദാവലികൾ ചമച്ചിരുന്ന കാലത്തു് നമുക്കതു് എന്തു സുഖിച്ചിരുന്നു! സ്വന്തം പരാതികളുംകൊണ്ടു് പൊറുതിമുട്ടിക്കാൻ കവികൾ തുടങ്ങിയാൽ നാം പ്രതിഷേധിക്കതന്നെ ചെയ്യും. ഇദാനീന്തനനായ ഒരു കവി പാടുകയാണു്:—

"ജീവിതം, ജീവിതം സ്വപ്നമാത്രം
കേവലം ഏതോ നിഴലുമാത്രം."

പണ്ടുമുതല്ക്കേ കേട്ടുപഴകിയിട്ടുള്ള ഒരാശയമാണിതു്. നാമെല്ലാം—ജീവിതത്തോടു് ഒട്ടിപ്പിടിച്ചുനില്ക്കാൻ കൊതിക്കുന്ന നാമെല്ലാം—നിശ്ചയമമായും ഇങ്ങനെയുള്ള ഒരാശയത്തോടു പ്രതിഷേധിക്കും. അതൊരു പരമാത്ഥമല്ലെന്നു നാം വിശ്വസിക്കുന്നതുകൊണ്ടല്ല; നാം എപ്പോഴും മറക്കാൻ ശ്രമിക്കുന്ന ഒരു ഭയത്തെ അതു കുത്തിയെടുത്തു മുന്നിൽ പൊക്കിപ്പിടിക്കുന്നതുകൊണ്ടുമാത്രം. പരമാത്ഥങ്ങൾ പലപ്പോഴും വിരസങ്ങളാണു്. കണ്ണുനീരിൻെറയും നിലവിളിയുടേയും സംഗതിയിൽ നമുക്കു് അവിശ്വാസമില്ല. ലോകം നിരവധി ദുരിതങ്ങൾക്കു നിത്യവും സാക്ഷിനിൽക്കുന്നുണ്ടു്; ഹൃദയം പൊള്ളിക്കുന്ന ദുരിതങ്ങൾക്കു്. പക്ഷേ—ഈ സംഗതി തന്നെയാണു് നാം നിത്യവും മറക്കാൻ ശ്രമിക്കുന്നതു്. അതു മറന്നുകഴിഞ്ഞാലേ നമുക്കു വിശ്രമിക്കാൻ സാധിക്കൂ. നമുക്കു് സുഖിക്കണം, ആനന്ദിക്കണം. അതിനു നാം മനഃപൂവ്വം നമ്മുടെ കാതുകൾ പൊത്തിക്കളകയാണു്. അപ്പോഴാണു് ഈ പരാതിക്കാരൻകവിയുടെ നിലവിളി.

ഇംഗ്ലണ്ടിൽ ഷെല്ലി (Shelly) മുതൽപേർ ഈ നിലവിളി തുടങ്ങിയപ്പോൾ ഭീമമായ ഒരു പ്രതിഷേധം ഉണ്ടായിരുന്നു.

ക്ലാസിക്പ്രസ്ഥാനത്തിൻേറയും പഴയ റൊമാൻറിക് (കാല്പനിക) പ്രസ്ഥാനത്തിൻേയും തെളിഞ്ഞ വഴിവിട്ടു്, വസ്തുനിഷ്ഠമായ വീക്ഷണഗതി (Objective) ഉപേക്ഷിച്ചു് അവർ കർത്തൃനിഷ്ഠമായ (Subjective) ഒരു വീക്ഷണഗതി അവലംബിച്ചു്, നിമിഷത്തോടു നിമിഷമുള്ള തങ്ങളുടെ മാനസികാവസ്ഥകൾക്കു പ്രകാശനം നല്കിയപ്പോൾ പഴയക്രമക്കാർ പിണങ്ങിമാറി. ജീവിതത്തിൻെറ വിവിധ സംഘട്ടനങ്ങൾക്കു് ഉരുക്കുപോലെ നിന്നവർ, ജീവിതത്തിൻെറ സംഘട്ടനങ്ങളിൽ കണ്ണാടിപോലെ തകർന്നുപോയവർക്കു പരാതിപ്പെടാനുള്ള അവകാശം ഇല്ലെന്നു വാദിച്ചു. പുതിയ ക്രമക്കാർ വിഷാദം എന്നൊരു വിഷവായുവിനെ അന്തരീക്ഷത്തിൽ പരത്തുകയാണെന്നും അതു് അനാരോഗ്യകരമായ ഒരു ഉന്മേഷരാഹിത്യത്തെയെങ്കിലും പൊതുജനങ്ങളുടെയിടയിൽ വ്യാപരിപ്പിക്കാതെയിരിക്കയില്ലെന്നും അന്നത്തെ സാഹിത്യമർമ്മജ്ഞന്മാർ പൊതുജനനന്മയെ ലാക്കാക്കി പരസ്യംചെയ്തു. ഗിഥെയുടെ പുസ്തകം പരശ്ശതം ആത്മഹത്യകൾക്കു കാരണമാക്കിയെന്നു് അവർ മുൻനടപ്പടി കാണിച്ചു.

'The decline and Fall of the Romantic Ideal' എന്ന ഗ്രന്ഥത്തിൻെറ കർത്താവു് Shelly മുതൽപേരെപ്പററി പറയുന്നതു്, അവർ Sand witch boys-ൻെറ ഒരു ഘോഷയാത്രയെ അനുസ്മരിപ്പിക്കുന്നുവെന്നാണു്. ഈ ആശയംതന്നെയാണു്, സി. വി. രാമൻപിള്ള അവർകൾക്കുപോലും അസൂയജനിപ്പിക്കുന്ന ഭാഷയിൽ ശ്രീ കെ. ഭാസ്കരൻനായർ ഈയിടെ എഴുതിയിരുന്നതു്. കണ്ണുനീർ, ഗദ്ഗദം മുതലായ വാദ്യഘോഷങ്ങളോടെ, തങ്ങളുടെ ഹൃദയങ്ങളെ ഓരോ വെള്ളിത്തളികകളിലാക്കി, ഈ വിഷാദക്കാരുടെ 'താലപ്പൊലി' എന്നാണു് ശ്രീ ഭാസ്കരൻനായർ വർണ്ണിക്കുന്നതു്.

എന്താണു് ഈ അവഹേളനത്തിനു കാരണമെന്നു് ഒന്നു ചിന്തിക്കേണ്ടതുണ്ടു്. ഈ അവഹേളനം എത്രകണ്ടു് അർഹിക്കുന്നുവെന്നും ആരായേണ്ടതുണ്ടു്.

"കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം"

എന്നൊരു കവി സ്വന്തം ഹൃദയത്തെയുംകൊണ്ടു് താലപ്പൊലിക്കിറങ്ങുമ്പോൾ ആരും അയാളുടെ ഭാഗം വാദിക്കാനുണ്ടാവില്ല. എന്തുകൊണ്ടെന്നാൽ അയാൾ ലോകത്തെ മുഴുവൻ വിരൽചൂണ്ടിക്കാണിച്ചു, കുററം ചുമത്തുകയാണു്. ലോകം അതിനു മാപ്പു നല്കുകയില്ല.

വിഭവസമൃദ്ധമായ ഒരു സദ്യയുംകഴിഞ്ഞു് സംതൃപ്തിയും തികട്ടി, വെടിപറഞ്ഞിരിക്കുമ്പോഴാണു് നാം ഇങ്ങനെ ഒരു ഗാനം കേൾക്കുന്നതെന്നിരിക്കട്ടെ.

"മർത്ത്യന്മാർ നാം വെറുംപുഴുക്കൾ, നിസ്സഹായന്മാർ
നിഷ്ഠുരവിധിയോടു മല്ലിടാനശക്തന്മാർ
നാമൊന്നു നിരൂപിക്കും, മറെറാന്നായ്തീരും ഫലം
നാമതുകണ്ടാർത്തരായ് നിഷ്ഫലം വിലപിക്കും
ജീവിതമൊരു കടംകഥയാണാവില്ലതി-
നേവനും ശരിയായൊരുത്തരം സ്ഥാപിക്കുവാൻ.

ആ ഉണ്ടപോറം സംതൃപ്തിത്തികട്ടലും കടംകഥയാണെന്നു്? ഒരു വെങ്കലപ്പാത്രാറ്റിറയെ പ്രഥമൻ കുടിച്ച നാം വെറും പുഴുക്കൾ പോലും! നിരാശാനിഹതനായി, ക്രൂരമായ പരിസരങ്ങളുടെ നിഷ്ഠുരമർദ്ദനത്തിൽ തകർന്നുപോയ ഒരുവൻെറ ദയനീയരോദനമാണതു്. അവൻെറ ആശകളെല്ലാം നിരാശകളായി. അവൻെറ മലർവാടി കരിഞ്ഞുപോയി. അവനു മുന്നിൽ ശൂന്യതമാത്രം. അവൻ പിന്നെന്തു് എഴുതണം? അതാണു മറെറാരു ചോദ്യം.

കവിതയ്ക്കു് അവശ്യമുണ്ടായിരിക്കേണ്ടതു് ആത്മാർത്ഥതയാണെന്നു നാം സമ്മതിക്കുകയല്ലേ? സദ്യകഴിഞ്ഞു തികട്ടുന്ന നമ്മുടെ ദഹനത്തെ ബാധിക്കുമെന്നു ഭയന്നു് ആ പട്ടിണിക്കാരനു്

അവൻെറ പരാതി പറഞ്ഞുകൂടെ? സുഖിക്കുന്ന എനിക്ക് എപ്പോഴും എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ രഹസ്യമായി ഒരു ചിന്ത ഒളിഞ്ഞുകിടപ്പുണ്ട്. എൻെറ അയലുകാരൻെറ ദുരിതത്തിന് ഞാൻകൂടെ കാരണക്കാരനാണെന്ന്. മനഃസാക്ഷിയുടെ കുററപ്പെടുത്തലു കേൾക്കാതിരിക്കാൻ നമ്മുടെ സ്വാർത്ഥതയുടെ പെരുമ്പറകൊട്ടലാണു വിഷാദാത്മകകവിതകൾക്കെതിരായുള്ള പ്രതിഷേധാട്ടഹാസങ്ങൾ എന്ന് എനിക്കു പലപ്പോഴുംതോന്നിയിട്ടുണ്ട്.

ദമയന്തീനളന്മാരുടെയും, സീതയുടെയും, സാവിത്രിയുടെയും നിലവിളികൾ കേട്ട് കണ്ണീർപൊഴിക്കാൻ തയ്യാറായിട്ടുള്ള നാം എന്തുകൊണ്ട് ഈ സഹജീവിയുടെ നിലവിളിയിൽ അസഹിഷ്ണുക്കളാകുന്നു? വെറുമൊരു കഥാപാത്രമായിട്ട് ഈ കവിയേയും എണ്ണാൻ നിവൃത്തിയില്ലാത്തതുകൊണ്ടുതന്നെ. ഇയ്യാളുടെ നിലവിളിക്ക് ദമയന്തീനളന്മാരുടെ നിലവിളിക്കില്ലാത്ത ചില വ്യാഖ്യാനങ്ങളുണ്ട്. ദമയന്തീനളന്മാരുടെ പഴകിയ നിലവിളി ഇന്നത്തെ ലോകത്തിൻെറ ചെയ്തികളെ വെല്ലുവിളിക്കുന്നില്ല, വെളിച്ചപ്പെടുത്തുന്നുപോലുമില്ല. നളനും ദമയന്തിയും കരഞ്ഞതിൽ പുഷ്കരനും കലിയുമല്ലാതെ നാമാരും ഒരുതരത്തിലും കുററക്കാരുമല്ല. ഈ സംഗതി ഓർക്കേണ്ടതാണു്.

"ഭാവശുദ്ധകളെന്ന കീർത്തിമുദ്രയുംചാർത്തി-
. ബ്ഭാരതാംഗനകളേ! ഞെളിയുന്നല്ലോ നിങ്ങൾ

*    *    *    *

മാമരത്തണലത്തു വട്ടമിട്ടേവംനിന്നു
മാവേലിപ്പാട്ടുംപാടി കൈകൊട്ടിക്കളിക്കുമ്പോൾ
മന്മഥൻ മഷിതേച്ചമട്ടെഴും നീലോജ്ജ്വല-
ക്കൺമുനമിന്നൽപ്പിണരോരോന്നായെറിയുമ്പോൾ
മുത്തണിപ്പൊൻമാലകൾ മാറിൽവീണലഞ്ഞുല-

ഞ്ഞുത്തുംഗവക്ഷോജങ്ങളിളകിത്തുളുമ്പുമ്പോൾ
അറിയാതതുകണ്ടിട്ടെൻമിഴികളിൽക്കഷ്ടം
നിറയുന്നല്ലോ ചുട്ടകണ്ണീരിൻകണികകൾ
അമൃതംതുളുമ്പുമപ്പോർമുലക്കുടം നിങ്ങൾ—
ക്കടിമപ്പുഴുക്കളെപ്പാലൂട്ടിപ്പോററാനല്ലേ?
താമരത്താരൊത്തൊരാക്കയ്യുകൾ ദാസന്മാരെ—
ത്താരാട്ടുപാടിപ്പാടിത്തൊട്ടിലാട്ടുവാനല്ലേ?
കർമ്മധീരരാമേറെ മക്കളെ പ്രസവിച്ച
കർമ്മഭൂവേ! നീ നിരാധാരയാണെന്നോവന്തു?"

വിശ്വത്തിന്റെ പ്രദർശിപ്പിക്കാൻ കഴിയുന്നതിൽ ഏററവും അത്ഭുതകരമായ കാഴ്ച താനാണെന്നു വിശ്വസിക്കുന്ന മദാലസയായ ഒരുവൾ, തന്റെ വിലാസങ്ങൾ കാൺകെ, കണ്ണുനിറഞ്ഞുപോകുന്ന കവിയുടെ വിഷാദാത്മകത്വത്തിൽ പ്രതിഷേധിക്കുകതന്നെ ചെയ്യും. അതിൽ അടങ്ങിയിരിക്കുന്ന കുററപ്പെടുത്തലിനെ ന്യായീകരിക്കുന്ന യാതൊരു തത്വചിന്തയ്ക്കും രൂപംകൊടുക്കാൻ അവൾ ഒരുക്കമില്ല. പ്രതിഷേധിക്കാൻ അവൾ തയ്യാറാണ്. ഇതാണ് പ്രതിഷേധങ്ങളുടെ രഹസ്യം.

എങ്കിലും വിഷാദപ്രസ്ഥാനക്കാരുടെ കണ്ണുനീരിൽ മററു പലതിനേയുംകാൾ കൂടുതൽ സത്യമടങ്ങിയിട്ടുണ്ടെന്നു തോന്നിപ്പോകുന്നു. സ്വന്തം പരാജയങ്ങളുടെ കഥ എഴുതുന്നവർക്ക് എന്തെല്ലാം ദൂഷ്യമിരുന്നാലും ആത്മാർത്ഥതയുണ്ട്. ആത്മാവിൽനിന്നതിരുന്ന വാക്കുകൾക്കു ലോകത്തെ ഒരു നിമിഷം പകച്ചുനോക്കിക്കാനുള്ള ശക്തികാണും. കണ്ണുനീരിന്റെ ഭാഷയ്ക്കു് കാഞ്ചനച്ചിലമ്പുകളുടെ ശിഞ്ജിതത്തേക്കാൾ മാധുര്യമുണ്ട്.

മിന്നിമറഞ്ഞുപോയ യൗവ്വനത്തിന്റെ എന്നൊന്നോക്കുമായി നഷ്ടപ്പെട്ട അനുഭൂതികളെ ഓർത്തു് നിശ്വസിക്കുന്ന ഒരു വൃദ്ധന്റെ വാക്കുകൾ നോക്കുക.

"എന്താണുയൗവ്വനം? നശ്വരത്വത്തിൻെറ
സുന്ദരമായൊരു വീണവായിക്കലാം
മർത്ത്യതതൻമൃദുകോമളമായൊരു
സ്വപ്നാടനത്തിലെ പുഞ്ചിരിക്കൊള്ളലാം
ആറിത്തണുത്ത മറവിയല്ലെപ്പൊഴു-
മാളിപ്പടന്നിട്ടനോമ്മതാൻ യൗവ്വനം
പൂത്തകടമ്പിനെപ്പോലെ,യതിനെയി-
ന്നാത്തകൗതുഹലം നോക്കിരസിപ്പൂഞാൻ

ഈ രസിക്കലിൽ കണ്ണുനീരിൻെറ നനവുണ്ട്.

ജീവച്ഛവം, ഭീരു, മഠയൻ എന്ന കുററപ്പെടുത്തലോട്ടകൂടി യല്ല, ജീവിതത്തിൻെറ അമ്പരപ്പിക്കുന്ന വിധിതീക്കലിൽ പരാജി തനെന്ന് അന്യായമായി വിധിക്കപ്പെട്ടുപോയ ഒരുവൻെറ മുന്നിൽ ഞാൻ പ്രവേശിക്കുന്നതു്; ഒരു ദേവാലയത്തിൽ പ്രവേശിക്കുന്നതു പോലെയായിരിക്കും. ആനന്ദത്തിൻെറ മണിച്ചിരികൾ പല പ്പോഴും വ്യാജത്തിൻെറ നീർപ്പോളകളായിരിക്കാം. പരാജയ ത്തിൻെറ കണ്ണുനീർത്തുള്ളികളിൽ ഒരു സത്യത്തിൻെറ മഹാസാ മ്രാജ്യം ഒതുങ്ങിനില്പുണ്ടു്. ശ്രീ ഇടപ്പള്ളി രാഘവൻപിള്ളയുടെ ആദ്യകവനങ്ങളിലെ ചില വരികൾ കേൾക്കുക:

"മൽക്കരൾപൊട്ടിഞാനിന്നുമരിച്ചാലി-
പ്പുൽക്കൊടിപോലും കരകയില്ല
എൻചുടുകണ്ണുനീർ വീഴ്കയാൽ ഭൂമിക്കും
നെഞ്ചകമയ്യോ, മലിനമായി
മൽക്കൊട്ടുംനൈരാശ്യധൂമംപരക്കയാൽ
ദിക്കുകൾപോലുമിരുണ്ടുപോയി
എന്തിനാണീശനെൻ വിത്തിനെ ശൂന്യമാ-
മന്ധകാരത്തിൽ വിതച്ചതാവോ?"

മറെറാരു ഭാഗത്തു്,

"അന്തമില്ലാതുള്ള ചിന്താതരംഗങ്ങൾ
എന്തിനെൻചിത്തമേ പൊന്തിച്ചിടുന്നു നീ
ആയിരമായിരമാമ്പൽകുസുമങ്ങൾ
ആ ഇരവികൽനിന്നുള്ളിൽവിരിയിച്ചു,
കാണാതെന്നിന്നെയും വഞ്ചിച്ചുപോയതാ-
മേണാങ്കബിംബമുദിക്കില്ലൊരിക്കലും."

ഇന്നാത്തെ നമുക്കു് ഈ വരികൾ ക്രൂരമായ ഒരു സത്യത്തിൻെറ മാറെറാലികളായി അനുഭവപ്പെടുന്നു. കവി തുടരുകയാണു്:

"ചാരുവാമാനനമല്ലതു ഭാവിതൻ
ഘോരതകാട്ടിയ കണ്ണാടിതന്നെയാം
കങ്കണനിഃസ്വനമായിട്ടുകേട്ടത-
ക്കാലൻെറപോത്തിൻെറ ഘണ്ടാനിനാദമാം

* * * *

കാറൊളിക്കുന്തളമായിട്ടുകണ്ടതാ
നീറുംചിതയിലെപ്പാഴ്ക്കരിക്കട്ടയാം
അംബരമാണെന്നു തോന്നിയതോക്കുകി-
ലന്ത്യാവരണമാണെന്നാതു നിർണ്ണയം"

പിന്നെ പലനാൾ കഴിഞ്ഞു നടക്കാനിരുന്ന ആ ദുരന്തത്തിനു ചുററുംതന്നെ—അകാലമായി കൂട്ടേണ്ടിവന്ന ആ ചിതാഗ്നിക്കു ചുററുംതന്നെ—ഈ വരികൾ എങ്ങനെ വട്ടമിട്ടുനില്ക്കുന്നുവെന്നു നോക്കുക!

വിഷാദാത്മകപ്രസ്ഥാനത്തിൻെറപേരിൽ ചില കള്ളക്കമ്മട്ടങ്ങൾ നടക്കുന്നുണ്ടു്. ഇടക്കാലത്തായി മലയാളഭാഷയിൽ ഒരു വാളൻറിയർസേന യാതൊരു കാരണവുമില്ലാതെ തങ്ങളുടെ കണ്ണുനീരിൽ മുങ്ങിമരിക്കാൻ സന്നദ്ധരായി നില്പുണ്ടായിരുന്നു. ഇപ്പോൾ

ഒന്നുകിൽ അവരുടെ രണ്ടുതുള്ളി കണ്ണുനീർ ഉണങ്ങിപ്പോയിക്കാണണം, അല്ലെങ്കിൽ അവരുടെ ഭോഷത്തം അവക്കു മയസ്സിലായിക്കാണണം; ആ തരം കവിതകൾ സുദുർല്ലഭങ്ങളായിരിക്കുന്നു. എങ്കിലും അവ ഇടക്കാലത്തു മുട്ടയിട്ടു് പെററുപെരുകി; നമ്മുടെ ഭാഷയിൽ അത്രകണ്ടു വദ്ധിച്ചുപോയതുകൊണ്ടു് അവയെക്കാണണ്ടാ എന്നുവച്ചു നടന്നുകളയാൻ സാധിക്കയില്ല. വിഷാദാത്മകപ്രസ്ഥാനത്തിലെ പ്രബലകവികൾതന്നെയാണു് ഈ വിഷാദാത്മകാഭാസപ്രസ്ഥാനത്തിനും വളംവച്ചിട്ടുള്ളതു്. ദുർബ്ബലമായ ഒരു വികാരത്തെ (Sentiment) ഊതിപ്പെരുപ്പിച്ചു്, കണ്ണീരും വികാരവും ചേർത്തു് ഈരടികളാക്കിച്ചമച്ചിട്ടുള്ളവയാണു് ഈ കവിതകൾ. ഇവ പത്രക്കടലാസുകളിൽനിന്നു താനേ അന്തരീക്ഷത്തിലേക്കുയർന്നുപോകുന്നതു കാണാം. എന്തുകൊണ്ടെന്നാൽ 'Hydrogen' നെക്കാൾ ലഘുവായ ഒരു വാതകമാണു് ഇവയിൽ ഉള്ളടക്കം ചെയ്തിരിക്കുന്നതു്. നമുക്കിന്നു വിഷാദാത്മകപ്രസ്ഥാനത്തിന്റെ പേരിൽ ധാരാളമുള്ളതു് ഈ ഈയ്യാംപാററക്കവിതകളാണു്. അവയ്ക്കു് ആവിഷ്കരിക്കാൻ ഒരു സത്യംപോലും ഇല്ലെങ്കിലും, ചെയ്‌വാൻ പല അനത്ഥങ്ങളുമുണ്ടു്. യാഥാർത്ഥ്യങ്ങളെ കണ്ണുതുറന്നുനോക്കാനുള്ള ഒരു വൈമനസ്യം, പ്രവൃത്തിക്കുപകരം ഒരുതരം പിത്തംപിടിച്ച മ്ലാനത, ചില പാവകളിൽനിന്നു്, അമത്തിയാൽ അടന്നുവീഴുന്ന കണ്ണുനീർപോലെ അനായാസേന പുറപ്പെടുന്ന ബാഷ്പവർഷം, സംഭവിക്കയില്ലെന്ന പൂണ്ണവിശ്വാസത്തോടെ "മരണമേ വാ" എന്നുള്ള ആഹ്വാനങ്ങൾ—ഇവയെല്ലാമാണു് ഈ വ്യാജപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങൾ. ഊതിപ്പെരുപ്പിക്കുന്ന വികാരത്തിൽ കവിക്കു തന്നോടുതന്നെയുള്ള വികൃതമായ അനുരാഗവാത്സല്യമല്ലാതെ, ആത്മാർത്ഥത കാണുകയില്ല.

"ഇനിയുമിതെത്രനാൾതാങ്ങും—തീരെ
സഹിയാനാകാത്തൊരീ താപം?
സതതം സമാധാനമൂകം—അയ്യോ
സഹതാപശൂന്യമീലോകം

കവനസ്വരൂപിണി നീയും—കഷ്ടം
നിഹതനാമെന്നെ മറന്നോ?
അനുരാഗലോലനാമെന്നിൽ—നിന-
ക്കനുകമ്പയില്ലാത്തതെന്തേ?
വെറുമൊരുചുംബനംമാത്രം—തന്നാൽ
അമലേ നിനക്കെന്തു ചേതം?"

എന്നിങ്ങനെ ഒരു ദൂനഹൃദയൻെറ വികാരവൈകൃതം പുലമ്പുന്നതല്ല, പ്രത്യുത—

"കഷ്ടംസ്ഥാനവലുപ്പമോ, പ്രഭുതയോ
സജ്ജാതിയോ വംശമോ
പുഷ്ടശ്രീതനുധാടിയോ, പെരുതുമി-
ങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-
പ്പുക്കസ്തമിക്കുന്നിതി-
ങ്ങിഷ്ടന്മാർപിരിയുന്നു, ഹാ! ഇവിടമാ-
ണദ്ധ്യാത്മവിദ്യാലയം"

എന്നിങ്ങനെ ഒരു വ്യഥിതചിത്തൻെറ ചിന്തോത്തേജനം പ്രകടമാക്കുന്നതാണ് വിഷാദാത്മകത്വം.

പരാജയത്തിൽനിന്നുയരുന്ന നിസ്സഹായതയുടേയും, ജീവിതത്തിൽ സംഭവിച്ചുപോയ അധമണ്ണതയുടേയും കവിതാപ്രസ്ഥാനമാണ് വിഷാദാത്മകത്വം. അതു എപ്പോഴും അസ്വസ്ഥവും, ഒരു തെറ്റുതിരുത്തലിന്, ഉടച്ചുവാർക്കലിന്, ലോകവ്യവസ്ഥകളെ ചലിപ്പിക്കുന്നതുമായിരിക്കും. അതു നക്ഷത്രങ്ങളേയും ധ്രുവങ്ങളേയുംപോലുള്ള ചില സത്യങ്ങളെ ആവിഷ്കരിക്കുന്നതായിരിക്കും. അതു ചിലപ്പോൾ പ്രവാചകൻെറ ഭാഷയായിട്ടും തീരും.

# ഇത്തിൾകണ്ണികൾ

നമ്മുടെ നാട്ടുമ്പുറങ്ങളിലെ ചന്തപ്രാന്തങ്ങൾക്കും, പട്ടണങ്ങളിലെ കവലകൾക്കും നിത്യസഹവാസത്താൽ സുപരിചിതരായിത്തീൎന്നിട്ടുള്ള ഒരുവൎഗ്ഗം ആളുകളുണ്ടു്. ഏതു് ഓണംകേറാമൂലയായിക്കൊള്ളട്ടെ, ഒന്നുരണ്ടു് ഓലമേഞ്ഞു്, തട്ടിവച്ച ചായപ്പീടികകളും, ഒരു മീൻചന്തയും, ഒരു രണ്ടുനാലു ബീടിതെറുപ്പുകാരും അടുത്തടുത്തുണ്ടെങ്കിൽമതി—ആ സ്ഥലം മുൻചൊന്നവൎഗ്ഗത്തിന്റെ പ്രതിനിധികളുടെ വിഹാരരംഗമായിരിക്കും. ഇക്കൂട്ടരെ മനുഷ്യസമുദായത്തിലെ ഇതരവർഗ്ഗങ്ങളിൽനിന്നും തിരിച്ചറിയുവാനുള്ള വഴി എന്തെന്നറിയണം ഇല്ലേ? അവരെ കണ്ടാൽ അറിയാം. ആ ക്രാപ്പു കണ്ടാൽ അറിയാം; ആ വേഷവിധാനം കണ്ടാൽ അറിയാം. ഇതൊന്നുകൊണ്ടും തൃപ്തിവന്നില്ലേ? സമീപിക്കുവിൻ, ആ ഭാഷാശൈലി അല്പനേരമൊന്നു കേൾക്കുവിൻ, മനസ്സിലാകും.

മനശ്ശാസ്ത്രപരമായി പറയുമ്പോൾ ഇവന്മാരുടെ ലക്ഷണം ആത്മസംതൃപ്തിയാണു്. അതായതു്, ലോകത്തിൽ ഇന്നുള്ളവരിൽ ഏററവും സമൎത്ഥന്മാർ തങ്ങൾതന്നെയാണെന്നുള്ള ഒരു ചാരിതാൎത്ഥ്യം—അഹങ്കാരം എന്നു നിങ്ങൾ വിളിച്ചുകൊള്ളിൻ, ഞാൻ അങ്ങനെ പറയുകയില്ല. ഇവരുടെ സംഭാഷണവിഷയവും അവരുടെ പ്രാധാന്യംതന്നെയാണു് ഇവരെ ഞാൻ ഇത്തിൾകണ്ണികൾ എന്നു

വിളിക്കുന്നതെന്തുകൊണ്ടെന്നല്ലേ? പറയാം. ഇവർ രക്തോപജീവികളാണ്—കൊതുകിനേയും മൂട്ടയേയുംപോലെ. കൊതുകിനേയും മൂട്ടയേയുംപോലെതന്നെ നമ്മുടെ രക്തമൂററിയെടുത്താലും ഇവക്കൊരു നന്ദിയില്ല. നമ്മുടെ രക്തം ഇവക്കവകാശപ്പെട്ടതാണെന്നാണ് അവരുടെ വിചാരം. അല്ലെങ്കിൽ അവരുടെ മിടുക്കുകൊണ്ട് അവർ അതു സാധിക്കുന്നു. അതിന് നിങ്ങൾക്കെന്തുചേതം? അതാണ് ഇവരുടെ മനോഭാവം. കൊതുകിനേയും മൂട്ടയേയും രക്ഷിക്കുന്ന ഈശ്വരൻ ഇവരേയും രക്ഷിക്കട്ടെ.

പക്ഷേ,—ആ ഭാഷാശൈലി ഒന്നു കേൾക്കേണ്ടതാണ്. ആ ആശയഗാംഭീര്യം നിങ്ങളെ തലകുനിപ്പിക്കും. കട്ടുറമ്പു മുതൽ കല്ലടയാറുവരെയുള്ള ഏതിനേയുംപററി ചോദിച്ചുകൊള്ളൂ. പഴമാങ്ങാപ്പുളിശ്ശേരി മുതൽ ഐൻസ്റ്റീൻെറ (Prof: Eien stein) ആപേക്ഷികസിദ്ധാന്തം (Relativity theory) വരെയുള്ള ഏതു സംഗതിയെപ്പററിയും സംസാരിച്ചുകൊള്ളൂ. ഇവക്ക് റെഡിമേഡായിട്ട് ഒരഭിപ്രായമുണ്ട്. യാതൊരു സങ്കോചവും കൂടാതെ ഈ അജ്ഞാനത്തിൻെറ ഇരുമ്പററൂക്ഷിപ്പുകാർ തങ്ങളുടെ "വിദഗ്ദ്ധാഭിപ്രായം" എടുത്തു നിങ്ങളുടെ മുഖത്തടിക്കയും ചെയ്യും. അവനവന് ഇല്ലാത്ത മഹത്വത്തെ ഉണ്ടെന്നു സ്ഥാപിക്കുവാൻ ചിലർ ചെയ്യുന്ന വിദ്യ ഉള്ളവരുടെ മഹത്വത്തെ ഇല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കയാണ്. ഈ രീതിക്ക് ഒരു ക്ഷയരോഗി പറഞ്ഞേയ്ക്കാം "ഹേയ്, ചുമ്മാതിരിക്കണം സാർ, ആ ഗാമായ്ക്ക് ഒരു ബലവുമില്ല. വെറും പടമേ, പടം. കുറേ ഗുസ്തി അറിയാമായിരിക്കും, പക്ഷേ ബലം പോരാ. തീരെ പോരാ. ഞാൻ കൊളമ്പിലായിരിക്കുമ്പോൾ, ഈ ഗാമായും ഞാനുംകൂടെ ഒന്നു പഞ്ചായിക്കിട്ടു. അന്നല്ലേ നേരറിയുന്നതു്? പെണ്ണുങ്ങളുടെ കയ്യുപോലല്ല്യോ ഇരിക്കുന്നതു്? അഞ്ചുമിനിട്ടിനുള്ളിൽ ഞാനടിച്ചു." അങ്ങനെ ഗാമായുടെ ശക്തിയെ നിഷേധിക്കുവാൻ ഒരു കള്ളക്കഥ സൃഷ്ടിച്ചതെന്തിന്? സ്വന്തം ശക്തിയുടെ മേന്മ സ്ഥാപിക്കാനുള്ള ഒരു വ്യർത്ഥശ്രമം. നമ്മു

ടെ ഇത്തിൾകണ്ണിസ്നേഹിതനോട്ട് ഒന്നു പറഞ്ഞുനോക്കൂ, 'എങ്കിലും ഈ ഗാന്ധി, അങ്ങേരും ഒരു പൊല്ലാത്ത പുള്ളിതന്നാണേ' എന്നോ മറ്റോ. ഇത്തിൾകണ്ണിക്കു സഹിക്കയില്ല. അവർ പറയും, 'ഛേ, ഛേ, അതൊന്നും തന്തയ്ക്കുപൊറന്നാവനെക്കൊണ്ടു ഒക്കൂല്ല, സാർ. വല്ലവനും തല്ലുമ്പം കയ്യുംകെട്ടിനിന്നു', അടിയെല്ലാം കൈപ്പറ്റി രസീതു് എഴുതിക്കൊടുക്കാൻ. മറവുള്ളവൻെറ (എന്നു വച്ചാൽ സ്വന്തം എന്നാണു് ഇവന്മാരുടെ അർത്ഥം—വായനക്കാർ ശ്രദ്ധിക്കണം) മറവുള്ളവൻെറ കാര്യമാണെങ്കിൽ ആരെങ്കിലും മനസ്സിപ്പിടിക്കാത്തവർ (അതായതു് രസിക്കാത്തവർ) ഇച്ചിപ്പോ എന്നു പറഞ്ഞാൽ മതി, പിന്നെ അവൻെറ കരണത്തു് രണ്ടു കൊടുത്തില്ലെങ്കിൽ പിന്നെ ഉറക്കം വരികേല.' ഭഗവാനേ! ആരാണീ സ്വന്തപരാക്രമം പറഞ്ഞു് ഗാന്ധിയുടെ അഹിംസാതത്വത്തെ എതിർക്കുന്നതെന്നറിയാമോ? അനേകായിരം പ്രഹരനിക്ഷേപങ്ങൾക്കു് മഹാബാങ്കായിതീർന്നിട്ടുള്ളവൻ എന്നു സ്ഥലപുരാണങ്ങളിൽ സ്ഥലം പിടിച്ചുകഴിഞ്ഞവനാണു് ഈ നമ്മുടെ ഇത്തിൾ. ഇനി മറ്റൊന്നു പറഞ്ഞുനോക്കൂ. 'ഹായ്—ഞാനിന്നാളിൽ ആ വിനോദിനിക്കെട്ടിലമ്മയുടെ പാട്ടുകേട്ടു. എത്ര ഭേഷായിരിക്കുന്നു! എന്തു മധുരം. രാഗത്തിനൊക്കെ എന്തൊരു പ്ലാൻ? നെരവലിലൊക്കെ എന്തു വൈദഗ്ദ്ധ്യം. ഹായ്, ഹായ്!' ഇത്തിൾകണ്ണി പറയും, "ചുമ്മാതിരിക്കണം ചേട്ടാ. ഞാനറിയാത്തതാണോ ഇവളെ ഒക്കെ? തിരുനായനാർ കുറിച്ചിൽ നമ്മുടെ ഭൂതലിംഗമണ്ണാച്ചിയുടെ ഹോട്ടലിൽ—കഴിഞ്ഞ മകരത്തിലാ—ഞാനും നമ്മുടെ ഇന്നാരുംകൂടെ കൈകഴുകിക്കൊണ്ടു നിൽക്കുന്നു. അപ്പോൾ കാണാം—" എന്നു തുടങ്ങുകയായി ആ അപവാദകാവ്യത്തിൻെറ പീഠിക.

ഋ, ഞ മുതലായ ലിപികൾ വെറും ചിത്രങ്ങളായി കരുതാനുള്ള ഭാഷാജ്ഞാനം മാത്രമായിരിക്കും ഇവന്മാരുടേതു്. 'ഒന്നാമതേഴാഴികൾ ചൂഴമൂഴിയും—രണ്ടാമതീ നിങ്ങടെ ഇഷ്ടതോഴിയും' എന്നു പറയാൻ ഇവന്മാരുടെ നാക്കു വഴങ്ങുകയുമില്ലായിരിക്കും. ശങ്കര

കുട്ടിപ്പുഴനെയും, ചങ്ങമ്പുഴയേയും തകഴിയേയും ഒക്കെക്കാൾ ഇവന്മാർ കേട്ടിട്ടുള്ളതു്, മുളമൂട്ടടിമയേയും, ഇത്തിക്കരപ്പക്കിയേയും കള്ളഷാപ്പുകൺട്രാക്ടന്മാരേയുംപററിയായിരിക്കും. എങ്കിലും സാഹിത്യസംബന്ധമായി ഇവന്മാർ കേൾക്കെ എന്തെങ്കിലുമൊന്നു പറഞ്ഞുനോക്കൂ. കാണാം ഇവന്മാരുടെ—പ്രഹരയാചകരായ നിരൂപണാസ്ത്രങ്ങളുടെ ഘോഷയാത്ര. 'ഓഹോ എനിക്കറിയാം ഹേ, പുളിമാന പരമേശ്വരൻപിള്ളയേയും അറിയാം എല്ലാവരേയും അറിയാം. സാഹിത്യക്കാരു്! ഇവനെയൊന്നും പററിക്കാൻ ഒരു പാടുമില്ലേന്നേ. ഇന്നാളിൽ ഞാനൊരു മലത്തു മലത്തി.' ഇതാണു് പുളിമാന പരമേശ്വരൻപിള്ളയുടെ സാഹിത്യത്തെപ്പററി നമ്മുടെ പ്രഹരാന്വേഷി മിസ്റ്റർ ഇത്തിൾക്കണ്ണിയുടെ വിദഗ്ദ്ധവിമർശനം. ഇനി ആ 'മലത്തി'ന്റെ കാര്യമല്ലേ? മൈൽക്കുററികളേയും കമ്പിത്തൂണുകളേയും ചരൽക്കല്ലുകളേയുംപോലെ രാജവീഥികളെ ആധാരമാക്കിക്കഴിയുന്ന ഈ ആത്രുഢരഹിതൻ അന്നൊരിക്കൽ വിശന്നുവലഞ്ഞപ്പോൾ, ഈ പരമേശ്വരൻപിള്ള എന്നയാൾ ഇവനു് ഒരു നാലണത്തുട്ടു ദാനംചെയ്തു. അതാണു് ആ 'മലത്തി'യതിന്റെ രഹസ്യം. സ്വന്തം മിടുക്കു സ്ഥാപിക്കുവാൻ മനുഷ്യൻ കാണിക്കുന്ന കൃതഘ്നത!

അന്യന്റെ രക്തം വാററിക്കുടിച്ചു് നാവിൽ ഉമിനീർ ഉണ്ടാകുമ്പോൾ അതു് ആ രക്തദാതാവിന്റെ മുഖത്തുതന്നെ നീട്ടിത്തുപ്പാനുള്ള മനഃസ്ഥിതി ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ അവനു് വിജയത്തിന്റെ കാഞ്ചനസിംഹാസനത്തെ പ്രാപിക്കുവാൻ എന്തു് പ്രതിബന്ധമാണുള്ളതു്? രാജ്യതന്ത്രജ്ഞൻ; സമുദായോത്തേജകൻ; സാഹിത്യനായകൻ; താലൂക്കുകമ്മിററിക്കാരൻ; ഏതു വേണം? വേഗം അങ്ങു നിശ്ചയിച്ചുകൊണ്ടാൽ മതി.

പട്ടണങ്ങളിലെ കവലകളിലും നാട്ടിൻപുറങ്ങളിലെ ചന്തപ്രാന്തങ്ങളിലും കാണാവുള്ള ഈ ഇത്തിൾക്കണ്ണികൾക്കു് ഒരുവക

തദ്ദേശപ്രാധാന്യം (local importance) മാത്രമെയുള്ളു. അവരെക്കൊണ്ടു് വായുമണ്ഡലത്തിന്റെ പരിമിതമായ ഒരു ഭാഗംമാത്രമേ ദൂഷിക്കുന്നുള്ളു. എന്നുമാത്രമല്ല അവററകളുടെ അഭിപ്രായങ്ങൾ അത്രവലിയ ഭാഗമുള്ളതായി അവിടെത്തന്നെ ആരും കാണക്കാക്കാറുമില്ല. അന്യന്മാരുടെ പേരുപറഞ്ഞു ജീവിക്കുന്ന ഒരു വകക്കാരുണ്ടല്ലോ—ഒരുതരം ദല്ലാലുകാർ. 'ഹേയ്' മിസ്റ്റർ, നിങ്ങൾക്കു വേണമെങ്കിൽ ഞാനക്കാര്യം അദ്ദേഹത്തെക്കൊണ്ടു സാധിപ്പിച്ചുതരാം, രഹസ്യമായിരിക്കണം' എന്നുപറഞ്ഞു്, വലിയ സ്ഥാനങ്ങളുമായുള്ള അടുപ്പത്തിന്റെ പേരിൽ ഇടതുകൈനീട്ടി ലൈസൻസിനുള്ള അപേക്ഷക്കാർ, സ്ഥലംമാററാപേക്ഷക്കാർ, ഹർജിക്കാർ മുതലായവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ക്ഷുദ്രജീവികൾ; ഇവരും ഇത്തിൾക്കണ്ണികൾ തന്നെ. 'എന്താണോ ഇത്ര വൈകിയതു്?' എന്നു നാം ഒരു കുശലംചോദിക്കുമ്പോൾ 'ഹേയ്'! അലോഹ്യം, ആ പേഷ്കാർ സ്വാമി വഴിയിൽവച്ചു കണ്ടുപിടിച്ചു കാറിൽ കയററി കൊട്ടാരക്കരവരെ ചുമ്മാ കൊണ്ടുപോയ്ക്കളഞ്ഞു. തിരികെ കുണ്ടറ വന്നപ്പോൾ കാറുനിറുത്താൻ ഞാൻ ദേഷ്യപ്പെട്ടുപറഞ്ഞു. അങ്ങനെ രക്ഷപ്പെട്ടു. എന്തു ചെയ്യാം, കണ്ടാൽ വിടില്ല, ആ മനുഷ്യൻ' എന്നൊക്കെ പച്ചക്കള്ളങ്ങൾ പറഞ്ഞു് ഒരു പേഷ്കാരുടെമേൽ തനിക്കുള്ള സ്വാതന്ത്ര്യാധിക്യത്തെ പരസ്യംചെയ്തു് അയൽവാസികളായ പാവങ്ങളുടെ ആദരവിനെ അന്യായമായി തട്ടിപ്പറിക്കുന്ന നാട്ടുപ്രമാണിയും ഇത്തിൾക്കണ്ണിതന്നെ. പക്ഷേ—ഇവരെയൊക്കെ ഏതു പിശാചോ പിടിക്കട്ടെ; എനിക്കു പറയാനുള്ളതു് മറെറാരുകൂട്ടരെപ്പററിയാണു്.

പത്രപംക്തികൾ, പ്രസംഗമണ്ഡപങ്ങൾ മുതലായ പ്രചരണോപകരണങ്ങൾ സ്വാധീനപ്പെടുത്തുന്ന മറെറാരു വകക്കാരുണ്ടു്. ഇത്തിൾക്കണ്ണിസമുദായത്തിലെ അഖണ്ഡസാമ്രാജ്യയോഗക്കാർ. അവരെയാണു് സൂക്ഷിക്കേണ്ടതു്. അവർ വിശങ്കടമായ ഗഗനമണ്ഡലത്തെപ്പോലും വിഷമയമാക്കുന്നവരാണു്. അവർ ആശയോ

പജീവികളായ ഇത്തിൾക്കണ്ണികളാണ്; അന്യന്റെ മജ്ജമാംസങ്ങളിലല്ല, അന്യന്റെ ആശയത്തിൽ, അന്യന്റെ ഹൃദയരക്തത്തിൽതന്നെ ജീവിക്കുന്നവരാണ് ഇക്കൂട്ടർ. തനിക്ക് ഏററവും വെറുപ്പുള്ളവർ എന്നു ജർമൻ തത്വചിന്തകനായ നൈഷേ പേരിട്ടിട്ടുള്ളതു് ഈ അന്യമസ്തിഷ്കോപജീവികളെയാണ്. ചിന്തകന്മാരുടേയും അവരുടെ ചിന്താസന്താനങ്ങളുടേയും "പററിൽ ജീവിക്കുന്ന"വരാണ് ഇക്കൂട്ടർ പക്ഷേ, അവർ എഴുതുന്നതു പ്രസംഗിക്കുമ്പോൾ, അവർ എഴുതുന്നതു വായിക്കുമ്പോൾ എല്ലാം നിങ്ങൾ അക്കാര്യം വിസ്മരിച്ചുപോകും. അതാണ് അവരുടെ മിടുക്ക്.

നമ്മുടെ പൊതുജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും ഈ കള്ളക്കമ്പോളക്കാരെ കാണാം. കാലം എന്നൊന്നുണ്ട്, അതു പലപ്പോഴും പലരുടേയും പൂച്ചുതെളിക്കയുംചെയ്യും. പക്ഷേ കാലത്തിന്റെ വിധിഖഡ്ഗം പതിക്കുവാൻ വർഷങ്ങളല്ല, ചിലപ്പോൾ നൂററാണ്ടുകൾതന്നെ കാത്തിരിക്കേണ്ടിവരും. രാഷ്ട്രീയജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഇക്കൂട്ടർക്കു കൂടുതൽ ആദായമുണ്ടെങ്കിലും ഇവരുടെ വാഴ്ച നീണ്ടുനില്ക്കാറില്ല—ഏതായാലും സുരക്ഷിതമല്ല. എന്നാൽ സാഹിത്യത്തിന്റെ മണ്ഡലം ഇവർക്കു സുരക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ ഇവരെ ബഹിഷ്കരിക്കുവാൻ പ്രാപ്തിയുള്ളതും സായുധമായതുമായ ഒരു ശക്തി—നിയമത്തിന്റെ ഭാഷയിൽ sanction എന്നു പറയുന്നതുപോലെ ഒന്ന് സാഹിത്യത്തിന്റെ പരിധിയിൽ ഉത്ഭവിക്കുന്നില്ല. ചപലനായ മനുഷ്യൻ ഭീരുക്കൂടെ ആയതുകൊണ്ട് അവൻ എപ്പോഴും അവന്റെ പ്രവർത്തനമണ്ഡലം തെരഞ്ഞെടുക്കുന്നതു് താരതമ്യേന ഉപദ്രവക്കുറവു നോക്കിയായിരിക്കും. അങ്ങനെ കീർത്തിമോഹത്തിന്റെ പിണിയാളുകളായി നമ്മുടെ സാഹിത്യത്തിലേയ്ക്കും കുറെ ആളുകൾ കടന്നുവന്നിട്ടുണ്ട്. സ്വന്തമായി ഒന്നും പറയാനില്ലാത്തവർ അന്യന്മാരുടെ കാര്യം തോന്നിയതുപോലെ പറയും എന്നു് വൈൽഡിന്റെ O. Wilde ഒരു കഥാപാത്രം പറഞ്ഞിട്ടുള്ളതു്

ഓക്കുന്നു. സ്നേഹിതന്മാരെ, ഞാൻ തെളിച്ചുപറയാം നമ്മുടെ വിമർശനപട്ടക്കളിൽ ഒരു സിംഹഭാഗത്തെപ്പററിയാണു് ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു്. പഴയ മാസികകളിലേയും, വിശ്വസാഹിത്യത്തിലെ മറന്നുകിടക്കുന്ന ഏടുകളിലേയും ഉള്ളടക്കങ്ങൾ കവൎന്നു സ്വന്തംപേരിൽ പ്രസിദ്ധീകരിക്കുന്ന കവിയശഃപ്രാൎത്ഥികളെ നിങ്ങൾക്കറിയാം. അവർ പാവങ്ങൾ. അവരോടു് സഹതപിക്കുക. എന്തുകൊണ്ടെന്നാൽ അവൎക്കൊരിക്കലും സമാധാനമില്ല. അവരുടെ കയ്യിൽ കട്ട മുതലുണ്ടു്. ഏതുനിമിഷവും പിടിച്ചുപോകും. അവർ വിരണ്ട മാൻപേടയുടെ വിഹ്വലനേത്രങ്ങൾ നാലുപാടും പായിക്കയാണു്. ആ ചിത്താവസ്ഥ ഒന്നാലോചിക്കൂ. പാവങ്ങൾ,—പാവങ്ങൾ!

വിമർശകവേഷധാരിയുടെ മട്ടു് അതൊന്നുമല്ല. അവൻ ചുമക്കുന്ന 'കനം്ഭാവ'ത്തിന്റെ ഭാരം ഒരു കരിങ്കൽചുമട്ടുതാങ്ങിയും ചുമക്കാറില്ല. എങ്കിലും അവൻ ആ ചുമടിറക്കാറില്ല. ചില സാഹചര്യങ്ങൾ ഒരുവനെ സാഹിത്യവുമായി അടുപ്പിക്കുന്നു. പൊട്ടുന്നനെ ഉദിക്കുന്ന ഒരു വിഭ്രമത്തിൽ അവൻ കലാസൃഷ്ടിയിൽതന്നെ ഒന്നു പയററിനോക്കുന്നു. ഒന്നരണ്ടു വിശ്വാമിത്രസൃഷ്ടികളെ ചമച്ചു പരാജയം പ്രകടമാകുമ്പോൾ, അത്തൊഴിൽ അങ്ങു നിവൃത്തി—പിന്നെ അവന്റെ രംഗപ്രവേശം കുറെ പാശ്ചാത്യപദങ്ങളും കൈയിലേന്തി (സംജ്ഞാനാമങ്ങൾ, പ്രസ്ഥാനനാമങ്ങൾ, സ്ഥലനാമങ്ങൾ, ഗ്രന്ഥനാമങ്ങൾ—എന്തെല്ലാം) ഉദ്ധരണികളും, ആണ്ടുമാസംതീയതികളും കിലുക്കി, ഒരു വൈരാഗിയായാണു് ഇവനത്രെ ലോവൽ മൂർ (J. R. Lowell and Moor) മുതലായ കവികളുടെ പരിഹാസശരങ്ങൾക്കു ലക്ഷ്യമായവൻ.

"Nature fits all her Children
with something to do,
He who would write and
Can't write can surely review." (Lowell)

സാഹിത്യകാരനാകണമെന്ന നിർബന്ധമാണ്; പക്ഷേ, ആത്മാവിഷ്കരണമെന്ന സാഹിത്യകൃത്യം ദുഷ്കരവുമാണ്. കീർത്തിഗോപുരത്തിലേയ്ക്കുള്ള എളുപ്പവഴി പിന്നെ ഏതു്? അതാ കിടക്കുന്നു—വിമർശനം!

"If you do not write verser
Why what can you do?
The dence is sit sir! if you
Cannot review." (Moor)

ഞാൻ വിമർശനകലയെ പഴിക്കയാണെന്നു തെററിദ്ധരിക്കയില്ലല്ലോ. ഈ മലയാളനാട്ടിൽ കഴിവും കോപ്പുമുള്ള വിമർശകന്മാരുണ്ടു്, അവർ അവക്കുള്ള മഹനീയമായ മണ്ഡലത്തിലേയ്ക്കുയരട്ടെ. ഞാനീ ഇത്തിൾക്കണ്ണികളുടെ കാര്യം അല്പമൊന്നു പരസ്യപ്പെടുത്തിക്കൊള്ളട്ടെ.

ഇന്നു്, നമ്മുടെ സാഹിത്യത്തിൻെറ പെരുവഴികളിൽക്കൂടെ ഒരു ആശയച്ചുമട്ടുമായി പോവുക അപകടംപിടിച്ച ഒരു ജോലിയാണു്. പാതയുടെ ഇരുപുറവും കുററിക്കാട്ടുകളിലും പത്രമാഫീസുകളിലും ഒക്കെ കുത്തിയിരിക്കയാണ് മുട്ടാളന്മാരായ പിടിച്ചുപറിക്കാർ. ഇങ്ങനെ പിടിച്ചുപറിച്ചുമാത്രം ജീവസന്ധാരണം ചെയ്യുന്ന ഒരുകൂട്ടരുണ്ടു്. നിങ്ങളൊന്നു് ഓർത്തുനോക്കണം. ചില "വിമർശനപട്ടക്കാ"രുടെ തൊഴിൽ ഖണ്ഡനംമാത്രമല്ലേ? അന്യൻെറ ഒരാശയച്ചുമടിലുള്ള അന്യായമായ ഒരു ആക്രമണം, അല്ലാതെ സ്വന്തം ആത്മാവിൻെറ വെളിച്ചത്തിൽ തെളിഞ്ഞ ഒരൊററവസ്തുത ഇക്കൂട്ടർ ഇന്നവരെ വെളിപ്പെടുത്തിയിട്ടില്ല. ഇവർ സർക്കസ്സ് റിംഗിലെ വിനോദവേഷക്കാരെപ്പോലെയാണെന്നു് എനിക്കു തോന്നുന്നു. നിപുണനായ ഒരു അഭ്യാസി എന്തെങ്കിലും ഒരു വിദ്യ കാണിച്ചു നമ്മെ അത്ഭുതസ്തബ്ധരാക്കുന്നു. നാം കൈയടിക്കാൻ വിസ്മരിച്ചുപോകുന്നു. അപ്പോൾ കാണാം ഈ വിനോദവേഷക്കാരൻ, ഒരു കൃത്രിമമീശയുംവച്ചു്, മുടന്തിമുടന്തി നടന്നു്, ആ

അഭ്യാസനിപുണൻ പ്രദർശിപ്പിച്ച വിദ്യയെ നിസ്സാരമാക്കാനുള്ള ഒരു വ്യർത്ഥശ്രമത്തിൽ ഉച്ച്കുത്തിവീണിട്ട്, ഏഴുനേററവനിന്ന്, നമ്മോട് ഒന്ന കൈകൊട്ടാൻ ആവശ്യപ്പെടുന്നതു്. കൈകൊട്ടെല്ലാം ബഹുണ്ണിന്ന്!

പാശ്ചാത്യദേശങ്ങളിൽ കവികളും നിരൂപകന്മാരും ഉണ്ടായിരുന്നില്ലെങ്കിൽ നമ്മുടെ നാട്ടിൽ ഒരൊററ സാഹിത്യകാരനും കുരുക്കുമായിരുന്നില്ലെന്ന നാം സംശയിച്ചുപോകത്തക്ക രീതിയിലാണു മററുചിലരുടെ വിമർശനത്തിൻെറ പോക്കു്. മാർക്സിൻെറയും, എംഗൽസിൻെറയും, ഡി. എച്ച്. ലാറൻസിൻെറയും, സിൻക്ലെയറിൻെറയും, ബെവർളി നിക്കൊൾസിൻെറയും, ഹക്സ്‌ലിയുടെയും, എതൽമാനിൻെറയും എന്നുവേണ്ട പാശ്ചാത്യസാഹിത്യത്തിലെ കടമ്പു മുതൽ ചൊറുതണംവരെയുള്ള സകലതിൻെറയും പേരുകൾ കൊണ്ടു് എന്തിനാണു് ഇവർ തങ്ങളുടെ വിമർശനപരങ്ങളായ ലേഖനങ്ങൾക്കു വസൂരികുത്തുപിടിപ്പിക്കുന്നതു്? വിശാലമായ ഒരു അടിസ്ഥാനത്തിൽ നമ്മുടെ സാഹിത്യത്തെ പരിശോധിക്കേണ്ടതാണു്. വിശ്വസാഹിത്യത്തിൻെറ ഒരംശമെന്ന നിലയിൽ കാണാൻ ശ്രമിക്കേണ്ടതാണു്. ഒരു ഏകീകരണശ്രമവുമാവശ്യമാണു്. പക്ഷേ ഇതൊക്കെച്ചെയ്യാൻ മുതിരുന്നയാൾ ഇതിനൊക്കെ പ്രാപ്തനായിരിക്കണം. മി: എ. ബാലകൃഷ്ണപിള്ളയ്ക്കു് ആ ഒരു മെച്ചമുണ്ടു്. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെപ്പററി നമുക്കുള്ള അഭിപ്രായമെന്തായിരുന്നാലും, അദ്ദേഹം പറയുന്ന കാര്യങ്ങൾ അദ്ദേഹത്തിന്നറിയാവുന്നവയാണു്. പക്ഷേ, മററു ചിലരുടെ കാര്യമോ? ഡി. എച്ച്. ലാറൻസിൻെറ ഒരു വാചകം ആരാണ്ടോ എടുത്തു് എങ്ങാണ്ടോ ഉദ്ധരിച്ചതു്, ആർത്തിയോടെ തൻെറ നോട്ടുബുക്കിൽ പകർത്തിയിട്ടിട്ടു്, ആദ്യം ലഭിക്കുന്ന അവസരത്തിൽ അതിനെ ചാണ്ടിക്കൊട്ടുക എന്നതുമാത്രമാണു ചിലരുടെ പോരു്. റഷ്യൻ ഇന്നാരെപ്പററി ചെക്കോസ്ലോവേക്യൻ ഇന്നാരു പറഞ്ഞ താഴെക്കാണുന്ന വാചകം നമ്മുടെ കമലാക്ഷിഅമ്മയ്ക്കു വളരെ ഭേഷായി ചേരുന്നു,

എന്നൊക്കെ ഈ പ്രവീണന്മാർ എഴുതിപ്പിടിപ്പിക്കുമ്പോൾ എന്തെല്ലാം അബദ്ധങ്ങളാണ് ഇവർ എഴുതിപ്പിടിപ്പിക്കുന്നതു? പേരുകൾ പറയേണ്ട ആവശ്യം ഇപ്പോഴുദിക്കുന്നില്ല. എങ്കിലും, ഈമാതിരി ലേഖനങ്ങൾ ഈയിടെ വായിച്ചപ്പോൾ, ആശയം തെററിദ്ധരിച്ചും, തെററിച്ചും പല പാശ്ചാത്യസാഹിത്യകാരന്മാരുടെയും വാചകങ്ങൾ ലോഭംകൂടാതെ ഉദ്ധരിച്ചിരിക്കുന്നതിൽ ഒരു വിഷമം തോന്നി. കോപംകൊണ്ടല്ല, താപംകൊണ്ടു് എഴുതുന്നതാണ്.

പണ്ടത്തെ മഠയന്മാർ പാണ്ഡിത്യം കാണിക്കാൻ, അവർ വെദ്ധപ്പെട്ടു കാണാപ്പാഠമാക്കിയിട്ടുള്ള സംസ്കൃതശ്ലോകങ്ങൾ അവസരത്തിലും അനവസരത്തിലും ചൊല്ലുമായിരുന്നു. ഇന്നത്തെ മിടുക്കന്മാർ അവർക്കു കളഞ്ഞുകിട്ടിയ ഓരോന്നും ഈരണ്ടും ഇംഗ്ലീഷു വാചകങ്ങളെക്കൊണ്ടും, വെറും സംജ്ഞാനാമങ്ങളെക്കൊണ്ടുതന്നെയും അവരുടെ പാണ്ഡിത്യത്തെപ്പററി നമ്മെ തെററിദ്ധരിപ്പിച്ചു കൃതാത്ഥരാവുന്നു. ഇവർ സ്വന്തം ആത്മാവിൻെറ വെളിച്ചത്തിൽ കലാസൃഷ്ടിചെയ്യുന്നവരുടെ യജമാനന്മാരായി ഞെളിയുകയും ചെയ്യുന്നു. ആ ഞെളിവു്, പക്ഷേ അവൻ തനിയേ അങ്ങു ഞെളിയുന്നതാണ്. നിങ്ങൾ ഒന്നു നോക്കണേ! കേശവദേവിൻെറ ലളിതജീവിതപ്രതിപാദകങ്ങളായ ഏതാനും കഥകളുടെ ഒരു സമാഹാരം വായിച്ചിട്ടു് ഒരു വിമർശകനിപുണനു് "ഈ കഥകൾക്കെല്ലാം കൂടെ 'A Nest of Simple Folk' എന്ന ഐറിഷ്നോവലിൻെറപേരു കൊടുത്താലെന്തെന്നു് തോന്നാറുണ്ടു്." ഒരു മലയാളപുസ്തകത്തിനു് ആ ഇംഗ്ലീഷുപേരു് വേണമോ? ദേവ് അദ്ദേഹത്തിൻെറ പുസ്തകത്തിനു നൽകിയ പേരുകൊണ്ടു് നമുക്കു് തൃപ്തരായിക്കൂടെ? ഇതൊക്കെ പോകട്ടെ ഒരു സംശയം ചോദയാണ്—"A Nest of Simple Folk" എന്ന ഐറിഷ്നോവലിൻെറ പേരു്—എന്താണു് സ്നേഹിതാ?............ഭാഷയുടെ വിചിത്രഗതികൾ!! എൻെറ സ്നേഹിതനായ വിമശകൻ ആ ഐറിഷ്നോവൽ വായിച്ചിട്ടുണ്ടെന്നു് നമ്മെ പരസ്യമായി അറ

യിക്കണമെന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളായിരിക്കാം. ചില പഴയ കൂറവുകാർ തങ്ങൾ മാഘവും ജ്ഞാനവാസിഷ്ഠവും ഒക്കെ വായിച്ചിട്ടുണ്ടെന്നു പരസ്യമായി അഭിമാനംകൊള്ളാറുണ്ട്. ആ മനഃസ്ഥിതിതന്നെ ഇന്നും പ്രകടിപ്പിക്കുന്ന പുതിയ കൂറവുകാരുടെ മതംമാറ്റത്തിനെന്താണർത്ഥം?

കീർത്തിമോഹം മനുഷ്യനെ ഭ്രാന്തുപിടിപ്പിച്ചുകൂടാ സ്വന്തമായൊന്നുമില്ലെങ്കിൽ പ്രയത്നിക്കണം. അങ്ങനെ ഉണ്ടാക്കണം. അല്ലാതെ അന്യന് ഒരു സുഖമില്ല; അവൻ പട്ടിണിയേ ശുദ്ധാ പട്ടണി എന്നു പരിഹസിച്ചാൽ സ്വന്തം പട്ടിണി നീങ്ങുമെന്നും അന്യന്റെ കഴിവുകളെ നിഷേധിച്ചാൽ സ്വന്തം കഴിവുകൾ പ്രകടമാകുമെന്നും ഒക്കെ തെറ്റിദ്ധരിക്കുന്നവർ ഒരിക്കലും—ഓ, ഇതൊക്കെ പഴയ ഉപദേശങ്ങളാണ്. എല്ലാവർക്കും അറിയാം. ഇത്തിൾക്കണ്ണിക്കുമറിയാം. പിന്നെ ഞാൻ പറയേണ്ടല്ലോ.

# ബലിമൃഗങ്ങൾ

**ടൈ**കെട്ടിയ മാന്യൻമുതൽ കേഡിലിസ്റ്റിലെ പേരുകാരൻവരെ, ഒരേതരത്തിലുള്ള ഹാസ്യത്തോടെ കൈചൂണ്ടിക്കാണിക്കുന്ന ഒരുവർഗ്ഗം ഇരുകാലികൾ നമ്മുടെ രാജ്യത്തിലുണ്ട്. അവർ ആരാണെന്നറിയാമോ? ആലോചിച്ചു തലപുകയണ്ടാ, അവരാണ് സാഹിത്യകാരന്മാർ. സമുദായരംഗത്തിലോ, ഉദ്യോഗമേഘമണ്ഡലത്തിലോ ഇരുന്ന്, വേലയില്ലാവേളകളിൽ ഒരു ഗീതകമോ, ചെറുകഥയോ രചിച്ചു പത്രത്തിനയയ്ക്കുന്ന ഭാഗ്യവാന്മാരുണ്ട്. അവരെപ്പററി ആക്ഷേപമൊന്നും പറയാൻ സാധിക്കയില്ല. സാഹിത്യകാരൻ എന്നൊന്നു വിളിച്ചുനോക്കൂ അപ്പോൾ കാണാം അവരുടെ പ്രതിഷേധം. സമുദായമദ്ധ്യത്തിൽ അവർക്കുള്ള മാന്യതയെ അങ്ങനെ അപകടപ്പെടുത്താൻ അവർ അനുവദിക്കയില്ല. അവരുടെ കഥയും കവിതയുമൊക്കെ "മാന്യ"വുമായിരിക്കും. ഞാനവരെയല്ല ഉദ്ദേശിക്കുന്നത്.

സാഹിത്യകാരന്മാർ—അല്ലെങ്കിൽ വേണ്ടാ എഴുത്തുകാർ – അങ്ങനെയാണ് അവരെ വിളിക്കുക - മററു ആദായമാർഗ്ഗങ്ങളും, രംഗങ്ങളും, മേഘമണ്ഡലങ്ങളും ഒന്നുമില്ലാത്ത ഒരുവക ആളുകൾ നിങ്ങൾക്കെല്ലാ മറിയാമായിരിക്കുമല്ലോ കുറേപ്പേരെ—അവരെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഒരുവേള സാഹിത്യകാരൻ എന്ന

മാന്യപദംതന്നെ അവക്കു ചേരുന്നതല്ലായിരിക്കും. എഴുത്തുകാരൻ എന്നു മതി! തെററിദ്ധാരണകളും അപകടങ്ങളും കൂടാതെകഴിക്കാമല്ലോ. അവരെയാണു് ഞാൻ ബലിമൃഗങ്ങളെന്നു വിളിക്കുന്നതു്.

കാരണമല്ലേ? പറയാം. ഇത്രയധികം കുററപ്പെടുത്തലുകളും, അപവാദങ്ങളും, തുറന്ന തെറികളും ഏൽക്കുന്ന മററു് ഏതെങ്കിലും ഒരു കൂട്ടം ആളുകളെപ്പററി നിങ്ങൾക്കറിയാമോ? കാപ്പിരികൾ അപരിഷ്കൃതരും വിരൂപികളുമാണു്; പഴയ ഹൂണന്മാർ അതിക്രൂരന്മാരായിരുന്നു; റെഡ്ഇൻഡ്യന്മാർ പച്ചയിറച്ചി തിന്നിരുന്നു; ടോളമീസിൻെറ കാലത്തെ ഈജിപ്തുകാർ സഹോദരികളെ ബാന്ധവിച്ചിരുന്നു; പാശ്ചാത്യന്മാർ ശൗചംചെയ്കയില്ല; മംഗോളിയാക്കാർ ചപ്പിയ മൂക്കുകാരാണു്; ചീനന്മാർ മോഷ്ടാക്കളാണു്; പെരുവിരലുള്ളവക്കു് നാക്കുവഴങ്ങുകയില്ല ഇങ്ങനെ പല ജനവിഭാഗങ്ങൾക്കും പല കുററങ്ങളുണ്ടു്. പക്ഷേ, നമ്മുടെ നാട്ടിലെ എഴുത്തുകാക്കു് ഈ സകല ദൂഷ്യങ്ങളും ഉണ്ടെന്നു് നമ്മുടെ പൗരസഞ്ചയം എന്നേ തീർച്ചപ്പെടുത്തിക്കഴിഞ്ഞു—ടൈ കെട്ടിയ മാന്യൻ മുതൽ കേഡി ലിസ്റ്റിലെ പേരുകാരൻവരെ.

എഴുത്തുകാരൻ! അമ്പോ! ആ പദംകൊണ്ടു് വിവക്ഷിക്കപ്പെടുന്ന അവജ്ഞയുടെ ആഴം! "ഹേയ് ആ പോണതാരാണെന്നറിയാമോ?" ഒരുവൻ മററൊരുവനെ വിളിച്ചു ചോദിച്ചു, "അയാളാണ്—നായർ'' "ചെറുകഥക്കാരനോ'" കേട്ടുകൊണ്ടുനിന്ന കാൺസ്റ്റബിൾ മീശമുറുക്കി, ചിറിയൊന്നു വക്രിപ്പിച്ചു്, തൻെറ ഭാഷാക്ഷീരസാഗരം കടഞ്ഞെടുത്ത ഒരു ഒന്നാംതരം അശ്ലീലപദത്തെ ഒരു വിശേഷണമാക്കിക്കൊണ്ടു പറഞ്ഞു: "ഇവൻെറയൊക്കെ കഥ! ഇന്നാളൊരെണ്ണം വായിച്ചു. ഒരു കറപ്പംതറക്കേസിൻെറ മൊഴിപ്പകർപ്പുപോലിരുന്നു." കൂടെനിന്ന ചട്ടമ്പി നാക്കിൽ നുരയിട്ടുപൊങ്ങിയ ഏതോ ഒന്നു കാക്കിത്തുപ്പിയിട്ടു് നിസ്സങ്കോചം അഭിപ്രായപ്പെട്ടു: "ഇതൊക്കെ അച്ചടിക്കുന്നവന്മാരെ അടിക്കണം!!'' അങ്ങനെ തീരുമാനിച്ചു് അവർ പിരി

ഞ്ഞു. ഇങ്ങനെ, അനൗപചാരികമായി എത്ര പ്രഹരദാനപ്രമേയങ്ങൾ ദിവസവും പാസ്സാകാറുണ്ടെന്നറിയാമോ? ഇതൊന്നുമറിയാതെ—ഒരു ജനസമുദായത്തിന്റെ കോപാഗ്നി ജ്വലിച്ചുടക്കുന്നതറിയാതെ—നീളംകൂടിയ ഖദറുഷാളും പുതച്ചുകൊണ്ടു നടക്കയാണു്, കേരളത്തിലെ എഴുത്തുകാരൻ!

കമ്മ്യൂണിസ്റ്റുകാർ പ്രചരിപ്പിച്ചിട്ടുള്ള ഒരു വാക്കുണ്ടല്ലോ—വർഗ്ഗവൈരം (Class War) പുരാണങ്ങളിലെല്ലാം സുലഭമായ ദേവാസുരവൈരം. ഈമാതിരി വൈരത്തിൽ വ്യക്തിയുടെ ഗുണദോഷങ്ങൾ ഗൗനിക്കപ്പെടുകയില്ല. അവയ്ക്കർത്ഥമില്ല. ഒരു പൊതുവൈരത്തിൽ—ഒരു വർഗ്ഗത്തിന്റെ ഘടകമെന്ന നിലയിൽമാത്രമേ വ്യക്തിക്കു സ്ഥാനമുള്ളു. അങ്ങനെ എത്ര ഗുണസമ്പന്നനായ മഹാബലിയായാലും ദേവവൈരിയും, എത്ര വിശാലമനസ്കനായ ഫാക്ടറിയുടമസ്ഥനായാലും തൊഴിലാളിവൈരിയുമാണു്. ഈ തരത്തിൽ ഒരു വർഗ്ഗവൈരം നമ്മുടെ പൊതുജനങ്ങളേയും എഴുത്തുകാരേയും സംബന്ധിച്ചിടത്തോളം ഉണ്ടെന്നു നിങ്ങൾക്കു മനസ്സിലായിട്ടുണ്ടോ?

മദ്ധ്യതിരുവിതാംകൂറുകാരനായ ഒരു മദ്ധ്യവയസ്കൻമാന്യനു് ഒരിക്കൽ എന്നെ ഒരാൾ പരിചയപ്പെടുത്തി. എന്റെ സ്നേഹിതൻ പറഞ്ഞു: "ഇതു് ഇന്നാരാണു്. നമ്മുടെ ഇന്നാരില്ലേ? അദ്ദേഹത്തിന്റെ അനുജനാണു്." മാന്യൻ പ്രസന്നവദനനായി, ആകസ്മികമായി ഉദിച്ച ഒരു വാത്സല്യവായ്പോടെ എന്റെ മുതുകിൽ തട്ടിക്കൊണ്ടു പറഞ്ഞു: "ആഹാ! എന്നിട്ടു് ഇതുവരെ നമ്മൾ തമ്മിൽ വിരോധികളെപ്പോലെ ഇരുന്നുകളഞ്ഞല്ലോ. മി: ചെല്ലപ്പൻപിള്ള എന്റെ ഒരുററമിത്രമാണു്. ഞാൻ എത്രതവണ വീട്ടിൽ വന്നിട്ടുണ്ടു്—എന്താഹാരം കഴിച്ചിട്ടുണ്ടു്—" ഇത്യാദി. എന്റെ സ്നേഹിതൻ വീണ്ടും പറഞ്ഞു: 'മി: പരമേശ്വരൻപിള്ള ഒരു കവിയും കഥാകൃത്തും ഒക്കെക്കൂടെയാണു്' ഉദ്വേഗത്തോടെ ആ മദ്ധ്യവയസ്കൻ ചോദിച്ചു: "ഏ? ഏ! എങ്ങനെ?... ..."

അദ്ദേഹത്തിനു് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ആദ്യത്തെ ക്ഷീണത്തിന്റെ വയർപ്പ് അല്പമൊന്നടങ്ങിയപ്പോൾ അദ്ദേഹം എന്റെ സ്നേഹിതനോടു ചോദിച്ചു—കാഞ്ഞിരക്കായുടെ കയ്പു് അഭിനയിച്ചുകൊണ്ടു ചോദിച്ചു—"പുരോഗമനക്കാരനുംകൂടെ ആയിരിക്കാം അല്ലേ?"

ആ ചോദ്യത്തിൽ എന്റെ ഒരു ഭാവിശത്രു ഒളിഞ്ഞിരിക്കുന്നതായി മനസ്സിലാക്കിയ എന്റെ സ്നേഹിതൻ ഉത്തരം ഒന്നും പറഞ്ഞില്ല. തിരുവനന്തപുരത്തു മോട്ടോർ നിന്നപ്പോൾ—എന്റെ ജ്യേഷ്ഠന്റെ ആ ഉത്തമമിത്രം, ഞങ്ങളുടെ വീട്ടിലെ ചോറിന്റെ സ്വാദു് അപ്പോഴും തികട്ടുന്നുണ്ടെന്നു കൃതജ്ഞതാകാഹളം മുഴക്കിയ ആ സ്നേഹസമ്പന്നൻ—ഒരു വാക്കോ ഒരു നോക്കോപോലുംകൂടാതെ ഇറങ്ങി അങ്ങു പോകയാണു ചെയ്തതു്.

"ഇപ്പോഴത്തെ എഴുത്തുകാർ"—ഇതാണു് പല മാന്യന്മാരുടേയും സാഹിത്യസംബന്ധിയായ സംഭാഷണവിഷയം, "ബി സി. ഏഴാംശതകത്തിലെ കാണ്ടാമൃഗങ്ങൾ" എന്നോ, നീലഗിരി മലകളിലെ 'തോടന്മാർ' (Todas) എന്നോ ഒക്കെ പറയുന്ന ഒരു പഴയ ഗവേഷണസ്വരത്തിലാണു് 'ഇപ്പോഴത്തെ എഴുത്തുകാർ' എന്ന വിഷയവും ഈ മാന്യന്മാർ അവതരിപ്പിക്കുന്നതു്! അതായതു്—ആ സ്വരം കേട്ടാൽ നമുക്കു തോന്നിപ്പോകും—ഇന്നത്തെ എഴുത്തുകാർ എന്നുവച്ചാൽ ബി സി-യിൽ ഉണ്ടായിരുന്ന ഒരുവക ഒററക്കൊമ്പനാനകളോ, നഗ്നരായി നടക്കുന്ന ചില വനചരന്മാരോ, ഏതോ മോഹഞ്ജദാരോവിലെ അമ്പലക്കല്ലുകളോ ആണു് എന്നു്.

പക്ഷേ—ആ വാചാപ്രസംഗം അങ്ങോട്ടു തുടങ്ങിക്കഴിഞ്ഞാൽ നമ്മുടെ തെററിദ്ധാരണ മാറിപ്പോകും. ഇപ്പോഴത്തെ എഴുത്തുകാർ ഈശ്വരഭക്തി, പിതൃഭക്തി, ഗുരുത്വം മുതലായ കാമ്പോസിഷൻ വിഷയങ്ങളെപ്പററി അജ്ഞരും, അവയ്ക്കുപകരം വ്യഭിചാരം, പട്ടിണി, ചൂഷണം മുതലായവയെപ്പററി വലിയ

തലക്കെട്ടുകൾ നിർമ്മിക്കുന്നവരുമാണെന്നുള്ളതാണ് ഒരു വലിയ പരാതി. ഈശ്വരഭക്തി, ധീരത്വം, വിവേകം മുതലായി നമ്മുടെ കൂട്ടപോലുള്ള ഒരു പൗരസംഘയത്തിനു പൊതുവിൽ ഇല്ലാത്ത ഗുണങ്ങളെ വാഴ്ത്തി ഉപന്യാസങ്ങൾ ചമയ്ക്കുന്നതിനു പകരം വ്യഭിചാരം, മൂഷണം മുതലായി അവക്കു പൊതുവിൽ ഉള്ള ദൂഷ്യങ്ങളെ പരസ്യീകരിക്കുന്ന ഈ എഴുത്തുകാരെ അഭിമാനമുള്ള ഒരു പൗരാവലി എങ്ങനെ വെറുക്കാതിരിക്കും! അവനവന് ഇല്ലാത്ത ഗുണങ്ങളെ വാഴ്ത്തുന്നവരോടല്ലാതെ, ഉള്ള ദൂഷ്യങ്ങളെ വെളിച്ചപ്പെടുത്തുന്നവരോട് ആർക്കെങ്കിലും പ്രണയമുണ്ടാവുക സാധ്യമാണോ? എഴുത്തുകാരാ! വെറുതേ സ്വപ്നംകാണാതിരിക്കൂ, താൻ തന്റെ രാജ്യത്തിന്റെ അഭിമാനസ്തംഭമാണെന്നും, തന്റെ കീർത്തി ദിഗന്തങ്ങളിൽ ചെന്ന് എററമുട്ടുകയാണെന്നും. അതെല്ലാം അബദ്ധം. താൻ ബലിമൃഗമാണ്. തന്റെ ആദർശങ്ങളുടെ ബലിപീഠത്തിൽ തന്റെ മെലിഞ്ഞ ഗളത്തിന് ഒരിക്കൽ ഖഡ്ഗപാതം മേല്ക്കേണ്ടതായിവരും. ജീവിച്ചിരിക്കുന്ന കാലത്തു കല്ലേറിനുമാത്രം അർഹതയുള്ളവനാണു താൻ.

ജീവിതം പരമാർത്ഥത്തിൽ ജീവിക്കാനുള്ള ഒരു മത്സരമല്ല; അധികാരശക്തിക്കുവേണ്ടിയുള്ള ഒരു തള്ളിനോക്കലാണ്. ആ മെലിഞ്ഞ ഖദറുകാരൻ ഒരെഴുത്തുകാരനാണെന്ന്, ഗുസ്തിക്കു തയ്യാറെടുത്തുനില്ക്കുന്ന ഫയൽവാനറിയാം. ആ ഖദറുകാരന്റെ ഒരക്ഷരംപോലും മറേറ ആ മാംസഗോപുരത്തിനു മനസ്സിലാകയില്ലായിരിക്കാം. എങ്കിലും ഏതോ, കാരണമില്ലെന്നു തോന്നിയേക്കാവുന്ന ഒരു അസുഖം ആ ഗുസ്തിക്കാരനുണ്ടാവുകതന്നെചെയ്യും. താൻ നിരവധി ജീവജന്തുക്കളെക്കൊണ്ടും, പരസഹസ്രം തരുലതാദികളെക്കൊണ്ടും പരിപുഷ്ടമാക്കിവച്ചിരിക്കുന്ന തന്റെ ശരീരമേദുരത തനിക്കുവേണ്ടി സമുദായമദ്ധ്യത്തിൽ ഒഴിച്ചുവച്ചിട്ടുള്ള ബഹുമാന്യസ്ഥാനത്തിന്, ആ ഖദർകാരൻ എങ്ങനെയോ കൂടുതൽ അർഹനാണെന്നൊരു സംശയം എപ്പോഴും മനുഷ്യന്റെ ഭീരു

ത്വമാണ് അവനെ ചിന്തയാക്കുന്നത്. അതായത്, അവനവന്റെ കഴിവിലുള്ള അവിശ്വാസത്തിൽനിന്നുദിക്കുന്ന സംശയവും ഭയവും. അസൂയയുടെ ഉത്പത്തിയും മറെറങ്ങുനിന്നുമല്ല.

ലോകോപകാരകനെന്നും, നാട്ടിന്റെ സംസ്ക്കാരത്തിന്റെ പ്രതിനിധിയെന്നും സ്വപ്നംകാണുന്ന എഴുത്തുകാരൻ വ്യഞ്ജനെ മനസ്സിലാക്കും അവൻ വാസ്തവത്തിൽ പ്രതിക്കൂട്ടിലാണു നിൽക്കുന്നതെന്ന്. അവന്റെ ലോകോപകാരണകർമ്മത്തിന്റെ മുഖ്യപരിപാടി പാറേപാലെ മുരടിച്ച ഇന്നത്തെ അസാന്മാർഗ്ഗികതകളെ തകർക്കയെന്നുള്ളതായതുകൊണ്ട്, അവയിൽതന്നെ ഒട്ടിനില്ക്കുന്നവക്ക് എഴുത്തുകാരൻ ശത്രുതന്നെയാണ്. എഴുത്തുകാരനും മനുഷ്യനാണെന്നവക്കറിയാം. അവനും തെററുചെയ്തുപോകുമെന്നവക്കറിയാം. അവർ ആ ദിവസത്തിനുവേണ്ടി കാത്തിരിക്കയാണ്—എഴുത്തുകാരൻ ക്രൂശിക്കപ്പെടുന്ന ദിനത്തിനുവേണ്ടി.

ശത്രുതയുടെ ഏററക്കുറവനുസരിച്ച്, എഴുത്തുകാരന്റെ വൈരികളെ പല ഇനങ്ങളായി തിരിക്കാം.

വിദ്യയ്ക്കു വിലകൊടുക്കാതെ, എഴുത്തുകാരന്റെ കലാചാതുരിയേയും കീർത്തിമോഹത്തെയും ചൂഷണംചെയ്തു വളരുന്ന പത്രാധിപന്മാർ—അഥവാ പത്രമുടമസ്ഥന്മാർ. എഴുത്തുകാരന്റെ സാമ്പത്തികദുഃസ്ഥിതി നികന്നുപോകാതിരിക്കാൻ ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പട്ടുമ്പൂമട്ടുപങ്കയുടെ കീഴിലിരിക്കുന്ന പത്രമുടമസ്ഥൻ അദ്ദേഹത്തിന്റെ ഇത്തിൾക്കണ്ണികളോടു പറയണം, “ആ പോയതാണ്—ഇന്നാരു്. കഥക്കാരൻ. ഞാൻ വണ്ടിക്കൂലിക്കു് ഒരുരൂപാ കൊടുത്തു. പാവം.” ഇങ്ങനെ പറഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന്റെ മാഹാത്മ്യം നാം എങ്ങനെ അറിയും? ഇങ്ങനെ പറയണമെങ്കിൽ അല്ല് ആ എഴുത്തുകാരന്റെ വിദ്യയ്ക്കു് അർഹിക്കുന്ന വില കൊടുത്താൽ സാധിക്കുന്നതാണോ? എഴുത്തുകാരന്റെ മഹത്വം സ്ഥാപിക്കപ്പെട്ടുപോയാൽ അവനോടു കാണി

ക്കുന്ന അപകൃതികൾ ചോദ്യംചെയ്യപ്പെട്ടേക്കുമെന്നൊരു ഭയവും പത്രമുടമസ്ഥനു കാണും. അവൻേറതാണു മഹത്വമെങ്കിൽ തൻേറതു് പിന്നെ എന്തോന്നാണ് എന്നും പത്രപ്പട അന്ധാളിച്ചു പോകും. നിശ്ചയമായും അതുകൊണ്ട് എഴുത്തുകാരനെ നാനാവിധത്തിലും താഴ്ത്തേണ്ടതു പത്രരാജൻേറ ആവശ്യമാണ്. ആഴ്ചയിൽ ഓരിക്കലെങ്കിലും സ്വപത്രപംക്തികളിൽ എഴുത്തുകാരനെപ്പററിയുള്ള ആരോപണങ്ങളും അവഹേളനങ്ങളും ഉണ്ടായിരിക്കണമെന്ന് ഒരു നല്ല പത്രപ്രവത്തകനു നിർബ്ബന്ധം കാണും.

ഇത്രയും പറഞ്ഞപ്പോൾ മറെറാരുകാര്യം ഓർത്തുപോകുന്നു. ശത്രു ശത്രുവാണ്; തിരിച്ചറിയാം. പക്ഷേ ബുദ്ധിശൂന്യമായ പൊതുജനാഭിപ്രായത്തിൻേറയും, പത്രമുടമസ്ഥന്മാരുടെയും, സ്വന്തം അഹമ്മതിയുടെയും വിലപ്പൊന്നു പററിക്കൊണ്ട് പ്രവത്തനം ആരംഭിച്ചിരിക്കുന്ന ഒരു അഞ്ചാംകാളം സാഹിത്യലോകത്തിലുണ്ട്. മത്ത്യസൃഷ്ടി നടത്തിയകൂട്ടത്തിൽ വൈവിദ്ധ്യത്തിനുവേണ്ടി ആയിരിക്കാം, ബുദ്ധിക്കു പകരം അഹമ്മതിയും, സാഹിത്യവാസനയ്ക്കു പകരം വിലക്ഷണവാചകരചനാപാടവവും നൽകി ഒരുകൂട്ടം ആളുകളെ ബ്രഹ്മാവു ചമച്ചുവിട്ടപ്പോൾ സരസ്വതീദേവിയും സകലദേവഗണവും പ്രതിഷേധിച്ചു. പഞ്ചഭൂതങ്ങളും, പഞ്ചപ്രാണങ്ങളും ഇവരുടെ ഗാത്രത്തെ അധിവസിക്കാൻ വിസമ്മതിച്ചു. സവ്വംസഹാ ഇവരുടെ ഭാരം താങ്ങാൻവയ്യാ എന്നു കണ്ണുനീർ വാത്തു. ബ്രഹ്മദേവൻ പറഞ്ഞു: "പഞ്ചഭൂതങ്ങളേ, പഞ്ചപ്രാണങ്ങളേ, ഭൂമിദേവി, നിങ്ങൾ ശ്രദ്ധിക്കിൻ. ഈ പുതിയ സൃഷ്ടികളുടെ പേരു് നിരൂപകന്മാർ എന്നായിരിക്കും. ഇവക്കുണ്ടായിരിക്കേണ്ട രണ്ടു ഗുണങ്ങൾ—സാഹിത്യവാസനയില്ലാതിരിക്ക, അഹമ്മതി വേണ്ടുവോളമുണ്ടായിരിക്ക—രണ്ടും നല്ലതിന്മണ്ണം ഇവക്കുണ്ട്. കേരളത്തിൽ ഇവക്ക് മൂഢമായ ഒരു പ്രബലാഭിപ്രായം സാഹിത്യകാരന്മാർ എന്നു നാമകരണംചെയ്യും. പണ്ഡിതന്മാരാണെന്നു തെററിദ്ധരിക്കും. പോക്കിരിൻേറയും കഴുതയുടേയും കാണ്ടാമൃഗത്തിൻേറയും

ഭാരം സഹിക്കുന്ന ഭൂമിദേവി! ഇവയെല്ലാം അടങ്ങിയിരിക്കുന്ന പഞ്ചഭൂതങ്ങളേ! നിങ്ങൾ ഇപ്പോൾമാത്രം എന്തിനു പ്രതിഷേധിക്കുന്നു? ദേവന്മാരെ സൃഷ്ടിച്ച കൈകൾതന്നെ അസുരരേയും സൃഷ്ടിച്ചിട്ടുണ്ടെന്ന്, സരസ്വതി നീ അറിയാത്തവളല്ലല്ലോ. ഓരോ മൃഗത്തിനും അതിന്റെ വളർച്ചയ്ക്കനുയോജ്യമായ പരിസരങ്ങൾ നൽകിയിട്ടുണ്ട്. ഈ മൃഗങ്ങൾ പത്രമാപ്പീസുകളുടെ അടുത്ത് ഈർപ്പമുള്ള ഭൂമിയിൽ വസിച്ചുകൊള്ളും."

ഇങ്ങനെയാണ് ഈ അഞ്ചാംകാളത്തിന്റെ ഉത്ഭവം. ഇവരെപ്പററി ഇനി ഒരിക്കൽ ആയിക്കൊള്ളാം എന്നുവയ്ക്കാനേ തല്ക്കാലം നിവൃത്തിയുള്ളൂ.

എഴുത്തുകാരന്റെയും സാഹിത്യത്തിന്റെയും പരമശത്രു ഉത്തരവാദിത്വബോധവും, പാണ്ഡിത്യവും, സഹൃദയത്വവുമില്ലാത്ത ഒരു കൂട്ടം നിരൂപകവവാലുകളാണ്. കുമാരനാശാന് നിരോധനയുത്തരവു കൊടുക്കാനും, മററുള്ളവരുടെ ശിരസ്സിലെല്ലാം കുരിരുട്ടാണെന്നു പറയാനും ഈ മദംപൊട്ടിയ ജളപുംഗവന്മാക്ക് ഒരു കൂസലുമില്ല. അഞ്ചാം കാളം! അഞ്ചാംകാളം! അജ്ഞതയുടെ രക്തദാഹം! അഹമ്മതിയുടെ രക്തദാഹം. അനസൂയികളുടെ ഭൂരിപക്ഷത്തിന്റെ പ്രതിക്രിയയുടെ രക്തദാഹം! ബലിമൃഗങ്ങളേ! നിങ്ങളുടെ കഴുത്ത്. ഓമ്മയിരിക്കട്ടെ. നിങ്ങളുടെ കഴുത്ത്.

# ഭൂതകാലജീവികൾ

"Take no thought for the marrow, is not the Soul than meal? is not the body more than raiment?" (ബൈബിൾ)

**നാ**ളെയ്ക്കുവേണ്ടി കരുതാതിരിക്കുക; ശരീരത്തെ നിഷേധിക്കുക; ശ്വാസോച്ഛ്വാസംചെയ്യുന്ന നീ ഒരു മിഥ്യയാണ്—ഇതാണ് ചുരുക്കിപ്പറഞ്ഞാൽ രണ്ടായിരമാണ്ടുകളായി ലോകത്തിനു ലഭിച്ചുകൊണ്ടിരുന്ന ഉപദേശം. ജീവിതത്തിലെ പൊരുത്തക്കേടുകൾക്ക് പരിഹാരമായി ജീവിതത്തെത്തന്നെ നിഷേധിക്കുവാൻ മതങ്ങൾ അനുശാസിച്ചു. തത്വചിന്താപ്രസ്ഥാനങ്ങൾ യുക്തികൾകൊണ്ടും യുക്ത്യാഭാസങ്ങൾകൊണ്ടും ആ അനുശാസനത്തെ ന്യായീകരിച്ചു. അങ്ങനെ, നൂററാണ്ടുകളായി മനുഷ്യന്റെ കഴിവുകളെ പിടിച്ചു പിന്നോട്ടു തള്ളുന്ന ഒരു ഉടക്കുള്ളിയായി മതവും തത്വചിന്തയും വിരാജിച്ചു. അങ്ങനെ ഇവ ചെലുത്തിയ പ്രേരണയിൽനിന്ന്, മനുഷ്യരാശിയുടെ ഭാവിയെപ്പററിയുള്ള വിശ്വാസത്തോടെ, മനുഷ്യരാശിയുടെ കഴിവുകളെപ്പററിയുള്ള ബോധത്തോടെ, ഒന്നു രക്ഷപ്പെടാൻ ആദാമിന്റെ സന്തതിക്ക് എന്തു യാതനയാണ് അനുഭവിക്കേണ്ടിവന്നത്?

ഇന്നു്, പൊതുവിൽപറഞ്ഞാൽ, ജീവിതത്തിന്റെ തത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ജീവിതം ജീവിക്കാനുള്ളതുതന്നെയെന്ന ബോധം ഉണ്ടായിക്കഴിഞ്ഞു. ജീവിതത്തെ വെറുക്കയല്ല, ഒരു ഭീരുവിനെപ്പോലെ അതിൽനിന്നു് ഓടിയൊളിക്കുവാൻ ശ്രമിക്കയല്ല വേണ്ടതു്, അതെല്ലാം കൃത്രിമപലായനങ്ങളാണു്; രോഗശമനാർത്ഥം ശരീരം നശിപ്പിക്കുവാനുള്ള ഉപദേശംപോലെ അസംബന്ധമാണു്—എന്നൊക്കെ യാഥാർത്ഥ്യബോധമുള്ള മനുഷ്യന്റെ മനസ്സിലായിത്തുടങ്ങിയപ്പോൾ പഴയ അമ്പലങ്ങൾ തകരുകയും പുതിയ മുറവിളികൾ ഉയരുകയും ചെയ്തുതുടങ്ങി. ഇന്നു് മനുഷ്യനുവേണ്ടി ഒരു പുതിയ ഭാവിയെ പ്രസവിക്കുവാൻ ലോകം ഈറ്റുനോവു് അനുഭവിക്കുകയാണു്. എന്നാൽ ആ ഭാവിക്കു് മനുഷ്യൻ തയ്യാറാണോ? ആ ഭാവി ഉണ്ടാകേണ്ട ആവശ്യംതന്നെ മനുഷ്യനു് ബോദ്ധ്യമായിട്ടുണ്ടോ? ബുദ്ധിമാനായ മനുഷ്യനു് അതിനെപ്പററി സംശയമില്ല. പക്ഷേ, ബുദ്ധിമാന്മാരുടേയും, ആശയസമ്പന്നന്മാരുടേയും ഭൂരിപക്ഷമുള്ളതല്ല ലോകം. ബുദ്ധിമാന്മാരുടേയും ആശയസമ്പന്നന്മാരുടേയും ന്യൂനപക്ഷം മനുഷ്യരാശിക്കുവേണ്ടി വിഭാവനംചെയ്യുന്ന ഭാവി, അയത്നസുലഭമായ ഒരു സ്വർഗ്ഗസാമ്രാജ്യമല്ല. കണ്ണുനീരിന്റേയും, രക്തത്തിന്റേയും മടിക്കൂടാതെയുള്ള ദാനംകൊണ്ടുമാത്രം ഉയരേണ്ടതാണു് ആ മഹാഗോപുരം. പിത്തം പിടിച്ചവരേ, പിറുപിറുക്കുന്നവരേ, അലസന്മാരേ നിങ്ങളുടെ കൂട്ടുകെട്ടു്, ആ ഭാവിയെ വീണ്ടും വീണ്ടും അകററിനിറുത്തുന്നു.

ഭാവിയുടെ ശത്രുക്കൾ—അങ്ങനെ ഒരു വിഭാഗമുണ്ടു്. നിങ്ങൾ അവരെ എന്തു വിളിക്കും? പ്രതിലോമശക്തികളെന്നോ? പിന്തിരിപ്പന്മാരെന്നോ? ഞാനവരെ വിളിക്കുന്നതു് ഭൂതകാലജീവികൾ എന്നാണു്. എന്തുകൊണ്ടെന്നാൽ ഇവർ പ്രകടമാക്കുന്ന സ്വഭാവവിശേഷം അതാണു്—ഭൂതകാലപ്രേമം. പക്ഷേ പല തരക്കാരും ഈ സ്വഭാവം ആർജ്ജിക്കുന്നതു് പല കാരണങ്ങൾകൊണ്ടാണു്. അറുത്ത കൈക്കു് ഉപ്പിടാത്ത ഒരു കുബേരൻ, ഭസ്മവും ചന്ദനവും

അണിഞ്ഞു്, അമ്പലംതോറും തൊഴുതു്, പുരാണകഥകളുംപറഞ്ഞു് ഭക്തിനടിക്കുന്നെങ്കിൽ, അതു് എന്തിനാണെന്നറിയാമോ? അയാൾക്കറിയാം ഒരുപിടിയിച്ചോററിനോ, നാലുകാശിനോ ആരെങ്കിലുമൊക്കെ അയാളുടെ വാതിലിൽ മുട്ടുമെന്നു്, അപ്പോൾ അയാൾക്കു പറയണം: പോകൂ പോകൂ, ഇവിടെ ചോറുമില്ല, പണവുമില്ല. ഉം പോകൂ." അങ്ങനെ ആ തെണ്ടിയെ ഓടിച്ചിട്ടു്, വേദാന്തസ്വരത്തിൽ നമ്മോടു പറയും: "കഷ്ടം, കണ്ടില്ലേ, ഓരോരുവൻെറ കർമ്മഫലം! അനുഭവിക്കാതെ ഒക്കുമോ?" തുടന്നു് ആ ഭക്തശിരോമണി ഒരു പുരാണകഥ പറഞ്ഞു് തൻെറ നില ന്യായീകരിക്കും. ഒരു മുതലാളി സ്ഥിതിസമത്വവാദകോലാഹലത്തിൽനിന്നു് രക്ഷപെടുവാനായിരിക്കും ഭൂതകാലത്തിനെ കൂട്ടുവിളിക്കുന്നതു്. ജീവസന്ധാരണത്തിനു് ദിവസക്കൂലിയിൽ രണ്ടണ കൂടുതൽ കിട്ടണമെന്നു് വാദിക്കുന്ന വേലക്കാരനോടു് അയാൾ പഴയ ആദർശങ്ങളും, പുരാണപുരുഷന്മാരുടെ പേരുകളും പറഞ്ഞു്, ഈശ്വരൻെറ കോപവും മതാധിപന്മാരുടെ ശാപവും അവരുടെമേൽ പതിയുമെന്നു് ഭീഷണിപ്പെടുത്തിയേക്കാം.

ഇവരെല്ലാം ഭൂതകാലപ്രേമത്തെ, വേശ്യയെ എന്നപോലെ ഒരു ആവശ്യാർത്ഥം സമീപിക്കുന്നവരാണു്. എന്നാൽ ഇനി ഒരുകൂട്ടരുണ്ടു്. അവക്കു് ഇതു സ്വഭാവത്തിൻെറ ഒരംശമായിപ്പോയിട്ടുണ്ടു്. അവരെപ്പററിയാണു് എനിക്കു് പറയുവാനുള്ളതു്.

ഭാരതീയരുടെ പൊതുസ്വഭാവത്തിലെ ഒരു ദോഷമെന്നു ഭാരതീയമഹാന്മാർതന്നെ പ്രസ്താവിച്ചിട്ടുള്ളതു്, ഭൂതകാലത്തിൽ ജീവിക്കുവാൻ അവക്കുള്ള ഉർവാസനയാണു്. ഇന്നും ഭാരതീയനു് കൂടുതൽ പറയുവാനുള്ളതു്, അവൻെറ രാഷ്ട്രീയമായ അടിമത്തത്തെപ്പററിയല്ല, അവൻെറ വീട്ടിലെ പട്ടിണിയെപ്പററിയല്ല, അവൻെറ കുഞ്ഞുങ്ങളുടെ രോഗത്തെപ്പററിയല്ല,—അവൻെറ പ്രപിതാമഹൻെറ മഹത്വത്തെപ്പററിയായിരിക്കും. ഇതു് ഒരു നല്ല സ്വഭാവമോ ചീത്തസ്വഭാവമോ എന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാ

സങ്ങൾ ഉണ്ടാകാം; എങ്കിലും ചരിത്രം ചിലതൊക്കെ അവിതർക്കിതമായ രീതിയിൽ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്.

നമ്മുടെ നായർ ഇന്നു് വേലുത്തമ്പിദളവായുടെ രക്തത്തിൻെറ കാര്യം പറഞ്ഞു് സമുദായപ്ലാററുഫാറത്തിൽ നിന്നു് ഭദ്രകാളിതുള്ളുമ്പോൾ, കഴിഞ്ഞുപോയ നല്ലകാലത്തിൻെറ അനുസ്മരണംകൊണ്ടു് നമ്മുടെ തളർന്ന സമുദായസിരകളിൽ നവോന്മേഷം പ്രവഹിപ്പിക്കുവാനാണോ അയാൾ ശ്രമിക്കേണ്ടതു്. അതോ അയാളുടെ സമുദായത്തിൻെറ ഇന്നത്തെ അധഃപതനത്തിൻെറ ബീഭത്സചിത്രം മറയ്ക്കുവാൻ അയാൾ ആ ഭൂതകാലമഹത്വത്തിൻെറ പിന്തുണ ആവശ്യപ്പെടുകയാണോ? നമ്മുടെ മഹാന്മാരെ നാം അറിയുകയും ആദരിക്കുകയും വേണ്ടതാണു്. ഭൂതകാലത്തെ വിസ്മരിക്കുവാൻ സാദ്ധ്യവുമല്ല. എന്തുകൊണ്ടെന്നാൽ, അതു് ഒരിക്കലും നശിക്കുന്നില്ല. മാത്രവുമല്ല, വർത്തമാനത്തേയും ഭാവിയേയുംപററി ചിന്തിക്കേണ്ടവനു്, ഭൂതകാലത്തെ പഠിക്കാതിരിക്കുവാൻ സാദ്ധ്യവുമല്ല. പക്ഷേ, ഭൂതകാലത്തെ പഠിക്കുക, ആദരിക്കുക എന്നതും ഭൂതകാലത്തിൽ ജീവിക്കുകയെന്നതും രണ്ടാണു്. ആദ്യത്തേതു് ബുദ്ധിയുള്ള മനുഷ്യൻെറ ഒരാവശ്യവും—അഥവാ വർത്തമാനകാലത്തിൻെറ ഒരാവശ്യവും, രണ്ടാമത്തേതു് ചിന്താമണ്ഡലം കേടുപാടിച്ചുപോയതിൻെറ ഒരു ലക്ഷ്യവുമാണു്. ഭൂതകാലമെന്നുവച്ചാൽ മനുഷ്യവർഗ്ഗത്തിൻെറ ഇന്നാലെവരെയുള്ള ചരിത്രമാണു്; പൂർണ്ണതയിലേക്കു് വളരാനുള്ള മനുഷ്യയത്നത്തിൻെറ ചരിത്രമാണു്; അതിൻെറ നേട്ടങ്ങളുടേയും അതിൻെറ തോൽവികളുടേയും ചരിത്രമാണു്. വർത്തമാനകാലത്തിലെ ബുദ്ധിയുള്ള മനുഷ്യൻ ഭാവിയുടെ സ്രഷ്ടികർത്താവാണു്. അവനു് ആ ഭൂതകാലത്തെ വിമർശിക്കണം. വിമർശിക്കണമെങ്കിൽ പഠിക്കയുംവേണം. ആ തെററുകൾ എങ്ങനെ പററി ആ നേട്ടങ്ങൾ എങ്ങനെ കൈവന്നു, എന്നു് ശാസ്ത്രീയമായി മനസ്സിലാക്കി, അങ്ങനെ ആ ഭൂതകാലം നൽകുന്ന ഉപദേശംകൊണ്ടു് കൂടുതൽ കാര്യക്ഷമതയുള്ളവനായാണു് ബുദ്ധിയുള്ള വർത്തമാനകാലമനുഷ്യൻ അവൻെറ ഭാവിയുടെ സൃഷ്ടികർമ്മത്തിനു

പുറപ്പെടുന്നതു്. എന്നാൽ ഭൂതകാലജീവിയാകട്ടെ മനുഷ്യന്റെ പുരോഗതിയിലും ഭാവിയിലും വിശ്വസിക്കുന്നില്ല. അവൻ വർത്തമാനകാലത്തേയും ഭാവിയേയും തിരസ്ക്കരിക്കുന്നു. വർത്തമാനകാലത്തിന്റെ ജീവിക്കുന്ന യാഥാർത്ഥ്യങ്ങളെപ്പററിയുള്ള ഭയംകൊണ്ടോ അവയിലേക്കുണരുവാനുള്ള മാനസികമായ കഴിവില്ലായ്മകൊണ്ടോ അവൻ വർത്തമാനകാലത്തെ പാടെ നിഷേധിക്കുകയും, അതിന്റെ വെളിച്ചത്തിൽനിന്നും ഭൂതകാലത്തിന്റെ ഇരുളിലേക്കു് മൂർഛിച്ചുവീഴുകയും ചെയ്യുന്നു.

അതാ, ഒരു പുരാതനകുടുംബം; എന്നുവച്ചാൽ അതിന്റെ അവശിഷ്ടം. പുരത്തറയുടെ അല്പഭാഗവും അഞ്ചാറു ചെററയും! അവിടെ ഒരു മൂലയിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതു് കാണുന്നുണ്ടോ, ചിതലുതിന്നു ബാക്കിയുള്ള പീഠവും; ഇരട്ടവാലൻ തിന്നു ബാക്കിയുള്ള ഒരുകഷണം മങ്ങിയ പട്ടും? ആ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതാണു് അവരുടെ ഭൂതകാലത്തിന്റെ മഹത്വം. അവിടെ മൂന്നുനാലു് പട്ടിണിക്കോലങ്ങളെ കാണുന്നില്ലേ? അവിടുത്തെ പെണ്ണുങ്ങൾ പട്ടിണികിടന്നുകൊള്ളും; പക്ഷേ നിത്യവൃത്തിക്കു് എന്തെങ്കിലു ജോലിക്കായി വെളിയിൽ പോകയില്ല. എന്തുകൊണ്ടാണെന്നോ? അവക്കു് ഏഴു തലമുറയ്ക്കുമുമ്പു് പടവെട്ടി രാജ്യംപിടിച്ച ഒരു അമ്മാവൻ ഉണ്ടായിരുന്നു! അന്നുകിട്ടിയ വസ്തുവകകളെല്ലാംപോയെങ്കിലും ആ പാരമ്പര്യം അവശേഷിക്കുന്നു. ആ എട്ടുകെട്ടും പടിപ്പുരയും പോയെങ്കിലും ആ പീഠവും പട്ടും സൂക്ഷിച്ചിട്ടുണ്ടു്; ആ മഹത്വത്തിന്റെ പേരിലാണു് അവർ പട്ടിണികിടക്കുന്നതു്. ഇവരാണു് ഭൂതകാലജീവികൾ.

ഈ ഭൂതകാലപ്രേമത്തിനു് മറെറാരു ദുസ്സ്വഭാവംകൂടിയുണ്ടു്. സമകാലീനമായ മഹത്വത്തിനോടുള്ള പ്രകടമായ പ്രതിഷേധം. ആ മുടിഞ്ഞ തറവാട്ടിലെ പെൺകുട്ടികൾ ഒന്നിനെ വിളിച്ചുചോദിക്കു്: "ആ തെക്കേ ഓടിട്ടവീട്ടിൽ, ഗ്രാമഫോൺശബ്ദം വരുന്ന ആ വീട്ടിൽ ആരാണു് താമസം, കുട്ടീ?"

മുഖം ചുളിച്ചുകൊണ്ടു് ആ കുട്ടിപറയും:

"ഓ, അതു് ഒരു ചാക്കോയാ."

"വലിയ പ്രഭുവാണോ?"

"പിന്നെ പ്രഭു! ഇന്നാലത്തെ മഴയ്ക്കു് ഇന്നുകുരുത്ത തകരയാ എപ്പോഴും ഗ്രാമഫോൺവച്ചു വായനയാ, വലിയ ശല്യംതന്നെ."

ഒരു സമുദായത്തിന്റെ ജീവിതത്തിലോ ഒരു രാഷ്ട്രത്തിന്റെ ജീവിതത്തിലോ ഈ സ്വഭാവം അപ്പാടെ പകന്നാൽ എന്തൊരു അധഃപതനമായിരിക്കുമെന്നു് ഒന്നു് ആലോചിച്ചുനോക്കുക. പതിമൂന്നാംനൂററാണ്ടിനിപ്പുറം കവികളുണ്ടായിട്ടില്ലെന്നു് ദൃഢനിശ്ചയമുള്ള ഗീർവാണഭക്തന്മാരേയും, കേരളവമ്മത്തമ്പുരാന്റെ മയൂരസന്ദേശത്തിനുശേഷം മലയാളഭാഷയിൽ കവിത പെററുവീണിട്ടില്ലെന്നു് തീർച്ചയുള്ള ഭാഷാപ്രേമികളേയും എനിക്കറിയാം. ഇവർ എന്തിനാണീ ദുശ്ശാഠ്യംപിടിക്കുന്നതെന്നു് നാം അമ്പരന്നുപോകും. സ്ഥിതിസമത്വവാദത്തേയോ, ഭാരതത്തിലെ പട്ടിണിയേയോ, നമ്മുടെ ഇന്നത്തെ വിഷമിപ്പിക്കുന്ന പരസഹസ്രം ജീവൽപ്രശ്നങ്ങളേയോപററി പറയുമ്പോൾ ഈ ഭൂതകാലജീവികൾ രന്തിദേവന്റെയും, ദിലീപന്റെയും, കമ്മഭോവിയുടേയും പേരുകൾ വാരിവിളമ്പി മിടുക്കന്മാരാകുന്നതു് കാണാം. ഏതെങ്കിലും ഒരു വ്യക്തിയുടെ ഉദാരതയേയോ, ദാനശീലത്തേയോ ആശ്രയിച്ചു് പരിഹരിക്കപ്പെടേണ്ടുന്നതല്ല ഇന്നത്തെ പ്രശ്നങ്ങൾ എന്നും, അവയെ സമീപിക്കേണ്ടുന്ന വിധങ്ങൾ മററുതരത്തിലാണെന്നും ഇവർ സമ്മതിക്കയില്ല. ചുരുക്കിപ്പറഞ്ഞാൽ യാഥാത്ഥ്യങ്ങളുടെ നേക്കു് ഇറുക്കി കണ്ണടയ്ക്കുവാൻ മാത്രമാണു് ഇവക്കു ശീലമുള്ളതു്. ഭൂതകാലത്തെ ശാസ്ത്രീയമായി പരിശോധിക്കയും വിമശിക്കയും ചെയ്യുന്നവരോടു് ഇക്കൂട്ടക്കു് ഒരുവക കുടിപ്പകയുള്ളതുപോലെ തോന്നുന്നു അവർ ഭൂതകാലത്തെ നിഷേധിക്കുന്നവരെന്നും നമ്മുടെ മഹനീയപാരമ്പയ്യത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നവരെന്നും ഒക്കെ മുറവിളികൂട്ടുക

യും അതേസമയംതന്നെ, നീണ്ട വാചകങ്ങൾ ചുരുട്ടിയെടുത്തുകൊണ്ട് മദ്ധ്യസ്ഥന്മാരുടെ മാന്യതയും നടിച്ച്, ഈ ഭൂതകാലജീവികൾ രംഗപ്രവേശം ചെയ്യുകയും ചെയ്യുമ്പോൾ അതു് ചിരിപ്പിക്കുന്ന ഒരു കാഴ്ചയാണു്.

ഒരു കാര്യമോർക്കണം. നാമിന്നു്, മനുഷ്യരാശിയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം, നിർണ്ണായകമായ ഒരു കാലഘട്ടത്തിലെത്തിയിരിക്കുന്നു. ഇവിടെ വേലചെയ്യുവാൻ കഴിവുള്ളവരെയാണു് ആവശ്യം. ആയാസപ്പെടാൻ കഴിവില്ലെങ്കിൽ മാറിനിൽക്കുക. കടന്നുവന്നു് എന്തിനു്, വിരൽചൂണ്ടി രന്തിദേവന്റെ പ്രേതത്തെ കുത്തിനിർക്കുന്നു?

# ഇന്നത്തെ നാടകം

എൻെറ മുമ്പിൽ ഇരിന്നക്കുതു് ഒരു നാടകമാണു്. കയ്യെഴുത്തിൽ ഇതിനു് നൂററിഇരുപതുപേജ്ജുകൾ ഉണ്ടു്. ഇതു് ഒരു യുവാവിൻെറ സാഹിത്യയത്നത്തിൻെറ പ്രഥമദൃശ്യമാണു്.

ഇതു് ഒരു നാടകമാണെന്നു ഞാൻ പറയുമ്പോൾ നിങ്ങൾ എൻെറ നിരൂപണബുദ്ധിയെ അപലപിക്കരുതു്. എന്തുകൊണ്ടെന്നാൽ നാടകം എന്നതിനെപ്പററി ഈ യുവനാടകകൃത്തിനോ എനിക്കോ ഉള്ളതിൽ വ്യത്യസ്തങ്ങളായ പല അഭിപ്രായങ്ങളും നിങ്ങൾക്കു് ഉണ്ടായിരിക്കാം. നാടകം എന്നുപറയുമ്പോൾ വിശ്വസാഹിത്യത്തിലെ മഹാരഥന്മാരായ 'ചെക്കോ'വിനേയും 'ഷാ'യേയും 'ഓനീലി'നേയും മററും നിങ്ങൾ സ്വപ്നംകാണുകയാണെങ്കിൽ അതു ഞങ്ങളുടെ കുററമല്ല. ഒരു എൻ. കൃഷ്ണപിള്ളയേയും, ഒരു രാമകൃഷ്ണപിള്ളയേയും നിങ്ങൾ മലയാളസാഹിത്യത്തിൽനിന്നുതന്നെ ചൂണ്ടിക്കാണിക്കുകയാണെങ്കിൽ—ഞാൻ ചോദിക്കുന്നു, ആ ചൂണ്ടിയ വിരലിനു് പിന്നെ എത്രപേരുടെ നേക്കുകൂടി തിരിയാൻ സാധിക്കുമെന്നു്. വാസ്തവം പറയാം. ഇന്നു മലയാളനാട്ടിൽ നാടകം എന്ന സംജ്ഞകൊണ്ടു മനസ്സിലാകുന്നതു് ഇതുമാത്രമാണു്: ആ വളച്ചുകെട്ടിയ ഓലപ്പുരയും ആ ഗ്യാസുവിളക്കുകളും, ചായംപിടിപ്പിച്ച തുണിക്കഷണങ്ങളും, സർവ്വത്ര പ്രസരിക്കുന്ന മദ്യഗന്ധവും

ബീഡിപ്പുകയും വരിവരിയായിക്കിടക്കുന്ന കസേരകളിലും ബെഞ്ചുകളിലും കൂത്തുകാണാൻ നിരന്നിരിക്കുന്ന ജനസംഖ്യയവും, അതാത്ര ഉയർത്തിക്കെട്ടി തയാറാക്കിയിട്ടുള്ള രംഗസ്ഥലവും. അതിൻെറ അരികിന്, കൂടയും മുന്നിൽവച്ചു സംഗീതപാമ്പാട്ടിയായിരിക്കുന്ന ഹാർമ്മോണിയക്കാരനും അവൻെറ ചാരത്തേയ്ക്കു് ഇഴഞ്ഞുചെന്നു വികൃതനൃത്തങ്ങളും അറുകൊലചീററലുകളും നടത്തുന്ന ആ നാഗത്താന്മാരും. അതു് ഒരു പ്രത്യേക ലോകമാണു്. അവിടെ കലയുടെ കൊലക്കളമാണു്. ഉണ്ടെന്നു് ആരും സമ്മതിക്കാത്ത ഒരു ബന്ധം—കലയും കള്ളഷാപ്പുമായുള്ള ബന്ധംമാത്രമാണു് അവിടെ സ്ഥാപിക്കപ്പെടുന്നതു്.

ഭൗതികപരിഷ്കാരങ്ങൾ നാൾക്കുനാൾ അഭിവൃദ്ധിപ്പെടുന്ന ഇക്കാലത്തു് സാംസ്കാരികമായി ഒരു ജനത ഇത്രത്തോളം അധഃപതിക്കുവാൻ എന്താണു കാരണമെന്നു് ഒന്നു് ഓർത്തുനോക്കുക. നമ്മുടെ നാടകവേദി എന്നുവച്ചാൽ, സംഗീതനാടകവേദി, ഇന്നുവരെ ഒരൊററ ചിന്താബീജത്തെ പാകിയിട്ടില്ല. അവികലം എന്നു പറയത്തക്ക ഒരു കഥാഘടന സൃഷ്ടിച്ചിട്ടില്ല. ജീവിതത്തോടു് പൊരുത്തപ്പെടുന്ന ഒരു സംഭവഗതിയെ ചിത്രീകരിച്ചിട്ടില്ല. അല്ലെങ്കിൽ റൊമാൻറിക് കവികളെപ്പോലെ അൽഭുതങ്ങളുടെ മഹോന്നതമേഖലയിലേയ്ക്കു് മനുഷ്യമനസ്സിനെ ആരോഹണം ചെയ്യിക്കുന്ന ഒരു സംഭവവികാസത്തെ ചിത്രീകരിച്ചിട്ടില്ല. നാടകകലയുടെ മർമ്മമായ ഐക്യത്രയം ഇന്നത്തെ നാടകകൃത്തുക്കളുടെ അവധാരണാശക്തിക്കു് അപ്പുറത്തുനിൽക്കുന്ന ഒരു പൊന്മാനായിട്ടാണു് കാണുന്നതു്. ഈ അട്ടത്തകാലത്തു് സംഗീതനാടകങ്ങളുടെ വളച്ച രണ്ടാംലോകമഹായുദ്ധത്തിൻെറ അനന്തരഫലമാണു്. രണ്ടാം ലോകമഹായുദ്ധംകൊണ്ടു് അധികം പ്രയോജനം ലഭിച്ചിട്ടുള്ള രണ്ടു പ്രസ്ഥാനങ്ങൾ സംഗീതനാടകവും ഈശ്വരഭക്തിയുമാണു്. വെള്ളിനാണയങ്ങൾക്കുപകരം കടലാസ്കഷണങ്ങൾ കുമിഞ്ഞപ്പോൾ കൊണ്ടുനടക്കാനുള്ള ഭാരം കുറയുകയും ചെലവാക്കേണ്ട ഭാരം കൂടുകയും ചെയ്തു. അങ്ങനെ ഒരു പാപപ്പെടൽപ്രസ്ഥാനവും ഒരു

പാപംപോക്കൽപ്രസ്ഥാനവും യുദ്ധജന്യമായ പണപ്പെരുപ്പത്തിൻെറ സുന്ദോപസുന്ദന്മാരായി ജനിച്ചു. ആ പാപംപോക്കൽ പ്രസ്ഥാനം എങ്ങനേയും പോകട്ടെ ആ പാപപ്പെടൽപ്രസ്ഥാനമാണു നമ്മുടെ ചർച്ചാവിഷയം. അതാണത്രെ സംഗീതനാടകവേദി.

ഇന്നത്തെ സംഗീതനാടകവേദി, ഒരു കമ്മ്യൂണിസ്റ്റ് ഭാഷയിൽ പറയുകയാണെങ്കിൽ മൂന്നു സ്ഥാപിതതാല്പര്യങ്ങൾകൂടി സൃഷ്ടിച്ചു ണ്ടായ്റ്റയാണു്. ഒന്നു് കമ്പനിയുടമസ്ഥൻ എന്ന സ്വർഗ്ഗനാഥൻെറ കലാബോധശൂന്യമായ ധനകാംക്ഷയുടെ നിരങ്കുശത്വം. രണ്ടു്, നാടകകലയെപ്പററി ബോധമില്ലാത്ത ഒരു വർഗ്ഗം വാചകമെഴുത്തുകാരുടെ ചുളുവിൽ കീർത്തിസമ്പാദിക്കുവാനുള്ള മോഹത്തിൻെറ നിരുത്തരവാദിത്വം. മൂന്നു്, ദൂഷിച്ച വാസനകളുടെ പ്രേരണകൊണ്ടു് ദുഷിച്ച കലാഭാസപ്രകടനങ്ങളിൽ ബുദ്ധിശൂന്യമായ രസം അനുഭവിക്കുവാൻവെമ്പുന്ന ഒരുകൂട്ടം കാണികൾനല്കുന്ന പ്രോത്സാഹനം.

പരിഷ്കൃതരാജ്യങ്ങളിൽ സെൻസർഷിപ്പ് ഉദ്യോഗസ്ഥന്മാർ (പരിശോധകന്മാർ) നിയമിക്കപ്പെട്ടിട്ടുണ്ടു്. ഒരു നാടകം രംഗത്തുവരുന്നതിനുമുമ്പു് അതു് പൂർണ്ണമായും ആ ഉദ്യോഗസ്ഥൻെറ നിയന്ത്രണത്തിനും തിരുത്തലിനും വിധേയമാവുന്നു. ഇതു ഭരണീയജനതയുടെ സാംസ്കാരികോന്നമനത്തെ ലക്ഷ്യമാക്കുന്ന ഏതൊരു ഭരണകൂടത്തിനും അനിവാര്യമായ ഒരു കർത്തവ്യമാണു്. എന്തുകൊണ്ടെന്നാൽ ജനതയുടെ, വിശേഷിച്ചു് സാമാന്യജനതയുടെ വാസനകളെ ആവിഷ്കരിക്കുകയും പ്രബലപ്പെടുത്തുകയും രൂപസംവിധാനം സാധിക്കയും ചെയ്യുന്നതിൽ ദൃശ്യകലകളെപ്പോലെ പ്രേരണചെലുത്തുന്ന മറെറാന്നുമില്ല. ഒരു ജനതയുടെ സാംസ്കാരികമായ വളർച്ചയ്ക്കു് ഏററവും വളംവെയ്ക്കുന്നതു് ദൃശ്യകലകളാണു്. ഇപ്പറഞ്ഞതിൽനിന്നു് ഒരു രാഷ്ട്രത്തിൻെറയോ ജനതയുടേയോ പുരോഗതിയിൽ ദൃശ്യകലകൾക്കുള്ള സ്ഥാനം വ്യക്തമാകുന്നു. ഈ വസ്തുത ഇന്നു് എല്ലാ ചിന്തകന്മാരും അംഗീകരിച്ചിട്ടുള്ളതാണു്.

നമ്മുടെ നാട്ടിലെ ദൃശ്യകലകളിൽ സംഗീതനാടകംപോലെ പ്രോത്സാഹനം ലഭിച്ചിട്ടുള്ള മറെറാന്നുമില്ല. ആ സംഗീതനാടകവേദിയുടെ നില ഇത്രകണ്ടു് അധഃപതിച്ചു എന്നുപറയുമ്പോൾ നിശ്ചയമായും നമ്മുടെ സാംസ്കാരികജീവിതത്തിൻെറ നേക്കു് ഒരു ചോദ്യചിഹ്നം താനേ ഉയന്നുപോകുന്നു. അർഹതയുള്ളവർ, കഴിവുള്ളവർ, സംസ്കാരത്തിൻെറയും കലയുടേയും പുരോഹിതന്മാർ എന്നു് അഭിമാനിക്കുന്നവർ ഭീമമായ ഒരു ശ്രമംതന്നെ നടത്തേണ്ടിയിരിക്കുന്നു. നാടകവേദിയേയും അതിൻെറ ദൂഷിച്ച പ്രവണതകളിൽ ഇമ്പംകലന്നുപോയ സാധാരണജനങ്ങളേയും ഒന്നുദ്ധരിക്കുക തന്നെ വേണ്ടിയിരിക്കുന്നു. നാടകകലയ്ക്കു് സംഗീതനാടകവേദിയിൽനിന്നും ഒരു വിമോചനം അത്യന്താപേക്ഷിതമായിരിക്കുന്നു. പക്ഷെ, ഈ കത്തവ്യം ആരു് ഏല്ക്കും? ഈ ചുമതലയുടെ ഭാരം ഏതു ചുമലുകൾ താങ്ങും? ഇതാണു് വിഷമപ്രശ്നം. കേരളീയഭരണകൂടങ്ങളും സഹൃദയലോകവും സാഹിത്യപരിഷത്തും ഈ പരമാത്ഥങ്ങൾക്കെതിരായി ഇനിയും മുഖംതിരിച്ചു നില്ക്കുന്നതു ക്രൂരമായ ഒരു കൃത്യവിലോപമായിരിക്കും.

ഇന്നത്തെ സംഗീതനാടകവേദിക്കു് നമ്മെ സൽക്കരിക്കുവാനുള്ള വിഭവങ്ങൾ എന്തെല്ലാമാണു്? ആ മണികിലുക്കവും പക്കപ്പാട്ടും കഴിഞ്ഞു് യവനിക ഉയരുമ്പോൾ നാം എന്താണു് കാണുന്നതു്? നിശ്ചയമായും അവിടെ ഒരു നാടകം നടക്കുന്നില്ല. പലപ്പോഴും വികലമായ ശ്രുതിലയതാളങ്ങളോടുകൂടിയ ഗാനങ്ങൾ കൊണ്ടു് വിഘാതപ്പെടുത്തി ഒരു കഥപറച്ചിൽ നടക്കുന്നുണ്ടു്. വെറുംകഥ! അതും ജീവിതത്തിൻെറ ചിത്രീകരണമല്ല. മറെറതോ വികൃതസങ്കല്പങ്ങളുടെ അവ്യക്തപ്രതിഫലനങ്ങൾ. ഇന്നത്തെ നാടകവേദി പ്രദർശിപ്പിക്കുന്ന കഥാവസ്തുക്കൾക്കു് ചില സമാനസ്വഭാവങ്ങളുണ്ടു്; അഥവാ അവയ്ക്കെല്ലാംകൂടി ഒരു സ്വഭാവവിശേഷമുണ്ടു്. അവയെല്ലാം കദ്രുസുതന്മാരെപ്പോലെയാണു്. മൂർഖനും നീർക്കോലിയും എന്നുള്ള 'വ്യത്യാസങ്ങൾ കണ്ടേയ്ക്കാം. പക്ഷേ,

എല്ലാം ഒരുപോലെ അറപ്പിക്കുകയും വെറുപ്പിക്കുകയും ചെയ്യുന്ന വിഷജന്തുക്കൾ. സംഗീതനാടകങ്ങൾ മൊത്തത്തിൽ പരിശോധിച്ചാൽ നമുക്കൊരു കഥ കിട്ടും.

സംഗീതനാടകകർത്താക്കൾ മാനവസമുദായത്തെ രണ്ടു ചേരികളായി പകുക്കുന്നു; നായകന്മാർ എന്നും ഖലപാത്രങ്ങൾ എന്നും. (നായകൻ എന്നും ഖലൻ എന്നും പറയുന്നിടത്ത് ഇൻഡ്യൻ പീനൽകോഡിലെ നിർവചനരീതികളെ ആശ്രയിച്ച് ആ വർഗ്ഗങ്ങളിൽപ്പെട്ട സ്ത്രീകൾകൂടി ഉൾപ്പെടുന്നതാണ്.) ഇങ്ങനെ ജന്മനാ സത്തുക്കളായ ഒരു വർഗ്ഗവും ജന്മനാ അസത്തുക്കളായ മററൊരു വർഗ്ഗവും തമ്മിലുള്ള നിതാന്തമായ രാമരാവണവൈരമാണത്രെ ജീവിതം. കലാബോധമില്ലായ്മയെപ്പററിയുള്ള എല്ലാ ആരോപണങ്ങളും താൽക്കാലികമായി ഒന്നു വിസ്മരിക്കാമെന്നുവച്ചാൽതന്നെയും ബീഭത്സമായി പൊന്തിനില്ക്കുന്ന ഈ അപരാധം ക്ഷന്തവ്യമല്ല. ദുഷ്ടൻ എപ്പോഴും ദുഷ്ടതയിൽ വ്യാപൃതനായിരിക്കുമെന്നും അവൻെറ അവസാനം ആ ദുഷ്ടതകളുടെ സമാഹൃതശക്തിയുടെ പ്രത്യാഘാതത്തിൽ ഒരു വൻപിച്ച പരാജയമായി ഒരു കഠാരിമുനയാൽ നിർവഹിക്കപ്പെടുമെന്നും ഇവർ നമ്മെ കള്ളംപറഞ്ഞു പഠിപ്പിക്കുന്നു. എപ്പോഴും സൽഗുണസമ്പന്നനായിരിക്കുന്ന നായകൻ പ്രാരംഭക്ലേശങ്ങൾക്കുശേഷം നായകിയെ വേട്ട് ഒരു കൂടിപ്പാട്ടും പാടി സുഖിക്കുമെന്നും ഇവർ കാണിച്ചുതരുന്നു.

ഇവരുടെ നാടകലോകത്തിൽ പ്രേമം ഒരിക്കലും പരാജയപ്പെടുന്നില്ല. നന്മ തിന്മയാലോ, തിന്മ നന്മയാലോ ഒരിക്കലും സമ്മാനിക്കപ്പെടുന്നില്ല. നായകൻ സുഖിക്കും, നിശ്ചയം; ഖലൻ മരിക്കും, തീർച്ച. മനുഷ്യന് ഇവരുടെ ലോകത്തിൽ രക്ഷയില്ല. സൽഗുണസമ്പന്നനായ നായകന് ഒരൊററ തിന്മപോലും ചെയ്യാൻ സാധിക്കാത്തതുപോലെ. (ചില ദുസ്സംശയങ്ങൾക്ക് ചിലപ്പോൾ അധീനനായിപ്പോകും.) അതാരുടേയും കുററമല്ല. നാടകലോക

മാണ്. ഖലപാത്രത്തിന് ഒരൊററ നന്മപോലും ചെയ്യാൻ സാധിക്കുകയില്ല. നാടകകൃത്ത് അതൊന്നും സമ്മതിക്കുകയില്ല. അയാൾ ഇരുമ്പുകൊണ്ടാണ് പാത്രങ്ങളെ സൃഷ്ടിക്കുന്നത്. അവക്ക് മാററമില്ല. മനുഷ്യൻെറ ലോകത്തോട് എന്തപരാധമാണ് ഇക്കാണിക്കുന്നത്. നമ്മുടെ പരമാത്ഥമെന്താണ്? നമ്മളിൽ നൂറുശതമാനം ശിഷ്ടന്മാരും നൂറുശതമാനം ദുഷ്ടന്മാരുമുണ്ടെന്ന് ആരും പറയുകയില്ല. നാമെല്ലാം ദുഷ്ടന്മാരും ശിഷ്ടന്മാരുമാണ്. ദുഷ്ടതയ്ക്കും ശിഷ്ടതയ്ക്കും ഏററക്കുറവുകാണും. അത് ലീനങ്ങളായ വാസനകൾ. പരിതഃസ്ഥിതികൾ ഇങ്ങനെ എന്തിനെയെല്ലാം അടിസ്ഥാനമാക്കിയാണ് രൂപം പ്രാപിക്കുന്നത്. പലപ്പോഴും പരിതഃസ്ഥിതികൾ മനുഷ്യനേക്കാൾ ബലമുററതാണ്, പരിതഃസ്ഥിതികൾ മനുഷ്യനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. മനുഷ്യനെ പ്രവത്തിപ്പിക്കുന്നു. പരിതഃസ്ഥിതികളുടെ പ്രേരണയിൽനിന്നൊഴിയുവാൻ മിക്കവാറും മനുഷ്യന് സാദ്ധ്യമല്ല. തന്നേക്കാൾ ബലമുററ പരിതഃസ്ഥിതികളുടെ പ്രേരണകൊണ്ട് ഒരു ക്രൂരകൃത്യം ചെയ്തുപോകുന്ന ഒരുവൻ മാറിയ ചുററുപാടുകളിൽ ഖിന്നനും സന്മാഗ്ഗനിരതനുമായിത്തീരുകയും സദാചാരനിഷ്ഠനായിരുന്ന ഒരുവൻ പ്രതികൂലപരിസരങ്ങളുടെ മുഷ്ടിയിൽപെട്ട് വഞ്ചകനും ധൂത്തനും ആയിത്തീരുകയും ചെയ്യുന്നതിനെല്ലാം ഈ ലോകം സാക്ഷിനിന്നിട്ടുണ്ട്. എന്നിട്ടും സംഗീതനാടകകൃത്ത് പറയുന്നു, മനുഷ്യൻെറ ആത്മാവ് ഇരുമ്പുലക്കയാണെന്ന്!

കുറെ ചെടികളുടെ ചിത്രമുള്ള ഒരു യവനികയ്ക്കുമുന്നിൽ വേഷഭൂഷകൾ അണിഞ്ഞ ഒരു യുവതി ഇരിക്കുന്നുണ്ട്. അതാരാണെന്നറിയാമോ? കുസുമാലയം ബംഗ്ലാവിനു മുന്നിലുള്ള വസന്താഭിരാമമായ ആരാമത്തിൽ 'കുസുമ' എന്ന നാടകത്തിലെ നായികയായ കുസുമാദേവി ഇരിക്കുകയാണ്. പ്രണയവ്യഥിതയായ ആ കുബേരകന്യക ഇപ്പോൾ ഒരു പ്രണയഗാനം പാടും. അതേററുപാടി

ക്കൊണ്ടു് ചന്ദ്രൻ—അവളുടെ ഹൃദയാകാശത്തിലെ ചന്ദ്രൻ, അവളുടെ അച്ഛന്റെ മില്ലിലെ വീടില്ലാത്ത മാനേജർ ചന്ദ്രൻ, കഥയിലെ നായകൻ ചന്ദ്രസേനൻ—ഇപ്പോൾ ജിന്നാസാഹേബിന്റെ വേഷത്തിൽ പ്രവേശിക്കും. ഹാ! എത്ര ആദർശസുന്ദരമായ രംഗം. നാലഞ്ചാറുലക്ഷം വന്നു് ആ റവന്യൂഡിപ്പാർട്ടുമെന്റിലെ അപരിചിതനെ പുൽകുന്നു. നിശ്ചയമായും സ്ഥിതിസമത്വത്തിനു വാദിക്കുന്ന നാടകകൃത്തിന്റെ മനോരാജ്യം! രണ്ടാംരംഗം: അതേ കസേര അവിടെ ഉണ്ടു്. അതേ പട്ടുതായും അതിന്റെ പിറകിലുണ്ടു്. വിഷാദത്തോടെ ഒരു യുവതി നിന്നു് ഈശ്വരപ്രാർത്ഥന ചെയ്യുന്നു. അവൾ കുസുമവിലാസത്തിലെ തോട്ടക്കാരൻ പപ്പുശ്ശാരുടെ മകൾ ലക്ഷ്മിക്കുട്ടിയാണു്. അവൾ പപ്പുശാരുടെ പാവപ്പെട്ട വീടിന്റെ മുൻവശത്തു നില്ക്കുകയാണു്. പാവം പെണ്ണു്! അവൾക്കും വേണമെങ്കിൽ ആ കസേരയിൽ ഒന്നിരിക്കാം..........അങ്ങനെ അങ്ങനെ നാം ഏഴാംരംഗത്തിൽ എത്തുന്നു. ഒരു കൊട്ടുംകാന്താരം അതു് ഖലപാത്രത്തിന്റെയും അനുയായികളുടേയും ഗൂഢസങ്കേതമാണു്. മുൻപട്ടുതാ അവിടെത്തന്നെ കിടപ്പുണ്ടു്. വേണമെങ്കിൽ ആ കസേരയും ആകാം. ഇങ്ങനെ പോകുന്നു രംഗവിധാനം. ഒരേ പട്ടുതായും ഒരേ കസേരയുംകൊണ്ടു് കുസുമവിലാസത്തിലെ കുസുമാദേവിയുടെ ആരാമംമുതൽ കൊട്ടുംകാന്താരംവരെ ചമച്ചുകാണിക്കുന്ന നാടകലോകത്തിലെ തത്വചിന്തകന്മാർ പരമാർത്ഥത്തിൽ ശ്രീശങ്കരനെപ്പോലെ അദ്വൈതവാദികളാണു്.

അതു നിൽക്കട്ടെ; വേഷവിധാനം ഒന്നു പരിശോധിക്കാം: സംഗീതനാടകവേദിയിൽ ഇന്നുള്ളതു് കേരളീയവും സാമുദായികവും ആയ നാടകങ്ങളാണെന്നാണു് അവയുടെ കർത്താക്കൾ ഉൽഘോഷിക്കുന്നതു്. നാമെന്താണു കാണുന്നതു്? ഷെർവാണിയും കാലുറകളും ധരിച്ച കുറെ വടക്കേ ഇന്ത്യാക്കാർ വരിവരിയായി ഇറങ്ങുന്നു. ഇവർ കാൺഗ്രസ്സുകാരോ പാകിസ്ഥാൻവാദികളോ എന്നുപോലും അറിയാൻപാടില്ല. പക്ഷേ, കുഴക്കട്ടപോലുള്ള കുറേ പട

ങ്ങൾ മധ്യമത്തനായ ഒരു വണ്ടത്താന്റെ ഈണത്തിൽ ഇവർ വെളിയ്യോട്ടു വിടുന്നുണ്ടു്. വളരെ ശ്രദ്ധിച്ചാൽ ആ ഭാഷ മലയാളമാണെന്നു മനസ്സിലാകും. ഒരു നായകൻ—സോഷ്യലിസ്റ്റ് ചിന്താഗതിയുടെ പ്രചാരത്തോടുകൂടി ആ നായകൻ ഭവനരഹിതൻ ആയിരിക്കണം എന്നുകൂടി നിർബ്ബന്ധമുണ്ടു് എന്നു തോന്നുന്നു. പക്ഷേ, ഒടുവിൽ മില്ലുടമസ്ഥന്റെ കളഞ്ഞുപോയ അനന്തരവനാണെന്നും നല്ല തറവാട്ടുകാരനാണെന്നും തെളിയണം. അല്ലെങ്കിൽ കുസുമാദേവിക്കു് എന്തുതോന്നും? മില്ലുടമസ്ഥൻ, പുത്രി കുസുമാദേവി (കുസുമാദേവിയുടെ അമ്മ മരിച്ചുപോയി), മില്ലുടമസ്ഥന്റെ രണ്ടാംഭാര്യ (അവർ വഞ്ചകിയും കുലടയുമാണു്; മദ്യപാനവും കുറേശ്ശ), ഈ രണ്ടാംഭാര്യയുടെ ജാരനും മില്ലുടമസ്ഥന്റെ ധനത്തിന്റെ ചോരനും കുസുമാദേവിയുടെ ഭർതൃപദകാംക്ഷിയുമായ ഖലപാത്രു ; (പാടണമെന്നില്ല, നീണ്ട വാചകങ്ങൾ കിതപ്പുകൂടാതെ പറയണം. നായകനുമായി ഒരു ഗുസ്തിക്കും ഒടുവിൽ കഠാരികൊണ്ടുള്ള ആത്മഹത്യയ്ക്കും തയാറായിരിക്കണം, കൂട്ടിക്കുടുക്കുകാരനായ ഒരു കുറുപ്പു് (ഒരേസമയം മില്ലുടമസ്ഥന്റെ ആശ്രിതനും, കൊച്ചമ്മയുടെ ഹംസവും, വാല്യക്കാരി കമലാക്ഷിയുടെ നളനും, ഖലന്റെ കുംഭാണ്ഡനുമാണു്. ഖലന്റെകൂടെ മരിച്ചാലുംകൊള്ളാം ഏതാനും പ്രഹരങ്ങൾ ഏററശേഷം ഓടി ഒളിച്ചാലും കൊള്ളാം; അതുവരെ നല്ല നേരമ്പോക്കിനു വകയുണ്ടായിരിക്കണം) പാവം ആ കുസുമവിലാസത്തിലെ തോട്ടക്കാരന്റെ മകൾ ലക്ഷ്മിക്കുട്ടി (ഖലപാത്രം അവളുടെ ചാരിത്ര്യം എന്നോ അപഹരിച്ചതാണു്. എന്നാലും ഇന്നും അവൾ ഭർത്താവായി ആ ഖലനെത്തന്നെ ആരാധിക്കുന്നു. അവിടെയാണു് ഭാരതവനിതയുടെ ആത്മശുദ്ധി) ഇത്രയുമുണ്ടെങ്കിൽ ഒരു സംഗീതനാടകമായെന്നു പറയാം. മറന്നുപോയി; അത്യാവശ്യമായി അങ്ങിങ്ങു ചേർക്കേണ്ടുന്ന ചില വാചകങ്ങൾ ഉണ്ടു്. കാമാന്ധനായി ഖലപാത്രം കുസുമാദേവിയെ സമീപിക്കുമ്പോൾ അവൾ പറയേണ്ടതു് 'ഛീ ദുഷ്ടാ! ആർഷഭാരതത്തിലെ സീത, സാവിത്രി, സരോജിനീദേവി, കമലാ

നെഹ്റു, അരുണ, ക്യാപ്റ്റൻ ലക്ഷ്മി മുതലായ വീരവനിതകളു ടെ—' എന്നു തുടങ്ങുന്ന വാചകം. (പേരുകൾ ഇനിയും ചേർക്കാവുന്നതാണ്.) ഈ വാചകം നായികയ്ക്ക് കയ്യടിസമ്പാദിക്കുന്നതായതുകൊണ്ട് ഒരിക്കലും വിട്ടുപോകരുത്. നായകന് കയ്യടിക്ക് ഒരു കാൺഗ്രസ്വാചകം എഴുതിക്കൊടുക്കുക. ഭാരതമാതാവിൻെറ അരുമസന്താനങ്ങളായ നെഹ്റു, മൗലാനാ ആസാദ് എന്നിങ്ങനെയോ, അല്ലെങ്കിൽ 'ബ്രിട്ടീഷ്സിംഹത്തിൻെറ മീശയ്ക്കുപിടിച്ച ഗാന്ധിദേവനെപ്പററ' എന്നിങ്ങനെയോ തുടങ്ങാം. കയ്യടി അമാന്തിച്ചാൽ അവസരംനോക്കി 'ക്രൂരന്മാരായ മുതലാളിമാരുടെ രക്തദാഹത്തിനിരയായിത്തീൎന്ന തൊഴിലാളിസഹോദരന്മാരെ' എന്നോ മറേറാ തുടങ്ങുന്ന ഒരു തൊഴിലാളി- മുതലാളിക്കാൎയ്യം ഉച്ചത്തിൽ അലറിവിളിച്ചാൽ മതി.

ഇത്രയും സൂചനകൾ കൊടുത്താൽ സാമാന്യവിദ്യാഭ്യാസമുള്ള ഒരാൾക്ക്, അതായത് എഴുതാനും വായിക്കാനും അറിയാവുന്ന ഒരാൾക്ക് ഇന്നത്തെ നാടകവേദിയുടെ അംഗീകാരം സിദ്ധിക്കുന്ന ഒരു സംഗീതനാടകം എഴുതാവുന്നതാണ്.

സംഗീതനാടകവേദിയുടെ ഏതാണ്ടൊരു ചിത്രം വായനക്കാൎക്ക് ലഭിച്ചെങ്കിൽ ഇതെഴുതുന്നയാൾ ചാരിതാൎത്ഥനാണ്. ചിന്തിക്കുവാനും പ്രവൎത്തിക്കുവാനും കഴിവുള്ളവരോട് ഒരു കലാരാധകൻെറ വിനീതമായ പരാതിപറച്ചിലാണ്. ഇതിൽ പാരുഷ്യമില്ല, വ്യക്തിവിദ്വേഷമില്ല. ഇതെഴുതുന്ന ആളിൻെറ ആത്മമിത്രങ്ങളിൽ ചിലർ ഈ നാടകവ്യവസായത്തിൽ നടന്മാരായും ഉടമസ്ഥന്മാരായും ഉണ്ട്. അവരുടെ പരിഭവം മററുള്ളവരുടെ എന്നപോലെ ഇതെഴുതുന്നയാൾക്ക് ദുസ്സഹമാണെങ്കിലും ഇത് പരിഭവകാരണങ്ങളുടെ ഒരുല്പാദനഭൂമിയാണെന്ന് ധരിക്കുവാൻ ഈ ലേഖകനു സാധിക്കുന്നില്ല.

## II

വീണ്ടും ഇത്രവേഗം ഈ പംക്തിയിൽ എഴുതേണ്ടിവരുമെന്നു പ്രതീക്ഷിച്ചതല്ല. പക്ഷേ, പ്രതീക്ഷകളല്ലേ? അവയെ തകിടംമറിക്കുന്നതിലാണ് കാലത്തിനു രസമുള്ളതു്.

ഇന്നത്തെ നാടകത്തെപ്പററി അഥവാ സംഗീതനാടകവേദിയെപ്പററി ഞാൻ എഴുതിയ വിമർശനത്തെ അനുകൂലിക്കുന്നു; എന്നാൽ കുറവുകൾമാത്രം ചൂണ്ടിക്കാണിക്കുന്നതു് സൃഷ്ടിപരമായ നിരൂപണമല്ല; നാടകവേദി എങ്ങനെ പരിഷ്കരിക്കപ്പെടണം എന്നതിനെപ്പററി ഞാൻ ഒന്നും പറയാതിരുന്നതെന്തുകൊണ്ടു്? ആ വിഷയത്തിൽ എനിക്കു് എന്താണു് നിർദ്ദേശിക്കാനുള്ളതു്?—ഇങ്ങനെ ഏതാനും പ്രശ്നങ്ങൾ ഈ ലേഖകനു് സമർപ്പിക്കപ്പെട്ടതു്, നിശ്ചയമായും സമാധാനമർഹിക്കുന്നവയാണു്.

സംഗീതനാടകപ്രസ്ഥാനം ദുഷിച്ചുപോയി; കലാഭാസമാണു്; എന്നൊക്കെ ആരെല്ലാം എത്രകണ്ടു് വിളിച്ചുകൂവിയാലും ആരും സംഗീതനാടകം കാണാൻപോകാതിരിക്കയില്ലെന്നു് ഈ ലേഖകനറിയാം. എന്തുകൊണ്ടെന്നാൽ അവക്കു് കാണാനും രസിക്കാനും മറെറാന്നില്ല. ഒന്നുമില്ലാത്തതിൽ ഭേദം ഒരു മുടന്തനെങ്കിലുമുള്ളതല്ലേ? അപ്പോൾ കലാഭാസപ്രകടനങ്ങളുടെ അനാരോഗ്യകരമായ ആകർഷണവലയത്തിൽനിന്നു് പൊതുജനങ്ങളെ രക്ഷിക്കാൻ ഒരു മാർഗ്ഗമേയുള്ളു. അവരുടെ ആസ്വാദനത്തിനു് മററുവഴി ഉണ്ടാക്കുക. നല്ല നാടകവേദി ഉണ്ടാക്കുക. അതുമാത്രമാണു് പോംവഴി.

പക്ഷേ, അതു് എങ്ങനെ സാധിക്കും? ആദ്യലേഖനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ, അതാണു് വിഷമപ്രശ്നം. കലാകാരന്മാരുടേയും പണ്ഡിതന്മാരുടേയും സംഘടനയായ സാഹിത്യപരിഷത്തിൻെറ മുമ്പിലേക്കു് നീക്കിവിടാമെന്നുവച്ചാൽ—സാഹിത്യപരിഷത്തിൻെറ എത്രയെത്ര പ്രമേയങ്ങളാണു് ഗതികിട്ടാത്ത പ്രേതങ്ങളെപ്പോലെ ഇപ്പോഴുള്ളതു്. തർജ്ജമക്കാര്യം, ഭാഷാനിഘ

ണ്ടു—എത്രയെണ്ണം! ഇവയെല്ലാം ആ മഹാസ്ഥാപനത്തിന് സാധിക്കാമായിരുന്നു—അതിൻെറ മാത്രം കഴിവുകൾ ഉപയോഗിച്ചാൽ. പക്ഷെ, നാടകവേദിയുടെ കാര്യം അങ്ങനെയല്ല. കലാബോധവും പാണ്ഡിത്യവുംമാത്രം പോരാ—അതിന് ഗു. ണ. സ-യുടെ സഹകരണംകൂടെ ആവശ്യമുണ്ട്.

ഒരു നല്ല നാടകകൃത്തിന് ഒരു നല്ല നാടകമെഴുതാൻ കഴിയും. പക്ഷേ, അതുകൊണ്ടുമാത്രം ഒരു നാടകവേദിയുടെ ആവശ്യം പൂർണ്ണമാകുന്നില്ല. നല്ല നടന്മാരും, പരിഷ്കൃതമായ രംഗവിധാനവുംകൂടെ ആവശ്യമുണ്ട്. പറഞ്ഞപ്പോൾ തീർന്നു. എങ്കിലും അത് അത്ര പെട്ടെന്ന് അങ്ങു സാധിക്കാവുന്ന കാര്യമല്ല. ആ ചുരുട്ടിക്കയറുന്ന യവനികയും, അക്ബറുടെ ഡർബാർ കാണിക്കാൻ ടക്കിടംവ്വൽ പുതപ്പിച്ചുവച്ചിരിക്കുന്ന ഒററക്കസേരയും ഒക്കെ കണ്ടു നാം എന്നേ മുഷിഞ്ഞതാണ്. കടലും, കരയും, കാടും, കുടിലുമെല്ലാം ഏതാണ്ട് യഥാർത്ഥമായിത്തന്നെ നമ്മെ കാണിക്കുന്ന സിനിമയുടെ പ്രചാരത്തോടെ ഗ്യാസ്‌വിളക്കിൻെറ പിന്നിൽ കെട്ടിയിട്ടിരിക്കുന്ന തുണിക്കഷണങ്ങൾ കുട്ടികൾക്കുപോലും വിരസമായിത്തീർന്നിട്ടുണ്ട്. തുണികൊണ്ടുള്ള ആ കൃത്രിമമറപ്പുരയിൽ ഒരു ഘോഷാസ്ത്രീയ്ക്കു വേണമെങ്കിൽ ഒളിച്ചിരുന്ന് പുരുഷന്മാരെ നോക്കാമെന്നല്ലാതെ, ഒരു നാടകമെങ്ങനെ നടിക്കപ്പെടും? മറുനാടുകളിൽ കപ്പലിനു കപ്പലും, മാളികയ്ക്കു മാളികയും, സൂര്യോദയവും പൂന്തോട്ടവും എല്ലാം പ്രദർശിപ്പിക്കപ്പെടുന്നുണ്ട്. കൊടുങ്കാററ്, മഴ മുതലായ പ്രകൃതിക്ഷോഭങ്ങൾപോലും അവിടെ, വാസ്തവമെന്നു വിശ്വസിക്കാതിരിക്കാൻ സാധിക്കാത്തവിധത്തിൽ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്. ഒരു നാടകവേദി ലോകത്തിൻെറ ചെറിയതോതിലുള്ള ഒരു "മാഡലാ"യിരിക്കും. ഒരു കഥയ്ക്ക്, ഒരു വീടും, ഒരു തോട്ടവും, സൂര്യാസ്തമയവും, ഇടിമുഴക്കവും മതിയായിരിക്കും. പക്ഷേ, അടുത്ത നാടകത്തിന് ഒരു ജലാശയവും കപ്പലും, കൊടുങ്കാററും ആവശ്യമായിരിക്കും. നാടകവേദിക്ക് ഇതിനെല്ലാമുള്ള കഴിവുണ്ടായിരിക്കണം.

ഇതെല്ലാം എങ്ങനെ സാധിക്കുമെന്ന് ആരും അമ്പരക്കേണ്ട. ഇതെല്ലാം ആശാരിയും, ചിത്രകാരനും, ഇലക്ട്രീഷ്യനും കൂടെ സാധിക്കുന്ന ഇന്ദ്രജാലങ്ങളാണ്. ഈ വിധത്തിൽ, നമ്മുടെ ലോകത്തെത്തന്നെ ഓരോ കഥയ്ക്കും ആവശ്യമായതോതിൽ പകർത്തിക്കാണിക്കുന്ന ഒരു നാടകവേദിയിൽ നടൻെറ നൈപുണി അല്പമൊന്നു കുറഞ്ഞുപോയാലും അതത്രവേഗം കണ്ടുപിടിക്കപ്പെടുകയില്ല എന്നു പറഞ്ഞതുകൊണ്ട് മോശപ്പെട്ട നടന്മാരെ സഹായിക്കാനുള്ള ഒരു വിദ്യയാണിതെന്ന് കരുതുകയില്ലല്ലോ? രംഗവിധാനം യാഥാർത്ഥ്യത്തിൻെറ പ്രതീതി ജനിപ്പിച്ചില്ലെങ്കിൽ നടൻെറ മിടുക്കിന് പരാജയപ്പെടാതെ തരമില്ലെന്നുമാത്രം. പക്ഷേ, ഈ വിധത്തിലുള്ള ഒരു രംഗവിധാനസമ്പ്രദായം അത്ര സുഖകരമല്ല എന്നു ധരിക്കണം. അതിന് സാങ്കേതികപരിജ്ഞാനവും വിദഗ്ദ്ധോപദേശവും കൂടിയേ കഴിയൂ. നല്ല പണച്ചിലവും.

പാശ്ചാത്യരാജ്യങ്ങളിൽ "തിയേററർ" ഒരു പ്രധാനസംഗതിയാണ്. ആരു് കഥയെഴുതി? ആരു് പ്രധാനനടീനടന്മാർ. എന്നൊക്കെയുള്ളതുപോലെതന്നെ പ്രാധാന്യമുള്ള ഒരു ചോദ്യമാണ് ഏതു 'തീയേററർ' അഥവാ ആരു 'പ്രൊഡ്യൂസ്' (Produce) ചെയ്യുന്നു എന്നുള്ളതും നമുക്കാകട്ടെ, അതു് ഒരു ചോദ്യമേയല്ല. എവിടെ ആയാലും രണ്ടുമൂന്നു കർട്ടൻ കാണുമെന്നതിച്ചയുണ്ടു്. കൂടുതലായി ഒന്നും സംഭവിക്കുമെന്ന് ശങ്കിക്കേണ്ട കാര്യവുമില്ല. കുറേ മിടഞ്ഞ ഓലയും, വെള്ളം വററിയ വയലും ഉണ്ടെങ്കിൽ, ഏതു് അക്ബർക്കും ദർബാറു നടത്താനുള്ള സ്ഥലമായി. എത്രായിരം ആളുകൾക്കു വേണമെങ്കിലും കയറാം. തറയിൽ അങ്ങേയററം ഇരിക്കുന്നവനു കേൾക്കത്തക്ക രീതിയിൽ, ഏതു് അരമനരഹസ്യവും വിളിച്ചുകൂവിപ്പറയേണ്ടതു് നടൻെറ ചുമതലയാണ്. അല്ലെങ്കിൽ ആ നടനെപ്പററി അഭിപ്രായവ്യത്യാസമായി, "ഹേയ്; മോശം ശബ്ദമില്ല." ഒരു ഗൽഗദം; ചൂടുപിടി

ച്ച ഒരു നിശ്വാസം; ശബ്ദം അടക്കി ഉച്ചരിക്കപ്പെടുന്ന ഒരു ശപഥം—ഇവയൊക്കെ പലപ്പോഴും ജീവിതത്തിന്റെ അസ്തിവാരസ്പർശികളായ സംഗതികളാണു്. ജീവിതചിത്രീകരണമായ നാടകത്തിൽ—നമ്മുടെ ഇന്നത്തെ സ്റ്റേജിൽ നിന്നുകൊണ്ടു്—ഇവ എങ്ങനെയാണു് ഒരു നടൻ പ്രദർശിപ്പിക്കേണ്ടതു്? വിളിച്ചുകൂവണം!

പാശ്ചാത്യരാജ്യങ്ങളിൽ ശബ്ദനിയന്ത്രണോപകരണങ്ങളോടുകൂടി തിയേറ്റർ സജ്ജമാക്കപ്പെടുന്നു. ഒരു നേരിയ ശബ്ദം, ഒരു നെടുവീർപ്പു്, കഥാപാത്രത്തിന്റെ മാനസികവികാരങ്ങളുടെ ഫലമായി പുറത്തുവന്നാൽ ആ നേരിയ ശബ്ദം, ആ നെടുവീർപ്പു്, ഈഷൽ വ്യത്യാസംകൂടാതെ കാണികൾ മുഴുവൻ കേൾക്കുന്നു. വിളിച്ചുകൂവണ്ടാ. അങ്ങനെ യാഥാർത്ഥ്യബോധത്തിന്റെ മുഖത്തടിക്കേണ്ട. ആളുകളെ കയററുന്ന കാര്യത്തിലും നിയന്ത്രണമുണ്ടു്. ഒരു നാടകം ഇന്നദിവസം തുടങ്ങണമെന്നു് നിശ്ചയിച്ചാൽ പിന്നെ, രംഗസംവിധാനത്തിന്റെ പണികൾ ആരംഭിക്കയായി. പതിനാറാംനൂററാണ്ടിൽ ലണ്ടനിലെ ഒരു സ്ഥലത്തു നടക്കുന്ന കഥയാണു്. പതിനാറാംനൂററാണ്ടിൽ ലണ്ടനിലെ ആ സ്ഥലം എങ്ങനെ ഇരുന്നുവെന്നു്; അന്നത്തെ ഭവനനിർമ്മാണരീതി; വസ്ത്രധാരണം; ആചാരമര്യാദകൾ ഇവയെപ്പററിയെല്ലാമുള്ള വിദഗ്ദ്ധാഭിപ്രായം നാടകത്തിന്റെ പ്രൊഡ്യൂസർ സമ്പാദിക്കുന്നു. അതനുസരിച്ചു് എല്ലാം സജ്ജമാക്കുന്നു. കഥാപാത്രങ്ങളുടെ സ്വഭാവവിവരണം മുതലായവ നടന്മാരെ മനസ്സിലാക്കുന്നു. ചുരുക്കത്തിൽ, നാടകാരംഭത്തിൽ പതിനാറാംനൂററാണ്ടിലെ ലണ്ടന്റെ ആ ഭാഗം ഏതോ മഹേന്ദ്രജാലത്താൽ പുനരാവിർഭവിക്കുന്നു—അന്നത്തെ ഏതാനും ആളുകളും. ഇതിന്റെയെല്ലാം ഭീമമായ ചെലവു് ടിക്കററുചാർജ്ജ് കൂട്ടുന്നതിലോ നിയന്ത്രണരഹിതമായി ആളു കയററുന്നതിലോനിന്നല്ല ഈടാകുന്നതു്. അവിടത്തെ സമ്പ്രദായം മറെറാന്നാണു്. നമ്മുടെ നാട്ടിൽ സിനിമ പ്രദർശിപ്പിക്കുന്നതുപോലെ തുടർച്ചയായി ഏതാനും ദിവസങ്ങളോ ആഴ്ചകളോ ഒരേ

നാടകവും നടത്തുന്നു. വളരെ ബുദ്ധിയും, ശ്രമവും, പണവും ചെലവുചെയ്തു നിർമ്മിച്ച രംഗവിധാനങ്ങൾ ഒററദിവസത്തെ "കളി" ക്കുശേഷം ഉപയോഗരഹിതമാകേണ്ടിവരുന്നില്ല.

നാം രംഗവിധാനത്തിൽ എന്തെങ്കിലും ഒരു പുരോഗതി കണ്ടിട്ടുള്ളതു് രാജമാണിക്കംകമ്പനിയുടെ പ്രദർശനങ്ങളിലാണു്. അവിടെയും അതു് അവികലമല്ല. പലപ്പോഴും അപഥ്യാപ്തവും കൃത്രിമവും ആണെന്നു ബോദ്ധ്യമാവുകയുംചെയ്യും. എങ്കിലും അവർ ആളുകളെ ആകർഷിച്ചു. നിശ്ചയമായും നടനകലാനൈപുണ്യം കൊണ്ടല്ല. ഗാനഗന്ധർവ്വന്മാരുണ്ടായതുകൊണ്ടല്ല. രംഗവിധാനം കൊണ്ടുമാത്രം.

അഞ്ചുശതമാനത്തിനുമാത്രം എഴുത്തറിയാവുന്ന ഇന്ത്യയിൽ, 45 ശതമാനം അഭ്യസ്തവിദ്യരുണ്ടെന്നു് അഭിമാനിക്കുന്ന കേരളക്കരയിലെ നാടകവേദി, ഇപ്പോഴും വയലിൽ വെള്ളംവാറാൻ കാത്തിരിക്കേണ്ടിവന്നതെന്താണു്? നമ്മുടെ കുറവുകളെന്താണു്? നാട്യകലയുടെ പരമോന്നതമേഖല ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചതു് കേരളത്തിലെ കഥകളിയാണു്. ആധുനികനാടകവേദിക്കു് അനുയോജ്യരായ നടന്മാർ—ബിരുദധാരികൾ—ഹോളിവുഡ്ഡിനെ കിടപിടിക്കുന്നവർ—ഈ നാട്ടിൽ ജീവിച്ചിരിപ്പുണ്ടു്. അവരിൽ ചിലരെ ഈ ലേഖകനു നേരിട്ടറിയാം. ഒന്നാംതരം കഥാകൃത്തുകളെ ഈ നാടു് പ്രസവിച്ചിട്ടുണ്ടു്; ഇവിടെ ശില്പികളും ചിത്രകാരന്മാരും ഇലക്‌ട്രീഷ്യന്മാരുമുണ്ടു്; ഇവിടെ പണം വച്ചു കാക്കുന്ന ഭൂതത്താന്മാരുണ്ടു്. എന്നിട്ടും എന്തുകൊണ്ടു് നമുക്കു് ഒരു നാടകവേദിയുണ്ടായില്ല?

ഒരു കാര്യം പറയാനുണ്ടു്. നമ്മുടെ കഥകളി മറുനാട്ടുകാരിൽനിന്നു് കൈയടി വാങ്ങിയപ്പോൾമാത്രമാണു്, ഇതു കാണാനുള്ളതുകൊണ്ടു് അപകർഷമില്ലെന്നു് നമ്മുടെ അഭ്യസ്തവിദ്യർ മനസ്സിലാക്കിയതു്; ഉദയശങ്കർ ഗുരുവായി വരിച്ചു പൂജിക്കുന്നതുവരെ, നമ്മുടെ തോട്ടംനമ്പൂതിരിക്കു് ആ പഴയ ഉരലും, പത്തുപണവും, വല്ല

പ്പോഴും ഒരു പുളിയിലക്കരയൻ നേരിയതും കസ്തുതിപ്പിള്ളേരുടെ കൂക്കുവിളിയുമായിരുന്നു പ്രോത്സാഹനം. സുധോണാബോസ് എന്നൊരു സുപ്രസിദ്ധാനർത്തകിയുണ്ടു്. ഇവരെ അഭ്യസിപ്പിക്കുന്നതു് ഒരു മാധവമേനോനാണു്—സഹനർത്തകനുമാണു്. ബാംബെയിൽവച്ചു് അവരുടെ നൃത്തം ഞാൻ കണ്ടു. സകല പത്രങ്ങളും ശ്രീമതി ബോസിനെ വാനോളം വാഴ്ത്തി. മേനവനെ അവക്കു് അറിഞ്ഞുകൂടായിരുന്നു. ഗോപിനാഥനെ നമുക്കുതന്നെയും പരിചയപ്പെടുത്തിയതു് അമേരിക്കക്കാരി രാഗിണീദേവിയാണു്! ഇതാണു് നമ്മുടെ കലാകാരന്മാക്കു് നമ്മുടെ നാട്ടിൽ ലഭിക്കുന്ന പ്രോത്സാഹനം. നമ്മുടെ കലകളേയും കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിൽ നമ്മുടെ ഭരണകൂടങ്ങൾക്കുള്ള അനാസ്ഥ, നമ്മുടെ ജനങ്ങളുടെ വൈമുഖ്യത്തോടുമാത്രമേ കിടനിൽക്കുന്നുള്ളു. കഷ്ടം! ഇവിടെ പ്രതിഭ എങ്ങനെ വികസിക്കും?

നമ്മുടെ പണക്കാർ ഏററവും ചുരുങ്ങിയ മുതൽമുടക്കിൽ ഏററവുംകൂടുതൽ ആദായം എന്ന ലക്ഷ്യക്കാരാണു്. കല, പൊൻമുട്ടയിടുന്ന താറാവായി അവർ കണക്കാക്കിയിട്ടില്ല പിന്നൊരു കാര്യം. നമ്മുടെ കലാകാരന്മാർ പ്രോത്സാഹനം അറിയാതെ ജീവിക്കയും മരിക്കയുംചെയ്യുമ്പോൾ, നമ്മുടെ വിശേഷാത്തരങ്ങളായ കലകൾ അകത്തമ്മമാരെപ്പോലെ ഇരുന്നു മുരടിക്കുമ്പോൾ—നാം പ്രോത്സാഹിപ്പിക്കുന്നതു് പരദേശിക്കാരെ; അനുകരിക്കുന്നതു് അവരുടെ പ്രസ്ഥാനങ്ങളേയും അവയുടെ വൈകൃതങ്ങളേയും. അനുകരണം എപ്പോഴും ദോഷമല്ല. അനുകരിക്കാവുന്നതായിരിക്കണം. അതേയുള്ളു.

നാല്പത്തഞ്ചുശതമാനം അഭ്യസ്തവിദ്യരുള്ള ഈ കേരളത്തിനു് എന്തുപററി? ആത്മാഭിമാനമുണ്ടെങ്കിൽ അതിനു് നാടിൻെറ അതിത്തിവരെ എത്തുവാനെങ്കിലും കരുത്തുവേണം. അതാണു് സാർ കുഴപ്പം. പറഞ്ഞതു് പിശകെങ്കിൽ മാപ്പു്.

# വിമർശനങ്ങൾ

# ആട്ടോ കുഷ്‌പ്ലഷ്

ആ മാസികയുടെ മൂന്നാംപേജ് എടുത്തു് എന്റെനേർക്കു് വീശി, വിജയത്തുമന്ദഹാസവും തൂകി, ആ സാഹിത്യകുലോത്തുംഗൻ എന്നോടാവശ്യപ്പെട്ടു: "തലക്കെട്ടുമാത്രം നോക്കൂ, സാരഥീ, എന്താണഭിപ്രായം?"

വെണ്ടയ്ക്കാ അക്ഷരത്തിൽ അച്ചടിച്ചിരുന്ന തലക്കെട്ടു് ഇതായിരുന്നു—"ആട്ടോ കുഷ്‌പ്ലഷ്." വായിച്ചുതീർന്നപ്പോൾ ശിരോഗോളത്തിനകത്തു് ഒരു ജർമ്മൻബാംബു പൊട്ടിയ ഒരനുഭവമുണ്ടായി എന്നല്ലാതെ ഒരു വെളിവുമുണ്ടായില്ല. പക്ഷേ, അക്കാര്യമെങ്ങനാണു ആ വിമർശകവീരനോടു പറയുക? മുൻകോപികളായ സാഹിത്യനായകന്മാരുമായി പെരുമാറേണ്ടതു് വളരെ ആലോചിച്ചും കണ്ടും വേണമെന്നു് അനുഭവംകൊണ്ടു് എനിക്കു മനസ്സിലായിട്ടുണ്ടു്. അങ്ങനെ, ഒരഭിപ്രായം പറയാൻ യാതൊരു വഴിയും കാണാതെ ഞാൻ നിന്നു വിയർക്കുമ്പോഴാണു്—പണ്ടു് വാല്മീകി മുതൽ വാസുഭട്ടതിരിവരെയുള്ളവരെ യാതൊരു മുന്നറിയിപ്പും കൂടാതെ അനുഗ്രഹിച്ച ഒരു സാരസ്വതപ്രവാഹം എന്റെ ജിഹ്വയിലേക്കു പകർന്നതു്. ഞാൻ പറഞ്ഞു: "സാർ തലക്കെട്ടു സംഭ്രമജനകമായിരിക്കുന്നു."

അതു കുറിക്കുകൊണ്ടു. സാഹിത്യസാർവ്വഭൗമൻ ചരിതാർത്ഥനായി. സൗഹാർദ്ദപൂർവ്വം എൻെറ ചുമലിൽ തടവിക്കൊണ്ടു് കരുണാശീതളനായി, സാഹിത്യരംഗത്തിലെ ആ നക്രത്തുണ്ഡി അന്വേഷിച്ചു: "പാവം, സാരഥിക്കു് ഒരു വസ്തുവും മനസ്സിലായില്ല, അല്ലേ!" ഒന്നുരണ്ടു വ്യാക്ഷേപകശബ്ദങ്ങൾ, അധരങ്ങളുടെ വക്രിപ്പിൽ നിന്നു സംജാതമാകുന്ന ഒരു സ്മിതാഭാസം (apology for smile) ഇവയെല്ലാംകൊണ്ടു് എൻെറ നിസ്സഹായത പ്രകടമായിക്കഴിഞ്ഞപ്പോൾ, അഗാധപാണ്ഡിത്യത്തിൻെറ കണ്ണിറുക്കലോടുകൂടി, കൈരളിപ്പെണ്ണിൻെറ ആ പട്ടണഭർത്താവു് എന്നെ സാന്ത്വനപ്പെടുത്തി: "മറയാ, സാരഥീ! സമാശ്വസിക്കൂ, സമാശ്വസിക്കൂ. അജ്ഞതയിൽനിന്നു നിന്നെയും നിൻെറ കൂട്ടുകാരായ പഴഞ്ചൻ നാട്ടുമ്പുറത്തുകാരെയും വിമോചിപ്പിക്കുവാനത്രേ അസ്മാദൃശന്മാരായ പുത്തൻകൂറുകാരുടെ ഈ പുതിയ പ്രസ്ഥാനം. ആട്ടോ കുഷ്പ്ലഷ്—ആരും കേട്ടിരിക്കയില്ല—ഒരു ജമ്മൻ—"

"അറിയാം സാർ, അറിയാം," ഞാൻ ഇടയ്ക്കുകയറി പറഞ്ഞു. "ജർമ്മൻ! അതേയതേ. വി. ത്രി. ഭയങ്കരമാണേ. അമ്പതിനായിരം മൈൽ പായുന്ന ജർമ്മൻ രഹസ്യായുധം. ആട്ടോ—"

നിശ്ശബ്ദനായി നിന്നു്, സംഹാരരുദ്രനെപ്പോലെ നേതാവു് എന്നെ ഒരു നീണ്ട നോട്ടംനോക്കി. ഞാൻ വിറച്ചുപോയി. ഇടയ്ക്കുകയറിപ്പറഞ്ഞ അനൗചിത്യത്തെ ഞാൻ മനസാ ശപിച്ചു. എൻെറ പ്രിയമാതാവിൻെറ വാക്കുകൾ, "മകനേ! നിൻെറ അക്ഷമ നിന്നെ കുഴപ്പത്തിൽ പെടുത്തും"—ഞാനോർത്തു. "മടക്കഴുതേ!" നേതാവു രോഷത്തോടെ അലറി. "ആട്ടോ കുഷ്പ്ലഷ് 1736 മുതൽ 1801½വരെ ജീവിച്ചിരുന്ന വിശ്രുതനാടകകർത്താവും, ജമ്മനിയിലെ "യഥാർത്ഥഗ്രാഹ്യ"പ്രസ്ഥാനത്തിൻെറ ജനയിതാവുമാണു്. താനോ തൻെറ നാട്ടുകാരോ കേട്ടിട്ടുണ്ടോ, റഷ്യൻ ഫ്യൂച്ചറിസം, ജമ്മൻ എക്സ്പ്രഷനിസം, ഫ്റഞ്ചു് സർറിയലിസം—ഇതുവല്ലതും?"

പരമാത്ഥം വേണമല്ലോ പറയാൻ. അജ്ഞാതെ സമ്മതിക്കുക നേതാക്കന്മാരെപ്പോലെതന്നെ എനിക്കും കുറച്ചു വിഷമമാണു്. തല ചൊറിഞ്ഞുകൊണ്ടു ഞാൻ പറഞ്ഞു—ഞാനും ചിലതൊക്കെ കേട്ടിട്ടില്ലെന്നു വരുന്നതു് മോശമല്ലേ—"സാർ! നമ്മുടെ നാട്ടിലുമുണ്ടല്ലോ, വെൺമണിപ്രസ്ഥാനം, ആറൻമുള അടയ്ക്കാ, കവളപ്പാറൻ പുല്ലുപായ്—"

അസഹനീയമായ വെറുപ്പോടെ, നിന്ദയോടെ, ആ നവീനവിജ്ഞാനി പറയുകയാണു്: "സങ്കുചിതന്മാർ! ഗതാനുഗതികന്മാർ! ഭാഷയെങ്ങനെ വളരും? സാഹിത്യമെങ്ങനെ ഉയരും? പാശ്ചാത്യഗ്രന്ഥങ്ങളുടെ മുഖവുരകൾ; ആൻതാളജി (anthology) കളിലെ കുറിപ്പുകൾ—" പെട്ടെന്നു നേതാവിൻെറ മുഖത്തു് ഭീതി കലന്നു "ഹയ്യോ! അതൊന്നും വിട്ടുകൊടുത്തുകൂടാ. നമ്മുടെ രഹസ്യം! ഇവന്മാർ മനസ്സിലാക്കിയാൽ—എടോ സാരഥീ! അഗാധപാണ്ഡിത്യത്തിൻെറയും വിദഗ്ദ്ധചിന്തയുടേയും പരിണതഫലമായ ഈ ലേഖനം തൻെറ നാട്ടുകാർ വായിക്കണം. വിശ്വസാഹിത്യത്തിൻെറ മർമ്മങ്ങൾ എന്തെല്ലാമെന്നു നമ്മുടെ കൂപമണ്ഡൂകങ്ങൾ അറിയണം. നോക്കൂ."

ഇംഗ്ലീഷും മലയാളവും ബ്രാക്കററും ഉദ്ധരണികളും, ഒന്നും മനസ്സിലാക്കാൻവയ്യാത്ത തർജ്ജമപ്പദങ്ങളുംകൊണ്ടു്, മസൂരിക്കാരൻെറ മുഖംപോലെ വികൃതമാക്കപ്പെട്ടിരുന്ന ആ മൂന്നാംപേജ്! വായനക്കാരാ! ഒന്നോ രണ്ടോ സാമ്പിൾ വാചകം തരാം. പക്ഷേ, അതിൽ കാണുന്ന പേരുകൾക്കോ, തർജ്ജമകൾക്കോ ഒന്നും സാരഥി ഉത്തരവാദിയല്ലെന്നു മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു. അതിനൊന്നും സാരഥി ആളല്ല. ഇതാ കേട്ടുകൊള്ളൂ, കേട്ടു നടുങ്ങിക്കൊള്ളൂ, ഭാഷ വലുതാകാൻ, സാഹിത്യം ഉയരാൻ ഉണ്ടാക്കിവച്ചിരിക്കുന്ന മൈൻ വേലകൾ!

ജെമ്മൻ യഥാർത്ഥഗ്രാഹ്യപ്രസ്ഥാനത്തിൻെറ അഗ്രാഹ്യസത്തയുടെ (The Incomprehensible Essence) അന്തരാത്മാവിലെ

കളുള്ള ചുഴിഞ്ഞുനോട്ടം എന്ന ചെക്കോസ്ലോവേക്യൻ വിനിഫ്റിഡിൻെറ (Weinifried welizzneichang) നിർവ്വചനത്തെ ഖണ്ഡനപരമായി എതിർത്തുകൊണ്ടു പോളണ്ടിലെ തത്വചിന്തകനും ഭ്രാന്താലയം സൂപ്രണ്ടുമായ പിൽസ് ഡസ്കി (M. Pils dusky) യും, ഹംഗറിയിലെ വിപ്ലവനേതാവായ ക്രെപ്പിൻ മാഗ്നാറും (Krepin magner 1824-91) വാദങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, അയസ്കാന്തശക്തി, ഇരുമ്പിൻെറയും കാന്തത്തിൻെറയും ശക്തിയാണോ എന്നു താൻ ശങ്കിക്കുന്നുവെന്ന് ഒരിക്കൽ പറയുകയുണ്ടായ മാഡം പാവ്ലിനോവാ, സ്വന്തമായ ഒരു നിർവ്വചനം ഈയിടെ ടഫാൾഗർ സ്ക്വയറിൽവച്ച് സ്ഥാപിക്കയുണ്ടായി."

സാഹിത്യമർമ്മജ്ഞൻ ചോദിച്ചു: "എന്തെടോ, എന്തു പറയുന്നു?"

ഞാൻ പറഞ്ഞു: "സാർ, സഖ്യപട പിടിച്ച ഒരു പ്രദേശത്തിൻെറയും പേരു പറഞ്ഞിട്ടില്ല. സത്യം പറഞ്ഞാൽ ഞാൻ ഒരു സഖ്യകക്ഷിക്കാരനാണ്."

"താൻ ഒരു മടസാമ്പ്രാണിയാണ്.......അതല്ല ചോദിച്ചത്, എൻെറ പാണ്ഡിത്യം?....ഓ—തനിക്കൊന്നും മനസ്സിലായിക്കാണുകയില്ല. ഹ! ഹ! ഹ!"

അതാണ് സഹോദരേ ആത്മസംതൃപ്തി! ചിരിച്ചുകൊള്ളു. പാദം നനയാൻ വെള്ളമില്ലാത്ത തൻെറ പരിജ്ഞാനപൊട്ടക്കുളത്തിന് നൂലിട്ടാൽ നിലകാണാത്ത ആഴമുണ്ടെന്നു വിശ്വസിക്കുന്നത് എന്തുകൊണ്ടാണ് പത്രാധിപർസാറേ? അജ്ഞതയോ ഡംഭോ? അതോ രണ്ടുമോ? ഭാഷ വളരണം, സാഹിത്യം ഉയരണം. ഓഹോ! എല്ലാം വേണം. പക്ഷെ, ആവശ്യത്തിൻെറ പേരും പറഞ്ഞ്, അവനവൻെറ അജ്ഞതയ്ക്കും അപ്രഗത്ഭതയ്ക്കും ഈ ബീഭത്സമായ മുഖംമൂടി അണിയിച്ച്, ഈ പുതിയ വേഷക്കാരുടെ രംഗപ്രവേശംകൊണ്ട് പാവപ്പെട്ട കൈരളിപ്പെണ്ണിനെ വിരട്ടി ഓടി

ക്കാമെന്നല്ലാതെ എന്തു പ്രയോജനമാണുള്ളതെന്നു് ഈയുള്ളവർക്കു മനസ്സിലാകുന്നില്ല. അന്യസാഹിത്യങ്ങളുമായുള്ള സമ്പൎക്കവും, അവകൊണ്ടുള്ള പോഷണവും സകല ജീവൽഭാഷകൾക്കും ആവശ്യമാണു്. പക്ഷേ, അതു സാധിപ്പിക്കുവാൻ സുശിക്ഷിതപെട്ടതാമുള്ളവരെയാണു് ആവശ്യം; ഒരുകൂട്ടം നവീനവിജ്ഞാനക്കള്ളക്കമ്മട്ടക്കാരെയല്ല. ആരേണോ, പത്രാധിപർസാറേ?

ഏതായാലും നമ്മുടെ നേതാവു് ആ ഒട്ടവിൽ ചിരിച്ച ചിരി! അതിൻെറ പേരാണു്, സഖാവേ! ആത്മസംതൃപ്തിയെന്നു്!

---

# വിശ്വരൂപം

അഴുക്കു പിടിച്ചുതുടങ്ങിയ ഖദർജൂബ്ബായും രണ്ടാംമുണ്ടും വേഷ്ടിയുമാണു് അദ്ദേഹം ധരിച്ചിരുന്നതു്. ശുഭ്രവസ്ത്രധാരണം അനാരോഗ്യകരമായ ഒരു ബൂർഷ്വാദുശ്ശീലമാണെന്നു പണ്ടുതന്നെ അദ്ദേഹം പ്രഖ്യാപനംചെയ്തിട്ടുള്ളതാണു്. മർദ്ദിതർക്കും ചൂഷിതർക്കും വേണ്ടി നിലകൊള്ളുന്നവർ എപ്പോഴും പൊടി അണിഞ്ഞിരിക്കണം; ഒട്ടിത്തുടങ്ങിയ കവിളുകളിൽ കുററിരോമങ്ങൾ നിറുത്തിയിരിക്കണം; എണ്ണമയമില്ലാതെ, ചീകിയൊതുക്കാതെ മുടി പറത്തിക്കൊണ്ടു നടക്കണം. ഇങ്ങനെയെല്ലാമായെങ്കിൽമാത്രമേ ലോകത്തെ ഒരു വിപ്ലവത്തിനു തയ്യാറാക്കിനിർത്താൻ സാധിക്കയുള്ളൂ. കട്ടച്ചായയും ബീഡിയുംകൊണ്ടു കറുത്തുമരവിച്ചു് ചുണ്ടങ്ങനെ തൂങ്ങണം; കണ്ണങ്ങനെ കലങ്ങി കിടക്കണം; ആർത്തി ഒടുങ്ങാത്ത പ്രേതത്തിനെപ്പോലെ, മഴയെന്നില്ല വെയിലെന്നില്ല ധിറുതിപിടിച്ചങ്ങു നടക്കണം. എങ്കിൽ മാത്രമേ ആളുകൾ ചൂണ്ടിക്കാണിച്ചു ചോദിക്കയുള്ളൂ: "അതാരാണെന്നറിയാമോ, ആ പോകുന്നതു്........അതു നമ്മുടെ ഇന്നാരാണു്. അറിയില്ലേ? മഹാവിപ്ലവസാഹിത്യകാരൻ!" അങ്ങനെ ചൂണ്ടിക്കാണിച്ചും അറിഞ്ഞും പറഞ്ഞും ആളുകൾ അമ്പരക്കണം, നടുങ്ങണം. മഹാവിപ്ലവൻ!

അതിന് അങ്ങനെയൊക്കെ നടന്നെങ്കിലേ സാധിക്കയുള്ളു. എനി ക്കിതെല്ലാം അദ്ദേഹം പറഞ്ഞുതന്നതാണ്—ആ മഹാപൈറകഥാ വിപ്ലവൻ—അഥവാ വിപ്ലവപൈറകഥൻ. ഏതു പ്രയോഗമാണ് ശരി, പത്രാധിപർസാറേ? അല്ലെങ്കിൽ നിങ്ങളേയും പ്രയോഗങ്ങ ളേയും ആരു കൂട്ടാക്കുന്നു? വ്യർഷപാ അസംബന്ധങ്ങൾ! ഒരു വ്യാകരണത്തിൻേറയും പ്രചോദനത്താലല്ല, റഷ്യയിൽ 1917-ലെ ബോൾഷെവിക്‌വിപ്ലവം ഉണ്ടായതു്. മർദ്ദിതർക്കുവേണ്ടി നില കൊള്ളുന്ന ഒരു വ്യാകരണപ്രസ്ഥാനമുണ്ടായിട്ടുണ്ടോ? അതുണ്ടാ കുമ്പോൾ അതിനെ ആദരിച്ചുകൊള്ളാം. അതുവരെ വിപ്ലവം. ഉം! വിപ്ലവംതന്നെ....

"ഹേ സാരഥി!"—ആ മദ്ധ്യാഹ്നസമയത്തു്, താറിട്ടുപൂശിയ നിരത്തിൻെറ നടുവിൽനിന്ന് ഒരു നീണ്ട വിളി. ഞാൻ ഞെട്ടി ത്തിരിഞ്ഞു. വരുന്നു...ഒരു കുടപോലുമെടുക്കാതെ, നീണ്ടുകിടക്കു ന്ന മുഷിഞ്ഞ ഖദർഷാലിൻെറ അററംകൊണ്ടു് ആ എരിപൊരി ക്കൊള്ളുന്ന കഷണ്ടി ഒന്നു മറയ്ക്കാൻപോലും തുനിയാതെ—വരുന്നു നമ്മുടെ വിപ്ളവസാഹിത്യകാരൻ. ഞാൻ ഒരു ആലുമരത്തിൻെറ തണലിൽ അഭയംപ്രാപിച്ചു. 'തണൽതേടുന്ന ഭീരു' എന്നൊരു ഹാസ്യംകലന്ന നോട്ടത്തോടെ അദ്ദേഹം നിരത്തിൻെറ ശരിനടു വിൽതന്നെ നിലയായി.

"മൂർഖപ്പാമ്പിനെപ്പോലെ മരപ്പോടിൽ കയറി ഇരിക്കാതെ ഇറങ്ങിവരൂ. ജീവിതയാഥാർത്ഥ്യങ്ങളും പുരോഗമനസാഹിത്യവും കിടന്ന് എരിവെയിൽ കൊള്ളുന്ന നിരത്തിലേക്കു്"—അദ്ദേഹം ആജ്ഞാപിച്ചു. വിനീതനായി വണങ്ങിനിന്നു ഞാൻ അറി യിച്ചു: "മഹാവിപ്ളവാ! അങ്ങയുടെ ആജ്ഞാശക്തി അനിഷേ ധ്യമാണ്. എങ്കിലും ഈ വെയിൽ—" എന്നൊ അടിമുതൽ മുടി വരെ, ആ ആഴത്തിലാണ്ട ദൃഷ്ടികൾ ഒന്നു പരിശോധിച്ചു. എന്നിട്ട് ഒരു മുന്നറിയിപ്പുംകൂടാതെ ഒരു ചോദ്യം: "സാരഥി! അല സസാഹിത്യത്തിൻെറ ചിതൽപ്പുററിൽനിന്നും താനെന്തിന് ആ

നാമം സ്വീകരിച്ചു?" അദ്ദേഹം ആ വെയിലത്തുനിന്നു വിറച്ചുതുടങ്ങിയിരുന്നു. ആ വെയിലിൽനിന്നു് അങ്ങനെ വിറയ്ക്കണമെങ്കിൽ, നല്ല പനിയുണ്ടായിരിക്കണം, വാതപ്പനി. ഞാൻ ചോദിച്ചു: "അങ്ങേയ്ക്കു വാതപ്പനിയുണ്ടോ?" വിറയലിൻെറ ശക്തി ഒന്നു വദ്ധിച്ചു: "വാതപ്പനിയോ, മൂഢാ! വിപ്ളവം! അടക്കപ്പെട്ട അമഷത്തിൻെറ ബഹിർഗമനയത്നം! അതാണു് ഒരു വിപ്ലവകാരിയുടെ വിറയൽ...അപ്പോൾ നിൻെറ പേരു്?....ഇങ്ങനെ മാററൂ. 'നരൻ കെ. രക്ഷാവാലാ.' ജാതിയില്ല, മതമില്ല ഒരു നരനും, പ്രോളിറേററിയററിൻെറ സ്വഭാവും എന്നുമാത്രം. ഹാ! എത്ര ഭേഷായിരിക്കുന്നു! എൻെറ പേരു കണ്ടില്ലേ? എന്താണു് എൻെറ പേരു്? ഒന്നു പറയൂ, കേൾക്കട്ടെ."

ഞാൻ:—"പശുപതി ഠേ."

അദ്ദേഹം:—ഛേ! അതിൽ വിപ്ളവധ്വനിയില്ല. കതിനാ പൊട്ടണം. പറയൂ, ഠ്ഠേ. പശുപതി ഠ്ഠേ—ഉം."

ഞാൻ:—"ഇഠേ പശുപശുപതി....ഇഠേ."

അടക്കാൻവയ്യാത്ത വെറുപ്പോടെ അദ്ദേഹം പറഞ്ഞു: "ശരിയാവില്ല. നീയൊന്നും ആ പേരുച്ചരിക്കാൻ ശക്തനാവില്ല. നൂററാണ്ടു കഴിയണം, ജ്വർഷ്വാകിളിക്കൊഞ്ചലുകൾ ഉതിരുന്ന നാവുകൾക്കു വിപ്ളവക്കതിനാകൾ പൊട്ടിക്കാൻ കഴിയണമെങ്കിൽ." പെട്ടന്നദ്ദേഹം ഞെട്ടിത്തിരിഞ്ഞു ചോദിച്ചു: "ആ ഒഴുകുന്ന ജനപ്രവാഹം എവിടെ പോകുന്നു?"

"എവിടെപോകുന്നു?" നിസ്സഹായനായി ഞാനും ചോദിച്ചു.

"അപ്പുറത്തെ മൈതാനത്തിലേക്കു്."

"അവിടെ?"

"അവിടെ ഇന്നൊരു—"

"പ്രസംഗം?" ഉത്സാഹത്തോടെ ഞാൻ ചോദിച്ചു.

“അല്ലാ,” ഏതാണ്ടൊരു മിസ്റ്റിക്നിർവൃതി ആസ്വദിച്ചുകൊണ്ട്, സ്വപ്നദർശിയെപ്പോലെ നിന്ന്, ആ കുണ്ടിലാഴ്ന്ന കണ്ണുകൾ രണ്ടും വിദൂരതയിലേക്ക് എറിഞ്ഞുപിടിപ്പിച്ചുകൊണ്ട് ഒരു വിപ്ളവഓംകാരനാദത്തിൽ ആ മഹാൻ പ്രവചിച്ചു: “അല്ലാ—അവിടെ—എന്റെ—വിശ്വ—രൂപ—മായിരിക്കും!”

* * * * *

എന്തൊരു ആൾക്കൂട്ടമായിരുന്നു അവിടെ? “മനുഷ്യശിരസ്സുകളുടെ മഹാസമുദ്രമേ!”—അങ്ങനെയാണ് സ്വാഗതശാർദ്ദൂലവിക്രീഡിതക്കാരനായ ഒരു സംസ്കൃതവിദ്വാൻ, ശ്ലോകത്തിനുമുമ്പായി ഒരു രണ്ട് ഗദ്യവരികൾ പറയാൻഭാവിച്ച് വിക്കാൻ തുടങ്ങിയപ്പോൾ ഉരുണ്ടുവീണ സംബോധന. ബൂർഷ്വാവൈരികൾ, സ്ത്രീകൾ, സ്ത്രീവൈരികൾ—ആരെല്ലാം ആരെല്ലാം, ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന്റെ ചിഹ്നമോ എന്നു തോന്നുമാറ് (ഒരുൽപ്രേക്ഷയെങ്കിലും കൂടാതെ എങ്ങനെയാണ് ഈ ‘ഹയർകാരെ’പ്പററി പറയുക?) ചന്ദനം, പച്ചസിന്ദൂരം, കുങ്കുമം എന്നിങ്ങനെ ത്രിവർണ്ണാങ്കിത ലലാടന്മാരായി താംബൂലാരുണാധരന്മാരായി, ഗ്രാൻറുപള്ളിക്കൂടം അദ്ധ്യാപകരെന്നറിയുന്ന കേരളത്തിലെ ശൃംഗാരവണിക്കുകൾ; അണ്ടിയാഫീസ്, നെയ്ത്തുശാല മുതലായവയിലെ പ്രേമകാമധേനുക്കൾ; പെൺപള്ളിക്കൂടങ്ങളിലെ ശൃംഗാരവല്ലികൾ, ഡ്രായിങ്ങുമാസ്റ്ററന്മാർ—എന്നുവേണ്ടാ കായംകുളം കൊച്ചുണ്ണിയുടെ പ്രേതം; കൊല്ലം ചിന്നക്കടയേയും ബോട്ടുജെട്ടിയേയും പുളകംകൊള്ളിക്കുന്ന, കറുത്തകോട്ടൻ, വട്ടക്കണ്ണൻ, കുററിത്തലമുടിയൻ, യൂക്കാലിപ്ററസ്കാകളിത്തൂകുന്ന ആ ഇരുണ്ട പുരോഗമനസാഹിത്യകാരൻ,—ആരെല്ലാം ആരെല്ലാം അവിടെ ആ മൈതാനത്തിൽ കൂടിയിരുന്നു!

ശാർദ്ദൂലവിക്രീഡിതം നിലച്ചു. അദ്ധ്യക്ഷൻെറ "ഞഞ്ഞാപിഞ്ഞാ"യും നിലച്ചു. ഒടുവിൽ അദ്ദേഹം—"അതുകൊണ്ടു് ഞാൻ മിസ്റ്റർ പശുപതി റേയെ ക്ഷണിക്കുന്നു."

ടേ! ടേ! ഒരു തിരിപ്പടക്കത്തിൻെറയോ കൊട്'ളായുടേയോ ശബ്ദംപോലുമില്ല. വെറും ടേ! ആ സമയം നമ്മുടെ വിപ്'ളവൻെറ മുഖം ഒന്നു കാണേണ്ടതായിരുന്നു. മുണ്ടുകടിച്ചമർത്തിക്കൊണ്ടു് അദ്ദേഹം പ്രസംഗവേദിയിലേക്കുയർന്നു. ഖദർഷാൾ ഒന്നു് ഒതുക്കിയിട്ടു. ഇടതുകൈത്തലമുയർത്തി കഷണ്ടി ഒന്നു തലോടി. പെട്ടെന്നു്, അതിബീഭത്സമായ ഒരു മുഖഭാവത്തോടെ വലതുകരം ചുരുട്ടി അന്തരീക്ഷത്തിലേക്കു് ഒരേറു്! "എൻെറ പേർ റേ എന്നാണു്. പശുപതി റേ. വിപ്'ളവത്തിൻെറ മാറെറാലിയാണിതു്. ഞാൻ ഇന്നു പ്രസംഗിക്കാൻപോകുകയല്ല. എൻെറ വിശ്വരൂപംതന്നെ പ്രദർശിപ്പിക്കാൻപോകയാണു്." ഒരിക്കൽ കൊടുങ്കാററടിച്ചു് ഇളകിമറിയുന്ന അലയാഴിയുടേതുപോലെ ഉയർന്നും, അനന്തരനിമേഷം ഒരു ഭ്രമരസംഗീതംപോലെ ശ്രുതി താഴ്ന്നും അദ്ദേഹത്തിൻെറ ശബ്ദമങ്ങനെ തുടരുകയാണു്. വിപ്ലവത്തിൻെറ വാതപ്പനി ഇളകി അദ്ദേഹം വിറച്ചുതുടങ്ങി. "ഞാനിവിടം ഒരു രക്തക്കളമാക്കും. മർദ്ദിതരും ചൂഷിതരും അലസസാഹിത്യത്തിൻെറ കുരുതി ആവശ്യപ്പെടുന്നു. ഞാനവരുടെ വെളിപാടാണു്. വാല്മീകിമാരെയും കാളിദാസന്മാരെയും വച്ചുപുലർത്തിയ ലോകം തെട്ടണം. ആ രക്തത്തിൽ ഞാനിന്നു മുങ്ങിക്കുളിക്കും."

മഹാസദസ്സിൻെറ ഹൃദയം ഒന്നു തുടിച്ചു; ഒരു കൊടുങ്കാററിൻെറ ഇരമ്പൽപോലെ ഒരു ശബ്ദം പരന്നു; വർദ്ധിച്ചു. "ഹിയർ ഹിയർ" ഒരു മൂലയിൽനിന്നു്. പെട്ടെന്നു വമ്പിച്ച ഒരു പ്രതിഷേധാട്ടഹാസം. പ്രസംഗകൻ തുടർന്നു: "നോക്കിൻ, നോക്കിവിറയ്ക്കിൻ. ഇതാ എൻെറ വിശ്വരൂപം." പെട്ടെന്നദ്ദേഹം കീശയിൽനിന്നു് ഒരു അരിവാളും ചുററികയുമെടുത്തു വലതുകയ്യിൽ പിടിച്ചു. ചായമിട്ട ഒരു മരത്തല എടുത്തു് ഇടതുകയ്യിൽ പിടിച്ചു. അദ്ദേ

ഹം അട്ടഹസിച്ചു: "എനിക്കു കൈ രണ്ടേയുള്ളു. അതുകൊണ്ടു പുരോഗമനസാഹിത്യം ഞാൻ കടിച്ചുപിടിക്കുന്നു." ഒരു ചുവന്ന പേന എടുത്തു് അദ്ദേഹം കടിച്ചുപിടിച്ചുകൊണ്ടു തുടൻ "ഈ തല—ഭദ്രകാളിയുടെ കയ്യിൽ ദാരികൻേറതുപോലെ (ബൂർഷ്വാഉപമയ്ക്കു ക്ഷമാപണം) തൂങ്ങുന്ന ഈ തല—രക്തം ഇററിററുവീഴുന്ന ഈ തല—ആരുടേതെന്നറിയാമോ? ഞാൻ പറയാം. ഈ തലയാണു് ഞാൻ തല്ലിപ്പൊളിക്കാൻപോകുന്നതു്. ഇതു കാളിദാസൻെറ—അലസസാഹിത്യത്തിനു് മകുടംചാർത്തിയ ആ പിത്തംപിടിച്ച സാഹിത്യകാരൻെറ_ഒരു മൈതാനംപോലും കണ്ടിട്ടില്ലാത്ത, ഒരു തൊഴിലാളിസ്റ്റ്രൈക്കിനുപോലും പ്രേരിപ്പിച്ചിട്ടില്ലാത്ത, ആ ശുംഭൻെറ—കാളിദാസൻെറ തല കാണുവിൻ_എൻെറ കയ്യിൽകിടന്നു പിടയ്ക്കുന്നു_" പ്രളയകാലംപോലെ ഒരു മഹാക്ഷോഭം. അതെന്തെന്നോ, എങ്ങനെ ഉയൎന്നുവെന്നോ രൂപമില്ല. സദസ്സിളകി. ആളുകൾ വിരണ്ടോടി. സ്ത്രീകൾ പേടിച്ചുവിളിച്ചു. കുട്ടികൾ ഉറക്കെ കരഞ്ഞു. എൻെറ തലയ്ക്കുതോ തട്ടി. പൊടുന്നനെ പ്രസംഗകൻെറ ശബ്ദം നിലച്ചു.

* * * *

ഓൎമ്മവന്നപ്പോൾ ഞാൻ ഒരു ചായപ്പീടികയിൽ ഇരിക്കയായിരുന്നു. ഒരു പത്രാധിപർ, അനുകമ്പയോടെ ചോദിക്കുന്നു: "എന്താ സാരഥി, ക്ഷമിച്ചുപോയോ?"

ഞാൻ ചോദിച്ചു:—"അവിടെ എന്തുണ്ടായി?"

അദ്ദേഹം, "കഷ്ടം" എന്നുമാത്രം പറഞ്ഞു.

ഞാൻ വീണ്ടും ചോദിച്ചു:—"മിസ്റ്റർ ഠേ?"

ഒരുതുള്ളിക്കണ്ണുനീർ പത്രാധിപരുടെ കണ്ണിൽനിന്നു സാവധാനം ഒഴുകിത്തുടങ്ങി. ഞാൻ ചോദിച്ചു: "പത്രാധിപർസാറേ! എന്താണിതു്?"

അജ്ഞേയമായ ഒരു പുഞ്ചിരിയോടെ ആ വിദഗ്ദ്ധൻ പറഞ്ഞു: "നക്രബാഷ്പം!"

അനതിവിദൂരമായ മൈതാനത്തുനിന്നും ഒരു ശബ്ദം കാതിലെത്തിക്കൊണ്ടിരുന്നു:—

"ഠോ, ഠോ, ഠോ, ഠോ, ഠോ!"

അതിൻെറ വ്യാഖ്യാനം ആരും ആവശ്യപ്പെട്ടില്ല.

# കലയുടെ കവലകൾ

“ഹേയ്, എന്താണുപിള്ളേ, വായിക്കുന്നത്?”

“ഒരു കഥ.”

“ആരെഴുതിയത്?”

“നമ്മുടെ ശങ്കരപ്പിള്ളസാറ്.”

എന്റെ സ്നേഹിതന്റെ മുഖം ചുളുങ്ങി. അദ്ദേഹം പറഞ്ഞു: “മോശം; അയാൾ വെറുമൊരു പിൻതിരിപ്പനാണ്. ശുദ്ധ റൊമാൻറിസിസ്റ്റ്, വായിക്കരുത്.” അദ്ദേഹത്തിന്റെ വിവേകബുദ്ധിയെ ആദരിച്ച്, ഞാൻ പുസ്തകം മടക്കിവച്ചു എങ്കിലും, ഞാൻ ചോദിച്ചുപോയി: “എന്തിനാണ് സ്നേഹിതാ, കവലകളിലെപ്പോലെ സാഹിത്യത്തിൽ ഇത്രയധികം ബോർഡുകൾ?”

നമ്മുടെ എ. ബാലകൃഷ്ണപിള്ളസാർ പറയുന്നതുപോലെ മുൻനോക്കി, പിൻനോക്കി, തേവർവീഴ്ത്തി, മാനംപാടി, മണൽത്തരിയൻ—എത്ര പ്രസ്ഥാനങ്ങൾ! ഈ ശബ്ദകോലാഹലം നിർമ്മിക്കുന്ന രാവണൻകോട്ടയിൽനിന്നും അവനവന്റെ ബുദ്ധിയുമായി എങ്ങനെയാണ് വെളിയിൽ കടക്കുക?

നെട്ടനെട്ടങ്കൻ വാചകങ്ങൾ വലിച്ചിഴച്ച്, വിയത്തൊലിച്ചു രംഗപ്രവേശം ചെയ്യുന്ന പുതിയ പ്രസ്ഥാനങ്ങളുടെ ഈ തിക്കിനും തിരക്കിനും എന്താണർത്ഥം? "സൗന്ദര്യത്തിനുവേണ്ടിയാണ് കല" എന്നൊരു കക്ഷി പറഞ്ഞുതീരുന്നതിനുമുമ്പു, "അല്ല" എന്നു മറുകക്ഷികൾ. ഒരുകൂട്ടർ തീർത്തുപറയുന്നു, മർദ്ദിതർക്കുവേണ്ടി തീവ്രവാദം നടത്തുന്നതുമാത്രമേ കലയാകയുള്ളുവെന്ന്. മറെറാരു സംഘം നിശ്ചയിച്ചുകഴിഞ്ഞു, "രക്തം! നിൻെറ രക്തം! അതിൻെറ ചൂടും തരിപ്പും മാത്രമാണ് സത്യം. രക്തത്തോടൊത്തു ചിന്തിക്കുക." കലാകാരാ! മഹനീയവിഭവങ്ങളുടെ ഈ ഭണ്ഡാഗാരം നീ കാണുന്നില്ലേ? നിർബന്ധബുദ്ധിയായ ഒരു ബാലനെപ്പോലെ നീ എന്തിന് മുഖംതിരിച്ചുനിന്നു വാശിപിടിക്കുന്നു?

ജീവിതപരമാർത്ഥങ്ങൾപോലും! അവയെ വിഗണിക്കണമെന്ന് ആരു പറഞ്ഞു? ജീവിതമാണ് കലയ്ക്കു് ആധാരമായിട്ടുള്ളത്. പക്ഷേ—ആ വാക്ക്, ജീവിതം—അതിഗഹനമായ അർത്ഥവ്യാപ്തിയുള്ളതാണെന്ന് മനസ്സിലാക്കിയാൽ മതി. എൻെറ മേശപ്പുറത്തു കിടക്കുന്ന റേഷൻകാർഡ് എൻെറ കുടുംബത്തിൻെറ ജീവിതവുമായി വളരെ അടുത്തു നിൽക്കുന്ന ഒരു പരമാർത്ഥമാണ്. പക്ഷേ, അതുകൊണ്ട് ആ ചെറിയ കട്ടിക്കടലാസ് ഒരു കലാസൃഷ്ടിയാണെന്നോ, റേഷൻ ആഫീസർ ഒരു മഹാകവിയാണെന്നോ പറയാനുള്ള പരിഷ്കാരം എനിക്കില്ല. ഒരു മിൽട്ടൻെറ ഒരുതുള്ളിച്ചോരപോലും ആ താളിൽ കാണാൻ കഴികയില്ല! ജീവിതപരമാർത്ഥങ്ങൾപോലും! ഒരു കലാകാരൻ കാണുന്ന ജീവിതപരമാർത്ഥങ്ങൾ ഒരു റേഷൻആഫീസർ കാണുന്ന ജീവിതപരമാർത്ഥങ്ങൾതന്നെയാണോ? അവിടെ എവിടെയോ ആണ് നമ്മുടെ ആളുകൾക്കു വഴിതെററിപ്പോകുന്നതു്.

അർദ്ധസത്യങ്ങളിൽ മനംമയങ്ങിയ ഒരു ലോകമാണ് നമുക്കു ചുററും കാണപ്പെടുന്നതു്. താല്ക്കാലികതയിൽ വിശ്വസിക്കുന്ന ഒരു ലോകം. അവർ പറയുന്നു, "ഈ നിമിഷം; ജീവിക്കുന്ന നി

മിഷം. അതിനുമാത്രമേ അർത്ഥമുള്ളൂ" എന്ന്. ഈ അടിസ്ഥാനത്തിൽ കാവ്യകലയേയും പട്ടത്തെട്ടുക്കവാനുള്ള തീവ്രമായ ഒരു ശ്രമത്തിന് ഇന്നു നാം സാക്ഷികളാണ്.

അല്പം പശ്ചാദ്ഗമനമായാലുംവേണ്ടില്ല, ഒരു കാര്യം പറയാതെ നിവൃത്തിയില്ല. അന്നോടന്നത്തേക്കുള്ള ആഹാരത്തിനുവേണ്ടിയുള്ള വേട്ടയാട്ടമായോ, ശക്തികുറഞ്ഞതിനെ മർദ്ദിച്ചുകയറുന്ന ബലത്തിന്റെ നികൃഷ്ടമായ വാഴ്ചയായോ ഒക്കെ മാത്രം ജീവിതത്തെ കാണുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നവയാണ് ഇന്നത്തെ പല സാഹിത്യപ്രസ്ഥാനങ്ങളും. ഇവയ്ക്കു് അപ്പുറം ഒന്നുമില്ലേ? നിശ്ചയമായും ഉണ്ട്. ജീവസന്ധാരണവ്യഗ്രത നിറഞ്ഞ മൃഗത്തിനപ്പുറം ദിവ്യതനിറഞ്ഞ മനുഷ്യനുണ്ട്; ജീവിക്കുന്നതെന്നു പറയപ്പെടുന്ന ഈ നിമിഷത്തിനപ്പുറം അനന്തതയുണ്ട്. ബീക്കൻസ്ഫീൽഡ്പ്രഭു പറഞ്ഞതുപോലെ, "ഇന്നത്തെ ചോദ്യം മനുഷ്യൻ കുരങ്ങിന്റെ സന്തതിയോ, ദൈവദൂതന്റെ സന്തതിയോ എന്നാണ്. എന്റീശ്വരാ! ഞാൻ ദൈവദൂതന്റെ വശമാണ്."

ലണ്ടൻനഗരത്തിൽ മിക്കവാറും സന്ന്യാസിയെപ്പോലെ ജീവിതംനയിച്ചുവന്ന ബ്രൗണിങ്ങ്മഹാകവിയെപ്പററിയുള്ള സ്മരണയാണ് പെട്ടെന്നുണ്ടാകുന്നതു്. എന്തുകൊണ്ടെന്നാൽ, "ഈ വണ്ടിയിൽ കേറണേ, ഈ വണ്ടിയിൽ കേറണേ മാസ്റ്ററേ" എന്ന കൊച്ചിയിലെ റിക്ഷാക്കാരെപ്പോലെയോ, "മുമ്പേപോന്ന ബോട്ടിതാണ്, ഇതിൽ കേറണംസാർ" എന്ന് അല്പം മുമ്പുവരെ പ്രചാരത്തിലിരുന്ന കൊല്ലം ബോട്ടുജട്ടിസമ്പ്രദായത്തിലോ, കലാവാസനയുള്ളവരുടെനേർക്കു് പ്രസ്ഥാനങ്ങൾ പാഞ്ഞടുക്കുന്ന ഈ കാലഘട്ടത്തിൽ, സ്വസ്ഥമായിരുന്ന്, കാര്യമായി ആലോചിച്ച്, സുവ്യക്തമായ ഫലങ്ങളിൽ എത്തിച്ചേർന്നിട്ടുള്ള ആ മഹാന്റെ തത്വചിന്ത നമുക്കു പ്രയോജനപ്പെടുന്നതാണ്. ഏതു ചിത്രവും രചിക്കാം, ഏതു ചായവും ചേർക്കാം. ഈശ്വരൻ ചമച്ച വിശ്വമല്ലേ. പക്ഷേ—ഒരു സത്യംഅവഗണിക്കപ്പെ

ട്ടന്നതു് മഹാപരാധമായി കരുതിക്കൊള്ളു. ഇതാണദ്ദേഹത്തിനു പറയാനുള്ളതു്. ഈശ്വരൻെറ ലോകത്തിൽ, ധ്രുവങ്ങൾപോലെ, നക്ഷത്രങ്ങൾപോലെ നില്ക്കുന്ന സത്യങ്ങളുണ്ടു്. അവയൊന്നും നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ കാണുന്ന ഇന്നത്തെ പരമാർത്ഥങ്ങൾ നാളത്തെ വ്യാജങ്ങളായിത്തീരാകാതെ സൂക്ഷിക്കുക. കലാകാരൻെറ തൂലിക നിർബാധം ചരിക്കേണ്ടതാണു്. പക്ഷെ— ആ തൂലികയുടെ മഹനീയപാരമ്പര്യം നിത്യസത്യങ്ങളുടെ മണ്ഡലത്തിലേയ്ക്കു നിങ്ങളെ ഉയർത്തുന്ന ഒന്നാണെന്നുകൂടി ഓർത്തുകൊള്ളുക. ഈ രാവണൻകോട്ടയിൽനിന്നും നിങ്ങളുടെ പലായനം നിങ്ങൾക്കു് വ്യക്തമാകും.

# കവിതകൾ

# രാക്കുയിൽ

(ഗാഥ)

പാരിന്നാടർക്കളം രാവിൽ ഭയങ്കരം
നായും നരിയും നരകന്നോവും;
പാരിന്നാടർക്കളം രാവിൽ ഭയങ്കരം
പേയും ചതിയും ചതഞ്ഞ ഹൃത്തും.
നീറുംനിരാശകൾ നിശ്വാസലക്ഷങ്ങൾ
നീരുവററിപ്പോയ ജീവിതങ്ങൾ
തട്ടിത്തകർന്ന കിനാവുക,ളങ്ങിങ്ങായ്
പൊട്ടിയൊലിക്കും ഹൃദയരക്തം;
പാതി രചിച്ച കഥകൾ; അനാഥമാം
പൂതാനുരാഗത്തിൻ വാഗ്ദാനങ്ങൾ,
പാരിന്നാടർക്കളമേവം ഭയങ്കരം
നേരും നെറിയും നശിക്കയല്ലീ?

2

ക്രൂരിരുൾതിങ്ങിയ പാരിന്റെ ഹൃത്തിലി-
ന്നേരിയ സംഗീതമെങ്ങുദിപ്പൂ!
ഇക്കൊററംരാവിന്റെ മോഹത്തളർച്ചയി-
ലക്കാവ്യമെങ്ങുനിന്നുത്ഭവിപ്പൂ?

നേരിൻെറ നേരിയ നിശ്വാസമല്ലല്ലീ?
നാവുതളൎന്നോരു നീതിയല്ലീ?
നിശ്ശബ്ദമാമിപ്രപഞ്ചം പൊടുന്നനേ
വിശ്വവിമോഹനഗാനമായി...............
നിശ്ശബ്ദഭീതികൾ ചൂഴുമിപ്പാരിടം
നിസ്തുലഗാനസംസിക്തമായി............

## 3

ഏതോ മരത്തിൻെറ പച്ചിലക്കൊമ്പിൽ നീ
പാതിമറഞ്ഞു വസിക്കയാവാം.
വാനിൽചരിക്കും ചിറകുള്ളകൂട്ടരി-
ലീനിനൊയും ചിലരെണ്ണിയേക്കാം.
പാരിൻെറ ശോകാർദ്രചിന്തകളൊക്കെയും
നേരിയ സംഗീതമായിമാറവും–
ദിവ്യതേ! നിന്നെ ഞാനെന്തുവിളിക്കുവാൻ
അവ്യാജപ്രേമത്തിൻ സത്തയെന്നോ?
പാടുക, പാടുകീ തിങ്ങുംതിമിരത്തി-
ലിത്തിരിയെങ്കിലലിഞ്ഞാലായി!
പാരിൻ പരാജിതലക്ഷത്തിൻ ദുസ്സഹ-
ഭാരമൊരല്പമകന്നാലായി!
അന്ത്യമായെൻമിഴി രണ്ടുമടയുന്നൊ-
രന്തിയിൽ മന്മനം നൊന്തിടാതെ
ഏകാന്തഗായകാ! നിൻമഞ്ജുഗാനത്തിൻ
ശോകമധുരിമ വാനിടാവൂ.

# പരാജിതൻ

[എന്തെല്ലാം ആശിച്ചു? എങ്ങനെയെല്ലാം യത്നിച്ചു? ശ്രമമെല്ലാം നിഷ്ഫലമായി. ആശകളെല്ലാം നിരാശകളായി. ഇനി ആശിക്കാൻ വഴിയില്ല. യത്നിക്കാൻ വകയില്ല. അവമാനം മാത്രം അവശേഷിച്ചു.]

നിഷ്ഫലം! നിൽക്കുകെൻ വ്യർത്ഥവ്യാമോഹമേ!
നിഷ്ഠുരമെൻവിയർപ്പെല്ലാം കുടിച്ചു നീ
നൂറുനൂറാശകൾ മിന്നിത്തെളിയിച്ചു
പാരിടം മോഹനമെന്നു മന്ത്രിച്ചു നീ;
ദൂരത്തിലെന്തോ മിനുങ്ങുന്നകാണിച്ചു
പോരികെന്നോതി നീ കാതിൽ മധുരമായ്
കാനനഭൂവിലെ കല്ലിലുംമുള്ളിലും
കാലുപൊള്ളിക്കും മരുപ്രദേശത്തിലും
കാണ്മു,മെൻ വേർപ്പിൻറത്തുള്ളികൾ; എങ്കിലും
നാണമാകേണമെനിക്കു ജീവിക്കുവാൻ!
നിൽക്കുക നിൽക്കുകെന്നാശാശതങ്ങളേ!
നിങ്ങളെ പോററുവാൻ വേർപ്പിനിയില്ല മേ.

## II

[ലാളിച്ചുലാളിച്ച് നിരവധി ആശാകുസുമങ്ങളെ ഹൃദയമഞ്ജൂഷയിൽ വച്ചിട്ടുണ്ടായിരുന്നു. മനുഷ്യനെ ജീവിപ്പിക്കുന്നതു് അവന്റെ അഭിലാഷങ്ങളാണ്. കഷ്ടം! വിധി ചതിച്ചു.]

നോക്കുക ദുർവിധേ! നീ തച്ചുടച്ചൊരി-
പ്പൂക്കൂടതന്നാന്ത്യഗീതം രചിപ്പൂ ഞാൻ .
അയ്യോ കടുപ്പമാണി,ക്കാഴ്ച കാണുവാൻ
വയ്യാത്തതാണേതു കല്ലിന്റെകണ്ണിനും;
ഇക്കൊച്ചുപൂവുകളാണു നിറച്ചതെ-
ന്നുൾക്കാമ്പൊരുജ്ജ്വലാനന്ദസാമ്രാജ്യമായ്;
അംബരാന്തത്തിലെ താരാകുമാരികൾ
ചുംബിച്ചു ചുംബിച്ചുണർത്തിയതാണിവ;
പൊന്നിൻപുലരിയുമന്തിമേഘങ്ങളു-
മൊന്നിച്ചുതാണിവയ്ക്കുനിറമേകുവാൻ;
ഇക്കൊച്ചുപൂവുകളേകിയെനിക്കൊരു
നിഷ്കളങ്കാനന്ദസാമ്രാജ്യമല്ലനാൾ
കാരുണ്യമില്ലാത്ത ദുർവിധേ! നിന്നുടെ
കാലടിവയ്പ്പിലെൻ നാകം തകർന്നുപോയ്.

## III

[വിജയത്തിലുള്ള വിശ്വാസം ദൃഢമായിരുന്നു. അത്യുത്കടമായിരുന്നു. ഹൃദയത്തിൽ പ്രതീക്ഷകൾ പൊൽത്താരുകളായി വിരിഞ്ഞുനിന്നു. അഭിലാഷങ്ങൾക്കു സാക്ഷാത്ക്കാരം വന്നതുപോലെ തോന്നി. നിമിഷങ്ങളുടെ വിളംബംമാത്രം. പിന്നെ—വിജയം!—ജീവിതം!!]

അന്നൊരു രാവിലെൻ നിദ്രയിൽ കണ്ടു ഞാൻ
സുന്ദരമായ സമസ്തവും ചാരെയായ്
ചാരെയണഞ്ഞൊരു ഗന്ധർവ്വകന്യക
നീരലർപാണികൾ നീട്ടി നിസ്തുല്യയായ്;

നാകീയസംഗീതമായിരുന്നാക്കണ്ണെ-
നാളത്തിൽനിന്നൊന്നുതിന്നാലതൊക്കെയും;
ആ നീണ്ട കൺകോണിളക്കമൊരായിര-
മാസ്വാദമനോജ്ഞചിത്രം രചിച്ചു മേ.
"ഞാനൊരു ഗന്ധർവ്വകന്യക"— ചൊല്ലുയായ്
മന്ദാക്ഷസുസ്മിതോൽഫുല്ലാധരിയവൾ!
ആനന്ദമാണു ഞാൻ, ആസ്വാദനങ്ങൾതൻ
ആരാമമാണു ഞാൻ— ജീവിതമാണു ഞാൻ.
നോക്കുകിയൗവ്വനച്ചോപ്പിൻതുടുപ്പിലും
പക്വാധരത്തിൻ ചലോദ്രേകഭംഗിയും
ഉത്ഫുല്ലജീവിതം ആസ്വാദനാർഹമായ്
നില്ക്കുന്നു നിൻജയം കാത്തുകാത്തങ്ങനെ!

## IV

[യത്നത്തിൻെറ തീവ്രത വർദ്ധിച്ചു. ഭ്രാന്തുപിടിച്ച യത്നം. പെട്ടെന്ന്—അതാ—ആശ നിറഞ്ഞുമിന്നുന്ന നയനങ്ങൾക്കു മുന്നിൽ ഉയരുന്നു—വിജയത്തിൻെറ മഞ്ജുപതാകയല്ല—പരാജയത്തിൻെറ കരിങ്കൊടി!]

എങ്ങു നീ, മോഹനേ! എൻ ജയദേവതേ!
എങ്ങു നീ?—എൻകഴൽ വേവുന്നിതോമലേ!
ഈ മണൽക്കാട്ടിൽ പരാജയത്തിൻരക്ത-
ഹീനമാം പാഴ്മുഖമാണെങ്ങു നോക്കിലും
ആസ്വാദനങ്ങളേ! സംഗീതസാന്ദ്രമാം
ആശാമധുരപ്രതീക്ഷാശതകളേ!
ചന്ദ്രികാശീതള, സൗരഭപൂരിത-
സുന്ദരയാമിനിസ്വപ്നശതങ്ങളേ!—

അങ്ങതാകാണുന്നമംഗലസൂചകം
പൊങ്ങും കരിങ്കൊടിക്കുറ, ഭയാനകം!!
സ്വപ്നങ്ങളെല്ലാം അസത്യങ്ങളെങ്കിലും
തപ്തശ്രമത്തിൻ പ്രതിഫലമില്ലയോ?

## V

[അഭിലാഷസാമ്രാജ്യം നശിച്ചു. ഭാവനയിലെ ആനന്ദമയമായ ലോകം ദൂരെദൂരെയായി അകന്നുമാറി. പരാജയത്തിൻെറ നൈശതമസ്സിൽ അവൻമാത്രമായി!]

കാണുന്നതാ, ദൂരെ, മങ്ങിവിളറിയ
ചേണുററ പട്ടണവീഥിവിളക്കുകാം
അങ്ങാ നഗരത്തിലിപ്പോഴാവാരൊരു
സംഗീതമേളം ശ്രവിച്ചുരസിക്കയാം,
നത്തനശാലയിൽ നാഗരികർതിങ്ങി
നൃത്തങ്ങാംകണ്ടു രസിച്ചുചിരിക്കയാം;
വത്തകവീരർ കവാടങ്ങാംബന്ധിച്ചു
മൊത്തംകണക്കാക്കി വയ്ക്കാൻതുടങ്ങയാം;
ഉത്തുംഗസൗധാന്തരങ്ങളിൽ ശയ്യകാം
പുത്തൻവധുക്കാം വിരിക്കാനൊരുങ്ങയാം....
കുററിരുട്ടേവമിപ്പോഴ് മണൽവീഥിയിൽ
ഒററയ്ക്കിരുന്നു ഞാനീ നിശ താണ്ടണം!

# വിധവ

(കല്യാണി കളവാണി)

[ആ സുന്ദരിയായ യുവതി ഒരു വിധവയാണ്. അവളുടെ യൗവനവും അതിന്റെ നൂറായിരം അഭിലാഷങ്ങളും ശപ്തങ്ങളായി. ബാല്യത്തിൽനിന്നും യൗവനത്തിലേയ്ക്കു കടന്നപ്പോൾ അനിഷേദ്ധ്യമായ ഒരു മധുരപ്രേരണയാൽ പ്രേമക്രൂജനംചെയ്യാൻ അവളുടെ ചുണ്ടുകൾ വിടന്നു; നിറംപിടിപ്പിച്ച സ്വപ്നങ്ങൾ അവളുടെ സ്ത്രീഹൃദയത്തിൽ പൊൽത്താരുകളായി വിരിഞ്ഞു. സ്നേഹിക്കപ്പെടാനും സ്നേഹിക്കപ്പെടാനും അവളുടെ ഉള്ളം വെമ്പി. പക്ഷേ, അവർ പറഞ്ഞു, അവൾക്കിതെല്ലാം നിഷേധിക്കപ്പെട്ടതാണെന്ന്; അവൾ ഒരു വിധവയാണെന്ന്.]

ആരാമവേദിയിലൊരായിരം പൂക്കളൊന്നി—
ച്ചാരാമനായികപോലവിടെ നില്ക്കും
അന്തിയും പുലരിയും പൂശുന്ന ചായം ഭൂരി—
ബന്ധുരമവളുടെ കവിളിണയിൽ

മന്ദാക്ഷമധുരമാം മന്ദഹസിതമൊന്നാ
മഞ്ജുളവായ്മലരിൽ മയങ്ങിനില്ക്കും
കൂട്ടിനുവന്നാകൂട്ടർ പാട്ടിനു പലേടവും
കാട്ടിലും കരടിലും വിരണ്ടോടവേ,
നീലതരംഗരുചി കോലുന്ന കുന്തലിനെ
പാതിയും മറച്ചൊരാ സാരിയുമായി
ആരാമവേദിയിലൊരായിരം പൂക്കളൊന്നി-
ച്ചാരാമനായികപോലവിടെ നില്ക്കും.

2

നല്ലൊരകുസുമങ്ങൾ പല്ലവകരങ്ങളാൽ
മെല്ലവേ ഓമനിക്ക,മിറുക്കകില്ല;
വണ്ടുകൾ ഇളകിത്തൻ കണ്ടിവാർകുന്തളത്തിൽ
മണ്ടിയടുത്താലവളറികയില്ല;
ഓരോരോ വല്ലിയിലും, ഓരോരോ ചില്ലയിലും
ഏറെ സമയമവൾ നോക്കിനില്ക്കും;
മാരുത്സവിധത്തിൽ മർമ്മരഹസ്യങ്ങൾ
മോദമാർന്നോരായിരമിലകൾ ചൊല്ലെ
ആ തരുശാഖയിലായ് ചാരിനിന്നാവൾ നോക്കും—
ആയതിൻ പൊരുളേതോ രഹസ്യമല്ലേ?
പാദതലത്തിൽവീണ പാതിയുംകരിഞ്ഞൊര-
പ്പൂ കുനിഞ്ഞെടുത്തവൾ നോക്കിനില്ക്കും.
മന്ദമാ നയനങ്ങൾ കൂമ്പുമൊരു നിമിഷം
മഞ്ജുളമിഴിയവൾ മാഴ്കിനില്ക്കും.

3

കാമുകചാപലികൾ കാമിനിമാരുമായി
പ്രേമമന്ത്രങ്ങളോതി ഗമിക്കനാമും;
എങ്ങോനിന്നുടനെത്തി,പ്പോകാൻസമയമായെ-
ന്നാംഗ്യത്തിൽ കാണിക്കും തൻ യുവനാഥനെ

കോഴപൂണ്ടൊന്നു നോക്കി സ്മേരചലാധരയായ്
തോഴിമാരോരോരുവൾ വിടകൊൾവതും
അന്തരനെക്കണ്ടനേരമങ്ങോട്ടു പോകുവാനായ്
ഉച്ചത്തിൽ കരയുന്ന ശിശുവതിനെ
അമ്മ, തൻകരപഞ്ജരത്തിലൊതുക്കിവച്ചി-
ട്ടുമ്മയാൽ രസിപ്പിക്കാനുഴറുന്നതും;—
ഇങ്ങനെ പലതുമാ സുന്ദരാരാമസീമ്നി
മംഗലമാളികപോലവൾക്കു കാണാം.
ആനന്ദചിന്തകളിലാറാടിക്കഴിഞ്ഞൊരാ-
ഭാവനാപുളകിതഭൂതകാലം
ഏതോ മറവിൽനിന്നിട്ടീവിധം ചില ചിത്രം
വീതസങ്കോചം തന്നെ കാണിക്കയാം.
മന്ദമാ നയനങ്ങൾ കൂമ്പുമൊരു നിമിഷം
മഞ്ജുവദനയവൾ മാഴ്കിനിൽക്കും.

4

വിധവയാണിവളയ്യോ! മധുരനിനവുകളിൽ
വിധുപോലെ മയങ്ങിനിന്നുണർന്നവൾതാൻ!
മുരളിയിൽത്താനുറഞ്ഞതീ മൃദുലസംഗീതമാ
നരകരപരിണതപരിചര്യയാൽ
പ്രേമകൂജനത്തിനായ് വിടർത്തൊരച്ചുണ്ടിണകളിൽ
മാമൂലിൻ നഞ്ഞുതൂകി കഠിനശീലർ!
എന്നാലും വരുമാറുണ്ടെന്നുമായാരാമത്തിൽ
കൊന്നാതൻ ചുവട്ടിലായിന്ദുമുഖി.
ആനന്ദമറിയാത്തോൾ, ആഗതരായോരുടെ
ആനന്ദം നുകർന്നീടും നയനങ്ങളാൽ.
ആരാമവേദിയിലൊരായിരം പൂക്കളൊന്നി-
ച്ചാരാമനായികപോലവിടെ നിൽക്കും.

# പരാജിതൻെറ അവകാശം

(കാകളി)

പാഴ്സ്വപ്നമോരോന്നു കണ്ടെത്തുമോത്തു നീ
കേഴുവതെന്തിനെൻ ദഗ്ദ്ധഹൃദയമേ?
നീ വിങ്ങിവിങ്ങിക്കരകിലെന്തിപ്പാരി-
നാവില്ല നിന്നെ വെറുക്കാതിരിക്കുവാൻ.
ലോകം വിജയിതൻ ചാരിത്രകീർത്തന-
മേകം സ്വധർമ്മമായുള്ള വൈതാളികൻ,
ലോകമറിഞ്ഞുപോയ് തോൽവിയെന്നല്ലൊര-
ത്തേവിടിപ്പെണ്ണമായ് നിന്നുടെ വേഴ്ചകൾ!
നീ പരിഹാസ്യൻ പരാജിതനെങ്കിലും
നാണമില്ലല്ലോ നിനക്കു കരയുവാൻ?
സാന്ത്വനപ്പൂവനത്തരായയുണ്ടിങ്ങെന്നു
സന്തതം നീ വെമ്പിവന്നതാണത്ഭുതം!
യോഗ്യതയില്ല നിനക്കു ജീവിക്കുവാൻ;
ഭാഗ്യവാന്മാരറ്റതീ ലോകം;—അപരമോ?

[ഓമനിച്ചോമനിച്ചു വച്ചിരുന്ന ജീവിതസ്വപ്നങ്ങളുടെ ശവകുടീരത്തിൽ, അവസാനമായി ഒരു കണ്ണുനീർ

ത്തുള്ളി സമർപ്പിക്കുവാൻ അവന്റെ ശിരസ്സു കനിഞ്ഞപ്പോൾ—അവർ കൈചൂണ്ടിക്കാണിച്ചു: "ഭീരു! നാണംകെട്ടവൻ! കരയുന്നതുകണ്ടില്ലേ?" ഒരുതുള്ളി കണ്ണുനീരിന്റെ സാന്ത്വനംപോലും പരാജിതന് അനുവദിക്കപ്പെട്ടിട്ടില്ല!

തോൽവിയുടെ 'പാപം' ഹൃദയരക്തത്താൽ കഴുകിക്കളയണമെന്ന് ലോകം ആവശ്യപ്പെടുന്നു.

ലോകത്തിന്റെ മനസ്സാക്ഷി!

പരാജിതനോടു ചോദിക്കൂ—അവൻ പറയും: "വിജയികളുടെ വശത്തുനിൽക്കുന്ന ഒരു വ്യാജസ്ഥാപനമാണതു്."]

# സ്മാരകം

(കാകളി)

[ലോകം മഹാനെ പുകഴ്ത്തുന്നതു് അദ്ദേഹത്തിൻെറ ചിതാഭസ്മം ഭൂതകാലത്തിൻെറ ശവകുടീരത്തിൽ ഭദ്രമായിക്കഴിയുമ്പോൾമാത്രമാണു്. ആ പുകഴ്ത്തൽ വെറും പൊള്ളയാണു്. വരികൾക്കിടയിലൂടെ വായിച്ചാൽ കാണുന്നതെന്താണു്? ആശ്വാസം! നീ പൊയ്ക്കഴിഞ്ഞു. നിൻെറ മഹത്വത്തിനരികേ ചൂളിപ്പോകുന്ന ഞങ്ങളുടെ ഡംഭിനു്, ഇനിയും ഞെളിഞ്ഞു നടക്കാം. നിന്നിൽനിന്നു ഞങ്ങൾക്കു രക്ഷകിട്ടി.

നിൻെറ പരാജയങ്ങളിൽ ഞങ്ങൾ എന്തുകൊണ്ടു സഹതപിച്ചില്ല എന്നും, നിൻെറ കണ്ണുനീർ എന്തുകൊണ്ടു തുടച്ചില്ല എന്നും ഭാവിതലമുറകൾ ചോദിക്കും. അവർ പറയും: "സമകാലീനത! അതാണു്. അതു മഹത്വത്തെ കണ്ടറിയാനും ആദരിക്കാനും പ്രതിബന്ധമാകുന്നു."

മഠയൻ! എല്ലാ 'ഭാവി'യും ഇതുതന്നെ പറയും. എല്ലാ 'വൎത്തമാന'വും നാം ഇന്നു ചെയ്യുന്നതുതന്നെ അനുവൎത്തിക്കയുംചെയ്യും—ഒരു സ്മാരകം പണിയിക്കും. അതായതു് ഭാവിതലമുറകളെ കബളിപ്പിക്കും.

ഇതാ ഈ സ്മാരകം. ഞങ്ങളുടെ അഞ്ചുനിമിഷവും അഞ്ചുപണവും ചെലവായി. പോകട്ടെ. ഭാവിതലമുറകളിൽനിന്നും മഹാനിൽനിന്നും രക്ഷകിട്ടിയല്ലോ. മനസ്സാക്ഷിക്ക് എന്തൊരാശ്വാസമായി!]

1

കലാകാരൻ:—

"വിജയദേവതേ!— വീണ്ടുമെൻ പാഴ്‌വിളി
വിജനതകളിൽ മാറെറാലിക്കൊൾകയോ?
വിധി പിടിച്ച യവനികയ്ക്കപ്പുറം
വിധുമുഖി! ഇനിയെത്രനാൾ മേവിടും?
മലമുകളിലും മാമലച്ചോട്ടിലും
മലരണിക്കുളിർപ്പൊയ്കക്കടവിലും
ഹിമവലയിതതുംഗശൃംഗത്തിലും
ശമഗുണമെഴും വന്യാശ്രമത്തിലും
തണലുകാണാഞ്ഞു തേടിയിന്നോളവും
കഴലെനിക്കിന്നൊരല്പമാററമേയോ?
പരുപരുത്ത പരിസരത്തിങ്കലെ
പരുഷതകൾ സഹിച്ചു ഞാനെത്രനാൾ?
പരിതപിക്കുമീച്ചിത്തത്തിനെന്നിനി
പരിചരണം ലഭിക്കുന്നു താവകം?
ഇടറി കണ്ഠം വിളിച്ചുവിളിച്ചി,നി
കഠിനമാണിപ്പരിഭവമോമലേ!
ഇനിയൊരെത്രനാൾ ഈ നീണ്ടഗംഗതൻ
കരയിലെൻ ചുടുകണ്ണീരുവീഴ്ത്തണം?
ജനലോലുപം കാത്തിരുന്നീടണം
ഭവതിയെത്തുവാൻ ഭാവുകദായിനി!"

## 2

സ്മാരകം:—

"മധുരഭാവനാസ്വപ്നശതങ്ങളാൽ
മഹിതമായൊരു മാനവജീവിതം;
വിമലസംഗീതധാരയിൽ മാനുഷ-
വിധുരതയാകെ മാച്ചൊരു ജീവിതം;
കവനലോലുപം, സത്യത്തെ മൂത്തിയോ-
രാവികലപ്രേമസാരമാം ജീവിതം
ഇവിടെയാണു വിലയിച്ചതോക്കുവിൻ
കദനമററൊരു പാവനജീവിതം!
—അനഘമാണീ സ്മരണ; കൃതജ്ഞതാ-
നമിതശീർഷരാകിന്നിതിൻമുന്നിൽ നാം!"

[സ്വന്തം ഹൃദയരക്തംകൊണ്ടു് അവൻ അവരുടെ ദുരിതത്തിന്റെ കഥ രചിച്ചപ്പോൾ അവര പറഞ്ഞു: "ഹാ! എന്തൊരു ഗാനം! എന്തൊരു സ്വരം! ഇതാണു കവിത!" അയാൾ ഒരു കവിയാണെന്നവർ പുകഴ്ത്തി. ഒരു മനുഷ്യനാണെന്നു സമ്മതിച്ചില്ല. എന്തുകൊണ്ടെന്നാൽ, സഹതാപമർഹിക്കുന്ന ഒരു ജീവിയാണു മനുഷ്യൻ............ അവന്റെ ജീവിതത്തിലെ യാഥാത്ഥ്യങ്ങളെ നിഷേധിക്കുവാൻ ഒരു സ്ഥാപനം അവർ കണ്ടുപിടിച്ചു. ആത്മാത്ഥതയുടെ ശവകുടീരം! അതാണു് സ്മാരകം!!]

# ആശംസ

പോവുക, പോവുക, പൂങ്കുയിലേ! തവ
ഭാവുകം വിണ്ടലവീഥികളിൽ
വാർമഴവില്ലിന്റെ രാജ്യത്തിലാകവേ
പാടിപ്പറക്ക പതംഗമേ! നീ.
എന്നോതുടങ്ങിയാ മാമരക്കൊമ്പിൽനി-
ന്നൊന്നുമിതുപോലെ നിന്റെ ചോദ്യം
എന്നാലുമിന്നും ബധിരമാമീലോകം
ഒന്നുമൊരുത്തരം ചൊന്നതില്ലേ?
ഞങ്ങടെ മാന്യത, ഞങ്ങടെ മേന്മകൾ,
ഞങ്ങടെ പ്രാധാന്യമെന്നിതെല്ലാം
തെല്ലും പുകഴ്ത്താനറിയാത്ത നിൻപാട്ടി-
ലില്ല ഞങ്ങൾക്കൊരു ചെറ്റും പ്രീതി.

൨

പോവുക, പോവുക, പൂങ്കുയിലേ! തവ
ഭാവുകം വിണ്ടലവീഥികളിൽ
കേട്ടാലലിവുകലരാത്ത ലോകം നിൻ-
പാട്ടിനൊരർത്ഥവും കണ്ടതില്ല.

വാനിൻെറ നീലനികുഞ്ജങ്ങളിൽ തവ
ഗാനവിൺഗംഗയലയിളക്കി
കിന്നരസുന്ദരിമാരുടെ കണ്ണിണ-
യ്ക്കേന്നുമൊരത്ഭുതാനന്ദമായി
വാർമഴവില്ലിൻെറ രാജ്യത്തിലാകവേ
പാടിപ്പറക്ക പതംഗമേ! നീ
നീലക്കുയിലേ! നിരാശയിൽനിന്നു നീ
നീലവിണ്ണിൻമടി പൂവുതാക.

GOVT. H. S. FOR GIRLS

# ജീവിതം

(കാകളി)

ദൂരെ നിശാചരീ, നിസ്ത്രപമിന്നീയും
ചാരത്തണകയാണാടിക്കുഴഞ്ഞു നീ.
ജീവിതമാണുപോൽ ജീവിതം! വേണ്ടിനി-
യീവിധമൊന്നും മൊഴിയേണ്ടതില്ല നീ.
നിന്നെയറിഞ്ഞുപോയ് ദുർഭഗേ! നിന്നുടെ
മന്ദഹാസങ്ങളിൽ മൂർച്ഛിച്ചുവീഴുവാൻ;
ജീവരക്തങ്ങൾ കുടിച്ചു തുടുത്ത നിൻ
ശോണാധരത്തിന്റെ ചുംബനമേൽക്കുവാൻ.
ജീവിതമാണുപോൽ ജീവിതം!—ഈ രക്ത-
ദാഹത്തിനാരിട്ടു ജീവിതമെന്നു പേർ?

2

മാനുഷൻപിന്നെയും മാനുഷൻതന്നെയാ-
ണോരോ നിരാശാപ്രഹരം ലഭിക്കിലും;
നീളത്തിൽ നീലിച്ചുമിന്നുമപാരത-
യ്ക്കുകയായവൻ കൂപ്പുകൈ പിന്നെയും;

അന്നാത്തെയാശതൻ പ്രേതവും കാത്തവൻ
പിന്നാത്തുഷസ്സിൻെറ പേരുവിളിക്കയായ്.
ജീവിതമാണുപോൽ ജീവിതം! ഈ നിത്യ-
യാതനയ്ക്കാരിട്ടു ജീവിതമെന്നു പേർ?

3

ചൊല്ലിക്കഴിഞ്ഞിതിന്നെന്നോടു ജീവിതം
"ഇല്ല നിനക്കൊരവകാശമൊന്നിലും.
സ്വപ്നം, പ്രതീക്ഷ,—നിൻ മാനസത്തോപ്പിൽ നീ
നട്ടുവളമിട്ട പൂവല്ലിയൊക്കെയും
ഞാനാണിറക്കുവാൻ, കൊയ്യുവാൻ, പോക്കുവാൻ
ഈ നിനക്കില്ല,യവകാശമൊന്നിനും.
കൂലിയോ? കൂലി ഞാൻ നൽകാം നിനക്കു നിൻ
വേലയ്ക്കു്—കണ്ണുനീർ, നിന്നുടെ കണ്ണുനീർ"

# പകർത്താൻ കഴിയാത്ത ശ്രമം

(കാകളി)

പൊന്നിൻകിനാവുകളെന്തെന്തു കണ്ടതിൽ
പിന്നീടു വന്നതാണാ ദിവ്യദർശനം
ആരുമറിയാത്തതപങ്ങളോരായിരം
ഏകിയ പുണ്യമാണാ സ്വർഗ്ഗദർശനം
പെട്ടെന്നു കാൺകയാൽ ഞെട്ടിയെണീററവൾ
മുററമനങ്ങാതെ നോക്കിനിന്നെങ്കിലും,
എന്നോടറിയേണ്ടതൊക്കെയും ചോദിച്ചി–
താ നീണ്ടനേത്രങ്ങൾ ഹാ! ദ്രുതചഞ്ചലാ
അക്കവിൾക്കൂമ്പിലെ രാഗാഭയപ്പൊഴു–
തക്കനിൽ കണ്ടതേയുള്ളൂ ഞാൻ സന്ധ്യയിൽ
ആർദ്രവിശാലമാം തൂമിഴിക്കോണുകൾ
വിദ്രുതം വിസ്മയസ്തബ്ധമായ്നിന്നതും,
വെൺമതിക്കീറുപോലുള്ള തൂനെററിയി–
ലങ്ങിങ്ങു തത്തിയ മഞ്ജുകുറുനിര,
ഒന്നു തൻകണ്ണിൽ പതിച്ചതു മാററുവാൻ
ഉന്നമിപ്പിക്കവേ കൈവളക്വാണവും;

വിദ്രുമച്ചെപ്പൊന്നൊളിയോലുന്ന ചുണ്ടുകൾ
സത്വരമൊന്നു വിടർന്നു;മങ്ങുടൻ,
“സോദരനിങ്ങില്ല”യെന്നൊരശരീരി
എങ്ങുനിന്നോ വന്നു തങ്ങിനിറഞ്ഞതു്;
എല്ലാമൊരുന്മാദസ്വപ്നത്തിലെന്നപോൽ
തെല്ലൊന്നറിഞ്ഞതിന്നൊവ്വിധമോതുവാൻ'
തൂലികകൾക്കു പകർത്താൻകഴിയാത്ത
മൂലചിത്രങ്ങൾ ചിലതുണ്ടു നിർണ്ണയം!

---

# രാഗിണി

(കാകളി)

രാഗിണീ! നിന്നുടെ മാനസസ്പന്ദനം-
മോരോന്നുമച്ചിച്ചു പൂജിപ്പതാരെ നീ?
വിശ്രമഹീനപ്രതീക്ഷയിൽ ചുഴവു-
മശ്രുസമുദ്രം ചമയ്ക്കുകയല്ലി നീ?
ഉത്തുംഗസൗഭാഗ്യശൃംഗത്തിലേതൊരൽ
എത്തിയിക്കുന്നു നിർവേമാരി പെയ്യുവാൻ?
വെള്ളിവിളക്കിൽ തിരിയിട്ടുകത്തിച്ചു
പള്ളിമണിയറതന്നിൽ നിൻ തോഴികൾ;
വാതായനങ്ങളിൽ വർണ്ണപ്രഭങ്ങളാം
വില്ലീസുതൂക്കിക്കഴിഞ്ഞു നിൻ തോഴികൾ;
പാലും പഴങ്ങളും പൊൻതളികങ്ങളിൽ
ചേലോടൊരുക്കിക്കഴിഞ്ഞവർ—തോഴികൾ;
പട്ടുവിരിച്ചോരു മെത്തയിൽ പിച്ചക-
മൊട്ടുകൾ ചിന്നിക്കഴിഞ്ഞു നിൻ തോഴികൾ;
പാടില്ലയിമട്ട—പാതിവഴിയായി
പാണിഗ്രഹണം കഴിച്ചോരപ്പുരുഷൻ;

കണ്ണീർ തുടച്ചെഴുന്നേല്ക്കുക, മെയ്യിലീ
സ്വർണ്ണവും പട്ടുടയാടയും ചാർത്തു നീ
മന്ദാക്ഷസുസ്മിതപ്പൂക്കൾ വിരിയണം
മഞ്ജുളമായ നിന്നാനനവാടിയിൽ
മററൊന്നുമില്ലിനി ഓർക്കുവാൻ—നിന്നുടെ
യുററവനാണു വരുന്നതെൻ രാഗിണി!
രാഗിണിചൊന്നി"താ വെള്ളിവിളക്കിലെ-
പ്പൊൽത്തിരിയാകെയണച്ചേക്കു തോഴി നീ.
ഞാനാ പ്രഭുവിന്നുംമുമ്പൊരു ഹൃദ്യമാം
മാനഭംഗത്തെ വരിച്ചുപോയ് എൻസഖി!"

# ഒരു ഉറക്കുപാട്ട്

(ഉപസർപ്പിണി)

ഇനിയുറങ്ങെൻെറ സുന്ദരസ്വപ്നമേ!
ഇനിയുറങ്ങെൻെറ ചിത്തവ്യാമോഹമേ!
നിഴലുനീട്ടുന്നിതന്തിയെല്ലാടവും
കഴലുകാഞ്ഞു തളൻ പഥിക ഞാൻ
ഇനിയെവിടെത്തിരിഞ്ഞൊന്നുനോക്കുവാൻ
നിനവുകൾകൂടെ മൂർച്ഛിച്ചുവീണുപോയ്!
കദനഭാരവും താങ്ങിത്തളന്നൊരെൻ
ഹൃദയമേ, ഇനി നീയുറങ്ങിട്ടുക.
ഇനിയജീവിതപ്പാതയിൽ കാലുകൾ
ഇടറിയല്ലമൊന്നെങ്കിൽ പതിച്ചുപോം.
പരപരിഹാസപാതാളവഹ്നിയിൽ
പരമഘോരമാം മാനുഷനീതിയിൽ
കഠിനമയ്യോ വിട്ടുകളേ! നിങ്ങൾതൻ--
കൊടിയ നീതിതൻ രക്തപാനോത്സവം.
ചതി, ചതിയിതു നീതിയോ? ദുസ്സഹം!
ചതി—യതു മമ മിണ്ടരുതെങ്കിലും!

മതവിരോധി, മഹിളാപമാന,മീ
മകനെയൊന്നിനെപ്പെററതിനാലിവൾ.
മഹിതമെൻ സമുദായമറിഞ്ഞുപോയ്
മകനെയൊന്നിവൾ പെററൊരു പാതകം
മനുകുലവിബുധാഗ്ര്യരേ! നിങ്ങടെ
മലടിത്തുള്ളകൾ മുട്ടവിരിച്ചതോ?....
വിഹിതമല്ലപോൽ ലോകം വിരൽ ചൂണ്ടി
വിധിയുരയ്ക്കുംവരേയ്ക്കും ഒരുത്തിയും
മധുരസ്വപ്നമൊന്നോമനിച്ചീടുവാൻ,
മധുരമാമൊരു പ്രേരണ കൊള്ളുവാൻ,
ഇനിയുറങ്ങെന്റെ സുന്ദരസ്വപ്നമേ!
ഇനിയുറങ്ങെന്റെ ചിത്തവ്യാമോഹമേ!
കദനഭാരവും താങ്ങിത്തളന്നൊരെൻ
ഹൃദയമേ,യിനി നീയുറങ്ങീടുക.

# ആനന്ദദേവത

(മഞ്ജരി)

നില്ക്കുക, നില്ക്കു നീ തെല്ലിടക്കൂടിയെൻ
നിസ്തുലസൗഭാഗ്യപ്പൊൽക്കതിരേ!
നിന്നാഗമോത്സവം കാത്തുകാത്തല്ലീ ഞാൻ
എന്നോയിരിപ്പതിപ്പാഴ്‌വഴിയിൽ
അന്തിച്ചുകപ്പും, വാസന്തവിലാസവും,
സാന്ധ്യദ്യുതിയും, മധുരിമയും;—
ഹർഷമേ! നിന്നെ ഞാൻ എന്തു വിളിക്കുവാൻ
വർഷാംബുബിന്ദുവിൻ പാരുതയോ?
നിന്നെ ഞാനെന്തു വിളിക്കുവാൻ നിർമ്മലേ!
നേരിയ സ്വപ്നാനുഭൂതിയെന്നോ?
നിസ്തുലേ! നിന്നെ ഞാനെന്തു വിളിക്കുവാൻ
അപ്സരലോകത്തിൻ പുഞ്ചിരിയോ?
മാമകജീവിതത്താരയിൽ നീളവേ
മാധവമാസമണച്ചു നിൽക്കും
മാധുരീ! നിന്നെ ഞാനെന്തു വിളിക്കുവാൻ
മാനസാനന്ദത്തിൻ മാരിവില്ലേ?
നിൽക്കുക, നിൽക്കുക, തെല്ലിടക്കൂടിയെൻ
നിസ്തുലസൗഭാഗ്യപ്പൊൽക്കതിരേ!

## 2

ഹേമന്തളിനമേ! നീ ഏതോ വിണ്ണിന്റെ
സീമയിൽനിന്നുമണഞ്ഞതല്ലേ?
പോവല്ലേ, പോവല്ലേ, എൻകുടിലെത്തിയ
പൂതാനുരാഗത്തിൻ പൊൽത്തിടമ്പേ!
നിത്യവുമിമ്മട്ടൊഴിഞ്ഞുമാറീടില—
തത്യന്തദുസ്സഹമായിരിക്കും;
ആനന്ദദേവതയല്ലി നീ, നീയിദം
നാണിച്ചുനാണിച്ചൊളിക്കയാണോ?
നിന്നെ, പ്രതീക്ഷിച്ചിരിപ്പവനാണു ഞാൻ
ഒന്നുമില്ലാത്തൊരിപ്പാഴ്‌വഴിയിൽ
തെല്ലിടക്കൂടി നീ നിൽക്കണേ നിൽക്കണേ.
സ്വർലോകഹർഷത്തിൻ പൊൽക്കതിരേ!

# പ്രതിധ്വനി

[ശൂന്യതയിൽ ആ പരുഷസ്വരം ഉയൎന്നു. അതിൻെറ ചോദ്യച്ചുളികളിൽ ആ നിർഭരനിശ്ശബ്ദത വിറകൊണ്ടു.]

"കുഴിച്ചുമൂടിയിട്ടേറെനാൾ കഴിഞ്ഞ ഭൂതത്തിൻെറ ശവകുടീരത്തിനുമേൽ കണ്ണീരൊഴുക്കുന്ന വനിതേ! നീ ആരാണു്?"

സാന്ധ്യപ്രഭ മായുന്നു; നീ ഏകാകിനിയുമാണു്.

ഈ വിസ്തീൎണ്ണത ശൂന്യതയാണു്; ചീഞ്ഞ അസ്ഥിഖണ്ഡങ്ങളും, തകൎന്ന തലയോടുകളും തറയിൽ ചിതറിക്കിടക്കുന്നു. എരുക്കിൻകവരങ്ങളിൽ നെടുനിശ്വാസങ്ങൾ അമൎന്നിരിക്കുന്ന ഈ നിരുന്മേഷപ്പരപ്പിൽ വെളിച്ചംതൂകുന്ന വിളറിയ ചന്ദ്രൻ 'മ്ലാനത'യാണു്.

മേനിയും വദനവും മനോജ്ഞതയാൎന്ന വനിതേ' ഭൂതത്തിൻെറ ശവകുടീരത്തിനരികേയിരുന്നു വിക്കുന്ന, ശോകത്താൽ വിറയ്ക്കുന്ന നീ ആരാണു്?"

[അവൾ ആവലാതിയാൎന്ന മുഖം തിരിച്ചു; ആ കണ്ണീരണിഞ്ഞ നയനങ്ങൾ വിശാലവും ദീപ്തവുമായിരുന്നു.

ഏകാകിയായ ഒരു രശ്മി, അവളുടെ വദനത്തിനു ചുറവും അലഞ്ഞുതിരിയുവാൻ മൂവന്തിവെളിച്ചത്തിൻെറ രാജ്യത്തുനിന്നും സമാഗതമായി. പെട്ടെന്നുദിച്ച ഒരാനന്ദാവേശത്തിൽ അവൾ മന്ത്രിച്ചു.]

"ഇനിയും ആശാകിരണമുണ്ടെന്നോ?"

[അവളുടെ അധരത്തിൽ പൊടിഞ്ഞ ആ മൊഴികൾ അടങ്ങുംമുമ്പുതന്നെ സന്ധ്യാദീപ്തി മറഞ്ഞു. ഇരുട്ടായി. ആ ശബ്ദം പിന്നെയും പറഞ്ഞു.]

"വനിതേ, പ്രകാശം പൊലിഞ്ഞുകഴിഞ്ഞു. എരുക്കിൻകവരങ്ങളിൽ നെടുനിശ്വാസങ്ങൾ ഉണരുന്നു. തകന്ന തലയോട്ടകളിൽ 'മ്ലാനത' തെളിയുന്നു. നിശാപിശാചുക്കളുടെ കാവൽ ഉടനേ തുടങ്ങും. ഏകാകിയായ കാമിനീ! നീ എന്തിനിവിടെ ഇരിക്കണം?"

"അനുകമ്പ—എന്നിൽ അനുകമ്പ കാണിക്കുക."

[അവൾ തേങ്ങി. ഒരു നിമിഷനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ആ ശബ്ദം ചോദിച്ചു.]

"പക്ഷേ, അതീതകാലത്തിൻെറ ശവകുടീരത്തിനു സമീപം ഇരുന്നു നിലവിളിക്കുന്ന നീ ആരാണ്?"

[വ്യഥാകലുഷിതമായ മുഖമവൾ ഉയർത്തി; തളന്ന സ്വരത്തിൽ ഉത്തരം പറഞ്ഞു.]

"ഞാൻ യൗവ്വനത്തിൻെറ അഭിലാഷമാണ്. എന്നോടനുകമ്പ കാണിക്കുക, അനുകമ്പ കാണിക്കുക."

[അതിൻെറ പ്രതിശബ്ദം ഇന്നും മനുഷ്യൻെറ പരമമായ പരാജയപ്പരപ്പിൽ മാററൊലിക്കൊള്ളുന്നു.]

# കൊള്ളിയാൻ

(കേക)

തൂമിഴിക്കോണാലന്നു മാമകഹൃദയത്തിൽ
വാർമഴവില്ലിൻ ചായംപൂശി നീ മനോരമേ!

ആവിലസ്സുഖബദ്ധതന്ത്രികൾ സ്വനിച്ചൊരു
കേവലഗാനാനന്ദമെന്നുള്ളിൽ നിറകയായ്.

കാണാറായൊരു മാത്ര നിസ്തുലപ്രഭമൊരു
കാന്തികന്ദളമെന്റെ ജീവിതനിശീഥത്തിൽ;

അപ്രഭാപൂരംതീർത്ത സ്വർഗ്ഗസീമയിൽ ചെന്നൊ-
ന്നാത്ഭുതം വിടർന്നൊഴമക്ഷികൾ ചരിക്കവേ,

ജീവിതം കരയിച്ച കണ്ണുകൾ കുളുർത്തുപോയ്
ദ്യോവിൽനിന്നാണകയായ് സാന്ത്വനശീതാംശുക്കൾ.

നീ മിന്നിമറഞ്ഞുടനെങ്കിലും നിന്നാലെന്റെ
ജീവിതമറിഞ്ഞുപോയ് മാധുരി മനോരമേ!

ക്രൂരമാം യാഥാർത്ഥ്യങ്ങൾ തന്നിതാ നീ മിന്നലേ!
കൂടുതൽ കറുപ്പിച്ചു, കൂരിരുട്ടിനെക്കഷ്ടം!

═══════

# കപ്പിത്താൻെറ വിളി

(കാകളി)

പിൻവാങ്ങയോ, ഭീരു! പിൻവാങ്ങയോ നിൻെറ
ചെഞ്ചോര നക്കിക്കുടിക്കുമീ ഭീരുത,
താവകഭാവിതന്നസ്ഥിവാരത്തിനി
തപ്തബാഷ്പത്തിൻ, കടലുചമയ്ക്കുവാൻ;
ഗദ്ഗദംകൊണ്ടതിൻ ഭിത്തികൾ കെട്ടുവാൻ
നിശ്വാസവെൺകളി തേച്ചുമിനുക്കുവാൻ;
കമ്മമാം താഴികപ്പൊൽകുടം ചാത്തുവാൻ
പിൻവാങ്ങയോ ഭീരു! ജീവിതപ്പോരിൽ നീ?

2

പോയകാലത്തിൻെറ ഊർപ്പംതടവി നിൻ
കായം മരവിച്ചുനില്ക്കയാണിപ്പൊഴും
രണ്ടിററുള്ളിനിൻ ചോരപോയെങ്കിലെ-
ത്തുണ്ടിന്നൊരായിരമല്ല സിരകളിൽ.
ലാഭനഷ്ടത്തിൻ കണക്കു കുറിക്കുവാ-
നായില്ലയല്ലോ സമയം നിനക്കിദം

ഏതൊരു തോൽവിതൻ രക്തച്ചളിയിലും
പൂഴ്ന്നുനില്ക്കാറില്ല കാലമാം സ്യന്ദനം
മോഹിക്കവേണ്ടതു പിന്നോട്ടുരുളുക
സാധിക്കയില്ല നീ മുന്നോട്ടു പോകണം.

3

പിൻവാങ്ങയോ ഭീരു! പിൻവാങ്ങയോ നിന്റെ
ചെഞ്ചോര നക്കിക്കുടിക്കുമീ ഭീരുത.
എങ്ങുനിൻ ചെങ്കൊടി? നിന്നാവകാശത്തിൻ
സംഗരചിഹ്നം ഉയർത്തിപ്പിടിക്ക നീ
നിൻവാളു മിന്നട്ടെ ഈ ജന്മഭൂമിയിൽ
നിൻമേഘനാദം മുഴങ്ങട്ടെ മേൽക്കുമേൽ
പിൻവാങ്ങയോ? പോകു മുന്നോട്ടു; ജീവിതം
വെമ്പിക്കുതിക്കട്ടെ ലക്ഷ്യമെത്തീടുവാൻ.

---

* പുളിമാനയുടെ അന്ത്യസംബോധന.

11095

GOVT. H. S. FOR GIRLS
Date

# പുളിമാനകൃതികൾ

QUILON
11095

M. S. BOOK DEPOT,
QUILON.

Indic Digital Archive Foundation
gpura.org